LS
B65

9-78
D. 1938



R 454 VF 12

ശ്രീ

പത്മനാഭ

ലസ വഞ്ചി പാല

രാമവർമ്മ

കുലശേഖര കിരീടപതി മന്നെസുൽത്താൻ

മഹാരാജ രാജ രാമരാജ ബഹാദ്ദർ ഷംഷേർ ജങ്ങ്

കേ. ജീ. സീ. എസ്സ്. ഐ., കേ. ജീ. സീ. ഐ. ഇ.

എഫ്. എം. യൂ., എം. ആർ. ഏ. എസ്സ്.,

ആഫീസർ ഡി. ലാ. ഇൻസ്ട്രക്ഷൻ പബ്ലിക്ക്

വലിയ തമ്പുരാൻ തിരുമുമ്പാകെ,

കല്പനപ്രകാരം,

ഈ ഗ്രന്ഥം സമർപ്പണം ചെയ്യപ്പെട്ടിരിക്കുന്നു.

DHARMARAM COLLEGE LIBRARY, 1024 BANGALORE

തങ്ങൾ തിരുമനസ്സിലെ ഏറ്റവും വിനീതനായ

വിധേയൻ,

കേ. പരമുപിള്ള,

ഗ്രന്ഥകർത്താവു.

M1

PREFACE.

This book is mainly based on *Up From Slavery*,—an autobiography by Booker T. Washington. I have also consulted some other books by the same author,—viz. *Working with the Hands* and *Charactor Building*. I acknowledge my indebtedness to Principal Washington and his publishers, — Messrs. Doubleday Page and Co., of New York, for the generous permission they so kindly gave me to use any or all of their books, in the preparation of this edition.

When I wrote to Principal Washington that I had finished the sketch, he was so kind as to say,—"I am glad to know that you have finished your Malayalam sketch of my life and that it has been adopted for use in one of the High School classes of your State. I very much hope the sketch will serve as an inspiration to noble effort on the part of those who read it and that in this way it will be the means of doing some good." (25-2-05.)

His Most Worthy Highness the Maharaja f Travancore,—Prince among the Patrons of Letters,—has been graciously pleased to permit the book to be dedicated to him.

I trust the book will help the Malayalam Reading Public to gain some useful ideas about the Dignity of Labour, and the Glory of Doing Good, while it acquaints them with the life-story of a Great Man, and with the American System of the Education of the Head and the Hand,—the Education that Educates.

Quilon, K. P.

April, 5, 1913.

ശ്രീ

അറിയിപ്പു.

ഇപ്പോൾ മഹാനായ ബുക്കർ ടി. വാഷിങ്ട്ടന്റെ മഹത്തായ യത്നത്തെ പറ്റി അറിയാത്തവർ പുസ്തകവായനക്കാരുടെ ഇടയിൽ മലയാളത്തും ഇല്ലെന്നു തന്നെ പറയാം. അമേരിക്കയിലെ നവീനവിദ്യാഭ്യാസരീതിയേയും, യത്നത്തിന്റെ മാഹാത്മ്യത്തേയും, ആ ഉത്തമപുരുഷന്റെ ജീവിതത്തേയും പറ്റി ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഒന്നാം പതിപ്പിന്റെ ഒരു പ്രതി കൈപ്പറ്റിയ അവസരത്തിൽ, അദ്ദേഹം എനിക്കു ഇപ്രകാരം എഴുതിയിരുന്നു,—"നിങ്ങളുടെ പുസ്തകം കിട്ടി. അയച്ചുതന്നതിൽ ഞാൻ നിർവ്യാജം സന്തോഷിക്കുന്നു. അതിനെ സന്തോഷപുരസ്സരം സ്വീകരിച്ചു സ്വന്തം ഗ്രന്ഥശേഖരത്തിൽ വച്ചു സൂക്ഷിച്ചിരിക്കുന്നു. ...നിങ്ങളുടെ രാജ്യത്തിലെ വിദ്യാശാലകളിൽ അതു ഒരു പാഠപുസ്തകമായി സ്വീകരിച്ചുവെന്നു അറിഞ്ഞു ഞാൻ വളരെ സന്തോഷിക്കുന്നു. അതു വായിക്കുന്നവർക്കു ഉത്തമമായ യത്നം ചെയ്യുന്ന വിഷയത്തിൽ ഉത്സാഹവും ഉന്മേഷവും തോന്നുമെന്നും, തന്മൂലം അതു നന്മ ചെയ്യുന്നതിനു ഒരു ഉപകരണം ആകുമെന്നും, ഞാൻ ആശംസിക്കുന്നു."

മൂലഗ്രന്ഥത്തിൽ നിന്നും വേണ്ട ഭാഗങ്ങളെ ഈ പുസ്തകത്തിൽ ഉൾപ്പെടുത്താൻ സസന്തോഷം സമ്മതം തന്നതിനു ഗ്രന്ഥകർത്താവായ മഹാനോടും, പ്രസാധകന്മാരായ ഡബിൾഡേ പെയിജ് കമ്പനിക്കാരോടും ഞാൻ കടപ്പെട്ടിരിക്കുന്നു.


ഈ പുസ്തകം മുപ്പാദത്തിങ്കൽ സമർപ്പണംചെയ്യുന്നതിനു കല്പിച്ചു അനുവാദം നൽകിയ പൊന്നുതമ്പുരാൻ തിരു

മനസ്സുകൊണ്ടു വളരെ കാലം നമ്മെ പരിപാലനം ചെയ്യട്ടെ!

ഇതിനെ ഒരു പാഠപുസ്തകമായി സ്വീകരിച്ചിട്ടുള്ള തിരുവിതാംകൂർ ഗവമ്മെണ്ടിനോടും, മദ്രാസ് സവ്കലാശാലയോടും ഞാൻ ഉപകാരസ്മരണയോടു ഇരിക്കുന്നു.

ഒരം മൂന്നാം പതിപ്പിൽ വളരെ പരിഷ്കാരം വരുത്തുന്നതിനു എനിക്കു വിലയേറിയ സഹായം ചെയ്തിട്ടുള്ളതിനു വേണ്ടി മ. രാ. രാ. പ്രൊഫസ്സർ എ. ആർ. രാജരാജവമ്മ കോയിൽതമ്പുരാൻ തിരുമനസ്സിലേക്കും, പണ്ഡിതർ മ. രാ. രാ. കേ. സി. കേശവപിള്ള അവർകൾക്കും, മുൻഷി മ. രാ. രാ. രാമകൃഷ്ണശാസ്ത്രി അവർകൾക്കും ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.

കൊല്ലം.
൧൦൮൬ മീനം ൨൨ } എന്നു ഗ്രന്ഥകർത്താവു.



അനുക്രമണിക.

അദ്ധ്യായം.	വശം.
൧ അടിമകളുടെ ഇടയിൽ അടിമ ആയിരുന്നതു.	൧
൨ ബാല്യകാലം.	൨൧
൩ വിദ്യാഭ്യസനയത്നം.	൩൫
൪ പരസഹായം ചെയ്തതു.	൪൨
൫ പുനർന്നിർമ്മാണഘട്ടം.	൫൩
൬ കൃഷ്ണവർഗ്ഗവും അരുണവർഗ്ഗവും.	൬൦
൭ ടസ്കേജിയിലെ ആദ്യകാലം.	൭൩
൮ ലായത്തിലും കോഴിക്കൂട്ടിലും വച്ചു പള്ളിക്കൂടം നടത്തിയതു.	൮൯
൯ സങ്കടഘട്ടം.	൯൩
൧൦ വലിയ വിഷമത.	൧൦൩
൧൧ ഉത്സാഹദാർഢ്യം.	൧൧൪
൧൨ ധനശേഖരം.	൧൨൩
൧൩ അഞ്ചുമിനിട്ടനേരം പ്രസംഗിക്കാനായി രണ്ടായിരം മയിൽ ദൂരം പോയതു.	൧൪൬
൧൪ ഓറഞ്ചാൻപ്രദർശനത്തിൽ പ്രസംഗിച്ചതു.	൧൫൧
൧൫ മഹാസഭകളിൽ ശ്രോതവ്യമായ പ്രസംഗംചെയ്യുന്നതിന്റെ രഹസ്യം എന്താണെന്നു.	൧൬൫
൧൬ യൂറോപ്പിൽ പോയതു.	൧൭൧
൧൭ പ്രൈസിഡണ്ടിന്റെ വിദ്യാലയത്തിൽ വന്നതു.	൧൮൦
൧൮ വിദ്യാലയവിവരണം.	൧൯൨
൧൯ ചില അഭിപ്രായങ്ങളും,	൧൯൫
൨൦ പ്രമാണങ്ങളും	൨൦൫



Evol usum scholae
Asparantium
C D
Ramanam



ബുക്കർ ടി. വാഷിങ്ടൺ.

എന്ന മഹാന്റെ ജീവചരിത്രം.



അദ്ധ്യായം ൧.

അടിമത്തം.

൧- സ്ഥിരോത്സാഹം, സത്യനിഷ്ഠ, ജാത്യഭിമാനം, അസ്വാർത്ഥപരത, നിരന്തരവ്യവസായം എന്നീഗുണങ്ങളുടെ പരിപൂർണ്ണതയാണല്ലൊ ഒരുത്തനെ മഹാപുരുഷന്മാരുടെ സംഘത്തിൽ ഉൾപ്പെടുത്തുന്നത്. ഈ ഗ്രന്ഥത്തിലേ നായകനായ ബുക്കർ ടി. വാഷിങ്ടൺ സ്വവർഗ്ഗോന്നതിയ്ക്കായി ഭഗീരഥപ്രയത്നം ചെയ്തു വരുന്ന മഹാന്മാരിൽ പ്രഥമസ്ഥാനം സമ്പാദിച്ചിട്ടുള്ള ആളാണ്. ശ്യാമദേഹന്മാരായ നീഗ്രോ-ജാതിക്കാരിൽ ഉൾപ്പെട്ട ഒരാളാണെ ഇദ്ദേഹം. ഇപ്പൊഴത്തെ വാസസ്ഥലം അമേരിക്ക ആകുന്നു. ഈ ജാതിക്കാർ അമേരിക്കയിൽ ചെന്നതു അടിമവ്യാപാരം നടപ്പുണ്ടായിരുന്ന കാലത്തായിരുന്നു. ഉത്ഭവസ്ഥാനം ആഫ്രിക്ക ആണെന്നു ജാതിയുടെ പേരായ "നീഗ്രോ" പദം തന്നേ സൂക്ഷ്മമാക്കുന്നുണ്ടല്ലൊ. ഇവരെ അമേരിക്കയിൽ കൊണ്ടു വന്നതു ക്രൂരിവേലയ്ക്കു വേണ്ടി തന്നെ ആയിരുന്നു. അടിമവേലയിൽ ഇരുന്ന കാലങ്ങളിൽ ഈ സാധുക്കളായ സ്ത്രീപുരുഷന്മാർ അനുഭവിച്ചുവന്നിരുന്ന സങ്കടങ്ങളും എത്രയോ കഷ്ടതമങ്ങളും ആയിരുന്നു. നികൃഷ്ടമായ ദാസവൃത്തിയിൽ നിന്നു മോചനം കിട്ടിയതിന്റെ ശേഷമത്രേ കൃഷ്ണശരീരരായ നീഗ്രോ-വർഗ്ഗക്കാക്ക് അമേരിക്കയിൽ ഒരു സ്ഥിതിയും പൌരാധികാരവും ലഭിച്ചതു. ഈ അവകാശം ഈ ജാതിക്കാക്ക് സിദ്ധിച്ചതിന്റെ ശേഷം, സർവ്വോത്തമമായ ഒരു പദവി നിത്യപരിശ്രമം കൊണ്ടു, കരസ്ഥമാക്കിയ ഒരു പുരുഷപുരുഷനത്രേ ഈ

ഉപന്യാസത്തിന്റെ വിഷയം. ഇദ്ദേഹത്തിന്റെ ജീവചരിത്രസംക്ഷേപം ഉത്തമമായ ജീവികാമാർഗ്ഗം അന്വേഷിക്കുന്ന സജ്ജനങ്ങൾക്കും ഉത്സാഹപ്രദമായി വരാൻ സംഗതിയുള്ളതു കൊണ്ടാണു അതു ഇവിടെ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നത്.

൨– ഉത്തര അമേരിക്കയിൽ ഐക്യനാട്ടിലുള്ള വർജ്ജിനിയാദേശത്തിൽ ഫ്രാങ്ക്ലിൻ അംശത്തിൽ ഒരിടത്താണു ഇദ്ദേഹം ജനിച്ചതു്. വർഷമോ, തീയതിയോ, ആഴ്ചയോ, ഏതെന്നു നിണ്ണയിക്കാൻ പ്രയാസം. ക്രി. അ. ൧൮൫൬ ലോ, ൧൮൫൭ ലോ ആയിരുന്നു ജനനം എന്നു ഊഹിക്കേണ്ടിയിരിക്കുന്നു. അയതു കൊണ്ടും ഫാമർ ലോ, നീഗ്രോ ലോ ആകും. ബാല്യകാലം കഴിച്ചുകൂട്ടിയതു നിക്രഷ്ടവും ഉത്സാഹശൂന്യവും സങ്കടഭരിതവും ആയ നിലയിൽ ആയിരുന്നു. ഇതിനുള്ള കാരണം ഉടമസ്ഥരുടെ ക്രൂരാധിക്യം ആണെന്നു വിചാരിക്കാൻ ന്യായം ഇല്ല. അവരുടെ പ്രവൃത്തി അക്കാലത്തെ നാട്ടനടപ്പിനു അനുസരിച്ചിരുന്നതേ ഉള്ളൂ. ആദ്യകാലം ഗൃഹമായിരുന്നതു ഫർ അടി വീതിയും, ഫൈവ് അടി നീളവും ഉള്ള ഒരു പുരയായിരുന്നു. ഇതിൽ ബാലനായ ബുക്കർ, മാതാവു, സഹോദരൻ, സഹോദരി ഇവരോടുകൂടി ദാസ്യവിമോചനകാലം വരെ താമസിച്ചു. തന്റെ കുടുംബത്തിന്റെ പൂർവ്വചരിത്രത്തെപ്പറ്റി ബുക്കർക്കു യാതൊന്നും അറിയാൻ പാടില്ലായിരുന്നു. ആഫ്രിക്കായിൽനിന്നു അമേരിക്കാഖണ്ഡത്തിലേക്കു കൊണ്ടു വന്ന കാലത്തിൽ, മാർഗ്ഗമധ്യേ, കപ്പലിനുള്ളിലുള്ള അറകളിൽ അവർ കിടന്നു സങ്കടപ്പെട്ടിട്ടുള്ള കഥകൾ അടിമജനങ്ങൾ, പറഞ്ഞു അയാൾ ബാല്യം മുതൽ കേട്ടിട്ടുണ്ടായിരുന്നു. അയാളുടെ മാതൃകുലത്തിലേ പൂർവികരിൽ ചിലർ സങ്കടം അനുഭവിച്ച ജനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നിരിക്കണം. തന്റെ മാതാവിന്റെയോ തൃക്കാരെപ്പറ്റി, അയാൾ നടത്തീട്ടുള്ള അന്വേഷണങ്ങളിൽ നിന്ന വിശ്വാസയോഗ്യമായ സംഗതിയൊന്നും അറിവിൽ വന്നിട്ടില്ല. അവൾക്കു ഒരു സോദരനും, സോദരിയും ഉണ്ടായിരുന്നു. അടിമകളായിരുന്നിടത്തോളം കാലം, കുറ്റ

മനുഷ്യരുടെ കുടുംബചരിത്രത്തെ ആരും ശ്രദ്ധിച്ചിരുന്നില്ല. "എന്റെ അമ്മയെ വിലയ്ക്കു വാങ്ങിയ ആൾ, അവളുടേയും, എന്റേയും ഉടമസ്ഥനായി ഭവിച്ചു. പുത്തനായി ഒരു ചരിയേയോ പശുവിനേയോ വാങ്ങി, തൊഴുത്തിൽ അടച്ചു രക്ഷിക്കുമ്പോലെ, അദ്ദേഹം എന്റെ അമ്മയേയും, അടിമകളുടെ ക്രൂത്തിൽ ചേർത്തു പൂലർത്തിവന്നു. അച്ഛനെക്കുറിച്ചു എനിക്കു ഇതുയും കൂടി അറിഞ്ഞുകൂടാ. അദ്ദേഹത്തിന്റെ പേരു പോലും എന്താണെന്നു നിശ്ചയമില്ല. സമീപമുണ്ടായിരുന്ന ഒരു തോട്ടത്തിൽ താമസിച്ചു വന്നിരുന്ന വെള്ളക്കാരിൽ ഒരാൾ ആയിരുന്നു അദ്ദേഹം, എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. അദ്ദേഹം, ആരുതന്നെ ആയിരുന്നാലും, എന്നെ പറ്റി ഒരന്വേഷണവും ചെയ്തിട്ടുള്ളതായോ, എന്റെ ചെലവിനും പഠിത്തത്തിനും വേണ്ടി എന്തെങ്കിലും ഏർപ്പാടു വെച്ചിരുന്നിട്ടുള്ളതായോ ഞാൻ അറിഞ്ഞിട്ടില്ല. അറിയാ അദ്ദേഹത്തെ കുറ്റം പറയുന്നതു ന്യായം ഇല്ല. ഭാഗ്യദോഷത്താൽ, അമേരിക്കാനിവാസികൾ അക്കാലം ആചരിച്ചു വന്നിരുന്ന അടിമയേർപ്പാടിന്റെ ദോഷങ്ങൾ അദ്ദേഹത്തെയും ബാധിച്ചു, എന്നേ പറയാനുള്ളൂ." ഇങ്ങനെ ബുക്കർ തന്നെ പ്രസ്താവിച്ചിട്ടുണ്ട്.

൯– അടിമകളുടെ കുടിലുകളെ അവരുടെ താമസത്തിന്നായി മാത്രമല്ല ഉപയോഗപ്പെടുത്തിവന്നത്. അതുതന്നെ ആയിരുന്ന തോട്ടത്തിന്റെ ഉടമസ്ഥന്മാർ- ധാന്യം ഭക്ഷണം പാകം ചെയ്യുന്ന സ്ഥലവും. ബുക്കരുടെ മാതാവു അവളുടെ യജമാനന്റെ അടുക്കളക്കാരി ആയിരുന്നു. വെളിച്ചവും, കാറ്റും, മഴത്തുള്ളിയും, നിർദ്ദ്വേഷമായി പ്രവേശിക്കുന്നതിനു സൌകര്യം നൽകുന്ന വലിയ ദ്വാരങ്ങൾ ആയിരുന്നു മതിലുകളിൽ വാതായനങ്ങളുടെ സ്ഥാനത്തുണ്ടായിരുന്നത്. ഈ കുടിലിൽ ഒരു വാതിൽ ഉണ്ടായിരുന്നുവെന്നു പറയാം, എന്നാൽ കട്ടിള ജീർണ്ണപ്പെട്ടും പലക, അങ്ങുമിങ്ങും പൊടിഞ്ഞും ദ്വാരം, തുലോം ഇടുങ്ങിയും, ഇരുന്നു എന്നു പറയുമ്പോൾ അടിമകളുടെ ഗൃഹം എത്ര സുഖകരമായിരുന്നു

എന്നു വായനക്കാക്കു ഊഹിച്ചറിയാമല്ലൊ. ഈ ദ്വാരങ്ങളും വിടവുകളും പോരെന്നു തോന്നുമാറു മുറിയുടെ വലതുവശത്തു്, കീഴ്ഭാഗത്തു ഏഴെട്ടു അംഗുലം ചതുരത്തിൽ ഒരു തുമ്പും ഉണ്ടായിരുന്നു. രാത്രിയിൽ മനസ്സുപോലെ പൂച്ചയ്ക്കു കേറുകയും, ഇറങ്ങുകയും ചെയ്യുന്നതിനുവേണ്ടി ആയിരുന്നു, വർജ്ജിനിയാദേശത്തിലെ മിക്ക ഗൃഹങ്ങളിലും ഈ തരത്തിൽ ഒരു വഴി ഉണ്ടാക്കിയിരുന്നതു്. ബുക്കരുടെ പാപ്പിടമായ കുടിലിൽ, രന്ധ്രങ്ങളും അഞ്ചെട്ടുണ്ടായിരുന്നതിനാൽ ഈ തുമ്പു അത്ര ആവശ്യമുള്ളതല്ലായിരുന്നു. മുറിക്കുള്ളിൽ പലകയൊ കല്ലൊ, പാകിയിരുന്നില്ല. വെറും തറയിൽതന്നെയാണു എല്ലാവരും ഇരിക്കുകയും, കിടക്കുകയും, ചെയ്യുവന്നിരുന്നതു്. ഈ തറയുടെ നടുക്കായി ഒരു കുഴിയും അതിന്റെ വശങ്ങളിൽ മാത്രം പലകയും ഉണ്ടായിരുന്നു. ഇതിനുള്ളിലാണു മധുരക്കിഴങ്ങുകൾ ഇട്ടു സൂക്ഷിച്ചുവന്നതു്. അതുകൾ ഇടുമ്പൊഴും എടുക്കുമ്പൊഴും നമ്മുടെ ബാലനു ഒന്നും രണ്ടും കിട്ടിവന്നിരുന്നു. ആ കിഴങ്ങു ചുട്ടു തിന്നുമ്പോൾ അയാൾ അനുഭവിച്ച സന്തോഷം ഇന്നും ഓർമ്മയിൽനിന്നും മാഞ്ഞുപോയിട്ടില്ലല്ലൊ! കുപ്പ കൂട്ടി അടുപ്പുണ്ടാക്കി അതിന്മേൽവച്ചായിരുന്ന മാതാവു പാകം നടത്തിവന്നതു്. വേനൽക്കാലത്തു അടുപ്പിൽ നിന്നു ഉണ്ടാകുന്ന ചൂടുകൊണ്ടും തണുപ്പുകാലത്തു ഉള്ളിൽ കടന്നു വരുന്ന ശീതംകൊണ്ടും കുടിലിനകത്തെ താമസം നിരന്തരം സങ്കടമായിത്തന്നെ ഇരുന്നു.

൪- ശൈശവത്തിൽ ബുക്കർ വളരെകഷ്ടത അനുഭവിച്ചു. അമ്മയ്ക്കു, ഉടമസ്ഥനായ വെള്ളക്കാരന്റെ ഗൃഹത്തിൽ അരിവെയ്പുജോലി ആയിരുന്നതിനാൽ, കാലത്തും രാത്രിയിലും മാത്രമേ സല്പനേരം, തന്റെ കുട്ടികളെ ശുശ്രൂഷിക്കുന്നതിനു സൌകര്യം ഉണ്ടായിരുന്നുള്ളു. ആഹാരംപോലും അവക്കു അത്ര ശരിയായി കിട്ടിയിരുന്നില്ല. താമസമൊ, ഒരു കോഴിക്കുട്ടിന്റെ മാതിരിയിലുള്ള കുടിലിൽ ആയിരുന്നു. "എന്റെ പഴയ ഓർമ്മകളിൽ ഒന്നു ഇതാണു്. ഒരു രാത്രിയിൽ വളരെനേരം ചെന്നതിന്റെ ശേഷം അമ്മ ഒരു കോഴി

കുഞ്ഞിനെ പാകം ചെയ്യ കുഞ്ഞുങ്ങളായ ഞങ്ങളെ വിളിച്ചു ണ്ടാക്കി തന്നു. എങ്ങനെ എവിടെനിന്നു അവർക്കു അതു കിട്ടിയെന്നു എനിക്കു അറിവില്ല. യജമാനന്റെ കോഴി ക്കൂട്ടിൽനിന്നു പിടിച്ചതായിരിയ്ക്കണം. മോഷണം ചെയ്തതാണെന്നു ചിലർ പറയുമായിരിക്കാം. ഇക്കാലത്തു ഇങ്ങനെ ഒരാൾ ചെയ്താൽ അതു മോഷണമാണെന്നു ഞാൻ തന്നെ വിധിയ്ക്കും. അപ്പൊഴത്തെ കാലവും അവസ്ഥയും ചെയ്ത ആളുടെ ഉദ്ദേശ്യവും എല്ലാം കൂട്ടി ഒത്തുനോക്കുമ്പോൾ അമ്മയുടെ പ്രവൃത്തി മോഷണമായിരുന്നെന്നു ഞാൻ വിശ്വസിക്കുന്നില്ല. കുറെ ചൂടത്തിരുന്നതു അക്രമമായ അടിമയെപ്പോടിച്ചതിന്മേൽ ആണ്. അടിമ എന്ന നില ഒഴിഞ്ഞതിന്റെ ശേഷമേ ഒരു കിടക്കയിൽ കിടന്നുറങ്ങിയിട്ടുള്ളതായി ഞാൻ ഓർക്കുന്നുള്ളൂ. അതിനു മുമ്പു കുട്ടികളായ ഞങ്ങൾ മൂന്നു പേരും,—ജ്യേഷ്ഠനും, ഞാനും, എന്റെ സോദരി അമ്മയും—കുടിലിനകത്തെ മൺതറയിൽ ഒരു പഴന്തുണിക്കെട്ടിന്മേൽ കിടന്നു ഉറങ്ങിവന്നിരുന്നു," എന്നു ബുക്കർ പറഞ്ഞിട്ടുണ്ട്. മറവുള്ള കുഞ്ഞുങ്ങൾക്കു ബാല്യകാലത്തിൽ ഉണ്ടായിരിക്കുന്ന സുഖങ്ങളോ, സന്തോഷങ്ങളോ, വിനോദങ്ങളോ, ഒന്നും തന്നെ അടിമക്കുട്ടികൾക്കുണ്ടായിരുന്നില്ല. നാല്ക്കാലി മൃഗങ്ങളെപ്പോലെ, ക്ഷീണിക്കാ, വേറെ വല്ല ജോലിക്കോ, ഉപയുക്തങ്ങളായ സാധനങ്ങളുടെ നിലയിലേ അടിമകൾ ഗണിക്കപ്പെട്ടിരുന്നുള്ളൂ. വല്ലതും വേലചെയ്യാൻ പ്രായമായ ഉടൻ, അടിമക്കുഞ്ഞുങ്ങൾ ഓരോ തൊഴിലിലേയ്ക്കായി വിനിയോഗിക്കപ്പെട്ടിരുന്നു. ബുക്കർ ബാലനായിരുന്നകാലത്തു മുറം നന്നാക്കുക, വയലിൽ ജോലിചെയ്യുന്നവർക്കു വെള്ളം കൊണ്ടുചെന്നു കൊടുക്കുക, ധാന്യപേഷണയന്ത്രത്തിലേക്കു ധാന്യം കൊണ്ടുപോവുക, മുതലായ ജോലികളാണു ചെയ്തു വന്നിരുന്നതു. ഈ വേല ചെയ്യുന്നതിൽ ഒന്നെങ്കിലും വീഴ്ച ഉണ്ടാകുന്ന കാലത്തു തീവ്രമായ പ്രഹരം ബുക്കർക്കു നിർദ്ദാക്ഷിണ്യമായി ലഭിച്ചു വന്നു.

൭- ബുക്കറുടെ ബാല്യകാലത്തിലെ ജോലികളിൽ ഒന്നായിരുന്ന മുമ്പു മുമ്പുപറഞ്ഞു അയാൾ ഇപ്രകാരം പ്രസ്താവി

ിരിക്കുന്നു,—"ആഴ്ചയിൽ ഒരുദിവസം ധാന്യപേഷണയ
ന്ത്രസ്ഥലത്തേയ്ക്കു ധാന്യം ചാക്കിലിട്ടുകെട്ടിക്കൊണ്ടുപോകേ
ണ്ടതു എന്റെ ജോലികളിൽ ഒന്നായിരുന്നു. രേപട്ടത്തിൽ
നിന്നു ഈ സ്ഥലത്തേക്കു മൂന്നു നാഴികയായിരുന്നു ദൂരം.
ഈ വേല ഒന്നും എന്നെ അധികം സങ്കടപ്പെടുത്തീട്ടി
ല്ലാത്തു. ധാന്യം ചാക്കിൽ കെട്ടി കുതിരയുടെ പുറത്തുവച്ചു
കൊണ്ടുപോവുകയായിരുന്നു പതിവു്. ഒരു യാത്രയിൽ
പോലും ഈ ചാക്കുകെട്ടും ഞാനും കുതിരപ്പുറത്തുനിന്നു
മറിഞ്ഞു വഴിയിൽ വീഴാതെയിരുന്നിട്ടില്ല. താഴെനിന്നു
ചാക്കു വീണ്ടും എടുത്തു കുതിരയുടെ പുറത്തിടുന്നതിനു
എനിക്കു ദേഹശക്തിയില്ലായിരുന്നതിനാൽ കരുണയുള്ളവ
രായി ആരെങ്കിലും ആ വഴിയിൽക്കൂടെ വരുന്നതുവരെ
ഞാൻ വിഷമിച്ചു വഴിമദ്ധ്യേ എത്രയോതവണ താമസിച്ചി
ട്ടുണ്ടു്. ചിലപ്പോൾ ഇങ്ങനെ മൂന്നും നാലും നാഴികനേരം
വ്യസനിച്ചു കരഞ്ഞുംകൊണ്ടു വഴിയിൽ ചുരുന്നിട്ടുണ്ടു്.
ഈ അപകടം പറഞ്ഞു താമസിക്കുന്നിമിത്തം യന്ത്രശാല
യിൽ എത്തുന്നതിനും അവിടെനിന്നു ധാന്യം പൊടിപ്പിച്ചു
തിരികെ പുറപ്പെട്ടുവരുന്നതിനും താമസം ഉണ്ടായിപ്പോ
ണ്ടിരുന്നു. ചില ദിവസങ്ങളിൽ വീട്ടിൽ എത്തുന്നതിനു
ഏറെ ഇരുട്ടിയിട്ടേ കഴിവു വന്നിട്ടുള്ളു. വഴി ജനസഞ്ചാര
മില്ലാത്തതും ഒട്ടൊക്കെ കാടുകളിൽ കൂടിയുള്ളതും ആയിരുന്നു.
ഇങ്ങനെയുള്ള സ്ഥലത്തുകൂടി പോകുന്നതിനു എനിക്കു
വളരെ ഭയമുണ്ടായിരുന്നു. സൈന്യത്തിൽ നിന്നു വിട്ട
പോയവരും ക്രൂരന്മാരുമായ ഭടന്മാർ ഈ കാടുകളിൽ
സഞ്ചരിക്കാറുണ്ടെന്നും, അവരുടെ കണ്ണിൽ പെടുന്ന
നീഗ്രോ-കുട്ടികളുടെ കാതു അവർ അറുക്കാറുണ്ടെന്നും ഉള്ള
പ്രസ്താവം എന്നെ വളരെ ഭയപ്പെടുത്തിയിരുന്നു. ഇതിനും
പുറമെ, താമസിച്ചു തോട്ടത്തിലെത്തുന്ന ദിവസങ്ങളിൽ
എനിക്കു തീച്ചീയായി അടിയും ശകാരവും കിട്ടിക്കൊണ്ടി
രുന്നു താനും."

൯- ഭൃത്യവേലയിൽ ഇരുന്ന കാലത്തോളം ബുക്കർക്കു വിദ്യാ
ഭ്യാസം ഒന്നും ഉണ്ടായിരുന്നില്ല. കൊച്ചമ്മമാരുടെ പുസ്ത

കുങ്ങാം ചുമന്നുകൊണ്ടുപോയിരുന്ന അവസരങ്ങളിൽ, ഒരു പാശാലയിൽ പ്രവേശിച്ചു വല്ലതും പഠിക്കുന്നതു സ്വപ്നത്തിലേക്കു പ്രവേശം ലഭിക്കുന്നതുപോലെ പരമാനന്ദപ്രദമായ സംഭവമാണെന്നു ബുക്കർ തോന്നിയിരുന്നു.

൭- താൻ അടിമവർഗ്ഗത്തിൽ പെട്ടവനാണെന്നും, അടിമത്തം നിമിത്തം ചെയ്യുന്നതിനു ആലോചന നടത്തുവാനും എന്നും ബുക്കർ മനസ്സിലാക്കിയതു, ഒരു ദിവസം കാലത്തായിരുന്നു. തന്റെ മാതാവു രാവിലെ ഉണർന്നു, കുഞ്ഞുങ്ങളെ നോക്കി,—"എന്റെ ഈശ്വരാ! മഹാനുഭാവനായ ലിങ്കൺ, എന്ന ആളും അദ്ദേഹത്തിന്റെ സേനകളും വിജയം പ്രാപിക്കണേ! എനിക്കും എന്റെ കുഞ്ഞുങ്ങൾക്കും എന്നെങ്കിലും സ്വാതന്ത്ര്യം ലഭിക്കണേ!"—ഇപ്രകാരം മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്ന അവസരത്തിൽ നമ്മുടെ ബാലൻ ഉണർന്നു കാര്യം ഗ്രഹിച്ചു. പുസ്തകങ്ങളും, വർത്തമാനപ്പത്രങ്ങളും, വായിച്ചു ലോകഗതി അറിയാൻ ശക്തിയില്ലാത്ത പാമരന്മാർ അധ്യ ദക്ഷിണദേശത്തു താമസിച്ചുവന്നിരുന്ന നീഗ്രോ-ജനങ്ങൾ രാജ്യം ആസകലം ഇളക്കിമറിച്ചിരുന്ന ഈമാതിരി സാമുദായികവ്യവഹാരങ്ങളെ കുറിച്ചുള്ള അറിവു സമ്പാദിച്ചതെങ്ങനെ എന്നു, നമ്മുടെ ബാലൻ അപ്പോൾ സ്പഷ്ടമായി അറിഞ്ഞിരുന്നില്ല. ഗാരിസൺ,-ലവ്ജോയി-പ്രമുഖന്മാരായ മാന്യന്മാർ, അടിമകൾക്കു സ്വാതന്ത്ര്യം അനുവദിക്കേണമെന്നു രാജ്യഭരണകർത്താക്കന്മാരോടു മല്പിടാൻ തുടങ്ങിയ കാലം മുതൽ, ദിനം പ്രതി സംഭവിച്ചുകൊണ്ടിരുന്ന അവസ്ഥാഭേദങ്ങളെ ദക്ഷിണദേശവാസികളായ നീഗ്രോ-ജനങ്ങൾ അറിഞ്ഞുവന്നിരുന്നു. ബുക്കർ ഇക്കാലം ബാല്യദശ കഴിഞ്ഞിട്ടില്ലായിരുന്നു എങ്കിലും താമസിച്ചു വന്ന തോട്ടത്തിലെ അടിമകൾ രാത്രിയിൽ ഒരുമിച്ചുകൂടി രഹസ്യമായി സംഭാഷണം ചെയ്തിരുന്നതു ഒട്ടൊക്കെ കേട്ടു ഒരുവിധം അവൻ കാര്യം സാരം മനസ്സിലാക്കിയിരുന്നു. ഓരോരോ തോട്ടത്തിൽ വേലചെയ്യുവർ പരസ്പരം പറഞ്ഞതു കണ്ണാകണ്ണികയാ നാടൊട്ടുക്കു വ്യാപ്തമായി വന്നിരുന്നു.

വ്യ- ഈ ക്ഷോഭമുണ്ടായ കാലം,—അതായതു ലിൻകൺ, മുഖ്യാധികാരസ്ഥാനം പ്രാപിക്കുന്നതിനു യത്നംചെയ്തകാലം,—ബുക്കർ താമസിച്ച തോട്ടത്തിൽ വേലചെയ്തു പാർത്തുവന്ന അടിമകൾ,- തീവണ്ടിആഫീസിനും പട്ടണത്തിനും വർത്തമാനപത്രമന്ദിരത്തിനും, എത്രയോ ദൂരെ ഇരുന്നിരുന്ന ജനങ്ങൾ,-സംഗതിയുടെ ഗതി അറിഞ്ഞു വന്നിരുന്നു. ദക്ഷിണോത്തരരാജ്യവിഭാഗങ്ങളിലെ ജനങ്ങൾ ശണ്ഠക്കായി എതിർത്തപ്പോൾ യുദ്ധത്തിനുള്ള കാരണങ്ങളിൽ പ്രധാനമായിത്തീർന്നതു,-അടിമകളുടെ ദാസവൃത്തിയാണെന്നു അവരുടെ സഹവാസികൾ ഗ്രഹിച്ചു കഴിഞ്ഞിരുന്നു. ഉത്തരദേശത്തെ ജനങ്ങൾക്കു വിജയം ലഭിച്ചെങ്കിൽ നീഗ്രോ-ജനങ്ങൾക്കു സ്വാതന്ത്ര്യം നൽകപ്പെടുമെന്നു അറിയാത്തവർ ആ ജാതിയിൽ ഉണ്ടായിരുന്നില്ല. യുദ്ധത്തിന്റെ ഗതി നീഗ്രോ-ജനങ്ങൾ വളരെ താല്പര്യത്തോടു നോക്കിക്കൊണ്ടിരുന്നു. പലതവണ വെള്ളക്കാർ അറിയുന്നതിനു മുമ്പു തന്നെ ഇവർ ചില പ്രധാനപ്പെട്ട യുദ്ധങ്ങളുടെ ഫലം ഇന്നതെന്നു അറിഞ്ഞിരുന്നു. വർത്തമാനം പ്രസിദ്ധം ചെയ്തു വന്നതു തപാലാഫീസുകളിൽ നിന്നു പത്രികകൾ വാങ്ങിക്കൊണ്ടുവരുന്നതിനു പോകുന്ന നീഗ്രോ-ഭൃത്യന്മാരായിരുന്നു. ബുക്കരുടെ ഗൃഹത്തിൽനിന്നു തപാലാഫീസിലേക്കു മൂന്നാഴിക ദൂരം ഉണ്ടായിരുന്നു. ആഴ്ചയിൽ ഒന്നോരണ്ടോ തവണ അവിടെ തപാൽ വരും. ആഫീസിലേക്കു പോയ ഭൃത്യൻ അവിടെ എത്തിയതിന്റെ ശേഷം കുറേനേരം ചുറ്റിപ്പറ്റിനിന്നു വെള്ളക്കാരുടെ സംഭാഷണത്തിൽനിന്നു സംഗതി ഗ്രഹിച്ചു തിരികെ വരുംവഴി കൂട്ടരോടു പറഞ്ഞു കേൾപ്പിച്ചു അവരെയും മനസ്സിലാക്കി വരും. ഇപ്രകാരമുള്ള വെള്ളക്കാരിൽ ചിലർ അറിയുംമുമ്പു നീഗ്രോ ജനങ്ങൾ വർത്തമാനം അറിഞ്ഞു വന്നിരുന്നത്.

൯- ബാല്യത്തിൽ താൻ അനുഭവിച്ചുവന്ന ചില കഷ്ടതകളെ ബുക്കർ തന്നെ ഇപ്രകാരം വിവരിച്ചിട്ടുണ്ട്,- "ശൈശവകാലത്തോ, കൗമാരദശയിലോ, ഒരിക്കലെങ്കിലും എന്റെ കുടുംബത്തിലുള്ള എല്ലാവരും ഒരുമിച്ചിരുന്നു പരിഷ്കൃത

ജനങ്ങളുടെ സമ്പ്രദായപ്രകാരം ഭക്ഷണം കഴിച്ചിട്ടുള്ളതായി ഞാൻ ഓർക്കുന്നില്ല. വഴിനിയായിലേ തോട്ടത്തിൽ താമസിച്ച കാലവും അതിൽ പിന്നീടും കുട്ടികളായ ഞങ്ങൾക്കു ആഹാരം കിട്ടിവന്നതു മിണ്ടാപ്രാണികൾക്കു തീററി ലഭിക്കുന്നവിധമായിരുന്നു. ഒരിക്കൽ ഒരു കഷണം അപ്പം പിന്നീടു ഒരു കഷണം മാംസം; അല്ലെങ്കിൽ സ്വല്പം പാലും ഒന്നോ രണ്ടോ കിഴങ്ങും. രണ്ടോ മൂന്നോ ആളുകൾ ഒരേ ചട്ടിയിൽ നിന്നും വാരി തിന്നുകയായിരുന്ന പതിവ്, അപ്പോൾ തന്നേ വേറെ ഒരുത്തൻ ഒരു തകരത്തട്ടത്തിൽ വല്ലതും ഇട്ടു മുട്ടിന്മേൽവച്ചു തിന്നുകൊണ്ടിരിക്കും. വാരിത്തിന്നതു കൈകൊണ്ടുതന്നെ. കരണ്ടിയും, കത്തിയും, മുള്ളും, ഞങ്ങൾക്കു ഇല്ലായിരുന്നു. എനിക്കു നാലഞ്ചുവയസ്സായപ്പോൾ എന്റെ വേലകളിൽ ഒന്നു ഭക്ഷണസമയത്തു വലിയവീട്ടിൽ പോയി ഒരു വലിയപങ്കാ വലിച്ചു തീൻമേശയിൽ നിന്നു ഈച്ചകളെ ഓടിക്കുകയായിരുന്നു. യുദ്ധത്തെയും സ്വാതന്ത്ര്യത്തെയും കുറിച്ചു വെള്ളക്കാർ സംസാരിച്ചുകൊണ്ടിരുന്നതിൽ ചിലതെല്ലാം ഞാനും കേട്ടു അവ്യംവണ്ണം മനസ്സിലാക്കിയിരുന്നു. ഒരിക്കൽ എന്റെ ഉടമസ്ഥന്റെ വീട്ടിലുള്ള രണ്ടു മദാമ്മമാരും, വേറെ വിരുന്നുകാർ ആയിവന്ന ചില മദാമ്മമാരും മുറ്റത്തു നിന്ന ചില മധുരപദാർത്ഥങ്ങൾ ഭക്ഷിക്കുന്നതു ഞാൻ കണ്ടു. ആ പലഹാരംപോലെ സ്വാദുള്ളതായി വേറെ യാതൊന്നുമില്ലെന്നും, സ്വാതന്ത്ര്യം ലഭിച്ചതിന്റെ ശേഷം അതു വാങ്ങി തിന്മാനുള്ള മുതൽ എനിക്കുണ്ടായാൽ ഞാൻ കൃതാർത്ഥനാകുമെന്നും അപ്പോൾ എനിക്കു തോന്നിയിരുന്നു."

൨൦– "യുദ്ധം തുടരെത്തുടരെ കുറേക്കാലം നടന്നുവന്നതുകൊണ്ടു ധാരമാക്കു തന്നെയും ആഹാരവിഷയത്തിൽ ചില കഷ്ടപ്പാടുകൾ ഉണ്ടായി. അടിമകൾക്കു ആവശ്യമുള്ള ധാന്യവും മറ്റും തോട്ടങ്ങളിൽതന്നെ കൃഷിചെയ്തിരുന്നതിനാൽ അവർക്കു ബുദ്ധിമുട്ടിനു മാർഗ്ഗം ഇല്ലായിരുന്നു. കാപ്പി, തേയില, പഞ്ചസാര ഇത്യാദി പദാർത്ഥങ്ങൾ—വെള്ളക്കാർക്കു വേണ്ടിയിരുന്നവ—സുലഭമായി കിട്ടിയിരുന്നില്ല. ഇതിനാൽ അവർക്കു വളരെ ഞെരുക്കം ഉണ്ടായിരുന്നു. വറുത്തുപൊടിച്ച

ധാന്യവും പതിയൻ ശക്കരയും, കാപ്പിക്കും പഞ്ചസാരയ്ക്കും പകരമായി അവർ ഉപയോഗിക്കേണ്ടിവന്നു. ഈ വിധം ഉണ്ടാകുന്ന കാപ്പിക്കും തേയിലക്കും പലപ്പോഴും മധുരം ഒന്നും ചേർക്കാൻ അവർക്കു സാധിച്ചിട്ടും ഇല്ല."

൧൧- "ഞാൻ ആദ്യം ഒരിക്കൽ ധരിച്ച പാദുക ഒരുതരം മെതിയടിയായിരുന്നു. അതിന്റെ മേൽഭാഗത്തിൽ ഒരുമാതിരി തടിച്ച തോൽ ഉണ്ടായിരുന്നു എങ്കിലും അതിനെ ബന്ധിച്ചിരുന്നതു ഒരിഞ്ചു ഘനമുള്ള പലകകക്ഷണത്തോടായിരുന്നു. അതു പാദങ്ങളിൽ ധരിച്ചു നടക്കുമ്പോൾ പുറപ്പെടുന്ന ശബ്ദം ഭയങ്കരവും, അനുഭവിക്കേണ്ടുന്ന വേദന അതിതീവ്രവും, ആയിരുന്നു. അതു ധരിച്ചു വെളിയിറങ്ങുന്നവന്റെ അവസ്ഥ ഏറ്റവും ശോചനീയമത്രെ. അടിമസ്ഥിതിയിൽ ഇരുന്ന കാലത്തു ഞാൻ ഏറ്റവും വേദനയോടുകൂടി സഹിച്ചു വന്ന സങ്കടം ചണനൂനാരുകൊണ്ടുണ്ടാക്കപ്പെട്ട ഉള്ളുടുപ്പു ധരിക്കുമ്പോൾ അനുഭവിച്ചതായിരുന്നു. വർജ്ജിനിയാദേശത്തിൽ സാധാരണ അടിമകൾക്കു ധാരണത്തിനു കൊടുത്തിരുന്നതു, ചണനൂനാരുകൊണ്ടുണ്ടാക്കപ്പെട്ട ഒരുമാതിരി തുണി ആയിരുന്നു. മേനി കുറഞ്ഞും ഘനം ക്രിടിയും ഉള്ള നാരുകൊണ്ടുണ്ടാക്കപ്പെട്ട ഈ തുണിയുടെ വില കുറഞ്ഞിരുന്നതിനാൽ അതു അടിമകാംക്കായി വാങ്ങിക്കുന്നതിനു ധാരമാക്കു പ്രയാസം ഇല്ലായിരുന്നു. ൦രം തുണികൊണ്ടുണ്ടാക്കപ്പെട്ട ഉള്ളുടുപ്പു ആദ്യം ധരിക്കുമ്പോൾ ഉളവാകുന്ന വേദനയുടെ സമമായിട്ടുള്ളതു പല്ലു പറിക്കുമ്പോൾ ഉണ്ടാകുന്ന വേദനയൊന്നുമാത്രമേ ഉള്ളു. ൦രം തുണിയുടെ പരുത്ത നാരുകൾ തൊലിയിൽ തൊടുമ്പോൾ ഒരായിരം മൊട്ടുസൂചിമുന ദേഹത്തിൽ തറച്ചപോലെ എനിക്കു വേദന തോന്നി. ൦രം ഉടുപ്പിട്ട കഥ ഓർക്കുമ്പോൾ ഇന്നും എനിക്കു രോമാഞ്ചം ഉണ്ടാകുന്നു. എന്റെ തൊലിയുടെ മാർദ്ദവവും ഘനക്കുറവും ഉണ്ടായിരുന്നതു എനിക്കു അധികം സങ്കടത്തിനു കാരണമായി. എന്തു ചെയ്യാം! ഉടുപ്പു അതേ ഉണ്ടായിരുന്നുള്ളു. നിവൃത്തി വല്ലതും ഉണ്ടായിരുന്നെങ്കിൽ ഞാൻ അതു ധരിക്കുകയില്ലായിരുന്നു. ൦രം സംഗതിയെപ്പറ്റി പറയുമ്പോൾ എന്റെ

ജ്യേഷ്ഠൻ ജാണിന്റെ ഉദാരശീലത്തെക്കുറിച്ചു ഒരു വാക്കുകൂടി പറയാനുണ്ട്. ഒരു അടിമ മറ്റൊരു അടിമയുടെ കഷ്ടതയെ അത്ര ഗണ്യമായി വിചാരിക്കുന്നില്ല. എന്റെ സങ്കടം അറിഞ്ഞു പലതവണ ജ്യേഷ്ഠൻ എന്റെ പുതിയ ഉണ്ണുനാരുടുപ്പുകളെ ആട്ടിയും പല നാളും താൻ സ്വയം ധരിച്ചു അതിന്റെ പരുഷത കളഞ്ഞു ഏകദേശം മൃദുവാക്കി എനിക്കു തന്നിട്ടുണ്ട്. ഇതു അടിമത്തത്തിന്റെ അനന്യസാധാരണമായ സോദരസ്നേഹത്തിന്റെ ഒരു ഉത്തമ ദൃഷ്ടാന്തം ആയിരുന്നു. എനിക്കു യൌവനം ആരംഭിച്ചതുവരെ ഞാൻ മതിരി ഉടുപ്പു മാത്രമേ ഞാൻ ധരിച്ചിട്ടുള്ളൂ."

൬൫- "ദക്ഷിണരാജ്യത്തിലുള്ള വെള്ളക്കാരിൽ ഭേദശക്തിയുള്ളവരെല്ലാം നീഗ്രോ-ജനങ്ങൾക്കു സ്വാതന്ത്ര്യം കൊടുക്കാൻ പാടില്ലെന്നുള്ള സിദ്ധാന്തത്തിൽ ഉത്തരദേശത്തിലുള്ള വെള്ളക്കാരോടു ശണ്ഠചെയ്യുന്നതിനു പോയിരുന്നതു സത്യമായിരുന്നെങ്കിലും നീഗ്രോ-ജനങ്ങൾക്കു ദക്ഷിണാത്യന്മാരായ വെള്ളക്കാരോടു പരുഷമായ വൈരാഗ്യം തോന്നിയിരുന്നു എന്നു വിചാരിച്ചുപോകരുത്. എന്റെ താമസസ്ഥലത്തിനടുത്തു വസിച്ചിരുന്ന കറുത്ത മനുഷ്യർക്കും യജമാനന്മാരിൽനിന്നും സ്വല്പമെങ്കിലും കരുണ്യത്തെ അനുഭവിച്ചിട്ടുള്ളവരായ മറ്റു നീഗ്രോ-ജനങ്ങൾക്കും വെള്ളക്കാരോടു ക്ഷാത്രം തോന്നിയിരുന്നില്ലെന്നുള്ളതു പരമാർത്ഥമാണ്. ക്ഷോഭകാലത്തിൽ എന്റെ കുഞ്ഞുജമന്മാരിൽ ഒരാൾ മരിക്കുകയും രണ്ടുപേർ കഠിനമായി മുറിവേൽക്കുകയുംചെയ്തിരുന്നു. ഈ ദുരദൃഷ്ടത്തെപ്പറ്റി ഞങ്ങൾക്കുണ്ടായിരുന്ന സങ്കടം കേവലം നിർവ്യാജമായിട്ടുള്ളതായിരുന്നു. യുദ്ധത്തിൽ മരണം പ്രാപിച്ച "ബില്ലി" കുഞ്ഞുജമന്മാരുടെ മുലകൊടുത്തു വളർത്തിയ നീഗ്രോ-സ്ത്രീകളും, ബാല്യകാലത്തു കൂടെ കളിച്ചു വളർന്ന നീഗ്രോ-സ്ത്രീപുരുഷന്മാരും അടിമത്തത്തിന്റെ ശുപാർശയാൽ പല അവസരങ്ങളിലും മേൽനോട്ടക്കാരുടെ ശിക്ഷയിൽനിന്നും രക്ഷിക്കപ്പെട്ടവരായ മറ്റുള്ളവരും, അനുഭവിച്ച ദുഃഖം കളങ്കരഹിതമായി അന്നെയിരുന്നു. മുറിവേറ്റു വന്ന രണ്ടു കുഞ്ഞുജമന്മാരോ

രേയും ശുശ്രൂഷിക്കുന്നതിൽ എന്റെ ആളുകൾ പ്രദർശിപ്പിച്ച ശ്രദ്ധയും ശുഷ്കാന്തിയും ഒട്ടും തന്നെ കപടസമ്മിശ്രിതമായ പ്രവൃത്തിയല്ലായിരുന്നു. സ്വതന്ത്രജനങ്ങളെപ്പോലെ തന്നെ അവരും ക്ലേശിച്ചു. രാത്രിയിൽ ഉറക്കമൊഴിഞ്ഞു അവരെ ശുശ്രൂഷചെയ്യുന്നതിനു എന്റെ ആളുകൾ അഹമഹമികയോടെ പ്രവർത്തിച്ചു. എന്റെ ജാതിക്കാർ ഈവിധം ചെയ്തതു അവരുടെ സഹജമായ ദയ, ഉദാരത, ഇത്യാദി കുലഗുണങ്ങളുടെ പ്രോത്സാഹനത്താൽ മാത്രമായിരുന്നുവെന്നാണു എന്റെ വിശ്വാസം. വെള്ളക്കാർ ശണ്ഠയുണ്ടായിരുന്നകാലം സ്ത്രീകളേയും, കുഞ്ഞുങ്ങളേയും, ആപത്തിൽ നിന്നു രക്ഷിക്കുകയും അവരുടെ ആവശ്യങ്ങളെ നിറവേറുകയും ചെയ്യുന്നതിനു നിയോഗിക്കപ്പെട്ടവരായ നീഗ്രോഭൃത്യന്മാർ തത്സംബന്ധം ജീവത്യാഗംചെയ്വാൻ പോലും മടിയുള്ളവരായിരുന്നില്ല. പുരുഷന്മാരില്ലാത്ത അവസരങ്ങളിൽ ഗൃഹരക്ഷയ്ക്കു വേണ്ടി വലിയ വീടുകളിൽ ചെന്നുകിടക്കാൻ ഏല്പെട്ടുത്തിയിരുന്ന നീഗ്രോ-ജനങ്ങൾ യോഗ്യരായിരുന്ന എന്നു സർവ്വസമ്മതമാണ്. അവരെ ചതിച്ചു കൊച്ചമ്മയേയോ വലിയമ്മയേയോ ദ്രോഹിക്കാൻ ചെല്ലുന്നവനു അവരുടെ മൃതശരീരങ്ങളുടെ മീതേക്കൂടിത്തന്നെ കടന്നുപോകേണ്ടിയിരുന്നു. ഏറ്റ ഭാരത്തെ വിശ്വാസപൂർവ്വമായും ശക്തിക്കൊത്തവിധത്തിലും നിർവ്വഹിക്കാത്ത ഒരുത്തനും ദാസ്യദശയിലും സ്വാതന്ത്ര്യാവസ്ഥയിലും, എന്റെ ജാതിയിൽ ഉണ്ടായിട്ടില്ലെന്നു അന്വേഷിക്കുന്നവർ അറിയുമെന്നു ഞാൻ വിശ്വസിക്കുന്നു."

൧൯൬൫-ൽ അടിമവ്യാപാരം നിറുത്തൽ ചെയ്യുന്ന കാര്യത്തെപ്പറ്റി അമേരിക്കയിൽ വലുതായ ക്ഷോഭവും, അന്തശ്ഛിദ്രവും ഉണ്ടായ സംഗതി ചരിത്രമുഖേന നാം അറിഞ്ഞിട്ടുണ്ടല്ലൊ. ഈ ആപത്സന്ധിയിൽപോലും അടിമകളായ നീഗ്രോ-ജനങ്ങൾ തങ്ങളുടെ സ്വാമികളെ സ്നേഹഭക്തിബഹുമാനങ്ങളോടു കൂടി ആദരിക്കയും രക്ഷിക്കയും ചെയ്തിരുന്നുവെന്നറിയുമ്പോൾ, ആർക്കാണു ഇവരോടു പ്രിയം തോന്നാത്തത്? ഈ വാശക്കാർ വിശ്വാസവഞ്ചന ചെയ്തിട്ടുള്ളതായി

ഒരു പ്രസ്താവംപോലും ഇല്ലാതിരിക്കുന്നതു എത്രയോ ആശ്ചര്യാ ദഹേതുവായ സംഗതി ആകുന്നു! സ്വാമിഭക്തിയെന്ന ശ്രേഷ്ഠഗുണം ഈ ജാതിക്കാരുടെ സഹജമായ സമ്പത്തായിരുന്നു; പറഞ്ഞ വാക്കിനു വിപരീതമായി പ്രവർത്തിക്കുന്ന സ്വഭാവദോഷവും ഈ ജാതിക്കാക്കില്ലായിരുന്നു.

൧൪- ഈ സംഗതിയെ ബുക്കർ തന്റെ ജീവചരിത്രത്തിൽ ഇപ്രകാരം വിവരിച്ചിട്ടുണ്ട്:—"യുദ്ധത്തിനു മുമ്പും പിമ്പും എന്റെ ജാതിക്കാക്കു വെള്ളക്കാരോടു വൈരമില്ലായിരുന്നു എന്നുമാത്രമല്ല; അവർ യുദ്ധകാലം കഴിഞ്ഞതിൽപിന്നെ സ്വതന്ത്രരായതിന്റെ ശേഷംപോലും, മുമ്പു തങ്ങളുടെ യജമാനന്മാരായിരുന്നവരോടു സ്നേഹവും ബഹുമാനവും ഭക്തിയും പ്രദർശിപ്പിച്ചുവന്നിരുന്നു എന്നുള്ളതിനു അനേകം ദൃഷ്ടാന്തങ്ങളും ഉണ്ടായിട്ടുണ്ട്. നിത്യവൃത്തിയ്ക്കു മാർഗ്ഗമില്ലാതെ കഷ്ടപ്പാടനുഭവിച്ചിരുന്ന ചില വെള്ളക്കാരെ മുമ്പു അവരുടെ അടിമകളായിരുന്ന എന്റെ ജാതിക്കാർ ദേഹം കൊണ്ടും ധനംകൊണ്ടും സഹായിച്ചിട്ടുള്ളതു ഞാൻ അറിഞ്ഞിട്ടുണ്ട്. തങ്ങളുടെ പഴയ ഉടമസ്ഥന്മാരായിരുന്ന വെള്ളക്കാരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന്നായി അവർ ദ്രവ്യദാനം ചെയ്തിട്ടുണ്ട്. നടപ്പുദോഷംകൊണ്ടു ദരിദ്രതയെ പ്രാപിച്ചിരുന്ന ചില വെള്ളക്കാർക്കുപോലും പൂർവ്വഭക്തിയാൽ മാത്രം പ്രേരിതരായിരുന്ന എന്റെ ജാതിക്കാരിൽ ചിലർ ഭക്ഷണത്തിന്നും മറ്റും വേണ്ട ദ്രവ്യത്തെ, സ്വന്ത ആവശ്യങ്ങളെപ്പോലും വെടിഞ്ഞിട്ടു, കൊടുത്തിട്ടുള്ളതായി എനിക്കറിവുണ്ട്.

൧൫- വിശ്വാസവഞ്ചന ചെയ്യുന്നതിൽ എന്റെ ജാതിക്കാർ വിമുഖന്മാരായിരുന്നുവെന്നു് ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. ഇതിനൊരുത്തമദൃഷ്ടാന്തമായി എന്റെ അറിവിൽപെട്ടിട്ടുള്ള ഒരു സംഗതി ഇവിടെ പ്രസ്താവിക്കുന്നതിനു എനിയ്ക്കു വളരെ സന്തോഷം തോന്നുന്നു. ഏതാണ്ടു ദിവസങ്ങൾക്കു മുമ്പു ഞാൻ ഓഹിയോ ദേശത്തിൽ സഞ്ചരിച്ചിരുന്നപ്പോൾ വജ്രിനിയായിൽ ഒരു കാലത്തു അടിമയായിരുന്ന ഒരുത്തന്റെ കഥ ഗ്രഹിപ്പാൻ എനിയ്ക്കിടയായി.

ദാസ്യമോചനവിളംബരം പ്രസിദ്ധപ്പെടുത്തുന്നതിനു രണ്ടു മൂന്നുവർഷം മുമ്പായിട്ടു അയാൾ തന്റെ യജമാനനോടു ഒരു കരാർ ചെയ്തിരുന്നു. താൻ ഇത്ര വർഷംകൊണ്ടു ഇത്രപണം യജമാനനു കൊടുത്തുതീർത്താൽ തനിയ്ക്കു സ്വാതന്ത്ര്യത്തിനു അവകാശം ഉണ്ടാകണമെന്നായിരുന്നു ഉടമ്പടിയുടെ സാരം. തന്റെ മനസ്സുപോലെ എവിടെയും പോയി വേലചെയ്യുന്നതിനു യജമാനൻ അവനു അനുവാദം കൊടുത്തിരുന്നു. അക്കാലത്തു ക്രൂതൽ ക്ലർക്കിയോ ദേശത്തു ലഭിച്ചുവന്നിരുന്നതിനാൽ അവൻ ആ ദിക്കിൽപോയി വേലചെയ്തു താമസിച്ചിരുന്നു. അങ്ങനെയിരിക്കുമ്പോഴാണു നീഗ്രോ-ജനങ്ങൾക്കു സ്വാതന്ത്ര്യം ലഭിച്ചതു്. അപ്പോൾ അയാൾ യജമാനനു പഴയ ഏർപ്പാടുപ്രകാരം നൂറു ഡാളർ കൊടുക്കേണ്ടതായിട്ടുണ്ടായിരുന്നു. ഗവർമ്മെൻറുത്തരവിന്റെ പ്രകാരം അടിമവേല ഇല്ലാതെയായ അവസ്ഥയ്ക്കു, അയാൾക്കു മേൽ കാണിച്ച പണം കൊടുക്കാതെ കഴിക്കാമായിരുന്നു. എങ്കിലും അയാൾ അങ്ങനെ ചെയ്തില്ലാ. പണവും പലിശയും കണക്കുതീർത്തു വിളംബരകാലത്തിനിപ്പുറം അയാൾ ഉടമ്പടിയനുസരിച്ചു പഴയ യജമാനനു കൊടുത്തു. ഈ സംഗതിയെപ്പറ്റി ആ മനുഷ്യൻ ഇപ്രകാരം എന്നോടു പറകയുണ്ടായി.—"ചട്ടപ്രകാരം ഞാൻ പണം കൊടുക്കേണ്ടിയിരുന്നില്ലാ. പക്ഷേ ഞാൻ കൊടുക്കാമെന്നു വാക്കു പറഞ്ഞിരുന്നതല്ലെ? ആ വാക്കിനെ വിസ്മരിക്കാൻ പാടില്ല. അദ്ദേഹത്തിനു പണം മുഴുവൻ കൊടുത്തുതീർത്തതിന്റെശേഷമേ എനിയ്ക്കു മനസ്സിനു സമാധാനവും, സ്വാതന്ത്ര്യം അനുഭവിയ്ക്കാൻ സുഖവും ഉണ്ടാകയുള്ളൂ," എന്നു എനിക്കു തോന്നിയിരുന്നു. ഞാൻ പറഞ്ഞ സംഗതികളിൽ നിന്നും അടിമകൾ സ്വാതന്ത്ര്യത്തെ ആകാംക്ഷിച്ചിരുന്നില്ലെന്നു വല്ലവരും വിചാരിക്കുമായിരിക്കും. ദാസ്യം ഒഴിയുന്നതു അനർത്ഥകരമായേക്കുമെന്നു നീഗ്രോ-ജനങ്ങൾ വിചാരിച്ചിട്ടില്ല. സ്വാതന്ത്ര്യം വേണ്ടെന്നോ, പാരതന്ത്ര്യത്തെ വീണ്ടും പ്രാപിക്കണമെന്നോ താല്പര്യപ്പെട്ട നീഗ്രോ-ജനങ്ങളെ ഞാൻ കണ്ടിട്ടില്ല."

൧൫-"ദാസ്യബന്ധക്ലേശത്തിൽ നിന്നു വിമോചനം ചെയ്യുന്ന ദിവസം അടുത്തുവന്നപ്പോൾ, നീഗ്രോജാതിക്കാക്കുണ്ടായേ സന്തോഷാധിക്യവും, ആഹ്ലാദവും, ഏതുവിധമായിരുന്നുവെന്നു വർണ്ണിക്കുക അശക്യമാണ്. മഹാരോഗപീഡിതനായ ഒരുത്തനു രോഗശാന്തിയോ, ജീവപര്യന്തത്തടവുകാരനു കാരാഗൃഹത്തിൽനിന്നു വിടുതലോ, ഏതുവിധം ഒരു പുതിയ ജീവൻ കൊടുക്കുമോ അതുവിധം തന്നേ ദാസനായവനു ദാസ്യമോക്ഷവും ജീവൻ കൊടുക്കും.

൧൬-"അടിമവേല ഒഴിഞ്ഞകാലം ആ ഭാഗ്യോദയത്തെപ്പറ്റി നീഗ്രോജനങ്ങൾ ആബാലവൃദ്ധം സന്തോഷിച്ചിരുന്നുവെന്നു ഊഹിക്കുന്നതിനു മാർഗ്ഗം ഇല്ലെന്നു ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്". ഇതിനെക്കുറിച്ചു ബുക്കർ എഴുതിട്ടുള്ളതു നോക്കുക:—ദാസ്യത്തിൽനിന്നു വിമോചനം ഉണ്ടായതുകൊണ്ട് ഞങ്ങളുടെ ആളുകൾക്കു കളങ്കരഹിതമായ ആശ്വാസവും സന്തോഷവും ഇല്ലായിരുന്നുവെന്നു ചിലർ പറയുന്നുണ്ട്. ഈ പ്രസ്താവം നിർവ്യാജമായിട്ടുള്ളതല്ല. സ്വാതന്ത്ര്യത്തിൽ അഗാധമില്ലാത്തവനായോ അടിമയായിരിക്കുന്നതിൽ പ്രതിപത്തി ഉള്ളവനായോ യാതൊരുത്തനെയും ഞാൻ ഇതേവരെ കണ്ടിട്ടില്ല. ദാസ്യം എന്ന വലയിൽ പെടുഴലുന്നതിനു ഭാഗ്യദോഷം ഇടവരുത്തീട്ടുള്ള ജനതയുടെയൊ, സമുദായത്തിന്റേയോ സ്ഥിതിയെ ഞാൻ സർവ്വഥാ അനുശോചിക്കുന്നു. എന്റെ ജാതിക്കാരെ നിഷ്ഫലമായ അടിമവേലയിൽ ഉപയോഗപ്പെടുത്തി, സ്വാതന്ത്ര്യരഹിതന്മാരാക്കിച്ചെയ്തിരുന്നതിനെക്കുറിച്ചു എനിക്കു ഇപ്പോൾ ദുഃഖിക്കുന്നതിനുള്ള വകയുണ്ടു. യാതൊരു കുണ്ഠിതഭാവവും ഇല്ല. രാജ്യകാര്യഭാരവാഹികൾ അനുവദിച്ചിരുന്ന ഒരേപ്പാടിനെ കൈക്കൊണ്ടു നടന്നുവന്നു എന്നുവച്ചു അവരെ കുറ്റക്കാരെന്നു വിചാരിക്കാൻ പാടില്ല. മുമ്മൂൽവഴി വേരുറച്ചിട്ടുള്ള ഒരേപ്പാടിനെ, ഉന്മൂലനം ചെയ്യുക ക്ഷണസാദ്ധ്യമല്ലല്ലൊ. സ്വഭാവം, ജാതിവിരോധം എന്നു തുടങ്ങിയുള്ളതിനെ നിരാകരിച്ചു, വാസ്തവസ്ഥിതി മാത്രം നോക്കുകയാണെങ്കിൽ, അമേരിക്കയിലേ നീഗ്രോ-ജനങ്ങൾക്കു ആരോടും ഒരുവരത്തിനു

അവകാശമില്ല. ഇരുപതു ലക്ഷത്തിലധികം നീഗ്രോ-ജനങ്ങളാം ഈ അമേരിക്കാദേശത്തിൽ ഉണ്ട്. ദാസീകരണം ക്രൂരവും നീതിവിരോധവും ആയതുതന്നെ എങ്കിലും, ആ ഫ്രിക്കാദേശത്തിലേ നീഗ്രോ-ജനങ്ങളുടെ സ്ഥിതിയോടു താരതമ്യപ്പെടുത്തുമ്പോൾ അമേരിക്കായിൽ അടിമകളായിരുന്ന ആ വർഗ്ഗക്കാരുടെ അവസ്ഥ തുലോം ഉപരിയായിരുന്നു:— മനുഷ്യത്വം, സദാചാരനിഷ്ഠ, മതശ്രദ്ധ ഇതുകളിലൊന്നിലും അവർ നിരാശപ്പെടത്തക്കവിധം താണുപോയിട്ടില്ലായിരുന്നു. ഇതിനൊരു ദൃഷ്ടാന്തമെല്ലേ, ഇവിടെനിന്നു ചിലർ ആഫ്രിക്കയിൽപോയി, സ്വജാതിക്കാരെ ഉയർത്തുന്നതിനായി നിരന്തരമായി ചെയ്യുന്ന ശ്രമം. ഈശ്വരൻ എന്റെ ആളുകളുടെ അഭ്യുദയത്തിനായി വിധിച്ചിരിക്കുന്ന മാർഗ്ഗം ശരിയായ ഫലത്തെ പ്രാപിക്കുമെന്നു എനിക്കുള്ള ദൃഢമായ വിശ്വാസം ഒന്നാണു ഈ വിധത്തിൽ എന്നെ എഴുതുന്നതിനു പ്രോത്സാഹിപ്പിച്ചിട്ടുള്ളത്.

ഏവ്വ-പ്രായമായതിന്റെ ശേഷം, എന്റെ ആലോചനയുടെ വിഷയമായിത്തീർന്നിട്ടുള്ള സംഗതികളിൽ ഒന്നു ഇതുതന്നെയാണ്. അടിമത്തംകൊണ്ടു എന്റെ ജാതിക്കാർക്കുമാത്രമേ ദോഷം സംഭവിച്ചിട്ടുള്ളോ? രണ്ടു കക്ഷികൾക്കും, ഏകദേശം ഒന്നുപോലെ ദോഷം ഉണ്ടായിട്ടുണ്ടെന്നാണു എന്റെ അഭിപ്രായം. ഇങ്ങനെ ഞാൻ വിചാരിക്കുന്നതിനു എന്റെ അനുഭവം തന്നെ കാരണം. ഞാൻ താമസിച്ചിരുന്ന തോട്ടത്തിലെ സംഭവം തന്നെ എനിക്കു ഈ അനുഭവത്തിനു ആസ്പദമായി തീർന്നിരിക്കുന്നു. കൈകൊണ്ടു വേലചെയ്യുന്നതു നികൃഷ്ടമായിട്ടുള്ളതാണെന്നും, ആ നീചകൃത്യത്തിനായി സൃഷ്ടിക്കപ്പെട്ടവരത്രേ നീഗ്രോജാതിക്കാർ എന്നും, അടിമയേപ്പാടിനെ പരിപാലിച്ചുവന്നയാളുകൾ വിശ്വസിച്ചുവന്നിരുന്നു. ഈ വിചാരത്തിന്റെ ഫലമായി, തോട്ടത്തിലുള്ള വെളുത്തവരും, കറുത്തവരും വേലയെ വെറുപ്പോടുകൂടി ഗണിച്ചുവന്നിരുന്നു. തങ്ങളുടെ നിത്യവൃത്തിക്കു ആവശ്യമായ പ്രവൃത്തി ചെയ്യുന്നതിലുള്ള ധൈര്യവും, ശക്തിയും വെള്ളക്കാരിൽ ഇല്ലാതെയാകുന്നതിനു അടിമയേപ്പാടു കാരണമായി

പരിണമിച്ചു. എന്റെ യജമാനനായിരുന്ന ആൾക്കു അനേകം പുത്രികളും പുത്രന്മാരും ഉണ്ടായിരുന്നു. അവരിൽ ഒരാൾക്കുപോലും, ഒരു തൊഴിലും വശമായിരുന്നില്ല. പെൺകുട്ടികൾ തയ്യലും, പാചകവൃത്തിയും, ഗൃഹഭരണവും, ശീലിച്ചിരുന്നില്ല. ഈ ജോലി ചെയ്യ വന്നിരുന്നതു അടിമകൾ ആയിരുന്നു. പരിഷ്കൃതസമ്പ്രദായത്തെ അനുസരിച്ചോ പൂർണ്ണസൂക്ഷ്മതയോടു കൂടിയോ ഈ കൃത്യങ്ങൾ ചെയ്യണമെന്നു തോന്നത്തക്കവിധം, നീഗ്രോ-ജനങ്ങൾക്കു, അഭ്യാസജന്യമായ സാമർത്ഥ്യമോ, ഹൃദയപൂർവ്വമായ ശ്രദ്ധയോ, ഇല്ലായിരുന്നു. ഈ കാരണത്താൽ, തോട്ടത്തിലുള്ള വേലികൾ അങ്ങുമിങ്ങും തുറന്നും, കതകുകൾക്കു ഒന്നു രണ്ടു വിജാവരികൾ പോയും, ജന്നലുകളുടെ കണ്ണാടിയുടഞ്ഞും, കുമ്മായം പലെടത്തു പൊളിഞ്ഞും, മുറ്റങ്ങളിൽ പുല്ലു നിറഞ്ഞും ഇരിക്കുക സാധാരണമായിരുന്നു. ഭക്ഷണദ്രവ്യങ്ങൾ ഒട്ടേറെ വൃഥാകളയപ്പെട്ടിരുന്നു. സ്വാതന്ത്ര്യലാഭം ഉണ്ടായ കാലത്തു, ജോലിചെയ്യ ഉപജീവനം കഴിക്കുന്നതിനു പൂർവ്വോത്തമന്മാരായ നീഗ്രോ-ജനങ്ങൾക്കു, പൂർവ്വാധികാരികളെക്കാൾ പഠിത്തവും പരിചയവും ഉണ്ടായിരുന്നു. വസ്തുക്കളുടെ ഉടമയും പുസ്തകവായനയും മാത്രമേ ഇവർക്കു ഇല്ലായിരുന്നുള്ളൂ. ജന്മികളായ വെള്ളക്കാരും പുത്രന്മാരും, പ്രത്യേകമായ ഒരു തൊഴിലും അഭ്യസിച്ചവരല്ലായിരുന്നു. കായികവ്യവസായം തങ്ങളുടെ അവസ്ഥയ്ക്കു ചേരാത്തതാണെന്നു അവർ എങ്ങനെയൊ ധരിച്ചിരുന്നു. നേരേമറിച്ചു, അടിമകളായിരുന്നവർ, ചില തൊഴിലുകൾ അഭ്യസിച്ചിരുന്നുവെന്നു മാത്രമല്ലാ അവർക്കു വേല ചെയ്യുന്നതിൽ വൈമുഖ്യമോ, ദുരഭിമാനമോ ഇല്ലാതെയും ഇരുന്നു.

ഫ്രൻ- "അടിമയെപ്പാട്ടു നിറുത്തൽ ചെയ്യ ഗവമെന്റു വിളംബരം പ്രസിദ്ധപ്പെടുത്തിയ ദിവസം അമേരിക്കയിലെ നീഗ്രോ-ജനങ്ങൾക്കു സ്വാതന്ത്ര്യോദയത്തിന്റെ പ്രാരംഭമായിരുന്നു. ഒരു വാക്കിനാൽ അനുഭവിച്ച പ്രഹർഷം സീമാതീതമായിത്തന്നേ ഇരുന്നു. എങ്കിലും, ഇവയിൽ ആർക്കും തന്നെ, മുമ്പു തങ്ങളുടെ ഉടമസ്ഥരായിരുന്ന ജനങ്ങളോടു, കാല്പ

ഷ്യമോ പ്രതികാരേച്ഛയോ ഉണ്ടായിട്ടില്ല. ഒരം സന്തോഷാതിരേകത്തിന്റെ സഹഗാമിയായി ഉണ്ടായ ചുമതല, ഇവർക്ക് ക്ലേശകാരണമായിത്തീർന്നു. പൊട്ടന്നവേ, ഇവരുടെ ചിന്തയ്ക്ക് വിഷയങ്ങളായിത്തീർന്ന കാര്യങ്ങൾ, ഗുരുതരങ്ങളായിരുന്നു. എവിടെ താമസിക്കണം എങ്ങനെ കാലക്ഷേപം ചെയ്യണം, കുട്ടികളെ വളർത്തേണ്ട മാർഗ്ഗം എന്തു, വിദ്യാഭ്യാസം, പൌരകൃത്യം, മതസ്ഥാപനം, ഇവയെ എതുവിധം വഹിക്കണം, ഇത്യാദിയായ കാര്യങ്ങൾ ഇവരുടെ ശ്രദ്ധയെ പെട്ടെന്നു ആകർഷിച്ചു ക്ഷണം കൊണ്ടു സ്വാതന്ത്ര്യത്തിന്റെ വിഷമത ഇവരെ ഭയപ്പെടുത്തിത്തുടങ്ങി. ദാസ്യവിമുക്തരിൽ ഭൂരിഭാഗം പേരായിരുന്നവർക്ക് പ്രായാധിക്യം കൊണ്ടും, ധനദൌർലഭ്യം കൊണ്ടും ശക്തിക്ഷയം കൊണ്ടും, വിദ്യാവിഹീനത കൊണ്ടും, നവമായി തങ്ങൾക്കു ലഭിച്ച സ്വാതന്ത്ര്യം, എറവും ക്ലേശരഹിതമായി തോന്നിത്തുടങ്ങി- ഒരം ദശയിൽ, പൂർവ്വഭരണകർത്താക്കന്മാരായ വെള്ളക്കാരെത്തന്നെ ആശ്രയിച്ചു അവരുടെ രക്ഷയിലും അന്വേഷണത്തിലും ഭരണത്തിലും തന്നെ ഇരുന്നവരുടെ സംഖ്യ ഒട്ടും അഗണ്യമായിരുന്നില്ല."

൨൦- "ദാസ്യവിമോചനം സാദ്ധ്യമായ കാലത്തിൽ, നീഗ്രോജനങ്ങൾക്കുണ്ടായ മനോവികാരങ്ങളെയും, ഭാവഭേദത്തെയും പറ്റി പുസ്തകത്തിൽ ഇപ്രകാരം കാണുന്നു,—"ദക്ഷിണോത്തര ദേശക്കാർക്ക് തമ്മിൽ ദാസ്യത്തെപ്പറ്റി ഉണ്ടായ ശണ്ഠ അവസാനിച്ചു. സ്വാതന്ത്ര്യം കൊടുക്കുന്നതിനു നിശ്ചയിച്ചിരുന്ന ദിവസം വന്നുചേർന്നു. ഞങ്ങൾ ഒരം സുദിനത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. സ്വാതന്ത്ര്യം ഇന്നു ലഭിക്കും, നാളെലഭിക്കും, എന്നു കേട്ടിട്ടു നാം ഏതാനും കഴിഞ്ഞിരുന്നു. സൈന്യത്തിൽനിന്നും ഒളിച്ചോടിയിരുന്ന ഭടന്മാർ ദിനംപ്രതി, താന്താങ്ങളുടെ ഗൃഹങ്ങളിലേക്കു വന്നുകൊണ്ടിരുന്നു. ആവശ്യം കഴിഞ്ഞതുകൊണ്ടു, സേനയിൽ നിന്നു പിരിക്കപ്പെട്ടവരും, ബന്ധനത്തിൽ നിന്നു വിടപ്പെട്ടവരും, അയോദ്ധ്യാക്കാം ദിവസംതോറും ഞങ്ങളുടെ സ്ഥലത്തു കൂടെ പോയ്ക്കൊണ്ടിരുന്നു. ഒരു തോട്ടത്തിൽ നിന്നു അടുത്ത

തിലേയ്ക്കും അവിടെനിന്നു മറേറതിലേയ്ക്കും, അങ്ങനെ ഒര റാം മുതൽ ദേശമെല്ലാം, ഒരം സംഭവത്തെപ്പററിയുള്ള ശ്രുതിയും, വർത്തമാനവും, പരന്നു തുടങ്ങിയിരുന്നു. ഉത്തരദേ ശക്കാരുടെ ആക്രമണത്തെ ഭയപ്പെട്ട ദക്ഷിണദേശക്കാരിൽ ചിലർ വിലയുള്ള സാമാനങ്ങളെയും, ധനത്തെയും, കാടുക ളിൽ നിക്ഷേപിക്കയും, ആ സ്ഥലങ്ങളെ സൂക്ഷിക്കുന്നതിനാ യി വിശ്വസ്തരായ അടിമകളെ ചുമതലപ്പെടുത്തുകയും ചെയ്തി രുന്നു. ഒരം ധനത്തെ മോഷ്ടിക്കാൻ ഒരുമ്പെടുന്നവനു ജീവ നാശം ഉണ്ടാകുമെന്നു ആരും അറിയാത്തതല്ലായിരുന്നു. തങ്ങളുടെ ഗുണത്തിനു വേണ്ടി, യുദ്ധത്തിൽ പ്രവേശിച്ചിരുന്ന ഉത്തരദേശത്തെ ഭടന്മാർക്കു, ആഹാരം, പാനീയം, വസ്ത്രം, എന്നിവ നൽകുന്നതിനു അടിമകൾ സന്നദ്ധരായിരുന്നുവെ ങ്കിലും, തങ്ങളുടെ രക്ഷയിലും, വിശ്വാസത്തിലും, സൂക്ഷി ക്കപ്പെട്ടിരുന്ന ദ്രവ്യത്തെ, സ്വാഭിമാനത്തെ മറന്നു, വിട്ടുകൊ ടുപ്പാൻ അവർ മനസ്സുള്ളവരായിരുന്നില്ല. ഈ കൃത്യബോ ധം എത്രയോ ശ്ലാഘാവഹം!

൨൫- "മഹാദിനം അടുത്തു തുടങ്ങിയപ്പോൾ, അടിമകളുടെ നിവാസസ്ഥലങ്ങളിൽ ആഹ്ലാദവും, അതിന്റെ സന്താന ങ്ങളായ സംഗീതാദിബഹളങ്ങളും, വർദ്ധിച്ചിരുന്നു. ഈ ഉത്സാഹപ്രദർശനം രാത്രിയിൽ അധികനേരത്തെ ആക്രമി ച്ചിരുന്നു. പ്രസ്തുത ദിവസത്തിന്റെ തലേനാൾ രാത്രിയിൽ, സകല അടിമനിവാസസ്ഥലങ്ങളിലും, എന്തോ വിശേഷം നാളെ രാവിലേ, പ്രഭുവിന്റെ മന്ദിരത്തിൽ ഉണ്ടാകാൻ പോകുന്നുണ്ടെന്നു ഒരു കോലാഹലം പരന്നിരുന്നു. അന്നത്തെ രാത്രിയിൽ അടിമകളിൽ അധികം ആളുകളും ഉറങ്ങീട്ടില്ല. എവിടെ നോക്കിയാലും, ഒരു ഇളക്കം കാണ്മാൻ ഉണ്ടായി രുന്നു. രാവിലെ ആബാലവൃദ്ധം, നീഗ്രോ-ജനങ്ങൾ, ഉടമ സ്ഥന്മാരുടെ ബങ്കളാവിലെ പൂമുഖത്തിൽ ആജ്ഞാനുസ രണം ചെന്നുചേർന്നിരുന്നു. ഒരം ക്ഷണനത്തെ പ്രമാണ മാക്കി ഞാൻ, അമ്മ, ഭ്രാതാവു, സഹോദരി, ഇത്രയും പേർ വേറെ ചില അടിമകളും ഒന്നിച്ചു ഞങ്ങളുടെ യജമാനന്റെ ഗൃഹത്തിലേയ്ക്കു പോയിരുന്നു. അദ്ദേഹവും സ്വജനങ്ങളും

പ്രമുഖത്തുണ്ടായിരുന്നു. അവക്കു ഞങ്ങളിൽ ഒരുത്തരോടും വിരോധം ഉള്ളതായി ഞങ്ങൾക്കാക്കും തോന്നിയിരുന്നില്ല. അധികാരനാശം ഉണ്ടാകുന്നതിനെക്കുറിച്ചു അവക്കു സങ്കടം ഉണ്ടായിരുന്നതായി, അവരുടെ മുഖഭാവത്തിൽ യാതൊരു ലക്ഷണവും ഇല്ലായിരുന്നു. എന്നാൽ ഏറെ നാളായി, അവർ സ്വതന്ത്രരായി വിചാരിച്ചു പരിപാലിച്ചിരുന്ന ജനങ്ങളോടു അന്നു പിരിയേണ്ടതായി വന്നുവല്ലോ എന്നുള്ളതു കൊണ്ടു അവക്കുണ്ടായിരുന്ന ദുഃഖം അവരുടെ മുഖങ്ങളെ വിവർണ്ണങ്ങളാക്കിത്തീർത്തിരുന്നു. ഏതോ ഒരുത്തൻ (ഒരു സർക്കാരുദ്യോഗസ്ഥനായിരിക്കാം) ഒരു ലേഖനം (വിളംബരമാണെന്നു തോന്നുന്നു) വായിച്ചു. അതിന്റെ ശേഷം ഈ വിധം ഒരു സംസാരം ഉണ്ടായി "നിങ്ങൾക്കു ഇന്നുമുതൽ ദാസ്യവൃത്തി ഇല്ലാ; ഇഷ്ടംപോലെ, ഏതുസ്ഥലത്തും പോകുന്നതിനു വിരോധവും ഇല്ല." എന്റെ അടുക്കൽ നിന്നിരുന്ന എന്റെ അമ്മ കുനിഞ്ഞു കുഞ്ഞുങ്ങളെ ചുംബനം ചെയ്തതിന്റെ ശേഷം ഹർഷാശ്രുക്കൾ തൂകി, 'കുഞ്ഞുങ്ങളെ, ഇങ്ങനെ ഒരുകാലം ഉണ്ടാകണേ എന്നു ഞാൻ ദിവസംതോറും ഈശ്വരനോടു പ്രാർത്ഥിച്ചിരുന്നു. എന്നാൽ എന്റെ മരണത്തിനു മുമ്പു ഇതു സാധിക്കുമെന്നു ഞാൻ സ്വപ്നംപോലും വിചാരിച്ചിരുന്നില്ല' എന്നു പറകയും സന്തോഷംകൊണ്ടു കരയുകയും ചെയ്തു.

൨൨– കുറേനേരം അഹ്ലാദാധിക്യവും ഈശ്വരസ്തോത്രവും ഉത്സാഹഭാഷണംകൊണ്ടു കഴിഞ്ഞു. എന്നാൽ വിമുക്തരായ അടിമകൾക്കു അവരുടെ ജന്മികളായിരുന്ന വെള്ളക്കാരോടു യാതൊരു ദ്വേഷവും ഉണ്ടായിരുന്നില്ല. സത്യത്തിൽ അവക്കു യജമാനന്മാരോടു കരുണയാണു തോന്നിയിരുന്നത്. ഉത്സാഹം ഏറനേരത്തേക്കു നിലനിന്നില്ല. വീണ്ടും കുടിലുകളിലേക്കു വന്നു ചേർന്ന സമയത്തു അവരുടെ മനോഭാവത്തിനു ഏതാണ്ടു വ്യത്യാസം വന്നിരുന്നു. സ്വാതന്ത്ര്യം അവക്കു ഉണ്ടാക്കിത്തീർത്ത ഭാരവാഹിത്വത്തെപ്പറ്റി അവർ ആലോചിച്ചു തുടങ്ങി. "എന്റെ കാര്യം ഞാൻ തന്നെ നോക്കണം.., എന്റെ കാലക്ഷേപത്തിനു വഴി ഞാൻതന്നെ

ഉണ്ടാക്കണം., എന്റെ കുടുംബത്തെ ഞാൻ തന്നെ രക്ഷിക്കണം, എന്നുള്ള വിചാരം ഓരോ നീഗ്രോവിനേയും ബാധിച്ചുതുടങ്ങി. പത്തോ പന്ത്രണ്ടോ വയസ്സു പ്രായമുള്ള ഒരു ബാലൻ നിത്യവൃത്തിക്കു മാർഗ്ഗം തേടേണ്ടതായി വന്നാൽ അവന്റെ അവസ്ഥ എങ്ങനേയോ അപ്രകാരം ആണു ഞങ്ങൾക്കു അന്നുണ്ടായ അവസ്ഥ. ഗൃഹം, ഉപജീവനമാർഗ്ഗം ശിശുക്കളുടെ സംരക്ഷണം, വിദ്യാഭ്യസനം, പൌരകൃത്യം, ദേവാലയസ്ഥാപനം ഈ വിഷയങ്ങളൊന്നും ഞങ്ങൾക്കു ആലോചനയ്ക്കു കാരണമായിത്തീർന്നത്. ഉത്സാഹം ക്ഷണത്തിൽ ക്ഷീണിക്കയും അധൈര്യം ഞങ്ങളെ ജയിക്കയും ചെയ്തു എന്നു പറഞ്ഞാൽ അപ്പോഴത്തെ ഞങ്ങളുടെ അവസ്ഥ പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ. സ്വാതന്ത്ര്യം കൈയ്യിലായപ്പോൾ അതിന്റെ വിഷമത ചിലർക്കു അത്ഭുതകരമായി തോന്നിത്തുടങ്ങി. അടിമകളിൽ ചിലർക്കു വയസ്സു എഴുപതും എൺപതും ഉണ്ടായിരുന്നു. അവരുടെ ആയുഷ്കാലം എത്രയോ മുമ്പു കഴിഞ്ഞു പോയിരുന്നു. അന്യദേശത്തിലേയ്ക്കു പോയി ജീവിക്കുന്നതു അവർക്കു ഏറ്റവും വൈഷമ്യമായിരുന്നു. അവർക്കു യജമാനൻ, അമ്മ, കുഞ്ഞുങ്ങൾ, എന്നവരോടുണ്ടായിരുന്ന വാത്സല്യം വിസ്മരിക്കത്തക്കവിധത്തിൽ ഉള്ളതല്ലാതെയും ആയിത്തീർന്നിരുന്നു. ജീവിതകാലത്തിന്റെ അധികഭാഗവും അവരോടുകൂടി സഹവാസം ചെയ്തിരുന്ന ഈ ജനങ്ങൾക്കു അവരെ പിരിഞ്ഞു പോകുന്നതു അതിദുസ്സഹമായിരുന്നു.

അദ്ധ്യായം ൨.

ബാല്യകാലം.

൨൩- സ്വാതന്ത്ര്യം ലഭിച്ചതിന്റെ ശേഷം അമേരിക്കയിലെ നീഗ്രോ ജനങ്ങൾ നിശ്ചയിച്ചു പ്രവർത്തിച്ച സംഗതികളിൽ ഒന്നാമത്തേതു പേരു മാറുകയും, രണ്ടാമത്തേതു സ്ഥലം വിട്ടുമാറി സ്വല്പകാലം താമസിക്കയും ആയിരുന്നു. ഈ

കൃത്യത്തിന്റെ ഉദ്ദേശ്യം ആ സ്വാതന്ത്ര്യത്തിന്റെ അർത്ഥമ വമായ സ്വാദനുഭവിച്ചു അറിയണമെന്നുള്ള വാഞ്ഛയായി രുന്നു. തങ്ങളുടെ പഴയ യജമാനന്മാരുടെ കുടുംബനാമത്തെ ധരിയ്ക്കുന്നതു, പോരാത്തതാണെന്നു ചില നീഗ്രോ-ജനങ്ങ ൾ എങ്ങനെയോ വിചാരിച്ചു പോന്നിരുന്നു. ആയതിനാൽ മിക്കവരും പേരു മാറിത്തുടങ്ങി. ഇതായിരുന്നു അവരുടെ പ്രഥമകൃത്യം. അടിമവേലയിൽ ഇരുന്നപ്പോൾ ഒരുത്തൻ ജാൺ എന്നോ, ഒരുത്തി സൂസന്ന എന്നോ, ഉള്ള പേരാൽ അന്യന്മാർക്കു പരിചിതരായിരിക്കാമെന്നു വിചാരിക്കുക അ ടിമകൾക്കു ഒറ്റപ്പേരേ സാധാരണയായി ഉണ്ടായിരുന്നുള്ളൂ. "ഹാച്ചർ" എന്ന പേരുള്ള ഒരുത്തന്റെ അടിമയായ "ജാണോ" "സൂസന്നയോ" ഹാച്ചരുടെ ജാണെന്നോ, സൂസ ന്നയെന്നോ അർത്ഥവാ, ജാൺ ഹാച്ചറെന്നോ, ജാൺ സൂസ ന്നയെന്നോ വിളിക്കപ്പെട്ടു വന്നിരുന്നു. ജാൺ ഹാച്ചറെ ന്നോ, ഹാച്ചരുടെ ജാണെന്നോ, പറയുന്നതു സ്വതന്ത്രനായ ഒരുത്തനു അയോഗ്യമായ നാമധേയമാണെന്നു, ജാൺ എ ന്നവൻ,-കറുത്തമനുഷ്യൻ എന്നിരിക്കട്ടെ,--വിചാരിച്ചുവെ ങ്കിൽ അവനെ അതിനു കുറ്റപ്പെടുത്താൻ ന്യായം ഇല്ല. ഈ കാരണത്താൽ ജാൺഹാച്ചർ എന്നതിനു ജാൺ. എസ്സ്. ലിൻകൺ എന്നോ ജാൺ. എസ്സ്. ഷേർമാൻ എന്നോ പേരു പറഞ്ഞു തുടങ്ങി. "എസ്സ്" എന്ന ലിപി ക്കു പ്രത്യേകമായി അർത്ഥം ഒന്നും ഇല്ലായിരുന്നു. "എസ്സ്" അയാളുടെ സ്ഥാനപ്പേരാണെന്നു അയാൾ സഗൌരവം ഗ ണിച്ചു വന്നിരുന്നു. ഇപ്രകാരം കുറെദിവസം അന്യസ്ഥല ങ്ങളിൽ സഞ്ചരിച്ചതിന്റെ ശേഷം, അതായതു സ്വാതന്ത്ര്യ ത്തിന്റെ സ്വാദനുഭവിച്ചറിഞ്ഞതിൽ പിന്നെ, സ്വതന്ത്ര ന്മാരായ ഈ ജനങ്ങൾ പൂർവ്വഗൃഹങ്ങളിൽ വീണ്ടും വന്നു; അതിൽ അനേകംപേരും, പഴയ യജമാനന്മാരുമായി ചില ഒത്തുപാടുകൾ ചെയ്തു, പഴയജോലികളെത്തന്നെ അവലംബി ച്ചു കാലക്ഷേപമാർഗ്ഗത്തെ സമ്പാദിച്ചു.

൨൪- "എന്റെ മാതാവിന്റെ ഭർത്താവും, എന്റെയും സഹജന്മാരുടെയും ചിറ്റപ്പനും, ആയ ആളുടെ സ്വാമിത്വം

വാഹിച്ച ആൾ, അല്ലായിരുന്നു. അദ്ദേഹം തുലോം അപൂർവ്വമായേ, ഞങ്ങളുടെ തോട്ടത്തിൽ വന്നിരുന്നുള്ളൂ. ക്രിസ്തുമസ്സ് മഹോത്സവകാലത്തിൽ മാത്രമേ—അതായതു സംവത്സരത്തിൽ ഒരു തവണയത്രേ, ഞാൻ അദ്ദേഹത്തെ കണ്ടിരുന്നുള്ളൂ. എങ്ങനെയോ, ബാല്യകാലത്തിൽ, അദ്ദേഹം, ഓടിപ്പോയിട്ടോ സേനകളെ പിന്തുടർന്നിട്ടോ പശ്ചിമ-വർജിനിയാദേശത്തിൽ എത്തിക്കൂടിയിരുന്നു. അതിനാൽ, സ്വാതന്ത്ര്യദശയുടെ ആവിർഭാവകാലാനന്തരം, അദ്ദേഹം വസിച്ചിരുന്ന പശ്ചിമ-വർജിനിയാദേശത്തിലെ കാനവാ-തടത്തിൽ ഞങ്ങൾ ചെന്നുചേരണമെന്നു, അദ്ദേഹം ആവശ്യപ്പെട്ടു. അക്കാലം വർജിനിയായിൽനിന്നും മലവഴി പശ്ചിമ-വർജിനിയായിലേയ്ക്കു പോകുന്നതു വളരെ ബുദ്ധിമുട്ടും പ്രയാസവും ഉള്ള ഒരു പ്രയാണം ആയിരുന്നു. ഉള്ള തുണികളും, വീട്ടുസാമാനങ്ങളും ഒരു വണ്ടിയിൽ ഇട്ടുകൊണ്ടുപോയി. കുന്തുങ്കം ഏറിയഭാഗം വഴിയും നടക്കേണ്ടിവന്നു. വഴിയും അനേകം നാഴിക നീളമുള്ളതായിരുന്നു. ഇവരിൽ ആരും തോട്ടം വിട്ടു അധികദൂരം വഴി അതിനു മുമ്പു സഞ്ചരിച്ചിട്ടില്ലായിരുന്നു." അതുകൊണ്ടു ഒരു പ്രയാണം നമ്മുടെ നാട്ടിലുള്ളവർക്കു പഴയകാലത്തുള്ള ഒരു കാശിയാത്രപോലെ ആയിരുന്നു. അവർക്കു പഴയ യജമാനന്മാരെയും, പരിചയക്കാരായ സ്വജാതിക്കാരേയും വിട്ടുപിരിയുന്നതു വ്യസനകരമായ ഒരു സംഗതിയായിരുന്നു. വേർപാടിന്റെ ശേഷം പൂർവരക്ഷാകർത്താക്കന്മാരോടു ഇവർകത്തുമൂലം പരിചയത്തെ പുതുപ്പിച്ചിരുന്നു. യാത്ര അവസാനിക്കുന്നതിനു വളരെ കാലം വേണ്ടിവന്നു. വെച്ചുണ്ടതും രാത്രിയിൽ കിടന്നുറങ്ങിയതും വഴിയിൽ വെറും തറയിൽ ആയിരുന്നു. ഒരു രാത്രിയിൽ താമസം ഉണ്ടായതു വഴിയരികിൽ ഒഴിഞ്ഞുകിടന്ന ഒരു കുടിപ്പിനടുത്തായിരുന്നു. അതിന്റെ അകത്തു അന്നു സുഖമായി കഴിച്ചുകൂട്ടാമെന്നായിരുന്നു ആദ്യം വിചാരിച്ചതു. തീപാറിച്ചു സല്ലാപം കഴിഞ്ഞപ്പോൾ അടുക്കളയിലേ പുകക്കുഴലിൽ നിന്നു ഏകദേശം രണ്ടുകോൽ നീളമുള്ള ഒരു വലിയ കൃഷ്ണസർപ്പം ഇറങ്ങിവന്നു. അതുകണ്ടു അവർ ഉടൻ തന്നെ അവിടത്തെ താമസം മതിയാക്കി. ഇപ്രകാരമുള്ള കൂപ്പുപാട്ട

കഠം അനുഭവിച്ചു അവർ നിശ്ചിതനഗരത്തിൽ ചേന്നുചേ ന്നു. ആ സ്ഥലത്തിന്റെ പേരു മാൽഡൺ എന്നായിരുന്നു. താപ്പുക്കിന്റെ തൽക്കാലത്തേ തലസ്ഥാനമായ ചാറൽസ്ട ണിൽ നിന്നു അഞ്ചുനാഴികദൂരത്തിൽ സ്ഥാപിതമായിരുന്ന പട്ടണമായിരുന്നു മാൽഡൺ.

൨൫- ഇവർ പ്രവേശംചെയ്ത ദേശത്തിലെ ജനങ്ങളുടെ പ്രധാനവ്യവസായം ലവണഖനനം ആയിരുന്നു. ഇവർക്കു താമസത്തിനായി, ചിറപ്പുറൻ ഏറ്റുപ്പാടുചെയ്തിരുന്ന ഗൃഹം ഒട്ടുംതന്നേ ശുചിതപ്രമുള്ളതല്ലായിരുന്നു. സമീപവാസികഠം മദ്യപാനത്തിലും, ദ്യൂതസേവയിലും, ശണ്ഠയിലും, മയ്യാദാ ലംഘനത്തിലും, ഉള്ള അതിപ്രസക്തികൊണ്ടു ദുഷ്കീർത്തി സമ്പാദിച്ചവരായിരുന്നു. ബുക്കറും സോദരനും, ബാല്യദശ അതിക്രമിച്ചവരല്ലായിരുന്നെങ്കിലും, വെള്ളപ്പുറൻ അഞ്ചുനാ ഴിക ഉള്ളപ്പോഠം മുതൽ, ലവണഖനനവൃത്തിയ്ക്കായി നിയോഗിക്കപ്പെട്ടിരുന്നു.

൨൬- (ഉപ്പുത്തുരങ്കത്തിൽ) ജോലിചെയ്ത കാലത്താണു ബാലനായ ബുക്കർ എഴുതാനും വായിക്കാനും അഭ്യസിച്ചു തുടങ്ങിയത്. ഉപ്പുപീപ്പകളിൽ അടയ്ക്കുന്ന വേല ചെയ്യുവന്ന വർ അതിനെ നമ്പരിട്ട പീപ്പകളിലാണു അടച്ചു വന്നി രുന്നത്. ബുക്കറുടെ മാതാവിന്റെ ദ്വിതീയഭർത്താവിനു നൽകപ്പെട്ടിരുന്ന പീപ്പയുടെ അക്കം, "ഠവ" ആയിരുന്നു. വൈകുന്നേരം മേൽ വിചാരിപ്പുകാരൻ വന്നു അദ്ദേഹത്തി ന്റെയും തന്റേയും പീപ്പകളിന്മേൽ "ഠവ" എന്ന അട യാളം ഇട്ടുപോവു പതിവായിരുന്നു. ബുക്കർ ആ ലക്ക ത്തിന്റെ സ്വരൂപം മനസ്സിലാക്കി. മറവലക്കങ്ങളും അവ നറിഞ്ഞുകൂടായിരുന്നുവെങ്കിലും, പ്രസ്തുത സംഖ്യയേ അവൻ നിത്യപരിചയത്താൽ തിരിച്ചറിഞ്ഞുവന്നിരുന്നു.

൨൭- ബുക്കർക്ക് ആദ്യകാലംമുതൽ വിദ്യാഭ്യാസംചെയ്യണ മെന്നു താല്പര്യമുണ്ടായിരുന്നു. സാധാരണ പുസ്തകങ്ങളേയും വർത്തമാനക്കടലാസുകളേയും വായിച്ചറിയാനുള്ള ശേഷി, ഏതുവിധമെങ്കിലും കരസ്ഥമാക്കണമെന്നു ഇവനു ആഗ്ര ഹം തോന്നി. മാതാവിന്റെ സഹായംകൊണ്ടു തനിക്കു

കിട്ടിയ ഒരു ബാലപാഠപുസ്തകത്തെ ഇവൻ സമയമുള്ളപ്പോഴെല്ലാം, പരസഹായം കൂടാതെ, എങ്ങനെയോ പഠിച്ചുതുടങ്ങി. മാതാവിനു ഒരു പുസ്തകം എങ്ങനെ എവിടുന്നു കിട്ടി എന്നു അവനു അറിവില്ലായിരുന്നു. അതിൽ അക്ഷരങ്ങളും അബ്, ബ്അ, സ്അ, ഡ്അ, ഇത്യാദി അർത്ഥമില്ലാത്ത ലിപിയോഗങ്ങളും ഉണ്ടായിരുന്നു. ഒരു സംഗതിയെക്കുറിച്ചു ബുക്കർ ഇപ്രകാരം എഴുതിയിരിക്കുന്നു,—"ആദ്യം ഞാൻ കയ്യിൽ എടുത്ത പുസ്തകം ഇതായിരുന്നു. ഉടൻ തന്നെ ഞാൻ അതിനെ അതിതാല്പര്യത്തോടെ പഠിക്കുന്നാരംഭിച്ചു. ഒന്നാമതു വശമാക്കേണ്ടതു അക്ഷരമാലയാണെന്നു ആരോ പറഞ്ഞു, ഞാൻ കേട്ടിട്ടുണ്ടായിരുന്നു. വാദ്ധ്യാരുടെ സഹായം ഇല്ലാതെ ഞാൻ ആവുംവണ്ണം പഠിച്ചുതുടങ്ങി. അക്കാലത്തു ഞങ്ങളുടെ വാസസ്ഥലത്തിനടുത്തുണ്ടായിരുന്ന ഞങ്ങളുടെ ജാതിക്കാരിൽ ഒരുത്തക്കും എഴുത്തും വായനയും വശമില്ലായിരുന്നു. വെള്ളക്കാരുടെ അടുക്കൽ പോകുന്നതിനു ധൈര്യക്കുറവു എന്നെ സമ്മതിച്ചില്ല. എങ്ങനെയോ, ഏതാനും ദിവസങ്ങൾക്കകം, അക്ഷരമാല ഞാൻ പഠിച്ചു. എന്റെ ഒരു ഉദ്യമത്തിൽ എനിക്കു അമ്മയുടെ അടുക്കൽ നിന്നു ഉണ്ടായ സഹായവും അനുകമ്പയും, എത്രമാത്രമായിരുന്നുവെന്നോ അതിനാൽ അവരോടു എനിക്കെത്ര ഭക്തിയും നന്ദിയും, സദാ തോന്നുന്നുവെന്നോ, വാക്കുകൊണ്ടറിയിക്കുക അസാദ്ധ്യം തന്നെ. തനിക്കു അക്ഷരജ്ഞാനം ഇല്ലായിരുന്നിട്ടും, പുത്രന്മാർ വിദ്യ സമ്പാദിക്കാൻ ചെയ്ത ശ്രമത്തിലെല്ലാം ഇവർ പങ്കുകൊള്ളുകയും യഥാശക്തി അവരെ സഹായിക്കയും ചെയ്തു. പ്രതിബന്ധങ്ങളെ ധൈര്യത്തോടെ എതിർത്തു ദൂരീകരിക്കുന്നതിനു അവർക്കു സ്വതേയുണ്ടായിരുന്ന ഉൽക്കർഷത്തു അനല്പമായിരുന്നു. എന്റെ ആയുഷ്കാലത്തു ഞാൻ മനുഷ്യരുടെ ശ്രദ്ധയെ ആകർഷിക്കുന്ന പ്രവൃത്തി ഏതെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ, അതിനു കാരണമായിത്തീർന്നു ബുദ്ധിശക്തി എനിക്കു എന്റെ മാതാവിൽ നിന്നു [illegible] ച്ചിട്ടുള്ളതു തന്നെയെന്നുള്ളതിനു സംശയം ഇല്ല."

൨൮- ബുക്കർ ഇപ്രകാരം പഠിക്കാൻ ആഗ്രഹിച്ചു

ച്ചും, ഇരുന്നപ്പോൾ ഓഹിയോ താഴ്വരയിൽ നിന്നു ഒരു നീഗ്രോ-ബാലൻ മാൽഡൺ പട്ടണത്തിൽ വന്നുചേർന്നു. അവനു വായിക്കാൻ വശമുണ്ടായിരുന്നുവെന്നു അയാളുടെ ജനങ്ങൾ അറിഞ്ഞ ഉടനെ, അവർ ഒരു വർത്തമാനപ്പത്രം സമ്പാദിച്ചു ദിനംപ്രതി വേല അവസാനിക്കുമ്പോൾ ഇവന്റെ ചുറ്റും ഇരുന്നു ഇവൻ വായിച്ചു പറഞ്ഞ വിശേഷങ്ങളെ വളരെ കൌതുകത്തോടു കേട്ടുകൊണ്ടിരുന്നു. നമ്മുടെ ബാലനും ഒരു ആളോടു തോന്നിയിരുന്ന ബഹുമാനം സീമാതീതമായിരുന്നു. തന്റെ യോഗ്യതയെക്കുറിച്ചു മതിയായ സംതൃപ്തിയുണ്ടാകുന്നതിനു സർവ്വഥാ അർഹനായവൻ ഇവനൊരുത്തൻ മാത്രമേ ഭൂമിയിൽ അപ്പോൾ ഉണ്ടായിരുന്നുള്ളുവെന്നു ബുക്കർ വിചാരിച്ചു.

൨൰- ഇക്കാലം അവന്റെ ജാതിക്കാരുടെ ശ്രദ്ധ ഒരു എഴുത്തുപള്ളി സ്ഥാപിക്കുന്ന വിഷയത്തിൽ പതിച്ചു. വജീനിയാ ദേശത്തു ഒരു താല്പര്യം ആദ്യമേ ഉണ്ടായിരുന്നതിനാൽ അതു നിറവേറുന്നതിനു ചെയ്യേണ്ട ഏർപ്പാടുകളേ പറ്റി അവർ ചിന്തിച്ചു തുടങ്ങി. "ഒരു വാദ്ധ്യാർ വേണമല്ലൊ; എവിടെയുണ്ട്?" ഈ ചോദ്യം അവരെ മനസ്സു മുട്ടിച്ചു. പത്രം വായിച്ച മനുഷ്യനു വാദ്ധ്യാർ വേലയ്ക്കു വേണ്ട പ്രായം ഇല്ലായിരുന്നു.

൨൱- ഇങ്ങനെ ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ബുക്കർ താമസിച്ച സ്ഥലത്തിൽ അവന്റെ ജാതിയിലുള്ള ഒരു ആശാൻ വന്നുചേർന്നു. അയാൾ ഓഹിയോ ദേശക്കാരനും കലാപകാലത്തു യോധകൃത്യം വഹിച്ചവനും വിദ്വാനും ആയിരുന്നു. അയാളെ ജനങ്ങൾ ആശാനായി സ്വീകരിച്ചു. [illegible]-ജാതിക്കാരുടെ ഉപയോഗത്തിനായി സർക്കാർ വക [illegible]ലയങ്ങൾ അപ്പോൾ അവിടങ്ങളിൽ ഉണ്ടായിരുന്നില്ല. [illegible]രുടെ ഗൃഹത്തിൽ ഒരു ക്രമം അനുസരിച്ചു ഭക്ഷണം [illegible]ു താമസിച്ചും, അവരുടെ രക്ഷാകർത്താക്കന്മാരിൽ [illegible] സ്വല്പമായ ദ്രവ്യം പ്രതിഫലമായി സ്വീകരിച്ചും [illegible] അവർ വിദ്യാദാനം നടത്തിവന്നു. ഒരു എഴുപ്പാട്ടു വാദ്ധ്യാ[illegible]ബന്ധിച്ചിടത്തോളം ഒട്ടും ചീത്തയല്ലായിരുന്നു. അയാ

ം താമസത്തിനു വന്ന ദിവസം ഓരോ കുടുംബക്കാരും, പ്രത്യേകം ഒരുക്കം ചെയ്തു. അയാൾക്കു രുചികരമായ ഭക്ഷണം നൽകിയിരുന്നു. ആശാൻ വിരുന്നുകാരനായി വരുന്ന ദിവസങ്ങളെ നമ്മുടെ ബാലൻ അത്യുൽക്കണ്ഠയോടുകൂടി പ്രതീക്ഷിച്ചിരിക്കുക പതിവായിരുന്നു.

൩൫– നീഗ്രോ–ജാതിക്കാർ ഇക്കാലത്തു പ്രദർശിപ്പിച്ച വിദ്യാസമ്പാദനതല്പരത കേവലം പ്രശസ്തനീയമായിരുന്നു. ബാലരും വൃദ്ധരും ഒന്നുപോലെ പഠിത്തത്തിൽ താല്പര്യമുള്ളവരായിരുന്നു. പകലും രാത്രിയും പഠിത്തം നടത്തുന്നതിലേയ്ക്കു വേണ്ടി കുടിപ്പള്ളിക്കൂടങ്ങൾ ഉണ്ടായിത്തുടങ്ങി. വേദപുസ്തകം വായിക്കാൻ മാത്രം ഉള്ള അറിവു ഗ്രഹിക്കണമെന്നായിരുന്ന വൃദ്ധന്മാരുടെ മോഹം. തങ്ങളുടെ വേലകൾ പകൽ ചെയ്തു തീർത്തതിന്റെ ശേഷം രാത്രിയിൽ പഠിക്കാനായി പോയിത്തുടങ്ങിയവരിൽ, സ്ത്രീപുരുഷന്മാരായിട്ടു, അമ്പതും എഴുപത്തഞ്ചും വയസ്സു കഴിഞ്ഞവർ അസംഖ്യം ഉണ്ടായിരുന്നു.

൩൬– കനാഹാ എന്ന ദിക്കിൽ ഒരു പള്ളിക്കൂടം തുറക്കുന്ന സമയം നമ്മുടെ ബാലൻ ദുർഭരമായ ഇച്ഛാഭംഗവ്യസനത്തെ അനുഭവിക്കേണ്ടി വന്നു. ഈ സങ്കടത്തെപ്പറ്റി അവൻ ഇങ്ങനെ വർണ്ണിച്ചിട്ടുണ്ട്",—"ലവണഖനിയിൽ വേല ചെയ്തു തുടങ്ങി, ഇപ്പോൾ ഏതാനും മാസം കഴിഞ്ഞിരിക്കുന്നു. എന്റെ വേലയിൽനിന്നു ചിറകുപ്പനു ചില ആദായം സിദ്ധിച്ചുതുടങ്ങി. അതുകൊണ്ടു എന്നെ പണിയിൽ നിന്നു വിരമിപ്പിച്ചു പള്ളിക്കൂടത്തിൽ അയക്കുന്നതിനു അമ്മേഹത്തിനു സമ്മതം ഉണ്ടായില്ല. ഈ നിശ്ചയം എന്റെ ആശകളെ അസ്തമിപ്പിച്ചു എന്നു എനിക്കു അപ്പോൾ തോന്നിയിരുന്നു. കാലത്തും ഉച്ചതിരിഞ്ഞും കുട്ടികൾ അങ്ങോട്ടും ഇങ്ങോട്ടും പോകുന്ന വഴിയുടുത്തായി എന്റെ ജോലിസ്ഥലം ഇരുന്നിരുന്നതിനാൽ അവരെ കാണുന്ന അവസരങ്ങളിൽ എന്റെ വ്യസനം വർദ്ധിച്ചു വന്നിരുന്നു. തൽക്കാലം സംഭവിച്ച ഉത്സാഹഭംഗത്താൽ മനഃപ്രയാസപ്പെടാതെ ഏതുവിധത്തിലെങ്കിലും പഠിക്കണമെന്നു ഞാൻ

നിശ്ചയിച്ച കൈവശം ഉണ്ടായിരുന്ന ബാലപാഠം സശ്രദ്ധം പഠിച്ചു തുടങ്ങി. എന്റെ വ്യസനത്തെ ഭയാപുരസ്സരം അറിഞ്ഞു ജനനി ആവുംവണ്ണം എന്നെ ആശ്വസിപ്പിക്കുകയും പഠിക്കുന്നതിനു മാർഗ്ഗം ഉണ്ടാക്കിത്തരാൻ ശ്രമിക്കുകയും ചെയ്തു. പകൽ സമയത്തെ ജോലി അവസാനിച്ചതിന്റെ ശേഷം ചിലതു പറഞ്ഞു തരുന്നതിനു ആശാനോടു ഏർപ്പാടു ചെയ്തു. അദ്ദേഹം രാത്രിയിൽ അവസരംപോലെ എന്നേയും പഠിപ്പിച്ചുതുടങ്ങി. എന്റെ ശ്രമത്താൽതന്നെ മറ്റു ബാലന്മാർ പകൽ പഠിച്ചതിലധികം ഞാൻ രാത്രിയിൽ മുഷിഞ്ഞു അഭ്യസിച്ചുവന്നു എന്നു എനിക്കു തോന്നുന്നു. രാത്രിയിൽ പഠിച്ചതിൽ നിന്നു എന്റെ അനുഭവത്തിൽ ഉണ്ടായ ഇന്നതെന്നു വിശ്വസിച്ചതന്നെയാണു പിന്നൊരു കാലം ഹാമ്പ്ടണിലും, ടസ്കൂജിയിലും, ഇപ്രകാരം ഉള്ള ഏർപ്പാടു ഞാൻ നടത്തിപ്പോന്നിട്ടുള്ളതു്. എനിക്കു പകൽസമയത്തും പള്ളിക്കൂടത്തിൽ പഠിക്കണമെന്നു മോഹം തോന്നുകയാൽ ഞാൻ അതിലേക്കുള്ള മാർഗ്ഗം തേടി. ചിറപ്പനോടും അമ്മയോടും, തുടരെത്തുടരെ പറഞ്ഞും, അപേക്ഷിച്ചും, ഒടുവിൽ കാര്യം സാധിച്ചു. അതിരാവിലെ എഴുന്നേറ്റു ഒമ്പതുമണിവരെയും ഉച്ചതിരിഞ്ഞു പള്ളിക്കൂടം പൂട്ടിയതിന്റെ ശേഷം രണ്ടു മണിനേരം കൂടെയും ആലയിൽചെന്നു പണി എടുക്കുന്നതായാൽ ഏതാനും മാസക്കാലം വിദ്യാലയത്തിൽ ചേർന്നു പഠിക്കുന്നതിനു എനിയ്ക്കു അനുവാദം തരാമെന്നു അവർ പറഞ്ഞു.

൩൨– "വേലസ്ഥലത്തുനിന്നു വിദ്യാലയത്തിലേക്കു കുറെ ദൂരം ഉണ്ടായിരുന്നു. അതിനാൽ അവിടെ ഒമ്പതുമണിവരെ താമസിച്ചതിന്റെ ശേഷം പഠിത്തം ആരംഭിക്കുന്നു ഒമ്പതുമണിക്കുതന്നെ വിദ്യാലയത്തിൽ ചെന്നുചേരുക അസാധ്യമായിരുന്നു. ഞാൻ എത്തുമ്പോഴേയ്ക്കു പഠിത്തം ആരംഭിച്ചു കഴിയും, ഏതാനും വിദ്യാർത്ഥികൾ പാഠം ചൊല്ലിക്കഴിഞ്ഞിരിക്കും. ഇങ്ങനെ വരാതെയിരിക്കാൻ ഞാൻ ഒരു വിദ്യ എടുത്തു. ബാലചാപല്യത്താൽ ആണു ഞാൻ അപ്രകാരം ചെയ്തതു്. മിക്കവരും എന്നെ കുറപ്പെടുത്തു

മായിരിക്കും. എന്നാൽ ചെയ്തതിനെ ഒളിച്ചുവെച്ചിട്ട കാര്യ മില്ല. അതിനാലത്രേ അതു ഞാൻ ഇവിടെ തുറന്നു പറയുന്നത്. സത്യത്തിന്റെ ശക്തിയിലും, മാഹാത്മ്യത്തിലും, എനിക്കു പരിപൂർണ്ണമായ വിശ്വാസം ഉണ്ട്. സത്യത്തെ മറച്ചു വെക്കുന്നതിൽനിന്നും ശാശ്വതമായ യാതൊരു ഗുണവും സിദ്ധിക്കുന്നില്ല. വേലസ്ഥലത്തിലെ ആഫീസുമുറിയിൽ ഒരു മണിയുണ്ടായിരുന്നു. ക്ലർക്കുവേലക്കാരായ നൂറിലധികം ജനങ്ങൾ ഈമണി നോക്കിയായിരുന്നു വേല തുടങ്ങിയതും അവസാനിപ്പിച്ചതും. വിദ്യാലയത്തിൽ നിശ്ചിത സമയം എത്താനുള്ളപണി, മണിയുടെ സൂചി എട്ടരയടിക്കുന്ന സ്ഥാനത്തിൽ നിന്നും ഒമ്പതിന്റേതിൽ മാറിവയ്ക്കുകയായിരുന്നു എന്നു എനിക്കു തോന്നി. ദിനംപ്രതി കാലത്തു ഞാൻ ഈ സൂത്രം പ്രയോഗിച്ചുവന്നിരുന്നു. ഒടുവിൽ വിചാരിപ്പുകാരൻ എന്തോ സംശയിച്ചു മണി പൂട്ടുള്ള ഒരു ക്രൂട്ടിനകത്താക്കി. ഞാൻ ആക്ഷം അസൌകര്യം ഉണ്ടാക്കേണമെന്നു വിചാരിച്ചിരുന്നില്ല. നേരത്തിനു വിദ്യാലയത്തിൽ ചെന്നുചേരണമെന്നേ എനിക്കു താല്പര്യം ഉണ്ടായിരുന്നുള്ളൂ."

൯൪- നവമായി വിദ്യാലയത്തിൽ പ്രവേശിച്ച മാത്രയിൽ, ബുക്കർ രണ്ടു വൈഷമ്യത്താൽ വ്യാകുലനായി തീർന്നു. സതീർത്ഥ്യന്മാരെപ്പോലെ, കുപ്പായം ധരിക്കുന്നതിനും, തൊപ്പി വയ്ക്കുന്നതിനും, ഉള്ള ആവശ്യം അവനു നേരിട്ടു. വളരെ വിലപിടിച്ചതൊപ്പിയാണു മറ്റുള്ളവർ ധരിച്ചുവന്നത്. ഇവനു ഇങ്ങനെ ഒരു ശിരോലങ്കാരത്തെ സമ്പാദിക്കുന്നതിനുള്ള ദ്രവ്യപ്രാപ്തി ഇല്ലായിരുന്നു. ഈ സമയത്തു മാതാവിനാൽ പ്രദർശിപ്പിക്കപ്പെട്ട ഉചിതബുദ്ധി ഇവനാൽ സദാ സ്മരണീയമായിത്തീർന്നു. അവർ ചെയ്തതു രണ്ടുകഷണം കമ്പിളിത്തുണി വാങ്ങി അതു ക്രൂട്ടിച്ചേർത്തു തുന്നി, ഒരു തൊപ്പിയാക്കി കൊടുക്കയായിരുന്നു. ഈ സംഭവത്തെപ്പറ്റി ജീവചരിത്രത്തിൽ ഇപ്രകാരം കാണുന്നു. "ഈ വിഷയത്തിൽ എന്റെ മാതാവു എനിക്കു ഉപദേശിച്ചുതന്ന പാഠത്തെ ഞാൻ ഒരിക്കലും മറക്കുകയില്ലെന്നു മാത്രമല്ല, ആയ

തിനെ യഥാശക്തി അന്യരെ പഠിപ്പിക്കുന്നതിനു സദാ ജാഗരൂകനായിരിക്കയും ചെയ്യുന്നു. തന്റെ വാസ്തവസ്ഥിതിയെ ആച്ഛാദനം ചെയ്യുന്നതെന്നു കരുതി, ദുർമ്മോഹത്തിൽ വശംവദയാകാതെയും, ശേഷിയിൽ കവിഞ്ഞ വ്യയശീലത്തിൽ ചെന്നു ചാടാതേയും, സ്വഭാവദാർഢ്യത്തെ പരിപാലിച്ച മാതാവിന്റെ നേർക്കു എനിക്കുള്ള ഭക്തിബഹുമാനങ്ങൾ സീമാതീതങ്ങൾതന്നെ."

൨൫- രണ്ടാമത്തെ ബുദ്ധിമുട്ട പേരു സംബന്ധിച്ചായിരുന്നു. ഓർമ്മതുടങ്ങിയ കാലം മുതല്ക്കു ഇവൻ 'ബുക്കർ, എന്ന നാമധേയമാണു വഹിച്ചിരുന്നത്. വിദ്യാലയത്തിൽ പ്രവേശിക്കുന്നതിനു മുമ്പു, ഇതിനു പുറമെ വേറെ ഒന്നോരണ്ടോ പേരുകൾകൂടി ആവശ്യപ്പെട്ടുമെന്നു ഇവൻ ധരിച്ചിരുന്നില്ല. രജിസ്റ്റർ പുസ്തകത്തിൽനിന്നു പേരു വിളിക്കപ്പെട്ട പ്പോഴത്തേ, അധ്യാപികയ്ക്കു രണ്ടും മൂന്നും ഉപനാമങ്ങൾ ഉള്ളതായി ഇവൻ അറിഞ്ഞത്. അദ്ധ്യാപകൻ പേരെന്താണെന്നു ചോദിച്ച ഉടൻ, ഒട്ടും വിഷമതക്കൂടാതെ, 'ബുക്കർ വാഷിങ്ങ്ടൺ, എന്നു ഇവൻ പറഞ്ഞു. രണ്ടാമത്തെ ഉപനാമം പൊട്ടന്നനവേ ഇവനാൽ സ്വീകരിക്കപ്പെട്ടതായിരുന്നു. തദനന്തരം പുരുഷപ്രാപ്തി വന്നതിനു മേൽ, മാതാവു ജനനകാലത്തു നൽകിയതും, വിസ്മൃതിയിൽ ഇരുന്നതും, അന്യ വേറൊരു നാമധേയത്തെയും ഇവൻ തന്റെ പേരോടുകൂടി ചേർത്തെഴുതിവന്നു. ഈ വിധം പ്രസ്തുതപുരുഷൻ, ബുക്കർ താലിയ ഫെറോ വാഷിങ്ങ്ടൺ, എന്ന പേരുകാരനായി. ഞാൻ ചെയ്തതുപോലെ നാമധേയത്തെ സ്വീകരിച്ചവർ ഒരംരാജ്യത്തിൽ അധികം ഉണ്ടായിരിക്കുകയില്ലെന്നാണു എന്റെ വിശ്വാസം" എന്നു ബുക്കർ ഒരു സംഗതിയെ സൂചിപ്പിച്ചു പ്രസ്താവിച്ചിട്ടുണ്ട്.

൨൬- "കുലീനതയുടെ മാഹാത്മ്യം ഒന്നിൽമാത്രം അതിവിശ്വാസം വെയ്ക്കാത്തവനു അതു വലുതായ സഹായം ചെയ്യുന്നുണ്ടെന്നുള്ളതിൽ സംശയമില്ല. കുടുംബമാഹാത്മ്യത്തെ ദൂഷിപ്പിക്കുന്നതെന്നുള്ള കരുതൽ വെള്ളക്കാരനെ

എത്രത്തോളം സഹായിക്കുന്നുണ്ടെന്നു നോക്കിയറിയുന്നവർ ആമാതിരി ഉതവിയില്ലാത്ത നീഗ്രോ ബാലനെ അപഹസിക്കയില്ല. എന്റെ പിതാമഹൻ ആരായിരുന്നെന്നു ഞാൻ അറിഞ്ഞിട്ടില്ലെന്നു മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ട്. എനിയ്ക്കു മാതുലന്മാരും പിതൃസോദരിമാരും, സംബന്ധികളും, മാറും ഉണ്ടായിരുന്നിരിയ്ക്കണം. ശരിതന്നെ;—അവരുടെ പേരും സ്ഥിതിയും എന്തായിരുന്നുവെന്നു ഞാൻ അറിഞ്ഞിട്ടില്ല. ഒരു രാജ്യത്തിൽ വസിച്ചുവരുന്ന മിക്ക നീഗ്രോ-ജനങ്ങളുടേയും പൂർവ്വചരിത്രം, ഒരു തരത്തിൽ ഉള്ളതായിത്തന്നെയിരിയ്ക്കും. പ്രലോഭനങ്ങളെ എതിർക്കുന്നതിനു പ്രബലമായി സഹായിക്കുന്ന ഒരു ശക്തിയാണു കുടുംബശ്രേഷ്ഠത. തനിക്കു അപജയം വരുന്നതു കുടുംബശ്രേഷ്ഠതയുടെ ന്യൂനതയുണ്ടാകുന്ന ഒരു സംഭവമാണെന്നുള്ള ഓർമ്മതന്നെ വെള്ളക്കാരനെ സദാചാരപരിപാലനത്തിൽ പ്രോത്സാഹിപ്പിക്കുന്നില്ലേ? കുലീനത്വവും, ചാരിത്രമാഹാത്മ്യവും അവനു വിജയപ്രാപ്തിയിങ്കൽ ഉന്മേഷത്തിനും ഔത്സുക്യത്തിനും കാരണമായി ഭവിക്കുന്നു."

നാം - ബുക്കർ വിദ്യാലയത്തിൽ ഹാജർ കൊടുത്ത കാലം കുറഞ്ഞും, പഠിച്ചസമയം ചുരുങ്ങിയും ഇരുന്നതിനാൽ അവനു അതിൽനിന്നു ലഭിച്ച ആദേയം ലഘുവായിരുന്നു. അവനു പകൽസമയം വിദ്യാലയത്തിൽ പോകാൻ സൌകര്യവും അധികകാലം ലഭിച്ചില്ല. പകൽ മുഴുവൻ പണിയിൽ വീണ്ടും പ്രവേശിക്കേണ്ടി വന്നു. രാത്രിയിലേ പഠിക്കാൻ വഴിയുണ്ടായുള്ളൂ. ബാല്യദശയിൽ അവൻ വല്ലതും അഭ്യസിച്ചതു ജോലിചെയ്യുന്ന ദിവസങ്ങളിലെ രാത്രികളിൽ ആയിരുന്നു. പല അവസരത്തിലും നല്ല ഉപാദ്ധ്യായന്മാരെ കിട്ടാതെ അവൻ ക്ലേശിച്ചു. ചില സമയങ്ങളിൽ പഠിപ്പിക്കാനേറ്റ ആളിനു അവനോളം അറിവില്ലെന്നു കണ്ടും അവൻ കുണ്ഠിതനായിത്തീർന്നിരുന്നു. മിക്കപ്പോഴും രാത്രിയിലുള്ള പാഠത്തെ ചൊല്ലിക്കേൾപ്പിക്കാനായി അവൻ അനേകംനാഴിക ദൂരം വഴി നടന്നിരുന്നു. അവന്റെ ബാല്യത്തിൽ ഒരുനേരവും,—"എന്തുവന്നാലും വേണ്ടതില്ല; വിദ്യ

യഭ്യസിക്കണം"—എന്നുള്ള ദൃഢമായ കരുതൽ അവനിൽ ഇല്ലാതെ ഇരുന്നില്ല.

൩൮- ഇങ്ങനെ കുറേദിവസം ബുക്കർ പ്രാഥമികവിദ്യാഭ്യാസത്തിൽ പരിശ്രമിച്ചു. ധനമോ, സൌകര്യമോ, അന്യസഹായമോ ഇല്ലാതെ പ്രതിജ്ഞയാൽ മാത്രം പ്രേരിതനായിട്ടു കുറേനാൾ, ഈവിധത്തിൽ, ബുക്കർ മാനസികപോഷണത്തിനുള്ള സാധനങ്ങളെ സമ്പാദിച്ചു. ബുക്കറുടെ കുടുംബം ഗ്രഹംമാറി, പശ്ചിമവർജ്ജിനിയായിൽ താമസിച്ചു. അപ്പോൾ ദാരിദ്ര്യം വിട്ടുമാറിയിട്ടില്ലാത്ത, ഇവന്റെ കുടുംബത്തിലേക്കു മാതാപിതൃഹിതനായ ഒരു ബാലനെ, (ജെയിംസ്. ബി. വാഷിങ്ട്ടൻ, എന്നു പിന്നീടു വിളിക്കപ്പെട്ടവനേ) ഗ്രസവതിയായ ഇവന്റെ ജനനി ഭത്തെടുത്തു വളർത്തിവരികയും ചെയ്തു. ഒരു കാലത്തിനുശേഷമാണ് ബുക്കർ ലവണഖനിയിൽ നിന്നും, കല്ലരിഖനിയിൽ ജോലിക്കായി മാറി. ഈ വേലയിൽ പൂർവ്വാധികം പ്രയാസവും സങ്കടവും അവനുണ്ടായിരുന്നു.

൩൯- കുറേക്കാലം പ്രവൃത്തിചെയ്തതിൽ പിന്നെ അതിലെ വിറകിനുവേണ്ടി നടത്തിവന്ന കല്ലരിത്തുരങ്കത്തിൽ ബുക്കർ ഒരു കൂലിക്കാരനായി നിയമിക്കപ്പെട്ടു. ഈ ജോലി വളരെ സങ്കടകരമായിരുന്നു. കല്ലരി കഴിച്ചെടുക്കുന്ന വ്യാപാരത്തിൽ കാലക്ഷേപം കഴിക്കുന്നവനു തന്റെ ജോലിസമയത്തു ശുചിത്വം വെച്ചുകൊള്ളുവാൻ കഴിയുന്നില്ല. വേല കഴിഞ്ഞാൽ കുളിച്ചു ദേഹത്തുടുപ്പുടുക്കുന്നതിനു വളരെ ശ്രമവും ഉണ്ട്. എന്നു മാത്രമല്ല, തുരങ്കത്തിന്റെ ദ്വാരത്തിൽ നിന്നു, പണിയെടുക്കേണ്ട സ്ഥലത്തേയ്ക്കു ഒരുനാഴിക ദൂരം വഴി കുരിരുട്ടിൽ ക്രൂടിയാണു പോകേണ്ടിയിരുന്നത്. കല്ലരിത്തുരങ്കത്തിലെപോലെ ഇരുട്ട മറെറാരിടത്തും ഇല്ല. ഖനിയിലെ അറകളുടെ സ്ഥാനങ്ങളിൽ അവൻ ക്രൂടക്കൂടെ തെററി പ്രവേശിച്ചിരുന്നു. ചില സമയം കയ്യിലുണ്ടായിരുന്ന ദീപം അന്നത്തു ഇരുട്ടിൽ അവൻ പല കഷ്ടതകളും അനുഭവിച്ചു. വേല, ദുഷ്കരപ്പെട്ടതെന്നുമാത്രമല്ല അപകരവുംകൂടി അയിരുന്നു. മേൽത്തറ വീണോ, വെടിമരുന്നു

പൊട്ടിയോ എപ്പോഴാണ ആപത്തു സംഭവിക്കാൻ പാടില്ലാത്തത്? ഒരം തരത്തിലുള്ള അപകടങ്ങൾ ഇടയ്ക്കിടയ്ക്കു സംഭവിച്ചു വന്നിരുന്നതിനാൽ നമ്മുടെ ബാലനു ദുർവാരമായ വ്യസനം തോന്നിയതിൽ അത്ഭുതപ്പെടുവാൻ കാരണം ഇല്ല. കല്ലൂരി കുഴിച്ചെടുക്കുന്ന വേലയിൽ ചെന്നുചേരുന്ന ബാലന്മാരുടെ കായികമായും മാനസികമായും ഉള്ള പരിക്ഷ്കാരം കുറഞ്ഞുപോകുന്നു. സ്വാഭാവികമായ ഉൽകൃഷ്ടേച്ഛയെ ആ തൊഴിൽ നശിപ്പിക്കയും ചെയ്യുന്നു.

൪൦- ആ കാലത്തും യുവാവായതിന്റെ ശേഷവും സ്വാഭിലാഷം സഫലീകരിപ്പാൻ ഇവന്റെ ഗതിയും സ്വസ്വാതന്ത്ര്യം സിദ്ധിച്ചിട്ടുള്ള വെള്ളക്കാരനായ ബാലന്റെ വിചാരങ്ങളേയും യശോവാഞ്ഛയേയും പററി ബുക്കർ വിമർശനം ചെയ്തിട്ടുണ്ടായിരുന്നു. രാജസഭാംഗമായോ, രാജ്യകാര്യാനേഷകനായോ, ധർമ്മാധികാരിയായോ, പ്രഭുതപകാര്യനിരീക്ഷനായോ, ജീവിതത്തെ പ്രശോഭിതമാക്കുന്നതിനു യത്നം ചെയ്വാൻ, ജനനവശാലും, ജാതിവശാലും യോഗ്യനെന്നു ഗണിക്കപ്പെട്ട വെള്ളത്തൊലിയുള്ളവനെ അസൂയയോടുകൂടിയ ദൃഷ്ടികൊണ്ടു അവൻ ചിലകാലം നോക്കിവന്നിരുന്നു. ആ അവസ്ഥ അവനുണ്ടായിരുന്നെങ്കിൽ ഏണിയുടെ അടിപ്പടിയിൽ കൂടിക്കേറി ക്രമേണ ഉച്ചസ്ഥാനത്തെ പ്രാപിക്കുന്നതിനു അവനും കഴിഞ്ഞേക്കുമെന്നു അവൻ വിചാരിച്ചു. ഒരം ഘട്ടത്തിൽ ബുക്കറുടെ പുസ്തകത്തിലുള്ള ഒരു ഭാഗത്തെ ഉദ്ധരിക്കുന്നതു അനുചിതമല്ല.

൪൧- "ഐശ്വര്യംകൊണ്ടും കുലോന്നതികൊണ്ടും അനേകവർഷശതങ്ങളിൽ, പ്രാധാന്യം വഹിച്ചുവന്ന ഒരു കുടുംബത്തിലേ അംഗമായിരിക്കുന്നതു സർവ്വപ്രാധ്യമായ പദവിയാണ് എന്നു ഞാൻ പലപ്പോഴും ശങ്കിച്ചിട്ടുണ്ട്. എന്നാൽ ആ അവസരങ്ങളിലെല്ലാം, ആ ശങ്കയെ നശിപ്പിച്ചതു ഒരം വിചാരം മാത്രമാണ്. എനിക്കു കുലീനത്വം, പദവിയും വർണ്ണധാവല്യവും ജനനാവകാശക്രമത്തിൽ ലഭിച്ചിരുന്നുവെങ്കിൽ, ഞാൻ യത്നം ചെയ്യുന്നതിനു വിമുഖനായി

ഭവിക്കയില്ലായിരുന്നോ? ഞാനായി എനിക്കുവേണ്ടി ചെയ്യേണ്ടതിനെ, ഞാൻ ദുഷ്ഠാത്സാഹപൂർവ്വം, ചെയ്യുമായിരുന്നോ? എനിക്കു കാലുറപ്പഴക്കം കൊണ്ടു ശോഭിക്കുന്നതായ കുടുംബമാഹാത്മ്യം ഇല്ലായിരുന്നതിനാൽ, എന്റെ ജീവകാലം ഒരു ഉത്തമരീതിയിൽ കഴിച്ചുകൂട്ടിയതായി, എന്റെ സന്താനങ്ങളും ഗണിക്കയും അവർ അതിന്റെ ശ്ലാഘ്യതയെ, തങ്ങളുടെ ഗുണവിശേഷം കൊണ്ടു പ്രബലപ്പെടുത്തുകയും, ചെയ്യത്തക്ക വിധത്തിൽ ഞാൻ നടക്കേണമെന്ന വളരേക്കാലം മുമ്പേ തന്നേ ഞാൻ നിശ്ചയിച്ചിരുന്നു.

൫- അതിസാഹസമായ്ട്ടോ, അനുകമ്പയില്ലാതേയോ, നീഗ്രോ-ജാതിക്കാരേക്കുറിച്ചു മഹാജനങ്ങളും പ്രതിക്രൂലാഭിപ്രായം പുറപ്പെടുവിക്കരുത്. ഒരു ജാതിക്കാക്കു കടന്നുപോകേണ്ടതായ മഹാസമുദ്രത്തിൽ, ഇച്ഛാഭംഗം, ശത്രുത്വം, പ്രലോഭനം മുതലായി പല ശത്രുക്കളും പ്രതിബന്ധങ്ങളായി നിച്ചുന്നുണ്ട്. തൊലി വെളുത്തവർ ഏതു പ്രവൃത്തി തുടങ്ങിയാലും, അതു ഭംഗിയായി പരിണമിക്കുമെന്നാണു ജനസാമാന്യത്തിന്റെ സങ്കല്പം. നേരേ മറിച്ചു, തൊലി കറുത്തവൻ ഒന്നിലെങ്കിലും വിജയം പ്രാപിച്ചുവെങ്കിൽ, അവനേറനേക്കു അന്യന്മാക്കുള്ള അസൂയ, ഏറ്റവും ശോചനീയമായിരിക്കുന്നു. കറുത്ത മനുഷ്യൻ ആരംഭിക്കുന്ന കാര്യങ്ങളും വിജയം ഉണ്ടാകയില്ലെന്നു പ്രതിപക്ഷക്കാരൻ മുമ്പിൽ തന്നെ വിധിക്കുന്നതു സമബുദ്ധി ഇല്ലായ്മയുടെ ലക്ഷണമാകുന്നു.

൬- ഒരു കാലത്തു ഞാൻ വെള്ളക്കാരനായബാലന്റെ ജനനവശാലുള്ള ഭാഗ്യത്തെക്കുറിച്ചു അസൂയപ്പെട്ടിരുന്നു. ജനനവശാലുള്ള ആഭിജാത്യത്തെക്കാൾ താൻതന്നെ പ്രതിബന്ധങ്ങളെ ലംഘനം ചെയ്തു പ്രാപിക്കുന്ന വിജയസ്ഥാനമാണു സർവ്വോത്കൃഷ്ടശ്ലാഘനീയമായ പദവിയെന്നു എനിക്കു അനുഭവത്തിൽ പ്രത്യക്ഷമായ സമയം മുതല്ക്കു, ഒരു അസൂയ എന്നിൽ ഇല്ലാതായി. മനുഷ്യജീവിതത്തെ സംബന്ധിച്ചിടത്തോളം, ജനസാമാന്യത്തിന്റെ ബഹുമതിയെ ആകർഷിക്കാത്ത ഒരു താണവസ്തുത്തിൽ ജനിച്ചവനു അഭ്യുദയത്തിനു മാർഗ്ഗമി

ല്ലെന്ന വരുന്നതല്ല. ജനങ്ങളുടെ ആദരവും സമ്മതിയും ലഭിക്കുന്നതിന്നായി, നീഗ്രോ-ജനങ്ങൾ അധികം ശ്രമം ചെയ്യേണ്ടവരായിത്തീന്നിരിക്കുന്നുവെങ്കിലും അങ്ങനെ പ്രവർത്തിക്കുന്നതു അവരുടെ ശ്രേയസ്സിനും ഉന്നതിക്കും ഉപയുക്തമായിരിക്കുന്നു. ശരിയായ പ്രയത്നം ചെയ്യാതെ ഉന്നതിയുണ്ടാകണമെന്നാഗ്രഹിക്കുന്ന ജനങ്ങളേക്കുറിച്ചു എനിക്കു അത്യന്തരമായ ബഹുമാനം കുറവാണ്, യാതൊരുത്തനും ഔന്നത്യത്തിനു അവകാശപ്പെട്ടതു സ്വന്തമായ യോഗ്യത കൊണ്ടു തന്നെ വേണം. യോഗ്യത ആരിൽ കാണപ്പെടുന്നുവോ അവന്റെ കുലവും, ജാതിയും, വർണ്ണവും എന്തെങ്കിലുമാവട്ടെ, അവൻ, കാലാന്തരത്തിൽ, ജയത്തേയും, ശ്ലാഘ്യതയേയും, ഐശ്വര്യത്തേയും പ്രാപിക്കുമെന്നുള്ളതു സർവ്വസാധാരണവും, ശാശ്വതവും ആയ ലോകവിധിയാകുന്നു. ഒരും വിധം ഇവിടെ പറയുന്നതു എന്റെ അഹംകാരം കൊണ്ടല്ല, എന്റെ ജാതിയെപ്പറ്റി എനിക്കുള്ള ബഹുമാനത്തെ സ്പഷ്ടമാക്കുന്നതിനു വേണ്ടി മാത്രമാണ്."

അദ്ധ്യായം ൧൦.

വിദ്യാഭ്യസനയത്നം.

൧൮൮- കല്ക്കരിത്തുരങ്കത്തിൽ അധ്വാനം ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിലാണു ബുക്കർ സാരമായ ഒരു സംഗതി ഗ്രഹിച്ചതു്. അതാവിതു, കൃഷ്ണവർണ്ണന്മാരായവർക്കു വിദ്യാപ്രദാനം ചെയ്യുന്ന ഒരു വിദ്യാലയം വർജ്ജിനിയാ ദേശത്തിൽ സ്ഥാപിച്ചിട്ടുണ്ടെന്നായിരുന്നു. ബുക്കർ ഒരം വർത്തമാനം രണ്ടു വേലക്കാരുടെ സംഭാഷണത്തിൽ നിന്നു ഗ്രഹിച്ചു. ഇവർ പറഞ്ഞതു കലാവിദ്യകളേയും കൃഷിശാസ്ത്രത്തേയും പഠിപ്പിക്കുന്ന ഒരു പാഠശാല, വർജ്ജിനിയായിൽ ഹാമ്പ്ടൺ എന്ന സ്ഥലത്തു ഉണ്ടെന്നായിരുന്നു. ഇവിടെ ദരിദ്രനായ ഏവനും

ശരിയായി വേല ചെയ്യുന്നതിനെ ഐശ്വര്യം സമ്പാദിക്കാനുള്ള സൌകര്യം ഉള്ളതായി മേല്പറഞ്ഞ സംഭാഷണത്തിൽ നിന്നു ഇവർ ധരിച്ചു.

൫- ഈ സംഗതി അറിഞ്ഞതിന്റെ ശേഷം നമ്മുടെ ബാലനു ഏതുവിധമെങ്കിലും ആ പാഠശാലയിൽ പ്രവേശിച്ചു പഠിക്കണമെന്നുള്ള താല്പര്യം ഉണ്ടായി. രാപ്പകൽ അവന്റെ വിചാരം ഇതുതന്നെയായിത്തീരുകയും ചെയ്തു.

൬- ഇതിന്റെ ശേഷം ഏതാനും മാസങ്ങളിൽ അവൻ പഴയജോലിയിൽ തന്നേ ഇരുന്നിരുന്നു. അക്കാലത്തു ലവണഖനിയുടെ ഉടമസ്ഥന്റെ ഭാര്യയായ മദാമ്മയുടെ, ഒരു ബാലനായ ഭൃത്യൻ വേണ്ടിവന്നു. ഈ സ്വാമിനിയുടെ കണിശവും നിഷ്കർഷയും ഒപ്പിച്ചുസേവിക്കുന്നതിനു ഭൃത്യന്മാർക്കൊക്കെ എളുപ്പമില്ലായിരുന്നു. എങ്കിലും, നമ്മുടെബാലന്റെ ബുദ്ധിയിൽ അതു ഖനനഛേദത്തേക്കാൾ അധികമായിരിക്കയില്ലെന്നു തോന്നി. അവന്റെ അമ്മയുടെ അപേക്ഷയുടെ ഫലമായി ആ മദാമ്മ ബുക്കറെ ഭൃത്യനായി നിയമിച്ചു. ശമ്പളം ദിവസ-രൂപയായിരുന്നു. ആദ്യം ബുക്കർക്കും, ഈ സ്ത്രീയേ വളരെ ഭയമായിരുന്നുവെങ്കിലും, അവരുടെ ആവശ്യങ്ങളെ അറിഞ്ഞുതുടങ്ങിയതുമുതൽ, തന്റെ ജോലി പ്രയാസകരമാണെന്നു തോന്നിയില്ല. സകല സാധനങ്ങളും വൃത്തിയായിരിക്കണം, ചൊടിയോടു വേലചെയ്യണം, നിഷ്കപടത്വവും, സത്യനിഷ്ഠയും സദാ ശീലിക്കണം, എന്നു മാത്രമേ അവർ ആവശ്യപ്പെട്ടുള്ളൂ. ഈ ആവശ്യത്തെ നിർവ്വഹിക്കുന്നതിനു ബുക്കർ അസമർത്ഥനല്ലായിരുന്നു.

൭- റഫ്നർമദാമ്മയെ ആദ്യമായി കണ്ട സംഗതിയെപ്പറ്റി ബുക്കർ "കൈവേല" എന്ന പേരായ തന്റെ പുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്, — "എന്റെ മാതാവിന്റെ ഗൃഹത്തിനു സല്പേരു കേട്ടുകേട്ടു മദാമ്മ താമസിച്ചിരുന്നു. കൈവേലയെക്കുറിച്ചു അവർക്കു വളരെ ബഹുമാനം തോന്നിയിരുന്നതിനാൽ വിദുഷിയും ഭാഗ്യവതിയും ആയ ആ സ്ത്രീ തന്റെ കൈകൊണ്ടു

പന്നിയെടുക്കുന്നതു കുറച്ചിലാണെന്നു വിചാരിച്ചിരുന്നില്ല. അവക്കു ഹിതമാകുംവണ്ണം അവരുടെ ഗൃഹത്തിൽ വേല ചെയ്തു താമസിക്കുന്നതു പ്രയാസമാണെന്നും അവർ വല്ലാത്ത ശീലമുള്ളവരാണെന്നും ഒരു പ്രസ്താവം ഗ്രാമത്തിലെ ബാലന്മാരുടെ ഇടയിൽ ഉണ്ടായിരുന്നു. എന്റെ അറിവിൽ തന്നെ അവിടെ പത്തുപന്ത്രണ്ടു 'പയ്യന്മാർ' താമസിച്ചു ശേഷകം മതിയാക്കീട്ടുണ്ടായിരുന്നു. ഭക്ഷണത്തിനു യാതൊരു കുഴപ്പവും അവിടെ ഇല്ലായിരുന്നുവെങ്കിലും ഒരാഴ്ചയിലധികം അവിടെ ചെറുക്കന്മാർ താമസിച്ചുവന്നിരുന്നില്ല. പായസം, പലഹാരം, പഴം മുതലായി ബാലന്മാക്കു രുചികരമായുള്ള പദാർത്ഥങ്ങൾ അവിടെ സുലഭമായി കിട്ടിവന്നിരുന്നെങ്കിലും മദാമ്മയെ സന്തോഷിപ്പിക്കാൻ ബഹു വിഷമംതന്നെ എന്നു പറഞ്ഞു ബാലന്മാർ പിന്മടങ്ങിയിരുന്നു. ഒരു ദിവസം ഒരു ധനികയും കണിശക്കാരിയും ആയ മദാമ്മ 'എന്നെ ജോലിയ്ക്കായയ്ക്കാമൊ' എന്നു അമ്മയോടു ചോദിച്ചു. സാപ്പാടിനു പുറമെ അഞ്ചുഡോലർ ശമ്പളം തരാമെന്നും പറഞ്ഞിരുന്നു. അമ്മയും ഞാനും നല്ലവണ്ണം ആലോചിച്ചതിന്റെ ശേഷം പോയി നോക്കാമെന്നു ഞാൻ പറഞ്ഞു. മറുള്ളവരുടെ സംസാരം എന്നെ ഭയപ്പെടുത്തീട്ടുണ്ടായിരുന്നു. കുറേ ദിവസം കഴിഞ്ഞു ഉള്ള ഉടുപ്പിനെ വൃത്തിയാക്കി ധരിച്ചു ശങ്കിച്ചും ഭയന്നും ഞാൻ ജോലിക്കു ഹാജരായി.

൪൨– അവരുടെ ധനം, രാജഭവനത്തിനു തുല്യമായ ഗൃഹം, പദവി, സാമാനങ്ങളുടെ വിവിധതരം, കണിശം, കാഠിന്യം, ഇവയെപ്പറ്റി കേട്ടിരുന്ന സംസാരം എന്നെ വളരെ ഭയപ്പെടുത്തിയിരുന്നു. അവരുടെ മുമ്പെ ചെല്ലുന്ന കായ്യം ഓർത്തു ഞാൻ വിറച്ചു. കുടിലിൽ താമസിച്ചുവന്ന ഞാൻ വേലചെയ്യാൻ പോകേണ്ടിയിരുന്നതു നാനാവിധ ഭയങ്കര സാധനങ്ങൾ നിറഞ്ഞിട്ടുള്ള ഒരു ആഢംബരമന്ദിരത്തിൽ ആയിരുന്നു. എങ്കിലും കഴിയുന്നിടത്തോളം ധൈര്യം അവലംബിച്ചു ഞാൻ അങ്ങോട്ടുപോയി.

൪൩– ഞാൻ വിചാരിച്ചതുപോലെ യാതൊരു ബുദ്ധിമുട്ടും അവിടെ എനിക്കുണ്ടായിരുന്നില്ല. മുമ്പുവന്നിരുന്ന പെയ്യ

നമ്മുടെ കുറവ് എന്തായിരുന്നെന്നും ഞാൻ ചെയ്യേണ്ടതെന്താണെന്നും മദാമ്മ വിശദമായി ദയാപൂർവ്വം എന്നോടു പറഞ്ഞു. ജോലി ഇന്നതെല്ലാമാണെന്ന വിവരപ്പെടുത്തിപ്പറഞ്ഞസ്ഥിതിക്ക് എന്റെ ദോഷംകൊണ്ടേ കുറവ് വരികയുള്ളു എന്നു ഞാൻ ഉടനെ മനസ്സിലാക്കി. ദേഹവും വസ്ത്രങ്ങളും വൃത്തിയായി വയ്ക്കുന്നതിനു പുറമേ രണ്ടു പ്രമാണങ്ങളേ ഞാൻ സദാ ഓർമ്മിക്കേണ്ടിയിരുന്നുള്ളു. ഒന്ന് എല്ലാ വേലയും വൃത്തിയായി ചെയ്യണം. രണ്ട്, എത്രവന്നാലും സത്യമേ പറയാവു. ചുണയോടുകൂടി വേലചെയ്യണം. ഒഴികഴിവും തക്കം തകരാറും പറഞ്ഞുകൂടാ. ചട്ടവട്ടം കുറച്ചുമാണ്. അവരുടെ തൃപ്തി സമ്പാദിക്കാൻ കഴിയുമോ എന്തൊ എന്നു വിചാരിച്ചു വിഷമിച്ചുനില്ക്കുവേ ശരിയായി ജോലിചെയ്താൽ വൈകാലത്തു രാത്രിയിൽ പള്ളിക്കൂടത്തിൽ പോകാൻ അനുവദിക്കാമെന്നു മദാമ്മ പറഞ്ഞു. ഇതു കേട്ടപ്പോൾ അവർക്കു സന്തോഷം വരുത്താൻ അത്രോളം ശ്രമിക്കണമെന്നും അവിടെ കുറേക്കാലം താമസിക്കണമെന്നും ഞാൻ തീർച്ചയാക്കി.

ഈ- വീട്ടിനു ചുറ്റും ഉള്ള പുല്ലറുത്തു ശരിയാക്കണമെന്നാണു അവർ എന്നോടൊന്നാമതു പറഞ്ഞത്. അക്കാലത്തു പുല്ലറുക്കുന്ന യന്ത്രങ്ങൾ ഇല്ലായിരുന്നു. ഒരു അരിവാൾ എടുത്തു മൂർച്ചകൂട്ടി ഇരുന്നാണു ഈ ജോലി ചെയ്യേണ്ടിയിരുന്നത്. പുല്ലു അറുത്താൽ മാത്രം പോരാ, ശേഷിച്ചുനില്ക്കുന്നതിനു ഒപ്പംനിരപ്പുവേണമെന്നുംകൂടി മദാമ്മ പറഞ്ഞിരുന്നു. മൂർച്ചയില്ലാത്ത അരിവാൾകൊണ്ടു പുല്ലറുത്തിട്ടുള്ളവർക്കേ ഞാൻ അനുഭവിച്ച കഷ്ടത മനസ്സിലാകയുള്ളു. ആദ്യമോ, രണ്ടാമതോ, മൂന്നാമതോ എനിക്കു മദാമ്മയെ സമ്മതിപ്പിക്കാൻ കഴിഞ്ഞില്ലെന്നു പറവാൻ ഞാൻ ലജ്ജിക്കുന്നില്ല. ഒടുവിൽ ഞാൻ പുൽത്തട്ടിനു പച്ചസ്സുപടത്തിന്റെ മൃദുത്വവും ഭംഗിയും വരുത്തി. അതോടുകൂടി എനിക്കു ഒട്ടൊരു ഉന്മേഷവും സംതൃപ്തിയും ഉണ്ടായി. പുല്ലറുക്കുക മാത്രമല്ല എന്റെ ജോലിയായിരുന്നത്. കള, ഉണങ്ങിയ പുല്ല്, കടലാസുതുണ്ടുകൾ ഇവയേയും എടുത്തു

മാറി പുൽത്തറയെ ഞാൻ ഭംഗിയാക്കേണ്ടിയിരുന്നു. മദാമ്മയെ എല്ലപ്പത്തിൽ പ്രീതിപ്പെടുത്താൻ പ്രയാസമായിരുന്നു. ഓരം തറ നന്നാക്കുന്നതിനു പണിപ്പെട്ടു ക്ഷീണിച്ചു വിയത്തുനിന്ന സമയം അമ്മയുടെ അടുക്കലേക്കു ഓടി പൊയ്കളയാമെന്നു പലതവണ ഞാൻ വിചാരിച്ചില്ലെന്നില്ല.

൪൮- എങ്കിലും ഏതാനും ദിവസംകൊണ്ടു ഞാൻ പുൽത്തറ വൃത്തിയാക്കി പൂച്ചെടികളുടെ തടങ്ങളെ ഭംഗിയാക്കി, വഴികൾ തെളിച്ചു. അപ്പോൾ ആ സ്ഥലം കാഴ്ചയ്ക്കു അഴകുള്ളതായിത്തീർന്നു. ഇതെല്ലാം എന്റെ കൈവേലകൊണ്ടു സാധിച്ചതാണെന്നു ഞാൻ കണ്ടറിഞ്ഞപ്പോൾ എന്റെ പ്രകൃതത്തിനു ഒരു വ്യത്യാസം ഉണ്ടായി. എനിക്കു പുതിയതായ ഒരു അഭിമാനവും ഉത്സാഹവും സന്തുഷ്ടിയും തോന്നി. മദാമ്മ സന്തോഷിക്കയും ചെയ്തു. ഇങ്ങനെ കൈകൊണ്ടു വേലചെയ്യാൻ അഭ്യസിച്ചതുകൊണ്ടാണു പല ബുദ്ധിമുട്ടുകളെ സഹിച്ചിട്ടും ഹാമ്പ്ടണിൽചെന്നുചേരാനും അവിടെ പഠിക്കാനും എനിയ്ക്കു സാഗതിയായത്."

൪൯- ബുക്കർ റാഫ്നർ മദാമ്മയുടെ ചെറുക്കനായി ഒന്നര കൊല്ലംവരെ താമസിച്ചു. ഇക്കാലത്തു അവരിൽനിന്നും ഇവന്നു സിദ്ധിച്ച ഗുണപാഠങ്ങളും കേവലം മറക്കത്തക്കവയല്ല. അന്യദേശങ്ങളിൽ ഇവൻ പില്ക്കാലം സമ്പാദിച്ച ഗുണോൽകർഷത്തിൽ ഏതാനും ഭാഗം ഇക്കാലത്തു ഇവനിൽ ഉണ്ടായ സ്വഭാവസംസ്കാരത്തിന്റെ പരിണാമമായിരുന്നു എന്നു ബുക്കർ പല സന്ദർഭങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്.

൫൦- ഓരം ശോകത്തിലിരിക്കുമ്പോൾതന്നെ, മദാമ്മയുടെ അനുമതിയോടുകൂടി, ഇവൻ പഠിക്കുന്നതിനു യത്നംചെയ്തു. ജോലി തീർന്നതിന്റെശേഷം, പകൽ സ്വല്പനേരത്തേക്കു പള്ളിക്കൂടത്തിൽ പോകയും, രാത്രിയിൽ നിരന്തരമായി വിദ്യാവിഷയത്തിൽ ക്ലേശിക്കയും, അല്പാല്പമായി ഒരു ഗ്രന്ഥശേഖരത്തെ ക്രട്ടിച്ചേർക്കയും ചെയ്യുന്നതിനു ഇവന്നു സൌകര്യം ഉണ്ടായിത്തുടങ്ങി.

൫൧- മേല്പറഞ്ഞ ഹാമ്പ്ടൺ വിദ്യാലയത്തിലേക്കു പോകു

ണമെന്നുള്ള ആഗ്രഹം അവനെ വിട്ടുമാറീട്ടില്ലായിരുന്നു. ക്രിസ്തുബ്ദം ൧൮൭൫-ലേ ശരൽകാലത്തിൽ ആ സ്ഥലത്തേക്കു പോകണമെന്നു അവൻ നിശ്ചയിച്ചിരുന്നു. ഒരു ഉദ്യമത്തിൽ അവനെ പ്രോത്സാഹിപ്പിക്കാൻ മാതാവു മാത്രമാണു ഏറ്റവും അനുകമ്പയോടെ പ്രവർത്തിച്ചിട്ടുള്ളതു്. തന്റെ ജോലിയിൽനിന്നു തനിക്കു ലഭിച്ചിരുന്ന ധനം മിക്കവാറും വളർത്തച്ഛൻ ചെലവുചെയ്തിരുന്നുവെങ്കിലും, ഏതുവിധത്തിലും താൻ ഉദ്ദേശിച്ച സംഗതി നിറവേറണമെന്നു ബുക്കർ കരുതിയിരുന്നു.

൩൭- ബുക്കറുടെ ആയുഷ്കാലത്തിലെ മുഖ്യദിനങ്ങളിൽ ഒന്നു ആ യാത്രയുടെ ആരംഭദിവസം ആയിരുന്നു. അപ്പോൾ താമസിച്ചിരുന്ന മാൽഡനിൽനിന്നു പള്ളിക്കൂടം ഇരിക്കുന്ന ഹാമ്പ്ടനിലേക്കു ൪൦൦-മൈൽ ദൂരം ഉണ്ടായിരുന്നു. ഇതിൽ ഏതാനും ദൂരം പുകവണ്ടിമാർഗ്ഗവും, ശേഷം തപാൽവണ്ടി വഴിയും ആണു പോകേണ്ടിയിരുന്നതു്. ചെന്നുചേരേണ്ട സ്ഥലം എത്രയോ ദൂരെയും, യാത്രച്ചെലവിനുള്ള ധനം എത്രയോ ചുരുക്കവും ആയിരുന്ന അവസ്ഥയോർക്കുമ്പോൾ, നമ്മുടെ ബാലന്റെ ഉത്സാഹദാർഢ്യവും ദൈവവിശ്വാസബലവും ആരെയും വിസ്മയിപ്പിക്കും. വഴിയിൽ അനേകം സങ്കടങ്ങൾ ഇവനെ വ്യാകുലപ്പെടുത്തി. വേഗത്തിൽ മറന്നുപോകാത്ത ഒരു സംഭവം ഒരുദിവസം സായങ്കാലത്തിൽ ഉണ്ടായി. തപാൽവണ്ടിയിൽ കൂടിപ്പോയിരുന്നവർ വെള്ളക്കാരായിരുന്നു. രാത്രിയിൽ ആഹാരത്തിനും താമസത്തിനും യാത്രക്കാർ ഒരു സത്രത്തിൽ ചെന്നുചേർന്നു. ഒരു സത്രത്തിൽ വെളുത്തവനും കറുത്തവനും ഒന്നുപോലെ ഭക്ഷണവും വിശ്രമസ്ഥലവും, കൊടുക്കുമെന്നായിരുന്നു ബാലന്റെ വിചാരം. തൊലിയുടെ നിറഭേദം ഒരുത്തനുണ്ടാക്കിത്തീർക്കുന്ന വിഷമതകളിൽ അപ്പൊഴാണു ആദ്യം ഇവനു അനുഭവിപ്പാനിടയായതു്. മറ്റുള്ള വക്കീല്ലാം സ്ഥലവും സാപ്പാടും ആദരപൂർവ്വം, സത്രത്തിനകത്തു നൽകപ്പെട്ടു. കറുത്ത മനുഷ്യനായ ഈ ബാലനുമാത്രം സത്രത്തിനകത്തു പ്രവേശം ലഭിച്ചില്ല.

ന്നു– നടന്നും, ചില വണ്ടിക്കാരുടെ സഹായത്താൽ ഒട്ടൊക്കെ സവാരിചെയ്തും, കുഴഞ്ഞും, വലഞ്ഞും, പട്ടിണികിടന്നും, ഒരുവിധം ഏതാനും ദിവസം കഴിഞ്ഞു ഹാമ്പ്ടനിൽ നിന്നു വ൨-മൈൽ ഇപ്പുറം ഉള്ള റിച്ച്മണ്ഡ് എന്ന പ്രദേശത്തിൽ ഇവൻ എത്തി. ൦രം സ്ഥലത്തു വന്നുചേർന്നതു ഒരു രാത്രിയിലായിരുന്നു. നഗരം വിപുലമായിരുന്നതിനാൽ, താമസിക്കേണ്ടതു തന്നെ എവിടെയാകണമെന്നു ഇവനറിഞ്ഞുകൂടായിരുന്നു. കയ്യിൽ ഒരു കാശും ഇല്ല. വിശപ്പും ദാഹവും കൊണ്ടു ഏറ്റവും വലഞ്ഞും ഇരുന്നിരുന്നു. തെരുവീഥിയുടെ ഇരുഭാഗങ്ങളിലും നിബിഡങ്ങളായിരുന്ന ചില പീടികകളിൽ, ഭക്ഷ്യസാധനങ്ങൾ പാകപ്പെടുത്തി വച്ചിരുന്നതു കണ്ടപ്പോൾ അവയിൽ, ഏതാനും ഒരു ഭാഗം, തനിക്കു കിട്ടിയെങ്കിൽ; പില്ക്കാലത്തു തനിക്കു ലഭിക്കുന്ന സമ്പത്തശേഷം കൊടുത്തേക്കാമെന്നു ഒരു വാഗ്ദാനം ചെയ്യാൻ, ക്ഷുൽപീഡിതനായ അവൻ സന്നദ്ധനായിരുന്നു. അന്നത്തെ രാത്രി പൈദാഹങ്ങളെ സഹിച്ചുകൊണ്ടു, അവൻ അധികം ജനസഞ്ചാരം ഇല്ലാത്ത ഒരു വീഥിയുടെ അറ്റത്തു കിടന്നുറങ്ങി. പിറെറന്നാൾ തുറമുഖത്തു ചെന്നു, കപ്പലിൽ നിന്നു സാമാനം ഇറക്കുന്ന ജോലിയിൽ പ്രവേശിച്ചു കൂലി വാങ്ങി അതുകൊണ്ടു ആഹാരം കഴിച്ചു. ഇതിൽപിന്നെ കുറേനാൾക്രൂടി ഒരു ജോലിതന്നെ ചെയ്തു, സമ്പാദ്യം ഒരു മിച്ചം ഉണ്ടാക്കി, നിശ്ചിതദേശത്തേക്കായി വീണ്ടും പുറപ്പെട്ടു. ൦രം സ്ഥലത്തുവെച്ചു, ഏതാനും സംവത്സരങ്ങൾക്കിപ്പുറം, റിച്ച്മണ്ഡ് നിവാസികളായ നീഗ്രോ-ജനങ്ങൾ, ബുക്കറെ സന്ദർശിക്കയും, ബഹുമാനിക്കയും ചെയ്ത സംഗതിയെപ്പറ്റി, പുസ്തകത്തിൽ ഇങ്ങനെ കാണുന്നു.— "എന്നെ അഭിനന്ദിക്കാനായി രണ്ടായിരത്തോളം നീഗ്രോ-ജനങ്ങൾ ഹാജരുണ്ടായിരുന്നു. സൽക്കാരം നടന്നതു, ഞാൻ ബാല്യകാലത്തിൽ, ഏതാനും ദിനങ്ങളിൽ കിടന്നുറങ്ങിയിരുന്ന തെരുവീഥിയുടെ അടുക്കൽവച്ചു തന്നെയായിരുന്നു. ഉപചാരം സന്തോഷജനകവും, സ്നേഹപൂർവ്വവും ആയിരുന്നുവെങ്കിലും, എന്റെ മനസ്സു തല്ക്കാലം ലയിച്ചതു, എനിക്കു ആ നഗര

ത്തിൽ ആദ്യവാസസ്ഥാനമായി ഭവിച്ചിരുന്ന വീഥിയുടെ ഭാഗത്തിന്മേൽ ആയിരുന്നു".

൭൬-റിച്ച്" മണ്ഡിൽ നിന്നും വിശേഷഗതികളൊന്നും കൂടാതെ തന്നെ ഹാമ്പ്ടണിൽ എത്തി. അപ്പോൾ കൈവശം രണ്ടു രൂപയോളം ഉണ്ടായിരുന്നു. എത്രയോ നാളായി കാണണമെന്നു കൊതിച്ചുകൊണ്ടിരുന്ന പാഠശാല കണ്ട ക്ഷണത്തിൽ താൻ അനുഭവിച്ച കഷ്ടതകളെല്ലാം ഇവൻ മറന്നു കഴിഞ്ഞു. ഇതുപോലെ വിശാലവും മനോഹരവും ആയ സ്ഥാപനത്തെ താൻ മുമ്പു കണ്ടിട്ടില്ലെന്നു അവൻ വിചാരിച്ചു. അതിന്റെ ദർശനം അവനിൽ നവമായ ജീവചൈതന്യത്തെ ജനിപ്പിച്ചു. ജീവിതത്തിനു ഒരു ഉദ്ദേശ്യം ഉണ്ടെന്നു അപ്പോൾ അവൻ മനസ്സിൽ കരുതി. പരിശുദ്ധമായ പുണ്യസ്ഥലം കണ്ടു അവന്റെ കണ്ണുകൾ ആനന്ദിച്ചു. ആ പാഠശാലയിൽ പ്രവേശിച്ചു, ബുദ്ധിവികാസം ഉണ്ടാക്കുന്ന വിദ്യ സമ്പാദിച്ചു, പരോപകാരംചെയ്തുകൊണ്ടു തന്റെ ജീവിതം കഴിച്ചുകൂട്ടണമെന്നു അവൻ അപ്പോൾ തന്നെ പ്രതിജ്ഞചെയ്തു.

൭൭- ഇതിന്റെശേഷം ബുക്കർ, കഴിയുന്ന വേഗത്തിൽ പ്രധാനാധ്യാപികയുടെ അടുക്കൽ ചെന്നു. ഏറെ നാളായി ശരിയായ ആഹാരവും, കുളിയും, ഇല്ലാതെയിരുന്നതിനാൽ പ്രാകൃതനായും, ജീർണ്ണവസ്ത്രധാരിയായും ഇരുന്ന ഈ യുവാവിനോടു, പെട്ടെന്നു അധ്യാപികയ്ക്കു സന്തോഷമോ അനുകമ്പയോ ഉണ്ടാകാൻ ന്യായമില്ലായിരുന്നു. ഇവൻ അവളുടെ മുറിയിൽ നില്ക്കുവേതന്നെ വന്ന വേറെ നീഗ്രോ ബാലന്മാരെ അവൾ ക്ലാസുകളിലേക്കായി പറഞ്ഞയച്ചു. അവരോടു അവൾ കാണിച്ച ഔദാസ്യത്തിൽ ഒരു പങ്കു തനിക്കും ഉണ്ടാകണമെന്നത്രേ ഇവൻ അപ്പോൾ സ്വാന്തമാ പ്രാർത്ഥിച്ചതു്.

൭൮- ഇങ്ങനെ ഒന്നരണ്ടു മണിസമയം കഴിഞ്ഞപ്പോൾ അവൾ ഇവനെ നോക്കി പറഞ്ഞതു,-അടുത്ത ക്ലാസുമുറി

വൃത്തികേടായിരിക്കുന്നു. ഈ ചൂലെടുത്തു കൊണ്ടുപോയി അതു വെടിപ്പാക്കുക" എന്നായിരുന്നു.

൩൨– ഈ സംഗതിയെപ്പറ്റി പുസ്തകത്തിൽ ഇപ്രകാരം കാണുന്നു. "ഇതുതന്നെ തരം എന്നു എനിക്കു തോന്നി. ഇതു സന്തോഷത്തോടെ ഇതിനുമുമ്പു ഒരു കല്പനയും ഞാൻ കേട്ടനടന്നിട്ടില്ല. ഞാൻ മുമ്പു റഫ്നർ മദാമ്മയുടെ ചെറുക്കനായി താമസിച്ചിരുന്ന കാലത്തു, തുടുവാരുന്ന ജോലി നൃപതി മണ്ണാ പഠിച്ചിരുന്നു. അതുകൊണ്ടു ആ ജോലി ഇവിടെയും ഭംഗിയായി ചെയ്യാമെന്നു എനിക്കു ധൈര്യം ഉണ്ടായിരുന്നു. ഞാൻ ക്ലാസുമുറി മൂന്നതവണ തുടുത്തു. പിന്നീടു ഒരു കഷണം തുണിയെടുത്തു നാലു പ്രാവശ്യം തറയിലെ പൊടി എല്ലാം തുടച്ചു. പിന്നീടു മേശ, കസാല, ബെഞ്ചു, ജന്നലുകൾ ഇവയെല്ലാം നാലുതവണ തുടച്ചു വൃത്തിയാക്കി. ഈ മുറി നന്നാക്കിയ മാതിരി കണ്ടു അധ്യാപികയ്ക്കു എന്നോടുണ്ടാകുന്ന പ്രീതിയാണു എന്റെ ഭാവിയായ ശ്രേയസ്സിനു കാരണമാകേണ്ടതെന്നു അപ്പോൾ എനിക്കു തോന്നി. ജോലി തീർത്തിയായപ്പോൾ, ഞാൻ അവളെ വിവരം അറിയിച്ചു. അവൾ പരിശോധിക്കുന്നതിനു അതിസാമർത്ഥ്യമുള്ള സ്ത്രീയായിരുന്നു. മുറിയിൽ വന്ന ഉടനെ അവൾ സാമാനങ്ങളെ തിരിച്ചും മറിച്ചും നോക്കി; കൈലേസ്സു എടുത്തു മേശയിലും, ബെഞ്ചിലും, ജന്നലിലും തുടച്ചു നോക്കി. തറയിൽ സല്പംപോലും അഴുക്കും, സാമാനങ്ങളിൽ ഒട്ടുംതന്നെ പൊടിയും, ഇല്ലെന്നു കണ്ട ഉടൻ, മൃദുസ്വരത്തിൽ പറഞ്ഞു. "കൊള്ളാം. നിന്നെ ഇവിടെ ചേർക്കുന്നതിൽ വിരോധം ഇല്ല." ഇതുകേട്ട മാത്രയിൽ, എനിക്കുണ്ടായ ആനന്ദത്തിനു അതിരില്ലായിരുന്നു. ആ മുറി അടിക്കുകയായിരുന്ന എന്റെ പരീക്ഷ. ഈ പരീക്ഷയിൽ ഞാൻ വിജയം പ്രാപിച്ചപ്പോൾ എനിക്കുണ്ടായ സന്തോഷം, ഇതരയുവാക്കന്മാർക്കു ഇതരപരീക്ഷാവിജയത്തിൽനിന്നു ഉണ്ടാകുന്ന സന്തോഷത്തിൽ, ഒട്ടും താഴ്ന്നതല്ലായിരുന്നു. ഇതിൽ പിന്നീടു ഞാൻ അനേകം പരീക്ഷകൾ ജയിച്ചിട്ടുണ്ട്. എന്നാൽ ഈ ആദ്യ

പരീക്ഷയിൽ ഉണ്ടായ വിജയമാണു ഞാൻ സർവ്വാ ശ്ലാഘ്യമായി ഗണിച്ചിട്ടുള്ളത്.

൯൫- വിദ്യാലയത്തിലെ ജോലിക്കാരിൽ ഒരുവനായി ബുക്കർ അംഗീകരിക്കപ്പെട്ടു. ജോലി കുറെ കഠിനമായിരുന്നുവെങ്കിലും, അവൻ അതിനെ ശരിയായി വഹിച്ചുവന്നു. എന്നു മാത്രമല്ലാ, തന്റെ പഠിത്തത്തേയും വർദ്ധിപ്പിച്ചു. അക്കാലത്തും അതിൽ പിന്നീടും ഈയാംശു പ്രധാനാധ്യാപികയായ മിസ് മേരി. എഫ്. മക്കീ എന്ന മഠാമ്മയിൽ നിന്നു ലഭിച്ച ഉപദേശപ്രോത്സാഹനങ്ങളും, ഹൃദയത്തിൽ സദാ ധൈര്യത്തെയും സന്തോഷത്തെയും ജനിപ്പിച്ചിരുന്നു. ൯൬- ഇക്കാലത്തു നമ്മുടെ യുവാവിനു സാമുവൽ ആർമ്സ്ട്രാങ്ങ് എന്ന പേരുള്ള മഹാനോടു പരിചയം ഉണ്ടായി. കണ്ട മാത്രയിൽ, ഇദ്ദേഹം സൽഗുണങ്ങളുടെ സങ്കേതസ്ഥാനമാണെന്നു അവനു മനസ്സിലായി. അമാനുഷമായ യോഗ്യത ഈ മഹാമനസ്കനിൽ പരിപൂർണ്ണമായി ശോഭിച്ചുകൊണ്ടിരുന്നു. ദിവ്യനായ ഈ പുരുഷശ്രേഷ്ഠനോടു സഹവാസംചെയ്യുന്നതുതന്നെ മഹത്തായ വിദ്യാഭ്യാസമായിരുന്നു. "മഹാനുഭാവസംസർഗ്ഗം മഹത്വം നൽകുമേവനും."

൯൭- ഇദ്ദേഹം നീഗ്രോ-ജാതിക്കാർക്കുവേണ്ടി ഹാമ്പ്ടണിൽ ചെയ്തിട്ടുള്ള നിർവ്യാജമായ യത്നത്തിനു അവർ എത്രത്തോളം നന്ദി പറഞ്ഞാലും മതിയാകയില്ല. തന്റെ സുഖത്തേയും, ധനത്തേയും, ജീവനേയും, സമസ്തഭാഗ്യങ്ങളേയും നീഗ്രോ-സാധുജനങ്ങളുടെ ഉദ്ധാരണത്തിനായി വ്യയംചെയ്ത ഈ മഹാനെ, അദ്ദേഹത്തിന്റെ യത്നത്തിന്റെ ഫലഭോക്താക്കളായ, ബുക്കറുടെ ജാതിക്കാർ, ദൈവമെന്നു വിശ്വസിച്ചിരുന്നു. ബുക്കർ ഇദ്ദേഹത്തിന്റെ നേർക്കു ഒരവസരത്തിൽ കാണിച്ച നന്ദിയെപ്പറ്റി പുസ്തകത്തിൽ ഇപ്രകാരം വർണ്ണിച്ചിട്ടുണ്ട്.

൯൮- ജെനറൽ ആർംസ്ട്രാങ്ങ് തന്റെ ജീവിതകാലത്തിന്റെ ഒടുവിൽ ഒരു രണ്ടുമാസക്കാലം ടസ്കൂജിയിൽ എന്റെ ഗൃഹത്തിൽ നയിച്ചിരുന്നു. അക്കാലത്തു പക്ഷവാതത്താൽ പീഡിതനായിരുന്ന അദ്ദേഹത്തിനു ദേഹത്തിനും

ശബ്ദത്തിനും അധികം വൈകല്യം ഉണ്ടായിരുന്നു. ഇക്കാല ത്തുപോലും, തന്റെ ജീവിതത്തിന്റെ പരമോദ്ദേശ്യമാക്കിയി രുന്ന ഞങ്ങളുടെ വഗ്ഗ്നാനതിക്കായി അദ്ദേഹം, അഹോ രാത്രം അക്ഷീണമായ പരിശ്രമം ചെയ്യുവന്നിരുന്നു. "തൻ കാര്യം വൻകാര്യം" എന്നു ഗണിക്കാത്ത മഹാമനസ്കന്മാ രായി, അപൂർവ്വജാതന്മാരായി, ഇഹലോകത്തിൽ സ്വജീവിത ജ്യോതിസ്സുകൊണ്ടു അത്യുന്നതമായ സ്ഥാനത്തെ അലങ്കരി ച്ചിട്ടുള്ള ദിവ്യപുരുഷന്മാരുടെ പങ്ക്തിയിൽ അഗ്രാസന സ്ഥാനത്തിനു സർവ്വപ്രകാരേണ അർഹനായിരുന്ന മഹാനാ യിരുന്നു അദ്ദേഹം. ഹാമ്പ്ടണിൽ വേലചെയ്യു പാർത്തിരു ന്നപ്പോൾ അദ്ദേഹത്തിന്റെ സ്നേഹപൂർവ്വമായ സഹായം ഉൽക്കർഷേച്ഛയോടുകൂടി യത്നിച്ചുവന്ന സർവ്വജനങ്ങൾക്കും ഉണ്ടായിട്ടുണ്ട്. യുദ്ധകാലത്തു അദ്ദേഹം ദാക്ഷിണാത്യന്മാ രായ വെള്ളക്കാരെ എതിർത്തു പോരു ചെയ്തിട്ടുണ്ടായിരുന്നെ ങ്കിലും, അവരോടു അതിൽപിന്നെ ഒരിക്കലും ദ്വേഷം ഭാവി ച്ചില്ലെന്നു മാത്രമല്ല അവർക്കു ആവശ്യപ്പെട്ട സഹായം സ ന്തോഷത്തോടുകൂടി ചെയ്യുന്നതിനു സദാ സന്നദ്ധനായിരി ക്കയും ചെയ്തിരുന്നു. ഹാമ്പ്ടണിലെ വിദ്യാർത്ഥികൾക്കു ംരം മഹാന്നോടുണ്ടായിരുന്ന ഭക്തിയോ സ്നേഹമോ ഇന്നുവി ധമുള്ളതായിരുന്നുവെന്നു പറഞ്ഞറിയിക്കാൻ പ്രയാസം തന്നെ. ശിഷ്യന്മാർ അദ്ദേഹത്തെ ംരംശ്വരതുല്യനായി കരുതിവന്നിരുന്നു. അദ്ദേഹം ഏറെകാര്യം ഏതായാലും അതു നിർവിഘ്നം പര്യവസാനിക്കുമെന്നു ഒരു ദൃഢവിശ്വാസം എനിക്കു തോന്നിയിരുന്നു. അദ്ദേഹത്തിന്റെ യത്നം സഫ ലമാക്കുന്നതിനു എന്തു ചെയ്യുന്നതിനും ശിഷ്യന്മാർ സദാ സന്നദ്ധന്മാരായിരുന്നു. അദ്ദേഹത്തിനുവേണ്ടി എന്തും ചെയ്യു ന്നതിനു ഞങ്ങൾ താല്പര്യമുള്ളവരായിരുന്നു. എന്റെ ഗൃഹ ത്തിൽ താമസിച്ചിരുന്ന കാലത്തു ഒരു ദിവസം ഒരു സ്ഥലം കാണിക്കുന്നതിനു ഇദ്ദേഹത്തെ ഒരു കുന്നിന്റെമേൽ, കസേ രവണ്ടിയിൽ ഇരുത്തി കൊണ്ടുപോകേണ്ടതായി വന്നു. അപ്പോൾ ഈ വണ്ടിയെ ഉന്തി കുന്നിന്റെമേൽ കയറി യതു പഴയ ശിഷ്യന്മാരിൽ ഒരുത്തനായിരുന്നു. ംരം അധ്യാ

നം അയാളെ വളരെ ക്ഷീണിപ്പിച്ചു, എങ്കിലും കുന്നിന്മേൽ എത്തിയ ഉടൻ, സന്തുഷ്ടനായ അവൻ പറഞ്ഞതു "ഇദ്ദേഹം മരിക്കുന്നതിനു മുമ്പു ഇദ്ദേഹത്തിനുവേണ്ടി പ്രയാസമുള്ളതായ ഒരു വേല ചെയ്യുന്നതിനു ഇപ്പോൾ എനിക്കു അവസരം ലഭിച്ചതിനാൽ ഞാൻ വളരെ കൃതാർത്ഥനായിരിക്കുന്നു" എന്നായിരുന്നു.

൧൪- പള്ളിക്കൂടത്തിൽ പഠിക്കുന്ന കാലത്തും ശിഷ്യന്മാരെല്ലാം ഇദ്ദേഹത്തിന്റെ പ്രീതി സമ്പാദിക്കുന്നതിനു ഏതു വിധമായ കഠിനജോലിയും ചെയ്യുന്നതിനു തയ്യാറായിരുന്നു.

൧൫- ബുക്കർ ഹാമ്പ്ടൺ പാഠശാലയിൽ പഠിച്ചു താമസിച്ചകാലം ഒരിക്കൽ അവിടെ വന്നവർക്കെല്ലാം ആവശ്യപ്പെട്ട സ്ഥലം ശയനഗൃഹത്തിൽ ഇല്ലാതെവന്നു. അതുകൊണ്ടു വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി ജെനറൽ ആറം സ്ട്രാങ്ങ് തറയിൽ ഏതാനും ക്രാരങ്ങളം അടിച്ചു. വർഷകാലത്തിൽ പഴയവിദ്യാർത്ഥികളം ഇവയ്ക്കുള്ളിൽ താമസിക്കുന്നതായാൽ അദ്ദേഹത്തിനു സന്തോഷമുണ്ടായിരിക്കുമെന്നുള്ള അഭിപ്രായം അവർ അറിഞ്ഞപ്പോൾ ഒന്നൊഴിയാതെ അവർ അതിനനുവാദം വേണമെന്നു അപേക്ഷിച്ചു. അപ്രകാരം ചെയ്തവരിൽ ഒരാളായിരുന്നു, ബുക്കർ. ക്രാരങ്ങളിൽ ആ വർഷകാലം താമസിച്ചവർ അനുഭവിച്ച കഷ്ടപ്പാടു ഒട്ടും സാമാന്യമായിരുന്നില്ല. എന്നാൽ അതൊന്നും അദ്ദേഹം അറിഞ്ഞുകൊണ്ടുകയില്ല. ഇവരിൽ ആരും യാതൊരു ആവലാതിയും പുറപ്പെടുവിച്ചില്ല. തങ്ങളുടെ പ്രവൃത്തി അദ്ദേഹത്തിനു തൃപ്തിയും നൂതനമായി വന്ന വിദ്യാർത്ഥികൾക്കു സൌകര്യവും ഉളവാക്കുമെന്നുള്ള ബോധം അവരെ ധൈര്യപ്പെടുത്തി. ശീതവും, കാറും ഉള്ള രാത്രികളിൽ പലപ്പോഴും അവരുടെ ക്രാരം മറിഞ്ഞുവീണുപോയിരുന്നതിനാൽ അവർ സങ്കടപ്പെട്ടിട്ടുണ്ടായിരുന്നു. എന്നാലും ദിവസം തോറും രാവിലെ അവരെ കാണ്മാനായി വന്ന ആ മഹാത്മാവിന്റെ ഉത്സാഹജനകവും സന്തോഷപ്രദവും ആയ പ്രിയവാക്കുകളം അവരുടെ ദുഃഖത്തെയെല്ലാം നശിപ്പിച്ചുവന്നിരുന്നു.

ന്നു- ബുക്കറുടെ അത്യാദരവിനു വിഷയീഭൂതനായ ജനറൽ ആറംസ്ട്രാങ്ങിനു സദൃശന്മാരായിട്ടുള്ള എത്രയോ മഹാന്മാർ യുദ്ധാവസാനശേഷം നീഗ്രോ-ജനങ്ങൾക്കു വലുതായ സഹായം ചെയ്തിട്ടുണ്ട്. നീഗ്രോ-വിദ്യാഭ്യാസവിഷയത്തിൽ പരിശ്രമിച്ചു വന്നിരുന്ന സ്ത്രീപുരുഷന്മാരെപ്പോലെ അസംതൃപ്തപരത, ബുദ്ധിവിശാലത, ചാരിത്രശുദ്ധി ഇത്യാദിഗുണങ്ങളെ പ്രദർശിപ്പിച്ചിട്ടുള്ളവർ, ലോകത്തിൽ അപൂർവ്വം തന്നെ എന്നുള്ളതു അസത്യമല്ല.

൯൨- ഹാമ്പ്ടൺ വിദ്യാലയത്തിൽ ചെന്നുചേർന്നതിൽ പിന്നെ, ബുക്കർ ഗ്രഹിച്ച ചില സംഗതികളെക്കുറിച്ചു, അയാൾ ഇപ്രകാരം എഴുതിയിരിക്കുന്നു,—എനിക്കു, ഹാമ്പ്ടണിലെജീവിതം, നിരന്തരമായ ഒരു ശ്രുതിബോധകാലമായിരുന്നു. ഞാൻ നവമായ ഒരു ലോകത്തിൽ പ്രവേശിച്ചിരുന്നുവെന്നു എനിക്കു സദാ തോന്നിത്തുടങ്ങി. ക്രമപ്രസമയങ്ങളിൽ ആഹാരം കഴിക്കുക, വിരിപ്പുള്ള മേശയിൽവച്ചിട്ടുള്ള പാത്രത്തിൽനിന്നു ഭക്ഷണദ്രവ്യങ്ങളെ അനുഭവിയ്ക്കുക, നാപ്കിൻ എന്നുപേരുള്ള ലേസു ഉപയോഗിക്കുക, തൊട്ടിയിൽ ഇരുന്നു കുളിയ്ക്കുക, ക്രച്ചിക(ബ്രഷ്)കൊണ്ടു പല്ലു തേയ്ക്കുക, വിരിപ്പുണ്ടായിട്ടുള്ള മെത്തമേൽ കിടക്കുക,—ഇതെല്ലാം എനിക്കു പുതുമകളായിരുന്നു. ഹാമ്പ്ടൺ വിദ്യാലയത്തിൽവച്ചു, ഞാൻ പഠിച്ചിട്ടുള്ള പാഠങ്ങളിൽ ഏറ്റവും അനഘമായിട്ടുള്ള ഒന്നു, സ്നാനത്തിന്റെ ഉപയോഗത്തെയും മാഹാത്മ്യത്തെയും, പറ്റിയുള്ളതാണെന്നു, ഞാൻ ചിലപ്പോൾ നിരൂപിക്കാറുണ്ട്. ദേഹം ശുചിയാക്കിവയ്ക്കുന്നതിനും, തന്മൂലം സ്വാഭിമാനത്തെയും, വൃത്തിഗുണത്തെയും പരിപാലിക്കുന്നതിനും, സ്നാനകർമ്മം സഹായിക്കുന്നുവെന്നുള്ള അറിവു അവിടെവച്ചാണു ഞാൻ സമ്പാദിച്ചതു. ഹാമ്പ്ടണിൽനിന്നു നിർഗ്ഗമിച്ചതിന്റെശേഷം, ദക്ഷിണദേശങ്ങളിലും മറ്റും സഞ്ചരിച്ചകാലങ്ങളിലും, ഞാൻ ദിവസംതോറും കുളിക്കാതെയിരുന്നിട്ടില്ല. ഒരു മുറിമാത്രമുള്ള ഗൃഹങ്ങളിൽ, എന്റെ അമ്മമാരുടെ അതിഥിയായി ഞാൻ താമസിച്ചിട്ടുള്ള ചില സന്ദർഭങ്ങളിൽ, കുളിക്കുന്നതിനായി ഞാൻ

കാട്ടിലുള്ള വല്ല പുഴയിലേയ്ക്കും, പോക പതിവായിരുന്നു. എല്ലാ വീടുകളിലും കുളിപ്പുര, ഉണ്ടായിരിക്കണമെന്നും, ഞാൻ എന്റെ ആളുകളോട് ഉപദേശിക്കാറുണ്ട്. ഹാമ്പ്ടണിൽ വിദ്യാർത്ഥിയായി പാർത്തിരുന്ന സമയം കുറേക്കാലം എനിക്കു ഒരുജോടി കാലുറയേ ഉണ്ടായിരുന്നുള്ളു. അതു അഴുക്കായപ്പോൾ അതിനെ രാത്രിയിൽ ഞാൻതന്നെ അടിച്ചുനനച്ചു തീയ്യിൽ ഉണക്കി പിറേറന്നാൾ ധരിച്ചു വന്നിരുന്നു."

ന്യൂ- ബുക്കർ, ഹാമ്പ്ടണിൽ ഭക്ഷണച്ചെലവിനും താമസത്തിനും ആയി പ്രതിമാസം ഫം-ഡാളർ (ഒരുഡാളർ എന്ന അമേരിക്കാനാണയത്തിനു ഇപ്പോൾ ബ്രി-രൂ-നു അണ മ വിലയുണ്ട്.) കൊടുക്കേണ്ടിയിരുന്നു. ഇതിൽ ഏതാനും രൊക്കമായും എതാനും ജോലിയെടുത്തും അടയ്ക്കണമെന്നായിരുന്നു എടുപ്പാട്. ബുക്കർ ചെന്നചേർന്ന സമയം അവന്റെ കൈവശം അമ്പതു സെൻറുണ്ടായിരുന്നു. (ഒരു സെൻറിനു വില അരയണയാണ്.) സഹോദരനായ ജാൻ വല്ലപ്പോഴും അയച്ചു വന്നിരുന്ന സല്പസംഖ്യയല്ലാതെ അവന്റെപക്കൽ വേറെ പണമൊന്നും ഇല്ലായിരുന്നു. അതിനാൽ ജോലിചെയ്യുന്ന വിഷയത്തിൽ അവൻ ഒട്ടും അമാന്തം കാണിച്ചില്ല. തന്റെ പണികൊണ്ടുവേണം തന്റെ ആഗ്രഹം നിർവ്വഹിക്കുന്നതിനുള്ള മാർഗ്ഗം നേടേണ്ടതെന്നു അവൻ ആദ്യംതന്നെ കരുതീട്ടുണ്ടായിരുന്നു. അവന്റെ വേലയുടെ ഗുണം അറിഞ്ഞു അധികാരികൾ പ്രതിഫലമായി ഭക്ഷണച്ചെലവു ഇളവു ചെയ്തുകൊടുത്തു. ഫീസുവകയ്ക്കായി പ്രതിവർഷം ൦-ഡാളർ കൊടുക്കേണ്ടതായിരുന്നു. ഇതും ഭക്ഷണച്ചെലവും അവൻ കൊടുക്കേണ്ടതായിത്തന്നെ വന്നിരുന്നുവെങ്കിൽ അവിടത്തെ പഠിത്തം അപ്പോൾതന്നെ മതിയാക്കുന്നതിനേ നിവൃത്തി കാണുമായിരുന്നുള്ളു. എന്നാൽ ജനറൽ ആറംസ്ട്രാങ്ങിന്റെ കരുണാപൂർവ്വമായ സഹായത്താൽ എസ്.ഗ്രിഫിറ്റ്സ മാർട്ടൻ എന്ന പേരായ ഉണവാൻ ബുക്കർ ഫീസ് വകയ്ക്കു വേണ്ടിവന്ന ദ്രവ്യം കൊടുത്തുവന്നിരുന്നു. ഈവിധം അവൻ വിദ്യയഭ്യസിച്ചു. ഹാമ്പ്ടണിലെ വിദ്യാഭ്യാസം കഴിഞ്ഞതിന്റേയും ടെസ്കുജി

യിൽ ജോലിയിൽ പ്രവേശിച്ചതിന്റേയും ശേഷം ബുക്കർ പലതവണ മിസ്റ്റർ മാഫ്ഫനെ സന്ദർശിച്ചിട്ടുണ്ട്.

൩- ഹാമ്പ്ടൺ വിദ്യാലയത്തിൽ ചേർന്നു കുറെക്കാലം കഴിഞ്ഞപ്പോൾ പുസ്തകവും വസ്ത്രവും വാങ്ങുന്നതിനു പണമില്ലാതെ ബുക്കർ ബുദ്ധിമുട്ടി. സാധാരണയായി അവൻ സതീർത്ഥ്യന്മാരുടെ പുസ്തകം കടം വാങ്ങി വായിച്ചു കാര്യം സാധിച്ചു. ഒരു ചെറിയ സഞ്ചി മാത്രമേ അവനുണ്ടായിരുന്നുള്ളു. ജനറൽ തന്നെയാണു വസ്ത്രപരിശോധന നടത്തിവന്നിരുന്നത്. ചെരുപ്പുകൾ മിനുസപ്പെട്ടിരിക്കണം, ഉടുപ്പുകളിൽ കുടുക്കുകൾ വേണ്ടപോലെ കാണണം, വസ്ത്രങ്ങളിൽ മെഴുക്കും അഴുക്കും ഉണ്ടായിരിക്കരുതു, എന്നൊക്കെയായിരുന്നു അദ്ദേഹത്തിന്റെ ഏർപ്പാട്. പണിയെടുക്കുമ്പോഴും പഠിക്കുമ്പോഴും ഒരേ ഉടുപ്പിനേ തന്നേ ധരിക്കുകയും അതിനെ സദാ കാലത്തും ശുചിയാക്കിവച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതു പ്രയാസമുള്ള സംഗതിയായിരുന്നു. ഒരുവിധം അവൻ കഴിച്ചുകൂട്ടിയെന്നേ പറയാനുള്ളൂ. അവനു ഏതുവിധമെങ്കിലും കുറ്റം സാധിക്കണമെന്നുള്ള താല്പര്യം ഉണ്ടായിരുന്നുവെന്നു ചില ഉപാദ്ധ്യായന്മാർ ധരിച്ചതിൽപിന്നെ അവരുടെ സഹായത്താൽ ഉദാരന്മാരായ മഹാന്മാർ സംഭാവനയായി ആ പാഠശാലയിലേയ്ക്കു അയച്ച പഴയ ഉടുപ്പുകളിൽ ചിലതു അവനും ലഭിച്ചു. സാധുക്കളും സഹായാർഹന്മാരുമായ അനേകം വിദ്യാർത്ഥികൾക്കു ഒരം വസ്ത്രങ്ങൾ വളരെ ഉപയോഗപ്പെട്ടിട്ടുണ്ട്. നമ്മുടെ ബാലനു ഒരം വിധം സഹായം ലഭിച്ചില്ലായിരുന്നുവെങ്കിൽ അവനു ഹാമ്പ്ടണിൽ വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ കഴികയില്ലായിരുന്നു.

൪- ബുക്കർ പറഞ്ഞിരിക്കുന്നു,—"ഞാൻ ഹാമ്പ്ടണിൽ ചെന്നതിന്റെ ശേഷമത്രെ ഞാൻ രണ്ടു തുണി വിരിച്ചിട്ടുള്ള മെത്തയിൽ ആദ്യമായി കിടന്നതു്. അക്കാലത്തു അവിടെ കെട്ടിടങ്ങൾ അധികം ഇല്ലായിരുന്നു. ഉള്ളതിൽ താമസിക്കുന്നതിനു ആളുകൾ അനേകം ഉണ്ടായിരുന്നതാണും. എന്റെ മുറിയിൽതന്നെ ഞാൻ ക്ലാതെ ഏഴുകുട്ടികൾ ഉണ്ടായിരുന്നു. അവരിൽ മിക്കവരും ഞാൻ വന്നതിനു മുമ്പു വന്നിട്ട

ള്ളവരും ആയിരുന്നു. കിടക്കയിൽ രണ്ടു തുണികളുടെ ആവശ്യം എന്തെന്നു ഞാൻ അറിയാതെ കുഴങ്ങി. ഒന്നാം ദിവസം ഞാൻ അവ രണ്ടും പുതച്ചു കിടന്നാറങ്ങി. പിറേറ ദിവസം രണ്ടിൻേറയും മേൽകിടന്നു. പിന്നീടു മറവുള്ളവർ ചെയ്യുന്നതുകണ്ടു ഞാൻ കാര്യം മനസ്സിലാക്കി. അക്കാലം അവിടെ ഉണ്ടായിരുന്നവരിൽ പ്രായം കുറഞ്ഞവൻ ഞാനായിരുന്നു. വിദ്യാഭ്യാസത്തിനായി വന്നിരുന്ന മിക്കയാളുകൾക്കും നാലുമുതൽ വയസ്സുവരെ പ്രായം ഉണ്ടായിരുന്നു. അവരെപ്പോലെ പഠിത്തവിഷയത്തിൽ അത്യാസക്തിയുള്ളവരായി മുന്നൂറു നാനൂറുപേരേ ഒരേസമയം, ഒരേസ്ഥലത്തു വച്ചു കാണ്മാൻ അതു എളുപ്പമില്ല. സദാനേരവും, അവർ വിദ്യാഭ്യസനത്തിലും, പ്രവൃത്തിപരിശീലനത്തിലും, ഏർപ്പെട്ടിരുന്നു. ലോകപരിചയത്താൽ വിദ്യയുടെ വില അറിഞ്ഞിട്ടുള്ളവരായിരുന്ന അവരെപ്പോം. പ്രായം ചെന്നവരിൽ പലർക്കും, പാഠപുസ്തകങ്ങൾ വേണ്ടംവണ്ണം പഠിക്കുന്നതിനുള്ള ബുദ്ധിശക്തി ഇല്ലായിരുന്നു. അവരുടെ ശ്രമം കാണികൾക്കു ദയനീയമായിത്തോന്നി; എങ്കിലും അവരുടെ ശ്രദ്ധ സ്തുത്യർഹമായിരുന്നു. പലരും എന്നെപ്പോലെ തന്നെ ദരിദ്രന്മാരായിരുന്നു. അവരെ അഭ്യസിച്ചു കാലക്ഷേപം കഴിക്കേണ്ടവരായ, വയസ്സു ചെന്ന മാതാപിതാക്കന്മാരും അവരിൽ പലർക്കും ഉണ്ടായിരുന്നു. ചിലർ ഭാര്യയും കുട്ടികളും ഉള്ളവരും, അവർക്കു ചെലവിനു കരുതേണ്ടവരുംകൂടി ആയിരുന്നു.

ഒ– എല്ലാവരേയും ഒന്നുപോലെ ഉജ്ജീവിപ്പിച്ചിരുന്ന ഉദ്ദേശം ഗ്രഹത്തിലുള്ള വേണ്ടവർക്കു, അഭിവൃദ്ധിയുണ്ടാക്കേണമെന്നുള്ള വിചാരമായിരുന്നു. തൻകാര്യത്തെ മാത്രം അധികം പ്രധാനമായി ഗണിച്ചിരുന്നില്ല. ഉപാദ്ധ്യായന്മാരും മറുദ്യോഗസ്ഥന്മാരും, വളരെ നല്ലവരായിരുന്നു. വേനൽക്കാലത്തും വർഷകാലത്തും അവർ, രാത്രിയിലും പകലും, ശിഷ്യജനങ്ങളുടെ അഭ്യുദയത്തിനുവേണ്ടി, വേലചെയ്തുവന്നിരുന്നു. ഏതുവിധവും ശിഷ്യന്മാരെ സഹായിക്കണമെന്നുള്ള ദൃഢവ്രതമത്രെ അവർക്കുണ്ടായിരുന്നതു്. യുദ്ധം തീർന്നസമയം

ഉത്തരദേശത്തെ വെള്ളക്കാരായ ഉപദേഷ്ടാക്കൾ, നീഗ്രോ-വിദ്യാഭ്യാസകാര്യത്തിൽ ചെയ്തിട്ടുള്ള മഹത്തരമായ ശ്രമവും സഹായവും വാക്കുകൾക്കു വിഷയമല്ല. അവരുടെ പ്രവൃത്തിയുടെ മാഹാത്മ്യം, ദാക്ഷിണാത്യന്മാരായ നീഗ്രോ-ജനങ്ങളുടെ, ഹൃദയത്തിൽ, കൃതജ്ഞതയോടുകൂടി വിളങ്ങുന്നുണ്ട്.

അദ്ധ്യായം ൪.

പരസഹായം ചെയ്തത്.

൧൮൬൫ ബുക്കർ ഹാമ്പ്ടൺ വിദ്യാലയത്തിൽ ചേർന്നു ഒരു വർഷം കഴിഞ്ഞപ്പോൾ അവനു വേറെ ഒരു വൈഷമ്യം നേരിട്ടു. വർഷാവസാനത്തിൽ വിദ്യാലയം അടയ്ക്കപ്പെട്ടു. ഒഴിവുകാലം വന്നപ്പോൾ വിദ്യാർത്ഥികൾ സ്വന്തഗൃഹങ്ങളിലേക്കു പോയിത്തുടങ്ങി. പള്ളിക്കൂടത്തിൽ താമസിക്കുന്നതിനു ആയ്ക്കും അന്നവാദം നൽകിയിരുന്നില്ല. വീട്ടിൽപോകുന്നതിനു വേണ്ട പണം ഇല്ലായിരുന്നുവെങ്കിലും പള്ളിക്കൂടത്തിൽനിന്നു പോകേണ്ടതു ആവശ്യമായിത്തീർന്നു. മറുള്ള വിദ്യാർത്ഥികൾ സ്വഗൃഹങ്ങളിലേക്കു പോകാൻ ഒരുങ്ങുന്നതു കണ്ടു നമ്മുടെ ബാലൻ വളരെ കുണ്ഠിതവും സങ്കടവും അനുഭവിച്ചു. അവനു വീട്ടിലേയ്ക്കുന്നല്ല ഒരിടത്തും തന്നെ പോകുന്നതിനു പണം ഉണ്ടായിരുന്നില്ല. യുവാക്കന്മാർക്കു സഹജമായുള്ള അഭിമാനം ഇവനും ഇല്ലാതിരുന്നില്ല. തനിക്കു ഒരിടത്തും പോകേണ്ടെന്നും, തന്റെ കൈവശം പണം ഇല്ലെന്നും, അന്യരുവാക്കളെ ധരിപ്പിക്കുന്നതു ഒരു പോരായ്മയെന്നാണു ഇവൻ കരുതിയത്. ബുക്കറുടെ കൈവശം തനിക്കത്ര ആവശ്യമില്ലാത്തതായി കുറേ പഴയതായ ഒരു ഉടുപ്പുണ്ടായിരുന്നു. അതു വിറ്റുകിട്ടുന്ന ദ്രവ്യം കൊണ്ടു അനധ്യായകാലത്തു വല്ലിടത്തുംപോയി വല്ല ജോലിയും

ചെയ്യു, കുറെ പണം സമ്പാദിക്കാമെന്നു ഇവൻ നിശ്ചയിച്ചു. തന്റെ പക്കൽ ഒരുടുപ്പു വില്ക്കാനുണ്ടെന്നു അവൻ ചില ആളുകളോടു പറഞ്ഞു. അവരിൽ ഒരുത്തൻ അവന്റെ മുറിയിൽ വന്നു ഉടുപ്പു നല്ലവണ്ണം പരിശോധിച്ചു ഇതിനെന്തുവേണം എന്നു ചോദിച്ചു. മൂന്നു ഡാളറോളം വിലയുണ്ടായിരിക്കും എന്നു അവൻ പറഞ്ഞപ്പോൾ വാങ്ങുവാൻ വന്നവൻ,—"ശരിതന്നെ, ഞാൻ ഉള്ളതു പറയാം, ഉടുപ്പു എടുത്തുകൊള്ളാം. രൊക്കമായി കയ്യിലുള്ള അഞ്ചു സെന്റു തരാം. ശേഷം ഉണ്ടാകുമ്പോൾ തന്നുതീർക്കാം" എന്നു പറഞ്ഞു. അപ്പഴത്തെ ബാലന്റെ വിചാരം വായനക്കാർ ഊഹിച്ചറിഞ്ഞുകൊള്ളട്ടെ.

൫- ഇപ്രകാരം ആശാഭംഗം ഉണ്ടായപ്പോൾ അനധ്യായകാലത്തിൽ ഹാമ്പ്ടൺ വിട്ടുപോകുന്നതിനു തനിക്കു കഴിവുണ്ടാകയില്ലെന്നു വിചാരിച്ചു ബാലൻ സ്വല്പം അധൈര്യപ്പെട്ടു. അത്യാവശ്യമായി വേണ്ടിവന്ന വസ്ത്രങ്ങളും മറ്റു സാമാനങ്ങളും സമ്പാദിക്കുന്നതിനുള്ള ധനമെങ്കിലും വേല ചെയ്തുണ്ടാക്കുന്നതെന്നു അവനു മോഹം ഉണ്ടായിരുന്നു. ഏതാനും നാൾ കഴിഞ്ഞപ്പോൾ കുട്ടികൾ മിക്കവരും സ്വഗൃഹങ്ങളിലേയ്ക്കു പോയിക്കഴിഞ്ഞു. ഇതു അവന്റെ കൃത്യത്തെ വർദ്ധിപ്പിച്ചു. ഹാമ്പ്ടൺ പട്ടണത്തിലുള്ളിലും വെളിയിലും അനേകം ദിവസം വേല അന്വേഷിച്ചതിന്റെശേഷം മൺറോ കൊട്ടയിൽ ഒരു ഭോജനശാലയിൽ ഇവനു ഒരു ജോലി ലഭിച്ചു. ശമ്പളം ചെലവുകഴിച്ചു സ്വല്പം ബാക്കിവയ്ക്കാൻ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും രാത്രിയിലും ജോലി ഒഴിഞ്ഞ സമയങ്ങളിലും, പുസ്തകപാരായണത്തിനു സൌകര്യം ഉണ്ടായിരുന്നതിനാൽ, അവൻ സന്തുഷ്ടനായി.

൬- പള്ളിക്കൂടം തുറക്കുന്നതിനു മുമ്പായി, ഇവൻ കൊടുക്കേണ്ടതായി കണക്കിൽ പതിഞ്ഞുകിടന്ന ഏഴു-ഡാളർ കൊടുത്തുതീർത്താൽ കൊള്ളാമെന്നു ഇവനു മോഹമുണ്ടായിരുന്നു. എന്നാൽ പണം തുക സമ്പാദിക്കാൻ, അവനു അപ്പോൾ കഴിവില്ലായിരുന്നു. ആ ഭോജനശാലയിൽ വേല

ചെയ്യ താമസിച്ച കാലത്തെ അവസാനവാരത്തിൽ ഒരുദി വസം ഒരു മേശയുടെ അടിയിൽ കിടന്ന ഒരു പത്തു ഡാളർ നോട്ട അവൻ കണ്ടെടുത്തു. അവന അപ്പോൾ ഉണ്ടായ സന്തോഷം അപരിമിതമായിരുന്ന. ആസ്ഥലം അവൻറെ തല്പായിരുന്നതിനാൽ അവൻ ആ നോട്ട ഉടമസ്ഥനെ കാണിച്ചു. അയാൾക്കും വളരെ സന്തോഷം തോന്നി. നോട്ട വാങ്ങിച്ചു "എൻറെ വീട്ടിൽ കിടക്കുന്ന പണ്ടങ്ങൾ എനിക്കുള്ളവയാണല്ലൊ,"—എന്നവകാശം പറഞ്ഞു അതിനെ അയാൾ എടുത്തു. ഇതു ബാലനെ വ്യാകുലപ്പെടുത്തി. "നടത്തണമെന്ന കരുതി ഞാൻ പ്രവർത്തിച്ചിട്ടുള്ള കാര്യങ്ങളെക്കുറിച്ചു ഞാൻ അധൈര്യപ്പെടുകയുണ്ടായിട്ടില്ല. സ്ഥിരോത്സാഹത്താൽ സാധ്യമാകാത്ത കാര്യം ഒന്നുമില്ലെന്നാണ എൻറെ വിശ്വാസം. പരാജയം ഉണ്ടാകുമെന്ന ഭയന്ന ഞാൻ യാതൊരു പ്രവൃത്തിയിൽനിന്നും പിന്മാറീട്ടില്ല. പ്രയാസം, വിഷമം, അസാദ്ധ്യം നടപ്പില്ല എന്ന പറഞ്ഞു മടിയന്മാരായിരിക്കുന്നവരോട എനിയ്ക്ക ബഹുമാനം തോന്നീട്ടുമില്ല, തോന്നുകയുമില്ല. വിജയം പ്രാപിക്കാനുള്ള മാർഗ്ഗം ചൂണ്ടിക്കാണിക്കുന്നവരോട എനിയ്ക്കുള്ള ബഹുമാനം എത്രയെന്ന കണക്കില്ല" എന്ന ബുക്കർ പ്രസ്താവിച്ചിട്ടുണ്ട്. "വ്യവസായസഹായാനാം നാതിപാരോ മഹോദധിഃ" എന്നുണ്ടല്ലൊ. ബുക്കർ ഒട്ടുംതന്നെ ഉത്സാഹശൂന്യനായി ഭവിക്കാതെ പള്ളിക്കൂടം തുറന്നപ്പോൾ അവിടെചെന്ന തൻറെ പരമാർത്ഥം ജെനറൽ ജെ. എഫ്. ബി. മാഷൽ എന്ന പേരായ ഖജാൻജി സായിപ്പിനോടുപറഞ്ഞു. കഴിവുള്ളപ്പോൾ കൊടുത്തു തീർത്താൽ മതിയെന്നും വിദ്യാലയത്തിൽ ചേരുന്നതിന വിരോധമില്ലെന്നും, അദ്ദേഹം പറഞ്ഞതു ബാലനെ വളരെ ആശ്വസിപ്പിച്ചു. രണ്ടാംവർഷത്തിലും അവൻ പാഠശാലയിൽ ഭൃത്യവേല ക്രമീ ചെയ്തുവന്ന.

ന്നെ- ഗ്രന്ഥങ്ങളിൽനിന്ന നമ്മുടെ യുവാവു അഭ്യസിച്ച വിദ്യ അവൻ ഇതരമാർഗ്ഗങ്ങളിൽ ക്രമീ അവിടെവച്ചു ഗ്രഹിച്ച അറിവിൽ എത്രയോ ചെറുതായ ഒരു ഭാഗമായിരുന്ന.

രണ്ടാംവത്സരത്തിൽ ആദ്യമായി അവൻ അനുഭവംകൊണ്ടറിഞ്ഞ ഒരു സാരസംഗതി, അധ്യാപകന്മാരുടെ സ്വാർത്ഥപരതയില്ലാത്ത അധ്വാനശീലമായിരുന്നു. അന്യന്മാർക്കായി സ്വന്ത ജീവിതത്തെ ദാനം ചെയ്യുന്നതിൽനിന്നും ഉള്ളവാകുന്ന കൃതാർത്ഥതയുടെ ആനന്ദപരിണാമം, എത്രയോ വലുതായിട്ടുള്ളതാണെന്ന ആ ദശയിലാണു ബുക്കർക്കു നല്ലവണ്ണം മനസ്സിലായത്. അന്യന്മാരുടെ നന്മയ്ക്കായി നിർവ്യാജം പരിശ്രമിക്കുന്ന മനുഷ്യനാണു പുരുഷശ്രേഷ്ഠനെന്നു നമ്മുടെ കഥാനായകൻ അക്കാലത്തു തീർച്ചയായി ധരിക്കയും, പില്ക്കാലത്തു പ്രവൃത്തിയാൽ ഉദാഹരിക്കയും ചെയ്തു.

ഒരു രണ്ടാംവർഷത്തിന്റെ അവസാനത്തിനകമാണു ബുക്കർ മിസ്സ്നതാലി ലാർഡ് എന്ന പേരായ അധ്യാപികയിൽനിന്നു സത്യവേദഗ്രന്ഥത്തിന്റെ മാഹാത്മ്യം ആസ്വദിച്ചുതുടങ്ങിയത്. ഇതിനെ മതസംബന്ധമായ വിഷയങ്ങളെ പ്രതിപാദിക്കുന്ന ഉപദേശോപായം, സാഹിത്യബോധത്തെ ഉളവാക്കുന്ന ഒരു ശാശ്വതഗ്രന്ഥമായും ഇവൻ സ്വീകരിച്ചതു അക്കാലത്തായിരുന്നു. അതിൽപിന്നീടു ഈ വേദപുസ്തകം ഒരുദിവസവും അവൻ പാരായണം ചെയ്യാതെ ഇരുന്നിട്ടില്ല. വാചാപ്രസംഗത്തിൽ ഇവനു പില്ക്കാലത്തുണ്ടായ ശ്രേഷ്ഠതയ്ക്കു കാരണം ഒരു അവസരത്തിൽ മേല്പറഞ്ഞ വിദുഷി ചെയ്ത ആ സഹായമായിരുന്നു. മിസ്സ് ലാർഡ് മദമ്മ ഇവനെ ശരീരശാസ്ത്രത്തിലും ഉച്ചാരണരീതിയിലും, ചില നിയമങ്ങളെ വ്യാഖ്യാനസഹിതം അഭ്യസിപ്പിച്ചു. പലർക്കുമിച്ചേർന്നിരിക്കുന്ന സഭകളിൽവച്ചു പ്രസംഗംചെയ്യണമെന്നുള്ള മോഹം സാധിക്കാനായി മാത്രം പ്രസംഗിക്കുന്നതിനു അയാൾ ഒരിക്കലും ഇച്ഛിച്ചിട്ടില്ല. കീർത്തിയെ ഉദ്ദേശിച്ചു മാത്രം വാക്സാമർത്ഥ്യം പ്രകടിപ്പിക്കുന്നതു തുച്ഛവും അനാദരണീയവും ആണെന്നാണു അയാളുടെ മതം. ലോകർക്കു ഉപയോഗപ്പെടുന്ന വിഷയങ്ങളേക്കുറിച്ചു സംസാരിക്കുന്നതിനു വേണ്ട സാമർത്ഥ്യം ഒരുത്തനുണ്ടായിരിക്കുന്നതു പ്രശംസനീയം തന്നെ.

ഒവ- ഹാമ്പ്ടണിൽ വിദ്യാത്ഥികൾ വാദപ്രതിവാദം നട ത്തുന്നതിലേക്ക ശനിയാഴ്ചതോറും സായംകാലത്തു ഒരു സഭ ക്കൂടിവന്നിരുന്നു. നമ്മുടെ യുവാവു ഈ സഭയുടെ യോഗങ്ങ ളിൽ എപ്പോഴും പ്രധാനമായ ഒരു അംഗം ആയിരുന്നു. ഈ അഭ്യാസം അയാൾക്ക പിൽക്കാലങ്ങളിൽ പ്രസംഗവിഷയ ത്തിൽ വളരെ ഉപകാരമായിത്തീർന്നു. രണ്ടാംസംവത്സര ത്തിന്റെ ഒടുവിലുള്ള അനധ്യായകാലത്തു മാതാവും സഹോ ദരനും ചെയ്ത ദ്രവ്യസഹായംകൊണ്ടു സ്വന്തവീട്ടിലേക്കു പോകുന്നതിനു ഇവനു കഴിവുണ്ടായി. മാതാവിനും മറ്റു ബന്ധുക്കൾക്കും, സജാതീയരായ ഇതരന്മാർക്കും ഇവനെക്ക ണ്ടപ്പോൾ വളരെ സന്തോഷവും കുതൂഹലവും ഉണ്ടായി. ഓരോ ഗൃഹങ്ങളിലും ഓരോദിവസം വിരുന്നുസല്ക്കാരം സ്വീകരിക്കുന്നതിനു ഇവൻ ക്ഷണിക്കപ്പെട്ടു. ആ അവസ രങ്ങളിൽ ഹാമ്പ്ടണിൽ ഇവൻ കണ്ടറിഞ്ഞ സംഗതികളെ പ്പറ്റി പറയുന്നതിനു ഇവൻ നിർബ്ബന്ധിക്കപ്പെട്ടതിനു പുറമേ പള്ളികളിലും, ന്യായാഴ്ചപ്പള്ളിക്കൂടങ്ങളിലും, വേറെ സ്ഥല ങ്ങളിലും പ്രസംഗം ചെയ്യുന്നതിലേക്കും ഇവന്റെ സഹായം അപേക്ഷിതമായിത്തീർന്നിരുന്നു. എങ്കിലും അവൻ ആഗ്ര ഹിച്ച വേല അവനു ലഭിച്ചില്ല. അവൻ സ്വദേശത്തിൽ എത്തിയകാലം ലവണശാലയിൽ ജോലിനടന്നിരുന്നില്ല. കാരണം, പ്രവൃത്തിചെയ്യുവാനുള്ള വേലക്കാർ, ഏതോ സംഗ തിവശാൽ പിണങ്ങി ജോലിചെയ്യാൻ പോകാതിരുന്നതായി രുന്നു. രണ്ടുമൂന്നു മാസത്തെ ശമ്പളപ്പണം മിച്ചം വന്നാൽ, അവർ ഇപ്രകാരം ചെയ്യുക പതിവായിരുന്നു. പിണങ്ങി നടന്നകാലം, ഈ പണം അവർ ചെലവുചെയ്തു വന്നു. അതു തീരുമ്പോൾ, പഴയ ക്രലിക്കു തന്നെ, വീണ്ടും ജോലി യിൽ പ്രവേശിക്കയോ, അഥവാ കടംവാങ്ങി വേല തേടി അന്യസ്ഥലത്തേയ്ക്കു പോകയോ, ചെയ്യുന്നതു അവരുടെ സാധാരണ നടവടിയായിരുന്നു. ഏതായാലും പിണക്കം തീരുമ്പോൾ, അവരുടെ മടിശ്ശീല ഒഴിഞ്ഞിരിക്കുമെന്നുള്ള തിനു തക്കം ഇല്ലായിരുന്നു. ഈ പിണക്കത്താലായിരുന്നു നമ്മുടെ ബാലനു വേല കിട്ടാതിരുന്നതു. ഒരുമാസം അ

വൻ സ്വസ്ഥമായി താമസിച്ചു. അതിൽ പിന്നീടു കുറെ ദൂരെയുള്ള ഒരിടത്തേയ്ക്കു അവൻ ജോലിയന്വേഷിച്ചുപോയി. അവിടെയും ആഗ്രഹം സാധിച്ചില്ല. തിരികെ ഗൃഹത്തിലേയ്ക്കു പുറപ്പെട്ടപ്പോൾ രാത്രിയായി. ഗൃഹത്തിനു, ഒരു മയിലോ മറേറാ അടുത്തായപ്പോൾ, ക്ഷീണിച്ചു, നടക്കാൻ പോലും അശക്തനായ ബാലൻ ഒഴിഞ്ഞുകണ്ട ജീർണ്ണമായ ഒരു ഗൃഹത്തിൽ കേറി കിടന്നുറങ്ങി. ഏഴര നാഴിക വെളുപ്പുണ്ടായിരുന്നപ്പോൾ സോദരനായ യോഹന്നാൻ, ഉറങ്ങികിടന്ന ഇവനെ കണ്ടുക്രുടി, ഉണർത്തി, സാവധാനമായി, 'നമ്മുടെ അമ്മ ഇന്നുരാത്രിയിൽ ചരമഗതിയെ പ്രാപിച്ചു.' എന്നു പറഞ്ഞു കേൾപ്പിച്ചു.

൧൮- അവധികാലത്തെ ഒന്നാംമാസത്തിലുള്ളിലാണു തന്റെ പ്രിയപ്പെട്ട മാതാവു പരലോകം പ്രാപിച്ചത്. ഈ ദുഃഖസംഭവം ഇവന്നു ഏറവും വ്യസനകരമായിരുന്നു. മാതാവിന്റെ പ്രോത്സാഹനമാണു ഇവന്നു അഭ്യുന്നതിയ്ക്കായുള്ള യത്നത്തിന്റെ നങ്കൂരമായിരുന്നത്. ഇവിടെ ഗ്രന്ഥത്തിലെ ഒരു ഭാഗം പകർത്താം:—"എന്റെ ജീവിതദശയിൽ ഞാൻ കഷ്ടതമമായും ഉത്സാഹശൂന്യമായും ഗണിച്ചിട്ടുള്ള അവസരം ഇതുതന്നെ. ഏതാനും കൊല്ലങ്ങളായി, എന്റെ മാതാവിനു ദേഹത്തിനു നല്ല സുഖമില്ലാതെ ആയിട്ടു, എങ്കിലും തലേദിവസം ഞാൻ പോയപ്പോൾ അമ്മയെ വീണ്ടും കാണ്മാൻ സംഗതിയുണ്ടാകയില്ലെന്നു ഞാൻ ഒട്ടും വിചാരിച്ചിരുന്നില്ല. അമ്മയുടെ മരണകാലത്തു അടുത്തുണ്ടായിരിക്കണമെന്നു എനിയ്ക്കു വലിയ മോഹവും ഉണ്ടായിരുന്നു. അമ്മയ്ക്കു സുഖവും സന്തോഷവും അധികം ഉണ്ടാക്കണമെന്നുള്ള ഒരു വന്മോഹമായിരുന്നു, എന്നെ ഹാമ്പ്ടണിൽ പോകാൻ നിർബ്ബന്ധിച്ചത്. മക്കൾക്കു ഒരുവിധം കണ്ണുതെളിഞ്ഞിട്ടു മരിച്ചാൽ വേണ്ടുകില്ലെന്നു അമ്മയ്ക്കു മോഹമുണ്ടായിരുന്നതായി അമ്മ പലപ്പോഴും പറഞ്ഞിട്ടുണ്ടായിരുന്നു." മാതൃവിയോഗം സംഭവിച്ച കാലത്തിനിപ്പുറം ഏറിയനാൾ, ഇവന്റെ ഗൃഹത്തിൽ സുഖവും സമാധാനവും ഇല്ലായിരുന്നു. ഗൃഹകൃത്യങ്ങൾ, ബുദ്ധിപൂർവ്വം അനേ-

ഷിക്കുന്നതിനുള്ള ത്രാണി സോദരിക്കില്ലായിരുന്നതിനാലും, ഇക്കാലത്തു കുടുംബത്തിലുള്ള ആളുകളെല്ലാം ഏറക്കുറെ കഷ്ടത അനുഭവിച്ചു.

വ്യാ– ബുക്കറുടെ ഗുണകാംക്ഷിയായിരുന്ന റഫ്നർമദാമ്മ, ഈ ആപത്തിൽ അവനെ പലവിധത്തിൽ സഹായിച്ചു. അവധികാലം അവസാനിക്കുന്നതിനു മുമ്പുതന്നെ ഈ ഉത്തമസ്ത്രീ അവനു ചില വേലകൾ ഉണ്ടാക്കി കൊടുത്തിരുന്നു. അതിനു പുറമെ അവൻ വേറെ ചില സ്ഥലങ്ങളിൽ പണിയെടുത്തും കുറെദ്രവ്യം സമ്പാദിച്ചു. വീണ്ടും ഹാമ്പ്ടണിലേയ്ക്കു പോവുക അസാധ്യമാണെന്നു ബുക്കർക്കു ഒരുകാലം തോന്നിപ്പോയി. എന്നിട്ടും ആകുംവണ്ണം ആ നൈരാശ്യം നശിപ്പിക്കാൻ അവൻ പ്രയത്നിക്കാതിരുന്നില്ല. വഷ്കാലത്തിൽ ഉപയോഗിക്കുന്നതിനായി ഏതാനും കമ്പിളിവസ്ത്രങ്ങൾ വാങ്ങണമെന്നു അവനു താല്പര്യം ഉണ്ടായിരുന്നു. അതു സാധിച്ചില്ല. ഈ വിഷയത്തിൽ സോദരനായ യോഹന്നാൻ സ്വല്പം സഹായം ചെയ്തിരുന്നു. വേണ്ടപണവും വസ്ത്രങ്ങളും ഉണ്ടായില്ലെങ്കിലും, വീണ്ടും യാത്ര ചെയ്യുന്നതിനു ആവശ്യമുണ്ടായിരുന്ന ധനം ഒരുവിധം സമ്പാദിച്ചതിൽ അവൻ വളരെ സന്തുഷ്ടനായിത്തീർന്നു.

വ്യാ– ഇങ്ങനെയിരിക്കെ പള്ളിക്രൂടം തുറക്കുന്നതിനു മൂന്നാഴ്ചയ്ക്കു മുമ്പേ, ഇവനു ഹാമ്പ്ടൺ പാഠശാലയിലെ ഉപാദ്ധ്യക്ഷയായ മേരി, എഫ്. മക്കീ മദാമ്മയുടെ പക്കൽനിന്നു ഒരെഴുത്തു കിട്ടി. പള്ളിക്രൂടം സംബന്ധിച്ചു ചില ജോലികൾ ചെയ്തീർക്കാൻ ചെല്ലുണമെന്നായിരുന്നു സംഗതി. ഇതുതന്നെയാണു ഇവനു വേണ്ടിയിരുന്നത്. ഖജാൻജിയുടെ സമ്മതം ലഭിക്കാനുള്ള അവസരം അതായിരുന്നല്ലൊ. എഴുത്തനുസരിച്ചു അവൻ ഉടൻ തന്നെ വീണ്ടും യാത്ര പുറപ്പെട്ടു.

വ്യാ– ആ സ്ഥലത്തു വീണ്ടും ചെന്നെത്തിയതിൽ പിന്നീടു രണ്ടുവാരക്കാലം ഇവൻ പഠിച്ച പാഠം ഒരിക്കലും മറക്കത്തക്കതെല്ലായിരുന്നു. കുലീനയും വിദുഷിയും, ആയി

രുന്ന മിസ്സ് മക്കീ മദാമ്മ തന്റെ കൈകൾകൊണ്ടു ചെയ്ത കഠിനമായ ജോലി, ഇവൻ ചെയ്തതിൽ ഒട്ടും തന്നെ താണ നിലയിൽ അല്ലാത്തതായിരുന്നു. ഈ ഉന്മേഷകരമായ പ്രവൃത്തിയിൽ ഇവനു വളരെ ബഹുമാനം തോന്നി. താണ സ്ഥിതിയിലുള്ള ഒരു ജാതിക്കാരെ ഉദ്ധരിക്കുന്നതിനായി, ഇവളെപ്പോലെ സാമർത്ഥ്യവും, ബഹുമതിയും, പ്രാബല്യവും ഉള്ള സ്ത്രീജനങ്ങൾ ചെയ്യുന്ന നിഷ്കപടങ്ങളായ പ്രയത്നങ്ങൾ ബുക്കർക്കു ഏറ്റവും ആനന്ദകരങ്ങളായ മാതൃകാപാഠങ്ങൾ ആയിരുന്നു. യത്നത്തിന്റെ മഹിമയെക്കുറിച്ചു ശങ്കിക്കുന്ന ജനങ്ങളോടു നമ്മുടെ യുവാവിനു വൈമുഖ്യം ഉണ്ടായതും ഈ സന്ദർഭത്തിലത്രേ.

വക– മൂന്നാം വർഷത്തിൽ ബുക്കർ ഹാമ്പ്ടണിൽ ഏറ്റവും മനഃക്ലേശം ചെയ്തു പഠിച്ചു. ഇതിന്റെ കാരണം അവനു പരീക്ഷയിൽ ഉന്നതസ്ഥാനം ലഭിക്കണമെന്നുള്ള ആഗ്രഹമായിരുന്നു. ഈ ആഗ്രഹം സഫലമായി എന്നു പറയുമ്പോൾ, അക്കാണ്മ അയാളോടു സന്തോഷം തോന്നാത്തതു?

വർ– ക്രി. അ. ൧൮൭൫-ജൂൺ മാസത്തിൽ ബുക്കർ കലാവിദ്യാഭ്യാസം മുഴുവനായി. ഈ അവസരത്തിൽ അവൻ അഭ്യസിച്ച വിദ്യകൾ ഏറ്റവും പ്രശംസനീയങ്ങളായിരുന്നു. ദുർലഭജാതന്മാരും, സർവ്വോത്തമന്മാരും, രമ്യശീലന്മാരും, ആയ പൂജ്യന്മാരോടുള്ള സഹവാസപരിചയങ്ങൾ സമ്പാദിക്കുക, അധ്യേതാക്കളിൽ ഉള്ള ജനനവാസനകളെ സംസ്കരിക്കുക, ലോകോപകാരത്തിനായി അതുകളെ വ്യാപരിപ്പിക്കുക. ഇവയാകുന്ന വിദ്യാഭ്യാസത്തിന്റെ പ്രഥമമായ ഉദ്ദേശ്യം എന്നു ബുക്കരുടെ മനസ്സിൽ പതിഞ്ഞതുതന്നെയാണു അവനു ഈ പാഠശാലയിൽ നിന്നു ലഭിച്ച ശ്രേഷ്ഠമായ ധനം. ചരിത്രഗ്രന്ഥത്തിൽ ഈ വിധം ഒരു ലേഖനം കാണുന്നുണ്ട്:—"ജോലി ചെയ്യുന്നതു അവമാനകരമല്ലെന്നും, ജോലി സർവ്വജനങ്ങളും ആദരപൂർവ്വം ചെയ്യേണ്ടതായ ഐഹിക വ്യാപാരമാണെന്നും ജോലി ധനലാഭത്തേയും, സ്വാതന്ത്ര്യത്തേയും, ആത്മവിശ്വാസത്തേയും

ഉണ്ടാക്കുന്ന ലോകോപകാരകൃത്യമാണെന്നും എനിക്കു ബോധപ്പെട്ടതു ഞാൻ ഈ ഹാമ്പ്ടൺ പാഠശാലയിൽ ശിഷ്യവൃത്തി ആചരിച്ച കാലത്താണ്. സ്വാർത്ഥപരമല്ലാത്ത ജീവിതത്തിന്റെ അനുഭവരസത്തെ ആസ്വദിച്ചതും, അന്യന്മാരെ ഉപയോഗമുള്ളതും സുഖകരവും ആയ പ്രവൃത്തികളിൽ ഏർപ്പെട്ടുള്ളുന്നതു പുണ്യാത്മാക്കളുടെ മുഖ്യകൃത്യമാണെന്നു ഗ്രഹിച്ചതും, ആ വർഷത്രയത്തിൽ തന്നെയായിരുന്നു."

൨൪- കലാശാലയിലെ മുഖ്യപരീക്ഷയിൽ ജയിച്ചപ്പോൾ, നമ്മുടെ യുവാവിന്റെ മടിശ്ശീല വളരെ ശൂന്യമായിരുന്നതിനാൽ, അവൻ ഒരു ഭോജനശാലയിലെ ഭൃത്യവേല സ്വീകരിച്ചു. ഭോജനശാലയിൽ രണ്ടുമൂന്നു നാഴികനേരം താമസിച്ചപ്പോൾ അ ജോലി ശരിയായി ചെയ്യാൻ തനിക്കു അറിഞ്ഞുകൂടെന്നു അവൻ മനസ്സിലാക്കി. അവനേ കണ്ടപ്പോൾ അയാൾ സമർത്ഥനായിരിക്കുമെന്നു വിചാരിച്ച വിചാരിപ്പുകാരൻ, വരുന്നവരെ ഉപചരിച്ചു അവർക്കു വേണ്ടതിനെ വരുത്തിക്കൊടുക്കേണ്ട വേലയെ നടത്തുന്നതിനു ഇവനെ നിയമിച്ചു. നാലഞ്ചു ധനികന്മാരോ പ്രഭുക്കന്മാരോ ഇരുന്നു ഭക്ഷണം കഴിച്ച മുറിയിലാണു ഇവൻ ആദ്യമായി ജോലി ആരംഭിച്ചതു. ജോലിയുടെ പരിചയമില്ലാത്തവനാണെന്നു കണ്ടമാത്രയിൽ അവർ ഇവനെ പരിഹസിക്കയും, ശകാരിക്കയും ചെയ്തു. അവൻ ഭയന്നു ആ മുറിവിട്ടുപോയി. അവർക്കു വേണ്ടതു കിട്ടിയുമില്ല. ഇതിന്റെ ഫലമായി അവൻ തരംതാഴ്ത്തപ്പെട്ടു. അയാൾ ഏതാനും ദിവസംകൊണ്ടു ആ ജോലി വശമാക്കി. ഉടനെ അധികൃതന്മാർ അയാൾക്കു പൂർവ്വസ്ഥാനം വീണ്ടും നൽകി. താൻ ഭൃത്യവേലചെയ്തിട്ടുണ്ടായിരുന്ന ആ ഭോജനശാലയിൽ അയാൾക്കു പിൽക്കാലം പല സന്ദർഭങ്ങളിൽ മാന്യനായ ഒരു അതിഥിയുടെ നിലയിൽ താമസിക്കാൻ ഇടയായിട്ടുണ്ട്.

൨൫- ഒരു ജോലിയിൽ കുറേദിവസം ഇരുന്നു സ്വല്പം ദ്രവ്യം സമ്പാദിച്ചതിൽ പിന്നെ ഇവൻ സ്വജനങ്ങളുടെ വാസസ്ഥാനമായ മാൽഡണിലേക്കു പുറപ്പെട്ടു. അവിടെ ചെന്നു ചേർന്നതിന്റെ ശേഷം സ്വജാതിക്കാർ ഇവനെ ഒരു ആശാ

നായി സ്വീകരിച്ചു. ൦രം നിയമനം അയാളുടെ ഉത്തമജീവിതത്തിന്റെ ആരംഭകാലമായിരുന്നു. തന്റെ സ്വന്തക്കിലുള്ള ജനങ്ങൾക്കു അഭ്യുന്നതി വരുത്തുന്നതിനു അതൊരു മാർഗ്ഗമായിത്തീർന്നു.

വ്യ- ഗ്രന്ഥപാരായണം മാത്രം കൊണ്ടു വിദ്യാഭ്യാസം പൂർണ്ണമാകുന്നില്ലെന്നു ഇവൻ ആദ്യംതന്നെ നിശ്ചയിച്ചിരുന്നു. കാലത്തു എട്ടുമണിക്കു തന്റെ ജോലി ആരംഭിക്കയും രാത്രി പത്തുമണിവരെ പ്രവർത്തിക്കയും ആയിരുന്ന ഇവന്റെ നടവടി. ശിഷ്യരുടെ തലമുടി ചീകി വൃത്തിയായി വയ്ക്കുന്നതിലും, മുഖവും കയ്യും നിർമ്മലമായി സൂക്ഷിക്കുന്നതിലും, വസ്ത്രങ്ങൾ വൃത്തിയായി ധരിക്കുന്നതിലും കൂടി ഇവൻ ശ്രദ്ധ ചെയ്യുവന്നിരുന്നു. ദന്തശോധനം, സ്നാനം ൦രം കൃത്യങ്ങൾപോലും ഇവനിൽനിന്നും ഇവന്റെ ശാസനയിൽ ഉൾപ്പെട്ട ബാലന്മാർ അപ്പോൾ അഭ്യസിക്കേണ്ടിയിരുന്നു. ദേഹത്തെ വൃത്തിയായി പരിപാലിക്കുന്നതു പരിശുദ്ധജീവിതത്തിന്റെ ഒരു പ്രധാനപ്പെട്ട മുഖമാണെന്നു അയാൾ സദാ കരുതി വന്നിരുന്നു.

വ്യ- വേലചെയ്യുകാലം കഴിക്കേണ്ടവരും വിദ്യ സമ്പാദിക്കുന്നതിൽ താല്പര്യമുള്ളവരുമായ സ്ത്രീപുരുഷന്മാരുടെ ആവശ്യത്തിനായി ഇവൻ ഒരു രാത്രി-പാഠശാലയും സ്ഥാപിച്ചു. ൦രം മന്ദിരം ആദ്യന്തം ശിഷ്യരെക്കൊണ്ടു നിറഞ്ഞിരുന്നു. അമ്പതു വയസ്സു കഴിഞ്ഞവരായ സ്ത്രീ പുരുഷന്മാർപോലും ൦രം പാഠശാലയിൽ പ്രവേശിക്കാൻ ആഗ്രഹിച്ചതു എത്രയും അനുകമ്പാജനകമായ അവസ്ഥയായിരുന്നു. പകലും രാത്രിയും താൻ നടത്തിപ്പോന്ന പള്ളിക്കൂടങ്ങളിൽ മാത്രമല്ലാ, നമ്മുടെ യുവാവു വേലചെയ്തത്. ഇതുകൂടാതെ ഒരു വായനശാലയും ഒരു വാദപ്രതിവാദസംഘവും ഇവൻ സ്ഥാപിച്ചു. ഞായറാഴ്ചതോറും ഇവൻ രണ്ടു പാഠശാലകൾ രണ്ടു ദേശങ്ങളിൽ നടത്തിവന്നു. ഇതിനും പുറമേ ഹാമ്പ്ടൻ പാഠശാലയിലേക്കു പോകാൻ ഇച്ഛയുള്ളവരായ ചില ബാലന്മാരെ ഇവൻ പഠിപ്പിക്കയും ചെയ്തു. പ്രതിഫലേച്ഛ കൂടാതെ ൦രംവിധം ഉപകാരം ചെയ്യുന്നതു

തന്റെ കർത്തവ്യമാണെന്നായിരുന്നു ഇവന്റെ ധാരണ. മൂലഗ്രന്ഥത്തിൽനിന്നു ചില ഭാഗങ്ങളെ ഒരു ഘട്ടത്തിൽ ഉദ്ധരിക്കാം:—ഞാൻ ഹാമ്പ്ടൺ പാഠശാലയിൽ പഠിച്ചു താമസിച്ച കാലം സോദരനായ ജാൺ എന്നെ യഥാശക്തി സഹായിച്ചിട്ടുണ്ടായിരുന്നു,—എന്നു മാത്രമല്ല, അയാൾ കുടുംബത്തെ പരിപാലിക്കുന്നതിനുവേണ്ടി ലവണഖനിയിൽ ഇടവിടാതെ കഷ്ടപ്പെട്ട വേലയും ചെയ്തിരുന്നു. എന്നെ ഉത്സാഹിപ്പിക്കുന്നതിനുവേണ്ടി അയാൾ പഠിത്തത്തിനേലുള്ള തന്റെ ആഗ്രഹത്തെക്കൂടി നിരോധിച്ചിട്ടുണ്ടായിരുന്നു. അയാളെ ഹാമ്പ്ടണിൽ ചേർക്കുന്നതിനു വേണ്ട പ്രകാരം ഭവിദ്യാഭ്യാസവും അനന്തരം അവിടെ താമസിക്കുന്നതിനു വേണ്ട ദ്രവ്യവും അയാൾക്കു നല്കുണമെന്ന എനിക്കു മനഃപൂർവ്വമായ താല്പര്യം ഉണ്ടായിരുന്നു. ഒരു രണ്ടു കാര്യവും സാധിക്കുന്നതിനു ഞാൻ ശക്തനായിത്തീർന്നതിൽ എനിക്കു അനല്പമായ കൃതാർത്ഥതയുണ്ട്. മൂന്നുകൊല്ലം എന്റെ ഭ്രാതാവു ഹാമ്പ്ടണിൽ വിദ്യ അഭ്യസിച്ചു. അയാൾ ഇപ്പോൾ ടസ്കൂജിയിലെ വിദ്യാശാലയിൽ വ്യവസായ വിദ്യാധ്യക്ഷസ്ഥാനം വഹിച്ചുവരുന്നു. അദ്ദേഹം ഹാമ്പ്ടണിൽ നിന്നും തിരിച്ചുവന്നതിന്റെ ശേഷം അദ്ദേഹവും ഞാനും മിതവ്യയത്താലും അത്യധ്വാനത്താലും സമ്പാദിച്ച ദ്രവ്യംകൊണ്ടു ഞങ്ങളുടെ ദത്തസോദരനായ ജെയിംസിനേയും ഹാമ്പ്ടണിൽ അയച്ചു പഠിപ്പിച്ചു. അദ്ദേഹം ഇപ്പോൾ ടസ്കൂജി വിദ്യാശാലയിലേ തപാലാപ്പീസിൽ ഒരു ഉദ്യോഗസ്ഥനാണ്. മാൽഡൻ നഗരത്തിൽ ഞാൻ ഉപാദ്ധ്യായവൃത്തിയിൽ നയിച്ച രണ്ടാമത്തെ വർഷമായ ഫലത്തെ—ൽ വിശേഷിച്ചു വേറെ യാതൊന്നും പ്രസ്താവയോഗ്യമായി സംഭവിച്ചിട്ടില്ല.

വൻ– ഞാൻ മാൽഡൻ പട്ടണത്തിൽ താമസിച്ചകാലത്തിൽ "കു ക്ലക്സ് ക്ലാൻ" എന്നു പേരുള്ള ഒരു ദുഷ്സംഘം ഉച്ചസ്ഥാനത്തെ പ്രാപിച്ചിരുന്നു. രാജ്യകാര്യം സംബന്ധിച്ച കാര്യങ്ങളിൽ കറുത്ത മനുഷ്യർക്കു പ്രബലത വന്നുകൂടെന്നായിരുന്ന ഈ സംഘക്കാരുടെ കഠിനമായ സിദ്ധാന്തം.

അവരുടെ പ്രവൃത്തികൾ മിക്കവാറും നടന്നു വന്നതു രാത്രിയിൽ ആയിരുന്നു. അവർ നീഗ്രോ-ജനങ്ങളെ പലവിധം ഉപദ്രവിച്ചു വന്നിരുന്നു. പള്ളികളേയും പള്ളിക്കൂടങ്ങളേയും അവർ തീവെച്ചു നശിപ്പിച്ചു. അവരുടെ ഉപദ്രവത്താൽ അനേകം സാധുക്കൾ സങ്കടം അനുഭവിച്ചു; ചിലർ മനസ്സുമുട്ടി ജീവഹാനിയും ചെയ്തിട്ടുണ്ട്. അന്യായം ചെയ്തു വന്ന ഈ സംഘക്കാരുടെ ദുഷ്പ്രവൃത്തികളെ ഞാൻ നല്ലവണ്ണം ഓർക്കുന്നുണ്ട്. ചില വെള്ളക്കാരും നീഗ്രോ-ജനങ്ങളും തമ്മിൽ ഒരിക്കൽ പരസ്യമായി നടന്ന ശണ്ഠ കാണ്മാൻ എനിക്കു സംഗതിയായി. ഓരോ കക്ഷിയിലും നൂറിൽ കുറയാതെ ആളുകൾ ഉണ്ടായിരുന്നു. ശണ്ഠയിൽ പലർക്കും കഠിനമായ മുറിവുകൾ ലഭിച്ചു. മുറിവേറ്റവരിൽ ഒരാൾ എന്റെ പ്രിയപ്പെട്ട സ്വാമിനിയുടെ ഭർത്താവായ ജനറൽ ലൂയിസ് റഫ്നർ ആയിരുന്നു. ആ ഉദാരശീലൻ നീഗ്രോ, ജനങ്ങളെ സഹായിക്കാൻ ശ്രമിച്ചു. അതുകൊണ്ടു കുപിതന്മാരായ വെള്ളക്കാർ അദ്ദേഹത്തെ അടിച്ചും ഇടിച്ചും വശംകെടുത്തി. അപ്പോൾ ഏറ്റ പരുക്കുകളാൽ ഉണ്ടായ ദേഹപീഡ അദ്ദേഹത്തെ ജീവാവസാനം വരെ ക്ലേശിപ്പിച്ചു. ഈ സംഘക്കാരുടെ ഉപദ്രവം ഞങ്ങളുടെ സ്വതന്ത്ര ജീവിതത്തെ വ്യാകുലപ്പെടുത്തുമെന്നു വിചാരിച്ചു ഞാൻ വളരെ വ്യസനിച്ചു. സംഘത്തിന്റെ ഉയർച്ച, നീഗ്രോ-ജാതിക്കാരുടെ പുന ർജീവിതത്തിനു ഒരു ശനിപ്പിഴയായിരുന്നു.

൯൦- "ഉടയസമുദായങ്ങളുടെ അവസ്ഥയിൽ ഉണ്ടായിട്ടുള്ള വ്യത്യാസത്തെ വിശദീകരിക്കുന്നതിനു മാത്രമാണു വിഷാദകരമായ ഈ സംഗതിയെ കുറിച്ചു ഇത്രയും ഇവിടെ പ്രസ്താവിച്ചത്. ആധുനികകാലത്തു ദക്ഷിണദേശങ്ങളിൽ മുൻ പറഞ്ഞ മാതിരിയിൽ ഉള്ള സംഘങ്ങൾ ഇല്ല. അതിന്റെ ഓർമ്മ പോലും ഇപ്പോഴും പറയാം. ഇനിയുള്ള കാലം, ദുഷ്ടസംഘങ്ങൾ പ്രബലപ്പെട്ടവരാൻ മാർഗ്ഗവും ഇല്ല.

അധ്യായം ൪.

പുനർനിർമ്മാണഘട്ടം.

൧൫- ക്രിസ്തുവിനു-മുതൽ ക്രിസ്തുവിനു വരെ ഉള്ള കാല ഘട്ടം നീഗ്രോ-ജനങ്ങൾക്കു സ്വതന്ത്രമുടയത്തെ നവീനമായി സ്ഥിരീകരണം ചെയ്ത സമയമായിരുന്നു. ഈ കാലത്തു ഈ ജനതിക്കാർ കായ്വദ്ധയാകുലന്മാരായിരുന്നു. വിദ്യോന്നതിയ്ക്കു അത്യന്താപേക്ഷിതമാണു, ലത്തീൻ, ഗ്രീക്കു, എന്നീഭാഷകളിലുള്ള ജ്ഞാനവും, സർക്കാരുദ്യോഗലാഭവും, എന്നു വിചാരിച്ചു ഇവർ ഭ്രമിച്ചിരുന്നു. വിദ്യസമ്പാദിക്കുന്നതിലുള്ള താല്പര്യം, അസാമാന്യമായിരുന്നുവെന്നു അറിഞ്ഞതും എഴുതുവായസ്സു ഉള്ളവർ പോലും പള്ളിക്കൂടങ്ങളിൽ പോകുവാൻ തുടങ്ങിയ അവസ്ഥ പ്രത്യക്ഷമാക്കുന്നുണ്ടല്ലൊ. അക്ഷരജ്ഞാനം ലഭിച്ചാൽ എങ്ങനെയും പരാപേക്ഷ കൂടാതെ കാലക്ഷേപം കഴിക്കാമെന്നായിരുന്നു ഇവരുടെ വിചാരം. വിശിഷ്യ, ഗ്രീക്കോ, ലത്തീനോ കൂടി അഭ്യസിച്ചാൽ ഒരുവന്നു അമാനുഷമായ പദവി പോലും ലഭിക്കുമെന്ന വിചാരവും ഇവരെ മോഹിപ്പിച്ചിരുന്നു.

൧൬- കുറേ വിദ്യ അഭ്യസിച്ച ഉടനെ അനേകം ജനങ്ങൾ മതപ്രസംഗകർത്താക്കന്മാരായും ഉപദേഷ്ടാക്കളായും പുറപ്പെട്ടു തുടങ്ങി. ഇങ്ങനെ സഞ്ചരിക്കുവാനാരംഭിച്ചവരിൽ ഏതാനുപേർ, യോഗ്യന്മാരും, കൃത്യബോധമുള്ളവരും ദൈവഭക്തന്മാരും ആയിരുന്നുവെങ്കിലും, മിക്കവരും, മതപ്രസംഗത്തെയും ഉപാധ്യായവൃത്തിയെയും കേവലം കാലക്ഷേപത്തിനുള്ള ലഘുവായ മാർഗ്ഗമായി മാത്രമാണു സ്വീകരിച്ചിരുന്നത്. ഈ രണ്ടാം തരത്തിലുള്ള ഒരുത്തൻ ഒരു വീഗ്രോ-ഗ്രാമത്തിൽ വാധ്യാർ വേലയ്ക്കായിപ്രവേശിച്ചപ്പോൾ, ഗ്രാമക്കാരുടെ പഞ്ചായത്തിൽ ഭ്രമിയുടെ ആകൃതിയെപ്പറ്റി വലുതായ ഒരു തർക്കം ഉണ്ടായി. ഭൂരിപക്ഷക്കാരുടെ അഭിപ്രായത്തെ അനുസരിച്ചു ഭ്രമിയുടെ ആകൃതിയെക്കുറിച്ചു അവ

ശ്യാപോലെ ദേഹപ്പെട്ടുത്തിയ പാഠം പഠിപ്പിക്കാൻ താൻ സന്നദ്ധനാണെന്ന അദ്ധ്യാർ പറഞ്ഞതായി കേട്ടിട്ടുണ്ട്. മതവിഷയത്തിലും ഈ ക്രൂട്ടകാരുടെ ചാപല്യംകൊണ്ട് ജനങ്ങൾക്ക് വളരെ ദോഷം നേരിട്ടിരുന്നു. മൂഢന്മാരും ദുർവൃത്തന്മാരുമായ അനേകം നീഗ്രോ-ജനങ്ങൾ അക്കാലത്തു മതപ്രസംഗകത്താക്കന്മാരുടെ വേഷം കെട്ടി ജനസാമാന്യത്തെ പീഡിപ്പിച്ചു വന്നിരുന്നു. സ്വാതന്ത്ര്യം ലഭിച്ച ആദ്യകാലത്തു ക്രൂട്ടിവായിക്കാൻ ശീലമായാൽ ഉടൻതന്നെ മതോപദേശം ചെയ്യാൻ അസംഖ്യം നീഗ്രോ ജനങ്ങൾ സന്നദ്ധന്മാരായിരുന്നു. "ദൈവം എന്നെ വിളിക്കുന്നു." എന്നു പറഞ്ഞാണു ഈ ക്രൂട്ടർ ഈ വേലയിൽ ചാടി പുറപ്പെട്ടു വന്നത്. പശ്ചിമ വർജിനിയാദേശത്തു ഈ 'വിളി' പ്രത്യക്ഷപ്പെട്ടതു ഇപ്രകാരം ആയിരുന്നു. പള്ളിയിൽ ദേവാരാധനകാലത്തു പാതിരി വേദപുസ്തകത്തെ വായിക്കയോ വ്യാഖ്യാനിക്കയോ ചെയ്ത അവസരത്തിൽ ശ്രോതാക്കളിൽ ഒരുത്തൻ ഉണ്ടയേറവനേപ്പോലെ പെട്ടെന്നു ഭ്രമിയിൽ പതിച്ചു ഒന്നരണ്ടു മണിക്രൂർനേരം മിണ്ടാതെയും അനങ്ങാതെയും സ്ഥിതി ചെയ്യും. അപ്പോൾ, "അയാൾ വിളികേട്ടു" എന്നൊരു ശ്രുതി സമീപത്തിരുന്നവർ പുറപ്പെടുവിയ്ക്കും. വിളികേട്ട ക്ഷണത്തിൽ തന്നെ അയാൾ സത്യവേദ-പ്രദർശകനാകാതെ ഇരുന്നുവെങ്കിൽ ഈ വെളിച്ചപ്പാട്ട ഒന്നരണ്ടു തവണകൂടി അയാളിൽ ഉണ്ടായി, തരംപോലെ അയാൾ ബോധം കെട്ടു വീണുരുണ്ടു, വീണ്ടുംവീണ്ടും വിളികേട്ടു തുടങ്ങും. ദൈവകാരുണ്യം അവനിൽ ആവിർഭ്രതമായെന്നും, അതിനാൽ അവൻ ഒട്ടും മടിക്കുടാതെ സുവിശേഷപ്രചാരണം ചെയ്യണമെന്നും അണ ഇതിന്റെ അർത്ഥമെന്നു ജനങ്ങളും സൂത്രശാലിയായ അവനും വിചാരിച്ചുവന്നിരുന്നു. പിന്നീടു അയാൾ തത്വബോധകനായിത്തന്നെ കാലയാപനം ചെയ്യാൻ ആരംഭിക്കും. പഠിക്കാനായി താല്പര്യത്തോടുകൂടി വേല ചെയ്തിരുന്ന കാലത്തു ബുക്കർക്കു ഒരു ഭയം ഉണ്ടായിരുന്നു. അതു പഠിത്തം ഉണ്ടായാൽ തനിക്കും, ഈ 'വിളി' വന്നേയ്ക്കുമോ എന്നുള്ളതായിരുന്നു. ഭാഗ്യമെന്തെ

അയാൾക്കു 'വെളിച്ചപ്പാട്' ഉണ്ടാകാത്തത്. കാലക്രമത്തിൽ ഈ മാതിരി വെളിച്ചപ്പാടും വിളികേൾവിയും ഇല്ലാതായിത്തീർന്നു.

൯൫- ശിശുക്കൾ മാതാവിങ്കൽനിന്നു എന്നപോലെ ആദ്യകാലത്തു നീഗ്രോ-ജനങ്ങൾ സവ്സഹായങ്ങളും രാജ്യഭരണകർത്താക്കന്മാരിൽ നിന്നും ഉണ്ടാകുമെന്നു വിചാരിച്ചു. ഇതു അത്ര അസംഭാവ്യമല്ലല്ലൊ. നികൃഷ്ടമായ ദാസ്യവൃത്തിയിൽനിന്നും ഇവർക്കു വിമോചനം ഉണ്ടാക്കിക്കൊടുത്ത ഗവർമ്മേണ്ടു—രണ്ടു ശതാബ്ദകാലം ഇവരുടെ പ്രയത്നത്തിന്റെ ആദായം അനുഭവിച്ചു വന്ന ഒരു ഇതരജനസമുദായം,—ഇവർക്കു വിദ്യാഭ്യാസത്തിനും, കാലക്ഷേപമാർഗ്ഗം സമ്പാദിക്കുന്നതിനുമായി ചില ഏർപ്പാടുകൾ ചെയ്യേണ്ടതായിരുന്നുവെന്നും, ചെയ്യാത്തതു അനുകമ്പയില്ലായ്മയാലാണെന്നും ഒരാവലാതി പറവാൻ നീഗ്രോ-ജനങ്ങൾക്കു കാരണം ഉണ്ട്. ഇതിനെ സംബന്ധിച്ചു ബുക്കർ പറഞ്ഞിട്ടുള്ളതു നോക്കുക,—"സ്വാതന്ത്ര്യത്തിന്റെ ആരംഭദശയിൽ എനിയ്ക്കു യൌവനം ആരംഭിച്ചു അധികകാലം ആയിട്ടില്ലായിരുന്നുവെങ്കിലും, നീഗ്രോ-ജനങ്ങൾ അബദ്ധങ്ങൾ ചെയ്യുവാനും എന്നും, അവ കാലക്രമേണ നിരാകരിക്കപ്പെടുമെന്നും, ഞാൻ വിശ്വസിച്ചിരുന്നു. എന്റെ ജാതിക്കാരെ സംബന്ധിച്ചിടത്തോളം ഉള്ള നവീകരണരീതിമിക്കവാറും ശരിയായ അടിസ്ഥാനമില്ലാത്തതും, കൃത്രിമവും ക്ലേശപ്പെട്ടു ഉണ്ടാക്കീട്ടുള്ളതുമാണെന്നു എനിക്കു തോന്നിയിരുന്നു. അനേക സംഗതികളിൽ എന്റെ ജാതിക്കാരുടെ അറിവില്ലായ്മയെ ഒരു ഉപകരണമാക്കി ചില ധൂർത്തന്മാർ ഉദ്യോഗം സമ്പാദിച്ചിട്ടുണ്ട്. തെക്കെ ദിക്കിലുള്ള ധൂർത്തന്മാർക്കു ഒരു ശിക്ഷയായിത്തീരുന്നതിനുവേണ്ടി, ഉത്തരദേശത്തിലുള്ള വെള്ളക്കാർ നീഗ്രോ-ജനങ്ങൾക്കു ചില അധികാരങ്ങൾ കൊടുത്തു വെള്ളക്കാരുടെ നേർക്കു അവയെ പ്രയോഗിപ്പിച്ചിട്ടും ഉണ്ട്. അവസാനത്തിൽ നീഗ്രോ-ജനങ്ങൾക്കു ഇതിൽനിന്നും ദോഷം നേരിടുമെന്നു ഞാൻ വിശ്വസിച്ചു. വസ്തു സമ്പാദനത്തിലും, തൊഴിലഭ്യാസത്തിലും

ആയി വിനിയോഗിക്കേണ്ട സമയത്തെ ഇവർ രാജ്യകാര്യ സംബന്ധമായ വഴക്കുകളിലും വ്യവഹാരങ്ങളിലും വെറുതേ ചെലവാക്കി.

൧൮൮- രാജ്യകാര്യങ്ങളിൽ ഇടപെട്ടുള്ള ജീവിതം നന്നാണെന്നു പലർക്കും അക്കാലത്തു ഉണ്ടായിരുന്ന ഭ്രമം എന്നെയും ബാധിക്കാതിരുന്നില്ല. എന്നാൽ ഞാൻ ആ ഭ്രമത്തിനു വശംവദനാകാതെ സ്വജാതിക്കാർക്കു ശാശ്വതമായ അഭ്യുദയം ഉണ്ടാക്കുന്നതിനു ശ്രമിക്കുകയാണു എന്റെ ധർമ്മം എന്നു കരുതി ഉദ്യോഗത്തിലുള്ള ആഗ്രഹത്തെ ഉപേക്ഷിക്കയും, നീഗ്രോ-വിദ്യാഭ്യാസ വിഷയത്തിൽ ശ്രദ്ധ വെയ്ക്കയുമാണു ചെയ്തത്. കൂചരിതന്മാരും അതിജ്ഞന്മാരും ആയ അനേകം നീഗ്രോ-ജന[illegible]യനിർമ്മാണസംഘത്തിലേ അംഗങ്ങളായും ഉദ്യോഗ[illegible]രാകും അതു കാലം ഇരുന്നിരുന്നു. കുറേമാസം മുമ്പു ഞാൻ തെക്കൻ ടിക്കിലെ ഒരു നഗരത്തിൽ സഞ്ചരിച്ചപ്പോൾ ഒരു രണ്ടു നിലയെടുപ്പിൽ വേല ചെയ്തുകൊണ്ടിരുന്ന ചില കൊത്തന്മാർ താഴെ നിന്ന ഒരാളോടു,—'എടോഗവർണ്ണരേ, ക്ഷണം കുറേ ചെങ്കല്ലിങ്ങോട്ടു കൊണ്ടുവരൂ'—എന്നു പറയുന്നതു കേട്ടു "ക്ഷണമാകട്ടെ, ഗവർണരെ, ഗവർണരെ, ക്ഷണം കൊണ്ടുവരൂ" എന്നു പലവുരു അവർ പറഞ്ഞതുകേട്ടു. അങ്ങനെ അയാളെ വിളിച്ചതെന്തിനെന്നു ഞാൻ അന്വേഷിച്ചു. ഒരവസരത്തിൽ ആ കറുത്ത മനുഷ്യൻ ആ ദേശത്തിൽ ഒരു ഗവർണർ സ്ഥാനം വഹിച്ചിരുന്നുവെന്നു ഞാൻ കേട്ടറിഞ്ഞു. ഓരോ സർക്കാരുദ്യോഗങ്ങളെ അക്കാലം വഹിച്ചിട്ടുണ്ടായിരുന്ന എന്റെ ജാതിക്കാരെല്ലാം അയോഗ്യന്മാരായിരുന്നുവെന്നു വായനക്കാർ വിചാരിക്കരുതു. അവരിൽ ചിലർ—ആലോചനാസഭയുടെ അംഗമായിരുന്ന ബി. കെ. ബ്രൂസ്, ഗവർണർ പിഞ്ചു ബാക്കു മുതലായവർ,—കാര്യസ്ഥന്മാരും, ശേഷിയുള്ളവരും, സത്യവാന്മാരും, യോഗ്യന്മാരും ആയിരുന്നു. പഠിത്തക്കുറവും പരിചയമില്ലായ്മയും കൊണ്ടു നീഗ്രോ-ഉദ്യോഗസ്ഥന്മാർ പല അബദ്ധങ്ങളും പ്രവർത്തിച്ചി

ട്ടുണ്ട്. പരിത്തരും പരിചയവും ഇല്ലാത്ത ഏതു ജനങ്ങളും തെറ്റു ചെയ്യാറുണ്ട്. ഇപ്പോൾ തന്നെയും നീഗ്രോ-ജനങ്ങൾക്കു രാജ്യഭരണസംബന്ധമായ അവകാശങ്ങളെ നൽകിയാൽ പഴയവിധം കുഴപ്പങ്ങൾ വന്നുചേരുമെന്നു ചിലർ വിചാരിച്ചുപോരുന്നുണ്ട്. അതും ശരിയല്ല. ഇപ്പോൾ അവരുടെ സ്ഥിതി വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. മുപ്പത്തഞ്ചുകൊല്ലത്തിനു മുമ്പാണു അവർക്കു അവകാശങ്ങളെ പരിപാലിക്കാൻ ശേഷിയില്ലാതിരുന്നത്. അവരുടെ ഇടയിൽ ഇപ്പോൾ അറിവും, ലോകപരിചയവും, ഉള്ള ജനങ്ങളും ധാരാളം ഉണ്ടായിരിക്കുന്നതിനാൽ അവർക്കു ചില അവകാശങ്ങളെ നൽകുന്നതു അനുചിതമാകയില്ല. യോഗ്യത ഉണ്ടായിരിക്കുന്ന അവസരത്തിൽ ന്യായമായി ലഭിക്കേണ്ട സ്വാതന്ത്ര്യങ്ങളും അവർക്കു നൽകാതെ ഇരിക്കുന്നതു അടിമത്തം, പോലെതന്നെയുള്ള ഒരു അനീതിയാണ്. അടിമത്തത്തിൽനിന്നും, നീഗ്രോ-ജനങ്ങൾക്കും വെള്ളക്കാർക്കും, രാജ്യത്തിനും ഉണ്ടായ ദോഷം ഒരു നീതിരഹിതമായ ഏർപ്പാടിൽനിന്നും ഉണ്ടായേക്കും.

൧൭-- മാൽഡൻ ദേശത്തു രണ്ടുവർഷക്കാലത്തോളം, ബുക്കർ അദ്ധ്യാപകജോലി നിർവ്വഹിച്ചതിന്റെ ശേഷം അതാവിതു, തന്റെ രണ്ടു സഹോദരന്മാരെയും അനേകം യുവതിയുവാക്കന്മാരെയും ഹാമ്പ്ടൺ വിദ്യാലയത്തിൽ പ്രവേശിക്കുന്നതിനു മതിയായ പ്രാരംഭവിദ്യയെ അഭ്യസിപ്പിച്ചതിന്റെ ശേഷം, ഈയാണ്ടു വാഷിങ്ടൺ നഗരത്തിലേക്കു ഉയർന്തരം വിദ്യാഭ്യാസത്തിനായി, പോയി അവിടെ എട്ടുമാസം താമസിച്ചു. ഇതിൽനിന്നും അയാൾക്കു വളരെ ഗുണം സിദ്ധിച്ചു. യോഗ്യതയുള്ള അനേകം സ്ത്രീപുരുഷന്മാരുടെ പരിചയം അയാൾക്കുണ്ടായി. ഒരു സ്ഥലത്തു നീഗ്രോ-ജാതിക്കാർക്കായി അനേകം പാഠശാലകൾ ഉണ്ടായിരുന്നു. എന്നാൽ അവയിൽ ഒന്നുതന്നെ അധ്യേതാക്കളെ തൊഴിൽ അഭ്യസിപ്പിക്കുന്ന നിലയിൽ ഉള്ളതല്ലായിരുന്നു. ഈ അവസ്ഥയെ ബുക്കർ ശോചനീയമെന്നു ഗണിച്ചു. ഉപജീവനത്തിനു ഗവർമ്മേൻറിനെ മാത്രം ആശ്രയിപ്പിക്കുന്ന വിധ

ത്തിലുള്ള ഉയന്തരം വിദ്യാഭ്യാസം വസ്ത്രത്തിന്റെ ഉയച്ചക്കുറച്ചിലുകളെ ആശ്രയിക്കുന്നതല്ലെന്നു ബുക്കർ ദൃഢമായി ധരിച്ചിരുന്നു. ഉന്നതാവസ്ഥയിൽ എത്തീട്ടുള്ള സമുദായങ്ങൾ കൃഷി, കൈത്തൊഴിൽ, വ്യാപാരം ഈ പ്രവൃത്തികളെ മാത്രം ആശ്രയിക്കാത്തവരും ഗവൺമെൻറു ജോലികളെ മാത്രം ആശ്രയിക്കാത്തവരും ആണെന്നു അയാൾ അറിഞ്ഞിട്ടുണ്ടായിരുന്നു.

ന്യൂ- കൊളംബിയാ സംസ്ഥാനത്തിലെ തലസ്ഥാനമായ വാഷിങ്ട്ടൺ നഗരത്തിൽ അയാൾ പഠിച്ചു താമസിച്ച കാലം, അവിടെ അനേകം നീഗ്രോ-ജനങ്ങൾ വന്നു ചേർന്നിട്ടുണ്ടായിരുന്നു. അവരിൽ ചിലർ തെക്കൻ ദിക്കിൽ നിന്നു വന്നവരും, സുഖവാസത്തെ മോഹിച്ചു പുറപ്പെട്ടിരുന്നവരും ആയിരുന്നു. ചിലർ ചില്ലറ സക്കാർ പണിക്കാരും ശേഷം പേർ ഉദ്യോഗത്തിനു കാപ്പുകെട്ടിവന്നവരും, ആയിരുന്നു. ബുദ്ധിമാന്മാരും കീഴ്പ്പെട്ടവരുമായ ചില കറുത്ത ആളുകൾ ആ നഗരത്തിലെ പ്രതിനിധി സഭയിൽ അംഗങ്ങളും,—ഒരാൾ,—ബഹുമാനപ്പെട്ട ബി. കെ. ബ്ലൂസ്,—കായ്യാലോചനാസഭയിലെ ഒരു സാമാജികനും ആയി ശോഭിച്ചിരുന്നു. അക്കാലത്തു വാഷിങ്ട്ടൺ നഗരം കറുത്ത ആളുകളുടെ ശ്രദ്ധയെ ആകർഷിക്കുന്നതിലുള്ള ഒരു സങ്കേതസ്ഥാനമായിരുന്നു. കോളംബിയാ സംസ്ഥാനത്തിൽ നീഗ്രോ-ജനങ്ങൾക്കു ഒരിക്കലും സ്വാതന്ത്ര്യഭാഗം നേരിടുകയില്ലെന്നും അവർ അറിഞ്ഞിട്ടുണ്ടായിരുന്നു. നീഗ്രോ-ജാതിക്കാരുടെ വിദ്യാഭ്യാസത്തിനു വേണ്ടി ഏർപ്പെടുത്തിയിരുന്ന പാഠശാലകൾ അന്യദേശങ്ങളിൽ ഉള്ളവയേക്കാൾ വെടിപ്പും നന്മയും ഉള്ളവയായിരുന്നു. അവിടെ താമസിച്ചുവന്ന സ്വജാതിക്കാരുടെ നടവടികളെ അവൻ ശ്രദ്ധയോടു കൂടി അന്വേഷിച്ചറിഞ്ഞു. അവന്റെ ജാതിക്കാരിൽ ചിലർ യോഗ്യന്മാരും ധനികന്മാരും ആയിരുന്നു. എന്നാൽ അധികം ആളുകളും അന്തസ്സാരമില്ലാത്തവരും, ഭാവിയെപ്പറ്റി ചിന്തിക്കാത്തവരും ആയിരുന്നു. പത്തുപതിനഞ്ചു രൂപയിലധികം ഒരു വാരത്തിൽ വേല ചെയ്യു സമ്പാദിക്കാത്തവരായ ചില യുവാ

ക്കന്മാർ ഞായറാഴ്ച ദിവസങ്ങളിൽ രണ്ടു മൂന്നു പ്രാവശ്യം ചെല വാക്കി, വണ്ടി പിടിച്ചു സവാരിപോയി കേമന്മാരാണെന്നു ഭാവിച്ചു ലോകരെ ഭ്രമിപ്പിച്ചിരുന്നു. എഴുപത്തഞ്ചും നൂറും ഡാളർ ഗവർമ്മെണ്ടു ശമ്പളം വാങ്ങിച്ചു വന്നിരുന്ന പല യുവാക്കന്മാർക്കു അന്നു സംഖ്യ ചെലവിനു മതിയായിരുന്നില്ല. പ്രതിനിധി സഭയിൽ ഏതാനും കാലം മുമ്പു സാമാജിക രായിരുന്ന ചില അല്പകാര്യം ജോലിയില്ലാതെയും ചെല വിനു പണമില്ലാതെ കഷ്ടപ്പെട്ടും നടന്നിരുന്നു. തങ്ങളുടെ ആവശ്യങ്ങളെയെല്ലാം ഗവർമ്മെണ്ടു നിറവേറ്റിക്കൊടുക്കേ ണ്ടതാണെന്നു അവരുടെ മനസ്സിൽ ഒരു ബോധം ജനിച്ചി രുന്നു. തങ്ങൾക്കു കാലക്ഷേപം കഴിപ്പാനുള്ള മാർഗ്ഗം അന്വേ ഷിക്കുന്നതു തങ്ങളുടെ കടമയല്ല, ഗവർമ്മെണ്ടിന്റെ ചുമ തലയായിരുന്നു എന്നാണു അവർ വിചാരിച്ചതു്. അവരെ നാട്ടുപുറങ്ങളിൽ കുടിപാർപ്പിച്ചു കൈത്തൊഴിൽ, കച്ചവടം മുതലായ പ്രവൃത്തികളിൽ പ്രവേശിപ്പിച്ചു, അവക്കു മേൽ ഗതിയുണ്ടാക്കുവാൻ ശ്രമിക്കുന്നതു വളരെ നന്നായിരിക്കു മെന്നു ബുക്കർക്കു തോന്നി. ഒരു വിപ്ലവം ഫലവത്താക്കുന്നു തിനു അപ്പോൾ അയാൾക്കു താങ്ങിയില്ലായിരുന്നു. പ്രകൃതി എപ്പോഴുമുള്ളതിനേയും മാതാവാകുന്നു. തന്നെ ആശ്രയിക്കുന്ന ജന ങ്ങൾക്കു പക്ഷപാതം ഇല്ലാതെ അവൾ സമ്പത്തിനെ നൽകുന്നുണ്ടു്. അവളുടെ പ്രീതി സമ്പാദിക്കുവാൻ യത്നവും ക്ഷമയും ഉള്ളവർക്കൊക്കെ സാധിക്കും. അവളുടെ സ ഹായം അകൈതവമായിട്ടുള്ളതാണെന്നു പരിശ്രമശീലന്മാർ അനുഭവംകൊണ്ടു അറിയുന്നു.

൧൬- പ്രസ്തുതനഗരത്തിൽ കാണപ്പെട്ട വേറെ ഒരു അവ സ്ഥയും ഇവിടെ ക്ലേശിപ്പിച്ചു. വസ്ത്രങ്ങൾ അലക്കി കാല ക്ഷേപം കഴിച്ചു വന്ന അനേകം സ്ത്രീകളുടെ പുത്രികൾ ആറും എട്ടും സംവത്സരം വിദ്യാശാലകളിൽ പഠിച്ചതിന്റെശേ ഷം വീട്ടിൽ വരുമ്പോൾ അവർക്കു, തൊഴിലിൽ ഒന്നിലും ശീ ലം ഇല്ലെങ്കിലും, വിലയേറിയ വസ്ത്രങ്ങളും കുപ്പായങ്ങളും ശി രോലങ്കാരങ്ങളും മെരുപ്പുകളും ആവശ്യങ്ങളായിത്തീർന്നിരുന്നു. ആവശ്യങ്ങൾ കൂടിവന്നപ്പോൾ അവയെ നിവർത്തിക്കുന്നതി

ലുള്ള ശക്തി കുറയുകയാണു ഉണ്ടായത്. ആറെട്ടുവർഷം പുസ്തകപഠനം ഉണ്ടായതിനാൽ മാതാക്കളുടെ തൊഴിലിൽ പ്രവേശിക്കുന്നതിനുള്ള സൌകര്യവും അവർക്ക് ഇല്ലാതാകയും ചെയ്തു. ഇതിന്റെ ഫലം മിക്കവാറും ദോഷഭൂയിഷ്ഠമായിരുന്നു. മാനസികപരിസ്കാരത്തിനു എന്നപോലെ സൌകര്യം ഇവർക്ക് തൊഴിലഭ്യാസത്തിലും, നടംകിയിരുന്നുവെങ്കിൽ ഇവരുടെ ഭാവിയായ ജീവിതം എത്രയോ ഗുണസംപൂർണ്ണവും ഉപയോഗയുക്തവും ആയിരിക്കുമായിരുന്നു!

൧൮൬- വാഷിങ്ങ്ടൺ നഗരത്തിൽ ഉണ്ടായ താമസം അവസാനിക്കാറായപ്പോൾ ബുക്കറെ സ്വദേശത്തെ ജനങ്ങൾ ഒരു പ്രത്യേകജോലിക്കായി ക്ഷണിച്ചു. ഈ ജോലി പ്രസംഗകർത്തൃത്വം ആയിരുന്നു. ഇവരുടെ ദേശത്തിന്റെ തല സ്ഥാനം ഒരു സ്ഥലത്തു നിന്നു മറൊന്നിലേക്കു മാറി സ്ഥാപിക്കണമെന്നുള്ളതിൽ ജനാഭിപ്രായം അന്വേഷിച്ചറിഞ്ഞു, അവരിൽ അധികംപേർ ഏതു സ്ഥലം സ്ഥിരപ്പെടുത്തുന്നുവെന്നുകണ്ടു ആ വിവരം ഗവർമ്മേണ്ടിനെ അറിയിക്കുന്ന കാര്യത്തിൽ വേണ്ടതുമം ചെയ്യുന്നതിലേക്കായിട്ടു ബുക്കർ നിയോഗിക്കപ്പെട്ടതു. ബുക്കറുടെ യത്നം സഫലമായി എന്നു പറഞ്ഞാൽ മതിയല്ലൊ.

അദ്ധ്യായം ൨൧.

കുണ്ണവർഗ്ഗവും അരുണവർഗ്ഗവും.

൧൮൮- ഇക്കാലത്തു ബുക്കർ പ്രദർശിപ്പിച്ച വാഗ്ധാടിയുടെ അസാധാരണത നിമിത്തം ഗുണകാംക്ഷികളായ സജാതീയർ, അയാളോടു സക്കാരുദ്യോഗം സ്വീകരിക്കണമെന്നപേക്ഷിച്ചു. എന്നാൽ അയാൾ ഈ അപേക്ഷയെ സ്വീകരിച്ചില്ല. എന്തെന്നാൽ, അയാളുടെ സ്ഥിരമായ വിശ്വാസം, വർഗ്ഗോ

ന്നതിനു ആവശ്യമായതു സർക്കാരുദ്യോഗമാത്രമല്ലെന്നും, വിദ്യാഭ്യാസത്തിലും, വ്യവസായത്തിലും, വസ്തുസമ്പാദനത്തിലും പ്രബലമായ ഒരു സ്ഥിരത, തന്റെ വംശക്കാർക്കു ഉണ്ടായിരിക്കുന്നതാണെന്നും അയിരുന്നു. ഉദ്യോഗവൃത്തിയിൽ ഒരുവിധം വിജയം സമ്പാദിക്കുന്നതു ദുസ്സാധമാണെന്നു അയാൾക്കു വിചാരമില്ലായിരുന്നുവെങ്കിലും, സ്വസുഖങ്ങളെ ത്യജിച്ചും സ്വജനങ്ങളുടെ അഭ്യുദയത്തിനുള്ള മാർഗ്ഗങ്ങളെ മനസ്സുകൊണ്ടും, വാക്കുകൊണ്ടും, സമ്പാദിക്കുന്നതാണു ഉത്തമമെന്നു അയാളുടെ മനസ്സിൽ ഗാഢമായി തോന്നി. അയാളുടെ ജാതിക്കാർ അഭ്യുദയത്തെ പ്രാപിച്ചു വന്ന കാലത്തിന്റെ ഈ ഘട്ടത്തിൽ മിക്ക യുവാക്കന്മാർക്കും പഠിത്തം കഴിഞ്ഞതിന്റെ ശേഷം ഉദ്യോഗസ്ഥന്മാരോ വലിയ വക്കീലന്മാരോ ആകണമെന്നും യുവതികൾക്കു സംഗീതവിദ്യയിൽ നൈപുണ്യം സമ്പാദിക്കണമെന്നും, അയിരുന്നു മുഖ്യതാല്പര്യം. വക്കീൽ പണിയും ഉദ്യോഗവും സംഗീതനിപുണതയും ലഭിക്കുന്നതിനു മുമ്പായി തന്റെ ജാതിക്കാർ സമ്പാദിക്കേണ്ട അവസ്ഥകൾ അനേകം ഉണ്ടായിരുന്നെന്നു നമ്മുടെ യുവാവിനു അക്കാലം തോന്നിയിരുന്നു.

൧൦൦- തന്റെ ജാതിക്കാർ അടിമത്തത്തിൽപ്പെട്ടിരുന്ന കാലത്തിൽ അതിലൊരുത്തൻ വീണ വായിക്കാൻ പഠിച്ചു. കുറെ അപ്പോൾ അയാളുടെ ഓമ്മയിൽ വന്നു. തന്നെ വീണവായന പഠിപ്പിക്കുന്നതിനായി ഒരു നീഗ്രോ, തന്റെ കൊച്ചെജമാന്മാരിൽ ഒരാളുടെ സഹായത്തെ അപേക്ഷിച്ചു. ദുഷ്ടനായ അവനെ ആ വിദ്യ വശമാക്കാൻ സാധിക്കയില്ലെന്നു വിചാരിച്ചു അദ്ദേഹം അവനോടു പറഞ്ഞു.—"അമ്മാച്ചൻ,* ജെയിക്കേ നിങ്ങളെ വീണവായന പഠിപ്പിക്കാം. ഒന്നാം പാഠത്തിനു നിങ്ങൾ എനിക്കു മൂന്നു ഡാളറും രണ്ടാംപാഠത്തിനു രണ്ടു ഡാളറും മൂന്നാംപാഠത്തിനു ഒരു ഡാളറും തരേണ്ടിവരും. അവസാനപാഠത്തിനു ഇരുപത്തഞ്ചു സെന്റുതന്നാൽ മതി." അമ്മാച്ചൻ ജെയിക്ക്,—"അങ്ങനെതന്നെ,

* യുഡാന്മാരായ നീഗ്രോജനങ്ങളെ വെള്ളക്കാർ അമ്മാച്ചനെന്നു വിളിക്കുക പതിവായിരുന്നു.

കൊച്ചേമാനെ പറഞ്ഞതുപോലാകട്ടെ. അപ്പൊഴെ, ഏമാനെ ആ കടശിയിലെ പാഠം എന്നെ ആദ്യം പഠിപ്പിച്ചേക്കണം."

൧൦- മേല്പറഞ്ഞ ജോലി—അതായതു—പ്രധാനപട്ടണ സ്ഥാപനത്തെ സംബന്ധിച്ചതു—തീർന്ന ഉടനെ ആംസ്ട്രാങ്, ഹാമ്പ്ടൺ വാഷികയോഗത്തിലേക്കായി ഒരുപന്യാസം തെയ്യാറാക്കാൻ ബുക്കറോടു ആവശ്യപ്പെട്ടു. സ്വപ്നത്തിൽ പോലും വിചാരിച്ചിട്ടില്ലായിരുന്ന ഈ സൽക്കാരം അവനു വളരെ ആനന്ദം നല്കി. അയാൾ വളരെ ശ്രമിച്ചു ഒരു പന്യാസം എഴുതി. പ്രബന്ധം ജയത്തെ സമ്പാദിക്കുന്നതിനുള്ള ശക്തി എന്ന വിഷയത്തെ പറ്റിയായിരുന്നു.

൧൧- പണ്ടു പോയ വഴിയിൽ ക്രൂടിയായിരുന്ന ബുക്കർ ഹാമ്പ്ടനിലേക്കു പ്രസംഗം വായിക്കാനായി പോയത്. അഞ്ചുകൊല്ലത്തിനിടയ്ക്കു വഴിക്കു വളരെ പരിഷ്കാരം വന്നിട്ടുണ്ടായിരുന്നു. ഹാമ്പ്ടൺവരെ അപ്പോൾ തീവണ്ടി പൊയ്ക്കൊണ്ടിരുന്നു. പഴയ യാത്രയിൽ കണ്ട സംഗതികളെ ഓർത്തും ഇപ്പൊഴത്തെ മാറ്റങ്ങളെപ്പറ്റി ചിന്തിച്ചും അയാൾ ആശ്ചര്യപ്പെട്ടു. അഞ്ചുവർഷക്കാലത്തിൽ തന്റെ ജീവിതഗതിക്കും ആഗ്രഹങ്ങൾക്കും സംഭവിച്ചിട്ടുള്ള ഭാവഭേദം സാധാരണ അന്യന്മാക്കു ഉണ്ടാകാത്ത അവസ്ഥയാണെന്നു ഹാമ്പ്ടനിൽ ചെന്നെത്തിയപ്പോൾ അയാൾക്കു തോന്നി. വിദ്യാന്മാരും വിദ്യാർത്ഥികളും നിർവ്യാജമായ സന്തോഷത്തോടെ അയാളെ സല്ക്കാരം ചെയ്തു. ആ വിദ്യാലയത്തിൽ സ്വജനങ്ങളുടെ ആവശ്യത്തിനായി അനേകം പരിശ്രുതസമ്പ്രദായങ്ങൾ വർഷംതോറും നടപ്പിൽ വന്നുകൊണ്ടിരുന്നു. സാഹിത്യ വകുപ്പിലും വ്യവസായവകുപ്പിലും കാലോചിതമായ പരിഷ്കാരം ചെയ്യപ്പെട്ടിരുന്നു. വേറെ ഒരു പാഠശാലയെ മാതൃകയാക്കി ഗണിച്ചല്ല, മഹാനായ ജനറൽ ഹാമ്പ്ടൺ പാഠശാലയെ നടത്തിവന്നതു്. നീഗ്രോ-ജനങ്ങളുടെ ആവശ്യങ്ങൾക്കു അപ്പൊഴപ്പോൾ വേണ്ടി വന്ന നിവൃത്തി മാർഗ്ഗങ്ങളെ ഏർപ്പെടുത്തിത്തന്നെയാണു അദ്ദേഹം അവരെ മേല്പോട്ടു മേല്പോട്ടു നയിച്ചുകൊണ്ടു

വന്നത്. സാധാരണ വിദ്യാദാതാക്കന്മാർ പുരാതനമോ നവീനമോ ആയ ഒരു മാതൃകയെ അവലംബിച്ചാണ അവരുടെ പ്രവൃത്തിയെ നടത്തിപ്പോരുന്നത്. സാധനത്തിന്റെ സ്ഥിതിയൊ പദാർത്ഥത്തിന്റെ ഉപയോഗമോ നോക്കാതെ ഒരേ കരുവിൽ ഒഴിച്ചു വാർത്തെടുക്കുവാൻ ചിലർ ഉദ്യോഗിക്കുന്നതുപോലെയാണ ചില വിദ്യാപ്രചാരകസംഘക്കാർ ബാലന്മാരെ വിദ്യാഭ്യാസം ചെയ്യിക്കുന്നത്. ഈ വിധത്തിൽ അല്ലായിരുന്ന ഹാമ്പ്ടൺ മന്ദിരത്തിലെ പ്രവൃത്തി. പ്രസംഗം സാരഗർഭമായിരുന്നുവെന്ന എല്ലാവരും അനുമോദിച്ചതു ബുക്കരുടെ ശ്രമത്തിനു ഉത്തമമായ പ്രതിഫലമായിത്തീർന്നു.

൧൯– ഇതിൽപിന്നെ സ്വദേശത്തു തിരികെ വന്ന കുട്ടികളെ പഠിപ്പിക്കുന്ന വേലയിൽ വീണ്ടും പ്രവേശിച്ചിരിക്കുമ്പോൾ ബുക്കർ, ഹാമ്പ്ടൺ പാഠശാലയിലേക്കു തന്നെ ഒരുപാദ്ധ്യായവേലയ്ക്കു ക്ഷണിക്കപ്പെട്ടു. പ്രവേശിച്ചിരുന്ന ജോലി വിട്ടു പിരിയുന്നതിൽ സ്വല്പം വൈമനസ്യം ഉണ്ടായിരുന്നുവെങ്കിലും, ജെനറൽ ആംസ്ട്രോങ്ങിന്റെ അപേക്ഷയെ ഉപേക്ഷിക്കുവാനുള്ള വൈമുഖ്യം നിമിത്തം, ബുക്കർ വീണ്ടും ഹാമ്പ്ടണിലേക്കു പുറപ്പെട്ടു. ബുക്കർ ഹാമ്പ്ടണിലേക്കു ക്ഷണിക്കപ്പെട്ടതു ഉപാദ്ധ്യായവൃത്തിയെ കൈയ്യേൽക്കുന്നതിനു പുറമെ ചില വിഷയങ്ങളിൽ ക്ലൃപ്തലായ ജ്ഞാനത്തെ സമ്പാദിക്കുന്നതിനു കൂടി ആയിരുന്നു. പ്രവൃത്തൻ ൽ ആയിരുന്ന ഈ സംഭവം. പശ്ചിമവർജ്ജിനിയായിൽ അയാൾ ആദ്യം പഠിച്ചു തുടങ്ങിയ കാലത്തു രണ്ടു സോദരന്മാരെ കൂടാതെ ബുദ്ധിയും പഠിത്തത്തിൽ താല്പര്യവും ഉള്ള നാലു ബാലന്മാരെക്കൂടെ ബുക്കർ പ്രത്യേകശ്രദ്ധയോടു അഭ്യസിപ്പിച്ചു ഉയർന്നതരം വിദ്യാഭ്യാസത്തിനായി ഹാമ്പ്ടണിലേക്കു അയച്ചിട്ടുണ്ടായിരുന്നു. അവർ അവിടെ ചെന്നപ്പോൾ ഉയർന്ന ക്ലാസുകളിൽ പ്രവേശിക്കാൻ യോഗ്യതയുള്ളവരായിരുന്നുവെന്നു വാദ്ധ്യാന്മാർ കണ്ടറിഞ്ഞതിന്റെ ഫലമായിരുന്നു, ബുക്കരുടെ നിയമനം. അയാൾ ഹാമ്പ്ടണിലേക്കു അയച്ചിരുന്നവരിൽ ഒരാളാണ ബാസ്റ്റർ നഗര

ത്തിൽ വൈദ്യവിഷയത്തിൽ നിപുണനായും വിദ്യാഭ്യാസ സംഘത്തിലെ അംഗമായും താമസിച്ചു വരുന്ന ഡാക്ടർ സാമുവൽ ഇ കോർട്ട്നീ.

ഫാദ്- മഹാനായ ജെനറൽ അക്കാലത്തു ഒരു നവമായ സമ്പ്രദായം ഏർപ്പെടുത്തണമെന്നു ഇച്ഛിച്ചിരുന്നു. അമേരിക്കയിൽ അക്കാലത്തു അപരിഷ്കൃതന്മാരായി നീഗ്രോ-ജാതിക്കാരല്ലാതെ ആദിമനിവാസികളായ ഇൻഡ്യൻ ജാതിക്കാരും കുടിയുണ്ടായിരുന്നു. ഈയാളുകളുടെ വർണ്ണം ശോണമായിരുന്നതിനാൽ, ഇവർക്കു സാധാരണ പേരു പറഞ്ഞു വരുന്നതു "ശോണഹിന്ദുക്കൾ" എന്നാണ്. ഈ വർഗ്ഗത്തിലുള്ള എഴുപത്തഞ്ചു യുവാക്കന്മാരെക്കുടി ഹാമ്പ്ടണിൽ പഠിപ്പിക്കണമെന്നായിരുന്നു മേല്പറയപ്പെട്ട പുതിയ ഏർപ്പാട്. ഈ ബാലന്മാരുടെ ഭരണകർത്താവായിട്ടാണു ബുക്കറെ ആവശ്യപ്പെട്ടിരുന്നതു്. ഇതു സ്പൃഹണീയമായ വേല ആയിരുന്നുവെങ്കിലും, വഴിനിയായിലെ ജോലി ഉപേക്ഷിക്കുന്ന കാര്യത്തിൽ ബുക്കർക്കു സങ്കടം തോന്നിയില്ലെന്നില്ല. എങ്കിലും അയാൾ അതിൽനിന്നു പിരിഞ്ഞു. ജനറൽ ആരംഭിച്ചു ആവശ്യപ്പെട്ട ജോലി ചെയ്യാൻ കഴികയില്ലെന്നു പറയുന്നതു അയാൾക്കു അസാധ്യമായിരുന്നു.

ഫാദ്- വെള്ളക്കാരെക്കാൾ തങ്ങൾക്കു ആദിജാത്യം ഉണ്ടെന്നായിരുന്നു, ഇൻഡ്യന്മാരുടെ ധാരണ. നീഗ്രോ-ജാതിക്കാർ അടിമകളായിരുന്നതിനാൽ അവർ കേവലം നിസ്സാരന്മാരാണെന്നും ഇവർ കരുതിയിരുന്നു. പ്രകൃത്യാ, യോദ്ധാക്കളും നായാട്ടിൽ സമർത്ഥന്മാരും ആയ ഈ ജാതിക്കാർ യൂറോപ്യന്മാർക്കുപോലും കീഴടങ്ങിയിരുന്നില്ല. അടിമത്തം പ്രചാരത്തിൽ ഇരുന്ന കാലത്തു ഇൻഡ്യന്മാരും അവരുടെ ദേശത്തിൽ അടിമകളുടെ മേൽ പ്രഭുത്വം നടത്തിട്ടുണ്ടായിരുന്നു. എന്നുമാത്രമല്ല, ശോണവർണ്ണന്മാരായ ഇൻഡ്യന്മാരെ വിദ്യാഭ്യാസം ചെയ്യിച്ചു പരിഷ്കൃതന്മാരാക്കുന്നതിനു വേണ്ടി ഹാമ്പ്ടണിൽ പ്രവർത്തിക്കപ്പെടുന്ന സമ്പ്രദായം നിഷ്പ്രയോജനമാണെന്നും പരക്കെ ഒരു വിശ്വാസം ഉണ്ടായിരുന്നു. ഇതെല്ലാം ബുക്കറുടെ നടവടികൾക്കു സാവധാ

നതയും പാകതയും വരുത്തി. ഇങ്ങനെയുള്ള ജനങ്ങളുടെ ഭരണകർത്തൃത്വം വഹിക്കുന്നതു വളരെ പ്രയാസമുള്ള ജോലിയായിരുന്നു. ഇതിലേക്കായി നിയോഗിക്കപ്പെട്ടതു തന്നെ ജെനറൽ ആറംസ്ട്രാങ്ങിനാ ബുക്കരുടെ മനോഗുണത്തിലും സാമർത്ഥ്യത്തിലും, അനുകമ്പാശീലത്തിലും ഉള്ള വിശ്വാസത്തെ പ്രത്യക്ഷപ്പെടുത്തുന്നു. ഹാമ്പ്ടണിൽ ചെന്നതിന്റെ ശേഷം ബുക്കർ ഏകദേശം എഴുപത്തഞ്ചു ഇൻഡ്യൻ യുവാക്കന്മാരോടുകൂടി ഒരു മന്ദിരത്തിൽ താമസം തുടങ്ങി. അവരുടെ ജാതിയിൽ ഉൾപ്പെട്ടവനല്ലാതെ ബുക്കർ മാത്രമേ ആ മന്ദിരത്തിൽ ഉണ്ടായിരുന്നുള്ളൂ. താൻ ഏറ്റെടുത്ത കാര്യത്തിൽ വിജയം സിദ്ധിക്കുമോ എന്ന ആദ്യകാലം അയാൾക്കു പ്രബലമായ ശങ്കയുണ്ടായിരുന്നു. ഭാരവാഹിതത്വത്തിന്റെ ഗൌരവത്തെ സദാ ഓർത്തുകൊണ്ടിരുന്ന ഇവൻ ഈ ദുഷ്കടമായ ജോലിയിൽ വിജയിയായി ഭവിക്കണമെന്നു നിശ്ചയിച്ചു ഇൻഡ്യന്മാരുടെ അഭിവൃദ്ധിക്കായി സർവ്വാത്മനാ യത്നം ചെയ്തുതുടങ്ങി. അധികതാമസം കൂടാതെ ബുക്കർ, ഇൻഡ്യൻ യുവാക്കന്മാരുടെ സ്നേഹബഹുമാനവിശ്വാസങ്ങളെ സമ്പാദിച്ചു. ഇതരജനങ്ങളേപോലെ ഇൻഡ്യരും അന്യന്മാരുടെ ദയാപൂർവ്വമായ പ്രവൃത്തിയിൽ സന്തോഷത്തേയും കൃതജ്ഞതയേയും പ്രത്യക്ഷപ്പെടുത്തുന്നവരായിരുന്നു. അവർക്കു അഹിതമായിരുന്നതു അവരുടെ നീണ്ടതലമുടിയെ വെട്ടുന്നതും, പുതപ്പിനെ ഉപേക്ഷിക്കുന്നതും പുകയിലച്ചുരുട്ടു വലിക്കാതിരിക്കുന്നതും ആയിരുന്നു. ഒരു അപ്രിയത്തെ ഇവർ ത്യജിക്കേണ്ടതായിത്തീർന്നു. വെള്ളക്കാരന്റെ വസ്ത്രം ധരിക്കയും, അവന്റെ ആഹാരം ഭുജിക്കയും, അവന്റെ ഭാഷ സംസാരിക്കയും, അവന്റെ മതം ആചരിക്കയും ചെയ്യാത്ത ജാതിക്കാർ പൂർണ്ണപരിഷ്കാരത്തെ പ്രാപിക്കാത്തവരാണെന്നാണു അമേരിക്കയിലെ വെള്ളക്കാരുടെ ദുർധാരണ. ഇൻഡ്യന്മാരുമായി സഹോദരസ്നേഹത്തോടുകൂടി നീഗ്രോ ബാലന്മാർ സഹവാസം ചെയ്യുവാനുള്ള ബുക്കരുടെ ദുഷ്ടാന്തത്തെ അനുകരിക്കുന്ന ക്രിയയായിരുന്നു. ഇൻഡ്യൻ ബാലന്മാരെ, ഇംഗ്ലീഷു ഭാഷ പഠിപ്പിക്കുന്നതിൽ നീഗ്രോ-വിദ്യാർത്ഥികളും മനഃ

പൂർവ്വം സഹായിച്ചു. കൃഷ്ണവർണ്ണന്മാരായ നീഗ്രോബാലന്മാർ ശോണവർണ്ണന്മാരായ ഇൻഡ്യന്മാരോടുസ്നേഹപൂർവ്വംസഹവാസം ചെയ്യുവന്നതുപോലെ വെള്ളക്കാരായ ബാലന്മാർ ഇതരവർഗ്ഗത്തിലുള്ളവരോടു പ്രവർത്തിക്കുമോ എന്നു സംശയമാണ്.

ഫ്രാന്സ- ഇൻഡ്യാദേശത്തിൽ ഹിന്ദു-ജനങ്ങളോടുള്ള ലൌകികവ്യാപാരങ്ങളിൽ പാശ്ചാത്യന്മാരായ യൂറോപ്യന്മാർ കാണിച്ചുവരാറുള്ള മാതിരി ചില ചപലകൃത്യങ്ങൾ അമേരിക്കയിലെ വെള്ളക്കാർ നീഗ്രോ-ജാതിക്കാരോടും അന്യജാതീയരോടും കാണിച്ചുവരാറുണ്ട്. എത്രതന്നെ യോഗ്യതയുണ്ടായാലും ഒരു നാട്ടുകാരൻ (കറുത്തമനുഷ്യൻ) വെള്ളക്കാരനോടു സദൃശനല്ലെന്ന ഇൻഡ്യയിൽ ഒരു വിചാരം ഉണ്ടല്ലൊ. അമേരിക്കയിൽ അതുപോലെതന്നെ സാമുദായികമായും മറ്റും ഉള്ള പ്രവൃത്തികളിൽ, സ്ഥാനതുല്യതയോ മാന്യസാമീപ്യമോ നീഗ്രോ-ജനങ്ങൾക്കുണ്ടെന്നു വെള്ളക്കാർ സമ്മതിക്കുന്നില്ല. ഇതിനു ഇവിടെ ഒരു ഉദാഹരണം പറയാം. നിയമനിർമ്മാണസഭയിലെ ഒരംഗവും, വിദ്വാനും, യോഗ്യനും ആയ ബഹുമാനപ്പെട്ട പ്രൊഡറിക്ക് ഡഗ്ളസ് എന്ന പേരായ ഒരു നീഗ്രോ, പെൻസിൽവാനിയാ ഡിസ്ട്രിക്ടിൽ ഒരിക്കൽ പുകവണ്ടി വഴി യാത്രചെയ്തു. മാറുള്ള യാത്രക്കാരേപ്പോലെ ഈയാളും ഒരേക്രമത്തിലതന്നെ കൊടുത്തുവെങ്കിലും റെയിൽവേ-ഉദ്യോഗസ്ഥന്മാർ, ഇയ്യാളെ യൂറോപ്യന്മാരിരിക്കുന്ന വണ്ടിയിൽ ഇരിക്കാൻ അനുവദിക്കാതെ ചുമടുകൾ ഇടുന്ന വണ്ടിയിലാണു കേറിക്കൊണ്ടുപോയത്. ഇൻഡ്യയിൽ റെയിൽവേ സവാരി ചെയ്തിട്ടുള്ളവർ യൂറോപ്യന്മാക്കും യൂറേഷ്യന്മാക്കും പ്രത്യേകമായി വണ്ടിയുള്ള വിവരം അറിഞ്ഞിരിക്കുമല്ലോ. ഇത്തരം ഒരേർപ്പാടാണ് അമേരിക്കയിലും ഉള്ളത്. ഇങ്ങനെ നീഗ്രോ-ഉദ്യോഗസ്ഥൻ, സാമാനവണ്ടിയിൽ ഇരുന്ന സമയത്തു പരിചയക്കാരായ ചില വെള്ളക്കാർ വന്നു അവന്നുണ്ടായ അവമാനത്തെപ്പറ്റി സഹതപിച്ചു പറഞ്ഞപ്പോൾ അയാൾ ഉത്തരം പറ

ഞതു,—"അവക്കു എന്നെ അവമാനിക്കാൻ കഴികയില്ല; ഈ ദേഹത്തിലുള്ള ആത്മാവിനെ ആക്ഷം നിക്രഷ്ടമാക്കാൻ സാധിക്കയില്ല. ഒരം വൃത്യസ്തമായ പ്രവൃത്തി മൂലം ഉള്ള അപമാനം എനിക്കല്ല,—അതു ചെയ്യുന്നവക്കു മാത്രമാണു" എന്നായിരുന്നു.

൧൦൬- "ഞങ്ങളുടെ ദേശത്തിന്റെ ഒരു അംശത്തിൽ, പുകവണ്ടിയാത്ര ചെയ്യുന്ന ജനങ്ങൾ ജാതിക്രമം അനുസരിച്ചു അവരവക്കു വെയ്ക്കപ്പെട്ടിട്ടുള്ള വണ്ടികളിൽ സഞ്ചാരം ചെയ്യേണ്ടതാണെന്ന ഒരേർപ്പാടുണ്ടായിരുന്നു. കറുപ്പു എവിടെ തുടങ്ങുന്നു വെളുപ്പു എവിടെ അവസാനിക്കുന്നു എന്നൊരു സംശയം എനിക്കുണ്ടാവാനുള്ള കാരണം ഇവിടെ പ്രസ്താവിക്കാം. ജനനവശാൽ നീഗ്രോ-വംശത്തിൽ ഉൾപ്പെട്ടവനും, വെളുപ്പുനിറംകൊണ്ടു യൂറോപ്യതുല്യനും ആയ ഒരുത്തൻ ഒരിക്കൽ നീഗ്രോ-ജനങ്ങൾക്കായി വിഭജിക്കപ്പെട്ടിട്ടുള്ള ഒരു വണ്ടിയിൽ ഇരുന്നിരുന്നു. വണ്ടിയുടെ നേതാവായ ഉദ്യോഗസ്ഥൻ ഈ മനുഷ്യൻ കേറിയിരുന്ന വണ്ടിപരിശോധിക്കാനായി വന്നുചേർന്നപ്പോൾ അയാൾ വളരെ വിഷമിച്ചു. അയാൾ നീഗ്രോ ആണെങ്കിൽ ധവരമാർ ഇരിക്കുന്നിടത്തു അയാളെ പ്രവേശിപ്പിക്കുന്നതു ശരിയല്ല; ധവരയാണെന്നു വരികിൽ നീഗ്രോ, ആണോ എന്നു ചോദിച്ചു അയാളെ അപമാനിക്കുന്നതു ഉചിതമല്ല. ഉദ്യോഗസ്ഥൻ അയാളെ ആപാദചൂഡം ഒന്നു നോക്കി. തലമുടി, കണ്ണു, മൂക്ക്, കൈ ഇവയെ നോക്കിയാറെ അയാളുടെ സംശയം നീങ്ങിയില്ല. ഒടുവിൽ അയാൾ അകത്തേയ്ക്കു തലയിട്ടു പ്രസ്തുത മനുഷ്യന്റെ കാലിനെ സൂക്ഷിച്ചുനോക്കി. അപ്പോൾ അയാളുടെ സംശയം തീർന്നു. എന്റെ ജാതിക്കാരുടെ അവയവങ്ങളിൽ ഒന്നിനെങ്കിലും ഭാവഭേദം വരാത്തതു, ഈ ജാതിയുടെ ഭാഗ്യം തന്നെ എന്നു ഞാൻ വിചാരിച്ചു സന്തോഷിച്ചു"—എന്നു ബുക്കർ എഴുതീട്ടുണ്ട്.

൧൦൭- ആഭിജാത്യം ഉള്ള ഒരുത്തന്റെ യോഗ്യതയെ സൂക്ഷ്മമായി അറിയാവുന്നതു ഭാഗ്യഹീനന്മാരും, താഴ്ന്നവരും

ആയവരോടുള്ള അയാളുടെ ഭാവനയിൽനിന്നാകുന്നു. താഴ്ന്നവരോടു അനുകമ്പയും, അവരെ ഉയർത്തുന്നതിനുള്ള ശ്രമവും ആണു, ഒരുത്തന്റെ യോഗ്യതയുടെ ഉത്തമലക്ഷണം. അമേരിക്കയുടെ സ്വാതന്ത്ര്യസാധകനും സർവ്വയോഗ്യനും, സംപൂജ്യനും ആയിരുന്ന, മഹാനായ ജാർജ്ജ് വാഷിങ്ട്ടൺ ഒരിക്കൽ കാൽനടയായി പോകുമ്പോൾ അദ്ദേഹത്തെ കണ്ടു അടിമയായ ഒരു നീഗ്രോ ആദരപൂർവ്വം തൊപ്പി തലയിൽ നിന്നും എടുത്തു ആചാരം ചെയ്തു. അദ്ദേഹം ഉടൻ തന്നെ, തന്റെ തൊപ്പി ഉയർത്തിപ്പിടിച്ചു ആ ആചാരത്തെ സ്വീകരിച്ചു. തന്റെ സ്നേഹിതന്മാരും അനുഗാമികളും ആയ വെള്ളക്കാർ ഒരും കൃത്യത്തെ പറ്റി ആക്ഷേപിച്ചു അദ്ദേഹത്തോടു പറഞ്ഞപ്പോൾ, അദ്ദേഹം ഉത്തരം പറഞ്ഞതു,—"സാധുവും അറിവില്ലാത്തവനും ആയ ഒരു കറുത്ത മനുഷ്യനു എന്നേക്കാൾ മര്യാദയുണ്ടെന്നു സമ്മതിക്കാൻ ഞാൻ സന്നദ്ധനാണെന്നു നിങ്ങൾ ശങ്കിക്കുന്നുവോ", എന്നായിരുന്നു.

ഫ്രാങ്ക്- ഇൻഡ്യൻ ബാലന്മാരുടെ രക്ഷാധികാരിയായി ബുക്കർ ഹാമ്പ്ടനിൽ പാർത്തിരുന്ന കാലം ജാതിഭേദത്തെക്കുറിച്ചു വിനോദകരങ്ങളായ ചില സംഭവങ്ങൾ അയാളുടെ അനുഭവത്തിൽ തന്നെ ഉണ്ടായി. ഒരു ഇൻഡ്യൻ ബാലനു ദീനം പിടിച്ചു. അവനെ വാഷിങ്ട്ടണിൽ കൊണ്ടുചെന്നു ഒരു ഗവമ്മെണ്ടു കാര്യദർശിയെ ഏൽപ്പിച്ചു രസീതുവാങ്ങി അവന്റെ സ്വാതന്ത്ര്യത്തേയ്ക്കു അയയ്ക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യേണ്ടതു, ബുക്കരുടെ ജോലിയായിത്തീർന്നു. നമ്മുടെ യുവാവിനു അത്ര ലോകപരിചയം ഇല്ലായിരുന്നു. വാഷിങ്ട്ടനിലേയ്ക്കു പോയതു ഒരു ആവിവള്ളം വഴി ആയിരുന്നു. ഭക്ഷണകാലസൂചകമായ മണി കേട്ടതിന്റെ ശേഷം, യാത്രക്കാരിൽ മിക്കവരും ആഹാരം കഴിച്ചു തീർന്നതിൽ പിന്നെയാണു, അയാളും ബാലനും ഭക്ഷണപ്പുരയിലേക്കു ചെന്നു ചേർന്നതു. അപ്പോൾ അതിലേ വിചാരിപ്പുകാരൻ,—'ബാലനു ഇവിടെ ഭക്ഷണം കൊടുക്കാം. നിങ്ങൾക്കു തരാൻ പാടില്ല',—എന്നു സവിനയം ബുക്കരോടു പറഞ്ഞു. ഇൻ

ഡ്യൻ ബാലന്മാരെയും, അയാളുടേയും നിറത്തിനു വലിയ വ്യത്യാസം ഒന്നും ഇല്ലായിരുന്നിട്ടും അവരെ തരം തിരിക്കുന്ന വിഷയത്തിൽ വിചാരിപ്പുകാരനു യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. വാഷിങ്ടണിൽ എത്തിയതിന്റെ ശേഷവും ബുക്കർക്കു ഭക്ഷണകാര്യത്തിൽ ചില സൌകര്യക്കുറവുകൾ ഉണ്ടായി. അതും ജാതിസംബന്ധമായി വന്നതാണു. വെള്ളക്കാരുടെ വകയായുള്ള ഭോജനശാലകളിലും, കപ്പലുകളിലും നീഗ്രോ-ജാതിക്കാർക്കു ഭക്ഷണത്തിനു സൌകര്യം കൊടുത്തിരുന്നില്ല. അമേരിക്കയിലെ ധാരമാർ നീഗ്രോ-ജാതിക്കാരെ അത്ര നീചന്മാരെന്നാണു വിധിച്ചിരുന്നത്.

ഫ്രഫ്- ഇൻഡ്യൻ ബാലന്മാരുടെ മേലന്വേഷണം ഒരു സംവത്സരകാലം വഹിച്ചു കഴിഞ്ഞപ്പോൾ ബുക്കരുടെ വേല വേറൊന്നായിത്തീർന്നു. ഹാമ്പ്ടൺ പാഠശാലയുടെ ഉടമസ്ഥർ അക്കാലത്തു നവീനമായ ഒരു ശാഖ ഏർപ്പെടുത്തി. ഇതു അഗതികളായ നീഗ്രോ-ബാലികാബാലന്മാരുടെ ഉപയോഗത്തിനു വേണ്ടിയായിരുന്നു. ഇദ്ദേഹത്തിന്റെ ഏർപ്പാടിൻപ്രകാരം പകൽ പത്തു മണിക്കൂർ വേല ചെയ്യുന്നവർക്കു രാത്രിയിൽ രണ്ടു മണിക്കൂർ പള്ളിക്കൂടത്തിൽ പഠിക്കുന്നതിനു സൌകര്യം സിദ്ധിച്ചിരുന്നു; ഇവർക്കു ശമ്പളമായി ആഹാരച്ചെലവിനുള്ളതു നീക്കി ഒരു സല്പുമായ സംഖ്യ അനുവദിക്കപ്പെട്ടിരുന്നു. ഇവരുടെ ജോലിയിൽനിന്നു പാഠശാലയിലേക്കുണ്ടായ ആദായത്തിൽ ഒരു പ്രധാന ഭാഗം ഇവരുടെ ഉപയോഗത്തിനായിത്തന്നെ പ്രത്യേകം സൂക്ഷിക്കപ്പെട്ടിരുന്നു. ഇതിന്റെ സഹായംകൊണ്ടു അനേകംപേർ ഒന്നു രണ്ടു വർഷം ഇങ്ങനെ കഴിച്ചതിൽ പിന്നെ ക്രമമായി പള്ളിക്കൂടത്തിൽ പഠിച്ചു വന്നിട്ടുണ്ടു്.

ഫ്രഫ്ര- ഈ പുതിയ വകുപ്പിന്റെ ഉപാദ്ധ്യക്ഷത്തെ ബുക്കർ വഹിച്ചുതുടങ്ങി. ആരംഭത്തിൽ ഈ വകുപ്പിൽ പന്ത്രണ്ടു പേർ ചേർന്നിരുന്നു. ബാലന്മാർ തടിയറക്കുന്ന യന്ത്രശാലയിലും, ബാലികകൾ അലക്കുന്നിടത്തും, പകൽ വേല ചെയ്തു. രാത്രിയിൽ നിശ്ചിതസമയത്തു പഠിത്തവും നടത്തി,

പകൽ വേലയിലും രാത്രിയിൽ പഠിത്തത്തിലും ഒന്നുപോലെ ശ്രദ്ധാന്തിയും, സാഹത്ഥ്യവും പ്രകടിപ്പിച്ച ഈ ക്ലാസിനു ബുക്കർ "ചൊടിയുള്ള വകുപ്പ്" എന്ന നാമധേയം കൊടുത്തു. കാലക്രമത്തിൽ ഈ വകുപ്പു അനേകം അപേക്ഷക്കാരുടെ പ്രവേശത്താൽ വർദ്ധിച്ചുവന്നു. അക്കാലത്തു ഇതിൽ അദ്ധ്യാസം ചെയ്തിരുന്ന പല പേരും പിച്ചാലത്തു ഓരോ തുറകളിൽ പ്രവേശിച്ചു സ്വത്തും, മാന്യതയും സമ്പാദിച്ചവരായിത്തീർന്നിട്ടുള്ളതു ബുക്കരുടെ ശ്രമത്തിന്റെ ശാശ്വതഫലങ്ങളിൽ ഒന്നാണ്.—ഇപ്പോൾ ഹാമ്പ്ടനിൽ മേല്പറഞ്ഞ വകുപ്പിൽ നാന്നൂറോളം അഭ്യാസകർ ഉണ്ട്.

അദ്ധ്യായം ൬.

ടസ്കേജിയിലെ ആദ്യകാലം.

൧൮൮൨- ഹാമ്പ്ടനിൽ ഇൻഡ്യന്മാരുടെ രക്ഷാധികാരിത്വത്തേയും, രാത്രി പാഠശാലയുടെ ഭാരവാഹിത്വത്തേയും നടത്തിപ്പോന്ന കാലം ബുക്കർ നൂതനമായ ചില വിഷയങ്ങളെ പരിശീലനം ചെയ്തു. അപ്പോൾ അയാളുടെ അധ്യാപകന്മാരിൽ ഒരാൾ ദിവ്യശ്രീ ഡാക്ടർ എച്ച്. ബി. ഫ്രിസ്സൽ എന്നപേരായ മഹാനായിരുന്നു. ജനറൽ ആറം സ്ട്രാങ്ങിന്റെ കാലത്തിനിപ്പുറം ഹാമ്പ്ടൻ പാഠശാലയുടെ അദ്ധ്യക്ഷത വഹിച്ച ആദ്യം ഇദ്ദേഹമായിരുന്നു.

൧൮൮൨- തന്റെ ജീവിതോദ്യോഗത്തിൽ ആദ്യമായി ബുക്കർ പ്രവേശിക്കാനുണ്ടായ സന്ദർഭത്തെപ്പറ്റി അയാൾ ഇപ്രകാരം എഴുതിയിരിക്കുന്നു: —"൧൮൮൨-ലെ മേ മാസത്തിൽ അതാവിധ ഞാൻ രാത്രി പാഠശാലയിൽ വേല ചെയ്തു കഴിഞ്ഞുപോൾ എന്റെ ജീവികാധർമ്മത്തിൽ പ്രവേശിക്കുന്നതിനുള്ള വഴി ഞാൻ വിചാരിച്ചിരിക്കാത്ത വിധത്തിൽ, തെളി

ഞ്ഞു. ഒരു രാത്രിയിൽ പള്ളിക്കൂടം സംബന്ധിച്ചുള്ള ദേവാലയത്തിലെ പ്രവൃത്തി അവസാനിച്ചപ്പോൾ ജനറൽ ആംസ്ട്രാങ്ങ് പറഞ്ഞു:—"ടെസ്കേജി എന്ന ദിക്കിൽ നിന്നു ചില മാന്യന്മാർ എനിക്കയച്ച ഒരെഴുത്തിൽ അവർ അവിടെ ഒരു സാങ്കേതിക പാഠശാല സ്ഥാപിക്കാൻ ആലോചിച്ചു വരുന്നുവെന്നും അതിന്റെ അദ്ധ്യാപകനായിരിക്കാൻ സാമർത്ഥ്യമുള്ള ഒരുത്തനെ ആവശ്യമുണ്ടെന്നും കാണുന്നു." ഈ ജോലി സാമർത്ഥ്യത്തോടുകൂടി വഹിക്കുന്നതിനു ശേഷിയുള്ള കറുത്ത മനുഷ്യൻ ഉണ്ടായിരിക്കുമെന്നു അവർ വിചാരിച്ചിരുന്നില്ലാത്തതിനാൽ ഒരു ധവളയെ തിരഞ്ഞെടുത്തയയ്ക്കണമെന്നായിരുന്നു അവരുടെ അപേക്ഷ. പിറേറന്നാൾ ആംസ്ട്രാങ്ങ് എന്നെ ആഫീസിൽ വിളിച്ചു എനിക്കു ആ ജോലി വഹിക്കാമൊ എന്നു പെട്ടെന്നു ചോദിച്ചു. ശ്രമിച്ചുനോക്കാൻ തയ്യാറാണെന്നു ഞാൻ പറഞ്ഞു. ഉടൻതന്നെ, വെള്ളക്കാരിൽ ആരെയും ആ ജോലിക്കു ശേഷിയുള്ളവരായി താൻ അറിയുന്നില്ലെന്നും, കറുത്ത മനുഷ്യൻ മതിയാകുമെങ്കിൽ ഞാൻ ഉണ്ടെന്നും അദ്ദേഹം അവക്കെഴുതിയയച്ചു.

ഫ്രഫ്ര- കൂറേ നാൾ ഇതിനേപ്പററി ഒരു അനക്കവും ഉണ്ടായില്ല. പിന്നീടു ഒരു ദിവസം രാത്രിയിൽ ദേവാരാധനസമയത്തു ജനറലിനു ഒരു കമ്പി കിട്ടി. പ്രാത്ഥന കഴിഞ്ഞതിന്റെ ശേഷം അദ്ദേഹം എല്ലാവരുടേയും മുമ്പിൽവച്ചു അതിനെ വായിച്ചു. അതിന്റെ വാചകം: "ബുക്കർ. ടി. വാഷിങ്ങ്ടൺ മതിയാകും; ഉടൻ അയാളെ അയയ്ക്കണം," എന്നായിരുന്നു.

ഫ്രഫ്ര- വിദ്യാത്ഥികളും അധ്യാപകന്മാരും ഐകകണ്ഠ്യേനരംയാളെ അനുമോദിച്ചു. കാലതാമസം കൂടാതെ പുറപ്പെട്ട ഗൃഹത്തിൽ സപല്പകാലം താമസിച്ചതിന്റെ ശേഷം ബുക്കർ ടസ്കേജിയിൽ എത്തി. അതു രണ്ടായിരം ജനങ്ങളും ഉള്ളൊരു പട്ടണം ആയിരുന്നു. അവരിൽ പകുതി അല്ലകളും കറുത്ത മനുഷ്യരായിരുന്നു. ഈ പട്ടണം ഇരുന്ന ഡിസ്ട്രിക്ടിൽ വേള്ളക്കാരേക്കാളും അധികം നീഗ്രോ-ജനങ്ങളും ആണു ഉണ്ടായിരുന്നത്. ടസ്കേജി എന്നു സ്ഥലം ദക്ഷിണദേശ

ത്തിലെ കൃഷ്ണമേഖലയിൽ ഉൾപ്പെട്ടതായിരുന്നു. നീഗ്രോ-ജനങ്ങൾ അധികം താമസിച്ചുവന്ന സ്ഥലം ആണു കൃഷ്ണമേഖലയെന്നു പറയപ്പെടുന്നത്. ഏതെല്ലാം സ്ഥലങ്ങളിൽ നീഗ്രോ-ജനങ്ങൾ വെള്ളക്കാരേക്കാൾ അധികപ്പെട്ടു കാണുന്നുവോ അവയെല്ലാം ഒരു നാമധേയത്താൽ സൂചിക്കപ്പെട്ടുവരുന്നുണ്ടു്. ഈ സ്ഥലത്തു കെട്ടിടങ്ങളും സാമഗ്രികളും ഉണ്ടായിരിക്കുമെന്നാണു ബുക്കർ വിചാരിച്ചിരുന്നതു്. പക്ഷെ, അതൊന്നും അവിടെ ഇല്ലായിരുന്നുവെങ്കിലും വിദ്യാഭ്യാസത്തെ ആകാംക്ഷിക്കുന്ന ജനങ്ങൾ അനേകം ഉണ്ടായിരുന്നതു ഈയാഗ്രഹം സന്തോഷജനകമായിരുന്നു. ഒരു വിദ്യാലയം ഇരിക്കുന്നതിനു ഉചിതമായ സ്ഥലം ആയിരുന്നു ടസ്കീജി. നീഗ്രോ-ജനങ്ങൾ തിങ്ങി വിങ്ങി താമസിച്ചിരുന്ന പ്രദേശത്തിന്റെ മദ്ധ്യസ്ഥാനത്തിൽ ആയിരുന്നു ഈ നഗരം. പ്രധാനപ്പെട്ട തീവണ്ടിപ്പാതയിൽ നിന്നും അഞ്ചു നാഴിക അകലെ കിടന്നിരുന്നതിനാൽ അതിനു ഒരു മാതിരി ഏകാന്തതയും ഒതുക്കവും ഉണ്ടായിരുന്നു. അടിമത്തം ഉണ്ടായിരുന്ന കാലത്തും അതിൽ പിന്നീടും, വെള്ളക്കാരുടെ വക അനേകം പാഠശാലകൾ ഒരു സ്ഥലത്തെ അലങ്കരിച്ചിരുന്നു. സമീപവാസികളായ ധ്വരമാർ വിദ്യയഭ്യസിച്ചുവരായിരുന്നതു വിശേഷിച്ചു ഒരു സഹായം ആയിരുന്നു. വലിയ നഗരങ്ങളിൽ കൂടിപാർക്കുന്ന നീഗ്രോ-ജനങ്ങളുടെ ഇടയിൽ സർവ്വസാധാരണമായി കണ്ടുവന്ന നടപ്പുദോഷമൊ ശരീരക്ഷീണതയോ ആ ദേശത്തെ ജനങ്ങളെ ബാധിച്ചിരുന്നില്ല. എന്നു മാത്രമല്ല വെള്ളക്കാരും നീഗ്രോ-ജനങ്ങളും പരസ്പരം സ്നേഹത്തോടാണു അവിടെ താമസിച്ചുവന്നിരുന്നതു്. ആ നഗരത്തിൽ അക്കാലം ഉണ്ടായിരുന്ന പ്രധാനപ്പെട്ട ഇരുമ്പുസാമാനക്കടകളിന്റെ ഉടമസ്ഥന്മാരിൽ ഒരുത്തൻ നീഗ്രോ-മനുഷ്യനും അന്യൻ ധ്വരയും ആയിരുന്നു. ധ്വരയുടെ ജീവാവസാനം വരെ ഈ കൂട്ടുവ്യാപാരം നിലനിന്നിരുന്നു.

ഫ്രഞ്ച- ബുക്കർ വന്നുഭവിക്കുന്നതിനു ഒരു സംവത്സരം മുമ്പായി ആ പ്രദേശത്തെ നീഗ്രോ-ജനങ്ങൾ ഡിസ്ട്രിക്ട് ഗവ

മെമ്മണ്ടിനു ഹജ്ജി കൊടുത്തു ഒരു പള്ളിക്കൂടം വകയ്ക്കായി വർഷം തോറും രണ്ടായിരം ഡാളർ അനുവദിപ്പിച്ചിരുന്നു. ഈ ദ്രവ്യം വാഷ്യിംഗ്ടണിന്റെ ശമ്പളത്തിനല്ലാതെ സ്ഥലത്തിനോ കെട്ടിടത്തിനോ ഉപകരണങ്ങൾക്കോ ആയി ഉപയോഗിപ്പാൻ കല്പന ഉണ്ടായിരുന്നില്ല.

ഫ്രഞ്ച്- വിദ്യാലയസ്ഥാപനത്തെപ്പറ്റി ബുക്കർ എഴുതീട്ടുള്ളതു ഇപ്രകാരമാണ്. "ഞാൻ നിർവഹിക്കേണ്ടിയിരുന്ന ജോലി എളുപ്പപ്പെട്ടതല്ലായിരുന്നു. കട്ടത്തറയിൽ മുങ്ങുകയോ, മണൽ കൊണ്ടു കയറുണ്ടാക്കുകയോ, ചെയ്യാൻ തുനിയുമ്പോലെ വിഷമപ്പെട്ടതായിരുന്നു എന്റെ പ്രവൃത്തി എന്നു എനിക്കു തോന്നി. നീഗ്രോ-ജനങ്ങൾക്കു അത്യുത്സാഹം തോന്നിയിരുന്നു; പാഠശാല സ്ഥാപിക്കുന്ന വിഷയത്തിൽ എന്തു സഹായം ചെയ്യുന്നതിനും അവർ തയ്യാറായിരുന്നു.

ഫ്രഞ്ച്- "എവിടെവേണം പാഠശാല സ്ഥാപിക്കേണ്ടതെന്നു സംശയിയാണു ആദ്യം എന്റെ ആലോചനയ്ക്കു വിഷയമായതു. ആ നഗരത്തിന്റെ മിക്ക ഭാഗങ്ങളും ചുറിനടന്നു. നോക്കിയതിന്റെ ശേഷം ഞങ്ങളുടെ ജാതിക്കാരുടെ വകയായി ജീർണ്ണപ്പെട്ടു കിടന്നിരുന്ന ഒരു പള്ളിയുടെ സമീപത്തുള്ള ഒരു കെട്ടിടമാണു ഇതിലേക്കായി ലഭിച്ചതു. പള്ളിക്കൂടി ആവശ്യംപോലെ പള്ളിക്കൂടമായി ഉപയോഗിക്കാമായിരുന്നു. പള്ളിയും കെട്ടിടവും പഴക്കം കൊണ്ടു ജീർണ്ണിച്ചതായിരുന്നു. ഈ കെട്ടിടത്തിൽ വച്ചു പഠിത്തം നടത്തിത്തുടങ്ങിയ മാസത്തിൽ ഞാൻ പാഠം കേട്ടുകൊണ്ടിരിക്കുമ്പോൾ ഒരു മഴ പെയ്തു. അപ്പോൾ ബാലന്മാരിൽ ഒരുത്തൻ എന്റെ തലയ്ക്കു മേൽ പിടിച്ചിരുന്ന കുടയുടെ അടിയിൽ നിന്നാണു ഞാൻ പാഠം പറഞ്ഞു കൊടുത്തതു. പല സന്ദർഭങ്ങളിലും കുട പിടിച്ചുകൊണ്ടാണു ഞാൻ ആഹാരം കഴിച്ചിട്ടുള്ളതു. ഒരു സംഗതി കൊണ്ടുതന്നെ കെട്ടിടങ്ങളുടെ സ്ഥിതി എങ്ങനെയിരുന്നുവെന്നു വെളിപ്പെടുന്നുണ്ടല്ലൊ."

ഫ്രഞ്ച്- അലബാമായിലെ നീഗ്രോ-ജനങ്ങളുടെ ആ കാല

ത്തെ സ്ഥിതിയെക്കുറിച്ചു നമ്മുടെ കഥാപുരുഷൻ പ്രസ്താവിച്ചിട്ടുള്ളതിനെ നോക്കുക:—"ഞാൻ അലബാമാ സംസ്ഥാനത്തിൽ പ്രവേശിച്ച കാലത്തു ആ ദേശത്തുള്ള നീഗ്രോ-ജനങ്ങൾ രാജ്യകാര്യവിഷയത്തിൽ ശ്രദ്ധയെ വ്യാപരിപ്പിച്ചിരുന്ന. എപ്പോവിധത്തിലും ഞാൻ അവരെ അനുകരിക്കണമെന്ന അവർക്കു വളരെ താല്പര്യം ഉണ്ടായിരുന്ന. അപരിചിതന്മാരായ അന്യന്മാരുടെ രാജ്യകാര്യസംബന്ധമായ നിലയെപ്പറ്റി അവർക്കു ശങ്കയുണ്ടായിരുന്നെന്നു തോന്നുന്നു. എന്റെ അഭിപ്രായം അറിവാനും എന്നെ രാജ്യകാര്യവിഷയത്തിൽ ഉപദേശിപ്പാനും ആയി പല തവണ എന്നെക്കണ്ടു എന്നോടു സംഭാഷണം ചെയ്യാനായി നിയോഗിക്കപ്പെട്ടു ഒരാൾ വളരെ താല്പര്യത്തോടെ എന്നോടു പറഞ്ഞതു ഇപ്രകാരം ആയിരുന്നു,—"ഞങ്ങളുടെ അഭിപ്രായത്തിനനുസരണമായിരിക്കണം നിങ്ങളുടെ പ്രവൃത്തി എന്നാണു ഞങ്ങളുടെ അഭിലാഷം. കടലാസുകൾ വായിക്കുവാൻ ഞങ്ങൾക്കു അത്രവശമില്ല. എങ്കിലും, അഭിപ്രായം പറവാൻ അറിയാം. ഞങ്ങളുടെ മതത്തെ തന്നെ നിങ്ങൾ സ്വീകരിക്കണം. ഞങ്ങൾ വെള്ളക്കാരന്റെ നടവടികളെ സൂക്ഷിച്ചുനോക്കുന്നുണ്ട്. അവന്റെ ഗതി ഇന്നവിധമാണെന്നറിഞ്ഞാൽ, നേരേ വിപരീതമായി വേണം നാം നടക്കുവാൻ. എന്നാൽ നമുക്കു അബദ്ധം പിണയുകയില്ല." വെള്ളക്കാരൻ അഭിപ്രായപ്പെടുന്നതിനു പ്രതികൂലമായി പ്രവർത്തിക്കേണമെന്നുള്ള വിചാരം ഇപ്പോൾ നീഗ്രോ-ജാതിക്കാർക്കു ഉണ്ടായിരിക്കുന്നില്ല. ഈ ജാതിക്കാരുടേയും പൊതുഗുണത്തെമാത്രം ആസ്പദമാക്കിയാണു ഇപ്പോൾ കറുത്ത മനുഷ്യർ രാജ്യകാര്യവിഷയങ്ങളെക്കുറിച്ചു സ്വാഭിപ്രായം പുറപ്പെടുവിച്ചു വരുന്നതു എന്നു പ്രസ്താവിക്കുവാൻ ധൈര്യം തോന്നുന്നതിൽ എനിക്കു സന്തോഷമുണ്ട്".

൧൮൭൦- ക്രിസ്താബ്ദത്തിലെ ജൂൺ മാസത്തിൽ അത്യന്തമായിരുന്ന ഞാൻ ടസ്കുജിയിൽ ചെന്ന ചേന്നതെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ആ മാസം കൊണ്ടു ഞാൻ പാഠശാലയ്ക്കായി സ്ഥലം തിരഞ്ഞെടുക്കുകയും അലബാമാ ദേശത്തിൽ

സഞ്ചാരംചെയ്തു ഉൾപ്രദേശങ്ങളിലുള്ള ജനങ്ങളുടെ സ്ഥിതികൾ മനസ്സിലാക്കുകയും, നൂതനമായി സ്ഥാപിച്ച വിദ്യാലയത്തെപ്പറ്റി ജനങ്ങളുടെ ഇടയിൽ ഒരു വിജ്ഞാപനം പരത്തുകയും ചെയ്തു. ഞാൻ യാത്രചെയ്തതു നാട്ടുപുറത്തുള്ള വഴികളിൽ ക്രൂടെ ആയിരുന്നു. കഴുത വണ്ടിയാണു ഞാൻ ഉപയോഗിച്ചത്. 'ചെന്നൊടം ചേക്ക, എന്ന മാതിരിയിലാണു കഴിച്ചുകൂട്ടിയതു. സാധാരണ ജനങ്ങളുടെ ചെറിയ കുടിലുകളിൽ ഞാൻ ഭക്ഷണം കഴിക്കുകയും ഉറങ്ങുകയും ചെയ്തുവന്നു. അവരുടെ കളങ്ങളും, വയലുകളും, കൃഷിസ്ഥലങ്ങളും, കുടിപ്പള്ളിക്കൂടങ്ങളും, പുള്ളികളും ഇവയെല്ലാം ഞാൻ കണ്ടു. ഞാൻ ഓരോ ഗൃഹങ്ങളിലും ചെന്നതു മിക്കവാറും ഒരു മുന്നറിവും കൊടുക്കാതെയായിരുന്നതിനാൽ ജനങ്ങളുടെ വാസ്തവമായ നിത്യവൃത്തി കണ്ടറിയുന്നതിനു എനിക്കു സൌകര്യം ഉണ്ടായി.

൧൮൫- പരുത്തികൃഷി കൊണ്ടു കാലക്ഷേപം കഴിച്ചു വന്നിരുന്ന ജനങ്ങളും മിക്കവാറും രാത്രിയിൽ ശയനം ചെയ്തുവന്നതു ഒരു മുറി മാത്രമുള്ള പുരകളിൽ ആയിരുന്നു. ഒരു ഗൃഹത്തിലുള്ളവരെല്ലാവരും വിശേഷാൽ വന്നു ചേരുന്ന സംബന്ധികളും, അതിഥികളും ഒക്കെ കഴിച്ചുകൂട്ടി വന്നതു ആ ഒരു പുരമുറിയിൽതന്നെയായിരുന്നു. എല്ലാവരും കിടന്നതിന്റെ ശേഷമോ അഥവാ മുൻകൂട്ടി വെളിയിൽ ഇറങ്ങിപ്പോയിട്ടോ ആയിരുന്നു, ഞാൻ, ഉറങ്ങുന്ന സമയം ഉപയോഗിക്കുന്ന ഉടുപ്പുകൾ ധരിച്ചുവന്നതു്. കൈയും മുഖവും കഴുകുന്നതിനുപോലുമുള്ള സൌകര്യം മിക്ക ഗൃഹങ്ങളിലും അകത്തു ഉണ്ടായിരുന്നില്ല. തിണ്ണയിലോ മുറ്റത്തോ വച്ചായിരുന്ന ഈ ക്രിയ നടത്തപ്പെട്ടുവന്നതു്.

൧൮൬ ജനങ്ങളുടെ പതിവായ ആഹാരം വീട്ടിൽ വളർത്തുന്ന പന്നിയുടെ മാംസവും ചോളമാവുകൊണ്ടുണ്ടാക്കപ്പെടുന്ന അപ്പവും ആയിരുന്നു. ചിലെടത്തു വെറും വെള്ളത്തിൽ പുഴുങ്ങിയ കറുത്ത കണ്ണാമ്പയറും, അപ്പവും മാത്രമെ ഉണ്ടായിരുന്നൊള്ളു. സസ്യാദികളെ കൃഷിചെയ്യുന്നതിനു വേണ്ട സ്ഥലം ഓരോ ഗൃഹങ്ങളുടെ ചുറവും ധാരാളം ഉണ്ടായിരുന്നു

വെങ്കിലും മാംസവും, പയറും, ചോളവും ജനങ്ങൾ വാങ്ങി വന്നതു കടകൾപോളങ്ങളിൽ നിന്നായിരുന്നു. പരുത്തി കൃഷി ചെയ്യുന്നതിനു മാത്രമേ അവർക്കു ഉത്സാഹം ഉണ്ടായിരുന്നുള്ളു. പുരവാതൽവരെ മിക്ക വീടുകളിലും ഈ കൃഷി ഇറക്കപ്പെട്ടിരുന്നു.

ഫലം– ചില ഗൃഹങ്ങളിൽ അറുപതു ഡാളർ വിലപിടിച്ച തയ്യൽയന്ത്രവും പന്ത്രണ്ടു പതിന്നാലു ഡാളർ വിലയുള്ളതും ചിത്രപ്പണി കൊണ്ടു മിനുങ്ങുന്നതും ആയ നാഴികമണിയും ഉണ്ടായിരുന്നു. കൂടാതെ പണം മുടക്കിയും വാടകയായി കൊടുത്തു വിലയടച്ചു സാമാനങ്ങൾ വാങ്ങുന്ന ഏർപ്പാടിൻപേരിൽ അവർ ഇവയെ സമ്പാദിച്ച വരികയായിരുന്നിരിക്കണം. ഒരവസരത്തിൽ ഞാൻ താമസിച്ച ഒരു ഗൃഹത്തിൽ, വീട്ടുകാരുടെ നാലുപേരും ഞാനും ഒരു മേശയുടെ ചുറ്റും ഇരുന്നു ഭക്ഷണം കഴിച്ചു. അഞ്ചാളുകളുടെ ഉപയോഗത്തിനു അവിടെ ഒരു മുള്ളു ഉണ്ടായിരുന്നുള്ളു. ആയതിനാൽ ഞാൻ വളരെനേരം ഭക്ഷിക്കാതെ ഇരിക്കേണ്ടിവന്നു. ആ മുറിയുടെ ഒരു ഭാഗത്തിൽ നൂറു ഡാളർ വിലയുള്ള വാങ്ങിയ ഒരു സംഗീതയന്ത്രം ഉണ്ടായിരുന്നു. മുള്ളൊന്നു മാത്രമെ ഉള്ളുവെങ്കിലും സംഗീതയന്ത്രമോ നൂറു ഡോളർ വിലയുള്ളതെങ്കിലും ഒന്നു അത്യാവശ്യമെന്നു വിചാരിക്കപ്പെട്ടിരുന്നു.

ഫലം– തയ്യൽയന്ത്രം ഉപയോഗിക്കാനോ, മണിനോക്കി നേരം പറവാനോ, സംഗീതയന്ത്രത്തിൽനിന്നു സ്വരം പുറപ്പെടുവിക്കാനൊ പഠിച്ചിട്ടുള്ളവർ ഗൃഹങ്ങളിൽ ഇല്ലായിരുന്നുവെന്നുക്രൂടി പറയുമ്പോൾ അത്യാവശ്യസാധനങ്ങളെ വേണ്ടെന്നുവെച്ചും, അവർ ആഡംബരത്തിനായിമാത്രം അനാവശ്യമായ ചെലവുകളെ ചെയ്യുവന്നിരുന്നു എന്നു പ്രത്യക്ഷമാണല്ലൊ.

ഫലം– മുമ്പു പറഞ്ഞ വിരുന്നുകാര്യത്തെപ്പറ്റി സ്വല്പംക്രൂടി പറയാനുണ്ടു. വിരുന്നു നടത്തിയവരുടെ ഇരിപ്പും നടവടിയും കണ്ടപ്പോൾ തന്നെ അവർ പതിവായി ഇപ്രകാരമൊന്നും ചെയ്യുവന്നില്ലെന്നു എനിക്കു മനസ്സിലായി. യഥാ

യോഗ്യം എന്നെ വിരുന്നുട്ടായിരുന്ന അവർ ഒരുമിച്ചു കൂടിയിരുന്നതു. നീഗ്രോ-വീടുകളിലെ നടവടി പ്രായേണ ഇതായിരുന്നു. അതിരാവിലെ കുടുംബിനി എഴുന്നേറ്റ രണ്ടുട്ടുപ്പകളിലായി മാംസംകൊണ്ടും മാവുപൊടികൊണ്ടും ആഹാരംപാകപ്പെടുത്തും. ഇതിനു പത്തുപതിനഞ്ചു മിനിട്ടു വേണ്ടിവരും. ഭർത്താവു ജോലിസ്ഥലത്തേയ്ക്കു പുറപ്പെടാറാകുമ്പോൾ ഒരു കയ്യിൽ കുറേ മാംസവും മറേറ കയ്യിൽ കുറേ അപ്പവും എടുത്തു വഴിനീളെതിന്നും കൊണ്ടുനടന്നു പോകും. ഭാര്യ അടുപ്പിനടുത്തിരുന്നു തന്നെ പാത്രത്തിൽനിന്നു വാരിവാരി വേണ്ടതു തിന്നും. കുട്ടികൾ മുറ്റത്തു ഓടിക്കളിച്ചും നടന്നും അവരുടെ പങ്കും തിന്നുതീർക്കും. മാംസം സുലഭമായി വിലയ്ക്കു കിട്ടാത്ത കാലങ്ങളിൽ വയലിൽ ഇറങ്ങി വേലചെയ്യുന്നതിനു പ്രായം വന്നിട്ടില്ലാത്ത ബാലന്മാർക്കു മാംസഭക്ഷണം ഇല്ലായിരുന്നു.

ഉച്ചസ്യ– കാലത്തെ ആഹാരം കഴിഞ്ഞ ഉടനെ വേലചെയ്യാറുള്ളവരെല്ലാം പരുത്തിവിളകളിലേക്കു പോയിരുന്നു. കൈത്തുമ്പയൊ, കളത്തുമ്പയൊ എടുത്തു നടക്കാൻ ശേഷിയുള്ള ബാലനും ബാലികയുംക്രമേ വേലയ്ക്കിറങ്ങുക പതിവായിരുന്നു. കൈക്കുഞ്ഞിനെ തള്ളക്രമേ കൊണ്ടുപോയി പരുത്തിത്തടത്തിന്റെ ഒരു അറ്റത്തു കിടത്തി സൌകര്യംപോലെ അതിനെ ശുശ്രൂഷിച്ചുവന്നു. ഉച്ചയ്ക്കും രാത്രിയിലും ഭക്ഷണം കഴിക്കുന്ന സമ്പ്രദായവും ഏറെക്കുറെ മുൻവിവരിച്ച മട്ടിൽ ആയിരുന്നു.

ഫ്രഡ്– "ജനങ്ങൾ മിക്കദിവസങ്ങളേയും കഴിച്ചുവന്നിരുന്ന രീതിയിൽനിന്നു സല്പം വ്യത്യാസപ്പെടുത്തി ആണു ശനിയാഴ്ചയേയും, ഞായറാഴ്ചയേയും ആചരിച്ചത്. ശനിയാഴ്ചതോറും എല്ലാവരും സകുടുംബം, പാതിദിവസമോ, മുഴുവനോ, പട്ടണത്തിൽപോയി ഉല്ലാസമായി കഴിച്ചുകൂട്ടും. പോകുന്നതിന്റെ മുഖ്യോദ്ദേശ്യം കടകമ്പോളങ്ങളിൽ സഞ്ചരിച്ചു സാമാനങ്ങളെ സംഭരിക്കുകയാണെന്നായിരുന്ന ഒരു വെപ്പ്. എന്നാൽ ആ ജോലി ഒരാൾക്കു പത്തു മിനിട്ടു കൊണ്ടു ചെയ്തീർക്കാവുന്നതായിരുന്നു. എന്നാലും എല്ലാവരും പകൽമുഴു

വൻ പട്ടണത്തിൽ അലഞ്ഞു നടക്കുകയായിരുന്ന ചെയ്യു വന്നത്. സ്ത്രീകളും മിക്കവാറും വല്ലപ്പോഴും ഇരുന്ന ചുരുട്ടോ പൊടിയോ വലിച്ചും, സംസാരിച്ചും നേരം കളഞ്ഞുവന്നു. ഞായറാഴ്ച ദിവസം അവർ സാധാരണമായി ഏതെങ്കിലും വലിയ സഭയിൽ ഹാജർകൊടുത്തു വന്നു. ഞാൻ പോയിക്കണ്ട മിക്കസ്ഥലങ്ങളിലും വിളവുകളും അന്യാധീനത്തിലും നീഗ്രോ-കർഷകന്മാർ ഋണത്തിലും ആയിരുന്നു. ഉൾനാടുകളിൽ പാഠശാലകളും സ്ഥാപിക്കുവാൻ താല്പര്യക്കുറവുകാരികളും സാധിച്ചിട്ടില്ല. പള്ളികളിലും, മരപ്പുരകളിലും, ആയിരുന്ന പഠിത്തം നടന്നു വന്നത്. വർഷകാലത്തിൽ എടുപ്പുകളിലും ചൂടുണ്ടാക്കുന്നതിനും, മറേറാ യാതൊരേർപ്പാടും ഉണ്ടായിരുന്നില്ല. ഒരു വിദ്യാശാലകളിലെ അദ്ധ്യാപകന്മാർ പ്രായേണ സദ്വൃത്തിവിമുഖന്മാരും; യോഗ്യതയില്ലാത്തവരും, ആയിരുന്നെന്നു ഞാൻ കണ്ടറിഞ്ഞു. വിദ്യാലയങ്ങളും മൂന്നാലുമാസം മാത്രമേ തുറക്കപ്പെട്ടിരുന്നുള്ളൂ. മിക്കപള്ളിക്കൂടങ്ങളിലും ഒരുബോർഡുപോലും ഇല്ലായിരുന്നു. ഒരുദിവസം ഞാൻ ഒരു പള്ളിക്കൂടത്തിൽ ചെന്നുകേറി. അവിടെ അഞ്ചു ശിഷ്യന്മാരും, അവർക്കു പഠിക്കാൻ ഒരു ഒറപ്പുസ്തകവും ഉണ്ടായിരുന്നു. രണ്ടുപേർ ഇരുന്നു പുസ്തകം കയ്യിൽവെച്ചും വേറേ രണ്ടുപേർ പിറകെനിന്നു അവരുടെ തോളിന്മീതെകൂടി നോക്കിയും, അഞ്ചാമൻ ഇവരുടെ പിന്നിൽ കുതിച്ചു നിന്നു നോക്കിയും, പാഠം പഠിക്കയായിരുന്നു. ഇവിടെ പള്ളിക്കൂടങ്ങളേയും, വാദ്ധ്യാന്മാരേയും കുറിച്ചു പറഞ്ഞിട്ടുള്ളതു പള്ളികളേയും അതുകളിലെ പാതിരിമാരെയുംകൂടി സംബന്ധിക്കുന്നതാണ്.

ഫ്രാവ്- എന്റെ യാത്രയിൽ എനിക്കു രസികന്മാരായ ചിലരേ കാണ്മാൻ സംഗതിയായിട്ടുണ്ട്. അറുപതു വയസ്സിലധികം പ്രായംചെന്ന ഒരാളോടു ഞാൻ പൂർവ്വചരിത്രത്തെക്കുറിച്ചു ചോദ്യം ചെയ്തു. തന്റെ ജനനം വർജ്ജിനിയായിലായിരുന്നെന്നും, ഫ്രാങ്ക്-ൽ വിദ്യപ്പെട്ടതിനാൽ ആലബാമായിൽ വന്നു ചേർന്നെന്നും, അയാൾ പറഞ്ഞു. അയാളോടുകൂടി എത്രപേർ വിദ്യപ്പെട്ടിരുന്നു എന്നു ഞാൻ ചോദിച്ചു

തിനു അയാൾ മറുപടി പറഞ്ഞതു,—"ഞങ്ങൾ അഞ്ചു പേർ,—ഞാൻ സോദരൻ, മൂന്നു കഴുതകൾ" എന്നായിരുന്നു.

ഫ്രാൻസ് ടസ്കൂജിയുടെ ചുറ്റും കിടന്ന സ്ഥലങ്ങളിൽ ഞാൻ സഞ്ചരിച്ച കാലം, ഞാൻ കണ്ട സംഗതികളെ വിശദമായി മുമ്പേ പ്രസ്താവിച്ചുവെങ്കിലും, അപൂർവ്വം ചിലെടത്തു സ്ഥിതി സല്പം ഭേദപ്പെട്ടിരുന്നില്ലെന്നു വായനക്കാർ വിചാരിക്കരുതു്. ടസ്കൂജി വിദ്യാലയത്തിന്റേയും അതുപോലെയുള്ള മറ്റു സ്ഥാപനങ്ങളുടേയും, പ്രവൃത്തിയുടെ ഫലമായിട്ടു, നീഗ്രോ-ജനസാമാന്യത്തിൽ പില്ക്കാലം ഉണ്ടായിട്ടുള്ള ഗുണോന്മുഖങ്ങളായ വർത്തനകളെപ്പറ്റി യഥാക്രമം പ്രസ്താവിക്കേണ്ടതായി വരുമ്പോൾ, പൂർവ്വകാലത്തെ സ്ഥിതിയെപ്പറ്റി ഇവിടെ വിവരിച്ചിട്ടുള്ളതു ഉപയോഗപ്പെടുന്നതാണു്." ജനങ്ങളുടെ ഇടയിൽ നാശകാരണങ്ങളും മൌഢ്യജനകങ്ങളും ആയ അനേകം അനാചാരങ്ങൾ ഉള്ളതിനെ ക്രമേണ ക്ഷയിപ്പിക്കേണ്ടതിനു ശ്രമം ചെയ്യേണ്ട ഉത്തമധർമ്മത്തെപ്പറ്റി ഇവരിൽ സ്ഥായിയായ ഉണർവു ഉണ്ടായി.

അദ്ധ്യായം ൨൬.

ലായത്തിലും, കോഴിക്കൂട്ടിലും പള്ളിക്കൂടം നടത്തിയതു്.

ഫ്രാൻസ്- ഓരോ ദേശങ്ങളിൽ സഞ്ചരിച്ചപ്പോൾ കണ്ടറിഞ്ഞ അവസ്ഥകൾ ബുക്കർക്കു വളരെ അധൈര്യത്തെ ജനിപ്പിച്ചിരുന്നു. ഒരുത്തൻ മാത്രം ഓരോ അവസ്ഥകളെ [illegible] സജ്ജനങ്ങളിൽ പരിഷ്കാരം വരുത്തുന്നതു എങ്ങനെയാണെന്നു അയാൾ ഏറ്റവും സംശയിച്ചു. അഥവാ, വല്ലതും ചെയ്യുവാൻ തുനിയുള്ളവനായിത്തീർന്നാലും അതുകൊണ്ടു ജന്മസാഫല്യം ആകുമോ എന്നു അയാൾ സംശയിച്ചു വിഷാദിച്ചു. പുസ്തകപാരായണം മാത്രം വിദ്യാഭ്യാസ

ത്തിന്റെ മുഖ്യോദ്ദേശ്യമായി ഗണിക്കുന്നതിൽ ഗുണമില്ലെന്നുള്ള അഭിപ്രായം അയാൾക്കു പ്രബലമായി അക്കാലത്തു തോന്നിത്തുടങ്ങിയിരുന്നു. നീഗ്രോ ജനങ്ങളുടെ യഥാർത്ഥസ്ഥിതി കണ്ടറിഞ്ഞപ്പോൾ ന്യൂ ഇംഗ്ലാണ്ടു ദേശത്തിൽ നടപ്പിലിരുന്നമാതിരിയിലുള്ള വിദ്യാഭ്യാസം അവരുടെ അഭ്യുദയത്തിനു ഉപയോഗപ്പെടുന്നതല്ലെന്നു, ബുക്കർ ദൃഢമായി വിശ്വസിച്ചു. ജെനറൽ ആംസ്ട്രാങ്ങ് ഹാമ്പ്ടനിൽ ഏർപ്പെടുത്തിയിരുന്ന സമ്പ്രദായത്തിന്റെ ഔചിത്യവും മഹത്വവും ഇന്നും അയാൾ അപ്പോഴാണു നല്ലവണ്ണം ഗ്രഹിച്ചതു്. താൻ കണ്ടറിഞ്ഞ അജ്ഞകളുടെ കുട്ടികൾക്കു ദിവസം പ്രതി കുറേ നേരം പുസ്തകപഠനം നൽകുന്നതു കേവലം നിഷ്പ്രയോജനമാണെന്നു അയാൾക്കു തോന്നി.

ഫെബ്രു- ടസ്കേജി നഗരത്തിലെ പ്രധാന പൌരന്മാരോടു ആലോചന കഴിച്ചതിന്റെ ശേഷം മുൻ വിവരിച്ച പള്ളിയിലും, അതിനടുത്ത പുരയിലും, വച്ചു ഫെബ്രുവരി-ജൂലൈ മാസം ൮൯- പഠിത്താ ആരംഭിക്കാമെന്നു ബുക്കർ തീച്ചയാക്കി. പുതിയ പാഠശാല സ്ഥാപിക്കുന്ന വിഷയത്തിൽ വെള്ളക്കാരും, നീഗ്രോ-ജനങ്ങളും ഒന്നുപോലെ ഉത്സാഹമുള്ളവരായിരുന്നു. ആ ദിനത്തെ മിക്കവരും കൌതുകത്തോടു കൂടി പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ടസ്കേജിയുടെ സമീപം വസിച്ചിരുന്ന ഏതാനും ചില ധനവാൻമാർ ഒരു ഉദ്യമത്തെ അത്ര ശ്ലാഘനീയമായി ഗണിച്ചിരുന്നില്ല. വിദ്യാഭ്യാസം കൊണ്ടു നീഗ്രോ-ജനങ്ങൾക്കു ഗുണം യാതൊന്നും സിദ്ധിക്കുകയില്ല എന്ന മാത്രമല്ല അതിൽനിന്നു ദോഷം വളരെ ഉണ്ടാകയും ചെയ്യും എന്നായിരുന്നു അവരുടെ സിദ്ധാന്തം. ഇരു ജാതിക്കാർക്കും തമ്മിൽ കലഹം വർദ്ധിക്കുമെന്നും രാജ്യത്തിന്റെ വ്യവസായാഭിവൃദ്ധിക്കു വലിയ ന്യൂനത ഉണ്ടാകുമെന്നും ആയിരുന്നു അവരുടെ അനിഷ്ടസൂചകമായ വിധി. പഠിത്താ ഉണ്ടായാൽ നീഗ്രോ-ജനങ്ങൾക്കു വിളകളിൽ വേലയും ഗൃഹങ്ങളിൽ പരിചാരകപ്രവൃത്തിയും ചെയ്യുന്നതിനു വൈമനസ്യം ഉണ്ടാകുമെന്നു അവർ വിചാരിച്ചു. ഒരവസരത്തിൽ ബുക്കറോടു ചിലർ ഒരു സംഗതിയെക്കു

റിച്ചു ഗൌരവമായി.—"നീഗ്രോ-ജനങ്ങളെയെല്ലാം വിദ്യയഭ്യസിപ്പിച്ചാൽ പിന്നെ വേല ചെയ്യുൻ ആരുണ്ടായിരിക്കും" എന്നു ചോദിച്ചപ്പോൾ, അദ്ദേഹത്തിന്റെ മറുപടി "വിദ്യാഭ്യാസം ചെയ്തിട്ടുള്ള ഒരു യജമാനനു യോഗ്യനായി വരുന്ന ഭൃത്യൻ, വല്ലതും പഠിച്ചിട്ടുള്ള ഭൃത്യൻതന്നെ" എന്നായിരുന്നു.

ഫ്രഡറിക്- പുതിയ പള്ളിക്കൂടം സ്ഥാപിക്കുന്ന കാര്യത്തിൽ പ്രതികൂലാഭിപ്രായം പുറപ്പെടുവിച്ച വെള്ളക്കാർ വിദ്യാസമ്പന്നനായിത്തീരുന്ന ഒരു നീഗ്രോ-വിനെപ്പറ്റി വിചാരിച്ചതു ഇപ്രകാരമായിരുന്നു:—"മിനുസമുള്ള ഉയർന്ന ഒതാപ്പിയും സപ്പൺവണ്ണമായ ചട്ടക്കുട്ടിനകത്തു പ്രകാശിച്ചു കൊണ്ടിരിക്കുന്ന മൂക്കു കണ്ണാടിയും, രസികത്വമുള്ള വടിയും മൃദുവായ ചർമ്മം കൊണ്ടുണ്ടാക്കിയ കയ്യുറയും പൊടിപ്പും കിന്നരിയും വച്ചു പകിട്ടുള്ള ബൂട്ട്സും ധരിച്ചു കെങ്കേമനായി മിടുക്കു ഭാവിച്ചും, ദേഹസൌന്ദര്യത്തെ പരിപാലിച്ചും ഞെളിഞ്ഞു നടക്കുന്ന പഠിത്തക്കാരനായ ഒരു നീഗ്രോ-ഭ്രൂതം, വേല ചെയ്യുന്നതു അന്തസ്സിനു പോരാത്തതാണെന്നു വിചാരിക്കുന്ന വിഡ്ഢി തന്നെ ആയിരിക്കും. വിദ്യ അവനിൽ പ്രവേശിച്ചുപോയാൽ ഇപ്രകാരമല്ലാത്ത ഒരവസ്ഥ അവനിൽ ഉണ്ടാകാൻ പാടില്ല."

ഫ്രഡറിക്- ഒരു കാലത്തും ഇതിൽ പിന്നീടും ബുക്കർക്കു പ്രധാനസഹായികളും സകല സംഗതികളിലും ഉപദേഷ്ടാക്കന്മാരും ആയിരുന്നതു ഒരു വെള്ളക്കാരനും ഒരു കറുത്ത മനുഷ്യനും ആയിരുന്നു. ഇവരിൽ നിന്നു ബുക്കർക്കു ഉണ്ടായ സഹായം അപരിമിതമായിരുന്നു. ഇവരുടെ സ്നേഹപൂർവ്വമായ ഉതവി തന്നെയാണു അയാളുടെയത്നത്തിനു മുഖ്യമായ ഫലപ്രാപ്തിയുണ്ടാക്കിയതു്. വേറെ പല മഹാന്മാരും അയാളെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്. മാതൃകാപുരുഷന്മാരായിട്ടാണു, അയാൾ ഇവരുടെ പേരുകളെ പറഞ്ഞിട്ടുള്ളതു്. ഇവരാകട്ടെ കാമ്പ്ബെൽ എന്ന ധവ്രയും ആഡംസ് എന്ന കറുത്ത മനുഷ്യനും ആയിരുന്നു.

൧൯൮– കാമ്പ്ബെൽ ഒരു വ്യാപാരിയും ധനികനും, ആഡംസ്, ചപ്പാത്തുണ്ടാക്കയും കുതിരക്കോപ്പു ചെയ്കയും തകരവേല നടത്തുകയും ചെയ്യുന്നതിൽ സാമർത്ഥ്യം സമ്പാദിച്ചിരുന്ന ഒരു വ്യവസായിയും ആയിരുന്നു. കാമ്പ്ബെൽ ധരയ്ക്കു വിദ്യാഭ്യാസസംബന്ധമായ കാര്യങ്ങളിൽ പരിചയം വളരെ കുറവായിരുന്നു. മിസ്റ്റർ ആഡംസ് ഒരു ദിവസം പോലും പള്ളിക്കൂടത്തിൽ പഠിച്ചിരുന്നില്ല.,—എങ്കിലും എങ്ങനെയോ അടിമയായിരുന്ന കാലത്തു തന്നെ എഴുത്തും വായനയും അഭ്യസിച്ചിട്ടുണ്ടായിരുന്നു. ഇവർ രണ്ടു പേരുമായിരുന്ന ഒരു ഉപാദ്ധ്യായൻ വേണമെന്നു ജനറൽ ആംസ്ട്രാങ്ങിനോടു അപേക്ഷിച്ചത്. ആദ്യകാലം മുതല്ലു ഇവർ രണ്ടാളുകളും ബുക്കറുടെ വിദ്യാഭ്യസനരീതികളെ ഗ്രഹിക്കയും, അവനെ പ്രോത്സാഹിപ്പിക്കയും ചെയ്തു. ദ്രവ്യസഹായം ചെയ്യും ഇവർ ബുക്കറെ അപ്പോഴും സന്തോഷിപ്പിച്ചു ജോലിയിൽ വ്യവർത്തിപ്പിച്ചു. ഇവരിൽ ഓരോരോ ഒരിക്കൽ അടിമകളുടെ ഒരു ഉടമസ്ഥനും മറേയാൾ അടിമയും ആയിരുന്നു. ഇവർ ഇരുത്തോളം മനഃപൂർവ്വമായി ധനം, വാക്കു, ഉപദേശം, അനുകമ്പ ഇവയാൽ തന്നെ സദാ സഹായിച്ചിരുന്നതിനാൽ ബുക്കർക്കു രണ്ടു മഹാന്മാരോടും തോന്നീട്ടുള്ള കൃതജ്ഞതയും ബഹുമാനവും നിസ്സീമമായിരുന്നു.

൧൯൯– അടിമയായിരുന്ന കാലത്തിൽ മൂന്നു തൊഴിലുകളെ വെടിപ്പായി അഭ്യസിച്ചതു കൊണ്ടാണു മിസ്റ്റർ ആഡംസിനു അസാമാന്യമായ ബുദ്ധിശക്തി ഉണ്ടായിരുന്നതു എന്നു ബുക്കർ അറിഞ്ഞു. അന്നു ആരെങ്കിലും ദക്ഷിണ-ദേശത്തെ ഏതു കരയിലെങ്കിലും ചെന്നു വിശ്വസ്തന്മാരും യോഗ്യന്മാരും ആയ നീഗ്രോ-ജനങ്ങൾ ആരെല്ലാമാണെന്നു ചോദിച്ചിട്ടുണ്ടെങ്കിൽ, അടിമവേലയിൽ ഇരുന്നപ്പോൾ ഏതെങ്കിലും തൊഴിൽ ശരിയായി അഭ്യസിച്ചിരുന്നവരുടെ പേരു തന്നെ കേട്ടിരിക്കുമെന്നുള്ളതിൽ സംശയമില്ല.

൨൦൦– പള്ളിക്കൂടം തുറന്ന ദിവസത്തിലേ സംഭവത്തെ നമ്മുടെ നായകൻ ഇപ്രകാരം വിവരിച്ചിട്ടുണ്ടു്.—"പഠി

ത്തം ആരംഭിച്ച ദിവസം മുപ്പതു വിദ്യാർത്ഥികൾ പ്രവേശനത്തിനായി ഹാജരായിരുന്നു. ആശാനായി ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഏകദേശം പാതി, പുരുഷന്മാരും ശേഷം സ്ത്രീകളുമായിരുന്നു. മിക്കവരും മാക്കൺ ദേശക്കാരായിരുന്നു. ആ ദേശത്തിന്റെ തലസ്ഥാനമായിരുന്ന സ്റ്റേജി നഗരം. ഇവരല്ലാതെ പലരും ചേരണമെന്നു ആഗ്രഹിച്ചു. എന്നാൽ തല്ക്കാലം പതിനഞ്ചു വയസ്സിലധികം പ്രായമുള്ളവരും പ്രാരംഭ വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരും ആയ ജനങ്ങളെ മാത്രമെ വിദ്യാർത്ഥികളായി ഞാൻ സ്വീകരിച്ചുള്ളൂ. ഈ മുപ്പതുപേരിൽ അധികം പേരും ആശാന്മാരുംനാല്പതു വയസ്സിനോളം പ്രായമുള്ളവരും ആയിരുന്നു. ഇവരോടു കൂടി അവരുടെ ശിഷ്യന്മാരും വന്നിട്ടുണ്ടായിരുന്നു. ഞാൻ ഇവരെ പരീക്ഷിച്ചു നോക്കിയപ്പോൾ ചില ശിഷ്യന്മാക്കു ആശാന്മാരേക്കാൾ പഠിത്തം ഉണ്ടായിരുന്നതായി കണ്ടു. മിക്കവരും വലിയ പുസ്തകങ്ങളിൽ അങ്ങുമിങ്ങും വായിക്കുകയും പ്രൌഢവിഷയങ്ങളെപ്പറ്റി വല്ലതും പറയുകയും ചെയ്തിരുന്നു. പുസ്തകത്തിന്റെ വലിപ്പവും പേരുകളുടെ നീളവും ഇവരെ ഭ്രമിപ്പിച്ചിരുന്നു. ചിലർക്കു ലത്തീൻ ഭാഷയും, ഒന്നു രണ്ടു പേർക്കു ഗ്രീക്കു ഭാഷയും, സ്വല്പം അറിയാമായിരുന്നു. ഇതു ഒരു വിശേഷ യോഗ്യതയാണെന്നു അവർ വിചാരിച്ചു.

ക്രമം- എന്റെ യാത്രയിൽ ഞാൻ കണ്ട ഒരു സംഗതി എന്നെ വളരെ വ്യസനിപ്പിച്ചു. അതു ഒരു ഒറാപ്പുര മാത്രം ഉള്ള ഭവനത്തിൽ വച്ചു ഞാൻ ഒരിക്കൽ കണ്ട കാഴ്ച ആയിരുന്നു. മുറത്തും തോട്ടത്തിലും പാഴ് ചെടികൾ തിങ്ങിവിങ്ങി നിന്നിരുന്ന പുരയ്ക്കകം തീരെ വൃത്തിയില്ലാത്തതായിരുന്നു. അതിൽ മെഴുക്കും അഴുക്കും നിറഞ്ഞ വസ്ത്രം ധരിച്ച ഒരു വിദ്യാർത്ഥി-ഏതോ വലിയ പള്ളിക്കൂടത്തിൽ പഠിക്കുന്നവനായിരിക്കണം-ഫ്രെഞ്ചു ഭാഷാ വ്യാകരണം വായിച്ചുകൊണ്ടിരുന്നു. ഫ്രെഞ്ചു വ്യാകരണവും അതു വായിച്ചു കൊണ്ടിരുന്ന ആളുടെ അശുചിത്വവും കണ്ടു ഞാൻ വ്യസനിച്ചു.

ക്രമവ്യ- പ്രയാസമേറിയ വ്യാകരണസൂത്രങ്ങളേയും, അക്ഷ

ഗണിതവിധികളേയും, മനഃപാഠമായി തോന്നിക്കുന്നതിൽ ആദ്യം വന്ന ചേന്ന വിദ്യാർത്ഥികൾക്ക, വളരെ ഉത്സാഹം ഉണ്ടായിരുന്നു. എന്നാൽ ഈ പ്രമാണങ്ങളേയും വിധികളേയും സൂത്രങ്ങളേയും നിത്യത്തൊഴിലിനോട് യോജിപ്പിക്കുന്നതിനോ അവയെ യഥാക്രമം ഉപയോഗിക്കുന്നതിനോ, അവക്ക് താല്പര്യവും പരിചയവും ഇല്ലായിരുന്നു. അങ്കഗണിതത്തിൽ ഉൾപ്പെട്ട ഹണ്ഡി (ഉണ്ടിയൽ) കണക്ക, പലിശനിർണ്ണയം, ഇത്യാദി വിഷയങ്ങളിൽ ചിലക്ക സാമർത്ഥ്യമുണ്ടെന്നു അവർ പലവുരു എന്നോട പറഞ്ഞിട്ടുണ്ട്. എന്നാൽ അവക്കോ, അവരുടെ സമീപ വാസികൾക്കോ ഉണ്ടിയൽ കടകളിൽ വല്ല ഏറ്റപ്പാടോ പലിശ ക്രട്ടിനോക്കേണ്ട എടപാടുകളോ ഉണ്ടായിരുന്നതായി, ഞാൻ അറിഞ്ഞിട്ടില്ല.

ഫനു ൭– വിദ്യാർത്ഥികളുടെ പേരുകളും വിശേഷപ്പെട്ടവയായിരുന്നു. പേരിനിടയ്ക്ക ചില അക്ഷരങ്ങളെ അന്തസ്സിനു വേണ്ടി, അവർ ചേർത്തു വന്നിരുന്നു. ജാൺ ജെ. ജോൺസ് എന്ന പേരിൽ ഇടയ്ക്കുള്ള ജേ. എന്ന അക്ഷരം സ്ഥാനത്തിനായി സങ്കല്പിച്ചുചേർക്കപ്പെട്ടതല്ലാതെ, അതിനു പ്രത്യേകമായി അർത്ഥം ഒന്നും ഇല്ലായിരുന്നു. ആദ്യം വന്ന ചേന്നവരുടെ മുഖ്യമായ ഉദ്ദേശ്യം ഇവിടെ കുറേക്കാലം പഠിച്ചു വീണ്ടും അധ്യാപക ജോലിയിൽ പ്രവേശിക്കണമെന്നായിരുന്നു. അങ്ങനെ ചെയ്യാൽ ക്രട്ടതൽ ശമ്പളത്തിനു തങ്ങൾ അർഹന്മാരാകുമെന്നായിരുന്നു അവരുടെ വിചാരം.

ഫർ൦– ഇതുപ്രസ്താവിച്ചതു കൊണ്ടു അവക്ക വിദ്യാഭ്യസന വിഷയത്തിൽ താല്പര്യമില്ലായിരുന്നു എന്നു ആരും അർത്ഥമാക്കരുത്. ആ യുവജനങ്ങളെപ്പോലെ, പഠിത്ത വിഷയത്തിൽ നിർവ്യാജമായ ആസക്തിയും, ഗ്രഹിപ്പാനുള്ള മനഃക്ലേശവും, പ്രദർശിപ്പിച്ചിട്ടുള്ള അന്യ ജനങ്ങളെ ഞാൻ കണ്ടിട്ടില്ല. ശരിയായ വഴി കാണിച്ച മാത്രയിൽ അവർ താല്പര്യത്തോടു ക്രടി അതിനെ സ്വീകരിച്ചു. അവരെ വേണ്ട വിധം വിദ്യ അഭ്യസിപ്പിക്കുവാൻ ഞാൻ ഉദ്യമിച്ചു. അവക്ക

ഒരു വിഷയത്തെക്കുറിച്ചും ദൃഢമായ ജ്ഞാനം ഉണ്ടായിരുന്നില്ലെന്നു ഞാൻ ആദ്യമേ ഗ്രഹിച്ചിരുന്നു. ഭൂഗോളമാതൃകയിൽ സഹാറാ മണൽക്കാടിന്റെയും ചൈനാരാജ്യത്തിലെ പ്രധാനപട്ടണത്തിന്റെയും സ്ഥാനങ്ങളെ ശരിയായി കാണിക്കുന്നതിനു സാമർത്ഥ്യം ഉണ്ടായിരുന്ന യുവതികൾക്കു ഭക്ഷണമേശയിന്മേൽ യഥാസ്ഥാനം പദാർത്ഥങ്ങളെ ഒരുക്കാനോ കത്തിയും മുള്ളും വേണ്ട വിധം ഉപയോഗിക്കാനോ വശം ഇല്ലായിരുന്നു. ഘനമൂലനിർണ്ണയം, ഹൃണ്ഡിക്കണക്കു, പലിശക്കണക്കു, എന്നീ വിഷയങ്ങളിൽ സാമർത്ഥ്യം ഉണ്ടെന്നു പറഞ്ഞു വന്ന ഒരാളോട് എൻ്റെ ചുവടി അഭ്യസിക്കുന്നതു ഉചിതമായിരിക്കുമെന്നു ഞാൻ പറയേണ്ടി വന്നു.

ഫ്രഞ്ച്- വാരം കഴിയുന്തോറും ശിഷ്യന്മാരുടെ സംഖ്യ ക്രമേണ വർദ്ധിച്ചുതുടങ്ങി. ആദ്യത്തെ മാസാവസാനത്തിൽ വിദ്യാർത്ഥികളുടെ സംഖ്യ അമ്പതായിരുന്നു. രണ്ടോ മൂന്നോ മാസക്കാലമേ താമസിക്കാൻ സൌകര്യമുള്ളുവെന്നും ഉയർന്ന വകുപ്പിൽ പ്രവേശിക്കണമെന്നും ആദ്യത്തെ വർഷത്തിൽ തന്നെ പരീക്ഷാവിജയപത്രം ലഭിക്കേണമെന്നും ആയിരുന്ന മിക്ക ആളുകളുടേയും ആഗ്രഹം. ആറു വാരം കഴിഞ്ഞപ്പോൾ ഒരു സ്ത്രീ പഠിപ്പിക്കുന്ന കൃത്യത്തിൽ എന്നെ സഹായിക്കുന്നതിന്നായി വന്നു ചേർന്നു. അവർ കാലാന്തരത്തിൽ എന്റെ ഭാര്യയായി തീർന്ന മിസ്സ് ഒലിവിയാ ഏ. ഡേവിഡ്സൺ എന്ന പേരായ കന്യകയായിരുന്നു. അവർ ഓഹിയാ ദേശത്തിൽ ജനിച്ചവളും അവിടെയുള്ള പള്ളിക്കൂടങ്ങളിൽ ആദ്യപാഠങ്ങൾ അഭ്യസിച്ചിട്ടുള്ളവളും ആയിരുന്നു. ദക്ഷിണരാജ്യത്തിൽ പഠിപ്പിക്കുവാൻ ആളുകൾ ആവശ്യമുണ്ടെന്നു അവർ യൌവനാരംഭത്തിൽതന്നെ ഗ്രഹിച്ചിട്ടുണ്ടായിരുന്നു. മിസിസിപ്പി ദേശത്തിൽ അവർ കുറേക്കാലം അധ്യാപകവൃത്തി നടത്തിപ്പോന്നിരുന്നു. പിന്നീടു മെംഫിസ് നഗരത്തിൽ കുറേക്കാലം പഠിപ്പിച്ചു. മിസിസിപ്പിയിൽ പഠിപ്പിച്ചിരുന്നപ്പോൾ വിദ്യാർത്ഥികളിൽ ഒരാൾക്കു മസൂരിയുണ്ടായി. അവിടെയുള്ളവർ ഭീനക്കാരനായ ബാലനെ ശുശ്രൂഷ ചെയ്യാൻ ഭയം നിമിത്തം മടിച്ചു. ആ സ്ത്രീ പള്ളിക്കൂടം

കുറേക്കാലത്തേയ്ക്കു അടച്ചുംവച്ചു ദീനം വാശിയായതുവരെ ബാലനെ ശുശ്രൂഷിച്ചു അവന്റെ അടുക്കൽ താമസിച്ചു. ഒഴിവുകാലം ഒരിക്കൽ അവൾ തന്റെ ഓഹിയോ ഗൃഹത്തിൽ താമസിച്ചിരുന്നപ്പോൾ ടെനസ്സിയിലെ മെംഫിസ് നഗരത്തിൽ "മഞ്ഞപ്പനി" എന്ന നടപ്പുദീനം പരന്നു തുടങ്ങിയ വിവരം അവൾ അറിഞ്ഞു. അവൾക്കു ആ ദീനം വന്നിട്ടില്ലായിരുന്നുവെങ്കിലും ദീനക്കാരെ ശുശ്രൂഷിക്കാൻ തനിക്കു മനസ്സുണ്ടെന്നു അവൾ കമ്പിമാഫ്റ്റം ആ നഗരത്തിലെ പ്രധാനിയെ അറിയിച്ചിരുന്നു. ഇണവതിയും സരസയും ആയ നമ്മുടെ കന്യക ദക്ഷിണ-ദേശക്കാൎക്കു ആവശ്യമായിട്ടുള്ളതു ഗ്രന്ഥപാരായണം മാത്രമല്ലെന്നു ധരിച്ചിട്ടുണ്ടായിരുന്നു. ഹാമ്പ്ടനിലെ വിദ്യാഭ്യാസസമ്പ്രദായങ്ങളെ കേട്ടറിഞ്ഞു അവിടെ പോയി പഠിക്കണമെന്നു അവൾ ആഗ്രഹിച്ചു, ബാസ്റ്റൻ നഗരത്തിലെ ഒരു ഇണവതിയായിരുന്ന മിസ്സസ് മേരി ഹെമ്മൻ വേ മദാമ്മയുടെ സഹായത്താൽ അവൾ ഹാമ്പ്ടനിൽ പോയി പഠിച്ചു, ബി. ഏ. പരീക്ഷ ജയിച്ചു. അതിൽപിന്നെ അവൾ ഫ്രാമിങ്ങാം എന്ന പട്ടണത്തിലുള്ള മാസച്ചുസറ്റ്സ് ഗവമ്മെണ്ടു വകയായ അദ്ധ്യാപക വിദ്യാലയത്തിൽ പ്രവേശിച്ചു, രണ്ടു വൎഷം കൊണ്ടു വിദ്യാഭ്യസനരീതികളേയും പരിശീലിച്ചു. നീഗ്രോ-ജാതിയിൽ ജനിച്ചുവെങ്കിലും അവളുടെ നിറം വെളുത്തതായിരുന്നു. ഫ്രാമിങ്ങാം പട്ടണത്തിലേക്കു അവൾ പോകുമ്മുമ്പെ "നിങ്ങൾ നീഗ്രോ-സ്ത്രീയാണെന്നു വെളിയിൽ പറയാതിരുന്നാൽ ചിലസുഖങ്ങളും സൌകൎയ്യങ്ങളും നിങ്ങൾക്കുണ്ടായിരിക്കും." എന്നു ആരോ അവളോടു പറഞ്ഞു. ഏതവസ്ഥയും ഏതു കാൎയ്യത്തിനും എന്റെ ജാതിയെപ്പറ്റി കളവു പറഞ്ഞു ജനങ്ങളെ വഞ്ചിക്കാൻ എനിക്കു സമ്മതമില്ല" എന്നാണു അവൾ ഉത്തരം പറഞ്ഞതു്. ഫ്രാമിങ്ങാം പാഠശാലയിൽ പഠിത്താ പൂൎത്തിയാക്കിയതിന്റെ ശേഷം മിസ്സ് ഡേവിഡ്സൺ ടസ്കേജിയിൽ വന്നുചേൎന്നു. വിദ്യാഭ്യസനരീതിയിൽ അനേക പരിഷ്കാരങ്ങളും വരുത്തുകയും സ്വഭാവശുദ്ധി കൊണ്ടും, അസ്വാൎത്ഥപരത കൊണ്ടും, വിദ്യാൎത്ഥി

കളെ സദാചാരത്തിൽ പ്രേരിപ്പിക്കയും ചെയ്യുന്ന വിഷയങ്ങളിൽ ഇവളിൽ നിന്നു പ്രസ്തുത വിദ്യാലയത്തിലേക്കുണ്ടായ ഗുണം സീമാതീതമായിരുന്നു. വിജയോന്മുഖമായ പ്രവൃത്തി ചെയ്യുന്നതിൽ ടസ്കൂജി വിദ്യാലയത്തിനു ശക്തിയും ധൈര്യവും ശാശ്വതമായി ഉണ്ടാകുന്നതിനു അവളെപ്പോലെ ക്ലേശിച്ചിട്ടുള്ള വേറൊരാളെ ഞാൻ അറിഞ്ഞിട്ടില്ല."

ഫ്രഡ- ആദ്യം മുതല്ക്കേ മിസ്സ് ഡേവിഡ്സനും ബുക്കറും വിദ്യാലയത്തിന്റെ ഭാവിയായ അവസ്ഥയെപ്പറ്റി ആലോചിച്ചു തുടങ്ങി. പുസ്തകങ്ങളും വായിച്ചു വിദ്യാർത്ഥികളുടെ ബുദ്ധിയെ സംസ്കരിച്ചു വന്നിരുന്നു. പഠിക്കുന്നതിനായി തങ്ങളുടെ അടുക്കൽ വന്ന ചേർക്കു ശാശ്വതമായ ഒരു സമ്പാദ്യം ഉണ്ടാകുന്നതിനു ഒരു ഗ്രന്ഥപരിചയം മതിയാകയില്ലെന്നു ഇവർക്കു നിശ്ചയമുണ്ടായിരുന്നു. മിക്ക വിദ്യാർത്ഥികളും ദേഹം ശുചിയാക്കി വയ്ക്കുവാൻ പോലും പഠിച്ചിരുന്നില്ല. ടസ്കൂജിയിൽ വിടുതിക്കാരായി താമസിച്ച ഭവനങ്ങളും അവരുടെ പൂർവ്വഭവനങ്ങളെക്കാളും വൃത്തിയുള്ളവയല്ലായിരുന്നു. കുളിയ്ക്കുക, പല്ലു തേയ്ക്കുക, വസ്ത്രങ്ങളെ നന്നയ്ക്കുക മുതലായ വേലകളും വേണ്ടുംവിധം നടത്തുന്നതിനും ശരിയായ ഭക്ഷണം കഴിക്കുന്നതിനും, വാസസ്ഥലങ്ങളെ വൃത്തിയാക്കി വെയ്ക്കുന്നതിനും അവർ പഠിക്കേണ്ടിയിരുന്നു. ഇവയ്ക്കു പുറമേ വിദ്യാലയത്തിൽ നിന്നും ഇറങ്ങിയാൽ കാലക്ഷേപം കഴിക്കുന്നതിനു ഉതകുന്ന ഒരു തൊഴിൽ ക്രമീ വശമാക്കുകയും, അതിനെ ശ്രദ്ധ, മിതവ്യയശീലം, സമ്പാദ്യചിന്ത, ഇവയോടുകൂടി പ്രവർത്തിക്കയും ചെയ്യാൻ അവർ ശക്തന്മാരായിത്തീരത്തക്കവണ്ണം അവരെ പഠിപ്പിക്കുന്നതുമായിരുന്നു, ബുക്കറുടേയും, സഹാദ്ധ്യാപക കർമ്മത്തെ വഹിച്ചിരുന്ന മിസ്സ് ഡേവിഡ്സന്റേയും താല്പര്യം. ചുരുക്കത്തിൽ വിദ്യ പഠിക്കുന്ന കാലത്തു, ഒരു തൊഴിലിൽ സാമർത്ഥ്യവും ക്രമീ സമ്പാദിക്കണമെന്നായിരുന്ന അവർ നിർബ്ബന്ധമായി ഏർപ്പാടു ചെയ്തത്.

ഫർന- ജനങ്ങളുടെ പ്രധാന ജോലിയും മുഖ്യാശ്രയവും കൃ

യിരുന്ന കഷ്ടപ്രവൃത്തി കൊണ്ടു ഉപജീവനം കഴിച്ചു വന്ന വരുടെ സന്താനങ്ങളായിരുന്ന വിദ്യാർത്ഥികളിൽ ഭൂരിഭാഗം. ഉൾനാടിലിനു സമീപം അധിവസിച്ചിരുന്ന നീഗ്രോ-ജനങ്ങളുടെ സംഖ്യയിൽ നൂറിൽ എൺപത്തിനാലു വീതം കൃഷിവേലയാൽ കാലയാപനം ചെയ്തുവന്നവരായിരുന്നു. ആയതിനാൽ വിദ്യാർത്ഥികളുടെ ഹൃദയത്തിൽ കൃഷിയെപ്പറ്റി സുദൃഢമായ ബഹുമാനം ജനിപ്പിക്കുവാനും അതിൽ അവർക്കു സാമർത്ഥ്യം ഉണ്ടാക്കുവാനും നാടു വിട്ടു നഗരങ്ങളിൽ പോയി സത്ഭാവം നടിച്ചു അധമജീവിതത്തെ നയിക്കുന്നതിൽ വൈമുഖ്യം തോന്നിപ്പിക്കുവാനും ഒരു താല്പര്യം അവരിൽ ജനിപ്പിക്കുന്നതിനു ഇവർ ശ്രമം ചെയ്തു. മിക്കവരും അധ്യാപക വേലയിൽ വീണ്ടും പ്രവേശിക്കണം, ജനങ്ങളുടെ ഇടയിൽ സഞ്ചരിച്ചു നൂതന ശക്തിയും നൂതനാഭിപ്രായങ്ങളും പ്രയോഗിച്ചു കൃഷിവേലയെ പരിഷ്കരിക്കണം, ബുദ്ധി, സദാചാരം, ധർമ്മം ഇവയെ സംബന്ധിച്ചുള്ള ഉൽകർഷം അവർ മൂലം ജനങ്ങൾക്കു സിദ്ധിക്കണം.—ഇക്കാര്യങ്ങൾക്കു സുകരമാകുംവണ്ണം ടസ്കേജിയിലെ പഠിത്തത്തെ നയിപ്പാനാണു ബുക്കർ നിശ്ചയിച്ചത്.

൧൪൪– ബുക്കർ പറയുന്നതു കേൾക്കുക:—"ഈ അഭിപ്രായങ്ങളും ആവശ്യങ്ങളും തുടരെത്തുടരെ വന്നുകൂടി ഞങ്ങളുടെ ആലോചനയെ നിഷ്ലേഷം ആകർഷിച്ചു. നിവൃത്തിമാർഗ്ഗത്തെക്കാണാതെ ഞങ്ങൾക്കു മനസ്സു മുട്ടി. താനിരിക്കുന്നതു കൂടിലിൽ, സ്വപ്നം കാണുന്നതു മച്ചും മാളികയും; ഏഴുകൂടിയിൽ ഇരിപ്പു രാജപദവിയിൽ മോഹം, എന്നു പറയും മട്ടിൽ ആയിരുന്ന ഞങ്ങളുടെ നിലയ്ക്കും ആശയ്ക്കും തമ്മിലുണ്ടായിരുന്ന വ്യത്യാസം. ഞങ്ങൾ എന്തു ചെയ്യും? ടസ്കേജിയിലെ സുജനങ്ങൾ തന്ന ജീർണ്ണമായ ദേവാലയവും, അടുത്തുണ്ടായിരുന്ന മാടവും മാത്രമെ പാഠശാല നടത്തുന്നതിനായി ഞങ്ങൾക്കു ലഭിച്ചിരുന്നുള്ളൂ. ദിവസം പ്രതി വിദ്യാർത്ഥികളുടെ തുക കൂടി വന്നിരുന്നു. അവരെ ഞങ്ങൾ അധികപ്പെട്ട കാണുകയും ഞങ്ങൾ ഉൾനാടുകളിൽ സഞ്ചരിക്കുകയും, ചെയ്തു തുടങ്ങിയപ്പോൾ, ഞങ്ങളുടെ ശ്രമം ഒട്ടൊക്കെ മു

തുമെ ഉദ്ദിഷ്ട വിഷയത്തിൽ സംഫലമായുള്ളുവെന്നു ഞങ്ങൾക്കു തോന്നിത്തുടങ്ങി. നായകത്വം വഹിക്കാൻ യോഗ്യതയുണ്ടായിരിക്കുന്നതുകൊണ്ടും ആഭ്യസിപ്പിച്ചു പാഠശാലയിൽ നിന്നു ഞങ്ങൾ അയച്ച ആളുകൾ, ജനസാമാന്യത്തെ ഉദ്ധരിക്കുന്ന കൃത്യത്തിൽ ഞങ്ങൾ പ്രതീക്ഷിച്ചിരുന്നിടത്തോളം വിജയിക്കുന്നുണ്ടായിരുന്നു."

[illegible] പ്രവൃത്തിയെ ഫലവത്താക്കുന്നതിനു മുമ്പായി അവയ്ക്കുള്ള പ്രതിബന്ധങ്ങളെ നിവാരണം ചെയ്യേണ്ടിയിരുന്നു. [illegible] പള്ളിക്കൂടത്തിനു സൌകര്യമുള്ള സ്ഥലം ഇല്ലായിരുന്നു. വിദ്യാർത്ഥികളിൽ മിക്കവരും പഠിച്ചു കഴിഞ്ഞാൽ പിന്നെ വാല്പാർ മേലയിലോ ആചായ്വു ജോലിയിലോ പ്രവേശിച്ചു ദേഹാധ്വാനം ക്ലേശം കൂടാതെ കാലം കഴിക്കണമെന്നുള്ള മോഹവും ഉണ്ടായിരുന്നു.

ഫർന്നു- ഒരു നാൾ മധ്യാഹ്നസമയം പരുത്തിവയലിൽ വേല ചെയ്യുക്ഷീണിച്ചു നിന്ന ഒരു നീഗ്രോ പെട്ടെന്നു ജോലി നിറുത്തി മേല്പെട്ടു നോക്കിയും കൊണ്ടു:—"ഓ ദൈവമേ! പരുത്തിച്ചെടികളുടെ ഇടയിൽ പുല്ലു അധികം വ്യാപിച്ചിരിക്കുന്നു. ജോലി വളരെ കഠിനം. വെയിൽ ദുസ്സഹം. ദൈവം എന്നെ വേദപ്രസംഗം ചെയ്യുന്നതിനു വിളിക്കുന്നു." എന്നു പറഞ്ഞതായി കേട്ടിട്ടുണ്ട്. ഇതു മേൽപറഞ്ഞ മോഹത്തെ ദൃഷ്ടാന്തപ്പെടുത്തുന്നു.

ഫർ- പള്ളിക്കൂടം ആരംഭിച്ചു മൂന്നു മാസം കഴിഞ്ഞപ്പോൾ ടസ്കേജി നഗരത്തിൽ നിന്നും ഒരു മൈൽ അകലെ ഒരു പഴയ കൃഷിപ്പറമ്പു വിലയ്ക്കു കൊടുപ്പാൻ പോകുന്നതായി കേട്ടു. പള്ളിക്കൂടത്തിന്റെ ആവശ്യത്തിനു മതിയാകുന്ന സ്ഥലം അതിൽ ഉണ്ടായിരുന്നു. ഇതിനെ സംബന്ധിച്ചു ബുക്കർ ഇപ്രകാരം എഴുതിയിരിക്കുന്നു:—"അതു വാങ്ങുവാൻ പണി എന്ത്? വില സാമ്പ്രമെ ഉണ്ടായിരുന്നുള്ളു.—അഞ്ഞൂറു ഡാളർ മാത്രം,—എന്നാൽ ഞങ്ങളുടെ കൈവശം പണം ഇല്ലായിരുന്നു. ഞങ്ങൾ അന്യ ദേശക്കാരായിരുന്നതിനാൽ കടം കൊള്ളുന്നതിനു പ്രയാസമായിരുന്നു. ഒക്കെ ഇതു

നൂറമ്പതു ഡാളറും ഒരു വർഷത്തിനകം ബാക്കിയും, കൊടുത്താൽ സ്ഥലം വിട്ടുതരാമെന്നു ഉടമസ്ഥൻ സമ്മതിച്ചു. അഞ്ഞൂറു ഡാളർ കൊടുക്കുന്നതു വളരെ സഹായവിലയായിരുന്നെങ്കിലും, ഒന്നും കയ്യിലില്ലാത്തവനു അതു വലിയ തുകയാണെന്നു തന്നേ തോന്നും. ഈ ബുദ്ധിമുട്ടുണ്ടായ സമയം എനിക്കു ഒന്നു തോന്നി. കാര്യമെല്ലാം വിശദമായി കാണിച്ചു ഒരു ഡാളർ കടം തരേണമെന്നു ഹാമ്പ്ടൻ വിദ്യാലയത്തിലെ ഖജാൻജി ജെനറൽ ജെ. എഫ്. ബി. മാഷ്ൽ സാഹിനോടു ആവശ്യപ്പെടുക തന്നെ ചെയ്തു. ഏതാനും ദിവസത്തിനുള്ളിൽ "വിദ്യാലയം വകയായിട്ടുള്ള ദ്രവ്യത്തിൽ നിന്നു കടം തരുന്നതിനു എനിക്കു അധികാരം ഇല്ല; എന്റെ സ്വന്ത മുതലിൽ നിന്നും ആവശ്യപ്പെട്ട സംഖ്യ സസന്തോഷം അയച്ചുതരാം," എന്നു മറുപടി വന്നു. ഈ വിധം ധനം ലഭിച്ചതിൽ എനിക്കു വളരെ ആശ്ചര്യവും കൃതാർത്ഥതയും തോന്നി. അതുവരെ ഞാൻ ഒരു നൂറു ഡാളർ ഒരുമിച്ചു കൈകൊണ്ടും ചെയ്തിട്ടില്ലായിരുന്നു. ജെനറൽ മാഷ്ലിനോടു വായ്പ ചോദിച്ച സംഖ്യ തുലോം വലിയതായിരുന്നെന്നു ഞാൻ വിചാരിച്ചു. അത്ര വലിയ ഒരു സംഖ്യ ഞാൻ കൊടുത്തു തീർക്കേണ്ടതായി വന്നതിൽ, ഞാൻ വളരെ മനഃക്ലേശം അനുഭവിച്ചു.

ഫ്രവ്വ- "പള്ളിക്കൂടം പുതിയ സ്ഥലത്തു മാറിയിട്ടുണ്ടായിരുന്നു. കാര്യത്തിൽ ഞാൻ ഒട്ടും അജാഗ്രത കാണിച്ചിട്ടില്ല. വസ്തുവിൽ ഞങ്ങൾ പ്രവേശിച്ചപ്പോൾ, അതിൽ ഒരു ഭോജനശാലയും കുതിരലായവും കോഴിപ്പുരയും മാത്രം ഉണ്ടായിരുന്നു. ഇവയെല്ലാം ഞങ്ങൾ, താമസിയാതെ ഉപയോഗപ്പെടുത്തി. ലായവും കോഴിപ്പുരയും ക്ലാസ്സിടുന്നതിനു തയ്യാർ ചെയ്തു. സമീപം താമസിച്ചു വന്ന ഒരു നീഗ്രോ-വയോധികൻ, ചിലപ്പോൾ, ചില ജോലി ചെയ്യുന്നതിൽ എന്നെ സഹായിച്ചു വന്നിരുന്നു. ഒരു തവണ അയാൾ വന്നപ്പോൾ, 'പള്ളിക്കൂടം വഴിയിൽ ഇരിക്കുന്നു; കോഴിക്കൂടിനേയും ക്ലാസിടാൻ തയ്യാറാക്കേണ്ട അവസരം നേരിട്ടു കഴിഞ്ഞു. നാളെ അതു തുടങ്ങുന്നു' എന്നു വൃത്തിയാക്കിയാൽ കൊള്ളാമെന്നു വിചാ

രിക്കുന്നു. നിങ്ങൾകൂടി സഹായിക്കണം.' എന്നു ഞാൻ അയാളോടു പറഞ്ഞു. അപ്പോൾ ശ്രദ്ധനായ വൃദ്ധൻ:— "അയ്യോ, അങ്ങെന്തു പറയുന്നു! പകൽസമയം കോഴിപ്പുര വെടിപ്പാക്കാൻ അങ്ങു വേല ചെയ്യുകയോ! എന്തു കഷ്ടം!" എന്നു പറഞ്ഞതു ഞാൻ ഇപ്പൊഴും ഓർക്കുന്നുണ്ട്.

ഫർൻ– ഉച്ചയ്ക്കുമേൽ പഠിത്തം തീർന്നതിന്റെ ശേഷം, വിദ്യാർത്ഥികൾ ചെയ്തു വന്ന അധ്വാനത്താലാണു ആ കെട്ടിടം പാഠശാലയാക്കാൻ ഉപയുക്തമായി തീർന്നത്. പുരകൾ വെടിപ്പാക്കിയതിൽ പിന്നെ, ഞാൻ നിശ്ചയിച്ചതു പുരയിടത്തിൽ ഒരു ഭാഗം കിളച്ചു വെടിപ്പാക്കി വല്ലതും കൃഷി ചെയ്യേണമെന്നായിരുന്നു. ഈ അഭിപ്രായം ഞാൻ യുവാക്കന്മാരോടു പറഞ്ഞപ്പോൾ, അവർക്കു അതത്ര ഹിതമായില്ല. പുരയിടം കിളയ്ക്കുന്നതിനും വിദ്യാഭ്യാസത്തിനും തമ്മിൽ എന്തു സംബന്ധമാണുള്ളതെന്നു അവർക്കു മനസ്സിലായില്ല. അവരിൽ ചിലർ വാഗ്വാനന്മാരായിരുന്നുവല്ലോ. വെട്ടുകയും കിളയ്ക്കുകയും ചെയ്യുന്നതു അവസ്ഥയ്ക്കു ചേരുന്നതല്ലെന്നു അവർ കരുതിയിരുന്നു. ഈ സംശയം തീർക്കുന്നതിനായി പഠിത്തം കഴിഞ്ഞതിൽ പിന്നെ ഉച്ചയ്ക്കുമേൽ ഞാൻ തന്നെ ഒരു കോടാലി എടുത്തു കാടു വെട്ടാനായി ഇറങ്ങി. വേല ചെയ്യുന്നതിൽ എനിക്കു ഭയമൊ ലജ്ജയൊ തോന്നിയില്ലെന്നു കണ്ടപ്പോൾ അവരും, ഉത്സാഹത്തോടു കൂടി എന്നെ സഹായിച്ചു തുടങ്ങി. ഇപ്രകാരം ഉച്ചയ്ക്കുമേൽ പുരയിടത്തിൽ ഇറങ്ങി വേല ചെയ്തു, കുറേ ദിവസത്തിനകം ഇരുപതേക്കർ ഭൂമി വെട്ടി അതിൽ ഞങ്ങൾ ഒരു കൃഷി ഇറക്കി."

ഫർം– വസ്തുവിന്മേലുള്ള കടം തീർക്കുവാൻ ദ്രവ്യശേഖരം ചെയ്യുന്നതിനു മിസ്സ് ഡേവിഡ്സനും ബുക്കറും ഉത്സാഹിച്ചു. വെള്ളക്കാരും കറുത്ത മനുഷ്യരും ഇതിനു യഥാശക്തി സഹായം ചെയ്തു. എപ്പാവരുടേയും സഹായം ലഭിക്കുന്നതിനായി, മിസ്സ് ഡേവിഡ്സൻ പലവിധം യത്നം ചെയ്തു. ആദ്യം അവളുടെ ഉത്സാഹത്താൽ ചില ഉത്സവങ്ങൾ നടത്തപ്പെട്ടു. ടസ്കേജിയിലെ വെള്ളക്കാരുടെയും

നിഗ്രോ-ജനങ്ങളുടെയും ഗൃഹങ്ങൾതോറും അവൾ പോയി ഒരിടത്തുനിന്നും ഒരു പ്പാ, വേറൊരിടത്തുനിന്നും ഒരു കോഴിക്കുഞ്ഞു, ഇങ്ങനെ അരിയും ഇരിയും ചോദിച്ചു വാങ്ങി, അവയെ എല്ലാം ഉത്സവദിവസങ്ങളിൽ, വന്നുചേർന്നവർക്കു വിറ്റു. ലഭിച്ച ദ്രവ്യത്തെ അയാൾ ശേഖരിച്ചു, കടം വീട്ടുന്നതിനു അപ്പോഴപ്പോൾ ഒരു മുതൽ ഉണ്ടാക്കിത്തുടങ്ങി. അവൾ വെള്ളക്കാരിലും കറുത്തവരിലും ആരോടൊക്കെ സഹായം അപേക്ഷിച്ചുവോ അവരേല്പാവരും അവളെ പ്രോത്സാഹിപ്പിച്ചു എന്നുള്ളതു സ്പഷ്ടമായ അഭിനന്ദനീയമത്രെ. ഇപ്രകാരം അനേകം ഉത്സവങ്ങൾ നടന്നു,—ഒരു ചെറിയ മുതലും ഉണ്ടായി. പിന്നീടു അവൾക്കു സംഭാവനയായി, പലരിൽനിന്നും ചില്ലറയുക കിട്ടിത്തുടങ്ങി. സ്വതന്ത്രജീവിതത്തിൽ മുക്കാൽ ഭാഗവും, സ്വാതന്ത്ര്യം ക്ലേശം കൂടാതെ കഴിച്ചുകൂട്ടിയിരുന്ന, അനേകം നീഗ്രോ-വൃദ്ധന്മാർ, ഈ വിഷയത്തിന്റെ ശ്രേയസ്സിനായി ചെയ്തിട്ടുള്ള ദ്രവ്യദാനത്തെപ്പറ്റി ചിന്തിക്കുന്ന തോറും കണ്ണുനീർ വാർക്കാതിരിക്കയില്ല. പലരും ഓരോ പണം വീതം കൊടുത്തു. മുക്കാൽ രൂപ കൊടുത്തവർ അസംഖ്യം, പഴയ കിടക്ക കൊടുത്തവർ ഒട്ടേറെ; പഞ്ഞിയോ, കരിമ്പോ, കൊണ്ടു വന്നവർ ധാരാളം! ഇങ്ങനെ ഒരു ധനശേഖരം ക്രമേണ വർദ്ധിച്ചുവന്നു. ഈ ധനശേഖര കൗശലത്തിൽ കറുത്ത മനുഷ്യരിൽ ചിലർ പ്രദർശിപ്പിച്ച സമർത്ഥ ബുദ്ധി മനസ്സിനെ ഏറ്റവും അലിപ്പിക്കുന്ന വിധത്തിൽ ഉള്ളതായിരുന്നുവെന്നതിനു ഒരുദാഹരണം പറയാം. ഒരിക്കൽ എഴുപതിൽ പരം വയസ്സായ ഒരു നീഗ്രോ-വൃദ്ധ വടിയും കുത്തി ബുക്കറുടെ മുറിയിൽ പ്രവേശിച്ചു ഇപ്രകാരം പറഞ്ഞു:—"എന്റെ ജീവിതകാലത്തിലെ അധികം ഭാഗവും അടിമത്തത്തിൽ കഴിഞ്ഞു. എനിക്കു ഒന്നും അറിഞ്ഞുകൂടാ. ഞാൻ ദാരിദ്ര്യത്തിൽ ദിവസം കഴിച്ചുകൂട്ടുന്നു. നിങ്ങളും മിസ്സ് ഡേവിഡ്സനും ഇപ്പോൾ ചെയ്യുന്ന വേലയുടെ സ്വഭാവം ഞാൻ അറിയുന്നുണ്ട്. ഈ ജാതിയിലുള്ള സ്ത്രീപുരുഷന്മാർക്കു നന്മ വരുത്തേണ്ടതിനു നിങ്ങൾ ശ്രമിക്കുന്നു. എന്റെ കൈവശം പണമില്ല.

എന്നാൽ ഞാൻ മിച്ചം വച്ചിട്ടുള്ള ഈ ആറു കോഴിമുട്ടകളേയും നിങ്ങൾ ദയയോടെ സ്വീകരിച്ചു അതിന്റെ വിലക്കുടി നിങ്ങളുടെ ധനത്തോടു ചേർത്തു ഈ കുട്ടികളെ വിദ്യയഭ്യസിപ്പിക്കണം, ടസ്ക്കൂജിയിൽ പ്രവൃത്തി ആരംഭിച്ചതിന്റെ ശേഷം , വിദ്യാലയത്തിലെ ഉപയോഗത്തിനായി ബുക്കർ അനേകം സംഭാവനകളെ സ്വീകരിച്ചിട്ടുണ്ട്; എന്നാൽ ഈ വൃദ്ധയുടെ ഹൃദയപൂർവ്വമായ ഈ കൃത്യത്തെപ്പോലെ, അയാളുടെ ഹൃദയത്തേ മുഴുവൻ സ്പർശിച്ചതായി, വേറൊന്നു ഉണ്ടായിട്ടില്ല.

"സന്ദേഹം വേണ്ട പരനുപകാരത്തിനാകാത്തതെങ്കിൽ,
കിന്തോ കൊണ്ടോരു ഫലമിഹ പ്രാണിനാം ക്ഷോണിതന്നിൽ."

ഈ വൃദ്ധയുടെ പരോപകാരബുദ്ധി എല്ലായ്പോ ആശാസ്യമായിരിക്കുന്നു.

അദ്ധ്യായം ൯.

സങ്കടഘട്ടം.

ഫിഫ്ത്ത്- ക്രിസ്ത്യാനികളുടെ ജ്ഞാനമാതാവും രക്ഷാപുരുഷനും ആയ യേശുക്രിസ്തുവിന്റെ ജന്മനക്ഷത്രാഘോഷദിനം സന്നിഹിതമായ അവസരത്തിലാ ബുക്കർവാഷിങ്ടനും മറ്റും ജനസാമാന്യത്തിന്റെ നിജസ്ഥിതിയെ പറ്റി കൂടുതലായ പരിചയം സമ്പാദിക്കാൻ സംഗതിയായത്. ഉത്സവദിനം അടുത്തപ്പോൾ ചെറു കുട്ടികൾ ഓരോ ഗ്രഹങ്ങളുടെ കതകിന്മേൽ മുട്ടി അവിടെ ഉള്ള ആളുകളോടു സമ്മാനം ചോദിക്കുന്ന ഒരു നടപ്പുണ്ടായിരുന്നു. രാവിലെ രണ്ടു മണിയുടെ മേൽ അഞ്ചു മണിയ്ക്കുമായി പത്തുവയസ്സുള്ള കുട്ടികൾ വിദ്യാലയത്തിലെ കതകുകളിൽ മുട്ടി സമ്മാനം ചോദിച്ചു. ഒരു ഏഴുമണിയോടു ഇപ്പോഴും നിലനിന്നു കാണുന്നു. ക്രിസ്തുവിന്റെ ജന

നാഘോഷമഹോത്സവം, നീഗ്രോ-ജനങ്ങൾ ഒരാഴ്ചക്കാലം കൊണ്ടാടിവന്നിരുന്ന. ഒരം ദിവസങ്ങളിൽ സദ്യകളും നടനങ്ങളും ദീപക്കാഴ്ചകളും മദ്യസേവയും കോലാഹലമായി നടത്തപ്പെട്ടിരുന്ന. ആരും തന്നെ ഒരു ജോലിയും ഒരം പുണ്യകാലത്തു ചെയ്കയില്ല. ഒരംഡൊൻ പൂന്തോട്ടത്തിൽ വച്ചു ദൈവം അധ്വാനത്തെ ശപിച്ചിരുന്നുവെന്നും, ആയതിനാൽ ഒരം ഉത്സവകാലത്തിലെങ്കിലും ഒരാഴ്ചവട്ടം അധ്വാനം ക്രൂടാതെ കഴിച്ചു കൂട്ടുന്നതു പാപമോചകമാണെന്നും ചില കറുത്ത പാതിരിമാർ പ്രസ്താവിച്ചു വന്നിരുന്ന. മദ്യം ഉപയോഗിക്കുക പതിവില്ലാത്ത ജനങ്ങൾപോലും ഒരം ഉത്സവകാലത്തിൽ ആഘോഷത്തിന്റെ ഒരംഗമായി പാനം ചെയ്തു ഉന്മത്തന്മാരായി നടന്നിരുന്ന. എല്ലായിടത്തും ഉത്സാഹവും ഉന്മേഷവും വ്യാപിച്ചിരുന്ന. സുദിനത്തിന്റെ പരിശുദ്ധതയെപ്പറ്റി ആരും ചിന്തിച്ചില്ല.

ഫ്രീഡ- നഗരത്തിൽ കുറെ ദൂരത്തിലുണ്ടായിരുന്ന ഒരു വലിയ തോട്ടത്തിൽ ഉത്സവകാലത്തിൽ ബുക്കർ പോയിരുന്ന. അവിടെ അറിവും ധനവും ഇല്ലാത്ത സാധുജനങ്ങൾ മഹോത്സവദിനത്തെ കൊണ്ടാടുവാൻ ചെയ്ത യത്നം അയാളുടെ മനസ്സിൽ അനുകമ്പയെ ജനിപ്പിച്ചു. ഒരു ചെറിയ കൂടിലിലെ അഞ്ചു കുട്ടികൾ ഒരു മാല പടക്കം വീതിച്ചു കൊളുത്തി അവരുടെ സന്തോഷത്തെ പ്രദർശിപ്പിച്ചു. വേറൊരു ഗൃഹത്തിൽ ഏകദേശം ആറാളുകൾ പത്തു സെൻറിനു തുല്യമായ ദിവസം കടയിൽനിന്നു വാങ്ങിച്ച പലഹാരം തിന്നു സന്തുഷ്ടന്മാരായി. ഒരിടത്തു കരിമ്പു തുണ്ടുകൾ ആയിരുന്ന വിശിഷ്ട പദാർത്ഥം. മറൊരു ഭവനത്തിൽ ദമ്പതിമാർ മത്സരിച്ചു മദ്യപാനം ചെയ്തു. ചിലർ ചീട്ടു കളിച്ചു രസിച്ചു. ചിലർ വെടി വെച്ചു സന്തോഷിച്ചു. എല്ലാവരും വേലയിൽ നിന്നു വിരമിച്ചിരുന്നു എങ്കിലും സ്തോത്രവും പ്രാർത്ഥനയും ഒരിടത്തും കേൾപ്പാനില്ലായിരുന്ന. രാത്രിയിൽ ജനങ്ങൾ ക്രൂരം ക്രൂടി ആട്ടവും ക്രൂത്തും നടത്തിവന്ന. ഒരം യാത്രയിൽ, ഉത്സവത്തിന്റെ സ്വഭാവത്തെപ്പറ്റി ബുക്കരോടു ഒരു നീഗ്രോ-പാതിരി ഇപ്രകാരം പറഞ്ഞു:—

"ഈഡൻ ഉദ്യാനത്തിൽവച്ചു ആദാമിനു സംഭവിച്ച അവസ്ഥ ഓർക്കുന്നില്ലേ? അയാൾ വേലചെയ്യേണ്ടി വന്നതു ശാപമേറ്റതുകൊണ്ടാണ്. വേല ചെയ്യുന്നതു പാപകരമത്രെ! അതിനാലാണു ഞാൻ അധ്വാനം ചെയ്യാൻ മടിക്കുന്നത്. ഇപ്പോൾ ഞാൻ പരമാനന്ദം അനുഭവിക്കുന്നു. ഒരു ആഴ്ചയിൽ ഞാൻ പാപം ചെയ്യുന്നില്ല." ബുക്കർ ശിഷ്യന്മാർക്കു ക്രിസ്തുമസ് ഉത്സവത്തിന്റെ അർത്ഥത്തേയും ആചരിക്കേണ്ട വിധികളേയും ഉപദേശിച്ചു. ഇതിന്റെ ഫലം പില്ക്കാലത്തു ഏറ്റവും ഉപകാരമുള്ളതായിത്തീർന്നു. ധാർമ്മികവൃത്തികളും പരസഹായ കർമ്മങ്ങളും ഉത്സവാഘോഷവിധിയിൽ ഉൾപ്പെട്ടു വന്നതു ബുക്കറുടെ ഉദ്യമത്തിന്റെ സൽഫലം ആകുന്നു. ഇതിനെപ്പറ്റി ബുക്കർ ഇപ്രകാരം പറഞ്ഞിട്ടുണ്ട്:—'ഭാഗ്യഹീനന്മാരായ സാധുക്കളുടെ സുഖത്തിനും സന്തോഷത്തിനും ആയി ഉത്സവം മുതലായ അനധ്യായാവസരങ്ങളിൽ ഏതാനും ദിവസം അധ്വാനം ചെയ്യുന്നതിൽ ഇപ്പോൾ ടസ്കീജിയിലെ വിദ്യാർത്ഥികൾ ഉത്സുകന്മാരായിരുന്നു. ഒരു അവസ്ഥ എത്ര സന്തോഷകരമാണ്! ഒരുദിവസം ചില വിദ്യാർത്ഥികൾ തങ്ങളുടെ വയസ്സിലധികം പ്രായമുള്ള ഒരു നീഗ്രാ-വൃദ്ധയ്ക്കുവേണ്ടി അവളുടെ പുര പൊളിച്ചു കെട്ടിക്കൊടുത്തു. ഒരു വിദ്യാർത്ഥി ഉടുപ്പില്ലാതെ കഷ്ടപ്പെടുന്ന എന്നു ഞാൻ ഒരു രാത്രിയിൽ പ്രാർത്ഥനസമയത്തു പ്രസ്താവിച്ചിരുന്നു. പിറേറന്നാൾ രാവിലെ ആരോ രണ്ടുടുപ്പുകൾ അവനു കൊടുക്കുന്നതിനായി എന്റെ കായ്യാലയത്തിലേക്കു അയച്ചു."

ക്രമേണ— ടസ്കീജിയിലും സമീപത്തിലും താമസിച്ചു വന്നിരുന്ന വെള്ളക്കാർ പാഠശാലയ്ക്കു സഹായം ചെയ്യുന്ന വിഷയത്തിൽ മനസ്സുള്ളവരായിരുന്നെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. സമുദായത്തിൽ നിന്നു പാഠശാലയ്ക്കു നിത്യസഹായം ഉണ്ടാകേണ്ടതെന്നു ഞാൻ താല്പര്യപ്പെട്ടിരുന്നു. പള്ളിക്രൂടം നമ്മുടെ സ്വന്തമാണെന്നുള്ള വിചാരം എല്ലാ ജനങ്ങൾക്കും തോന്നണമെന്നായിരുന്നു എന്റെ ആഗ്രഹം. വസ്തുവാങ്ങുന്നതിനായി എല്ലാവരുടേയും ദ്രവ്യസഹായം ആവശ്യ

പ്പെട്ടതിൽ ജനങ്ങൾക്കു സന്തോഷം ഉണ്ടായിരുന്നു. സാമുദായിക ജീവിതത്തിന്റെ ഒരു അംശമായിരുന്ന പ്രസ്തുത വിദ്യാലയസ്ഥാപനമെന്നു ഞങ്ങൾ വെള്ളക്കാരെ ധരിപ്പിച്ചതോടുകൂടി അവരിൽ നിന്നു ഞങ്ങൾക്കു പലവിധത്തിലും സഹായം ലഭിച്ചു വന്നു.

ഫിർ- ദക്ഷിണ ദേശത്തിൽ ആകപ്പാടെയും അലബാമായിൽ വിശേഷിച്ചും ടസ്കേജിയിൽ പ്രത്യേകമായും, ഞങ്ങളുടെ വിദ്യാലയത്തോടു വെള്ളക്കാർക്കു സന്തോഷവും അഭിമാനവുമാണു ഇപ്പോൾ കണ്ടു വരുന്നത്. അയൽക്കാരോടു നിഷ്പക്ഷപാടമായും മാന്യമായും ഉള്ള നിലയിൽ നടന്നുപോകണമെന്നു ഞാൻ സദാ എന്റെ ജാതിക്കാരോടു ഉപദേശിച്ചു വരുന്നു. സാമുദായികമായ അഭിവൃദ്ധിക്കായി പ്രവർത്തിക്കുന്ന അവസരങ്ങളിൽ ജാതിപ്രതിപത്തിയെ ആസ്പദമാക്കി നീതിവിരുദ്ധമായി യാതൊന്നും ചെയ്യരുതെന്നു ഞാൻ പറയാറുണ്ട്. നിരന്തരമായി ഉത്സാഹിച്ചു ഞങ്ങൾ കടം വീട്ടിത്തുടങ്ങി. മൂന്നു മാസംകൊണ്ടു ജനറൽ മാഷ്ലിനു കൊടുക്കാനുള്ളതു കൊടുത്തു തീർത്തു. പിന്നെ രണ്ടു മാസംകൊണ്ടു പണിപ്പെട്ട ശേഷം തുക ശേഖരിച്ചു. വസ്തു സ്വന്തമായി."

ഫിർ- ഇങ്ങനെ അഞ്ചു മാസക്കാലം കൊണ്ടു കടം തീർന്നു. പള്ളിക്കൂടം വകയായി നൂറേക്കർ ഭൂമി ഉണ്ടായി. ഇതിനുള്ള ദ്രവ്യം ഉണ്ടായതു ആ പള്ളിക്കൂടത്തിൽവച്ചു തന്നെ നടത്തിയ സദിരുകളിൽനിന്നും ആഘോഷങ്ങളിൽ നിന്നും സമീപവാസികളുടെ അപ്പാലമായ ദാനങ്ങളിൽ നിന്നും ആയിരുന്നുവെന്ന അവസ്ഥ ബുക്കർക്കു വളരെ സന്തോഷകരമായിരുന്നു.

ഫിനു- കൃഷിജോലി അഭ്യസ്തരാക്കളെ ശീലിപ്പിക്കുന്നതിനും, പുരയിടത്തിൽ നിന്നും അധ്വാനത്തിന്റെ പ്രതിഫലമായി മുതലുണ്ടാക്കുന്നതിനും ആയിരുന്ന, പിന്നത്തെ ശ്രമം. താമസക്കാരുടെ ഓരോ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടി യഥാക്രമം ടസ്കേജി മന്ദിരത്തിൽ ഓരോ തൊഴിലുകൾ ഏർപ്പെടുത്തപ്പെട്ടു. ഭക്ഷണത്തിൻ വേണ്ടി ചില പുരാ

ത്തിങ്കൽ കൃഷി ചെയ്യുണ്ടാക്കുകയായിരുന്ന അവരുടെ പ്രധാനമായ യത്നം.

൧൭൯- ചെലവിനു വേണ്ട ദ്രവ്യം ഇല്ലാതിരുന്നതിനാൽ അനേകം വിദ്യാർത്ഥികൾ ആദ്യകാലം പള്ളിക്കൂടത്തിൽ കുറെ നാൾ താമസിച്ചതിന്റെ ശേഷം മടങ്ങിപ്പോയിരുന്നു. വിദ്യാർത്ഥികൾ തങ്ങൾക്കു വേണ്ട ദ്രവ്യം സ്വന്ത പരിശ്രമത്താൽ തന്നെ സമ്പാദിക്കുന്നതിനു സഹായിക്കുന്നതായ ചില വ്യവസായ മാർഗ്ഗങ്ങളെ ബുക്കർ ക്രമേണ ഏർപ്പെടുത്തി. വിദ്യാലയത്തിൽ ആദ്യം ഒരു ദാനമായി വന്ന ചേന്ന നാല്ക്കാലിമൃഗം പ്രായം അധികമുള്ളതും കണ്ണു പൊട്ടിയതുമായ ഒരു കുതിരയായിരുന്നു. ഇതിനെ ഒരു വെള്ളക്കാരൻ സമ്മാനമായി പള്ളിക്കൂടത്തിനു നൽകി. ഇപ്പോൾ വിദ്യാലയം വകയായി ഇരുന്നൂറിലധികം നാല്ക്കാലി മൃഗങ്ങളും, എഴുന്നൂറിൽപരം കുകരങ്ങളും, അനേകം ആടുകളും കോഴികളും ഉണ്ട്.

൧൮൦- വസ്തുവിന്റെ വില കൊടുത്തു തീർക്കുകയും കൃഷി ഇറക്കുകയും ജീർണ്ണപ്പെട്ടു കിടന്ന ചെറുഗൃഹങ്ങളെ പരിഷ്കരിക്കുകയും ചെയ്തതിൽ പിന്നെ എണ്ണം കൂടിവരുന്ന വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി ആറായിരം ഡാളർ വില പിടിക്കുന്നതായ ഒരു വിദ്യാമന്ദിരം പണി കഴിക്കണമെന്നു ബുക്കർ വിചാരിച്ചു അതിനുള്ള യത്നം ആരംഭിച്ചു. തുക വളരെ വലിയതായിരുന്നു, എങ്കിലും നിശ്ചിതകാര്യം, അതായതു, നീഗ്രോ-വിദ്യാഭ്യാസം ശരിയായ രീതിയിൽ ഉണ്ടാകണമെങ്കിൽ, വിദ്യാർത്ഥികളുടെ താമസത്തിനു മതിയായ മന്ദിരങ്ങളും വിദ്യാലയങ്ങളും ആവശ്യമാണല്ലൊ. അധ്യേതാക്കൾ വിദ്യാലയത്തിനുള്ളിൽ തന്നെ വിദ്യാഭ്യസനകാലം മുഴുവൻ താമസിക്കാതെ ഇരുന്നാൽ അവരുടെ നടവടികളെ പരിശോധിക്കയും ക്രമപ്പെടുത്തുകയും ചെയ്യുന്നതിനു വാദ്ധ്യന്മാർക്കു വേണ്ടപോലെ സാധിക്കുകയില്ലല്ലോ!

൧൮൧- ഈ സന്ദർഭത്തിൽ ഉണ്ടായ ഒരു സംഗതി ബുക്കർക്കു വളരെ തൃപ്തിയും ആശ്ചര്യവും ജനിപ്പിച്ചു. പുതുതായി ഒരു

വലിയ മന്ദിരം പണി കഴിപ്പിക്കണമെന്ന അയാൾക്കുണ്ടായ അഭിപ്രായത്തെ ജനങ്ങൾ അറിഞ്ഞപ്പോൾ ദക്ഷിണ-ദേശക്കാരനാ ടസ്കേജി നഗരത്തിന്റെ സമീപം തടിക്കച്ചവടം നടത്തിപ്പോന്നയാളും അയ ഒരു ധവര ബുക്കറെ കണ്ടു,— "വേണ്ടമരസ്സാമാനം ഞാൻ ഇവിടെ ഇറക്കിത്തരാം, പണം ഉണ്ടാകുമ്പോൾ വില തന്നു തീർക്കാമെന്ന നിങ്ങൾ വാശാനം ചെയ്താൽ മതി, വേറൊരു പ്രമാണവും വേണ്ടാ" എന്നു പറഞ്ഞു. വേണ്ട പണത്തിൽ ഒരു ഡാളർപോലും കൈവശമില്ലെന്നുള്ള വാസ്തവം ബുക്കർ ധവരയോടു പറഞ്ഞു കേൾപ്പിച്ചു. എന്നിട്ടും അദ്ദേഹം പിന്മാറിയില്ല. ഒടുവിൽ കുറേ പണം പിരിഞ്ഞതിന്റെ ശേഷം ബുക്കർ ആ മഹാമനസ്കന്റെ സഹായത്തെ സ്വീകരിച്ചു. മിസ്സ് ഡേവിഡ്സൺ യാചനത്തിനായി അനേക ദിക്കുകളിൽ പോകയും ദ്രവ്യംശേഖരിക്കയും ചെയ്തുതുടങ്ങി. ബുക്കർ ജനങ്ങളെ വിളിച്ചു കൂട്ടി സഭകൾ ഏർപ്പെടുത്തി, അവരുടെ യോഗങ്ങളിൽ വച്ചു വരിപ്പണം പിരിച്ചു തുടങ്ങി. ഇങ്ങനെയുള്ള ഒരു യോഗത്തിൽ മൂന്നു നാഴിക ദൂരെ പാർത്തിരുന്ന ഒരു നീഗ്രോ ഒരിക്കൽ ഹാജരായിരുന്നു. യോഗമധ്യത്തിൽ അയാൾ ഇപ്രകാരം സംസാരിച്ചു:—"ഈ കാര്യത്തിലേക്കായി ദാനം ചെയ്യുന്നതിനു എന്റെ കയ്യിൽ പണം ഇല്ല. ഞാൻ ഈയിടരണ്ടു സൂകരങ്ങളെ വളർത്തിയതിൽ നല്ലതിനെ ഒരം സഭയ്ക്കായി തന്നുകൊള്ളുന്നു, തങ്ങളുടെ ജാതിയെക്കുറിച്ചു സ്നേഹമോ തങ്ങളെക്കുറിച്ചു ബഹുമാനമോ ഉള്ള നീഗ്രോ-ജനങ്ങൾ എല്ലാവരും അടുത്ത യോഗത്തിൽ അവരവർക്കു കഴിയുന്ന സാമാനങ്ങളെ ഹാജരാക്കട്ടെ." ഒട്ട വളരെ ആളുകൾ കെട്ടിടം സംബന്ധിച്ചു കൂലി വാങ്ങാതെ വേല ചെയ്യാമെന്നു അപ്പോൾ തന്നെ വാശാനം ചെയ്തു.

ക്രമേണ ടസ്കേജി ദേശത്തുനിന്നു കിട്ടാനിടത്തോളം പണം പിരിച്ചതിൽ പിന്നീടു മിസ്സ് ഡേവിഡ്സൺ ഉത്തര ദേശങ്ങളിൽ യാത്ര ചെയ്തു. ഇവിടെ ഉദ്ദേശ്യസിദ്ധിക്കായി മഹാന്മാരെ സന്ദർശിക്കയും, മതാലയങ്ങളിലും, വിദ്യാശാലകളിലും സഭകളിലും പ്രസംഗം നടത്തുകയും ചെയ്തു. വടക്കൻ

ടിക്കിൽ നിന്നു ആദ്യമായി സംഭാവന ലഭിച്ചതു മിസ്സ്" ഡേവിഡ്സൻ കേറിയിരുന്ന ആവിബ്ബോട്ടിൽ വച്ചു പരിചയപ്പെട്ട ന്യൂയാക്ക് നഗരത്തിലുള്ള ഒരു മദാമ്മയുടെ പക്കൽ നിന്നായിരുന്നു. വർത്തമാനം പറഞ്ഞ കൂട്ടത്തിൽ നമ്മുടെ നീഗ്രോ-യുവതി ടസ്കേജിയിലെ കഥകളെക്കുറിച്ചും പ്രസംഗിച്ചു. തമ്മിൽ പിരിഞ്ഞ സമയം, മദാമ്മ മിസ്സ് ഡേവിഡ്സന്റെ കയ്യിൽ ഒരു 10 ഡാളർ നോട്ടു ഔദാര്യസൂചകമായി കൊടുത്തു. വിവാഹത്തിനു മുമ്പും പിന്നീടും, മിസ്സ് ഡേവിഡ്സൻ, എഴുത്തു മൂലമായും, യാത്ര ചെയ്തും പലയിടങ്ങളിലും, പലരോടും പരിചയം സമ്പാദിച്ചു, ധനശേഖരം ചെയ്തിട്ടുണ്ട്. "അക്കാലം അവർ ടസ്കേജി വിദ്യാലയത്തിൽ അധ്യാപികയായും ഉപാദ്ധ്യക്ഷയായും, വേല ചെയ്തിരുന്നു. ഇതിനു പൂർമെ ടസ്കേജിയിലും ചുറ്റുമുള്ള പ്രായം ചെന്നവരെ അവർ പഠിത്ത വിഷയത്തിൽ സഹായിക്കയും, പട്ടണത്തിൽ ഞായറാഴ്ച തോറും ഒരു ക്ലാസു പഠിപ്പിക്കയും ചെയ്തു വന്നിരുന്നു. സ്വതേ ബലഹീനയായ അവർ സന്തോഷത്തോടു ക്രിതനിക്കുള്ള ശക്തി ആസകലം ഉപയോഗിച്ചു അന്യന്മാക്ക് ഉപകാരം ചെയ്തു. താൻ സ്നേഹപൂർവ്വം ഏറ്റിരുന്ന കൃത്യത്തെ നിർവ്വഹിക്കുന്നതിൽനിന്നു തനിക്കുണ്ടാകുന്ന സന്തോഷവും കൃതാർത്ഥതയും മാത്രമായിരുന്നു അവളുടെ ജീവിത സർവ്വസ്വം. ചില ദിവസങ്ങളിൽ ജോലി കഴിഞ്ഞു, ഗൃഹത്തിൽ മടങ്ങി വരുന്ന സമയം അവർക്കു വസ്ത്രം മാറി ഉടുക്കുന്നതു തന്നെ ബഹു ശ്രമമായിരുന്നു. ബാസ്റ്റൻ നഗരത്തിലെ ഒരു മദാമ്മയെ കാണ്മാനായി ഒരവസരത്തിൽ അവർ പോയിരുന്നു. ചെന്ന ഉടനെ അവരെ കാണ്മാൻ അവർക്കു സൌകര്യം കിട്ടിയില്ല. സല്പം നേരം കഴിഞ്ഞു മദാമ്മ മുറിയിലേക്കു വന്നപ്പോൾ മിസ്സ് ഡേവിഡ്സൻ കസേരയിൽ ഇരുന്നു ക്ഷീണംകൊണ്ടു ഉറങ്ങിപ്പോയിരുന്നു. ഇക്കഥ എന്നോടു പറഞ്ഞതു ആ മദാമ്മയാണ്. ഇപ്രകാരം ബുക്കർ മിസ്സ് ഡേവിഡ്സന്റെ പ്രവൃത്തിയെപ്പറ്റി പറഞ്ഞിട്ടുണ്ട്. ബുക്കറുടെ പ്രധാന സഹകാരിണിയും പിന്നീടു

ഭാര്യയും ആയ മിസ്സ് ഡേവിഡ്സൻ സ്വവർഗ്ഗത്തിന്റെ ഉന്നതിക്കായി വാക്കു കൊണ്ടും മനസ്സു കൊണ്ടും ദേഹംകൊണ്ടും ചെയ്തിട്ടുള്ള യത്നങ്ങളും മുഴുവൻ യഥായോഗ്യം വിസ്തരിച്ചെഴുതാൻ പ്രയാസമാണ്.

ഫ്രന്റ് – ഒന്നാമതായി പണി തീർന്നതു പോട്ടർ മന്ദിരമായിരുന്നു. ഇതിനു ഈ നാമധേയം വന്നതു ഇതിലേക്കായി അധികം ദ്രവ്യദാനം ചെയ്ത ആൾ നവീനയാക്ക് ദേശത്തിലെ, ബ്രൂക്ക്ലിൻ നഗരത്തിലെ എ. എച്ച്. പോട്ടർ എന്ന മഹാമനസ്കൻ ആയിരുന്നതിനാലാണ്. ബുക്കർ, ഡേവിഡ്സൻ കന്യക ഇവരുടെ യത്നത്തിനു വലുതായ സഹായം ചെയ്തതു ബാസ്റ്റൻ നഗരത്തിലെ രണ്ടു മദാമ്മമാർ ആയിരുന്നു. ഈ ഉത്തമ സ്ത്രീകൾ ഇവർക്കു പതിനാലു കൊല്ലം മുടവിടാതെ ദ്രവ്യസഹായം ചെയ്തിട്ടുണ്ട്. പണത്തിനുണ്ടായ ഞെരുക്കം സാമാന്യമല്ലായിരുന്നു. ഒരു കടക്കാരനു നാനൂറു ഡാളർ കൊടുക്കേണ്ടിയിരുന്നു. പറഞ്ഞ അവധി അടുത്തു. അന്നു കാലത്തു ഒരു ഡാളർ പോലും ബുക്കറുടെ കൈവശം ഇല്ലായിരുന്നു. പത്തു മണിക്കു തപാൽ പൊട്ടിച്ചു നോക്കിയപ്പോൾ ആവശ്യപ്പെട്ട നാനൂറു ഡാളർ നോട്ടു ഉള്ളടക്കം ചെയ്തിരുന്ന ഒരു കത്തു ഡേവിഡ്സൻ അയച്ചിരുന്നതു വന്നുചേർന്നു. ഇപ്രകാരം അവിചാരിതവും സമയോചിതവും അത്യന്തം സ്പൃഹണീയവും ആയ സഹായങ്ങളും പലതും നമ്മുടെ കഥാനായകനു ലഭിച്ചു വന്നിരുന്നു. നാനൂറു ഡാളർ നൽകിയതു ബാസ്റ്റൻ നഗരത്തിലുള്ള രണ്ടു മദാമ്മമാരായിരുന്നു. ടസ്കേജി മന്ദിരം വലുതായി തുടങ്ങിയപ്പോൾ, അതായതു രണ്ടു വർഷത്തിനിപ്പുറം, വീണ്ടും ധനച്ചുരുക്കം പ്രവർത്തകന്മാരെ ക്ലേശിപ്പിച്ചിരുന്ന ഒരവസരത്തിൽ, മേല്പറഞ്ഞ മദാമ്മമാർ ആറായിരം ഡാളർ അയച്ചുകൊടുത്തു. സമയോചിതമായ ഈ സംഭാവനയാണു വിദ്യാലയത്തിന്റെ ഭാവിസ്ഥിതിയെ ദൃഢീകരിച്ചതു്. ഈ ദാനത്താൽ പ്രവർത്തകന്മാർക്കുണ്ടായ സന്തോഷവും ഉത്സാഹവും അനിർവചനീയമായിരുന്നു. ആ മഹതികൾ ആണ്ടുതോറും ആറായിരം ഡാളർ വീതം പതിനാലു സംവത്സര

ക്കാലം ടസ്കേജി വിദ്യാലയത്തിലേക്കു സംഭാവന ചെയ്തു വന്നിരുന്ന എന്നെ ഒരിക്കൽ ക്രൂടി ഈ ഘട്ടത്തിൽ പ്രസ്താവിക്കുന്നതു അനുചിതമായിരിക്കയില്ല.

൧൮൭൫- വിദ്യാലയത്തിന്റെ അടിവാരം തോണ്ടിയതു "വേല ചെയ്യാനല്ല പഠിക്കാനാണു വന്നിട്ടുള്ളതു" എന്നു, മുമ്പൊരിക്കൽ പറഞ്ഞ വിദ്യാർത്ഥികൾ തന്നെ ആയിരുന്നു. മൂലക്കല്ലു സ്ഥാപിച്ചതും, പ്രധാന പ്രസംഗം വായിച്ചതും ആ ദേശത്തിലെ വിദ്യാപരിശോധകനായ ബഹുമാനപ്പെട്ട വാഡി താംസൺ ധാരയായിരുന്നു. ഈ മഹോത്സവ സന്ദർഭത്തെ തദ്ദേശീയരായ അനേകം ധാരമാരും നീഗ്രോ-ജനങ്ങളും തങ്ങളുടെ സാന്നിധ്യം കൊണ്ടു അലങ്കരിച്ചു. എടുപ്പു കെട്ടിത്തീരുന്നതിനു മുമ്പായി പല അവസരങ്ങളിലും പ്രവർത്തകന്മാരുടെ മനസ്സു ദുർബാധയാൽ പീഡിതമായിരുന്നു. ഇവർ അനുഭവിച്ച സങ്കടങ്ങൾ ഈ മാതിരി കൃത്യത്തിൽ പ്രവേശിച്ചിട്ടുള്ളവർക്കു മാത്രമേ അറിവാൻ പാടുള്ളൂ. അനേക ദിവസം രാപ്പകൽ ഇവർ ഉറങ്ങുകയോ വിശ്രമിക്കയോ ചെയ്തിട്ടില്ലായിരുന്നു. ഇവർ ഏറ്റെടുത്തിരുന്ന മഹാകൃത്യത്തിന്റെ ഭാരം ഇവരെ വളരെ ക്ലേശിപ്പിച്ചു. ഈ അവസ്ഥയെ ബുക്കർ ഇപ്രകാരം വർണ്ണിച്ചിട്ടുണ്ടു—"ടസ്കേജിയിൽ താമസിച്ച ആദ്യ വർഷങ്ങളിൽ അനേകം രാത്രികളിൽ എനിക്കു ഉറക്കം ഉണ്ടായിട്ടില്ല. കാരണം പണത്തെ പറ്റിയുള്ള ചിന്ത തന്നെയായിരുന്നു. ഞങ്ങൾ പ്രവേശിച്ചിരുന്നതു ഒരു നൂതന പരീക്ഷയിൽ ആണു്. ഒരു വലിയ വിദ്യാലയത്തിലെ കാര്യങ്ങൾ യഥാക്രമം വഹിക്കുന്നതിനു നീഗ്രോ-ജനങ്ങൾക്കു സാധിക്കുമോ ഇല്ലയോ എന്നു തെളിയിക്കുന്ന ഒരു മഹാപരീക്ഷയായിരുന്നു, ഞങ്ങളുടെ അപ്പോഴത്തെ പരിശ്രമം. ഞങ്ങൾക്കു ഇതിൽ തോൽവി വന്നിരുന്നെങ്കിൽ അതു വർഗ്ഗത്തിനു പൊതുവേ ഒരു ന്യൂനതയ്ക്കു ഹേതുവാകുമായിരുന്നു. ജനങ്ങളുടെ അഭിപ്രായം ഞങ്ങൾക്കു ഗുണകരമല്ലായിരുന്നു. വെള്ളക്കാരൻ ആരംഭിക്കുന്ന കാര്യങ്ങൾ മാത്രമേ ശുഭമായി കലാശിക്കൂ എന്നായിരുന്നു പൂർവ്വവിധി തന്നെ. നീഗ്രോ-ജനങ്ങൾക്കു വിജയം ഉണ്ടോ

കുന്നതു ആശ്ചര്യമെന്നേ വരൂ. ഈ വിചാരങ്ങൾ ഞങ്ങളെ വളരെ പീഡിപ്പിച്ചിരുന്നു."

൯൩.– സങ്കടഭ്രയിഷ്ടുമായ അക്കാലത്തു സമീപവാസികളായ രണ്ടു വർക്കാരിൽ നിന്നു കാലോചിതമായി ബുക്കർക്കു ലഭിച്ചിരുന്ന സഹായം സഹൃദയന്മാരെ ആഹ്ലാദിപ്പിക്കുന്ന വിധത്തിൽ ഉള്ളതായിരുന്നു. സകല വൈഷമ്യങ്ങളിലും, ബുദ്ധിമുട്ടുകളിലും ടസ്കീജിയിലെ സർവ്വജനങ്ങളും ബുക്കർക്കു കഴിവുള്ള സഹായങ്ങളും പ്രോത്സാഹനങ്ങളും ചെയ്തു. സംഭാവനയായും, കടമായും, അയാചിതമായി അവിടെയുള്ള ധനവാന്മാർ, ധനം നല്കി. വിദ്യാലയത്തിന്റെ അവസ്ഥയേയും ഉൽകൃഷ്ടതയേയും പരിപാലിക്കുന്ന വിഷയത്തിൽ ബുക്കർ ഒരിക്കലും അശ്രദ്ധ കാണിച്ചില്ല. ഒന്നാമതായി ബുക്കറുടെ സിദ്ധാന്തം വിദ്യാലയത്തിന്റെ പദവിയെ ഉന്നതരീതിയിൽ പരിപാലിക്കണമെന്നായിരുന്നു. ദരിദ്രകാരുണ്യത്താൽ ഇതിനെ ഉപയുക്തപരി വർദ്ധിപ്പിക്കുന്നതിനു അയാസം ശക്തനായി. ഒരു അദ്ധ്യായത്തിലെ അന്ത്യഭാഗം കഥാനായകന്റെ സ്വന്ത വാക്കിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു:—

൯൪.– "എന്നെ ടസ്കീജിയിൽ അയയ്ക്കുന്നതിനു ജനറൽ ആറംസ്ട്രാങ്ങിനോടു ആവശ്യപ്പെട്ടവരിൽ ഒരാളെന്നു ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുള്ള മിസ്റ്റർ ജഡ്ജ് ഡബ്ലിയു. കമ്പ്ബെൽ എന്നോടു പറഞ്ഞിട്ടുള്ള ഉപദേശത്തെ ഞാൻ സദാ ഓർമ്മിച്ചു വരുന്നു. ഞാൻ ജോലിയിൽ പ്രവേശിച്ച ഉടൻ അദ്ദേഹം പിതൃവാത്സല്യത്തോടു കൂടി എന്നോടു പറഞ്ഞതു,—"വാഷിങ്ടൺ" വിശ്വാസയോഗ്യത തന്നെ മൂലധനം എന്നു കരുതുക. എന്നായിരുന്നു. ഒരു തവണ പണച്ചുരുക്കത്താൽ ഞങ്ങൾ ക്ലേശിക്കുന്ന അവസരത്തിൽ ഞാൻ ആ വിവരം ജനറൽ ആറംസ്ട്രാങ്ങിനെ ധരിപ്പിച്ചു. യാതൊരു സംശയവും കൂടാഞ്ഞ അദ്ദേഹം തന്റെ സ്വന്ത ഉപയോഗത്തിനു വച്ചിരുന്ന ധനം മുഴുവനും എന്റെ ആവശ്യം നിർവഹിക്കുന്നതിനായി തന്നു. അദ്ദേഹം ഇപ്രകാരം ടസ്കീജി മന്ദിരത്തെ സഹായിച്ചതു ഈ പ്രാവശ്യം മാത്രമല്ലായി

രുന്നു. ഈ വസ്തുത ഞാൻ ഇതിനു മുമ്പു പരസ്യപ്പെടുത്തീ ട്ടുണ്ടെന്നു തോന്നുന്നില്ല."

ഫ്രെഡ്- "ഫ്രെഡ്വുഡ്-ാം സംവത്സരത്തിലേ ഗ്രീഷ്മകാല ത്തു,—അതായതു ടസ്കേജിയിൽ ഒരു വർഷം ജോലി ചെയ്യു തിന്റെ അന്ത്യദശയിൽ—ഞാൻ മാൽഡൺ ദേശത്തിലേ ഒരു യുവതിയായിരുന്ന മിസ്സ് ഫാനി എൻ. സ്മിത്ത് എന്ന വളെ വിവാഹം ചെയ്തു. ശരൽക്കാലാരംഭം മുതൽ, ഞങ്ങൾ ടസ്കേജിയിൽ ഗൃഹസ്ഥവൃത്തി ആരംഭിച്ചു. ഞങ്ങളുടെ ഗൃഹ ത്തിൽ തന്നെയാണു വിദ്യാലയത്തിലേ എല്ലാ ഉപാദ്ധ്യായ ന്മാരും താമസിച്ചതു്. അക്കാലം അവിടെ നാലദ്ധ്യാപക ന്മാർ ഉണ്ടായിരുന്നു. എന്റെ കൂട്ടംബിനി ഫാമ്പ്ടൺ വി ദ്യാലയത്തിൽ വച്ചു ബി. എ. പരീക്ഷ ജയിച്ചിട്ടുണ്ടായിരു ന്നു. ഗൃഹ ജോലികൾക്കു പുറമെ വിദ്യാലയത്തിനു വേണ്ടിയു ള്ള പ്രവൃത്തികളും അവർനിരന്തരമായി നടത്തി വന്നിരുന്നു. ഫ്രെബ്രു- മേ മാസത്തിൽ അവൾ ചരമഗതിയെ പ്രാപി ച്ചു. അവളിൽ എനിക്കുണ്ടായ സ്നേഹസന്താനമാണു പോ ഷ്യ എം. വാഷിങ്ട്ടൺ എന്നു പേരായവൾ. ആദ്യം മുതൽ തന്നെ എന്റെ ഭാര്യ അവളുടെ വിചാരത്തെയും സമയ ത്തെയും വിദ്യാദാന വിഷയത്തിൽ ഗാഢമായി സമർപ്പി ക്കുകയും എന്റെ അഭിലാഷത്തിലും ഉത്സാഹത്തിലും പൂ ർണ്ണമായി യോജിക്കുകയും ചെയ്തിരുന്നു. വിദ്യാലയത്തിന്റെ പരിപുഷ്ടാവസ്ഥ കാണ്മാൻ സംഗതിയാകുമുമ്പെ അവൾ കാലധർമ്മം പ്രാപിച്ചു."

അദ്ധ്യായം ൧൦.

വലിയ വിഷമത.

ഫ്രെഡ്- ഈ അദ്ധ്യായത്തെ കഥാനായകന്റെ സംസാരം തന്നെ വിവരിക്കാം—"ടസ്കേജിയിൽ വിദ്യാർത്ഥി

കം കൃഷിയും ഗൃഹസ്ഥവൃത്തിയും സംബന്ധിച്ചുള്ള പ്രവൃത്തികളിൽ താല്പര്യവും സാമർത്ഥ്യവും സമ്പാദിക്കുന്നതിനു പുറമെ ഗൃഹങ്ങളും പണി കഴിക്കുന്നതിനു കൂടി ശീലിക്കേണമെന്നും ഞാൻ ആദ്യകാലം മുതൽ തന്നെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ഓരോ വേല ചെയ്യുന്ന അവസരത്തിൽ നൂതനങ്ങളും പരിഷ്കൃതങ്ങളും ആയ സമ്പ്രദായങ്ങളും അവക്കു വശമാക്കേണമെന്നും തന്മൂലം വിദ്യാലയത്തിനു ലാഭവും ഉണ്ടാവും വരുന്നതിനു പുറമെ വിദ്യാർത്ഥികളുടെ മനസ്സിൽ അധ്വാനത്തെപ്പറ്റിയുള്ള ഉപയോഗത്തേയും, മാന്യതയേയും, കുറിച്ചു ശരിയായ ബോധം ജനിപ്പിക്കേണമെന്നും ആയിരുന്നു എന്റെ ഉദ്ദേശ്യം. വേല ചെയ്യുന്നതു ബുദ്ധിമുട്ടോ അവമാനമോ ആണെന്നു വിചാരിക്കരുത്. വിദ്യാർത്ഥികൾ വേലയെ നിർവ്യാജമായി സ്നേഹിക്കണം. പഴയ രീതിയിൽ—അതായതു യന്ത്രങ്ങളുടെ സഹായം അപേക്ഷിക്കാതെ, അധ്വാനം ചെയ്യേണ്ടതു; ഏതെല്ലാം പ്രകാരം വായു, ജലം, ആവി, വിദ്യുച്ഛക്തി മുതലായ പ്രകൃതിശക്തികളുടെ സഹായം അവലംബിച്ചു അധ്വാനത്തെ ലഘൂകരിക്കുകയോ, പരിഷ്കരിക്കുകയോ, സഫലമാക്കുകയോ ചെയ്യാമോ, ആ മാതിരികളെ വിദ്യാർത്ഥികൾ മനസ്സിലാക്കണമെന്നാണു ഞാൻ നിശ്ചയിച്ചതു.

ഈരണ്ടു- വിദ്യാർത്ഥികളുടെ വേലയെ ആധാരമാക്കി കെട്ടിടങ്ങളെ നിർമ്മിക്കുന്ന സമ്പ്രദായം നന്നല്ലെന്നു അനേകം ആളുകൾ എന്നോടു ഉപദേശിച്ചു; എന്നാൽ ഞാൻ നിശ്ചയിച്ച സംഗതി നിർവഹിക്കാൻ തന്നെ തുനിഞ്ഞു. പരിചയമുള്ള വേലക്കാർ ചെയ്യുന്നതുപോലെയുള്ള വെടിപ്പോ, വൃത്തിയോ വിദ്യാർത്ഥികളാൽ രചിക്കപ്പെടുന്ന സ്ഥാപനങ്ങൾക്കു വരികയില്ലെന്നുള്ളതു ഒട്ടൊക്കെ ശരിതന്നെയാണ്. എന്നാൽ മന്ദിരങ്ങൾക്കു സൌകര്യവും, ഭംഗിയും, കുറഞ്ഞുപോയാലും അദ്ധ്വാനം അവരിൽ ജനിപ്പിക്കുന്ന ബുദ്ധിസംസ്കരണവും, സ്വാതന്ത്ര്യ ശീലവും, സ്വവിശ്വാസവും, അമൂല്യമായ സമ്പാദ്യം ആണല്ലോ.

മൂന്നു- പരുത്തി, കരിമ്പു, നെല്ലു ഇതുകളെ കൃഷി ചെയ്യു

ന്നതിൽ ഉഴപ്പെട്ടിരുന്നവരും, ദാരിദ്ര്യം അനുഭവിച്ചവരും ആയ യുവജനങ്ങളെ, വന്ന ചേന്നയുടനെ, നല്ല മന്ദിരങ്ങളിൽ പ്രവേശിപ്പിക്കുന്നതു അവർക്കു എത്ര തന്നെ ആനന്ദകരമായിരിക്കുമെങ്കിലും, ഭവനങ്ങളും അവർ തന്നെ കെട്ടിയുണ്ടാക്കിയതിന്റെ ശേഷം അവയ്ക്കുള്ളിൽ അവരെ സഞ്ചരിപ്പിക്കുന്നതായാൽ അതു ഉചിതവും, സ്വാഭാവികവും ആയ അഭ്യാസവിശേഷമായിരിക്കുമെന്നാണു, പ്രതിപ്രായമുള്ളവരോടു ഞാൻ പറയാവുള്ളതു്. അബദ്ധവും ന്യൂനതയും ചിലപ്പോൾ സംഭവിക്കുമെന്നു ഞാൻ അറിഞ്ഞിട്ടുണ്ടു്; എന്നാൽ ഇവ ഭാവികാലത്തെ നടവടിക്കു ഏറ്റവും ഉപയുക്തങ്ങളായ പാഠങ്ങളുടെ പരിശീലനമായിത്തീരുന്നതാണു്.

ഹന്നൻ- ടസ്കൂജി വിദ്യാലയം സ്ഥാപിച്ചിട്ടു ഇപ്പോൾ ൨൨ സംവത്സരത്തിലധികം കാലമായിട്ടുണ്ടു്. ഇതിനിടയ്ക്കു ഇവിടെ ഉണ്ടായിട്ടുള്ള സകല കെട്ടിടങ്ങളും, മിക്കവാറും വിദ്യാർത്ഥികളുടെ കൈവേലയാൽ ചെയ്യപ്പെട്ടവയാണു്. ഈ അഭ്യാസത്തിൽ നിന്നു അവർക്കുണ്ടായിട്ടുള്ള നന്മ അനല്പമാകുന്നു. ഇപ്പോൾ ഉള്ള നാല്പതു മന്ദിരങ്ങളിൽ, നാലൊഴികെ, ശിഷ്യന്മാരെല്ലാം മിക്കവാറും അവരുടെ യത്നത്താൽ ഉണ്ടായവയാണു്. തെക്കെ ദിക്കിൽ താമസിച്ചു വരുന്നവരിൽ അനേകം ആളുകൾ വീടുപണി, യന്ത്ര നിർമ്മാണം മുതലായ വിഷയങ്ങളെ പഠിച്ചു, അറിവു സമ്പാദിച്ചതു ഇവിടെ പണി എടുത്ത കാലത്തായിരുന്നു. വ്യവസായ കൌശലം, അറിവു ഇത്യാദികളെ, ഇപ്രകാരം ഒരു സംഘം വിദ്യാർത്ഥികൾ, വേറൊരു സംഘത്തിനു ഉപദേശിച്ചു വരുന്നു. ഇപ്പോൾ ഏതു തരത്തിലും വലിപ്പത്തിലും ഉള്ള മന്ദിരം പണി ചെയ്യുന്നതിനു—കണക്കെടുത്തു പ്ലാൻ വരയ്ക്കുന്നതു മുതൽ വിദ്യുച്ഛക്തിപ്രേരിതങ്ങളായ യന്ത്രാദികളെ സ്ഥാപിക്കുന്നതുവരെ ഉള്ള സകല വേലകളും, സമഗ്രമായി ചെയ്യുന്നതിനു കഴിവുള്ള ആളുകൾ—൦രം വിദ്യാലയത്തിൽ ഉപാധ്യായന്മാരുടേയും വിദ്യാർത്ഥികളുടേയും കൂട്ടത്തിൽ ഉണ്ടു്. വേലക്കാരനെ അന്വേഷിച്ചു വിദ്യാലയ

ത്തിനു പുറത്തു പോകണ്ട ആവശ്യമേ ഇല്ല. പുത്തനായി വന്ന ചേരുന്ന ബാ ന്മാരിൽ ചിലർ കെട്ടിടങ്ങളുടെ ചുമരു കളു ചെർസൽ കൊണ്ടോ പേനാക്കത്തികൊണ്ടോ വരച്ചോ കുത്തിയോ വിരൂപമാക്കുമ്പോൾ പഴയ വിദ്യാർത്ഥികൾ; "അങ്ങനെ ചെയ്യരുതേ, ഇതു നമ്മുടെ വകയാകുന്നു, കെട്ടുന്ന സമയത്തു ഞാൻ കൂടി വേല ചെയ്തിരുന്നു." എന്നു സ്നേഹപൂർവ്വം ഉപദേശിച്ചു വന്നതു പലപ്പോഴും ഞാൻ കേട്ടിട്ടുണ്ട്.

ഫ്രം- വിദ്യാലയത്തിന്റെ ആദികാലത്തിൽ, എന്റെ ക്ഷമയേ അധികം പരീക്ഷിച്ച സംഭവം ഇഷ്ടിക ഉണ്ടാക്കുന്ന പ്രവൃത്തി ആയിരുന്നു. കൃഷി ഇടപെട്ട ജോലി ചെയ്തു കഴിഞ്ഞ ഉടനെ, ഞങ്ങളുടെ ശ്രമം തിരിഞ്ഞതു ചെങ്കല്ലുണ്ടാക്കി ചുട്ടെടുക്കുന്നതിൽ ആയിരുന്നു. ഞങ്ങളുടെ പുതിയ കെട്ടിടത്തിനു ചെങ്കല്ലു വേണ്ടിയിരുന്നു. ഒരു വേല തുടങ്ങുന്നതിനു വേറെ ഒരു കാരണം കൂടി ഉണ്ടായി. പട്ടണത്തിൽ ഒരിടത്തും ഒരു പ്രവൃത്തി നടന്നിരുന്നില്ല. അതിനാൽ ഒരു വേല ചെയ്യുന്നതിനു ഞങ്ങൾക്കു ശേഷിയുണ്ടായാൽ, തനതാവശ്യം നിർവ്വഹിക്കുന്നതിനു പുറമെ, അന്യന്മാരിൽ നിന്നു ആദായം ഉണ്ടാകുന്നതിനും അതു ഒരു വഴിയാകുമെന്നു ഞാൻ വിചാരിച്ചു. വയ്ക്കോൽ ഇല്ലാതെ ഇഷ്ടിക ഉണ്ടാക്കേണ്ട കായ്ഫത്തിൽ, ഇസ്രയേൽ രാജ്യക്കാരനുഭവിച്ച സങ്കടത്തെപ്പറ്റി വായിക്കുമ്പോൾ, അവരോടു എനിക്കു അനുകമ്പ തോന്നാറുണ്ട്. എന്നാൽ ഞങ്ങളുടെ വേല അതിലും കുറ്റപ്പെട്ടതായിരുന്നു. പണവും പരിചയവും ഇല്ലാതെയാണല്ലൊ ഞങ്ങൾ ഒരുമ്പെട്ടത്. ഒന്നാമതു തന്നെ ജോലി വൃത്തികെട്ടതും കഠിനവും ആയിരുന്നതിനാൽ വിദ്യാർത്ഥികൾക്കു അതിൽ ഉത്സാഹമില്ലായിരുന്നു. പുസ്തക പഠനത്തോടു കൈവേലയെ സംബന്ധിപ്പിക്കുന്നതു തന്നെ അവർക്കു അഹിതമായിരുന്നു. വേല ചളി ചവുട്ടുകയാണെന്നു കണ്ടപ്പോൾ, അവരുടെ അതൃപ്തി വളരെ വർദ്ധിച്ചു. മുട്ടുവരെ താണ കുഴിയിൽനിന്നു നാലഞ്ചു നാഴിക നേരം ചളി ചവുട്ടികുഴിയ്ക്കുന്നതു, അത്ര തന്നെ രസമുള്ള ജോലിയല്ല. കേവ

ലം മുഷിച്ചിൽ കൊണ്ടു ഒന്നിലധികം ആളുകൾ പള്ളിക്കൂടം വിട്ടു പോയി.

൨൦- അനേകം കഴികൾ തോണ്ടി കളിമണ്ണു പരിശോധിച്ചിട്ടായിരുന്നു, നല്ല മണ്ണുള്ള സ്ഥലം കണ്ടു പിടിച്ചതു്. ചെങ്കല്ലുണ്ടാകുന്നതിനു അത്ര പ്രയാസമില്ലെന്നാണു ഞാൻ വിചാരിച്ചിരുന്നതു്. പ്രത്യേക സാമർത്ഥ്യവും അറിവും അതിനും വേണ്ടിയിരുന്നു എന്നു ഞാൻ അനുഭവത്താൽ അറിഞ്ഞു. വളരെ അദ്ധ്വാനം ചെയ്തു ഞങ്ങൾ ൨൫൦൦ കല്ലുവരെ അടുത്തു വച്ചു, പിന്നെ അവയെ ചുട്ടെടുക്കാൻ ശ്രമിച്ചു. ആദ്യം ചൂള ശരിയായില്ല. കല്ലു വെന്തില്ല. ഉടനെ ഞങ്ങൾ വേറൊരു ചൂള കെട്ടി ഉണ്ടാക്കി. എന്തോ കാരണവശാൽ അതും ഒത്തുവന്നില്ല. രണ്ടാമത്തെ തോൽവി വിദ്യാർത്ഥികളെയെല്ലാം അധൈര്യപ്പെടുത്തി. അവർ വേല ചെയ്യാൻ മടിച്ചു. ഹാബ്ടണിൽ തൊഴിലഭ്യാസം ചെയ്തിരുന്ന ചില വാദ്ധ്യാന്മാരുടെ സ്വന്തമനസ്സാലെ ഉണ്ടായ സഹായത്താൽ മൂന്നാമത്തെ അടുപ്പും ഒരുവിധം തയ്യാറായി. തീ ആവാനും ഒരാഴ്ച വേണ്ടിയിരുന്നു. മൂന്നു നാലു ദിവസം ആയി, കായ്പും ഭംഗിയായിപ്പോയി—പത്തിരുപതിനായിരം കല്ലു കിട്ടിക്കഴിഞ്ഞു എന്നു ഞങ്ങൾ ആശപ്പെട്ടിരിക്കെ—ഒരു ദിവസം അർദ്ധരാത്രിയിൽ അടുപ്പു ഉരുണ്ടുവീണു. മൂന്നാം തവണയും ഞങ്ങൾക്കുണ്ടായതു അപജയമായിരുന്നു.

൨൧- മൂന്നാമത്തെ ചൂളയും ഇപ്രകാരം നശിച്ചുപോയപ്പോൾ, വീണ്ടും പണി തുടങ്ങുവാൻ ഞങ്ങളുടെ കൈവശം പണമില്ലായിരുന്നു. ഇഷ്ടികനിർമ്മാണം മതിയാക്കണമെന്നു മിക്ക വാദ്ധ്യാന്മാരും എന്നോടുപദേശിച്ചു. ഈ വൈഷമ്യത്തിൽ എന്റെ പക്കൽ ഉണ്ടായിരുന്ന ഒരു പഴയ ഘടികാരത്തെപ്പറ്റി ഞാൻ ഓർമ്മിച്ചു. അതെടുത്തു കൊണ്ടു വളരെ അകലെയല്ലാത്ത മൺഗൊമറി നഗരത്തിലേക്കു ഞാൻ ചെന്നു, അതിനെ ഒരു പൊൻവാണിഭക്കടയിൽ പണയം വച്ചു. കിട്ടിയ പതിനഞ്ചു ഡാളറും കൊണ്ടു ടസ്കുജിയിൽ വന്നു. ഭഗ്നോത്സാഹന്മാരായിരുന്ന സൈനികവൃന്ദരെ പണിപ്പെട്ടു ചേർത്തുകൂട്ടി, നാലാംപ്രാവശ്യവും ചെങ്കൽപ്പണി ആരം

ഭിച്ചു. ഇത്തവണ ഭാഗ്യവശാൽ, ഞങ്ങൾ വിജയികളായി. ഞങ്ങൾക്കു സന്തോഷവും ഉണ്ടായി. അവധിതീരും മുമ്പു, ഫോടികാരം വീണ്ടെടുക്കാൻ സാധിച്ചില്ല. അതിൽ പിന്നെ ഞാൻ അതിനെ കണ്ടിട്ടുമില്ല. എന്നാൽ അതു പൊയ്പോയതുകൊണ്ടു, എനിക്കു യാതൊരു മനസ്താപവും തോന്നീട്ടില്ല. ചെങ്കല്ലുണ്ടാക്കുന്ന പ്രവൃത്തി ഇപ്പോൾ വിദ്യാലയത്തിലെ തൊഴിലുകളിൽ മുഖ്യമായ ഒന്നാണ്. കഴിഞ്ഞ ആണ്ടിൽ ഞങ്ങളുടെ വിദ്യാർത്ഥികൾ പന്ത്രണ്ടു ലക്ഷം ഒന്നാന്തരം ഇഷ്ടികകൾ ഉണ്ടാക്കി. കൈവേലയാലും, യന്ത്രപ്പണിയാലും, ചെങ്കൽ ഉണ്ടാക്കി എടുക്കുന്നതിനു സാമർത്ഥ്യമുള്ള അനേകം അളുകൾ ഇപ്പോൾ എന്റെ ശിഷ്യന്മാരിൽ ഉണ്ട്,—എന്നു മാത്രമല്ല അവർ ഈ തൊഴിൽ കൊണ്ടു നാനാ ദേശങ്ങളിൽ നിന്നു ധനസമ്പാദനവും ചെയ്യുന്നുണ്ട്.

ഇനി— ദക്ഷിണ ദേശത്തിൽ ഉണ്ടായിരുന്ന വെള്ളക്കാർക്കും നീഗ്രോ-ജനങ്ങൾക്കും തമ്മിലുള്ള സംബന്ധത്തെക്കുറിച്ചു ഒരു മുഖ്യപാഠം ചെങ്കൽവേലയിൽ നിന്നും ഞാൻ ഗ്രഹിച്ചു. ഞങ്ങൾ വിറ്റു വന്ന കല്ലുകൾ നല്ല തരത്തിൽ ഉള്ളവയായിരുന്നതു കൊണ്ടു അവയെ വാങ്ങിക്കുന്നതിനു ഞങ്ങളുടെ വിദ്യാലയത്തോടു അത്ര അനുകമ്പയൊ സന്തോഷമോ ഇല്ലാതിരുന്ന അനേകം വെള്ളക്കാർ ക്രമേണ അതിനുള്ളിൽ വന്നു തുടങ്ങി. സമുദായത്തിനു ഉപകാരപ്രദമായ ഒരു പ്രവൃത്തി ഞങ്ങൾ ചെയ്യുവരുന്നു എന്നു അവർ അറിഞ്ഞു. നീഗ്രോ-ജനങ്ങളെ വിദ്യയഭ്യസിപ്പിക്കുന്നതു നിഷ്പ്രയോജനമല്ലെന്നും ദ്രവ്യസമ്പാദനത്തിനും സാമുദായികമായ ഐശ്വര്യത്തിനും ഉതകുന്നതായ പ്രവൃത്തിയാണു ഞങ്ങൾ ചെയ്യുന്നതെന്നും സമീപവാസികളായ വെള്ളക്കാർ ധരിച്ചു തുടങ്ങി. അവർ അവിടെ വന്നു ചെങ്കല്ലു വാങ്ങി വന്നതിനാൽ ഞങ്ങൾക്കു അവരോടു പരിചയവും ഇരു ജാതിക്കാർക്കും പരസ്പരം ക്രയവിക്രയങ്ങൾക്കും ധനാർജ്ജനത്തിനും സൌകര്യവും ഉണ്ടാകാനിടയായി. വെള്ളക്കാരും ഞങ്ങളും എടപാടുകളാൽ സംബന്ധിക്കപ്പെട്ടവരായിത്തുടങ്ങി. അവർക്കു ആവശ്യമുള്ള സാമാനങ്ങൾ ഞങ്ങളുടെ പക്കലും ഞങ്ങൾക്കു വേണ്ടതു

അവരുടെ പക്കലും ഉണ്ടായിരുന്നതിനാൽ ഞങ്ങൾ അന്യോന്യം സഹായം ചെയ്യുന്നതിനു ശക്തിയുള്ളവരായിത്തീർന്നു.

ഫ്രെഡ് – തെക്കൻ ദിക്കിൽ പോയി താമസിക്കുന്ന എന്റെ ഒരു ശിഷ്യൻ ഒരു വിദ്യാലയത്തിൽ വച്ചു ചെങ്കൽ വേല അഭ്യസിച്ചിട്ടുള്ളവനാണെങ്കിൽ അവൻ സമീപവാസികൾക്കു ഉപകാരം ചെയ്വാൻ ശേഷിയുള്ളവനായിത്തീരുന്നു. അവന്റെ പ്രവൃത്തിയിൽനിന്നു അവർക്കു ഗുണം സിദ്ധിക്കുകയും അവനോടു അവർ കടപ്പെട്ടവരാകയും ചെയ്യുന്നുണ്ട്. ഇപ്രകാരം ആണ് ഓരോ ജാതിക്കാർക്കു തമ്മിൽ സ്നേഹവും ഐക്യതയും ഉണ്ടായി വരുന്നത്. മനുഷ്യന്റെ നിറം കൊണ്ടല്ല യോഗ്യത കൊണ്ടാണു അവനു പ്രായേണ ജനസമ്മതമായ പദവി ഉണ്ടാകുന്നതെന്നു അനുഭവം എന്നെ മനസ്സിലാക്കി. പ്രസംഗങ്ങളോ വാദങ്ങളോ നടത്തുന്നതിനെക്കാൾ പ്രവൃത്തിയുടെ ഫലങ്ങളെ പ്രത്യക്ഷമായി കാണിച്ചുകൊടുക്കുന്നതാണു അധികം ഫലിക്കുന്നതെന്നു ഞാൻ കണ്ടു. ഒരു നിഗ്രോവിനാൽ ചെയ്യപ്പെട്ട ഒന്നാം തരത്തിലുള്ള ഒരു മന്ദിരത്തിന്റെ ദർശനത്തിൽ നിന്നുണ്ടാകുന്ന ഫലം അവൻ ചെയ്യുന്നതോ, ചെയ്വാൻ പോകുന്നതോ ആയ ഉദ്യമങ്ങളെപ്പറ്റിയുള്ള ഉപന്യാസങ്ങളുടെ ഫലത്തെക്കാൾ ഗുണമേറിയതാകുന്നു. വ്യവസായപരിശീലനത്തെക്കൂടി വിദ്യാഭ്യാസത്തോടു യോജിപ്പിക്കണമെന്നുള്ള എന്റെ മതത്തെ പിന്തുടർന്നാണു ഞാൻ വണ്ടിപ്പണി ആരംഭിച്ചത്. വിദ്യാലയം വകയായി അനേകം വണ്ടികളും വാഹനങ്ങളും ഇപ്പോൾ ഉപയോഗത്തിലുള്ളവ എല്ലാം വിദ്യാർത്ഥികൾ പണി ചെയ്തുണ്ടാക്കിയവയാണ്. വിലയ്ക്കായി ഇപ്പോൾ ധാരാളം വണ്ടികൾ ഞങ്ങൾ തീർക്കുന്നുണ്ട്. ചെങ്കല്ലുണ്ടാക്കിയതിൽ നിന്നുള്ളവായ ഫലസിദ്ധി വണ്ടിപ്പണിയിൽ നിന്നും ഉണ്ടായി. ടസ്കേജി വിദ്യാലയത്തിൽ വച്ചു ഓരോ തൊഴിലുകൾ അഭ്യസിക്കുന്നവർ ജനോപകാരികളായിത്തീരുന്നു. അവർക്കു എവിടെയും ജോലിയും, ധനവും, മാന്യതയും ലഭിച്ചു വരുന്നു. ജനസാമാന്യത്തിനു ആവശ്യമുള്ള സാധനങ്ങളെ

യോ വേലകളേയോ ചെയ്യുന്ന ഒരുത്തനു അവന്റെ ജാതി എന്തുതന്നെയായിരുന്നാലും, ക്രമേണ ആദായവും ബഹുമാനവും അന്യന്മാരിൽ നിന്നും ലഭിക്കുമെന്നുള്ളതു അവിതർക്കിതമാകുന്നു. ലത്തീൻ ഭാഷയിലുള്ള വാചകങ്ങളുടെ രചനയേയും, ഭംഗിയേയും വ്യാഖ്യാനിച്ചു പറവാൻ സാമർത്ഥ്യമുള്ളവരെ കൊണ്ടു ഒരു സ്ഥലത്തു ഉപയോഗം കുറഞ്ഞിരിക്കാമെങ്കിലും, വീടു പണിയുന്നതിനും കല്ലു കെട്ടുന്നതിനും വണ്ടിയുണ്ടാക്കുന്നതിനും വശമുള്ള ആളുകൾക്കു അവിടെ ഉപജീവനത്തിനു ധാരാളം വഴിയുണ്ടായിരിക്കും. വിദ്യാർത്ഥികൾ ഏതെങ്കിലും ഒരു തൊഴിൽ ക്രമേണ പരിശീലിക്കണമെന്നു നിർബ്ബന്ധിച്ചതോടു കൂടി അവരിൽ ചിലർക്കും മിക്ക രക്ഷാകർത്താക്കന്മാർക്കും എന്റെ നടവടികളോടു അപ്രിയം തോന്നിയിരുന്നു. ഇതിനെ ശ്രമത്താലും പ്രസംഗങ്ങളാലും ഒരു വിധം നിരാകരിച്ചതല്ലാതെ വിദ്യാഭ്യസന രീതിയെ ഞാൻ ഭേദപ്പെടുത്തിയില്ല. ഒന്നരക്കൊല്ലത്തിനകം കുട്ടികളുടെ സംഖ്യ ഫ്രാ൦-നെ അതിക്രമിച്ചിരിക്കുന്നു.

ഫ്രാ൦- ഫ്രവ്വരി-ൽ ദ്രവ്യശേഖരം ചെയ്യുന്നതിനായി ഞാനും മിസ്സ് ഡേവിഡ്സനും ഉത്തര ദേശത്തിൽ സഞ്ചരിച്ചു. വഴിയിൽ ഞാൻ ന്യൂയാർക്ക് പട്ടണത്തിൽ ഒരു ദിവസം താമസിച്ചു. പരിചിതനും ഒരു മതപ്രചാര സംഘത്തിലെ ഒരു ഭാരവാഹിയും ആയിരുന്ന ഒരാളോടു ചില ശുപാർശക്കത്തുകളെ വാങ്ങാമെന്നു വിചാരിച്ചാണു ഞാൻ അപ്രകാരം ചെയ്തത്. അയാൾ എഴുത്തുകൾ തന്നില്ലെന്നു മാത്രമല്ലാ വഴിച്ചെലവിനു വേണ്ട പണം പോലും പിരിഞ്ഞു കിട്ടുകയില്ല, ശ്രമം വെറുതെയാണു, തിരികെ പോകുന്നതാണു ഉചിതം, എന്നു പറഞ്ഞു എന്നെ അധൈര്യപ്പെടുത്തുകയും ചെയ്തു. ഈദൃശോപദേശം പറഞ്ഞതിനു നന്ദി പറഞ്ഞുംവച്ചു ഞാൻ യാത്ര തുടർന്നു. ആദ്യമായി ഞാൻ ചെന്നതു (മാസ്സ്) നാത്താമ്പ്ടണിൽ ആയിരുന്നു. താമസത്തിനു കൊള്ളാവുന്ന ഒരു നീഗ്രോ-ഭവനത്തെ തേടി നടന്ന പ്രാതി ദിവസം കളഞ്ഞു. ആ ദിക്കിലെ ഭോജനശാലകളിൽ നീഗ്രോ-ജനങ്ങൾക്കു പ്രവേശിപ്പാൻ വിരോധമില്ലെന്നറിയായ്കയാലാണു

ഞാൻ ഇപ്രകാരം വലയേണ്ടിവന്നത്. അവിടങ്ങളിൽ കറുത്ത മനുഷ്യരോടു ജനങ്ങൾക്കു ഏതാണ്ടു അനുകമ്പയുണ്ടായിരുന്നു. ഏതാനും ധനം ലഭിച്ചതിനേയും കൊണ്ടു ഞാൻ തിരികെ വന്നു പോട്ടർ ഹാളിന്റെ പണി പൂർത്തിയാക്കാൻ ശ്രമിച്ചു. പോട്ടർ മന്ദിരം തുറന്ന അവസരത്തിൽ പ്രാരംഭപ്രസംഗം ചെയ്യുന്നതിനു യോഗ്യനായ ഒരാളെ അന്വേഷിച്ച സന്ദർഭത്തിലാണു എനിക്കു ഒരു മഹാന്റെ പരിചയം സിദ്ധിക്കാൻ ഭാഗ്യം ഉണ്ടായത്. അദ്ദേഹം ദിവ്യശ്രീ. റാബർട്ട് സി. ബെഡ്ഫോഡ്" എന്നു പേരായ ഒരു വെള്ളക്കാരൻ പാതിരിയായിരുന്നു. ആലാ-മൺഗാമിരി എന്നു സ്ഥലത്തുള്ള സമൂഹം വക പള്ളിയിലേ ധർമ്മോപദേഷ്ടാവായിരുന്ന ആ മഹാശയൻ. ആശീർവ്വാദപ്രസംഗം ചെയ്യുന്നതിനു ആളന്വേഷിച്ച ആ പള്ളിസ്ഥലത്തിനടുത്തു ചെന്നപ്പോഴേ ഇങ്ങനെ ഒരു മഹാനുഭാവൻ ഉണ്ടെന്നു ഞാൻ അറിഞ്ഞുള്ളൂ. അദ്ദേഹത്തിനു ഞാനും അപരിചിതനായിരുന്നു; എങ്കിലും എന്റെ അപേക്ഷയെ അദ്ദേഹം മടിക്കൂടാതെ തൽക്ഷണം സ്വീകരിച്ചു. പ്രസ്തുത ദിവസത്തിൽ ആ പുണ്യാത്മാവു നടത്തിയ ആശീർവ്വാദപ്രസംഗം കേട്ടു പോട്ടർ മന്ദിരം സന്ദർശിച്ചും നീഗ്രോ-ജനങ്ങൾ ആനന്ദിച്ചു. ആ സുദിനം അവർ എന്നന്നേയ്ക്കും നന്ദിയോടു കൂടി ഓർമ്മിക്കത്തക്കതായിത്തീർന്നു.

ഫ്രെ- മിസ്റ്റർ ബെഡ്ഫോഡ് ധര വിദ്യാലയത്തിന്റെ രക്ഷാധികാരിത്വത്തെ സസന്തോഷം കൈയ്യേറവരിൽ ഒരാളായിരുന്നു. അദ്ദേഹം രാപ്പകൽ ഞങ്ങളുടെ മേൽഗതിക്കായി പ്രയത്നം ചെയ്തു കൃതാർത്ഥത സമ്പാദിച്ച ശ്രേഷ്ഠപുരുഷന്മാരിൽ ഒരാളാണ്. സകല ജോലികളും വിശേഷിച്ചു മറ്റുള്ളവർ രസഹീനമെന്നോ പ്രയാസമെന്നോ വിചാരിക്കുന്ന ജോലികളും ക്രൂടിയും—അദ്ദേഹം ഒരു മഹർഷിയെപ്പോലെ ഗൗരവം കൂടാതെ ചെയ്യാൻ തയ്യാറായിരുന്നു. ആ മഹാനെപ്പോലെ ക്രിസ്തുവിന്റെ ആശയം അറിഞ്ഞു തദനുസരണമായി ജീവിതത്തെ സമർപ്പിച്ച യശസ്വിയായ മറ്റൊരാളെ ഞാൻ കണ്ടിട്ടില്ല.

൧൯൰ സല്പദിവസം കഴിഞ്ഞു ഹാമ്പ്ടണിലെ ഒരു ബീ. എ. ആയ മിസ്റ്റർ വാറൺ ലോഗൻ ടസ്കേജി വിദ്യാലയത്തിൽ ഒരു വാദ്ധ്യാരായി വന്നുചേർന്നു. ഇദ്ദേഹം ഖജാൻജി സ്ഥാനം ഇപ്പോഴും വഹിച്ചുവരുന്നു. ഇദ്ദേഹത്തിന്റെ അസ്വാർത്ഥപരത, കൃത്യനിഷ്ഠ, ആലോചനാശക്തി, ഇവയിൽ നിന്നും ഓരോ വിദ്യാലയത്തിലേക്കുള്ളവായിട്ടുള്ള ധാരാളമായ സഹായം അപരിമിതമായിട്ടുള്ളതാണ്.

൧൯൨- കെട്ടിടത്തിന്റെ ഏതാനും ഭാഗങ്ങളും തീർന്നയുടനെ വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി ഞങ്ങൾ ഒരു ഭോജനശാല സ്ഥാപിച്ചു. ഇതു സമയോചിതമായ പ്രവൃത്തിതന്നെ ആയിരുന്നു. സാമാനങ്ങളും വേണ്ട ധനവും ഇല്ലാതെ ഭോജനശാല നടത്താൻ പ്രയാസമാണല്ലൊ. പട്ടണത്തിലെ കച്ചവടക്കാർ കടമായി സാമാനം തരുവാൻ തയ്യാറായിരുന്നു. മിക്കവർക്കും എന്നിൽ വളരെ വിശ്വാസം തോന്നിയിരുന്നു. എനിക്കു കടം വീട്ടുന്നതിനു ശക്തിയുണ്ടാകുന്ന കാര്യത്തിൽ അതുപോലെ വിശ്വാസക്കുറവും ഉണ്ടായിരുന്നു. അടുപ്പുകൂടം ഇല്ലാതെ പദാർത്ഥങ്ങളെ പാകപ്പെടുത്തുകയും, പാത്രമില്ലാതെ ഭക്ഷണം കഴിക്കുകയും ചെയ്യാൻ പ്രയാസമാണല്ലൊ. ആദ്യം പഴയ മട്ടിൽ വെളിയിൽ കല്ലുകൂട്ടി, അതിന്മേൽ പാത്രം വച്ചു, തീയെരിച്ചാണു പാകം നടത്തിയത്. പണിക്കാലത്തു ആശാരിമാരുടേയും കൊത്തന്മാരുടേയും, സൌകര്യത്തിനായി ഉണ്ടാക്കിയിരുന്ന "കുതിര" എന്നു പേർ പറയപ്പെടുന്ന പൊക്കമുള്ള പീഠങ്ങളെയാണു, ഞങ്ങൾ മേശകളായി ഉപയോഗിച്ചുവന്നത്. പാത്രങ്ങളുടെ കഥ ഇവിടെ പറയണമെന്നില്ല. അവ അത്ര മോശപ്പെട്ടവയായിരുന്നു. കുഞ്ഞു സമയങ്ങളിൽ വച്ചു വിളമ്പിക്കൊടുക്കയാണു തങ്ങളുടെ ജോലി എന്നു മടുപ്പുള്ളിക്കാരെ മനസ്സിലാക്കുവാൻ കുറേനാൾ വേണ്ടിവന്നു. ഒന്നു രണ്ടാഴ്ചക്കാലം ഉണ്ടായിരുന്ന കുഴപ്പം പറഞ്ഞറിയിക്കാൻ പ്രയാസം. വെന്തില്ല, വേവു കൂടിപ്പോയി, ഉപ്പധികം, ഉപ്പില്ല, മുളകില്ല, കരിഞ്ഞുപോയി, അതു

പോരാ, ഇതു ക്രൂടിപ്പോയി,—ഇങ്ങനെയുള്ള പരാതിയേ കേൾപ്പാനുണ്ടായിരുന്നുള്ളൂ.

ഫ്രൻ- മടപ്പള്ളിയുടെ സമീപം ഒരു ദിവസം രാവിലെ ഞാൻ ആവലാതി കേട്ടു നിന്നിരുന്നു. കാലത്തെ ഭക്ഷണം അന്നു തീരെ വഷളായിപ്പോയിരുന്നു. എല്ലാവക്കും വല്ലതുമെങ്കിലും കിട്ടിയിരുന്നുമില്ല. ഒന്നും കിട്ടാതെ കഴഞ്ഞ ഒരു പെൺകൂട്ടി, സപ്പലം വെള്ളം കോരി കുടിക്കാനായി കിണറിനടുക്കൽ പോയി. അവിടെ പാളയും കയറും ഇല്ലായിരുന്നു. ഞാൻ അടുക്കൽ ഉണ്ടായിരുന്ന കഥ ഓർക്കാതെ, ഭഗ്നാശയായ അവൾ, കുണ്ഠിതത്തോടെ, "കഷ്ടം, ഇവിടെ കുടിക്കാൻ പച്ചവെള്ളം പോലും കിട്ടുകയില്ല" എന്നു പറഞ്ഞു. അതു കേട്ടു, എനിക്കു വളരെ സങ്കടം തോന്നി. വിദ്യാലയത്തിലെ ഒരു കാര്യസ്ഥനും, അതിന്റെ ഗുണകാംക്ഷിയും ആയിരുന്ന മിസ്റ്റർ ബെഡ്ഫോഡ് ഒരിക്കൽ ഒരു രാത്രിയിൽ അവിടെ താമസിച്ചു. അദ്ദേഹം കിടന്നതു ഭോജനശാലയുടെ മേൽ തട്ടിൽ ആയിരുന്നു. രാവിലെ അദ്ദേഹം ഉണർന്നതു, രണ്ടുപേർ തമ്മിൽ കീഴത്തെ മുറിയിൽ നടത്തിയ സംഭാഷണം കേട്ടായിരുന്നു. കാപ്പിക്കിണ്ണം അന്നു പയോഗിക്കേണ്ട മുറ ആരുടേതാണെന്നായിരുന്നു തർക്കം. മൂന്നു ദിവസമായി തനിക്കു കിണ്ണം കിട്ടിയില്ല, എന്നു പറഞ്ഞു അവകാശം ബലപ്പെടുത്തിയവനാണു ജയം ലഭിച്ചതു്. എന്നാൽ ക്രമേണ, ക്ഷമയും, അദ്ധ്യവസായവും കൊണ്ടു, ഞങ്ങൾ കുഴപ്പങ്ങളെല്ലാം നീക്കി, കാര്യങ്ങൾ ശരിപ്പെടുത്തി. യത്നദാർഢ്യം ബുദ്ധിയുക്തമായ ആലോചന, ക്ഷമ, ഇവ കൊണ്ടു കടക്കാൻ പാടില്ലാത്ത സമുദ്രം ഏതാണു?

ഫ്രാ- ധനത്തിന്റെ ദാരിദ്ര്യം കൊണ്ടും വിദ്യാർത്ഥികളുടെ സാമർത്ഥ്യക്കുറവു കൊണ്ടും മറ്റും അനേക വിഷമതകളും സങ്കടങ്ങളും ഓരോ കാലത്തു പ്രവർത്തകന്മാർ അനുഭവിച്ചുവെങ്കിലും, ഓരോ ആരംഭകാലത്തെ ക്ലേശങ്ങളെല്ലാം സപ്പലകാലത്തിനുള്ളിൽ നീങ്ങുകയും ഉത്സാഹജനകങ്ങളായ പലവിധം സ്ഥാപനങ്ങൾ വിദ്യാലയത്തിൽ ഉണ്ടാകയും ചെയ്തു. ആദ്യം അനുഭവിച്ച കഷ്ടതകളെക്കുറിച്ചു ചിന്തിക്കുമ്പോൾ,

അവ അക്കാലത്തു ഞങ്ങൾക്കു നേരിട്ടതു നന്നായി എന്നു വിചാരിച്ചു ഞാൻ സന്തോഷിക്കുന്നു. ഒഴിഞ്ഞുമാറ്റങ്ങളേയും അസൌകര്യങ്ങളേയും ഞങ്ങൾ സഹിച്ചിട്ടുള്ളതു ഞങ്ങൾക്കു ഇന്നു കരമായിട്ടാണു തീർന്നതു്. ഞങ്ങൾ സങ്കടപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ഞങ്ങൾക്കു ശ്രദ്ധയും സൽഭാവവും ഉണ്ടാകയും ഞങ്ങളുടെ വർദ്ധന ശരിയായ നിലയിൽ ഉറയ്ക്കാതിരിക്കയും ചെയ്യുമായിരുന്നു. സ്വന്ത പരിശ്രമം കൊണ്ടുണ്ടാകുന്ന അഭിവൃദ്ധി വിലയേറിയതാണല്ലോ.

ഫ്രഡ്- പഴയ വിദ്യാർത്ഥികൾ ഇപ്പോൾ ടസ്കേജി സന്ദർശിക്കാനായി വരുന്ന അവസരങ്ങളിൽ (അവർ ക്രൂടക്കൂടെ വരാറുണ്ടു്.) അവർ വിശാലങ്ങളും, മനോഹരങ്ങളും, വായുസഞ്ചാരവും വെളിച്ചവുമുള്ളവയും, ആയ മന്ദിരങ്ങളിൽ പ്രവേശിക്കയും, അധ്വേതാക്കൾ കൃഷി ചെയ്തുണ്ടാക്കിയ പദാർത്ഥങ്ങളെ രുചിയോടുകൂടി ഭക്ഷിക്കയും, മേശകളിലും മതിലുകളിലും ഉള്ള അലങ്കാരങ്ങളെ കണ്ടു സന്തോഷിക്കയും പക്ഷികളുടെ മധുരമായ ഗാനം കേട്ടു ആനന്ദിക്കയും യാതൊരു കുഴപ്പവും ക്രൂടാതെ നിശ്ചിത സമയങ്ങളിൽഓരോ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നതു കാണുകയും ചെയ്യുന്ന അവസരങ്ങളിൽ നാം ആദ്യം കഷ്ടപ്പെട്ടകയും, പിന്നീടു പല കൊല്ലങ്ങളിലെ യത്നത്താൽ ക്രമേണ അഭിവൃദ്ധിയെ പ്രാപിക്കയും ചെയ്തതു നമുക്കു ഭാഗ്യവശാൽ ഉണ്ടായ അഭ്യാസത്താൽ തന്നെ എന്നു അവർ പലപ്പോഴും പറഞ്ഞതു ഞാൻ കേട്ടിട്ടുണ്ടു്.

അധ്യായം ൧൫.

ഉത്സാഹ ദാർഢ്യം.

ഫ്രഡ്- ഹാമ്പ്ടൺ വിദ്യാലയത്തിലെ ഖജാൻജിയായിരുന്ന മാഷ്ൽ ധ്വരയും, പ്രധാനാധ്യാപികയായിരുന്ന മക്കീ

മദാമ്മയും മുഖ്യ പ്രവർത്തകനായ ജനറൽ ആറംസ്ട്രാങ്ങും വിദ്യാലയത്തെ സന്ദർശിക്കുന്നതിനും ആവശ്യപ്പെട്ട ഉപദേശങ്ങൾ ചെയ്യുന്നതിനും ആയി പല തവണ ടസ്കേജിയിൽ പോയിട്ടുണ്ടായിരുന്നു. ഇവർ ചെന്നതു, പള്ളിക്കൂടത്തിൽ ഉപാധ്യായന്മാരും വിദ്യാർത്ഥികളും, ശരിയായ വിധത്തിൽ ഉണ്ടായിരുന്നപ്പോഴാ ആയിരുന്നു. സ്വല്പകാലം കൊണ്ടുണ്ടായ ഒരു പരിഷ്കാരങ്ങൾ കണ്ടു അവർ ബുക്കറേയും മറ്റു വാദ്ധ്യാന്മാരേയും അനുമോദിക്കയും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കയും ചെയ്തു. ജനറൽ ബുക്കറുടെ അതിഥിയായി താമസിച്ചിരുന്ന മറൊരവസരത്തിൽ അദ്ദേഹത്തിന്റെ ഉത്തമഭാഷ്യാനത്തിൽ നിന്നു തനിക്കു മനസ്സിലായ ദിവ്യ ഗുണങ്ങളെപ്പറ്റി അയാൾ ഇപ്രകാരം എഴുതിയിരിക്കുന്നു:—

ഫ്വനു- "ജെനറൽ ആറംസ്ട്രാങ് ടസ്കേജിയിൽ വന്നു താമസിച്ച ആദ്യ കാലത്തിൽ അദ്ദേഹത്തിന്റെ സ്വഭാവവിശേഷത്തെ പൂർവ്വാധികം മനസ്സിലാക്കുവാൻ എനിക്കു സൌകര്യം ലഭിച്ചു. തെക്കേ ദിക്കിലുള്ള വെള്ളക്കാരുടെ അഭിവൃദ്ധിയെക്കുറിച്ചു അദ്ദേഹത്തിനുണ്ടായിരുന്ന താല്പര്യത്തെപ്പറ്റിയാണു ഞാൻ പറയുന്നതു്. ജനറൽ അവരോടു യുദ്ധം ചെയ്തിട്ടുള്ള ആളായിരുന്നതിനാൽ, അദ്ദേഹത്തിനു അവരോടു വൈമനസ്യം ഉണ്ടായിരിക്കുമെന്നും, നീഗ്രോ-ജനങ്ങളെ സഹായിക്കുന്ന വിഷയത്തിൽ മാത്രമേ അദ്ദേഹത്തിനു താല്പര്യം ഉണ്ടായിരിക്കൂ എന്നും ഞാൻ വിചാരിച്ചിരുന്നു. എന്നാൽ ഇവിടെ താമസിച്ച കാലത്താണു, അദ്ദേഹത്തിന്റെ ഹൃദയ വിശാലതയേയും, മാഹാത്മ്യത്തേയും, ഉദാരശീലത്തേയും ഞാൻ പൂർണ്ണമായി ഗ്രഹിച്ചതു്. അദ്ദേഹം തെക്കേ ദിക്കിലുള്ള ചില വെള്ളക്കാരെ ചെന്നു കണ്ടു സംസാരിച്ചപ്പോളാണു അദ്ദേഹത്തിനു കറുത്ത മനുഷ്യരുടേയും വെള്ളക്കാരുടേയും, അഭിവൃദ്ധിയിൽ തുല്യമായ തല്പരതയുണ്ടായിരുന്നു എന്നു ഞാൻ മനസ്സിലാക്കിയതു്. തെക്കൻ ദിക്കുകാരോടു അദ്ദേഹത്തിനു യാതൊരു ദ്വേഷവും ഉണ്ടായിരുന്നില്ല. അവരോടുള്ള അനുകമ്പയെ പ്രദർശിപ്പി

ക്കാൻ അദ്ദേഹം സസന്തോഷം അവസരം പാത്തു വന്നിരുന്നു. രഹസ്യമായോ പരസ്യമായോ അവരെക്കുറിച്ചു ഒരു പരുഷ വാക്കു പോലും പറഞ്ഞു കേട്ടിട്ടില്ല. അദ്ദേഹത്തിന്റെ ഗുരു പ്രവൃത്തിയിൽ നിന്നു ഞാൻ ഒരു വിലയേറിയ പാഠം പഠിച്ചു. അതായതു മഹാന്മാർ സ്നേഹത്തെ പരിപാലിക്കുന്നുവെന്നും അല്പന്മാർ മാത്രമേ വൈരാഗ്യത്തെ വർദ്ധിപ്പിക്കുന്നുള്ളുവെന്നും തന്നെ. സാധുവിനെ സഹായിക്കുന്നവൻ ശക്തനാണെന്നും ഭാഗ്യഹീനനെ ദ്രോഹിക്കുന്നവൻ അശക്തനാണെന്നും ക്രൂടി ഞാൻ മനസ്സിലാക്കി.

ക്വർ- "ഇദ്ദേഹത്തിൽ നിന്നും ഒരു പാഠം പഠിച്ചിട്ടു ഇപ്പോൾ വളരെക്കാലം അയിട്ടുണ്ട്". ഞാൻ ഒരുത്തനോടു സ്വതന്ത്രമായിത്തീർന്നു, ആ സ്വതന്ത്രം മൂലം എന്റെ ആത്മാവിനെ നീചപ്പെടുത്തുകയോ അതിന്റെ ശക്തിയെ കുറയ്ക്കുകയോ ചെയ്തയില്ലെന്നു അക്കാലത്തു ഞാൻ ദൃഢപ്രതിജ്ഞ ചെയ്തിരുന്നു. വെള്ളക്കാരോടാകട്ടെ മറവുള്ളവരോടാകട്ടെ സ്വതന്ത്രയോ ദ്വേഷമോ നിന്ദയോ തോന്നാതിരിക്കുന്നതിനു സർവ്വാ ഒരുശ്വരസഹായത്തെ അവലംബിച്ചും, എല്ലാ ജാതിക്കാരോടും ഭ്രാതൃസ്നേഹത്തോടു ക്രൂടി ജീവിതകാലം നയിക്കുന്നതിനു സദാ ജാഗ്രൂകനായിട്ടും ആണു ഞാൻ ഇരിക്കുന്നതു. ഏതു ജാതിക്കാക്കായും വല്ല സഹായവും ചെയ്യുന്നതിനു എനിക്കു ശക്തിയുണ്ടായാൽ, അതു എന്നെ സന്തോഷപ്പെടുത്തുന്നു. ജാതിമാത്സര്യത്തെ മനഃപൂർവ്വമായി വർദ്ധിപ്പിക്കുന്ന ജനങ്ങളുടെ കുത്സിതങ്ങളായ ഉദ്യമങ്ങളിൽ എനിക്കൊട്ടും തന്നെ അഭിമാനമോ അനുകമ്പയോ ഇല്ല. ജാതിസ്വതന്ത്രയെ മുൻ നിറുത്തി സകല കാര്യങ്ങളും നടത്തുന്ന ഭാഗ്യഹീനന്മാരായ മനുഷ്യരുടെ സ്ഥിതി അത്യന്തം ദയനീയമാകുന്നു.

ക്വർ- "ഒരു വിഷയത്തെക്കുറിച്ചു ആലോചിക്കും തോറും, തെക്കൻ ദിക്കിലെ ചില ധനികരായ മാർ, നീഗ്രോ-ജാതിക്കാക്കു ന്യായമായി ലഭിക്കേണ്ട രാജ്യഭരണസംബന്ധമായ അവകാശത്തെ ദുർബ്ബലപ്പെടുത്തുന്നതിനായി പ്രയോഗിക്കുന്ന തന്ത്രം

ഏറ്റവും ദോഷകരമാണെന്നോ ഞാൻ വിചാരിക്കുന്നുള്ളൂ. ഒരു ദോഷം നീഗ്രോ-ജനങ്ങളെ മാത്രമല്ല ബാധിക്കുന്നത്. ദോഷത്തിന്റെ മുഖ്യഭാഗം വെള്ളക്കാരൻ തന്നെയാണു അനുഭവിക്കുന്നത്. നീഗ്രോ-വിദ്വേഷം സങ്കടം താല്ക്കാലികമാകുന്നു. എന്നാൽ വെള്ളക്കാരന്റെ ആചാരത്തിനു സംഭവിക്കുന്ന ന്യൂനത നിത്യമായിട്ടുള്ളതാണ്. ഒരു നീഗ്രോവിന്റെ അവകാശത്തെ അസാധുവാക്കുന്നതിനായി, അസത്യം പറകയൊ, പ്രവർത്തിക്കയൊ ചെയ്യുമെന്നു വെയ്ക്കുന്ന വെള്ളക്കാരൻ, മറു കൃത്യങ്ങളിലും ന്യായം പ്രവർത്തിക്കാൻ അഭ്യസിക്കുന്നു എന്നു ഞാൻ അറിയുന്നു. ഒരു കറുത്ത മനുഷ്യനെ ആത്മാവ് വഞ്ചിക്കുന്ന വെള്ളക്കാരൻ കടശിയിൽ തന്റെ ജനക്കാരനെത്തന്നെ വഞ്ചിക്കുന്നു. നിയമലംഘനം ചെയ്യുന്ന കൈയ്യൂക്കിനെ പ്രമാണമാക്കി ഒരു നീഗ്രോവിനെ ദ്രോഹിക്കയൊ ലിഞ്ചു * ചെയ്കയൊ ചെയ്യുന്ന വെള്ളക്കാരൻ, പിന്നൊരവസരത്തിൽ വെള്ളക്കാരനെത്തന്നെയും ദ്രോഹിക്കാൻ മടിക്കുകയില്ല. വിവരമില്ലായ്മയാൽ വന്നുകൂടുന്ന ഒരു മാതിരി ക്രൂരകൃത്യങ്ങളെ തെക്കൻ ദിക്കിൽ നിന്നു ബഹിഷ്കരണം ചെയ്യുന്നതിനു സകല ജനങ്ങളും ഉത്സാഹിക്കേണ്ടതാണ്. പ്രതിവർഷം വിദ്യാഭ്യാസരീതിയിൽ പൂർവ്വാധികമായി പ്രവേശിച്ചു കാണുന്ന ഒരു സമ്പ്രദായം ജനറൽ അറംസ്ട്രോങ്ങിന്റെ അഭിപ്രായത്തിന്റെ ഫലമാകുന്നു. ഇതിനെ വെള്ളക്കാരും നീഗ്രോ-ജനങ്ങളും ഒരേ വിധം പരിപാലിച്ചു വരുന്നുണ്ട്. ഒരു ദേശവിഭാഗത്തിലുള്ള മിക്ക വിദ്യാലയങ്ങ

---

* നിയമലംഘനം ചെയ്യു, തെക്കൻദേശത്തിലുള്ള ചില ജനക്കൂട്ടങ്ങളും, നീഗ്രോ-ജനങ്ങളെ "ലിഞ്ചു" ചെയ്യാറുണ്ടായിരുന്നു. നീതിന്യായക്കോടതികളുടെ അധികാരത്തെ ജനങ്ങളും തന്നെ ബലാല്ക്കാരമായി പ്രയോഗിച്ചു, കുറ്റക്കാരനെ തൂക്കിക്കൊല്ലുന്ന വിധിച്ചു വന്നാ ഒരേപ്പാടായിരുന്നു "ലിഞ്ചിങ്ങ്" എന്നു പറയപ്പെട്ടത്. ൧൮൮൫ മുതൽ ൧൮൯൫ വരെ ആറു വർഷക്കാലത്തിൽ, ഐക്യരാജ്യത്തിൽ ഏർപ്പെട്ടും കൊലപാതകവും, ഇതിനു തുല്യം, ൽതെ "ലിഞ്ചിങ്ങും" നടന്നിട്ടുണ്ട്.

ളിലും തൊഴിൽ അഭ്യസിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ഉണ്ടായിക്കാണുന്നു. ഇതു ജനറൽ ആംസ്ട്രാങ്ങിന്റെ പ്രവൃത്തിയുടെ അനുകരണമാകുന്നു.

ഫ്രഡ്വ-ടസ്കജിയിൽമേല്പാത്തഭോജനഗൃഹം ഉണ്ടായതിൽ പിന്നെ അനേകം കുട്ടികൾ ചേർന്നുതുടങ്ങി. അവർക്കും ക്രമേണ ഭക്ഷണത്തിനും ശയനത്തിനും ഇടം കൊടുക്കുന്ന സംഗതി ബുക്കറെ വിഷമിപ്പിച്ചു. അയാൾ അടുക്കൽ ഉണ്ടായിരുന്ന ചില കുടിലുകൾ വാടകയ്ക്കു വാങ്ങി. അവ ജീർണ്ണപ്പെട്ടവയായിരുന്നതിനാൽ താമസക്കാർ വർഷകാലത്തിൽ വളരെ കഷ്ടപ്പാടനുഭവിച്ചു. എട്ടു ഡാളർ ആയിരുന്നു വരിപ്പണം. ഭക്ഷണത്തിനും, താമസത്തിനും, അലക്കിനും എല്ലാം ഇതിൽ നിന്നായിരുന്നു ചെലവു ചെയ്തു വന്നത്. പള്ളിക്രമത്തിൽ കുട്ടികൾ ചെയ്ത വേലയ്ക്കുള്ള ക്രമം ഒരു സംഖ്യയിൽ നിന്നു കഴിച്ചുവന്നിരുന്നു. ഒരു വർഷത്തെ പഠിത്തത്തിനു വെയ്ക്കപ്പെട്ടിരുന്ന ഫീസു പേരൊന്നിനു അമ്പതു ഡാളർ ആയിരുന്നു.

ഫ്രഡ്വ- ഭോജനശാല ശരിയായ രീതിയിൽ നടത്തുന്നതിനു കുട്ടികളിൽ നിന്നു പിരിഞ്ഞു വന്ന സംഖ്യ മതിയായിരുന്നില്ല. രണ്ടാം വർഷത്തിലെ തണുപ്പുകാലം വളരെ കഠിനമായിരുന്നു. എല്ലാവർക്കും വേണ്ട പുതപ്പുകൾ വാങ്ങി ശേഖരിക്കാൻ കഴിഞ്ഞില്ല. കട്ടിലും മെത്തയും ഇല്ലായിരുന്നെന്നു തന്നെ പറയാം. വളരെ തണുപ്പുണ്ടായിരുന്ന രാത്രികളിൽ കുട്ടികളുടെ കഷ്ടതയെ ഓർത്തു ബുക്കർ നേരേ ഉറങ്ങുക തന്നെ ചെയ്തിട്ടില്ല. പല ദിവസം അർദ്ധരാത്രിയിൽ സഹതാപത്തോടുകൂടിയ സാന്ത്വനവാക്കുകളെക്കൊണ്ടു കുട്ടികളെ ആശ്വസിപ്പിച്ചു വന്നിരുന്നു. ഒരു സഞ്ചാരത്തിൽ, നെരിപ്പോടിന്റെ ചൂടുമായി ഇരുന്ന ഒറ്റ കരിമ്പടത്തെ എല്ലാവരും ക്രമേണ പുതച്ചു ഓരോ ക്രമക്കാർ ഇരിക്കുന്നതു പലപ്പോഴും അയാൾ കണ്ടുവന്നിരുന്നു. ചില കുട്ടികൾ രാത്രി മുഴുവൻ അടുപ്പിന്റെ ചൂടും കൊണ്ടിരുന്നു കഴിച്ചുവന്നു. എന്നാൽ അവരിൽ ഒരുത്തനും ആവലാതി പറഞ്ഞില്ല. ബുക്കറും മറ്റും കഴിവുപോലെ തങ്ങൾക്കു വേണ്ടി പ്രയ

ത്തിച്ചു വരുന്നുണ്ടെന്നു അവക്കറിയാമായിരുന്നു. എത്ര കണ്ടു കഷ്ടപ്പെട്ടും തങ്ങളുടെ സ്ഥിതിയെ നന്നാക്കുന്നതിനു അവസരം ലഭിച്ചല്ലൊ എന്നുള്ള വിചാരമാണു അവരെ സമാധാനപ്പെടുത്തിയതു്. വാഷ്യാന്മാരുടെ ഭാരം ലഘുവാക്കുന്നതിനു എന്തു ചെയ്യാനും അവർ ഒരുക്കമുള്ളവരായിരുന്നു.

ഫ്രഡ്- നീഗ്രോ-ജനങ്ങളുടെ അനുസരണത്തെപ്പറ്റി ബുക്കർ ഇപ്രകാരം പറഞ്ഞിട്ടുണ്ടു്:—"ഒരു നീഗ്രോ-മനുഷ്യനു അന്യ നീഗ്രോ-ജനങ്ങളുടെ മേൽ അധികാരം നടത്തുന്നുള്ള ഉദ്യോഗം സിദ്ധിച്ചാൽ അവനു അതു ശരിയായി നടത്താനോ, മറുള്ളവർക്കു അവനെ വേണ്ടും വിധം അനുസരിച്ചു നടപ്പാനോ, കഴികയില്ലെന്നു ഉത്തര ദേശത്തിലും, ദക്ഷിണദേശത്തിലും വച്ചു പലരും പലതവണ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു്. ഒരു വിശ്വാസത്തേയും അഭിപ്രായത്തേയും പറയിക്കു ഇത്രമാത്രമേ പറവാനുള്ളു. ടസ്കേജി വിദ്യാലയത്തിൽ ഞാൻ വന്നുചേർന്നിട്ടിരുപത്തിരണ്ടു കൊല്ലത്തിലധികം ആയിട്ടുണ്ടു്. ഒരു കാലത്തിനിടയിൽ, വാക്കാലാകട്ടെ, പ്രവൃത്തിയാലാകട്ടെ, വിദ്യാർത്ഥിയോ വാഷ്യാരോ മറു ജോലിക്കാരനോ എന്നോടു അനാദരലേശം ഭാവിച്ചിട്ടില്ല. നേരേ മറിച്ചു അവരുടെ ഹൃദയപൂർവ്വമായ ബഹുമാനവും, സ്നേഹവും, കരുണാപുരസ്സരമായ അന്വേഷണവും എന്നെ പലപ്പോഴും മുഴുമിട്ടിക്കുന്നുണ്ടു്. വലിയ പുസ്തകമോ സഞ്ചിയോ മറു സാമാനമോ ഞാൻ കയ്യിലെടുത്തു നടക്കുന്നതു കുട്ടികൾക്കാർക്കും കാണ്മാൻ പാടില്ല.— ഉടനെ ഒന്നിലധികം പേർ വന്നു അതിനെ വാങ്ങിക്കൊണ്ടു വരുന്നതിനു തുനിയുന്നു. മഴയോ വെയിലോ ഉള്ള സമയം ഞാൻ ഒരിടത്തു നിന്നു മറൊരിടത്തേയ്ക്കു നടന്നു പോകുന്നതു കണ്ടാൽ ഉടനെ കുടയുമായി ആരെങ്കിലും സവിനയം അടുക്കൽ വന്നു ചേരുന്നുണ്ടു്.

ഫ്രഡ്- ഇവിടെ ഒരു സംഗതി കൂടെ സന്തോഷപൂർവ്വം പറയാനുണ്ടു്. ദക്ഷിണ ദേശത്തിലെ വെള്ളക്കാരോടു ഞാൻ അധികം സംസർഗ്ഗം ചെയ്തിട്ടുണ്ടല്ലൊ. അവരിൽ ഒരുത്തന്റെ മുഖത്തുനിന്നും ഒരു പരുഷവാക്കോ നിന്ദാസൂചക

മായ ശബ്ദമോ ഞാൻ കേട്ടിട്ടില്ല. ഒരുത്തനും എന്നെ അവമാനിച്ചിട്ടില്ല. ടസ്കേജിയിലും സമീപദേശത്തിലും താമസിക്കുന്നവരും എന്റെ പരിചയക്കാരും ആയ വെള്ളക്കാർ എന്നെ അവരിലൊരാളെ പ്പോലെ തന്നെ ആദരിച്ചു വരുന്നു. ഒരിയിടെ ഞാൻ ഡാല്ലാസ് (ടെക്സാസ്) നഗരത്തിനും ഹൌസ്റ്റൻ നഗരത്തിനും മധ്യേ ഒരു യാത്ര ചെയ്തു. വണ്ടിയിൽ ഞാൻ ക്രൂടെയുണ്ടെന്നു എങ്ങനെയൊ ഒരു ശ്രുതി പരന്നിരുന്നു. വണ്ടി നിന്ന എല്ലാ സ്റ്റേഷനിലും വെള്ളക്കാരായ സ്വദേശികളും എന്റെ അടുക്കൽ വന്നു എന്റെ പ്രവൃത്തിയെ ശ്ലാഘിച്ചു പറഞ്ഞു എന്നെ ഉത്സാഹിപ്പിച്ചു. പിന്നൊരവസരത്തിൽ ഞാൻ അഗസ്റ്റാ (ജാജ്ജിയാ)യിൽ നിന്നും അറ്റ്ലാന്റായിലേക്കു യാത്ര ചെയ്തപ്പോൾ എനിക്കു സല്പാം ക്ഷീണം തോന്നിയതിനാൽ ഞാൻ ഒരു "പുൾമാൻ * വണ്ടിയിൽ ചെന്നു കേറി. അതിൽ എനിക്കു നല്ല പരിചയമുള്ളവരും ബാസാറ് ദേശത്തിലുള്ളവരും ആയ രണ്ടു മദ്ധ്യവയസ്കന്മാർ ഇരുന്നിരുന്നു. ഇവർക്കു തെക്കൻ രാജ്യത്തിലെ നടവടി അറിഞ്ഞുകൂടായിരുന്നു. അവർ ഇരുന്ന വണ്ടിയിൽ തന്നെ ഞാനും ഇരിക്കണമെന്നു അവർ നിർബ്ബന്ധിച്ചു. സല്പാം മടിച്ചതിന്റെ ശേഷം ഞാൻ സമ്മതിച്ചു. കുറേ നേരം കഴിഞ്ഞപ്പോൾ അവരിൽ ഒരാൾ ഞാൻ അറിയാതെതന്നെ മൂന്നു പേർക്കു ഭക്ഷണം കൊണ്ടുവരാൻ ഏർപ്പാടു ചെയ്തു. അപ്പോൾ ഞാൻ കുറേക്കൂടെ പരുങ്ങലിൽ ആയി. തെക്കരായ ഒട്ടേറെ വെള്ളക്കാർ ആ വണ്ടിയുടെ മറ്റു കള്ളികളിൽ ഉണ്ടായിരുന്നു. അവരുടെ ദൃഷ്ടിയൊക്കെ ഞങ്ങളുടെ മേൽ ആയിരുന്നതാനും. സാപ്പാടു വന്നപ്പോൾ ഞാൻ ചില ഒഴികഴിവു പറഞ്ഞു പുറത്തിറങ്ങാൻ ശ്രമിച്ചു. അ

---

* ജോർജ്ജ്മൊർട്ടിമർ പുൾമാൻ എന്ന ആൾ ട്രവ്വിൻ-ൽ കിടന്നുറങ്ങുന്നതിനു സൌകര്യമുള്ള ഒരു മാതിരി വണ്ടി ഉണ്ടാക്കി. ട്രവ്വുന്നതിൽ അതിനെ ഒന്നു കൂടി പരിഷ്കരിച്ചു. ഈ തരം വണ്ടികളും ഇപ്പോൾ ധാരാളം അമേരിക്കയിൽ ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ഒന്നിനു വില ൨൦൦൦-പവൻ മുതൽ ൫൫൦൦-വരെ കാണും.

വർ സമ്മതിച്ചില്ല. എന്തു ചെയ്യാം. ഞാൻ ഒരു നെടുവീർപ്പിട്ടു ഇപ്പോൾ കുടുക്കിലായി തീർച്ചതന്നെ, വരുന്നതു വരട്ടെ എന്നു വിചാരിച്ചു അവിടെ തന്നെ ഉറച്ചിരുന്നു. ഇതുകൊണ്ടു മാത്രം ആയില്ലെന്നു തോന്നുമാറു പദാർത്ഥങ്ങളെല്ലാം മേശമേൽ ആയപ്പോൾ ഒരു മദാമ്മ,—എന്റെ കൈവശം ഒരു തരം വിശേഷ മാതിരി ചായയുണ്ട്, വേലക്കാരൻ തയ്യാർ ചെയ്താൽ ശരിയാകയില്ല, ഞാൻ തന്നെ പാകപ്പെടുത്താം,—എന്നു പറഞ്ഞു ചായയിട്ടു എനിക്കും തന്നു. ഒരു വിധം ഭക്ഷണം അവസാനിച്ചു. ഇതിനു മുമ്പിൽ ഇത്ര ദീർഘനേരം ഇരുന്നു ഭക്ഷണം കഴിച്ചിട്ടില്ലെന്നു എനിക്കു തോന്നി. അതിന്റെ ശേഷം അവിടെ നിന്നു ഇറങ്ങി മുറുട്ടു കുടിക്കാൻ പ്രത്യേകം വയ്ക്കപ്പെട്ടിട്ടുള്ള വണ്ടിയിലേയ്ക്കു പോകാമെന്നു ഞാൻ നിശ്ചയിച്ചു. വരുന്നതു വരട്ടെ എന്നു കരുതി. ഞാൻ വെള്ളക്കാർ കൂടി നിന്നിരുന്ന വണ്ടിയിലേയ്ക്കു ചെന്നു. ഞാൻ ഇന്നാരാണെന്നു അവർ എങ്ങനെയോ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. ഞാൻ ചെന്നു കേറിയ ഉടനെ ആശ്ചര്യം! ആശ്ചര്യം! അവർ ജാജിയാദേശക്കാരായ വെള്ളക്കാർ! എന്റെ അടുത്തുവന്നു ഹസ്തഗ്രഹണം ചെയ്തു എന്റെ വേലയെപ്പറ്റി സ്തുതിച്ചു പറയുകയും അനുമോദിക്കുകയും ചെയ്തു തുടങ്ങി. ഇതു വെറും സ്തുതിയല്ലായിരുന്നു. എന്നെ സ്തുതിച്ചിട്ടു അവക്കു നേടേണ്ട കാര്യം യാതൊന്നുമുണ്ടായിരുന്നില്ല." ടസ്കേജി വിദ്യാലയം തന്റെയോ മറ്റു പാഠ്യായന്മാരുടേയോ സ്വന്തസമ്പാദ്യമല്ലെന്നും എല്ലാ നീഗ്രോ-ജനങ്ങളുടെയും പൊതു മന്ദിരമാണെന്നും ബുക്കർ ആദ്യകാലം മുതല്ക്കേ വിദ്യാർത്ഥികളെ ഗ്രഹിപ്പിച്ചിരുന്നു. ആ സ്ഥലത്തു ബുക്കർ വാസം ചെയ്തു വന്നതു ഒരു മേലധികാരിയുടെ നിലയിൽ അല്ലാ, ഒരു സ്നേഹിതനൊ ഉണ്ണാപ്പോഷാവോ എന്ന വിധത്തിലാണെന്നു അയാളം അവരോടു വീണ്ടും വീണ്ടും പറഞ്ഞു വന്നിരുന്നു. ഈ മന്ദിരത്തിലെ കൃത്യങ്ങളെ വിഷയമാക്കി വ്യാഖ്യാനമായോ. ആവലാതിയെ സൂചിപ്പിക്കുന്നവയായോ വിദ്യാർത്ഥികൾ നിർഭയമായും തെളിവായും ഒരു എഴുത്തു വീതം മൂന്നോ നാലോ തവണ തന്നിരുന്നു

യയ്ക്കണമെന്നു വിദ്യാർത്ഥികളോടു അയാൾ വർഷത്തോറും അപേക്ഷിക്കുവതിവായിരുന്നു. ഈ സമ്പ്രദായം ഉത്തമ ഫലപ്രദമായിരുന്നുവെന്നു ബുക്കർ അനുഭവം കൊണ്ടു അറിഞ്ഞു.

ക്രമം- പള്ളിക്കൂടത്തിന്റെ നടത്തിപ്പിനെപ്പറ്റി പരസ്പരം സൌഹാർദ്ദത്തോടു ക്രൂടി സംഭാഷണം ചെയ്യുന്നതിനായി ബുക്കർ ചിലപ്പോൾ പ്രാർത്ഥനശാലയിൽ കൂട്ടികളെ വിളിച്ചു കൂട്ടുക പതിവായിരുന്നു. മേൽ നടപ്പിനെപ്പറ്റി വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനു ഒരു മാതിരി ആലോചന പ്രയോജനമുള്ളതായിരുന്നതിനാൽ അയാൾ സന്തോഷിച്ചു. വിദ്യാലയത്തിന്റെ വാസ്തവമായ ആവശ്യങ്ങളെ അറിവാൻ ഈ അഭിമുഖ സംഭാഷണം ഉപകാരപ്പെട്ടു. ഒരുവനിൽ ഭാരവാഹിത്വം ചുമത്തുകയും അവനെത്തന്നെ വിശ്വസിക്കയും ചെയ്യുന്നതുപോലെ, അവനു കൃത്യ ശ്രദ്ധയെ ജനിപ്പിക്കുന്ന തന്ത്രം മറ്റൊന്നില്ലതന്നെ. വേല ചെയ്യിക്കുന്നവരും വേല ചെയ്യുന്നവരും തമ്മിൽ പലേടത്തും ഉണ്ടാകുന്ന ശണ്ഠകളെപ്പറ്റി ഓർക്കുമ്പോൾ അയാൾക്കു തോന്നിയതു ഇപ്രകാരമായിരുന്നു. യജമാനന്മാരും വേലക്കാരും പരസ്പരം ഉണകാംക്ഷികളായിരിക്കുമെങ്കിൽ കലഹം ഉണ്ടാകാൻ ഇടയില്ല. വിശ്വാസവഞ്ചന ചെയ്യുന്നതു മനുഷ്യനു സ്വതേ അഹിതമായിട്ടുള്ളതാണ്. നീഗ്രോ-ജനങ്ങൾ തങ്ങളെ നിർവ്യാജമായി സ്നേഹിക്കുന്നവർ പറയും പ്രകാരം പ്രവർത്തിക്കുന്നതിനു സന്നദ്ധരാണ്. ബുക്കർ ശിഷ്യന്മാരെ ആദ്യകാലം മുതല്ക്കേ പരിശീലിപ്പിച്ച ഒരു പാഠം അവരുടെ സകല സാമാനങ്ങളും ദേഹവും സദാ ശുചിയാക്കിവെയ്ക്കണമെന്നായിരുന്നു. ആഹാരം കഴിക്കുന്നതിനു സ്വതേയുണ്ടാകുന്ന ആഗ്രഹം ശരീരശുദ്ധിയിലും കാണണമെന്നു നിർബ്ബന്ധമുണ്ടായിരുന്നു. ഇങ്ങനെ തന്നെ വിദ്യാർത്ഥികൾക്കു ആവശ്യകങ്ങളായിരുന്ന കായികങ്ങളും മാനസികങ്ങളും സാന്മാർഗ്ഗികങ്ങളും ആയ പ്രവൃത്തികളിൽ അവർക്കു ദിനംപ്രതി അഭിവൃദ്ധി ഉണ്ടാകുന്ന മാർഗ്ഗങ്ങളെ എല്ലാ ഉപദേഷ്ടാക്കളും മനോവാക്കർമ്മങ്ങളാൽ പരിശീലിപ്പിച്ചു. ഇതു

പ്രസ്തുത വിദ്യാലയത്തിലെ അഭ്യാസത്തിന്റെ മുഖ്യാംഗമായി വിചാരിക്കപ്പെട്ടുവന്നിരുന്നു.

അദ്ധ്യായം ൧൨.

ധനശേഖരം.

൧൯൫൮- വിദ്യാർത്ഥികളുടെ താമസത്തിനു ഒരേർപ്പാടുണ്ടായതോടു കൂടി അനേകം പേർ വന്നുതുടങ്ങി. ബാലികമാരുടെ പാപ്പിന്നായി പോട്ടർ മന്ദിരത്തിന്റെ തട്ടിൻപുറം ഉപയോഗപ്പെട്ടു. എന്നാൽ കുട്ടികളുടെ സംഖ്യ വർദ്ധിച്ചു തുടങ്ങിയപ്പോൾ സ്ഥലം പോരാതെയായി. ആൺകുട്ടികൾക്കായി സമീപമുള്ള ചെറു ഗൃഹങ്ങൾ മതിയായിരുന്നെങ്കിലും പെൺകുട്ടികളെ അതുകളിൽ താമസിപ്പിക്കുന്നതു ശരിയല്ലെന്നു ബുക്കർ വിചാരിച്ചു. വന്നു ചേരുന്നവരുടെ താമസത്തിനും പഠിത്തത്തിനും ആവശ്യമുള്ള മന്ദിരങ്ങളെ ഉണ്ടാക്കിത്തീർക്കേണ്ടതു ഭാരവാഹിതം താമസമെന്യേ ബുക്കർ കയ്യേല്ക്കേണ്ടി വന്നു.

൧൯൫൯- ൦രം മന്ദിരങ്ങൾ പണിയിക്കുന്നതിനു പതിനായിരം ഡാളർ വേണ്ടിവന്നു. പണി തുടങ്ങാൻ പണം ഇല്ലായിരുന്നു; എങ്കിലും കെട്ടിടത്തിനു നാമകരണം ചെയ്യുന്ന ജോലി ക്ഷണം തന്നെ കഴിഞ്ഞു കൂടി. ടസ്കേജി ആല ബാമാ ദേശത്തിൽ ചേർന്ന സ്ഥലം ആയിരുന്നതിനാൽ നൂതന മന്ദിരത്തിനു 'ആലബാമാ മന്ദിരം' എന്നു പേരിടുന്നതു ഉചിതമെന്നു തീർച്ചപ്പെടുത്തി. ടസ്കേജിയിലും അതിനു ചുറ്റും ഉള്ള ഗൃഹങ്ങളിൽ ചെന്നു പഴയ പോലെ മിസ്സ് ഡേവിഡ്സൺ ഭിക്ഷയെടുത്തു തുടങ്ങി. യഥാശക്തി ജനങ്ങൾ സഹായം ചെയ്തു. വിദ്യാർത്ഥികൾ പണിയും ആരംഭിച്ചു. ബുക്കർ പണമില്ലാതെ ബുദ്ധിമുട്ടിയ അവസരത്തിൽ ജനറൽ ആർംസ്ട്രാങ്ങിന്റെ മാഹാത്മ്യത്തെ വെളി

പ്പെടുന്ന അദ്ഭുതപൂർവ്വമായ ഒരു സംശതിയുണ്ടായി. ഒരു പുതിയ കെട്ടിടത്തിലേയ്ക്കു ആവശ്യമുള്ള ധനം സമ്പാദിക്കുന്നതിനു ബുക്കർ യത്നിച്ചുകൊണ്ടിരിക്കുമ്പോൾ ജനറൽ, തന്നോടു ക്രൂടെ ഉത്തര ദേശങ്ങളിൽ സഞ്ചരിക്കാൽ തയാറാണോ എന്നു അയാളോടു ചോദിച്ചു. തൽക്ഷണം തന്നെ ബുക്കർ ഹാമ്പ്ടണിലേക്കു പോയി.

ഫ്രഞ്ച്– ബുക്കർ ഇതിനെപ്പറ്റി ഇപ്രകാരം വിവരിച്ചിരിക്കുന്നു:—"അവിടെ ചെന്നപ്പോൾ സംഗതി മനസ്സിലായി. നാലു ഗായകന്മാരുമായി ഓരോ സ്ഥലങ്ങളിൽ പോയി അവിടവിടെ സദിരു നടത്തുകയും അതിന്റെ അവസാനത്തിൽ അദ്ദേഹവും ഞാനും പ്രസംഗിക്കയും ചെയ്യണമെന്നാണു അദ്ദേഹം നിരൂപിച്ചിരുന്നത്. ഇപ്രകാരം ചെയ്യുന്നതു ഒരു ധനശേഖരത്തിനു വേണ്ടിയാണെന്നും ആ ദ്രവ്യം ഹാമ്പ്ടണിലേയ്ക്കായല്ല, ടസ്കേജിയിലെ ഉപയോഗത്തിനായിട്ടാണെന്നും, സകല ചെലവുകളും ഹാമ്പ്ടൺ വിദ്യാലയത്താൽ വഹിക്കപ്പെട്ടുമെന്നും, അദ്ദേഹം പറഞ്ഞപ്പോൾ എനിക്കുണ്ടായ ആശ്ചര്യബഹുമാനങ്ങൾ എത്രയെന്നു വായനക്കാർ ഊഹിച്ചുകൊള്ളട്ടെ.

ഫ്രഞ്ച്– ആലബാമാ മന്ദിരം പണിവകയ്ക്കു പണം ലഭിക്കുന്നതോടു ക്രൂടി ഉത്തര ദിക്കുകാരോടു എനിയ്ക്കു പരിചയം ഉണ്ടാകണമെന്നും മഹാമനസ്കനായ ജനറൽ ആഗ്രഹിക്കുന്നതിയിരുന്നു. ശീലദാഢ്യമോ ബുദ്ധിവിശാലതയോ ഇല്ലാത്ത ഒരുവൻ, ഇപ്രകാരം ടസ്കേജിയിലേക്കു ലഭിച്ച ദ്രവ്യം ഹാമ്പ്ടൺ വിദ്യാലയത്തിൽ നിന്നും അപഹരിക്കപ്പെട്ടതാണെന്നു വിചാരിച്ചേക്കാം. എന്നാൽ സ്വാതന്ത്ര്യമായോ ശുദ്ധബുദ്ധിമയമായോ ഉള്ള വിചാരത്തിനു ആ മഹാശയന്റെ മനസ്സിൽ പ്രവേശിപ്പാൻ വഴിയില്ലായിരുന്നു. അല്പത്വമോ നീചത്വമോ അദ്ദേഹത്തോടു അടുക്കുകയില്ല. കേവലം ഒരു പള്ളിക്കൂടത്തിന്റെ ഉപയോഗത്തിനായിട്ടല്ല നീഗ്രോ വിദ്യാഭ്യാസത്തിന്റെ പ്രചാരത്തിനായിട്ടാണു ഉത്തര ദേശക്കാർ ദ്രവ്യസഹായം ചെയ്തിട്ടുള്ളതെന്നും, ഈ കാര്യത്തെ നിർവ്വഹിക്കുന്ന സകല വിദ്യാലയങ്ങളും സഹായമർ

ങ്ങളാണെന്നും അദ്ദേഹം ഒരിക്കലും വിസ്മരിച്ചിരുന്നില്ല.

ഫസ്റ്റ്– ഞാൻ നടത്തേണ്ട പ്രസംഗങ്ങളെക്കുറിച്ചു ജനറൽ എനിക്കൊരുപദേശം തന്നിട്ടുള്ളതു ഞാൻ ഇപ്പോഴും ഓർമ്മിക്കുന്നുണ്ട്. 'നിങ്ങൾ പറയുന്ന ഓരോ വാക്കിനും അർത്ഥവും ആശയവും ഉണ്ടായിരിക്കണം' എന്നായിരുന്നു അദ്ദേഹം ഉപദേശിച്ചത്. ഈ അഭിപ്രായത്തെ വ്യാഖ്യാനിക്കണമെന്നില്ല. പ്രസംഗങ്ങളുടെ യോഗ്യതയെ നിർണ്ണയിക്കാൻ ഈ ആപ്തവചനം ഒരു ഉരകല്ലു തന്നെ. അന്നുമുതൽ ഈ ശാസനയേ ഞാൻ ശിരസാ വഹിച്ചു വരുന്നു."

ഫസ്റ്റ്– ന്യൂയാർക്ക്, ബ്രൂക്ക്ലിൻ, ബാസ്റ്റൺ, ഫിലഡൽഫിയാ മുതലായ പ്രധാന നഗരങ്ങളിൽ വച്ചു സഭായോഗങ്ങൾ നടത്തപ്പെട്ടു. ഇവയിൽ ബുക്കറും ജനറലും സമയോചിതമായി പ്രസംഗം ചെയ്യുകയും ധനസഹായത്തെ അപേക്ഷിക്കയും ചെയ്തു. അവർ രണ്ടുപേരും ഓരോ യോഗത്തിലും ആലബാമാ മന്ദിരം വകയ്ക്കു ധനം ശേഖരിക്കുകയും, ടസ്കേജി വിദ്യാലയത്തെപ്പറ്റി ജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുമാറു പ്രസംഗിക്കയും ചെയ്തുവന്നു. രണ്ടു കാര്യങ്ങളും ഫലിക്കയും ചെയ്തു.

ഫസ്റ്റ്– ഇതിൽ പിന്നീടു ബുക്കർ തന്നെ അമേരിക്കയിൽ പല പ്രധാന സ്ഥലങ്ങളിൽ വച്ചു ദ്രവ്യസഹായത്തിനായി പ്രസംഗങ്ങൾ നടത്തീട്ടുണ്ട്. കഴിഞ്ഞ പതിനഞ്ചു കൊല്ലത്തിൽ അയാൾ വിദ്യാലയത്തിന്റെ ആവശ്യങ്ങൾക്കായി ധനം ശേഖരിക്കുന്നതിലേയ്ക്കു അനേകം പ്രാവശ്യം ദൂരദിക്കുകളിൽ സഞ്ചരിച്ചു പ്രസംഗിച്ചിട്ടുണ്ട്. ബുക്കർ പറയുന്നു:—'ദ്രവ്യം ശേഖരിക്കാനായി ഞാൻ യത്നം ചെയ്ത അവസരങ്ങളിൽ വായനക്കാർ അറിവാൻ തല്പരപ്പെടാവുന്ന പല അനുഭവങ്ങളും എനിക്കുണ്ടായിട്ടുണ്ട്. പൊതുജനത്തെ ഉദ്ദേശിച്ചു ദ്രവ്യം സമ്പാദിക്കാൻ ശ്രമിക്കുന്ന പലയാളുകളും, അതിലേയ്ക്കായി ദ്രവ്യദാനം ചെയ്യാൻ ശക്തിയുള്ളവരുടെ പക്കൽ നിന്നും ധനത്തെ ആകർഷിക്കുന്ന സമ്പ്രദായങ്ങളും എത്തെല്ലാമാണെന്നു എനിക്കോട്ട പല

പ്പോഴും ചോദിച്ചിട്ടുണ്ട്. യാചനശാസ്ത്രത്തെ സൂക്ഷ്മമായി പ്രതിപാദിക്കുകയാണെങ്കിൽ അവ ഞാൻ സ്വീകരിച്ച രണ്ടു പായങ്ങളും തന്നെയാകുന്നു. ഒന്നു,—ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തിയുടെ സ്വഭാവത്തെ പൂർണ്ണമായും വിശദമായും ശ്രോതാക്കളെ മനസ്സിലാക്കുക; മറേറതു യത്നത്തിൻെറ ഫലത്തെക്കുറിച്ചു മനസ്സിനെ ക്ലേശിപ്പിക്കാതെ വേല ചെയ്യുക. ഈ രണ്ടാം സൂത്രത്തെ പരിപാലിക്കുന്ന വിഷയത്തിൽ ഞാൻ വളരെ ക്ലേശിച്ചിട്ടുണ്ട്. കടം തീർക്കേണ്ട അവധി അടുക്കുന്ന സമയം കയ്യിൽ ഒറ്റക്കാശുപോലും ഇല്ലാതിരുന്നാൽ മനഃക്ലേശത്തെ നിവാരണം ചെയ്യുന്നതു എങ്ങനെയാണ്? എങ്കിലും കാലക്രമേണ എനിക്കു തോന്നിത്തുടങ്ങിയതു, മനഃക്ലേശം ഉത്തമമായ വേലയിൽ വിനിയോഗിക്കാവുന്ന കായികവും മാനസികവും ആയ ശക്തിയെ ക്ഷീണിപ്പിക്കുന്നു എന്നാണ്. ആയതിനാൽ വൃഥാ മനഃക്ലേശം ചെയ്യുന്ന കാലത്തേ കളയരുത്. ധനികന്മാരും വിദ്വാന്മാരും ആയ മഹാന്മാരോടു സംസർഗ്ഗം ചെയ്തിട്ടുള്ളതിൻെറ ഫലമായി ഞാൻ ഗ്രഹിച്ചിട്ടുള്ള മഹാതത്ത്വം ഇതാണു,—ദേഹത്തെ കീഴടക്കി വയ്ക്കുന്നവർ മാത്രമെ വലിയ കാര്യങ്ങളെ സാധിക്കുന്നുള്ളു,—അവർക്കു ഉൽക്കലക്കത്താലൊ കോപത്താലൊ ബുദ്ധിഭ്രംശം ഉണ്ടാകുന്നില്ല, അവർ സദാ ക്ഷമാശീലന്മാരും, പ്രശാന്തന്മാരും നിശ്ചലന്മാരും വിനയസമ്പന്നന്മാരും ആയിരുന്നു, ശുഭമായ കാര്യങ്ങളെ നിറവേറുന്നു. ഇപ്രകാരമുള്ള മഹാന്മാരിൽ ഒന്നാമനാണു പ്രസിഡണ്ടു മക്കിൻലി എന്നു ഞാൻ വിചാരിക്കുന്നു.

ഫൽവ- ഏതുവിധമുള്ള ഉദ്യമത്തിലും വിജയം പ്രാപിക്കുന്നതിനു മുഖ്യമായ സംഗതി പ്രവർത്തകനിൽ അനഹങ്കാരത ഉണ്ടായിരിക്കുന്നതാണ്. താൻ പ്രവേശിച്ച കാര്യത്തിലല്ലാതെ മറെറാന്നിലും അയാളുടെ ചിന്ത പോകരുത്. ഇപ്രകാരം മഹത്തായ ഉദ്യമത്തിൽ അഹങ്കാരലേശം ഇല്ലാതെ പ്രവൃത്തി ചെയ്യുന്നവൻ മാത്രമേ പരമാനന്ദം അനുഭവിക്കുന്നുള്ളൂ.

ഫ്രൻസ്- "പണം ധാരാളം കെട്ടി വച്ചിട്ടുണ്ടല്ലോ. ധർമ്മ വിഷയങ്ങളിൽ ധാരാളം വാരിച്ചൊരിയുമെന്നു എന്നു ഘോഷിച്ചു ധനികന്മാരെ ദൂഷ്യം പറയുന്ന ജനങ്ങളോടു എനിക്കു തെല്ലും ബഹുമാനം ഇല്ല. വലിയ വ്യാപാരങ്ങൾക്കും പ്രവൃത്തികൾക്കും അവ്യവസ്ഥയും ദൌർബ്ബല്യവും ഉണ്ടാകാത്തക്കവണ്ണം ധനികന്മാർ അവരുടെ ദ്രവ്യത്തിന്റെ അധികഭാഗം ദാനം ചെയ്യുന്നതായാൽ അനേകം സാധുക്കളുടെ കാലക്ഷേപം മുടങ്ങുമെന്നും കഷ്ടത വർദ്ധിക്കുമെന്നും ഉള്ള സംഗതിയെ ഓർക്കാതെ ദൂഷ്യം പറയുന്നവർ ഓർക്കുന്നില്ല. ധനികന്മാരോടു ദ്രവ്യസഹായത്തെ അപേക്ഷിക്കുന്ന യാചകകോടികളുടെ എണ്ണം എത്രയുണ്ടെന്നു അറിയുന്നവർ വളരെ ചുരുക്കമാണ്. ദിനംപ്രതി ഇരുപതോളം അപേക്ഷകളെക്കണ്ടു സംസാരിച്ചുവന്ന ചില ധനികന്മാരെ എനിയ്ക്കറിയാം. പണത്തിനു വേണ്ടി കാത്തു നില്ക്കുന്ന അനേകം ജനങ്ങളെ ഞാൻ ചില ദ്രവ്യസ്ഥന്മാരുടെ കാര്യാലയത്തിൽ വച്ചു കണ്ടിട്ടുണ്ട്. ഇതു കൂടാതെ എത്രയോ അപേക്ഷകളുകൾ തപാൽവഴി വരികയും ചെയ്യുന്നുണ്ട്. പേരു പറയാതെയും അറിയിയ്ക്കാതെയും അനേകം ദാതാക്കന്മാർ വളരെ ദ്രവ്യം നാനാകി വരുന്നുണ്ട്. കഴിഞ്ഞ എട്ടു വർഷങ്ങളിലായിട്ടു ടസ്കേജി വിദ്യാലയത്തിൽ മൂന്നു പ്രധാനപ്പെട്ട കെട്ടിടങ്ങൾ പണി തീർക്കുന്നതിനു ആവശ്യപ്പെട്ട ധനം ദാനം ചെയ്തിട്ടുള്ളതു ന്യൂയാർക്ക് നഗരത്തിൽ വസിക്കുന്ന രണ്ടു മഹാമ്മമാരായിരുന്നു. അവരുടെ പേരുകൾ പത്രത്തിൽ കാണുക പതിവില്ല. ആ മഹതികൾ അനേകം സദ്വിഷയങ്ങളിൽ ദ്രവ്യദാനം ചെയ്യുന്നുണ്ട്.

൨൦൦- ഞാൻ വിദ്യാലയത്തിലെ ഉപയോഗത്തിനായി മഹാജനങ്ങളിൽ നിന്നു അനേകായിരം ഡാളർ സംഭാവനയായി കൈപ്പറ്റിട്ടുണ്ട്. എന്നാൽ ഞാൻ യാചകരീതിയിൽ പണം ഉണ്ടാക്കാൻ ഒരുമ്പെട്ടിട്ടില്ല. ഞാൻ പണത്തിനു വേണ്ടി തെണ്ടി നടന്നിട്ടില്ല. ഞാൻ യാചകനും അല്ല. പണം കിട്ടണമെന്നു നേരേ ധനികന്മാരോടു ചോദിക്കുന്നതു കൊണ്ടു പ്രയോജനമില്ലെന്നു അനുഭവത്താൽ ഞാൻ മന

സ്സിലാക്കി. പണം സമ്പാദിക്കാൻ ബുദ്ധിയുള്ളവർക്ക് അതിനെ ബുദ്ധിപൂർവ്വം ചെലവു ചെയ്യാനും അറിയാം. എന്റെ പ്രവൃത്തിയുടെ സ്വരൂപത്തേയും വിദ്യാർത്ഥികളുടെ ആവശ്യങ്ങളേയും പറഞ്ഞു ഞാൻ പ്രസ്താവിച്ചു കഴിയുമ്പോൾ എനിയ്ക്കാവശ്യമുള്ള സഹായം ലഭിച്ചു വരാറുണ്ട്. ഉദാരശീലന്മാരായ ധനികന്മാരോടു സംഗതിയുടെ വാസ്തവം ഗൌരവം വിടാതെ ഉത്തമരീതിയിൽ പ്രതിപാദിക്കുക മാത്രമേ ഇപ്പോൾ ആവശ്യമുള്ളൂ.

൨൫- "ഗ്രഹത്തോടും നടന്നു അലയുന്നതു ബുദ്ധിമുട്ടും ക്ഷീണവും ഉണ്ടാകുന്ന വേലതന്നെ. എങ്കിലും അതിൽ നിന്നു ചില അറിവുകൾ ഗ്രഹിക്കാൻ വഴിയാകുന്നുണ്ട്. മനുഷ്യസ്വഭാവത്തെ പഠിക്കാൻ അതു നല്ല സന്ദർഭം ആകുന്നുണ്ട്. അനേകം നല്ലയാളുകളോടു പരിചയം സമ്പാദിയ്ക്കാൻ അതു ഒരു നല്ല മാർഗ്ഗമായിത്തീരുന്നു. സമുദായപരിഷ്കരണത്തിൽ അത്യാവശ്യം പരിശ്രമം ചെയ്യുന്ന വിദ്യാലയങ്ങളേയും കായ്യാലയങ്ങളേയും പറഞ്ഞു ഗാഢമായ താല്പര്യത്തെ പ്രദർശിപ്പിക്കുന്നവരാണു പ്രായേണ വിശാലഹൃദയന്മാരും ഉത്തമജീവികളും ആയി കാണപ്പെടുന്നത്.

൨൬- ഒരിക്കൽ ബാസ്റ്റൺ നഗരത്തിൽ ഞാൻ ഒരു സമ്പന്നകാരിയുടെ ഭവനത്തിൽ ചെന്നു പൂമുഖത്തിൽ ഇരുന്നു എന്റെ നാമപത്രത്തെ മുകളിൽ കൊടുത്തയച്ചു. മറുപടികാത്തു ഞാൻ ഇരിക്കവേ, അവരുടെ ഭർത്താവു അവിടെ വന്നു നിനക്കെന്തുവേണമെന്നു മൂർഖസ്വരത്തിൽ ചോദിച്ചു. ഞാൻ കാര്യം പറഞ്ഞു തുടങ്ങിയപ്പോൾ, പാരുഷ്യം അധികപ്പെട്ട അയാൾ അപമര്യാദ ഭാവിച്ചു. മദാമ്മയുടെ മറുപടിക്കായി താമസിയ്ക്കാതെ ഞാൻ ഗൃഹം വിട്ടു പോയി. അടുക്കലുള്ള വേറൊരു ഗൃഹത്തിൽ ചെന്നു. അതിലെ ഗൃഹസ്ഥൻ സ്നേഹത്തോടുകൂടി എന്നെ ഉപചരിക്കയും ഉദാരമായ സംഭാവന നൽകുകയും ചെയ്തു. ഞാൻ നന്ദി പറയാൻ തുടങ്ങും മുമ്പെ അദ്ദേഹം പറഞ്ഞു:—'അല്ലയോ, മിസ്റ്റർ വാഷിങ്ങ്ടൺ! ഒരു സല്കാര്യത്തിൽ സഹായിയ്ക്കാൻ എനിക്കു സൌകര്യം തന്നതിലേയ്ക്കു ഞാൻ നിങ്ങ

ളോട്ട കൃതജ്ഞനായിരിയ്ക്കുന്നു. ഓരംവിധം ലോകോപകാര കൃത്യങ്ങളിൽ ഭാഗഭാക്കുകളായിത്തീരുന്നതു ഏറ്റവും കൃതാർത്ഥതയ്ക്കു കാരണമാണ്. ഞങ്ങൾ വഹിക്കേണ്ട ധർമ്മകാര്യത്തെ നിങ്ങൾ പ്രവർത്തിച്ചു പോരുന്നതിനാൽ ബോസ്റ്റൺ നഗരവാസികളായ ഞങ്ങൾ നിങ്ങൾക്കു കടപ്പെട്ടവരായിരിക്കുന്നു. പഴയ മട്ടിലുള്ളവർ കുറഞ്ഞും ഉത്സാഹശീലമില്ലാത്തവർ കൂടിയും ആണു ഇപ്പോൾ കണ്ടുവരുന്നത്. സല്പ്രവൃത്തി ചെയ്യുന്നതിനു മനുഷ്യരെ ഉത്സാഹിപ്പിക്കുന്നവർ സൽകൃത്യം ചെയ്യുന്നതിനു അവർക്കു അവസരം നൽകുന്നവരാകുന്നു. അവർ കേവലം ഭിക്ഷുക്കളോ യാചകന്മാരോ അല്ല.

൨൦൧– ബോസ്റ്റൺ നഗരത്തിലെ ജനങ്ങളെപ്പോലെ ഉദാരമതികളെ ഞാൻ ഒരിടത്തും കണ്ടിട്ടില്ല. അവർ ദ്രവ്യം തരിക മാത്രമല്ല, വന്നു പറകയും ചെയ്യുവരുന്നു. സദ്വിഷയത്തിൽ പണം ചെലവാക്കുന്നതിനു സൌകര്യം ഉണ്ടാക്കിക്കൊടുത്തതു ഒരു ബഹുമാനമെന്നു അവർ ഗണിച്ചിരിക്കുന്നു. ദ്രവ്യദാനം ചെയ്വാൻ ലോകർക്കു അഭിരുചി ഉണ്ടായിവരുന്നു എന്നാണു എന്റെ വിശ്വാസം. ദ്രവ്യസ്ഥന്മാരുടെ ഔദാര്യത്തെ നയിക്കുകമാത്രമാണു പ്രവർത്തകന്മാരുടെ മുഖ്യകൃത്യം.

൨൦൨– "ടസ്കുജി വിദ്യാലയത്തിന്റെ പ്രഥമദശയിൽ ഞാൻ ഉത്തരദിക്കുകളിൽ വെറുതേ തെരുവുകളിൽക്കൂടി അലയുകയും ഉൾനാടുകളിൽ സഞ്ചരിക്കയും ചെയ്തിട്ടുണ്ട്. ഒരു ഡാളർപോലും കിട്ടാതെ വലഞ്ഞിട്ടുണ്ട്. കിട്ടുമെന്നു വിചാരിച്ച സ്ഥലങ്ങളിൽനിന്നു ഒന്നും കിട്ടാതെ നിരാശനായ അവസരങ്ങളിൽ അവിചാരിതമായ സ്ഥാനങ്ങളിൽ നിന്നു യാദൃച്ഛികമായി എനിക്കു സഹായം സിദ്ധിച്ചിട്ടുണ്ട്.

൨൦൩– കാറും മഞ്ഞും ഉള്ള ഒരു ദിവസം കാലത്തു ബുക്കർ രണ്ടു നാഴിക അകലെ താമസിച്ചിരുന്ന ഒരു ധനികനെ കാണ്മാൻ പോയി. അദ്ദേഹത്തിന്റെ ഗൃഹത്തിൽ എത്തി,

വളരെ പ്രയാസപ്പെട്ട അദ്ദേഹത്തെക്കണ്ടു കാര്യം അറിയിച്ചു. അദ്ദേഹം ഏറെ ശ്രദ്ധിച്ചു ബുക്കർ പറഞ്ഞതിനെ കേട്ടു. എന്നാൽ അദ്ദേഹം ഒന്നുംതന്നെ കൊടുത്തില്ല. ബുക്കർക്കു ഇച്ഛാഭംഗം തോന്നിയെങ്കിലും തന്റെ കൃത്യത്തെ ചെയ്തവസ്സോ എന്ന വിചാരം അയാളെ സമാധാനപ്പെടുത്തി.

പിന്നെ- "ഇതു കഴിഞ്ഞു രണ്ടുവർഷം ആയപ്പോൾ മേൽ പ്രസ്താവിച്ച ധനികൻ, ബുക്കർക്കു ഇപ്രകാരം എഴുതി അയച്ചു:—നിങ്ങളുടെ ഉദ്യമത്തിലേയ്ക്കു ഉപയോഗിയ്ക്കാനായി ഫിഫ്റ്റി-ഡാളറിനുള്ള ഒരു ചെക്കു (ഉണ്ടിയൽ) ഈ എഴുത്തിൽ അടക്കം ചെയ്തിട്ടുണ്ട്. ഈ സംഖ്യ നിങ്ങളുടെ വിദ്യാലയത്തിലേയ്ക്കായി ചെലവെഴുതിമരണപത്രികയിൽ ചേർത്തിട്ടുള്ളതായിരുന്നു. എന്നാൽ, ഞാനിരിക്കുമ്പോൾതന്നെ ഈ ദാനം ചെയ്യേക്കാമെന്നു എനിക്കിപ്പോൾ തോന്നിയിരിക്കുന്നു. രണ്ടു വർഷത്തിനു മുമ്പു നിങ്ങൾ എന്നെ കാണ്മാൻ വന്ന സംഗതി സന്തോഷത്തോടെ ഞാൻ ഓർമ്മിക്കുന്നുണ്ട്.

പിന്നെ- "ഈ എഴുത്തും ധനവും വന്നുചേർന്ന സമയം എനിക്കുണ്ടായ പരിശുദ്ധമായ സംതൃപ്തി മറ്റൊന്നുകൊണ്ടും ഉണ്ടായിട്ടില്ലെന്നു എനിക്കു തോന്നുന്നു. ഇത്ര വലിയ ഒരു തുക അതേവരെ വിദ്യാലയത്തിനു സംഭാവന ഒന്നായി ആരും ചെയ്തിട്ടില്ലായിരുന്നു. ദ്രവ്യം കിട്ടാതെ ഞങ്ങൾ നന്നേ ഞെരുങ്ങിയിരുന്ന അവസരത്തിലായിരുന്നു ഈ ധനം ഞങ്ങൾക്കു ലഭിച്ചതു്. പണമില്ലാതെ ഞങ്ങൾ വളരെ സങ്കടപ്പെടുകയായിരുന്നു. എത്രത്തോളം മനഃക്ലേശം ഞങ്ങൾ അനുഭവിച്ചു എന്നു പറവാൻ പ്രയാസമാണു് മാസം തോറും ചെലവു വർദ്ധിച്ചു വരികയും, അതിനു മുതൽ കാണാതെയിരിക്കയും, വലിയ ഒരു ഭാരം നടത്തേണ്ടതായിരിക്കയും, ചെയ്യുമ്പോൾ, ആർക്കാണു സമാധാനത്തോടു കൂടിയിരിക്കാൻ സാധിക്കുന്നതു്? ഞങ്ങളുടെ കാര്യത്തിൽ മറ്റൊരു വൈഷമ്യം കൂടി ഉണ്ടായിരുന്നു. ഇതാണു മനോവ്യഥയെ കഠിനമാക്കിയതു്. വിദ്യാലയപ്രവർത്തകന്മാർ

വെള്ളക്കാരായിരുന്നാലും പരാജിതന്മാരായെങ്കിൽ, നീഗ്രോ വിദ്യാഭ്യാസത്തിനു ദോഷം നേരിടുമായിരുന്നു;—പക്ഷേ നീഗ്രോ-ഉദ്യോഗസ്ഥന്മാർ ഭരിച്ചുവന്ന ഞങ്ങളുടെ കായ്യാലയം മോശപ്പെട്ടുപോയാൽ അതുനിമിത്തം വിദ്യാലയം നശിക്കുമാത്രമല്ല, നീഗ്രോ-ജനങ്ങൾ വിശ്വസനീയന്മാരല്ലെന്നു ഒരു അപഖ്യാതി കൂടി ഉണ്ടായേക്കുന്നതാണ്. എന്നു മാത്രവുമല്ല, നീഗ്രോ-ജാതിക്കാരെക്കൊണ്ടു ഒന്നിനും കൊള്ളുകയില്ലെന്നു ഒരു ബോധവും പരക്കാനിടയുണ്ട്. പതിനായിരം ഡാളർ തുകയുള്ള പ്രസ്തുത ദാനം എന്റെ പരവശമായ മനസ്സിനെ അത്യന്തം സന്തോഷിപ്പിച്ചു. വിദ്യാലയത്തിലെ നടവടി ശുദ്ധമായും ലോകോപകാരകമായും ഇരിക്കുന്ന കാലത്തോളം പ്രവർത്തകന്മാക്കു ആവശ്യമുള്ള ധനം ലഭിക്കുമെന്നാണു എന്റെ വിശ്വാസം."

൨൦൨൨- കോടീശ്വരന്മാരിൽ ഒരാളായിരുന്ന കാളിസ് പി. ഹണ്ടിങ്ട്ടൺ അദ്ദ്യമായി കൊടുത്ത സഹായധനം ൨ ഡാളർ ആയിരുന്നു. സഹായത്തിനു ബുക്കർ അപ്പനെന്നപോലെ ക്രമേണ അറിഞ്ഞുവന്നതോടു കൂടി അദ്ദേഹം പലതവണ ദ്രവ്യസഹായവും ചെയ്തുവന്നു. മരിക്കുന്നതിനു മുമ്പായി അദ്ദേഹം ബുക്കർക്കു പലവിധം ഉപദേശങ്ങളെ നൽകിയതു കൂടാതെ വിദ്യാലയത്തിലെ മൂലധനത്തിലേയ്ക്കായി ൫൦൦൦൦ ഡാളർ ദാനം ചെയ്കയും ചെയ്തു.

൨൦൧൦- വടക്കൻ ദിക്കിൽ പണം ശേഖരിച്ചു വന്ന ചില അവസരങ്ങളിൽ ബുക്കർ നന്നേ വലഞ്ഞു വശമായിട്ടുണ്ട്. താഴെ വിവരിക്കുന്ന സംഗതിയെ, ജനങ്ങൾ അവിശ്വസനീയമെന്നു വിചാരിക്കുമെന്നു ഭയന്നു, അയാൾ അതിനെക്കുറിച്ചു എവിടെയോ വച്ചു ഒരിക്കലല്ലാതെ പിന്നെ പ്രസ്താവിച്ചിട്ടില്ല. ഒരു ദിവസം കാലത്തു അയാൾ റോഡ്ദ്വീപത്തിൽ പ്രാവിഡൻസു നഗരത്തിൽ വച്ചു ഭക്ഷണത്തിനു ഒന്നുമില്ലാതെ ബുദ്ധിമുട്ടിലായി. ഒരു മദാമ്മയുടെ വേനത്തിൽ പ്രവേശിക്കാനായി, തെരുവിൽക്കൂടി കുറേ പോയ

പ്പോൾ, തറയിൽ ഒരു ൨൫ സെൻറ് തുട്ട കിടന്നതു കണ്ടെടുത്തു. ഇതയാൾക്കു ഭക്ഷണച്ചെലവിനു ഉപകരിച്ചു. പിന്നീടു മദാമ്മയുടെ പക്കൽനിന്നും ദ്രവ്യദാനവും ലഭിച്ചു.

൧൮൮൨-ൽ ഒരു വർഷാരംഭമഹോത്സവദിവസം, ബുക്കർ,ധർമ്മ പ്രസംഗം ചെയ്യുന്നതിനു ബാസ്റ്റണിലെ മിനിററി പള്ളിയിലെ കത്തനാരായ ദിവ്യശ്രീ ഇ വിൻചെസ്ററർ ഡോണൽ ഡ് ഡി. ഡി. എന്ന പേരായ മഹാനെ ക്ഷണിച്ചു വരുത്തി. മന്ദിരത്തിനകത്തു സ്ഥലം പോരാതിരുന്നതിനാൽ, പ്രസംഗം നടന്നതു ഒരു പന്തലിൽവച്ചു ആയിരുന്നു. അദ്ദേഹം സംസാരിക്കാൻ തുടങ്ങി സ്വല്പം കഴിഞ്ഞപ്പോൾ ഒരു മഴ പെയ്തു. ആരോ പിടിച്ചിരുന്ന ഒരു കുടയുടെ അകത്തു നിന്നു അദ്ദേഹം നനയാതെ കഴിച്ചുകൂട്ടി. മഴ തീർന്ന ശേഷം അദ്ദേഹം വീണ്ടും പ്രസംഗം തുടങ്ങി. പ്രസംഗം വളരെ വിശേഷമായിരുന്നു. പ്രസംഗം കഴിഞ്ഞു, അകത്തു പോയി, വസ്ത്രങ്ങളെ ഉണക്കി, അദ്ദേഹം പുറത്തു വന്നപ്പോൾ, "ഇവിടെ ഒരു ഭജനമഠം ഉണ്ടായാൽ നന്നു" എന്നു പറഞ്ഞു. ഇററലി രാജ്യത്തിൽ ദേശാടനം ചെയ്തു വന്ന രണ്ടു മദാമ്മമാർ, ഒരു ഭജനമഠം സ്ഥാപിക്കുന്നതിനായി, വേണ്ട ദ്രവ്യം നൽകാൻ ഞങ്ങൾ ഉറച്ചിരിക്കുന്നു.,—എന്നു എഴുതിട്ടുള്ള ഒരെഴുത്തു ബുക്കർ അടുത്ത ദിനം കൈപ്പററി.

൧൮൮൮- അമേരിക്കയിലെ ധൈശ്രവണന്മാരിൽ അഗ്രഗണ്യനായ ആൻഡ്രൂകാർനേജി എന്ന പേരായ മഹാനിൽ നിന്നു ദ്രവ്യസഹായം ലഭിക്കുന്നതിനു ബുക്കർ പത്തു വർഷം അക്ഷീണമായി പ്രയത്നിച്ചു. അതിന്റെ ശേഷം ടസ്കേജി വിദ്യാലയത്തിലേയ്ക്കുചെയ്യുന്ന ദാനം അനുചിതമാകയില്ലെന്നു അദ്ദേഹത്തെ ധരിപ്പിക്കുന്നതിലേയ്ക്കായി ബുക്കർ ഇപ്രകാരം ഒരെഴുത്തയച്ചു.:—

ഡിസംബർ, ൧൯, ൧൯൦൦.

മിസ്റ്റർ ആൻഡ്രൂ കാർനേജി, ഇ. പ. ഇത്-ാം തെരുവ്.

ന്യൂയാക്ക്.

മാന്യ മിത്രമെ!,

ഏതാനും ദിവസങ്ങൾക്കു മുമ്പെ നിങ്ങളുടെ വാസസ്ഥലത്തു വച്ചു ഞാൻ നിങ്ങളെ കണ്ടു സംസാരിച്ച അവസരത്തിൽ, നിങ്ങൾ എന്നോടാവശ്യപ്പെട്ടതനുസരിച്ചു ഞങ്ങളുടെ വിദ്യാലയത്തിൽ സ്ഥാപിക്കണമെന്നുദ്ദേശിക്കുന്ന ഗ്രന്ഥമന്ദിരത്തെപ്പറ്റി ഒരു വിവരണവും ധനദാനത്തിനുള്ള അഭ്യർത്ഥനയും രേഖാമൂലമായി സവിനയം അയച്ചുകൊള്ളുന്നു.

ഞങ്ങളുടെ വിദ്യാലയത്തിൽ, ൧൫൦൦ വിദ്യാർത്ഥികളും സകുടുംബം അധിവസിക്കുന്ന വന്ന ഉദ്യോഗസ്ഥന്മാരും, ഉപദേഷ്ടാക്കളും, ശമ്പളക്കാരും ഉണ്ട്. ഇവർക്കും സമീപവാസികളായ ഇരുനൂറോളം നീഗ്രോ-കുടുംബങ്ങൾക്കും ഗ്രന്ഥമന്ദിരം ഉപയോഗമുള്ളതായി ഭവിക്കും. സ്നേഹിതന്മാർ സംഭാവന ചെയ്തുവയായി ൧൮൦൦ ഗ്രന്ഥങ്ങളും മാസികകളും മറ്റും ഇപ്പോൾ ഈ വിദ്യാലയത്തിൽ ഉണ്ട്. ഇവയെ സൂക്ഷിച്ചു വയ്ക്കുന്നതിനു ശരിയായ ഒരു വായനശാല കെട്ടുന്നതിലേക്കു ഞങ്ങൾക്കു ഇതുവരെ കഴിവുണ്ടായിട്ടില്ല.

ഈ പള്ളിക്കൂടത്തിൽ പഠിച്ചിട്ടുള്ള വിദ്യാർത്ഥികൾ തെക്കൻദിക്കുകളിൽ എല്ലാഭാഗങ്ങളിലും ജോലിയിൽ പ്രവേശിച്ചിരിക്കുന്നുണ്ട്. ഇന്നിടെയുണ്ടാകുന്ന ഗ്രന്ഥമന്ദിരത്തിൽ നിന്നു പ്രദാനം ചെയ്യപ്പെടുന്ന വിദ്യ, നീഗ്രോവംശത്തിന്റെ അഭ്യുന്നതിക്കു ഉപയുക്തമാകുന്നതാണ്.

ഇപ്പോഴത്തെ ആവശ്യം നിറവേറുന്നതിനു ൫൦൦൦ ഡാളർ ചെലവാക്കി ഒരു കെട്ടിടം ഉണ്ടാക്കേണ്ടിയിരിക്കുന്നു. കെട്ടിടം സംബന്ധിച്ച ജോലി, അതാവിധം, ഇഷ്ടിക ചുടുക, കൊത്തുവേല, ആശാരിവേല, കൊല്ലുവേല മുതലായവ വിദ്യാർത്ഥികൾ ചെയ്തു കൊള്ളും.

നിങ്ങൾ തരുന്ന ദ്രവ്യംകൊണ്ടു വായനശാലപ്പണി നടക്കുന്നതാണ്. ഇതുകൂടാതെ അനേകം വിദ്യാർത്ഥികൾക്കു തൊഴിലഭ്യസത്തിൽ പരിചയം ഉണ്ടാകുകയും ചെയ്യും. വേലചെയ്യുന്ന കാലത്തു അവർ സമ്പാദിക്കുന്ന ധനം പിന്നീടു പഠിത്തത്തിലേക്കു ഉപയോഗപ്പെ

ടുകയും ചെയ്യും. ഒരു വംശത്തിനെ ഉൽഗതിയെ പ്രാപിപ്പിക്കുന്നതി ലേയ്ക്കു ഇത്രത്തോളം ഫലപ്രദമായിത്തീരുന്ന ഒരു ദ്രവ്യദാനമാണ് വേറെ ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

കൂടുതലായി വിവരം അറിയണമെന്നുള്ളപക്ഷം അറിയിക്കാൻ ഞാൻ സദാ സന്തുഷ്ടനായിരിക്കുന്നു.

എന്നു വിധേയൻ.

ബുക്കർ ടി. വാഷിങ്ടൺ,

പ്രധാനാധ്യാപകൻ."

ക്ഷ്ര- അടുത്ത തപാൽമാസ്സം ഈ എഴുത്തിനു മറുപടി വന്നു. അതിലെ വാചകം ഇങ്ങനെയായിരുന്നു:—

ക്ഷ്ന- "ഗ്രന്ഥമന്ദിരത്തിനും വായനശാലയ്ക്കും ആയി ക്ഷ,൦൦൦ ഡാളർ തരുന്നതിലേയ്ക്കു എനിയ്ക്കു സന്തോഷമുണ്ട്. നിങ്ങളുടെ ഉത്തമമായ പ്രവൃത്തിയിൽ ഇത്രയും സഹായം ചെയ്യാൻ അവസരം ഉണ്ടായതിൽ ഞാൻ സന്തുഷ്ടനായിരി ക്കുന്നു."

ക്ഷ്ര- മേൽ വിവരിച്ചുമാതിരിയിലുള്ള പ്രബലമായ സ ഹായങ്ങൾക്കു പുറമെ, ചില്വറയായി വർഷം തോറും ടസ്കേ ജിവിദ്യാലയത്തിലേക്കു ദാനങ്ങൾ കിട്ടാറുണ്ട്. പൂർവ്വ വിദ്യാ ർത്ഥികളും പ്രതിവർഷം മാതൃകാപരമായ വിദ്യാലയത്തിലേയ്ക്കു യഥാശക്തി സംഭാവന ചെയ്തു വരുന്നുണ്ട്.

ക്ഷ്ദ- ബുക്കർ ടി. വാഷിങ്ടൺ പറയുന്നു:—"ധനവാ ന്മാരുടെ ശ്രദ്ധയെ സമ്പാദിക്കാൻ ഏറ്റവും ഉപയോഗപ്പെ ടുന്നതു കാര്യം നേരെ പറയുന്ന സമ്പ്രദായം തന്നെ. പണ മിടപെട്ട കാര്യത്തിലും മറ്റും ഞാൻ ടസ്കേജിയിൽ ഏർപ്പെ ടുത്തീട്ടുള്ള രീതികളും ന്യായക്രമങ്ങളും എല്ലാ ധനകാര്യാലയങ്ങ ളിലും നടപ്പുള്ള സമ്പ്രദായങ്ങളോടുയോജിച്ചിരിക്കുന്നു. വിദ്യാ ലയത്തിനായി ലഭിച്ചിട്ടുള്ള പല ദ്രവ്യസഹായങ്ങളെപ്പറ്റി ഞാൻ പറഞ്ഞിട്ടുണ്ടല്ലൊ; എങ്കിലും ഞങ്ങൾക്കു അനല്പ മായ സഹായം സാധാരണക്കാരായ പലരിൽ നിന്നുമാണു

ലഭിച്ചിട്ടുള്ളത്. ലോകോപകാരകമായ സകല പ്രധാനകാര്യങ്ങളും സാധിക്കേണ്ടതു അനേകം ജനങ്ങളിൽ നിന്നും സല്പാ സല്പമായി ഉണ്ടാകുന്ന സഹായങ്ങളാൽ കൊണ്ടാകുന്നു. മതപ്രചാരകന്മാരിൽ നിന്നും എനിക്കു നിഷ്കളങ്കമായ സഹായം സിദ്ധിച്ചിട്ടുണ്ട്. ക്രിസ്ത്യാനിയായിരിക്കുന്നതിനു എന്നെ ഏതെങ്കിലും പ്രേരിപ്പിക്കുന്നുണ്ടെങ്കിൽ അതു കഴിഞ്ഞ മുപ്പത്തഞ്ചു വർഷകാലം നീഗ്രോ-ജനോദ്ധാരണവിഷയത്തിൽ മതപ്രചാരസ്ഥാപനങ്ങളാൽ സാവധാനികമായി പരിപാലിച്ചു വരുന്ന ധർമ്മപ്രവൃത്തിയത്രെ. സൂയ്വാര വിദ്യാലയങ്ങളിലും ക്രൈസ്തവസന്ന്യാസികാംഗങ്ങളിലും മതപ്രചാരസമാജങ്ങളിലും മതാലയങ്ങളിലും, നിന്നു സല്പാ സല്പമായി, ഉണ്ടാകുന്ന സഹായം ഒന്നത്രേ നീഗ്രോ-ജനസാമാന്യത്തെ ഇത്ര വേഗത്തിൽ ഉന്നതപദത്തെ പ്രാപിപ്പിച്ചിട്ടുള്ളത്."

൨. ഫ്രന്റ്- തൃതീയവർഷം മുതൽ വിദ്യാലയത്തിലേയ്ക്കു പ്രത്യേകമായി മൂന്നു വഴികളിൽ നിന്നു ദ്രവ്യസഹായം ഉണ്ടായി. (ഗ) ആലബാമാ ഗവർമ്മെണ്ടിൽ നിന്നു കിട്ടി വന്ന ധനസഹായം വർദ്ധിച്ചു. ഇപ്പോൾ വർഷം തോറും ൪൫൦൦ ഡാളർ ലഭിക്കുന്നുണ്ട്. (ഘ) ജാൺ എഫ്. സ്ലെറർ ഫണ്ടിൽ നിന്നു കാര്യസ്ഥന്മാർ, പ്രതിവർഷം ൨൫൦൦൦-ഡാളർ നൽകി വരുന്നു. (ങ) പീ. ബാഡി ഫണ്ടിൽ നിന്നു ഇപ്പോൾ ൨൫൦൦ ഡാളർ വാർഷിക ദാനം ഉണ്ടാകുന്നുണ്ട്. സ്ലെറർ, പീബാഡി, എന്ന നാമധേയങ്ങളെ വഹിക്കുന്ന സ്വത്തുക്കളിൽ നിന്നു സഹായം ലഭിച്ചതോടു കൂടി, ബുക്കർ മഹാന്മാരായ രണ്ടു യോഗ്യന്മാരുടെ പരിചയവും ലഭിച്ചു. ഇവർ ബഹുമാനപ്പെട്ട ജെ. എൽ. എം. കറിയും., മിസ്റ്റർ മാറിസ് കെ. ജെസൂപ് എന്നിവരാണു്. മേൽ വിവരിച്ച സ്വത്തുക്കളുടെ കാര്യസ്ഥന്മാർ ഇവരായിരുന്നു. ഈ യോഗ്യന്മാരിൽ നിന്നു ബുക്കർ കൂടക്കൂടെ ഉപദേശരൂപമായ വലിയ സഹായവും ലഭിച്ചിരുന്നു. ഡാക്ടർ കറി ദക്ഷിണ-ദേശക്കാരനും, കലഹകാലത്തിൽ ഉത്തര ദേശക്കാരോടു യുദ്ധം ചെയ്തയാളും ആയിരുന്നു. അദ്ദേഹത്തിനു ജാതിസ്നേഹം തീരെ ഉണ്ടായിരു

ന്നില്ല. വെള്ളക്കാക്കും നീഗ്രോ-ജനങ്ങൾക്കും അദ്ദേഹത്തോട് ഒരുപോലെ ബഹുമാനം ഉണ്ടായിരുന്നു. ബുക്കർ അദ്ദേഹത്തെ ആദ്യം സന്ദർശിച്ച അവസരത്തെ ഇപ്രകാരം വിവരിച്ചിട്ടുണ്ട്:—"അദ്ദേഹത്തെ ആദ്യമായി കണ്ട സമയത്തെ ഞാൻ ഒരിക്കലും മറക്കുകയില്ല. അദ്ദേഹം അക്കാലം താമസിച്ചുവന്ന വാ-ഷിങ്ടൺ നഗരത്തിൽ വച്ചാണു അതു ഉണ്ടായത്. ഞാൻ അദ്ദേഹത്തെക്കുറിച്ചു വളരെ ഒക്കെ കേട്ടിട്ടുണ്ടായിരുന്നു. ആദ്യം അദ്ദേഹത്തിന്റെ സന്നിധിയിൽ ചെന്നപ്പോൾ, പരിചയക്കുറവും ചെറുപ്പവും കൊണ്ടു എനിക്കു സ്വല്പം സംഭ്രമം ഉണ്ടായിരുന്നു. അപ്പോൾ അദ്ദേഹം എന്റെ വ്യാകുലത കണ്ടു എന്റെ കൈക്കുപിടിച്ചു വാത്സല്യത്തോടു കൂടി മൃദുവായി സംസാരിച്ചു എന്നെ സമാധാനപ്പെടുത്തി. പള്ളിക്കൂടം നടത്തേണ്ട രീതിയെപ്പറ്റി വിലയേറിയ ഉപദേശം പറഞ്ഞു തന്നു. സ്വാത്മവിസ്മൃതിയോടുകൂടി ജനോൽക്കർഷത്തിനായി നിരന്തരം യത്നം ചെയ്തുവന്ന ഒരു മഹാത്മാവായിരുന്നു അദ്ദേഹം എന്നു അന്നുമുതൽ ഞാൻ അറിഞ്ഞു. മിസ്റ്റർ മാറിസ് കെ. ജേസൂപ്. എന്നയാൾ സ്ലോറർ ഭണ്ഡാഗാരാദ്ധ്യക്ഷനായിരുന്നു. അദ്ദേഹത്തിന്റെ ഉത്സാഹത്തിന്റെ ഫലമായാണു വ്യാവസായിക വിദ്യാഭ്യാസത്തിനു ഇത്രത്തോളം പ്രാധാന്യം ഉള്ളവായിട്ടുള്ളതു്.

അദ്ധ്യായം ഏഴു.

ആഞ്ചു മിനിട്ടുനേരം പ്രസംഗിക്കാനായി രണ്ടായിരം മൈൽ ദൂരം പോയതു്.

ഏകദേശം തൃതീയ വർഷത്തിൽ തന്നെ രാത്രിയിൽ രണ്ടു മണിക്കൂർ സമയം പഠിത്തം നടത്തുന്നതിലേയ്ക്കു ഒരു ഏർപ്പാടു ചെയ്യേണ്ടതായി വന്നു. ഇതു പള്ളിക്കൂടത്തിൽ ചേർന്നു

ഫീസുകൊടുത്തു പഠിക്കാൻ ശക്തിയില്ലാത്തവർക്കു വേണ്ടിയാ
യിരുന്നു. പകൽ പത്തു മണിക്കൂർ നേരം ഓരോ തൊഴിലു
കൾ ചെയ്യുന്നതിനായി കൊടുക്കപ്പെട്ട ക്ലാലി, ഇവരുടെ
ആഹാരത്തിനും മറ്റു ചെലവുകൾക്കും മതിയായിരുന്നു.
ഇതുകൂടാതെ ഇവരുടെ വകയായി മുതൽപിടിയിൽ വയ്ക്കു
പ്പെട്ടിരുന്ന ഏതാണ്ടും ദ്രവ്യം ഒന്നു രണ്ടുവർഷം കഴിഞ്ഞു
പള്ളിക്കൂടത്തിൽ ക്രമമായി പഠിക്കുന്ന കാലത്തു ഇവരുടെ
ചെലവിനായി ഉപയോഗിക്കപ്പെട്ടുവന്നു. ഈ വകുപ്പിൽ
ഇപ്പോൾ ചേർന്നു വേല ചെയ്യുകയും അതിന്റെ ശേഷം പഠി
ക്കുകയും ചെയ്യുന്നവരായി ൪൫ പേർ ഉണ്ട്. ഒന്നു രണ്ടു
കൊല്ലം രാത്രിയിൽ രണ്ടു മണിക്കൂർ സമയം വീതം പഠി
ക്കുകയും പകൽ പത്തു മണിക്കൂർ നേരം അധ്വാനിക്കുകയും
ചെയ്തതിന്റെ ശേഷം ഈ വകുപ്പിൽ ചേർന്നിട്ടുള്ള വിദ്യാ
ർത്ഥികൾക്കു ഒരു സൌകര്യം കൊടുക്കപ്പെട്ടുന്നുണ്ട്. അതാ
വിതു, അവർ പിന്നീടുള്ള കൊല്ലത്തിൽ പ്രതിവാരം ൪
ദിവസം പള്ളിക്കൂടത്തിൽ പഠിക്കുന്നതിനും രണ്ടു ദിവസം
അധ്വാനം ചെയ്യുന്നതിനും അനുവദിക്കപ്പെടുന്നു. ഏതു
ധനവ്യയം ചെയ്യുന്നതിനും ശക്തനായ വിദ്യാർത്ഥിയും
ദേഹാധ്വാനം ഒഴിക്കാൻ പാടില്ലാത്ത വിധത്തിലാണു ഈ
വിദ്യാലയത്തിലെ അഭ്യാസരീതി. കൈത്തൊഴിൽ, മനഃ
പരിഷ്കരണം ഇവയ്ക്കു പ്രാധാന്യം കല്പിച്ചിരിക്കുന്നതിനാൽ
ടസ്കേജി വിദ്യാശാലയിൽ മതസംബന്ധമായ പരിശീലനം
ഇല്ലെന്നു വിചാരിച്ചു പോകരുതു്. വിദ്യാശാലയിൽ
ക്രൈസ്തവമതത്തിന്റെ വകഭേദങ്ങളിലൊന്നിനും തന്നെ
പ്രത്യേകമായ സ്ഥാനവലിപ്പം കൊടുത്തിട്ടില്ല. ആ മത
ത്തിലുള്ള സാമാന്യതത്ത്വങ്ങളെ മാത്രമേ ഇവിടെ ഉപദേശി
ക്കുന്നുള്ളൂ. മതപ്രസംഗങ്ങളും പ്രാർത്ഥനായോഗങ്ങളും ഞായ
റാഴ്ചപ്പാഠശാലകളും ക്രിസ്തു അധ്വാനസംഘങ്ങളും, ക്രൈസ്ത
വയുവജനസമാജങ്ങളും ഈ വിദ്യാലയത്തിൽ കൂടക്കൂടെ നട
ക്കുന്നുണ്ട്.

൧൮൮൫-ൽ ബുക്കർ മിസ്സ് ഒലിവിയാ ഡെവിഡ്
സനെ വിവാഹം ചെയ്തു. അതിൽ പിന്നെ അവൾ

ന്നില്ല. വെള്ളക്കാക്കും നീഗ്രോ-ജനങ്ങൾക്കും അദ്ദേഹത്തോടു ഒരുപോലെ ബഹുമാനം ഉണ്ടായിരുന്നു. ബുക്കർ അദ്ദേഹത്തെ ആദ്യം സന്ദർശിച്ച അവസരത്തെ ഇപ്രകാരം വിവരിച്ചിട്ടുണ്ട്:—"അദ്ദേഹത്തെ ആദ്യമായി കണ്ട സമയത്തെ ഞാൻ ഒരിക്കലും മറക്കുകയില്ല. അദ്ദേഹം അക്കാലം താമസിച്ചുവന്ന വാഷിങ്ടൺ നഗരത്തിൽ വച്ചാണു അതു ഉണ്ടായത്. ഞാൻ അദ്ദേഹത്തെക്കുറിച്ചു വളരെ ഒക്കെ കേട്ടിട്ടുണ്ടായിരുന്നു. ആദ്യം അദ്ദേഹത്തിന്റെ സന്നിധിയിൽ ചെന്നപ്പോൾ, പരിചയക്കുറവും ചെറുപ്പവും കൊണ്ടു എനിക്കു സ്വല്പം സംഭ്രമം ഉണ്ടായിരുന്നു. അപ്പോൾ അദ്ദേഹം എന്റെ വ്യാകുലത കണ്ടു എന്റെ കൈക്കുപിടിച്ചു വാത്സല്യത്തോടെ ക്രൂടി മൃദുവായി സംസാരിച്ചു എന്നെ സമാധാനപ്പെടുത്തി. പള്ളിക്കൂടം നടത്തേണ്ട രീതിയെപ്പറ്റി വിലയേറിയ ഉപദേശം പറഞ്ഞു തന്നു. സ്വാത്മവിസ്മൃതിയോടുകൂടി ജനോൽക്കർഷത്തിനായി നിരന്തരം യത്നം ചെയ്യുവന്ന ഒരു മഹാത്മാവായിരുന്നു അദ്ദേഹം എന്നു അന്നുമുതൽ ഞാൻ അറിഞ്ഞു. മിസ്റ്റർ മാറിസ് കെ. ജേസൂപ്. എന്നയാൾ സ്ലേറർ ഭണ്ഡാഗാരാദ്ധ്യക്ഷനായിരുന്നു. അദ്ദേഹത്തിന്റെ ഉത്സാഹത്തിന്റെ ഫലമായാണു വ്യാവസായിക വിദ്യാഭ്യാസത്തിനു ഇത്രത്തോളം പ്രാധാന്യം ഉള്ളവായിട്ടുള്ളത്.

അദ്ധ്യായം ഫന

അഞ്ചു മിനിട്ടുനേരം പ്രസംഗിക്കാനായി രണ്ടായിരം മൈൽ ദൂരം പോയത്.

ഫ്രൈ- തൃതീയ വർഷത്തിൽ തന്നെ രാത്രിയിൽ രണ്ടു മണിക്കൂർ സമയം പഠിത്തം നടത്തുന്നതിലേയ്ക്കു ഒരു ഏർപ്പാടു ചെയ്യേണ്ടതായി വന്നു. ഇതു പള്ളിക്കൂടത്തിൽ ചേർന്ന

ഫീസുകൊടുത്തു പഠിക്കാൻ ശക്തിയില്ലാത്തവർക്കു വേണ്ടിയാ യിരുന്നു. പകൽ പത്തു മണിക്കൂർ നേരം ഓരോ തൊഴിലു കൾ ചെയ്യുന്നതിനായി കൊടുക്കപ്പെട്ട കൂലി, ഇവരുടെ ആഹാരത്തിനും മറ്റു ചെലവുകൾക്കും മതിയായിരുന്നു. ഇതുകൂടാതെ ഇവരുടെ വകയായി മുതൽപിടിയിൽ വയ്പ്പെട്ടിരുന്ന ഏതാണ്ടും ദ്രവ്യം ഒന്നു രണ്ടുവർഷം കഴിഞ്ഞു പള്ളിക്കൂടത്തിൽ ക്രമമായി പഠിക്കുന്ന കാലത്തു ഇവരുടെ ചെലവിനായി ഉപയോഗിക്കപ്പെട്ടുവന്നു. ഈ വകുപ്പിൽ ഇപ്പോൾ ചേർന്നു വേല ചെയ്യുകയും അതിന്റെ ശേഷം പഠി ക്കയും ചെയ്യുന്നവരായി ൪൫ പേർ ഉണ്ട്. ഒന്നു രണ്ടു കൊല്ലം രാത്രിയിൽ രണ്ടു മണിക്കൂർ സമയം വീതം പഠി ക്കയും പകൽ പത്തു മണിക്കൂർ നേരം അധ്വാനിക്കയും ചെയ്തതിന്റെ ശേഷം ഈ വകുപ്പിൽ ചേർന്നിട്ടുള്ള വിദ്യാ ർത്ഥികൾക്കു ഒരു സൌകര്യം കൊടുക്കപ്പെടുന്നുണ്ട്. അതാ വിതു, അവർ പിന്നീടുള്ള കൊല്ലത്തിൽ പ്രതിവാരം ൪ ദിവസം പള്ളിക്കൂടത്തിൽ പഠിക്കുന്നതിനും രണ്ടു ദിവസം അധ്വാനം ചെയ്യുന്നതിനും അനുവദിക്കപ്പെടുന്നു. ഏതു ധനവ്യയം ചെയ്യുന്നതിനും ശക്തരായ വിദ്യാർത്ഥിയ്ക്കും ദേഹാധ്വാനം ഒഴിക്കാൻ പാടില്ലാത്ത വിധത്തിലാണു ഈ വിദ്യാലയത്തിലേ അഭ്യാസരീതി. ഒക്കെത്തോഴിൽ, മനഃ പരിഷ്കരണം ഇവയ്ക്കു പ്രാധാന്യം കല്പിച്ചിരിക്കുന്നതിനാൽ ടസ്കേജി വിദ്യാശാലയിൽ മതസംബന്ധമായ പരിശീലനം ഇല്ലെന്നു വിചാരിച്ചു പോകരുത്. വിദ്യാശാലയിൽ ക്രൈസ്തവമതത്തിന്റെ വകഭേദങ്ങളിലൊന്നിനും തന്നെ പ്രത്യേകമായ സ്ഥാനവലിപ്പം കൊടുത്തിട്ടില്ല. ആ മത ത്തിലുള്ള സാമാന്യതത്വങ്ങളെ മാത്രമേ ഇവിടെ ഉപദേശി ക്കുന്നുള്ളൂ. മതപ്രസംഗങ്ങളും പ്രത്യുനായോഗങ്ങളും ഞായ റാഴ്ചപ്പാഠശാലകളും ക്രിസ്ത്യ അധ്വാനസംഘങ്ങളും, ക്രൈസ്ത വയുവജനസമാജങ്ങളും ഈ വിദ്യാലയത്തിൽ കൂടക്കൂടെ നട ക്കുന്നുണ്ട്.

൨൫-൹വ- ൹വ്വ൪-ൽ ബുക്കർ മിസ്സ് ഒഫീവിയാ ഡെവിഡ് സനെ വിവാഹം ചെയ്തു. അതിൽ പിന്നെ അവർ

തന്റെ സമയത്തെ ഗൃഹകൃത്യത്തിലും വിദ്യാലയപ്രവൃത്തിയിലും വിനിയോഗിച്ചു വന്നിരുന്നു. ധനശേഖരം ചെയ്യുന്നതിലേയ്ക്കായി ഉത്തര ദേശങ്ങളിൽ സഞ്ചരിക്കുന്ന ജോലി അപ്പോഴും അവൾ ഉപേക്ഷിച്ചിട്ടില്ല. പള്ളിക്കൂടത്തിലേയ്ക്കായി കഠിനമായും സന്തോഷകരമായും എട്ടു കൊല്ലക്കാലത്തോളം അധ്വാനിക്കയും നാലു കൊല്ലക്കാലം ഭാര്യാവൃത്തിയിൽ ഇരിക്കയും ചെയ്തശേഷം ഫ്രഡ്വൻ-ൽ അവൾ ചരമദശയെ പ്രാപിച്ചു. അവളുടെ ആയുഷ്കാലം ചുരുങ്ങുന്നതിനുള്ള കാരണം അസ്വാസ്ഥ്യപരമായ അവളുടെ അധ്വാനംതന്നെ ആയിരുന്നു. ബുക്കർക്ക് അവളിൽ രണ്ടു പുരുഷപ്രജകൾ ജനിച്ചിട്ടുണ്ട്. അവരുടെ പേരുകൾ ബേക്കർ താലിയഫെറൊ എന്നും ഏർനെസ്റ്റ് ഡേവിഡ്സൺ എന്നും ആകുന്നു. ഇവരിൽ മൂത്തവനായ ബേക്കർ ഇപ്പോൾ ചെങ്കല്ലുണ്ടാക്കുന്ന ജോലി വശമാക്കീട്ടുണ്ട്.

ഫ്രഡ്വൻ- "മഹാസഭകളിൽ ഞാൻ പ്രസംഗം ചെയ്തു തുടങ്ങിയതു എന്നു മുതല്ക്കാണെന്നു എന്നോടു അനേകം ആളുകൾ ചോദിച്ചിട്ടുണ്ട്. ഇതിനുത്തരമായി, പ്രസംഗങ്ങൾ നടത്തികീർത്തി നേടണമെന്നോ, അതിനെ ഒരു തൊഴിലായി സ്വീകരിക്കണമെന്നോ ഞാൻ ഒരിക്കലും വിചാരിച്ചിട്ടില്ലെന്നു മാത്രമേ പ്രസ്താവിക്കേണ്ടതുള്ളു. ഓരോന്നു ചെയ്യണമെന്നില്ലാതെ അതിനെപ്പറ്റി സംസാരിക്കണമെന്നു എനിയ്ക്കു ഒരിക്കലും മോഹം തോന്നീട്ടില്ല." എന്നു പ്രസംഗവിഷയത്തെ പറ്റി ബുക്കർ പറഞ്ഞിട്ടുണ്ട്. അയാൾ മഹായോഗങ്ങളിൽ പ്രസംഗം ചെയ്വാൻ തുടങ്ങിയതു ഇക്കാലത്തായിരുന്നു. ജനറൽ ആറംസ്ട്രാങ്ങിനോടു കൂടി ഉത്തര ദേശത്തിൽ ബുക്കർ യാത്ര ചെയ്തിരുന്ന കാലം, അയാളുടെ പ്രസംഗം കേട്ടിട്ടുള്ളവരിൽ ഒരാളായിരുന്ന ബഹു. ബിൿനൽ. മാഡിസൻ നഗരത്തിൽ വച്ചു നടന്ന വിദ്യാപ്രവർത്തകയോഗത്തിൽ സംഘത്തിന്റെ അദ്ധ്യക്ഷനായ ബ. താമസ് ഡബ്ളിയു ബിൿനൽ എന്ന ധരയുടെ ആവശ്യപ്രകാരമാണു ബുക്കർ ആദ്യമായി ഒരു പൊതുയോഗത്തിൽ പ്രസംഗം നടത്തിയത്. ഇതിനു ശ്രോതാക്കളായി നാല്പ

യിരത്തിപ്പുരം ജനങ്ങൾ ഉണ്ടായിരുന്നു. സമുദായവിദ്യാഭ്യാസപ്രവർത്തകസംഘത്തിലേ മഹായോഗത്തിൽ വച്ചു നടത്തിയ പ്രസംഗത്തെ പറ്റി ബുക്കർ ഇങ്ങനെ എഴുതീട്ടുണ്ട്:—"മഹാസഭയുടെ മുമ്പാകെ ഞാൻ പ്രസംഗം ചെയ്യുമ്പോൾ കേൾവിക്കാരായി നാലായിരത്തിലധികം ജനങ്ങൾ ഉണ്ടായിരുന്നു. ടസ്കേജിയിലും ആലബാമായിലും ഉള്ള പല ആളുകളും അവിടെ ഉണ്ടായിരുന്നു. ഒരു കഥ ഞാൻ അറിഞ്ഞിരുന്നില്ല. ഞാൻ ദക്ഷിണദേശത്തിലെ ജനങ്ങളെ പൊതുവെ അധിക്ഷേപിക്കുമെന്നു കരുതിത്തന്നെയാണു അവർ വന്നതെന്നും, പ്രസംഗത്തിൽ അപ്രകാരം ഒന്നും ഇല്ലാതിരുന്നതു അത്ഭുതമായിരുന്നെന്നും, അവർ മറെറാരവസരത്തിൽ എന്നോടു പറഞ്ഞിട്ടുണ്ട്. ദാക്ഷിണാത്യന്മാർ ചെയ്തിട്ടുണ്ടായിരുന്ന സ്തുത്യംഗങ്ങളായ കൃത്യങ്ങളെ പറ്റി ഞാൻ യഥോചിതം ശ്ലാഘിച്ചു പറഞ്ഞിരുന്നു. ടസ്കേജിയിലെ ഒരു കലാലയത്തിലെ അധ്യാപികയായ ഒരു മഠാമ്മ, എന്റെ പ്രസംഗത്തെയും, അഭിപ്രായങ്ങളെയും പറ്റി ഒരു അനുമോദനം, ഒരു പത്രത്തിൽ പ്രസിദ്ധപ്പെടുത്തി. മാഡിസണിൽ വച്ചു നടത്തിയ ഈ പ്രസംഗത്തിലാണു ജാതിസംബന്ധമായ വിഷയങ്ങളെപ്പറ്റിയുള്ള എന്റെ അഭിപ്രായങ്ങളെ ഞാൻ ആദ്യമായി പ്രസ്താവിച്ചത്. ശ്രോതാക്കന്മാർ എന്റെ അഭിപ്രായത്തോടു യോജിച്ചു എന്നു എനിക്കു തോന്നി. ഞാൻ ആദ്യം ടസ്കേജിയിൽ വന്ന സമയം, അവിടെ തന്നെ എന്റെ താമസം ഉറപ്പിക്കണമെന്നും, ജനങ്ങളുടെ ശരിയായ പ്രവൃത്തികളിൽ സോത്സാഹം പങ്കുകൊള്ളണമെന്നും, അവരുടെ ന്യായവിരുദ്ധങ്ങളായ കൃത്യങ്ങളെപ്പറ്റി, വെള്ളക്കാരെപ്പോലെ തന്നെ അനുശോചിക്കണമെന്നും, മനസ്സിൽ ഉറച്ചിരുന്നു. തെക്കൻദിക്കിലെ ഒരു സഭയിൽ വച്ചു പറവാൻ ഞാൻ മടിക്കുന്ന യാതൊരു സംഗതിയേയും വടക്കൻ ദിക്കിൽ വച്ചു പറയുകയില്ലെന്നു ഞാൻ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ഒരുത്തനെ ആക്ഷേപിച്ചു, അവനെ നന്നാക്കാൻ ശ്രമിക്കുന്നതു ദോഷത്തവും, ഗുണഭാഗം മാത്രം നോക്കുന്നതു സാമർത്ഥ്യവും, ദോഷത്തിൽ

തന്നെ ശ്രദ്ധിക്കുന്നതു അനുചിതവും ആണെന്നു ഞാൻ വളരെ മുമ്പു തന്നെ മനസ്സിലാക്കീട്ടുണ്ടായിരുന്നു. മേല്പറഞ്ഞ പ്രമാണത്തെ അനുസരിച്ചു ഞാൻ യഥാകാലം യഥാവിധി ദാക്ഷിണാത്യന്മാരുടെ അധമകൃത്യങ്ങളെ പാടി അസന്ദിഗ്ദ്ധരീതിയിൽ ജനങ്ങളുടെ ദൃഷ്ടിയെ ആകൃഷ്ടിക്കുന്നേ കായ്ത്തിൽ തളരാതെ പ്രയത്നിച്ചിട്ടുണ്ട്. ന്യായവിരുദ്ധമായ നടവടിയെ അനുചിതമാക്കി തെളിവായും, നിർവ്യാജമായും, ദുരാഗ്രഹനിരൂപണം ചെയ്യുന്നതു തെക്കൻ ദേശക്കാരിൽ പലർക്കും അപ്രിയമല്ലെന്നു ഞാൻ കാണുന്നുണ്ട്. അവരുടെ നടവടിത്തെറ്റുകളെ കുറിച്ചു പ്രസ്താവിക്കുന്നതിനു ഉചിതമായ സ്ഥലം അവരുടെ ദേശം തന്നെ ആണ്. ബാസ്റ്റൺ നഗരവാസിയായ ഒരുത്തൻ ആ സ്ഥലത്തുള്ളവരുടെ ആക്ഷേപത്തെ ആലബാമായിൽ വച്ചു പ്രസംഗിക്കുന്നതിൽ വലിയ ഗുണം ഉണ്ടാകുന്നില്ല;—ഓരോ ദേശക്കാരുടെ തെറ്റുകളെ പറഞ്ഞു പറയുന്നതു അവരുടെ സ്ഥലങ്ങളിൽ വെച്ചു തന്നെ വേണ്ടതാണ്. എന്നാൽമാത്രമേ അതിൽ നിന്നു പ്രയോജനം ഉണ്ടാകയുള്ളൂ. മാന്യമാർഗ്ഗങ്ങളിൽ ക്രൂടി ഇരു ജാതിക്കാരെയും നടത്തുകയും പരസ്പരസ്നേഹത്തെ പരിപാലിക്കയും, ഛിദ്രത്തിനുള്ള വഴികളെ തടയുകയും, ചെയ്യുന്നതു ജാതിവൈഷമ്യനിവാരണം ആകുമെന്നു മാഡിസൺ പ്രസംഗത്തിൽ ഞാൻ നിർദ്ദേശിച്ചിട്ടുണ്ട്. തങ്ങൾ താമസിച്ചുവരുന്ന സ്ഥലത്തിന്റെയും, അതിലെ ജനസമുദായത്തിന്റെയും പൊതുഗുണത്തെ മാത്രം ആസ്പദമാക്കിയാണു പൌരന്മാർ തങ്ങളുടെ അവകാശത്തെ പ്രയോഗിക്കേണ്ടതെന്നു ഞാൻ നിബന്ധിച്ചിട്ടുണ്ട്. സാമർത്ഥ്യം, പഠിത്തം, സ്വഭാവഭാഗ്യം ഇവ മൂലം തങ്ങളുടെ സമീപവാസികളായ മറു ജാതിക്കാരുടെ സ്നേഹത്തെയും, സഹായത്തെയും ആകർഷിക്കത്തക്കവിധം അവരവരുടെ ജീവിതത്തെ നീഗ്രോ-ജനങ്ങൾ ഉപകാരപ്രദമാക്കുന്നതോറും അവരുടെ ഭാവികാലം ശ്രേയസ്കരമായിത്തീരുമെന്നു ആ പ്രസംഗത്തിൽ ഞാൻ വിവരിച്ചിട്ടുണ്ട്. അന്യനെക്കാൾ നന്നായിട്ടു ഒന്നിനെ ചെയ്വാൻ പഠിക്കുന്നവൻ,—അതായതു ഒരു സാധാരണ വേലയെ അസാധാര

ണമായ പാടവത്തോടെ വഹിയ്ക്കാൻ അഭ്യസിയ്ക്കുന്നവൻ,—അവന്റെ നിറം ഏതായിരുന്നാലും,—വിജയിയാകും, എന്നും അന്യജനങ്ങൾക്കും വേണ്ടിവരുന്നതായ സാധനത്തെ ശേഖരിക്കാൻ നീഗ്രോ-മനുഷ്യൻ തുണിയുള്ളവനാകുമ്പോൾ അവൻ അന്യരുടെ ബഹുമാനത്തിനു അർഹനാകുന്നു എന്നും ഞാൻ പറഞ്ഞിട്ടുണ്ട്. ഒരു ദിക്കിൽ ഒരേക്കർ ഭൂമിയിൽ നിന്നും ജനങ്ങൾ നാല്പത്തൊമ്പതു ചാക്കു മധുരക്കിഴങ്ങു കൃഷിയെടുത്തു വന്നിരുന്നു. ആ ദിക്കിൽ ടസ്കേജിയിലെ കാവ്വർ എന്ന പേരായ ഒരു ബി. എ. ക്കാരൻ ചെന്നു കൃഷി തുടങ്ങി. അയാൾ ഏക്കർ ഒന്നിനു ഇരുന്നൂറ്ററുപത്താറു ചാക്കു വീതം കിഴങ്ങു കൃഷിയെടുത്തു. ഭൂമിയുടെ സ്വഭാവത്തെപ്പറ്റി രസതന്ത്രസംബന്ധമായ അറിവിനേയും, കൃഷി ചെയ്യുന്നതിനു നവീന സമ്പ്രദായങ്ങളേയും, അയാൾ ടസ്കേജിയിൽ വച്ചു ഗ്രഹിച്ചതിനെ കൃഷികവൃത്തിയിൽ ഉപയോഗിച്ചതുകൊണ്ടായിരുന്നു അയാൾക്കു ഇതു സാധിച്ചത്. സമീപസ്ഥന്മാരായ വെള്ളക്കാർ അയാളെ ആദരിച്ചു. അവർ അയാളുടെ പക്കൽനിന്നും പരിഷ്കൃതരീതിയിൽ മധുരക്കിഴങ്ങു കൃഷിചെയ്യുന്ന വിദ്യ പഠിച്ചു. ജനസാമാന്യത്തിന്റെ സുഖത്തിനും ധനാഭിവൃദ്ധിയ്ക്കും ഉപയുക്തമായ അറിവും സാമർത്ഥ്യവും വശമാക്കിയിരുന്നതിനാലാണു അയാൾ ധാരമാരായ കൃഷിക്കാരുടെ ബഹുമാനത്തിനും സ്നേഹത്തിനും പാത്രമായിത്തീർന്നത്. എന്റെ വിദ്യാഭ്യാസസമ്പ്രദായം നീഗ്രോ-മനുഷ്യനെ കർഷകജോലിയ്ക്കു മാത്രമേ സമർത്ഥനാക്കുകയുള്ളൂ എന്നു വിചാരിക്കരുത്. അതിലുള്ള സാമർത്ഥ്യത്താൽ അവൻ സമ്പാദിക്കുന്ന സ്വത്തു അവനും സന്താനങ്ങൾക്കും ഉയർന്ന പദവി സിദ്ധിയ്ക്കുന്നതിനു പിൽക്കാലം ഒരു വലിയ തുണയായിത്തീരുന്നതാണ്. ഇരുജാതിക്കാരുടേയും നിലയെപ്പറ്റി ഞാൻ അന്നു പ്രസംഗിച്ചതു ചുരുക്കത്തിൽ മേൽ കണ്ടപോലെയായിരുന്നു. ആ അഭിപ്രായത്തെ മാറ്റേണ്ടതായി എനിക്കു ഇതുവരെ തോന്നീട്ടില്ല."

നീഗ്രോ-ജനങ്ങളെ കഠിനമായി ആക്ഷേപിക്കയോ അവരുടെ അവകാശങ്ങളെ ത്തൃണവൽഗണിയ്ക്കുകയോ, വർണ്ണഭേദ

നിരോധിക്കയോ ചെയ്യുന്നവരോടു തന്റെ ചെറുപ്പകാലത്തിൽ ബുക്കർക്കു ദ്വേഷം തോന്നീട്ടുണ്ടായിരുന്നു. എന്നാൽ പിന്നീട്ടുള്ള കാലം അന്യന്റെ ഉൽക്കർഷത്തിൽ അസൂയ കാണിക്കുന്ന ജനങ്ങളുടെ മനോഭാവം ദയനീയമെന്നേ അയാൾ ഗണിച്ചിട്ടുള്ളൂ. വിശിഷ്ടമായ ഉന്നതപദവി സിദ്ധിയ്ക്കാൻ സന്ദർഭമോ സൌകര്യമോ ലഭിച്ചിട്ടില്ലാത്ത കൃഷ്ണബുദ്ധികൾ മാത്രമേ ഇപ്രകാരമുള്ള ദുരാചാരത്തെ-അതായതു അസൂയാകലുഷമായ നീചജീവിതത്തെ,—അസൂയാഭരിതമായ അല്പജീവിതത്തെ പരിപാലിക്കുന്നുള്ളൂ. ലോകാഭിവൃദ്ധിയ്ക്കു പ്രതിബന്ധമായിട്ടാണു ഇങ്ങനെയുള്ളവർ പ്രവർത്തിക്കുന്നതെന്നും അനിവാര്യമായ അഭ്യുദയഗതി തന്നെ ക്രമേണ അവരുടെ ദുർബ്ബലവും അല്പവും ആയ അവസ്ഥയെപ്പറ്റി അവരിൽ ലജ്ജയെ ജനിപ്പിക്കുമെന്നും അയാൾ അറിഞ്ഞാണു അവരുടെമേൽ കാലുഷ്യം കരുതാതിരുന്നത്. മനുഷ്യവർഗ്ഗത്തിനു ബുദ്ധി, അഭ്യാസം, വിദഗ്ധത. സ്വാതന്ത്ര്യം, അനുകമ്പാശീലം, ഭ്രാതൃസ്നേഹം—ഇത്യാദി ഉത്തമഗുണങ്ങളുടെ സമ്പാദനത്താൽ അനുദിനം ഉണ്ടായിവരുന്ന ഉൽക്കർഷത്തെ തടുക്കാൻ ശ്രമിക്കുന്നതു ഒരു ആവിവണ്ടിയുടെ അപ്രതിഹതമായ ശീഘ്രഗതിയെ സദ്ദേഹക്ഷേപണത്താൽ തടുക്കാൻ ശ്രമിക്കുന്നതുപോലെയാണ്.

൧൯൦- മാഡിസൺ പട്ടണത്തിൽ വച്ചു അയാൾ ചെയ്ത പ്രസംഗം നിമിത്തം വടക്കേ ദിക്കിൽ ഉള്ള പലരും അയാൾക്കു പരിചിതന്മാരായി തീർന്നതിനാൽ ആ ദിക്കിലെ സഭാസ്ഥാപകന്മാരും സഭാംഗങ്ങളും പ്രസംഗങ്ങൾ നടത്താനായി അയാളെ ക്ഷണിച്ചു തുടങ്ങി. ദക്ഷിണദേശ നിവാസികളായ ധാരാളമാളുടെ പ്രതിനിധികൾ നിറഞ്ഞ ഒരു സദസ്സിൽ കായ്യം നേരേ പറയുന്നതിനു ഒരവസരം കിട്ടണമെന്നു ബുക്കർ ആഗ്രഹിച്ചിരുന്നു. ഈ ആഗ്രഹം സഫലമാകാൻ മാറ്റമുണ്ടായതു ൧൮൯൫-ൽ ആയിരുന്നു. ആ കൊല്ലം ക്രൈസ്തവമതപ്രവർത്തകന്മാരുടെ ഒരു മഹാജനയോഗം അറ്റ്ലാന്റായിൽ കൂടിയിരുന്നു. ഇതിലേയ്ക്കു ക്ഷണിക്കപ്പെട്ട കാലത്തു ഈയാൾ കൃത്യാന്തരവ്യാപൃതനാ

യിട്ടു ബാസ്റ്ററൺ നഗരത്തിൽ താമസിക്കയായിരുന്നു. എങ്കിലും ഈ സന്ദർഭത്തെ ഉപയോഗിക്കാതെ ഇരിക്കുന്നതിനു ഈയാഥം മനസ്സുണ്ടായില്ല. ആയതിനാൽ ൨൦൦൦ മൈൽ യാത്ര ചെയ്യും, തനിക്കു അനുവദിച്ചിട്ടുള്ള അഞ്ചു മിനിട്ടുകൊണ്ടു തന്റെ പ്രസംഗം പറയണമെന്നു ഈയാഥം തീർച്ചയാക്കി. ഇതിനുള്ളിൽ നിശ്ചിത ദിവസം ഈയാഥം സ്ഥലത്തെത്തി. ൨൦൦൦-മൈൽ റെയിൽവഴിയാത്രചെയ്തതിന്റെ ശേഷം, "നീഗ്രോ-ജനങ്ങളുടെ സ്ഥിതി സചിത്രം-ആഗ്രഹം" എന്ന വിഷയത്തെപ്പറ്റി ഒരുവാചാപ്രസംഗംചെയ്തു. സഭ്യന്മാരായി ൨൦൦൦-ത്തിൽ അധികം വെള്ളക്കാർ ഉണ്ടായിരുന്നു. പ്രസംഗത്തെ എല്ലാവരും അനുമോദിച്ചു. വർത്തമാനപത്രങ്ങളും സ്നേഹപുരസ്സരം ബുക്കറുടെ പ്രസംഗത്തെക്കുറിച്ചു അഭിപ്രായം പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ ശേഷം ഉത്തരദേശത്തെ വെള്ളക്കാരും ചിലപ്പോൾ അവസരങ്ങളിൽ സജാതീയന്മാരും പ്രസംഗിക്കുന്നതിനു ബുക്കറോടു അപേക്ഷിച്ചിരുന്നു. ടസ്കേജിയിലെ ജോലിയിൽനിന്നു വിരമിക്കുന്നതിനു സൌകര്യം ഉള്ളപ്പോൾ അയാഥം പ്രസംഗകൃത്യം നിർവ്വഹിച്ചു വന്നു. ഉത്തരദേശത്തിലെ പ്രസംഗങ്ങളെല്ലാം ടസ്കേജി വിദ്യാലയത്തിനു വേണ്ടി ദ്രവ്യം സമ്പാദിപ്പാനായിട്ടാണു നടത്തിയത്. നീഗ്രോ-ജനങ്ങളുടെ സഭകളിൽ നടത്തിയ പ്രസംഗങ്ങളുടെ താല്പര്യം, അവർ വേദാഭ്യസനത്തിലും വ്യുൽപത്തിപരിശീലനത്തിലും, ഉത്സാഹപ്പെട്ടിരിക്കുന്ന കാലം തൊഴിലുകൂടി അഭ്യസിക്കണം എന്നായിരുന്നു.

൨൧൪- നമ്മുടെ കഥാനായകന്റെ ജീവിതത്തിലെ അതിപ്രധാനമായ ഒരു സംഭവം അറ്റ്ലാന്റാ പ്രദർശനത്തിൽ അയാഥം ചെയ്ത പ്രസംഗം ആയിരുന്നു. അതിനെ പറ്റി അയാഥം ഇപ്രകാരം പ്രസ്താവിക്കുന്നു:—"ജനങ്ങളുടെ ശ്രദ്ധാതിരേകത്തിനു വിഷയവും, എനിക്കു സാവ്തികമായ ഖ്യാതിക്കു ഹേതുവും ആയിരുന്ന സംഗതികളിൽ ഒന്നിനെക്കുറിച്ചു ഇവിടെ പ്രസ്താവിക്കേണ്ടതായിരിക്കുന്നു. ൧൮൯൫-ലെ സെപ്റ്റംബർ മാസം ൧൮-ന്നു ഗാ-അറ്റ്ലാന്റാ

യിൽ ഉണ്ടായ പ്രദർശനോത്സവത്തിന്റെ ആരംഭദിവസം ഞാൻ ചെയ്ത പ്രസംഗത്തെപ്പറ്റിയാണു് സ്വല്പം പറയുന്നുള്ളൂതു്. ഒരു സംഭവത്തെപ്പറ്റി പലർ പലവിധം പറകയും എഴുതുകയും ചെയ്തിട്ടുണ്ടു്. പലർ ഇതിനെ സംബന്ധിച്ചു അനേകം ചോദ്യങ്ങൾ എന്നോടു തന്നെ ചോദിച്ചിട്ടുമുണ്ടു്. അഞ്ചു മിനിട്ടു നേരം സംസാരിക്കുന്നതിനു വേണ്ടി ഞാൻ ബാസ്റ്റണിൽ നിന്നും അറ്റ്ലാന്റായിൽ, മുമ്പൊരിക്കൽ പോയിരുന്നതാണു, ഈ അവസരത്തിൽ ഒരു പ്രസംഗം നടത്തുവാൻ, എന്നെ ക്ഷണിക്കുന്നതിനു, പ്രധാനമായും വായിത്തീർന്നതു്. ഫ്രവ്ൻ-ലെ വഷ്ത്തുവിൽ അറ്റ്ലാന്റാ നഗരത്തിലുള്ള പ്രധാനനിവാസികൾ, "പ്രദർശനകാര്യത്തിൽ ഗവമ്മെണ്ടിന്റെ സഹായത്തെ അപേക്ഷിക്കുന്നതിനായി ഒരു വലിയ യോഗം വാഷിങ്ടണിലേയ്ക്കു പോകുന്നുണ്ടു്. നിങ്ങളും കൂടി അതിൽ ചേർന്നിരിക്കണം" എന്നു എനിക്കൊരു കമ്പി അയച്ചു. ജാർജ്ജിയാ ദേശത്തിലെ യോഗ്യന്മാരും, പ്രധാനപുരുഷന്മാരും ആയിരുന്ന ഇരുപത്തഞ്ചോളം ധാരമാർ ഈ കമ്മിറ്റിയിൽ അംഗങ്ങളായിരുന്നു. ഈ യോഗത്തിൽ, കറുത്ത മനുഷ്യരായി ബിഷപ്പു ഗ്രാൻറ്, ബിഷപ്പു ഗെയിൻസ്, ഞാൻ ഇങ്ങനെ മൂന്നാളുകളേ ഉണ്ടായിരുന്നുള്ളൂ. അദ്ധ്യക്ഷനും മറ്റനേകം ഉദ്യോഗസ്ഥന്മാരും തലസ്ഥാനമായ വാഷിങ്ടൺ നഗരത്തിൽ വച്ചു ഗവമ്മെണ്ടു ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗത്തിൽ പ്രദർശനത്തിന്റെ ഉദ്ദേശത്തെയും ഗുണത്തെയും പറയുന്നുപാശ് പ്രസംഗം ചെയ്തു. അതിന്റെ ശേഷം നീഗ്രോ ബിഷപ്പുമാർ സംസാരിച്ചു. പിന്നീടു എന്റെ മുറയായി. ഇപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരുടെ ഒരു സഭയിൽ ഞാൻ അതിനു മുമ്പു പ്രവേശിച്ചിട്ടില്ലായിരുന്നു. തലസ്ഥാനത്തിൽ വച്ചു മുമ്പു സംസാരിച്ചിട്ടും ഇല്ല. എന്തു പറയണം, അവർ എന്തു വിചാരിക്കും, -- എന്നൊക്കെ ഓർത്തു ഞാൻ നന്നെ കുഴങ്ങി. ഞാൻ പറഞ്ഞതു എന്തെല്ലാമെന്നു ഞാൻ ഇപ്പോഴും മുഴുവൻ ഓർക്കുന്നില്ല. ഇരു ജാതിക്കാരെയും യോജിപ്പിക്കുന്നതിനു ശ്രമിക്കുന്നതു ഇരു ജാതിക്കാർക്കും മാനസി

കമായും സാമൂഹായികമായും ഉള്ള പരിഷ്കാരം സമ്പാദിച്ചു കൊണ്ടു തന്നെ വേണ്ടതെന്നും നീഗ്രോ-ജനങ്ങൾക്കു സ്വാതന്ത്ര്യം ലഭിച്ചതിൽ പിന്നീടു അത്യുവരെ ഇതു ജാതിക്കാക്കും ഉണ്ടായിട്ടുള്ള അഭിവൃദ്ധി കണ്ടറിയുന്നതിനു എല്ലാവക്കും ആ കൃഷിപ്രദർശനം ഉപയോഗപ്പെട്ടുമെന്നും നീഗ്രോ-ജനങ്ങളുടെ അവകാശങ്ങളെ അന്യായമായി തടുക്കുന്നതു ദോഷകരമാണെന്നും രാജ്യഭരണകൃത്യത്തിൽ പ്രവേശിക്കാൻ വഴക്കിടുന്നതുകൊണ്ടു മാത്രം നീഗ്രോ-ജനങ്ങൾക്കു സായുജ്യം ലഭിക്കുകയില്ലെന്നും സത്യം, പരിശ്രമം, സാമർത്ഥ്യം, മിതാനുഭവം, ബുദ്ധി, സദ്വൃത്തി ഇവയുടെ സഹായത്താലല്ലാതെയാതൊരു സമുദായവും ഉന്നതിയെ പ്രാപിക്കുന്നില്ലെന്നും നീഗ്രോ-ജനങ്ങൾ ഈ വക ഗുണങ്ങളെ സമ്പാദിക്കണമെന്നും ഗവർമ്മെണ്ടിൽ നിന്നു പ്രദർശനകായ്യത്തിലേയ്ക്കു ധനസഹായം ചെയ്യുന്നതു ഇതു ജാതിക്കാരുടെയും ഐകമത്യത്തിലുള്ള ആശംസയെ പരസ്യമാക്കുന്ന ഒരു ഉചിതകൃത്യമാണെന്നും അതിന്റെ ഫലം ശാശ്വതഗുണപ്രദമായിരിക്കുമെന്നും മറ്റും കഴിയും വണ്ണം താല്പര്യത്തോടും വൈദഗ്ദ്ധ്യത്തോടും കമ്മിറ്റി മുമ്പാകെ ഞാൻ പ്രസ്താവിച്ചിരുന്നു. ഞാൻ പതിനഞ്ചോ ഇരുപതോ മിനിട്ടു നേരം സംസാരിച്ചു. പ്രസംഗം അവസാനിച്ച സമയം ജാജ്ഞിയാ-യോഗാംഗങ്ങളും ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരും, ഹൃദയപൂർവ്വം എന്നെ ശ്ലാഘിച്ചു. ഉദ്യോഗസ്ഥന്മാർ അനുകൂലമായി അഭിപ്രായപ്പെട്ടതനുസരിച്ചു, മഹാപ്രതിനിധി സഭ ഞങ്ങളുടെ അപേക്ഷയെ സ്വീകരിച്ചു. അതോടുകൂടെ, അറ്റ്ലാന്റാ-കൃഷി-പ്രദർശനത്തിന്റെ ശുക്രദശയും ആരംഭിച്ചു.

൧൮൮൨- വാഷിങ്ട്ടണിൽ നിന്നു തിരികെ വന്നു അധികദിവസം ആകുമുമ്പെ പ്രദർശനകായ്യാധികാരികൾ ഒരു നിശ്ചയം ചെയ്തിരുന്നു. അതു സ്വാതന്ത്ര്യം ലഭിച്ചതിൽ പിന്നെ നീഗ്രോ ജനസാമാന്യത്തിനു ഉണ്ടായിട്ടുള്ള അഭിവൃദ്ധിയെ വ്യക്തമായി കാണിക്കുന്നതിനായി ഒരു നീഗ്രോ-മന്ദിരവും അതിനുള്ളിൽ ആ ജാതിക്കാരുടെ വക സാമാനങ്ങളും, ഉണ്ടായിരിക്കണമെന്നായിരുന്നു. ഇപ്പ

കാരം ചെയ്യുന്നതു നീഗ്രോ-ജനങ്ങൾക്കു ബഹുമാനപൂർവ്വം ചെയ്യപ്പെട്ട ഒരു ഉചിത സഹായവും പ്രതിപത്തി സൂചകവും ആകുമെന്നു അവർ വിചാരിച്ചു.

ക്ലിന- നീഗ്രോ മന്ദിരം നിർമ്മിക്കയും, ഒരുക്കുകയും ചെയ്യേണ്ട ജോലി നീഗ്രോ-ജനങ്ങൾ തന്നെ വഹിക്കുന്നതു ഉത്തമമായിരിക്കുമെന്നു വിധിക്കപ്പെട്ടു. അപ്രകാരം മന്ദിരം പണി കഴിച്ചു. അതു ഇതര മന്ദിരങ്ങളെ അപേക്ഷിച്ചു ആകൃതിയിലും, ഭംഗിയിലും ഒട്ടും താണ നിലയിൽ ഉള്ളതല്ലായിരുന്നു.

ക്ലിർ- പ്രത്യേകമായി നീഗ്രോ-ജനങ്ങൾ നിർമ്മിച്ചിട്ടുള്ള പദാർത്ഥങ്ങളുടെ പ്രദർശനം വേണമെന്നു തീർച്ചപ്പെട്ടപ്പോൾ, ആ വകുപ്പിന്റെ മേലന്വേഷണത്തിനു തക്കതായ ഒരാൾ വേണ്ടി വന്നു. ആ ഭാരം ഞാൻ വഹിക്കണമെന്നു പ്രദർശനസംഘക്കാർ എന്നോടപേക്ഷിച്ചു. ടസ്കേജിയിലേ ജോലിയുള്ളു വീഴ്ച വരുമെന്നുള്ള കാരണം പറഞ്ഞു, ഞാൻ ഒഴിഞ്ഞു. എന്റെ അഭിപ്രായം മിക്കവാറുമനുസരിച്ചു, സംഘക്കാർ മേലന്വേഷണവേലയ്ക്കു വാ. ലിഞ്ചബർഗ്ഗിലെ മിസ്റ്റർ ഏ. ഗാർലണ്ഡ് പെർ എന്നയാളെ നിയമിച്ചു. അയാളെ ഞാൻ ആകുംവണ്ണം സഹായിച്ചു. നീഗ്രോ-ജനങ്ങൾ ഹാജരാക്കിയ സാമാനങ്ങൾ—പ്രത്യേകിച്ചു ഹാമ്പ്ടൺ, ടസ്കേജി എന്ന വിദ്യാലയങ്ങളിൽ നിന്നും അയക്കപ്പെട്ടവ—സ്തുതിക്കും, സമ്മാനത്തിനും അർഹങ്ങൾ ആയിത്തീർന്നു. ആശ്ചര്യം കൊണ്ടും, ആഹ്ലാദം കൊണ്ടും, ദാക്ഷിണാത്യന്മാരായ ധവരമാർ സംതൃപ്തരായിരുന്നു.

ക്ലിഭ- പ്രദർശനാരംഭദിവസം അടുത്തപ്പോൾ ഭാരവാഹികൾ കാര്യപരിപാടി തയ്യാർ ചെയ്തു തുടങ്ങി. ഉത്സവത്തിൽ ഒരു പ്രധാനാംശത്തെ നീഗ്രോ-ജനങ്ങൾ വഹിക്കണമെന്നു വച്ചിരിക്കുന്ന സ്ഥിതിയ്ക്കു ഉപക്രമപ്രസംഗങ്ങളിൽ ഒന്നു ഒരു നീഗ്രോ-മനുഷ്യനെക്കൊണ്ടു ചെയ്യിക്കുന്നതു ഉചിതമായിരിക്കുമെന്നും, അപ്രകാരം ചെയ്യുന്നതു രണ്ടു ജാതിക്കാരും തമ്മിലുള്ള സൌഹാർദ്ദത്തെ വെളിപ്പെടുത്തുന്നതിനു ഉപകാരപ്പെടുമെന്നും, ഒരഭിപ്രായം ഉണ്ടായതിനു ചിലർ

വിപരീതാഭിപ്രായം പൂരപ്പെടുവിച്ചുവെങ്കിലും, മഹാമതികളും, ഉൽകൃഷ്ടേച്ഛകളും ആയ ഭാരവാഹികൾ ഒരു കഴുത്ത മനുഷ്യനെക്കൊണ്ടു സംസാരിപ്പിക്കാൻ നിശ്ചയിച്ചു. നീഗ്രോ-ജനങ്ങളുടെ പ്രതിനിധിയാവാൻ സാമർത്ഥ്യമുള്ളയാൾ എവിടെയുണ്ടെന്നു അവർ ആലോചിച്ചു തുടങ്ങി. പല ദിവസം വാദപ്രതിവാദങ്ങൾ നടത്തിയതിന്റെ ശേഷം അവർ ഐകകണ്ഠ്യേന എന്നോടു ആവശ്യപ്പെടാൻ തീരുമാനം ചെയ്തു. ഏതാനും ദിവസം കഴിഞ്ഞപ്പോൾ മുറപ്രകാരം എനിക്കു ക്ഷണനപത്രം കിട്ടി.

ഉടനെ- അപ്രകാരമുള്ള അനുഭവം ഉണ്ടായിട്ടുള്ളവർക്കു മാത്രമേ അപ്പോഴത്തെ എന്റെ സ്ഥിതി ഇന്ന വിധത്തിലായിരുന്നു എന്നു അറിവാൻ കഴിയൂ. അപേക്ഷക്കത്തു വായിച്ച സമയം എന്റെ മനസ്സിൽ ഏതെല്ലാം വിചാരങ്ങൾ അങ്കുരിച്ചു? ഞാൻ ആദ്യകാലം ഒരു അടിമയായിരുന്നു. ബാല്യകാലം അജ്ഞാനദാരിദ്ര്യങ്ങളുടെ പടുംകുഴിയിലാണു കഴിച്ചുകൂട്ടിയത്. ഈ വിധത്തിലുള്ള ഒരു ഭാരവാഹിത്വം ഏല്ക്കുന്നതിനു അഭ്യസിക്കാൻ എനിക്കു സൌകര്യം ഉണ്ടായിട്ടില്ല. ആ സഭസ്സിലുള്ള ഏതു വെള്ളക്കാരനും ഏതാനും വർഷങ്ങൾക്കു മുമ്പു എന്റെ ദേഹത്തിന്മേൽ അവകാശം സ്ഥാപിക്കാമായിരുന്നു,—പക്ഷെ പഴയ യജമാനന്മാരിൽ തന്നെ ചിലർ സഭസ്യരുടെ സംഘത്തിൽ ഉണ്ടായിരുന്നേയ്ക്കും,—തെക്കൻ ദിക്കിലെ ധാരമാരും മദാമ്മമാരും, കൂടിയിരിക്കുന്ന ഒരു സഭയിൽ തുല്യസ്ഥാനാരൂഢനായി ഒരു നീഗ്രോ, പ്രസംഗിക്കാൻ തുടങ്ങുന്നതു ഇദംപ്രഥമമായ അവസ്ഥയാണ്. എന്റെ പൂർവ്വ ഉടമസ്ഥന്മാരുടെ പ്രാതിനിധ്യം വഹിക്കുന്നമാന്യരും, യോഗ്യരും, വിദ്വാന്മാരും ആയ ധാരമാരുടെ മഹായോഗത്തിലാണു ഞാൻ സംസാരിക്കേണ്ടിയിരിക്കുന്നത്. ഉത്തരദേശക്കാരായ വെള്ളക്കാരും, എന്റെ ജാതിക്കാരായ സ്ത്രീപുരുഷന്മാരും സഭയിൽ ഉണ്ടായിരിക്കും,-ഇപ്രകാരം ഓരോ വിചാരങ്ങൾ എന്റെ മനസ്സിൽ തിക്കിത്തിരക്കി കടന്നുകൂടി.

ഫ്രാ- സത്യത്തിനും ന്യായത്തിനും വിരുദ്ധമായി യാതൊന്നും പാകയില്ലെന്നു ഞാൻ ദൃഢമായി മനസ്സിൽ കരുതി. പ്രസ്താവയോഗ്യമെന്തെന്നോ, ത്യാജ്യമെന്തെന്നോ, സൂചിപ്പിക്കുന്ന ഒരു വാക്കു പോലും അപേക്ഷക്കത്തിൽ ഉണ്ടായിരുന്നില്ല. അതു ഭാരവാഹികൾക്കു എന്നിൽ ഉള്ള വിശ്വാസത്തിന്റെ ലക്ഷ്യമാണെന്നു ഞാൻ ഗണിച്ചു. പ്രദർശനത്തിന്റെ വിജയത്തിനു ഭംഗം വരുന്നതിനു എന്നിൽ നിന്നും ഒരുപദ്രവും പുറപ്പെട്ടാൽ മതിയാകുമെന്നു അവർ അറിയാത്തവരല്ല. അഹിതമോ, ക്ഷോഭജനകമോ, അവാസ്തവമോ, അനുചിതമോ ആയ ഒരക്ഷരം പ്രസംഗത്തിൽ വന്നുപോയെങ്കിൽ ഒരു കറുത്ത മനുഷ്യനു മറ്റൊരവസരത്തിൽ സംസാരിക്കാൻ ഇടം ലഭിക്കയില്ലെന്നു മാത്രമല്ല ഞങ്ങളുടെ വർഗ്ഗക്കാർക്കു ഒട്ടുക്കു ദോഷം സംഭവിക്കുമെന്നും ഞാൻ ഭയപ്പെട്ടിരുന്നു. ഏതായാലും ഉത്തരദേശക്കാർക്കും, ദക്ഷിണദേശത്തിലെ യോഗ്യജനങ്ങൾക്കും സമ്മതമാകും വിധം സത്യത്തെ കൈവിടാതെ പ്രവർത്തിക്കാൻ ഞാൻ ഉറച്ചു.

ഫ്രാവ്- ദക്ഷിണോത്തരദേശങ്ങളിലെ പത്രങ്ങൾ എന്റെ അനുഷ്ഠാനമായ ഉപന്യാസത്തെക്കുറിച്ചു പല വിധം അഭിപ്രായം പറഞ്ഞു തുടങ്ങി. ദിവസം അടുത്തപ്പോൾ പത്രാധിപപ്രസംഗങ്ങൾ ധാരാളമായിത്തീർന്നു. തെക്കൻദിക്കിലെ ചില പത്രങ്ങൾക്കു എന്നെ നിയമിച്ചതു ഒട്ടും ഹിതമായില്ല. എന്റെ ജാതിക്കാരായ പലരും എനിക്കു അഭിപ്രായങ്ങളും ഉപദേശങ്ങളും എഴുതി അയക്കയും തരികയും ചെയ്തു. ഞാൻ യഥാമതി പ്രസംഗത്തെ സംഭരിച്ചു; എന്നിട്ടും സെപ്റ്റംബർ മാസം ഫ്രവ-ാം തിയ്യതി അടുത്തു വന്നപ്പോൾ എന്റെ ഹൃദയം വ്യാകുലമായിത്തീർന്നു,—എന്റെ യത്നം പരാജയത്തെയും, ഇച്ഛാഭംഗത്തെയും പ്രാപിച്ചേയ്ക്കുമെന്നു എനിക്കു ഭയം തോന്നി.

ഫ്രാൻ- ഒഴിവു കഴിഞ്ഞു വർഷാരംഭത്തിൽ വിദ്യാലയകാര്യങ്ങൾ അവതരിക്കപ്പെട്ട ജോലി ഏറിയിരുന്ന സമയത്താണു എനിക്കു മേല്പറഞ്ഞ അപേക്ഷക്കത്തു കിട്ടിയതു്. പ്രസം

ഗം എഴുതിത്തീർത്തു. പതിവുപോലെ ഞാൻ അതു മിസ്സസ് വാഷിങ്ട്ടനെ (എന്റെ ഭാര്യയെ) വായിച്ചു കേൾപ്പിച്ചു. അവൾ എന്റെ അഭിപ്രായങ്ങളെ അഭിനന്ദിച്ചു. അറ്റ്‌ലാന്റായിലേക്കു പുറപ്പെടേണ്ട ദിവസത്തിന്റെ തലേ ദിവസമായ സെപ്റ്റംബർ ൨൯-൦൯- ടസ്കേജിയിലെ വിദ്യാപ്രചാരകന്മാരുടെ ആഗ്രഹനിവൃത്തിക്കായി ഞാൻ അവരെ പ്രസംഗം വായിച്ചു കേൾപ്പിച്ചു. പിന്നീടു അവരുടെ വ്യാഖ്യാനങ്ങളും അഭിപ്രായങ്ങളും വിമർശനങ്ങളും കേട്ടപ്പോൾ, എന്റെ പ്രസംഗം അവർക്കു മിക്കവാറും സമ്മതമായി എന്നറിഞ്ഞു ഞാൻ ധൈര്യപ്പെട്ടു.

൧൮൮- സെപ്റ്റംബർ മാസം ൧൭-ാം൹ ഞാനും ഭാര്യയും മൂന്നു കുഞ്ഞുങ്ങളും അറ്റ്‌ലാന്റായിലേക്കു പുറപ്പെട്ടു. തുക്കിനു വിധിക്കപ്പെട്ടവന്റെ മനസ്സിൽ കിടന്നു മറിയുന്ന വിചാരങ്ങളെപ്പോലെ ഏതാണ്ടു എന്നെ പരിഭ്രമിപ്പിച്ചു. ഞാൻ ടസ്കേജി നഗരം കടന്നു പോകുമ്പോൾ ഉൾനാട്ടിലുള്ള കഷ്ടകനായ ഒരു വെള്ളക്കാരൻ എന്നെ കണ്ടു നേരമ്പോക്കു മട്ടിൽ പറഞ്ഞു:—"എടോ വാഷിങ്ട്ടൺ—വടക്കരായ വെള്ളക്കാരുടേയും, തെക്കരായ നീഗ്രോ-ജനങ്ങളുടേയും, തെക്കുള്ള കാട്ടുമൂറക്കാരായ ഞങ്ങളുടേയും, സഭകളിൽ താൻ സംസാരിച്ചിട്ടുണ്ട്. എന്നാൽ നാളെ അറ്റ്‌ലാന്റായിൽ തന്റെ മുമ്പായി വടക്കരും തെക്കരും ആയ എല്ലാ വെള്ളക്കാരും നീഗ്രോ-ജനങ്ങളും ഉണ്ടായിരിക്കും. താൻ കുടുക്കിലായിപ്പോയില്ലേ എന്നു ഞാൻ സംശയിക്കുന്നു." ഈ കൃഷിക്കാരൻ ഉള്ളതാണു പറഞ്ഞത്,—എന്റെ ഹൃദയം തുടിച്ചു വശമായി.

൧൮൮- ടസ്കേജിയിൽ നിന്നു അറ്റ്‌ലാന്റായിലേക്കു പ്രയാണം ചെയ്തപ്പോൾ വെളുത്തവരും കറുത്തവരും ആയ ജനങ്ങൾ സ്റ്റേഷൻ തോറും വണ്ടിയുടെ സമീപം വന്നു എന്നെ ചൂണ്ടിക്കാണിച്ചു പരിപൂർണ്ണസ്വാതന്ത്ര്യത്തോടുകൂടി ഞാൻ കേൾക്കെത്തന്നെ അടുത്ത ദിവസം നടക്കാൻ പോകുന്ന സംഗതികളെപ്പറ്റി ഓരോന്നു അഭിപ്രായം പറഞ്ഞു നിന്നി

രുന്നു. അറ്റ്ലാൻറായിൽ ഞങ്ങളുടെ വരവിനെ നോക്കി ക്കൊണ്ടു ഒരു സംഘം കാത്തു നിൽക്കുന്നുണ്ടായിരുന്നു. ഒരു വൃദ്ധനായ നീഗ്രോ:—"നാളെ എൻറെ ജാതിക്കാരനായ അയാൾ സംസാരിക്കും; സംശയമില്ല, എനിക്കു പ്രസംഗം കേൾക്കണം", എന്നു പറഞ്ഞതു ഞാൻ കേട്ടു.

ഫെബ്രു– പ്രദർശനമഹോത്സവം കാണ്മാൻ അനേകായിരം ജനങ്ങൾ അറ്റ്ലാൻറായിൽ വന്നു കൂടിയിരുന്നു. പിറേറ ദിവസത്തെ സംഭവങ്ങളുടെ കാര്യപരിപാടി വലിയ അക്ഷ രത്തിൽ അച്ചടിക്കപ്പെട്ടിരുന്നു. പല മാതിരി മനസ്സംഭ്രമ ത്താൽ അന്നു രാത്രി ഞാൻ നേരേ ഉറങ്ങിയില്ല. പിറേറ ന്നാൾ രാവിലെ ഞാൻ പ്രസംഗത്തെ സശ്രദ്ധം പരിശോ ധിച്ചതിൻെറ ശേഷം നിഷ്കളങ്കമായ ഭയഭക്തികളോടു കൂടി ഈശ്വരധ്യാനം ചെയ്തു എൻെറ യത്നം സഫലമാകണേ എന്നു പ്രാർത്ഥിക്കയും ചെയ്തു. ഈശ്വരാനുഗ്രഹത്തെ അ പേക്ഷിക്കാതെ ഞാൻ ഒരു പ്രവൃത്തിയിലും പ്രവേശിക്ക പതിവില്ല.

ഫെബ്രു– ഓരോ പ്രസംഗത്തെയും യഥാക്രമം എഴുതി വരി കയാണു എൻെറ പതിവു്. സദസ്യന്മാർ എല്ലായിടത്തും ഒരേ തരത്തിലുള്ളവരല്ല. വിശ്വാസപൂർവ്വം അന്യനോടു സംഭാഷണം ചെയ്യുംപോലെ സഭ്യന്മാരോടും സംസാരിച്ചു, അവരുടെ ഹൃദയത്തോടു അടുക്കണമെന്നാണു എൻെറ ഉദ്ദേശ്യം. പ്രസംഗം അച്ചടിച്ചു കാണുമ്പോൾ എങ്ങനെ ഇരിക്കുമെന്നോ, അതിനെ അന്യനോ, അന്യസദസ്സോ, ഏതു വിധം അംഗീകരിക്കുമെന്നോ, ഉള്ള ശങ്കയെ ഒരു സഭ യിൽ സംസാരിക്കുന്ന സമയം ഞാൻ വിസ്മരിക്കുന്നു. തത്സ മയം എനിക്കു അഭിമുഖമായിരിക്കുന്ന സദസ്യന്മാരുടെ സന്നിധാനത്തിൽ എൻെറ ശക്തിയെയും, വിചാരത്തെയും സുഖദുഃഖങ്ങളെയും ഞാൻ സമർപ്പണം ചെയ്യുന്നു.

ഫെബ്രു–അതിരാവിലെ ഒരു കമ്മിറ്റിക്കാർ പ്രദർശനസ്ഥല ത്തേയ്ക്കുള്ള മോഷയാത്രയിൽ എന്നെ വിളിച്ചുകൊണ്ടു പോകാൻ വന്നു. മോഷയാത്രയിൽ ശകടാരൂഢന്മാരായി

പ്രധാനികളായ അനേകം നീഗ്രോ-പൌരന്മാരും നീഗ്രോ-പട്ടാളക്കാരും കൂടി ഉണ്ടായിരുന്നു. മൂന്നു മണിക്കൂർ കൊണ്ടേ ഈ ജനസംഘം പ്രദർശനസ്ഥലത്തിൽ എത്തിയുള്ളൂ. വെയിലിന്റെ ചൂടുകൊണ്ടും, സംഭ്രമത്താലും ഞാൻ വളരെ ക്ഷീണിച്ചു വിഷമിച്ചു. സഭാമന്ദിരത്തിനകത്തും പുറത്തും ആളുകൾ നിറഞ്ഞിരുന്നു.

൨൩- സഭാമന്ദിരം വളരെ വലുതും പ്രസംഗത്തിനു യോഗ്യമായതും ആയിരുന്നു. ഞാൻ അതിൽ പ്രവേശിച്ചപ്പോൾ ഉപചാരമായി നീഗ്രോ-ജനങ്ങളും ഏതാനും ചില ധവരന്മാരും ഹസ്തദാനം ചെയ്തു. വെള്ളക്കാരിൽ അസംഖ്യം ജനങ്ങൾ കതൂഹലത്താലും ചിലർ അനുകമ്പയാലും ഞാൻ സംസാരിക്കുന്നതു കേൾക്കാൻ വന്നിരുന്നു. എന്നാൽ അനേകം ആളുകൾ ഞാൻ പറയുന്നതിൽ വരുന്ന അബദ്ധങ്ങളേയോ, അയുക്തികളേയോ എടുത്തു കാണിച്ചു പ്രദർശനപ്രവർത്തകന്മാരോടു 'ഞാൻ പറഞ്ഞില്ലെ' അങ്ങനെ അല്ലാതെ വരുമോ; എന്നു പറഞ്ഞു സന്തോഷം നടിക്കാമെന്നു വിചാരിച്ചും വന്നിട്ടുണ്ടായിരുന്നുവത്രേ.

൨൪- ടസ്കേജി വിദ്യാലയത്തിലെ നിക്ഷേപരക്ഷാധികാരികളിൽ ഒരുത്തരും ദക്ഷിണ ദേശത്തിലെ തീവണ്ടിപ്പാതയുടെ മേലന്വേഷകനും, എന്റെ സുഹൃത്തും ആയിരുന്നു. മിസ്റ്റർ വില്യം എച്ച്. ബാൽഡ്വീൻ അന്നു അറ്റ്ലാന്റായിൽ വന്നിട്ടുണ്ടായിരുന്നു. എന്റെ പ്രസംഗം ജനങ്ങൾക്കു രുചികരമായി ഭവിച്ചില്ലെങ്കിലോ എന്നു ഭയന്നും എനിക്കു പരാജയം സംഭവിച്ചെങ്കിൽ അതു കാണുന്നതു സങ്കടമാണെന്നു വിചാരിച്ചും, അയാൾ സഭാലയത്തിൽ പ്രവേശിക്കാതെ ചിന്താമഗ്നനായി തോട്ടത്തിൽ അങ്ങോട്ടുമിങ്ങോട്ടും പ്രാരംഭപ്രസംഗങ്ങൾ കഴിഞ്ഞതുവരെ നടന്നു.

അദ്ധ്യായം ൧൮.

അറ്റ്ലാന്റാ പ്രദർശനത്തിൽ ബുക്കർ പ്രസംഗം ചെയ്യുന്നു

൨൫- പ്രദർശനോത്സവം ആരംഭിച്ചതു ഗവർണ്മെന്റുള്ളക്കിന്റെ വിജ്ഞാപനപ്രസംഗത്തോടു കൂടിയായിരുന്നു. ഏ

താനും പ്രസംഗങ്ങളും പദ്യവായനയും പ്രാർത്ഥനകളും കഴിഞ്ഞ ഉടനെ ഗവർണർ ബുള്ളക്ക ഇപ്രകാരം ബുക്കറെ പ്പറ്റി സദസ്യരോടു പറഞ്ഞു:—"ഇന്നു നമ്മുടെ സംഘത്തിൽ നീഗ്രോ പരിശ്രമത്തിന്റെയും പരിഷ്കാരത്തിന്റെയും പ്രതിനിധ്യം വഹിക്കുന്ന ഒരാൾ ഉണ്ട്."

ഉടനെ- ബുക്കർ പ്രസംഗം ചെയ്വാനായി എണീറ്റുനിന്നപ്പോൾ സഭാവാസികളായ നീഗ്രോ-ജനങ്ങൾ ഹസ്തതാഡനം കൊണ്ടും ആഹ്ലാദസ്വരങ്ങളെക്കൊണ്ടും അയാളെ ഉത്സാഹിപ്പിച്ചു. ബുക്കരുടെ മനസ്സിൽ ആ സമയം നിറഞ്ഞിരുന്ന വിചാരം സ്വജാതിക്കാരെയും സ്നേഹബന്ധത്തിൽ ആകഷിക്കുന്നതിനു പ്രയോജനമുള്ളതായി തീരുന്ന വാക്കുകളെ പറയണമെന്നായിരുന്നു. താൻ എണീറ്റുനിന്ന സമയം അനേകായിരം കണ്ണുകൾ തന്നെ ദൃഢമായി നോക്കിക്കൊണ്ടിരുന്നു എന്ന സംഗതി മാത്രം അയാൾ അറിഞ്ഞു. പ്രസംഗം ഇപ്രകാരം ആയിരുന്നു:—

അധ്യക്ഷരെ! മാന്യ സദസ്യരെ! പൌരന്മാരെ!.

ഉപന്യാസം- ദക്ഷിണ ദേശത്തിലെ പ്രജകളുടെ സംഖ്യയിൽ മൂന്നിലൊരു ഭാഗം നീഗ്രോ-ജാതിക്കാരാകുന്നു. ജനസമുദായത്തിലെ ഈ ഭാഗത്തെ വിസ്മരിച്ചു വിജയത്തെ പ്രാപിക്കുന്നതായി സ്വത്തു സംബന്ധിച്ചോ പൌരകൃത്യം സംബന്ധിച്ചോ സാമാന്യികവിഷയങ്ങളെ സംബന്ധിച്ചോ ഒരുദ്യമം ആ ദേശത്തുണ്ടാകാൻ നിവൃത്തിയില്ല.

ഉപസംഹാരം- ഈ പ്രദർശനപ്രവർത്തകന്മാരായ മഹാന്മാർ ഈ അവസരത്തിൽ നീഗ്രോ-ജനങ്ങളുടെ നേർക്കു കാണിച്ചിട്ടുള്ള ഔദാര്യസ്നേഹങ്ങൾക്കായി ആയവർ സദാ കൃതജ്ഞതയുള്ളവരായിരിക്കുന്നു എന്നു ഞാൻ പറയുന്നതു എന്റെ ജാതിക്കാരുടെ ഏകകണ്ഠമായ അഭിപ്രായമാണെന്നുള്ളതിനു സംശയമില്ല. നീഗ്രോ-ജനങ്ങൾക്കു സ്വാതന്ത്ര്യം ലഭിച്ചതിൽപിന്നെ ഉണ്ടായിട്ടുള്ള സംഭവങ്ങളിൽ രണ്ടു ജാതിക്കാർക്കും തമ്മിൽ സ്നേഹബന്ധം ഉണ്ടാകുന്നതിനു ഉതകുന്നതായ സംഭവം ഇതുപോലെ ശ്ലാഘ്യമായതു വേറെയില്ലെന്നും പറയാൻ ഞാൻ മടിക്കുന്നില്ല.

൨൪- ഇതിനും പുറമെ ഈ പ്രദർശനത്താൽ ഞങ്ങൾക്കുണ്ടായിട്ടുള്ള സഹായം ഞങ്ങളുടെ ജനങ്ങളിൽ കരകൌശലവേലകളിൽ പൂർവ്വാധികമായ ആസക്തിയെ ജനിപ്പിക്കുന്നതാകുന്നു. വിദ്യാഭ്യാസമോ ലോകപരിചയമോ ഇല്ലാതിരുന്ന ആദ്യകാലത്തു ഞങ്ങളുടെ ആളുകൾ ചില ദുർമ്മോഹങ്ങൾക്കു വശംവദന്മാരായി ചാപല്യങ്ങൾ പ്രവർത്തിച്ചതു ക്ഷന്തവ്യമാണല്ലൊ. അക്കാലത്തു യോഗ്യതയേയോ ധനത്തേയോ സമ്പാദിക്കുന്നതിനു മുമ്പായി ഉദ്യോഗം വേണമെന്നും രാജ്യകാര്യങ്ങളെപ്പറ്റി പ്രസംഗിക്കണമെന്നും ഒരു അതിമോഹം ഞങ്ങളിൽ ചിലരെ ബാധിച്ചിരുന്നതിന്റെ ദോഷഫലം അനുഭവത്തിൽ പ്രത്യക്ഷമായതിന്റെ ശേഷം ഞങ്ങൾക്കു വിദ്യാസമ്പാദനത്തിലും തൊഴിലഭ്യാസത്തിലും ആസക്തി ഉണ്ടായിത്തുടങ്ങിട്ടുണ്ട്.

൨൫- മഹാർണ്ണവമധ്യത്തിൽ അനേക ദിവസം അകപ്പെട്ട വലഞ്ഞിരുന്ന ഒരു കപ്പലിലുള്ള ജനങ്ങൾ പെട്ടെന്നു വെറൊരു കപ്പൽ സമീപത്തു വരുന്നതു കണ്ടു, തങ്ങളുടെ കപ്പലിന്റെ മുഖ്യ പരമരത്തിൽ നിന്നും 'വെള്ളം!വെള്ളം!' ദാഹം കൊണ്ടു വലയുന്ന എന്നു കൊടിയടയാളം കാണിച്ചു. അടുത്തുവന്ന കപ്പലിൽ നിന്നു ഉത്തരമായി കാണിക്കപ്പെട്ട കൊടി ഇതായിരുന്നു. "നിങ്ങൾ കിടക്കുന്ന സ്ഥലത്തു നിന്നും കോരിക താഴ്ത്തി വെള്ളം കോരുക തന്നെ." പിന്നെയും ജലദാരിദ്ര്യംകൊണ്ടുഴലുന്ന ആദ്യത്തെ കപ്പല്ക്കാർ ജലം വേണം വേണം എന്നു വീണ്ടും അപേക്ഷിച്ചു. മറ്റെ കപ്പല്ക്കാർ ഈ ആവശ്യത്തിനു മറുപടി പറഞ്ഞതു ആദ്യം പറഞ്ഞതു പോലെ തന്നെ ആയിരുന്നു. ഒടുവിൽ കപ്പലിന്റെ അധിപൻ ഈ ഉപദേശം മനസ്സിലാക്കി കോരിക താഴ്ത്തി വെള്ളം കോരിയെടുത്തപ്പോൾ അതു ആമസാൺ നദിയിൽ നിന്നും ഒഴുകി വന്നിരുന്ന ശുദ്ധജലം ആണെന്നറിഞ്ഞു.

൨൬- സമീപവാസികളായ ധാരാളരുടെ സ്നേഹത്തെ ആകർഷിക്കുന്നതിലുള്ള ഉദ്യമം കുറയ്ക്കുകയോ അന്യദേശങ്ങളിൽ പോകണമെന്ന നിശ്ചയിക്കയൊ ചെയ്യുന്ന എന്റെ ജാതിക്കാരോടു ഞാൻ ഹൃദയപൂർവ്വമായി പറയുന്നതു മേൽ

പറഞ്ഞ കഥയിൽ രണ്ടാമത്തെ കപ്പൽക്കാർ ആദ്യത്തെ കപ്പൽക്കാരോട് ഉപദേശിച്ച വാക്കുകൾ തന്നെ. അതായത് നമ്മുടെ സമീപവാസികളായ ജനങ്ങളോട് ഉത്തമ രീതിയിലുള്ള സ്നേഹത്തെ പരിപാലിപ്പാൻ നിങ്ങൾ സർവ്വം ശ്രമിക്കുവിൻ, എന്ന തന്നെ.

വ്യ- കഷ്കപ്രവൃത്തി, കൈത്തൊഴിലഭ്യാസം, വാണിജ്യം, ഗൃഹസ്ഥവൃത്തി, ഇതരങ്ങളായ ഐഹിക പ്രവൃത്തികൾ ഇവയിൽ നീഗ്രോ ജനങ്ങൾ നൈപുണ്യം സമ്പാദിക്കട്ടെ! ദാക്ഷിണാത്യന്മാരായ ധർമ്മർ എത്തെല്ലാം പാപകരങ്ങളായ പ്രവൃത്തികൾ നിങ്ങളുടെ നേർക്ക് ചെയ്തിട്ടുണ്ടെങ്കിലും ഉപജീവനമാർഗ്ഗസമ്പാദനത്തിൽ അവർ നിങ്ങൾക്കു നൽകി വരുന്ന സൌകര്യത്തെയും സഹായത്തെയും നിങ്ങൾ വിസ്മരിക്കരുത്. ഈ സഹായദാനത്തെ എത്രയോ ബലവത്തായി ഈ പ്രദർശനം തന്നെ വിളിച്ചു പറയുന്നുണ്ട്. അടിമത്തത്തിൽ നിന്നും സ്വതന്ത്രതയിലേയ്ക്കുണ്ടായിട്ടുള്ള വലിയ ചാട്ടത്തിൽ മഹത്തായ ഈ അഭ്യുപകടം നേരിടാതെ നാം രക്ഷിക്കണം. നമ്മുടെ ജനസാമാന്യം കൈവേല ചെയ്യുകാലക്ഷേപം കഴിപ്പാനുള്ളവരാണ്. സാധാരണ ജോലിയെടുക്കുന്നതു സ്തുത്യർഹവും മാന്യവും ആയ പുരുഷധർമ്മമാണെന്നും നമ്മുടെ ഭാവിശ്രേയസ്സു നിത്യവൃത്തിയ്ക്കു ഉപയോഗപ്പെടുന്ന തൊഴിലുകളെ യുക്തിയോടും ബുദ്ധിപൂർവ്വമായും ചെയ്യാൻ അഭ്യസിക്കുന്നതിൽ നാം കാണിക്കുന്ന താല്പര്യത്തെ ആശ്രയിച്ചിരിക്കുന്നു എന്നും സദാകാലം ഓർമ്മിക്കണം. കായ്വും വിട്ട കളിയ്യരുത്, ആവശ്യത്തെ മറന്ന ആഡംബരത്തെ കയ്യാളരുത്, അന്തസ്സാരത്തെ ഉറപ്പിക്കാതെ ബാഹ്യമേനിയെ പുലർത്താൻ ശ്രമിക്കരുത്— ഈ സ്ഥിരബോധം നമ്മുടെ വർദ്ധനയ്ക്കുള്ള അടിസ്ഥാനക്കല്ലായിരിക്കണം. ഒരു കവിത ഉണ്ടാക്കുന്നതുപോലെ തന്നെ മഹത്തായ പ്രവൃത്തിയാണ് ഒരു നിലം കൃഷി ചെയ്യുന്നതെന്നു അറിയുന്ന ഒരു ജനസമുദായം മാത്രമേ അഭിവൃദ്ധിയെ പ്രാപിക്കയുള്ളൂ. നീഗ്രോ-ജനങ്ങളായ നാമെല്ലാം ഏണിയുടെ അടിപ്പടിയിലാണ് ഇപ്പോൾ നിൽക്കുന്നത്.

ഒന്നോടെ അഗ്രഭാഗത്തിൽ എത്താൻ നമുക്കു സാധിക്കുകയില്ല. നമുക്കു കിട്ടീട്ടുള്ള സൌകര്യത്തെ ഉപയോഗിയ്ക്കാതെ നാം ആവലാതി പറഞ്ഞു വ്യർത്ഥം കാലം കളയരുത്.

൨൪- അന്യവംശക്കാരും അന്യഭാഷ സംസാരിക്കുന്നവരും അന്യസമ്പ്രദായക്കാരും ആയ ജനങ്ങളുടെ സമാഗമം തങ്ങളുടെ സ്ഥിതിയ്ക്കും ആദായത്തിനും പ്രതികൂലമാണെന്നു വിചാരിക്കുന്ന ധാരാളരോടും ഞാൻ പറയുന്നതു എന്റെ ജാതിക്കാരോടു പറയുന്ന വാക്കു തന്നെ. നിങ്ങളും അവരുടെ ഇടയിൽ താമസിച്ചു അവക്കു കഴിയുന്ന സഹായം ചെയ്യുവിൻ. അവരിൽ നിന്നു സ്വീകരിക്കുവുന്ന സഹായം സ്വീകരിക്കുവിൻ. അവർ വ്യാ-ലക്ഷം ജനങ്ങളോളം ഉണ്ടല്ലൊ. അവരുടെ ആചാരങ്ങളും രീതികളും നിങ്ങൾ അറിയാത്തവയും അല്ലല്ലൊ,—അവരുടെ സ്വാമിഭക്തിയും സ്നേഹവും പരിശ്രമശീലവും നിങ്ങൾ എത്രയോ കാലമായി പരീക്ഷിച്ചറിഞ്ഞിട്ടുണ്ട്. ചതിവു ചെയ്യണമെന്നു അവർക്കു കരുതൽ ഉണ്ടായിരുന്നുവെങ്കിൽ അവരിൽ നിന്നു എന്തെല്ലാം അനർത്ഥം അടിമയുദ്ധകാലത്തു നിങ്ങൾ അനുഭവിച്ചിരിക്കുമായിരുന്നു എന്നു ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കണമെന്നില്ലല്ലൊ. അടിമകളായിരുന്ന അവസ്ഥയിൽ നിങ്ങളുടെ വയലുകൾ കൃഷി ചെയ്തും വനങ്ങൾ വെട്ടിത്തെളിക്കുകയും തീവണ്ടിപ്പാതകൾ ഇട്ടുകയും കെട്ടിടങ്ങൾ പണി കഴിക്കയും നിങ്ങൾക്കുവേണ്ടി എത്രയധികം വേലയും ചെയ്തും ഭൂമിയുടെ ഉദരത്തിൽ നിക്ഷിപ്തമായിരുന്ന ധനത്തെ നിങ്ങൾക്കുവേണ്ടി ഉദ്ധരിക്കയും, ദക്ഷിണ ദേശത്തിൽ ഈദൃശമായ ലക്ഷ്മീവിലാസത്തിനും, വിശിഷ്യ സുദിനമായ ഇന്നത്തെ പ്രദർശനവിജയത്തിനും അധ്വാനിക്കയും ചെയ്തിട്ടുള്ള നീഗ്രോ വംശക്കാരെ നിങ്ങൾ എല്ലാ വിധത്തിലും സഹായിപ്പിൻ. കായികമായും മാനസികമായും ഉള്ള അറിവിനെ സമ്പാദിക്കാൻ അവരെ നിങ്ങൾ പ്രോത്സാഹനം ചെയ്യിൻ. നിങ്ങൾക്കു ആവശ്യമില്ലാതെ കിടക്കുന്ന ഭൂമികളെ അവർ വാങ്ങിക്കട്ടെ. മരുഭൂമികളെ അവരുടെ അധ്വാനം ഉദ്യാനങ്ങളാ

ക്കിത്തീർക്കട്ടെ. നിങ്ങളുടെ യന്ത്രശാലകളിലെ പണികൾ അവർ ചെയ്യട്ടെ. ഇങ്ങനെ ചെയ്യുന്നതിൽ നിങ്ങൾക്കു സ്വാർത്ഥ സന്തോഷത്തിനേ കാരണം ഉണ്ടാകയുള്ളൂ. പൂർവ്വകാലങ്ങളിലെപ്പോലെ വർത്തമാന ഭാവികാലങ്ങളിലും നിങ്ങളുടെ സമീപവാസികളായി ക്ഷമ, സ്വാമിഭക്തി, വിശ്വാസ്യത, നിയമാനുസരണശീലം,—ഈവിധം ഗുണങ്ങളുള്ള ജനങ്ങൾ ഉണ്ടായിരിക്കുന്നതാകുന്നു.

രണ്ടു- നിങ്ങൾ കഴിഞ്ഞ കാലങ്ങളിൽ ഞങ്ങളുടെ ഭക്തിയെ പരീക്ഷിച്ചറിഞ്ഞിട്ടുള്ളവരാണല്ലോ. നിങ്ങളുടെ കുഞ്ഞുങ്ങളേയും മാതാപിതാക്കന്മാരേയും ശുശ്രൂഷിക്കുന്നതിൽ ധാരാളം സ്നേഹവും അനുകമ്പയും കാണിച്ചിട്ടുള്ളവരും, അവരുടെ മരണത്തെപ്പറ്റി നിങ്ങളെപ്പോലെ ദുഃഖിച്ചിട്ടുള്ളവരുമായ ഈ ജാതിക്കാരുടെ വർത്തനയെ നിങ്ങൾ ശരിയാകും വണ്ണം പരിപാലിപ്പിൻ. അവരുടെ സ്നേഹത്തെ ദൂരീകരിക്കാതെ ഈ രാജ്യത്തിൽ തന്നെ യോജിപ്പിക്കുവിൻ. ഒട്ടനാളായിട്ടു നിങ്ങളെ ആശ്രയിച്ചു കാലക്ഷേപം കഴിച്ചു വരുന്ന ഈ ജനങ്ങളേക്കാൾ അന്യജനങ്ങൾക്കു നിങ്ങളോടു സ്നേഹമോ ഭക്തിയോ ഉണ്ടാകാൻ കഴിവുള്ളതല്ലല്ലോ. നിങ്ങളുടെ രാജ്യത്തിന്റെ രക്ഷയ്ക്കായി ജീവത്യാഗം ചെയ്വാൻ പോലും ഞങ്ങൾ സന്നദ്ധരാണ്. ആയതിനാൽ വ്യാവസായികമായും വാണിജ്യവിഷയകമായും പൌരമായും മതസംബന്ധമായും ഉള്ള പ്രവൃത്തികളിൽ ധീരമാരായ നിങ്ങൾക്കും കറുത്ത മനുഷ്യരായ ഞങ്ങൾക്കും ഒന്നുപോലെ സ്വാതന്ത്ര്യവും അവകാശവും ഐകമത്യവും ഉണ്ടായിവരട്ടെ.

രണ്ടു- ജാതിസംബന്ധമായ സംഗതികളിൽ നമുക്കു കയ്യിലേ വിരലുകൾക്കുള്ളതുപോലെ പ്രത്യേകത ഉണ്ടായിരുന്നുകൊള്ളട്ടെ. എന്നാൽ പരസ്പരവർത്തനയെ സംബന്ധിക്കുന്ന മുഖ്യകാര്യങ്ങളിൽ, പ്രത്യേകതയെ കാണിക്കുന്ന വിരലുകളെ വഹിക്കുന്നതായ കൈ എന്നപോലെ നാം ഏകയോഗക്ഷേമത്തെ കാംക്ഷിക്കുന്നവർ ആയിരിക്കണം.

മൂന്നു- സർവ്വജനവ്യാപ്തമായ ഉൽകർഷത്താലല്ലാതെ നമ്മളിൽ ആർക്കുംതന്നെ രക്ഷയേയോ സൈ്വരതയേയോ പ്രാ

പിക്കാൻ കഴിയുന്നതല്ല. നിഗ്രോ-ജനങ്ങളുടെ ഉന്നതിയുടെ പ്രതിബന്ധം വരുത്തണമെന്നു വിചാരിക്കുന്ന ജനങ്ങൾ തങ്ങളുടെ ബുദ്ധിയെ തിരിച്ചു, ഈ ഭാഗ്യഹീനന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും, ധൈര്യപ്പെടുത്തുന്നതിനും, ബുദ്ധിയും ഉപയോഗവും ഉള്ള പൌരന്മാരാക്കുന്നതിനും ആയി സദാ വിനിയോഗിക്കട്ടെ. ഈ യത്നം നൂറിനു നൂറു പലിശ നൽകുന്ന ധനവ്യാപാരമായിരിക്കും. കൊടുക്കുന്നവനും വാങ്ങുന്നവനും ഒരേ വിധത്തിൽ ഉപകാരമുള്ളതായിത്തീരും. പ്രകൃതിയുടെ ഈ വിധിയിലിരിക്കുന്നതിനെ ലംഘിപ്പാൻ ആർക്കും കഴിയുന്നതല്ല. ലോകനിയന്താവിന്റെ അലംഘനീയമായ വിധി ദോഷം ചെയ്യുന്നവനേയും ദോഷം അനുഭവിക്കുന്നവനേയും ഒന്നുപോലെ ബന്ധിക്കുന്നു. പാപവും ദുഃഖവും സാഹചര്യത്തോടു തന്നെ ദൈവവിധിക്കു അധീനമായി ഭവിക്കുന്നു.

൨൯- ഒരുകോടി ൧൦-ലക്ഷം ഹസ്തങ്ങൾ ഭാരത്തെ ഉന്തുന്നതിനു നിങ്ങളെ സഹായിക്കയോ അഥവാ നിങ്ങൾക്കു വിരോധമായി അതിനെ അധഃപതനം ചെയ്യിക്കുന്നതിനു തുനിയുകയോ ചെയ്യും. ഒന്നുകിൽ നിഗ്രോ-ജനങ്ങൾ ദക്ഷിണദേശത്തിലെ അജ്ഞാനം ദോഷവൃത്തി ഇവയുടേയോ അല്ലെങ്കിൽ അതിലെ അഭിവൃദ്ധിയുടേയോ ഫലത്തിൽ മൂന്നിലൊരു ഭാഗം അനുഭവിക്കേണ്ടതായി വരും. ഒന്നുകിൽ ദക്ഷിണദേശത്തെ വ്യവസായിക വൽസരയുടെ മൂന്നിലൊരുഭാഗം ജോലി ഞങ്ങൾ വഹിക്കും; അല്ലെങ്കിൽ സമുദായോന്നതിയുടെ പ്രതിബന്ധവും, ഉത്സാഹശൂന്യവും, ദോഷഭ്രഷ്ടവും ആയ ജീവനാശത്തിനു ഞങ്ങൾ കാരണഭ്രതന്മാരായി ഭവിക്കും. ഗ്രഹണലാഭത്തിനോ ദോഷഭാരത്തിനോ ഏതിനാണു ഞങ്ങൾ ഉത്തരകേണ്ടതെന്നു നിങ്ങൾ തന്നെ തീരുമാനിക്കുവിൻ.

൩൦- പ്രദർശന പ്രവർത്തകന്മാരായ മാന്യന്മാരേ! ഞങ്ങളുടെ അഭിവൃദ്ധിസൂചകമായി ചില സാധനങ്ങളെ ഇവിടെ ഹാജരാക്കാൻ ഞങ്ങൾ ചെയ്തിട്ടുള്ള അല്പയത്നം നിങ്ങളുടെ അനുകമ്പയ്ക്കു പാത്രീഭവിക്കട്ടെ. നിങ്ങളുടെ ദൃഷ്ടിയെ

ബലാൽ ആകഷ്ടിക്കത്തക്കവിധം അധികമൊന്നും ഞങ്ങ ൾക്കു പ്രദർശിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. അവിടെയിവിടെ യായി, കുറെ കോഴികളോ മത്തങ്ങയോ-മറോ (ഇവ ത ന്നെയും പല വഴിയായി ഉണ്ടായവയാണ്.) മാത്രമായ സ്വത്തുകൊണ്ടു പുറപ്പെട്ട, കഴിഞ്ഞ മുപ്പതു വർഷകാലത്തി നിടയിൽ പലവിധത്തിലുള്ള സ്വത്തുകൾ-കർഷകോപകര ണങ്ങൾ, സാമഗ്രികൾ, ശകടങ്ങൾ, ആവിയന്ത്രങ്ങൾ, വർത്തമാനപ്പത്രങ്ങൾ, പുസ്തകങ്ങൾ, ശിലാപ്രതിമകൾ; ശില്പവേല, പടമെഴുത്തു ഔഷധശാലകൾ, ഇണ്ടിവ്യാപാരാ ലയങ്ങൾ മുതലായവയുടെ ഉടമസ്ഥത ഇപ്പോൾ നീഗ്രോ-ജ നങ്ങൾ അനുഭവിച്ചു വരുന്നതു അവരുടെ അധ്വാനത്തി ന്റെ വിജയസ്തംഭമായിരിക്കുന്നു. ദാരിദ്ര്യത്തിൽ നിന്നു ഒരു വിധം സമ്പന്നതയെ പ്രാപിക്കുന്നതു, സുഗമമോ സുഖ പൂർണ്ണമോ ആയ ഒരവസ്ഥയല്ല. അവർ നടന്ന പന്ഥാവു കൃത്തശിലകളാലും, കഠിനമായ കണ്ടകങ്ങളാലും, ദുർഘടമായി രുന്നു. ഞങ്ങൾ സ്വന്തയത്നം കൊണ്ടുണ്ടാക്കീട്ടുള്ള സാധന ങ്ങളെ ഇവിടെ പ്രദർശിപ്പിക്കുന്നതിൽ ഞങ്ങൾക്കു കൃതാർത്ഥത തോന്നുന്നുണ്ടെങ്കിലും അവയിൽ ഏതെങ്കിലും നിങ്ങളുടെ സമ്മാനങ്ങൾക്കും സ്തുതിയ്ക്കും പാത്രീഭവിക്കുന്ന പക്ഷം അതു ദാക്ഷിണാത്യന്മാരായ ധാരാളരുടെയും, വിശേഷിച്ചു തങ്ങ ളുടെ അനുകമ്പ, അനുഗ്രഹം, സ്നേഹം മുതലായവയുടെ നിരർഗ്ഗളമായ പ്രവാഹമെന്നു തോന്നുമാറുണ്ടായ ഉത്തര ദേശ ക്കാരുടേയും, ദ്രവ്യസഹായത്തിന്റെ ഉത്തമഫലമാണെ ന്നു ഞാൻ ഇപ്പൊഴേ നന്ദിയോടു ക്രടി പ്രസ്താവിച്ചുകൊ ള്ളുന്നു.

ഉപസംഹാരം- ഇരു ജാതിക്കാർക്കും പരസ്പരമുള്ള സമാഗമത്തിൽ സമഭാവന വരുത്തുന്നതിനായി ക്ഷോഭകരമായ വാഗ്വാദ ങ്ങൾ ചെയ്യുന്നതു വലുതായ അവിവേകമാണെന്നും, സാമു ദായികമായ അവകാശങ്ങളെ സമ്പാദിക്കേണ്ടതു കൃത്രിമമോ ക്ലിഷ്ടമോ ആയ പരിഭ്രമണം കൊണ്ടല്ല, കഠിനവും നിരന്ത രവുമായുള്ള പരിശ്രമത്താലും അധ്വാനത്താലും ആണെന്നും ഞങ്ങളുടെ ഇടയിൽ ബുദ്ധിയും ആലോചനാശക്തിയും ഉള്ള

വർ വിചാരിക്കുന്നു. ലോകത്തിലെ വാണിജ്യകേന്ദ്രങ്ങളിൽ ക്രയവിക്രയയോഗ്യങ്ങളായ പദാർത്ഥങ്ങളെ നിർമ്മിച്ചോ, ശേഖരിച്ചോ, കൊണ്ടു പോകാൻ തുണിയുള്ള ജനങ്ങളെ ഒരു നാട്ടിൽ നിന്നു മുറം പുറത്താക്കുന്നില്ല. ന്യായപ്രകാരം നമുക്കു സിദ്ധിപ്പാനുള്ള അവകാശങ്ങൾ നമുക്കു ഉണ്ടായിരിക്കേണ്ടതു തന്നെ; എന്നാൽ അവയെ വേണ്ടവണ്ണം ഉപയോഗിപ്പാനുള്ള സാമർത്ഥ്യത്തെയാണു നാം ഒന്നാമതായി അവശ്യം സമ്പാദിപ്പാനുള്ളതു്. ഒരു ജോലിസ്ഥലത്തുചെന്നു വേല ചെയ്തു ഒരു ഡാളർ സമ്പാദിപ്പുണ്ടാക്കുന്ന സൌകര്യമാണു നാടകശാലയിൽ പ്രവേശിച്ചു ഒരു ഡാളർ ചെലവാക്കാനുള്ള അനുവാദത്തേക്കാൾ നമുക്കു അത്യന്താവശ്യകമായിട്ടുള്ളതു്. ഇക്കാലത്തു നീഗ്രോ ജനങ്ങൾക്കു അത്യന്താപേക്ഷിതമായ കൃത്യം ദ്രവ്യസമ്പാദനം തന്നെ. യോഗ്യതയെ സമ്പാദിക്കുന്തോറും ഏതൊരുജാതിയുടെയും ശ്രേഷ്ഠതയുണ്ടാകുന്നതാണു്.

൨൫൨– ൦രം കഴിഞ്ഞ മുപ്പതു കൊല്ലക്കാലത്തിനകം, ഞങ്ങൾക്കു ഇത്രത്തോളം ആശയും പ്രോത്സാഹനവും ദാനം ചെയ്തിട്ടുള്ളതും, വെള്ളക്കാരായ യുഷ്മദ്ദേശന്മാരുടെ അടുക്കലേക്കു ഞങ്ങളെ ആകർഷിച്ചിട്ടുള്ളതും, ആയ സംഭവം, പ്രദർശനകായ്യവശാൽ, ഞങ്ങൾക്കു നിങ്ങൾ നൽകീട്ടുള്ള ൦രം മംഗളസന്ദർഭം ഒന്നുതന്നെയാണെന്നു ൦രം പ്രസംഗാവസാനഘട്ടത്തിൽ ഞാൻ ഒരിക്കൽക്കൂടി പറഞ്ഞുകൊള്ളട്ടെ! മുപ്പതുവർഷങ്ങൾക്കു മുമ്പു, മിക്കവാറും വെറും കൈ മാത്രം കൊണ്ടു പ്രയത്നം തുടങ്ങിയ ഞങ്ങൾ ഇത്രത്തോളം അഭിവൃദ്ധി നേടീട്ടുണ്ടെന്നുള്ളതിനെ പ്രദർശിപ്പിക്കുന്ന ൦രം മഹോത്സവമന്ദിരമായ, ൦രം മഹാക്ഷേത്രത്തിൽ വച്ചു, നമസ്കാരപൂർവ്വം ഞാൻ ഇതു കൂടി അറിയിച്ചുകൊള്ളുന്നു,—൨൨൨ശരസങ്കല്പം അനുസരിച്ചു നിങ്ങളിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഞങ്ങളുടെ അഭ്യുദയമാകുന്ന മഹാകായ്യത്തെ, വേണ്ടുംവിധം നടത്താൻ, നിങ്ങൾ ചെയ്യുന്ന യത്നത്തിൽ, അനുദിനം എന്റെ ജാതിക്കാരുടെ ക്ഷമയോടും നന്ദിയോടും കൂടിയ അനുവർത്തനം ഉണ്ടായിരിക്കുന്നതാണെന്നു, ഇതാ ഞാൻ പ്രതിജ്ഞ ചെ

യുന്നു. വയൽ, വനം, ഖനി, തൊഴിൽശാല, അക്ഷര ജ്ഞാനം, കരകൌശലം ഇത്യാദികളിൽ നിന്നു ഞങ്ങൾ സമ്പാദിച്ചു, ഇവിടെ പ്രദർശിപ്പിച്ചിട്ടുള്ള സാധനങ്ങൾ കാണുന്നതു എപ്പോഴത്തേയും സന്തോഷവും തൃപ്തിയും വരുത്തുമെങ്കിലും, ഇതിലും ഉപരിയായുള്ള ഒരു നന്മയും, ശ്രേയസ്സും അനുഗ്രഹവും ജഗൽപിതാവു നമുക്കു നൽകട്ടെ! ജാതിസ്പർദ്ധയും, തജ്ജന്യമായ പരസ്പര വിരോധവും, മത്സരവും, സംശയവും ഒക്കെ നാട്ടിൽ നിന്നും എന്നേയ്ക്കും നീങ്ങുമാറു, നമ്മിൽ സൽബുദ്ധിയും, ന്യായശീലവും, ഹൃദയവിശാലതയും, വർദ്ധിപ്പിക്കാൻ സർവ്വേശ്വരൻ നമ്മെ തുണയ്ക്കട്ടെ! സമ്പന്നത കൂടിവരുന്നോറും, സോദരസ്നേഹത്തോടു കൂടി ജീവിക്കുവാനുള്ള ഭാഗ്യവും നമുക്കു സിദ്ധിച്ചാൽ ഈ ഭൂമിയിൽ നവമായ ഒരു ഭൂമിയും, ഒരു സ്വർഗ്ഗവും ആവിർഭവിക്കുമെന്നുള്ളതു നിശ്ചയം തന്നെ."

ഉദാത്ത-സാരഗർഭവും ഹൃദയപ്രകാശകവുമായ ഈപ്രസംഗം പൂർത്തിയായ നിമിഷത്തിൽ ഗവർണ്ണർ ബൂത്തിലേക്കും വേറെ അനേകം സഹൃദയന്മാരും തന്നെ ഹസ്തഗ്രഹണം ചെയ്തതാണു ബുക്കർ പ്രഥമമായി സ്പർശിച്ചറിഞ്ഞതു്.

ഉദാര- അനേകം ജനങ്ങൾ അത്യധികമായും, ആഹ്ലാദകരമായും, അയാളെ അനുമോദിപ്പാൻ തുടങ്ങിയിരുന്നതുകൊണ്ടു അയാൾ മന്ദിരത്തിൽനിന്നു വെളിക്കിറങ്ങിയതു വളരെ പ്രയാസപ്പെട്ടായിരുന്നു. തന്റെ പ്രസംഗം എത്രകണ്ടു ഫലവത്തായി എന്നറിഞ്ഞതു അടുത്ത രാവിലെ കടയിൽ കൂടെ അയാൾ പോയപ്പോൾ ആയിരുന്നു. ജനങ്ങൾ അയാളെ കണ്ടറിഞ്ഞയുടൻ ചുറ്റും ചെന്നു അയാളോടു സംസാരിക്കയും അയാളെ ഹസ്തഗ്രഹണാദി ഉപചാരംകൊണ്ടു മൂടുകയും സൽക്കരിക്കയും ചെയ്തു. അയാൾ സഞ്ചരിച്ച തെരുവുകളിൽ എല്ലാം ഈ അനുമോദനപ്രകടനം ഉണ്ടായിരുന്നു. അടുത്ത ദിവസം അയാൾ ടസ്കേജിയിലേയ്ക്കു മടങ്ങിപ്പോയി. വണ്ടിയാപ്പീസുകളിൽ പലരും അയാൾക്കു ഉപചാരം ചെയ്തു. ഐക്യരാജ്യത്തിലെ സകലവർത്തമാന

പത്രികകളും ഈ പ്രസംഗത്തെ കുറിച്ചു സ്തുതിരൂപമായി പല അഭിപ്രായങ്ങളും പുറപ്പെടുവിച്ചിരുന്നു. "അറ്റ്ലാന്റാ കൺസ്റ്റിറ്റ്യൂഷൻ" എന്ന പേരുള്ള പത്രത്തിന്റെ അധിപരായിരുന്ന മിസ്റ്റർ ക്ലാർക്ക് ഹാവൽ ന്യൂയാർക്കിലെ ഒരു പത്രത്തിനു കമ്പിയടിച്ചു വർത്തമാനച്ചുരുക്കത്തിൽ ഇപ്രകാരം ഒരു ഭാഗം ഉണ്ടായിരുന്നു. "ദാക്ഷിണാത്യജനങ്ങളുടെ ഒരു മഹായോഗത്തിൽ വച്ചു പണ്ഡിതർ ബുക്കർ ടി. വാഷിങ്ടണാൽ പ്രദർശിപ്പിക്കപ്പെട്ട വാഗ്വിലാസം, സാരസ്യവും ഔചിത്യവും കൊണ്ടു, അദ്വിതീയമായിരുന്നെന്നു ഞാൻ പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. പ്രസംഗം ഒരു സത്യബോധനം തന്നെ ആയിരുന്നു. കറുത്തവർക്കും വെളുത്തവർക്കും, പരസ്പരം ന്യായമായി സഹവാസം ചെയ്യുന്നതിനുള്ള ശ്രേഷ്ഠമാർഗ്ഗത്തെ ആ പ്രസംഗം പ്രകാശിപ്പിക്കുന്നുണ്ട്."

൧൮൮൮- ബാസ്റ്റൺപത്രത്തിലെ ഒരു മുഖപ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു,—"ഈ വാരത്തിൽ അറ്റ്ലാന്റാ പ്രദർശനത്തിൽ വച്ചു ബുക്കർ ടി. വാഷിങ്ടൺ ചെയ്ത പ്രസംഗം, മറ്റുള്ള സകല സംഭവങ്ങളേയും പ്രദർശനോത്സവത്തെത്തന്നെയും, കീഴാക്കിയിരിക്കുന്നു. അതു പത്രലോകത്തിൽ ഉണ്ടാക്കിയ അത്ഭുതം നിസ്തുലമായിരുന്നു."

൧൮൯൯- ഈ പ്രസംഗം കഴിഞ്ഞതിൽ പിന്നെ പ്രസംഗസഭകളും മാസികാപ്രവർത്തകന്മാരും പത്രാധിപന്മാരും ബുക്കറോടു പ്രസംഗങ്ങളും ഉപന്യാസങ്ങളും ലേഖനങ്ങളും ക്രടക്കൂടെ ആവശ്യപ്പെട്ടു. ഇവരിൽ ചിലർ അയാൾക്കു അധികമായ ആദായത്തെയും വാഗ്ദാനം ചെയ്തിരുന്നു. ഒരു ക്ഷുദ്രകാലം, താൻ അവരുടെ അധീനതയിൽ പ്രസംഗം ചെയ്താൽ ചെലവുകൾക്കു പുറമേ പ്രസംഗം ഒന്നിനു ഇരുനൂറു ഡാളറോ, അഥവാ ഒന്നായി അമ്പതിനായിരം ഡാളറോ, കൊടുക്കാമെന്നു ഒരു പ്രസംഗകാര്യാലയത്തിന്റെ ഭാരവാഹികൻ അയാളെ അറിയിച്ചു. ഇവരോടു ഉത്തരമായി ബുക്കർ പറഞ്ഞതു തന്റെ ജീവിതയത്നം ടസ്കേജി വിദ്യാലയത്തിന്റേയും സഹവർത്തിന്റേയും അഭിവൃദ്ധിയ്ക്കുവേണ്ടി

മാത്രമുള്ളതാണെന്നും, തന്റെ യത്നങ്ങൾ മൂലം തനിക്കായി മാത്രം ഒരു ആദായത്തെ സ്ഥീകരിക്കണമെന്നു താൻ ഉദ്ദേശിക്കുന്നില്ലെന്നും ആയിരുന്നു.

൧൪൬– ഈ പ്രസംഗം ചെയ്തിന്റെ ശേഷം ഏതാനും ദിവസം കഴിഞ്ഞു ബുക്കർ അതിന്റെ ഒരു പ്രതി ഐക്യനാട്ടിലെ ഭരണകർത്താവായ ബഹു. ഗ്രോവർ ക്ലീവ്‌ലാണ്ടിനു അയച്ചിരുന്നു. അതിനു ഇപ്രകാരം ഒരു മറുപടി അദ്ദേഹം അയച്ചു:—

ഗ്രേഞ്ചിമസ്, ബ്രസാർഡ്സ ബേ, മാസ്സ.,

അക്ടോബർ ൯—ഫ്രവൻ൫.

ബുക്കർ ടി. വാഷിങ്ട്ടൺ എസ്ക്വയർ,

മൈ ഡീയർ സർ,—

അറ്റ്‌ലാന്റാ പ്രദർശനകാലത്തു നിങ്ങൾ ചെയ്ത പ്രസംഗത്തിന്റെ ഒരു പ്രതി അയച്ചുതന്നതിനു നിങ്ങളോടു ഞാൻ നന്ദി പറഞ്ഞു കൊള്ളുന്നു.

ഈ പ്രസംഗം നടത്തിയതിലേക്കായി ഞാൻ സഹൃദയം നിങ്ങളെ അനുമോദിക്കുന്നു. ശ്രദ്ധയോടും രസത്തോടും ഞാൻ പ്രസംഗം വായിച്ചു നോക്കി. ഈ പ്രസംഗം ചെയ്യുന്നതിനു ഒരു ഉചിതമായ സൌകര്യം നിങ്ങൾക്കു സമ്പാദിച്ചു തന്നതു കൊണ്ടു മാത്രം തന്നെ പ്രദർശനകൃത്യം വളരെ സഫലമായിട്ടുണ്ട്. നിങ്ങളുടെ ജാതിക്കാരുടെ അഭ്യുദയത്തെ കാംക്ഷിക്കുന്ന സർജനങ്ങളാലും നിങ്ങളുടെ വാക്കുകൾ ആദരണീയങ്ങളാണ്. അതിൽ പ്രസ്താവിച്ചിരിക്കുന്ന സാരഭാഗങ്ങൾ നിങ്ങളുടെ ജാതിക്കാർക്കു ഉത്സാഹവും ഉണർച്ചയും ഉണ്ടാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പൌരത്വത്താൽ തങ്ങൾക്കു ലഭിക്കുന്ന മഹാഫലങ്ങളായ സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും സമ്പാദിപ്പാൻ അക്ഷീണമായി പരിശ്രമിക്കുന്നതിനു നമ്മുടെ സഹോദരന്മാരായ നീഗ്രോജനങ്ങളെ നിങ്ങളുടെ ഉപദേശം അത്യുത്സുകരാക്കിയില്ലെങ്കിൽ അതു ആശ്ചര്യകരമായിരിക്കും!

എന്നു് യുവഴ്സ് പെരിട്ടുലി,—ഗ്രോവർ ക്ലീവ്‌ലാണ്ട് (ഒപ്പു)

൨൭വ്വ- പിന്നീടു മിസ്റ്റർ ക്ലീവ്ലാണ്ട് ഉദ്യോഗമുറയ്ക്കു പ്രദർശനമന്ദിരത്തെ സന്ദർശിച്ചപ്പോൾ ബുക്കർ അദ്ദേഹത്തെ കണ്ടു. അയാളുടെ അപേക്ഷയനുസരിച്ചു പ്രസിഡണ്ടു നീഗ്രോ-മന്ദിരത്തിൽ ഒരു മണിക്കൂർ താമസിച്ചു സാമാനങ്ങൾ പരിശോധിക്കയും അവിടെയുണ്ടായിരുന്ന നീഗ്രോ-ജനങ്ങളിൽ ഓരോരുത്തനേയും ഹസ്തഗ്രഹണം ചെയ്തു ഉപചരിക്കയും ചെയ്തു. ഈ സന്ദർഭത്തെ പറ്റി പുസ്തകത്തിൽ- ഇങ്ങനെ വിവരിച്ചിരിക്കുന്നു.

൨൭ൻ- "മിസ്റ്റർ ക്ലീവ്ലാണ്ടിനെ ഞാൻ കണ്ട മാത്രയിൽ അദ്ദേഹത്തിന്റെ നിഷ്പക്ഷപാതിത്വവും മഹത്വവും തന്മയമായ സത്യശീലവും എന്നെ വിസ്മയിപ്പിച്ചു. അതിൽ പിന്നീടു ഗൃഹത്തിലും ജോലിസ്ഥലങ്ങളിലുമായി അദ്ദേഹത്തെ പല തവണ ഞാൻ ചെന്നു കണ്ടിട്ടുണ്ട്. ഓരോ അവസരത്തിലും അദ്ദേഹത്തോടു എനിക്കുള്ള ബഹുമാനം വർദ്ധിച്ചു തന്നെ വന്നിരുന്നു. അറ്റ്ലാന്റായിലെ നീഗ്രോ-പ്രദർശന മന്ദിരത്തെ സന്ദർശിച്ച അവസരത്തിൽ ആ ഒരു മണിക്കൂറു അദ്ദേഹം അതിൽ തന്നെ ലയിച്ചിരുന്ന വിധം പെരുമാറിയിരുന്നു. ഒരു കോടീശ്വരനായ പ്രഭുവിനെ ഉപചരിക്കുന്ന വിധത്തിൽ തന്നെ അദ്ദേഹം ജീർണ്ണവസ്ത്രധാരിണിയായ നീഗ്രോ-വൃദ്ധയേയും ഉപചരിച്ചു. ചില നീഗ്രോ-ജനങ്ങളുടെ അപേക്ഷയനുസരിച്ചു അദ്ദേഹം തന്റെ പേരിനെ പുസ്തകങ്ങളിലും കടലാസു ഖണ്ഡങ്ങളിലും എഴുതിക്കൊടുക്കയും ചെയ്തു. രാജ്യകാര്യസംബന്ധമായ ഒരു പ്രമാണത്തിൽ ഒപ്പിടുന്ന സമയം ഉള്ള ക്ഷമയും സൂക്ഷ്മതയും ഈ പേരെഴുത്തു ജോലിയിലും അദ്ദേഹം കാണിച്ചു. മിസ്റ്റർ ക്ലീവ്ലാണ്ട് എനിക്കു അനേക വിധത്തിൽ സഹായം ചെയ്തിട്ടുണ്ട്. വിദ്യാലയത്തിലേയ്ക്കായി ഞാൻ ആവശ്യപ്പെട്ട എതെല്ലാം അദ്ദേഹം നടത്തിത്തന്നിട്ടുണ്ട്. ചിലപ്പോൾ സ്വന്ത ദ്രവ്യം സംഭാവന ചെയ്തും ചിലപ്പോൾ സ്വന്ത ഉത്സാഹത്താൽ അന്യരെക്കൊണ്ടു ധനദാനം ചെയ്യിച്ചും, അദ്ദേഹം എന്നെ സഹായിച്ചു. എന്റെ അനുഭവത്തിൽ പെട്ടിടത്തോളം അദ്ദേഹത്തെ ജാതിസ്നേഹം ദോഷം അശേഷം

ബാധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ മഹനീയമായ സ്വഭാവ ത്തിനു അതിനു ഇടകൊടുക്കുന്നില്ല. തൻകാര്യം വൻകാര്യം എന്നു വിചാരിച്ചു, സ്വച്ഛാപരന്മാരും സൽഗ്രന്ഥ പരിശീലനത്തിൽ വിമുഖന്മാരും, ദേശസഞ്ചാരം ചെയ്തു ബുദ്ധി വികാസം സമ്പാദിച്ചിട്ടില്ലാത്തവരും, അന്യന്റെ സുഖദുഃഖങ്ങളെ നിഷ്പക്ഷപാതമായി പങ്കു കൊള്ളുന്നതിൽ നിരുത്സാഹന്മാരും ആയിരിക്കുന്ന അല്പബുദ്ധികളും മാത്രമാണു ജാതിസ്പർദ്ധോദ്ദീപനത്തിനു അടിമപ്പെടുന്നതെന്നു ലോകപരിചയത്താൽ ഞാൻ അറിഞ്ഞിരിക്കുന്നു. വർണ്ണഭേദമെന്ന തിമിരത്തിന്റെ ബാധയാൽ കണ്ണു ദുഷിച്ചു പോയിട്ടുള്ളവർക്കു ഇഹലോകത്തിൽ വിളങ്ങുന്ന നന്മയും മഹത്വവും കണ്ടറിവാൻ സാധിക്കുന്നില്ല.

ഒന്നാം- അന്യന്മാർക്കു സഹായം ചെയ്യുന്നവരത്രേ ഭാഗ്യവാന്മാർ, അന്യന്മാർക്കു സഹായം ചെയ്യാത്തവരത്രേ ഭാഗ്യഹീനന്മാർ, എന്നു ലോകപരിചയം എന്നെ പഠിപ്പിച്ചിട്ടുണ്ട്. ജാതിസ്പർദ്ധയെ പോലെ ജനങ്ങളെ അന്ധന്മാരും അല്പന്മാരും ആക്കിത്തീർക്കുന്ന ദോഷം വേറെ ഇല്ല. അന്യനായ ഒരുവനെങ്കിലും പൂർവ്വാധികം യോഗ്യനോ ഉപകാരിയോ ഭാഗ്യവാനോ ആക്കിത്തീർക്കാൻ പരിശ്രമം ചെയ്യുന്നതാണു ജീവിതവൃത്തിയുടെ മുഖ്യോദ്ദേശ്യമെന്നു വർഗ്ഗാഭിമാനികളും സദാ ഓർമ്മിക്കേണ്ടതാകുന്നു. വയസ്സും ലോകപരിചയവും വർദ്ധിച്ചു വരുന്തോറും എന്നിൽ ദൃഢമായി പതിഞ്ഞു വരുന്ന വിശ്വാസം ഇതാണ്. ആകപ്പാടെ എല്ലാം ആലോചിച്ചു നോക്കുമ്പോൾ അന്യനായ ഒരുവനെ പൂർവ്വാധികം ഭാഗ്യവാനോ ഉപകാരിയോ ആക്കാനായിട്ടു സദാകാലം ബദ്ധശ്രദ്ധനായി വേല ചെയ്യുന്നവന്റെ ജീവിതം മാത്രമേ പ്രശസ്തമായ ജീവിതം ആകുന്നുള്ളൂ. ഇപ്രകാരം യത്നിക്കുന്നതുകൊണ്ടു മരണം സംഭവിച്ചാൽ തന്നെയും അതു ശ്രേയസ്കരമായിട്ടുള്ളതാണ്."നീഗ്രോ-ജനങ്ങളും അവരുടെ വർത്തമാനപത്രങ്ങളും ബുക്കരുടെ പ്രസംഗത്തെയും തന്മൂലം വെള്ളക്കാർക്കുണ്ടായ സ്നേഹബഹുമാനങ്ങളേയും പറ്റി അത്യന്തം വളരെ നല്ല അഭിപ്രായം പറഞ്ഞിരുന്നു. പെട്ടെന്നുണ്ടായ ഈ മഹാതിശയം ശ

മിച്ചതിന്റെ ശേഷം അച്ചടിച്ചു കണ്ട വാചകങ്ങളെ സാവധാനമായി വായിച്ചുനോക്കിയപ്പോൾ ആദ്യം തോന്നിയ അശ്ചര്യം ഭ്രമത്താൽ ഉണ്ടായതാണെന്നു അവർ വിചാരിച്ചു. പ്രസംഗത്തിൽ തെക്കൻ ദിക്കിലെ വെള്ളക്കാരെപ്പറ്റി ക്രമത്തിലധികം സ്തുതി ഉണ്ടായിരുന്നതല്ലാതെ നീഗ്രോ-ജനങ്ങളുടെ ശരിയായ അവകാശങ്ങളെ പറ്റി പ്രബലമായ പ്രസ്താവന ഇല്ലായിരുന്നു എന്നു നീഗ്രോ-ജനങ്ങളിൽ ഏതാനും പേർ സ്വല്പകാലം ഒരഭിപ്രായഭേദത്തോടിരുന്നു എങ്കിലും ഒടുവിൽ അവരും അയാളുടെ വിശ്വാസത്തെയും പ്രവൃത്തിയേയും അനുകരണംചെയ്തു.

൨൯൮- ഇക്കാലത്തു സ്വജനങ്ങളിൽ ഒരു ഭാഗക്കാരുടെ ദ്വേഷം ജ്വലിക്കത്തക്കവിധത്തിലുള്ള ഒരു കൃത്യം ബുക്കർ ചെയ്യാനിടയായി. പക്ഷേ ബുക്കർ നിർദ്ദോഷിയായിരുന്നു. ഈ സംഗതി ഉണ്ടായതു വിദ്യാലയസ്ഥാപനത്തിനു പത്തു വർഷത്തിനിപ്പുറമായിരുന്നു. ഇതു അയാളുടെ മനസ്സിൽ നിന്നു ഇന്നും മാഞ്ഞിട്ടില്ല. "ഔട്ട്ലുക്ക്" എന്ന മതപത്രികയുടെ അധിപരായ ഡാക്ടർ ലൈമൻ അബ്ബട്ടിന്റെ അപേക്ഷപ്രകാരം ആ മാസികയിലേക്കു ബുക്കർ "നീഗ്രോ പാതിരിമാരുടെ സ്ഥിതി" എന്ന വിഷയത്തെക്കുറിച്ചു ഒരു ലേഖനം എഴുതി അയച്ചിരുന്നു. ഇതിൽ മതപ്രസംഗം ചെയ്യുന്നവരുടെ നീചകൃത്യങ്ങളേയും ന്യൂനതകളേയും സൂചിസ്ഥരം പ്രതിപാദിച്ചിരുന്നു. അടിമത്തത്തിൽ നിന്നു വിട്ടതൽ കിട്ടി അധികകാലമായിട്ടില്ലാതിരുന്നതിനാൽ അന്നു, നീഗ്രോ-ജനങ്ങളുടെ ഇടയിൽ യോഗ്യന്മാരായ പുരോഹിതന്മാർ ഉണ്ടായിട്ടില്ലായിരുന്നു. കാര്യം യഥാർത്ഥമായിരുന്നു എങ്കിലും കുറെ പാതിരിമാരുടെ ഇടയിൽ ഈ ലേഖനം വലുതായ ക്ഷോഭത്തെ ജനിപ്പിച്ചു. ഈ വക്കാരുടെ യോഗങ്ങളിലെല്ലാം ബുക്കറുടെ പ്രവൃത്തി അനുചിതവും അനാവശ്യവും അധികപ്രസംഗവും ആണെന്ന രേഖാമൂലമായി പ്രസ്താവിക്കപ്പെട്ടു. ഇതുകൊണ്ടും അരിശം തീരാതെ അവർ ചില ലഘുപത്രികകളും പ്രസിദ്ധപ്പെടുത്തി. ബുക്കറുടെ പാഠശാലയിൽ ജനങ്ങളും കുട്ടികളെ അയയ്ക്കുന്നതു

ദോഷകരമായിരിക്കുമെന്നു പോലും അവർ പ്രസ്താവിച്ചു തുടങ്ങി. ഇതിനു പുറമെ മാതാപിതാക്കന്മാരെ ചെന്നു കണ്ടു പ്രസംഗം പറഞ്ഞു കുട്ടികളെ ടസ്കേജി പാഠശാലയിൽ അയയ്ക്കാതിരിക്കാൻ ഉത്സാഹിപ്പിക്കുന്നതിലേക്കായി ഒരു പാതിരിയെ ഒരു സംഘക്കാർ നിയോഗിക്കയും ചെയ്തിരുന്നു. ഈ വൈരം കൊണ്ടു ബുക്കർക്കോ പാഠശാലയ്ക്കോ ശൂന്യമായ ന്യൂനത യാതൊന്നും ഉണ്ടായിട്ടില്ലെന്നു മാത്രമല്ല; പ്രസംഗക്കാരനായ പാതിരി പോലും തന്റെ കുട്ടിയെ പ്രസ്തുതവിദ്യാലയത്തിൽ നിന്നു പിൻവലിച്ചില്ലാ എന്നുള്ളതും പ്രസ്താവയോഗ്യമാണ്. മറുള്ളവരുടെ വിഷയത്തിൽ എന്തു തന്നെ പറകയൊ പ്രവർത്തിക്കയോ ചെയ്യുകിലും അയാൾ തന്റെ പുത്രനെ ആ വിദ്യാലയത്തിൽ തന്നെ പഠിപ്പിക്കയാണു ചെയ്തത്. മതപ്രചാരകസംഘക്കാരുടെ വകയായിരുന്ന മിക്ക പത്രങ്ങളും ചുരുക്കം ചില അന്യപത്രങ്ങളും ബുക്കറെ ആക്ഷേപിക്കയും, അയാളോടു തന്റെ നിരർത്ഥപ്രലാപത്തെ പിൻവലിക്കണമെന്നു നിയോഗിക്കയും ചെയ്തിരുന്നു.

വസ്തുത- ഈ ക്ഷോഭദശയിൽ ബുക്കർ വ്യാഖ്യാനമായോ പ്രത്യാഖ്യാനമായോ ഒരു വാക്കും ഉച്ചരിച്ചിരുന്നില്ല. താൻ അസത്യം ഒന്നും പ്രചരിപ്പിച്ചിട്ടില്ലായെന്ന ബോധം അയാളെ ധൈര്യപ്പെടുത്തിയിരുന്നു. കാലക്രമത്തിൽ ബുക്കറുടെ പ്രസ്താവനയുടെ സത്യം പരബോധ്യമായിത്തീരുകയും പാതിരിമാരുടെ സ്ഥിതിയിൽ ഗുണോന്മുഖമായ ഭേദം ഉണ്ടാകയും ചെയ്തു. എന്നു മാത്രമല്ല ഒരു മതപ്രചാരകസഭയുടെ മുഖ്യന്മാരിൽ ഒരാൾ, 'നിങ്ങളുടെ വാക്കുകൾ ഒട്ടും തന്നെ അതിശയകരമായിത്തോന്നുന്നില്ല; നിങ്ങൾ പറഞ്ഞതു വളരെ ശാന്തമായിട്ടാണ്' എന്നു അയാളോടു തന്നെ ഒരിക്കൽ പ്രസ്താവിക്കയും ചെയ്തു. കാലതാമസം കൂടാതെ പൊതുജനാഭിപ്രായം തന്നെയും പുരോഹിതന്മാരുടെ സ്ഥിതിയെ ശുദ്ധീകരിക്കുന്നതിലേക്കായി പ്രവേശിച്ചു തുടങ്ങി. ഇപ്പോൾ മതാലയങ്ങളിലെ കർമ്മകർത്താക്കന്മാരായിരിക്കുന്നവർ പ്രായേണ യോഗ്യന്മാരായി വന്നിട്ടുള്ളതിനു

കാരണം ബുക്കറുടെ സത്യസന്ധമായ ആക്ഷേപമായിരുന്നു എന്നു പല പാതിരിമാർ അയാളോടു പറഞ്ഞിട്ടുണ്ട്. അയാളെ ഒരു കാലം ആക്ഷേപിക്കയും വെറുക്കയും ചെയ്ത പലരും ഒടുവിൽ അയാളോടു നന്ദി പറഞ്ഞിട്ടുള്ളതു അയാഠംക്കു സന്തോഷത്തിനു കാരണമായിത്തീർന്നു.

൨൩-ാ-ാ- ഇക്കാലത്തു അറ്റ്ലാന്റാ പ്രദർശനത്തിലെ സമ്മാനവിധി കർത്താക്കന്മാരുടെ സമാജത്തിന്റെ അഗ്രാസനാധിപതിയായി നിയമിക്കപ്പെട്ട ജാൺ ഹാപ്കിൻസ് മഹാകലാലയത്തിലെ അദ്ധ്യക്ഷൻ ഡാക്ടർ ജിൽമാൻ, ബുക്കറോട്ടു ആ സമാജത്തിലെ ഒരു അംഗമായിരിപ്പാൻ മനസ്സുണ്ടോ എന്നു എഴുതി ചോദിച്ചു. എഴുത്തു ഇപ്രകാരം ആയിരുന്നു:—

ജാൺ ഹാപ്കിൻസ് മഹാകലാലയം, ബാൾട്ടിമോർ,
അധ്യക്ഷമന്ദിരം, സെപ്റ്റംബർ, ൧൦, ൧൮൯൫.

പ്രിയപ്പെട്ട മിസ്റ്റർ വാഷിങ്ടൺ,—അറ്റ്ലാന്റായിൽ, വിദ്യാഭ്യാസ കാര്യാലയത്തിൽ പ്രദർശനസംബന്ധമായി ഏർപ്പെട്ടുന്ന സമ്മാനവിധികർത്താക്കന്മാരുടെ സമാജത്തിലെ ഒരംഗമാകാൻ നിങ്ങൾക്കു പ്രയാസമുണ്ടായി വരുമോ? എങ്കിൽ നിങ്ങളുടെ പേരിനേയും ലീസ്റ്റിൽ ചേർക്കാൻ ഞാൻ സന്തോഷമുള്ളവനായിരിക്കുന്നു. മറുപടി കമ്പി വഴി അയയ്ക്കുണം.

എന്നു
താങ്കളുടെ ഏറ്റവും വിശ്വസ്തനായ
ഡീ. സീ. ജിൽമൻ (ഒപ്പു)

൨൩൪- പ്രദർശനാരംഭ ദിവസം പ്രസംഗിക്കാൻ ക്ഷണിക്കപ്പെട്ടതിനേക്കാൾ ഉപരിയായ ബഹുമതിയായിരുന്നു, ഈ നിയമനം എന്നു ബുക്കർ ആശ്ചര്യത്തോടു കൂടി വിചാരിച്ചു. തടസ്ഥനോ സാമാജികനോ എന്ന നിലയിൽ അയാൾ വെള്ളക്കാരുടേയും കറുത്തയാളുകളുടേയും വിദ്യാലയങ്ങളിൽ നിന്നു അയക്കപ്പെട്ട സാമാനങ്ങളെ പരിശോധിച്ചു അഭി

പ്രായം പറയേണ്ടിയിരുന്നു. അയാൾ ജോലിയേറ്റു ഒരു മാസക്കാലം പ്രദർശനസ്ഥലത്തിൽ താമസിച്ചു. പരിശോധകസമാജത്തിൽ അറുപതു അംഗങ്ങൾ ഉണ്ടായിരുന്നു. അവരിൽ മിക്കവരും ദക്ഷിണോത്തരദേശങ്ങളിലെ ധനികരായിരുന്നു; അനേകം പേർ കലാശാലാദ്ധ്യക്ഷന്മാരും ശാസ്ത്രജ്ഞന്മാരും ഗ്രന്ഥകാരന്മാരും ആയിരുന്നു. ബുക്കർ ഏറ്റെടുത്തിരുന്ന പ്രത്യേകയോഗം ക്രൂടിയപ്പോൾ സാമാജികന്മാരിൽ ഒരുത്തൻ,—മിസ്റ്റർ താഡ്യസ് നെൽസൺ പേയ്ജ്—അയാളെ ആ വകുപ്പിന്റെ കാര്യദർശിയാക്കണമെന്നു അഭിപ്രായം പറഞ്ഞു. അനേകം ദാക്ഷിണാത്യന്മാരാൽ അലംകൃതമായിരുന്ന യോഗം, യാതൊരു സംശയവും ക്രൂടാതെ അതിനെ സ്വീകരിച്ചു. എപ്പോഴും അയാളോടു ബഹുമാനപുരസ്സരം പെരുമാറിയിരുന്നു.

ഫ്രാൻസ്- നീഗ്രോ-ജാതിക്കാർക്കു രാജ്യകാര്യങ്ങളിൽ എത്രത്തോളം പ്രവേശം ഉണ്ടാകുന്നതു ഗുണപ്രദമായിരിക്കുമെന്നു ബുക്കറോടു പലരും ചോദിച്ചിട്ടുണ്ട്. അയാളുടെ മറുപടി ഇപ്രകാരം ആയിരുന്നു:—"അറ്റ്ലാന്റായിൽ വച്ചുണ്ടായഅനുഭവത്താൽ എനിക്കു ഈ സംഗതിയെക്കുറിച്ചു അഭിപ്രായം പറവാൻ എളുപ്പമുണ്ട്. ത്രാണി, സദാചാരം, സമ്പന്നത, ഇവയ്ക്കനുരൂപമായുള്ള പൌരാധികാരം കാലാന്തരത്തിൽ നീഗ്രോ-ജനങ്ങൾക്കു അനുവദിക്കപ്പെടും, എന്നാണു എന്റെ ദൃഢമായ വിശ്വാസം. ഈ ഭാഗ്യം പുറത്തുനിന്നോ കൃത്രിമമായോ ഉണ്ടാക്കപ്പെടുന്ന നിബ്ബന്ധത്താലല്ലാ സാധിക്കേണ്ടതു. ദാക്ഷിണാത്യർ തന്നെ നീഗ്രോ-ജനങ്ങൾക്കു അധികാരം നൽകും; അവർ തന്നെ ഉപദേശം കൊടുത്തു ഇവരെ ഉച്ചസ്ഥാനത്തിൽ വച്ചു പരിപാലിക്കും എന്നാണു എന്റെ അഭിപ്രായം. അന്യപ്രേരണ ക്രൂടാതെ സ്വന്ത മനസ്സാ തന്നെയാണു നീഗ്രോ-ജനങ്ങൾക്കു തങ്ങൾ സ്വാതന്ത്ര്യം [illegible] ഇവക്കു ഉൽകൃഷ്ടം നൽകുന്ന [illegible] ഇതു ഇപ്പോൾ തന്നെ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. സവിസ്തരം വ്യാഖ്യാനിക്കാം! അറ്റ്ലാൻ

രാപ്രദർശനത്തിനു ഏതാനും മാസം മുമ്പു ഒരു നീഗ്രോ-മനുഷ്യൻ ഉത്സവാഘോഷത്തെ സംബന്ധിച്ചു പ്രാരംഭദിവസം ഒരു പ്രസംഗം ചെയ്യേണ്ടതാണു, അതിന്റെ ശേഷം അയാൾ സമ്മാനവിധികർത്താക്കന്മാരുടെ യോഗത്തിൽ ഒരംഗമായിരിക്കേണമെന്നും ഒരഭിപ്രായം ഉത്തരരാജ്യത്തിലെ പത്രങ്ങളും സഭാലയങ്ങളും നിബ്ബന്ധമായി പുറപ്പെടുവിച്ചിരുന്നുവെങ്കിൽ തെക്കൻ ദിക്കുകാർ എന്റെ ജാതിക്കാർക്കു ഈ ബഹുമതി നല്കുമായിരുന്നോ?. ഇല്ല, എന്നു ഞാൻ വിചാരിക്കുന്നു. നീഗ്രോ-ജാതിക്കാരിൽ കണ്ട യോഗ്യതയെ പ്പറ്റി തങ്ങൾക്കു ഉണ്ടായിട്ടുള്ള സന്തോഷത്തെ വെളിപ്പെടുത്തേണ്ടതു തങ്ങളുടെ ധർമ്മമാണെന്നു കരുതിയാണു, അറ്റ്ലാൻറായിലെ മഹാജനങ്ങൾ ഇപ്രകാരം പ്രവർത്തിച്ചതു്. നിറവും ജാതിയും വക വയ്ക്കാതെ യോഗ്യർ യോഗ്യനെ അറിയുമെന്നുള്ളതു സാർവ്വത്രികമായ ലോകവിധിയാണു്. സഹജമായ ഈ മാനുഷഗുണം ഒരിക്കലും അശേഷം ഇല്ലാതാകുന്നതല്ല. ധനം, ബുദ്ധിശക്തി, സദാചാരം ഇവയിൽ ഉള്ള അഭിവൃദ്ധിയെ അടിസ്ഥാനമാക്കി സാവധാനമായും ദൃഢമായും നീഗ്രോ-രാജ്യാധികാരമന്ദിരത്തെ നിർമ്മിക്കുന്നതു നീഗ്രോ-ജനങ്ങളുടെ ധർമ്മയത്നം ആയിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. കാലക്രമത്തിൽ നീഗ്രോ-ജനങ്ങൾക്കു പൂർണ്ണാവകാശം സിദ്ധിക്കുമെന്നാണു എന്റെ വിശ്വാസം."

അദ്ധ്യായം ൧൭.

മഹാസഭകളിൽ ശ്രോതവ്യമായ പ്രസംഗം ചെയ്യുന്നതിന്റെ രഹസ്യം എന്തെന്നു്.

൧൯൯൯- അറ്റ്ലാൻറായിൽ വച്ചു ബുക്കർ ചെയ്ത പ്രസംഗത്തെപ്പറ്റി പൊതുജനങ്ങൾക്കുണ്ടായ അഭിപ്രായം എന്തായിരുന്നു, എന്നറിവാനായി "ന്യൂയാർക്ക് വാൾഡ്"

എന്ന പ്രസിദ്ധപ്രതിദിനപത്രികയിൽ അതിന്റെ ലേഖകനായ മിസ്റ്റർ ജെയിംസ് ക്രീൽമാൻ കമ്പിമാസ്സം അയച്ചിരുന്ന വിവരണത്തിൽ നിന്നു ഒരു ഭാഗം ഇവിടെ പകർത്തുന്നു:—

അറ്റ്ലാന്റാ സെപ്റ്റംബർ ഫ്രഞ്ച്.

പ്രസിദ്ധണ്ടെ ക്ലീവ്ലാണ്ട് അറ്റ്ലാന്റാ പ്രദർശനത്തിലെ യന്ത്രജാലത്തിന്റെ വേല ആരംഭിക്കുന്നതിനുള്ള വിദ്യുൽകണികയെ നയിപ്പാൻ വേണ്ടി ഗ്രേ ഗേബിൾസ് എന്ന സ്ഥലത്തു താമസിക്കുന്ന ഈ അവസരത്തിൽ അനേകം വെള്ളക്കാരാൽ നിബിഡമായ ഒരു മഹാസദസ്സിൽ ഒരു നിഗ്രോ-മോസസ്സ് നിന്നു ഒരു പ്രസംഗം ചെയ്തിരിക്കുന്നു. തെക്കൻ ദേശത്തിലെ ചരിത്രത്തിൽ ഇതു ഒരു പ്രധാന സംഭവമായി ഗണിക്കപ്പെടേണ്ടതാണ്. ജാജ്ജിയായിലേയും ലൂയിസിയാനായിലേയും പൌരന്മാരിൽ ഏതാനും പേർ ചേന്നിട്ടുള്ള ഭടസമൂഹത്തോടു കൂടി കുറെ നീഗ്രോ-ഭടന്മാരും പ്രദർശന ഭൂമിയിലേയ്ക്കുള്ള ഘോഷയാത്രയിൽ ചേർക്കപ്പെട്ടിട്ടുണ്ടായിരുന്നു. അഭൂതപൂർവ്വമായ ഈ രണ്ടു കാഴ്ചയുടേയും അസാധാരണമായ മാഹാത്മ്യത്തെ ഓർത്തു നഗരവാസികളെല്ലാം ഇന്നേദിനം ആഹ്ലാദഭരിതന്മാരായിരിക്കുന്നു. ടസ്കേജിയിലെ സാങ്കേതികകലാശാലയിൽ അധ്യക്ഷനായ പ്രൊഫ്സർ ടി. വാഷിങ്ട്ടൻ പ്രസംഗിക്കാനായി സഭാമണ്ഡപത്തിൽ എഴുന്നേറ്റ അവസരത്തിൽ അയാളുടെ കണ്ണു സൂര്യപ്രകാശംകൊണ്ടും സിദ്ധാഗ്നി കൊണ്ടും പ്രജ്വലിതമായിരുന്നു. ആ മനുഷ്യന്റെ വാക്കുകൾ അമേരിക്കയിൽ ആസകലം ഗുണപ്രദമായ ഒരു ഇളക്കം ഉണ്ടാക്കുന്നതിനു നിദാനമായിരിക്കുമെന്നു ഒരു സഹൃദയൻ അപ്പോൾ എന്നോടു പറഞ്ഞു. വെള്ളക്കാരായ സ്ത്രീപുരുഷന്മാർ നിറഞ്ഞിട്ടുള്ള ഒരു സഭയുടെ യോഗത്തിൽ കറുത്ത മനുഷ്യൻ ഇദംപ്രഥമമായി സംസാരിച്ചതു ദക്ഷിണദേശത്തു അന്നേദിവസം ആയിരുന്നു. അയാളുടെ വാക്കുകളുടെ ശക്തി ശ്രോതാക്കന്മാരെ എല്ലാം വിദ്യുച്ഛക്തി

പോലെ ഹർഷചിത്തന്മാരാക്കി. അന്നത്തെപ്രസംഗം ബുക്കറെ അമേരിക്കയിലുള്ള നീഗ്രോ-ജനങ്ങളിൽ പ്രധാനിയാക്കിത്തീർത്തു. പ്രസംഗസമയം മുഴുവൻ കാണികളായിരുന്ന അനേകായിരം ജനങ്ങളുടെ നയനപഥങ്ങളും ആ നീഗ്രോ-വാഗ്മിയിൽ തന്നെ ലീനങ്ങളായിരുന്നു. പ്രസംഗകത്താവിന്റെ ആകൃതി, ഹൃദയാകർഷകമായിരുന്നു. ഉയർന്നെടുതായ ദേഹവും, വിശാലമായ ഫാലവും, ചൊവ്വുള്ള നാസികയും, ഘനമുള്ള താടിയും, ശക്തിയേയും മനോനിശ്ചയത്തേയും സൂചിപ്പിക്കുന്ന വദനവും വലിപ്പമുള്ള വെളുത്ത പല്ലുകളും, പായുന്ന നോട്ടവും ഔജ്ജ്വല്യമുള്ള ഭാവവും സഭാവാസികളുടെ ശ്രദ്ധയെ ആകർഷിച്ചു. വ്യക്തമായും ബലമായും അവന്റെ വദനത്തിൽ നിന്നു പ്രവഹിച്ച വാഗ്ധോരണി സർവ്വജനങ്ങളേയും അപഹൃതചിത്തന്മാരാക്കിത്തീർത്തു. പത്തു മിനിട്ടു നേരം സംസാരിച്ചപ്പോഴേയ്ക്കും സഭാവാസികൾ ഹസ്തതാഡനം കൊണ്ടും ദണ്ഡഭ്രമണം കൊണ്ടും ഉറുമാൽ ചുറ്റൽ കൊണ്ടും തൊപ്പി ഉയർത്തിയുള്ള ഏറുകൊണ്ടും അവരുടെ ഉത്സാഹത്തേയും സന്തോഷത്തേയും ആഹ്ലാദത്തേയും കോലാഹലമായി പ്രദർശിപ്പിച്ചു തുടങ്ങി. ജാജ്വിയാദേശത്തെ സ്ത്രീരത്നങ്ങൾ ഇരിപ്പിടങ്ങളിൽ നിന്നും ഉത്ഥാനം ചെയ്തു, ഹർഷസാഗരങ്ങളെക്കൊണ്ടു ആ വാഗ്മിയെ പ്രശംസിച്ചു തുടങ്ങി. എന്തിനേറെ പറയുന്നു! സഭാവാസികൾ അയാളുടെ സാമർത്ഥ്യത്താൽ വശീകൃതന്മാരായിത്തീർന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. വിരലുകൾ വിടർത്തി, തന്റെ കൃഷ്ണവർണ്ണമായ കൈ തലയ്ക്കുമേൽ ഉയർത്തി, തന്റെ ജാതിക്കാരുടെ നിലയെപ്പറ്റി ദക്ഷിണദേശത്തുള്ള വെള്ളക്കാരോടു അയാൾ,—നാം ഇടപെട്ട കായ്ത്തിൽ നമുക്കു കയ്യിലെ വിരലുകൾക്കുള്ള പ്രത്യേകത ഉണ്ടായിരുന്നു കൊള്ളട്ടെ; എന്നാൽ പരസ്പരവർദ്ധനയെ സംബന്ധിക്കുന്ന മുഖ്യകായ്യങ്ങളിൽ പ്രത്യേകതയെ കാണിക്കുന്ന വിരലുകളെ വഹിക്കുന്നതായ കൈ എന്നപോലെ നാം ഏകയോഗക്ഷേമകാംക്ഷികളായിരിക്കണം" എന്നു അപേക്ഷിച്ചു പറഞ്ഞയുടനെ സഭാവാസികൾ ഒന്നൊഴി

യാതെ എന്നിറവു ഏകകണ്ഠമായി ഒരു അഭിപ്രായം മുഴക്കി.

ഡന്യേ- ഗ്ലാഡ്സ്റ്റൺ മുതലായ അനേകം പ്രസിദ്ധ വാഗ്മികളുടെ പ്രസംഗങ്ങൾ ഞാൻ കേട്ടിട്ടുണ്ട്. അവയ്ക്കു തുല്യമായ ഗൗരവം ഹൃദയം ഉള്ള പ്രസംഗമായിരുന്നു നമ്മുടെ കറുത്ത മനുഷ്യന്റേതു എന്നു പറയാൻ ഞാൻ ഒട്ടും മടിക്കുന്നില്ല. തന്റെ ജാതിക്കാരെ ബന്ധനത്തിൽ ഇരുത്തുന്നതിനായി ഒരു കാലം പടവെട്ടിയവരായിരുന്ന ജനങ്ങളുടെ മദ്ധ്യേ നിന്നു, ഈ കറുത്ത നീണ്ട നീഗ്രോ-മനുഷ്യൻ അയാളുടെ ജാതിക്കാക്കു വേണ്ടി ധീരോദാത്തതയോടു കൂടി ഗംഭീരസ്വരത്തിൽ, പ്രസംഗം ചെയ്തതു ഒരു അദ്ഭുതപൂർവ്വമായ സംഭവം തന്നെയായിരുന്നു. സദസ്യന്മാരുടെ ഹസ്തതാഡനശബ്ദവും, അനുമോദനസീല്ക്കാരവും ക്രമത്തിലധികം വർദ്ധിച്ച സമയത്തും അയാളുടെ മുഖത്തിൽ വിളങ്ങിക്കൊണ്ടിരുന്ന വിനയവിശേഷത്തിൽ യാതൊരു വ്യത്യാസവും കാണപ്പെട്ടില്ല.

ഡന്യേ- ഈ പ്രസംഗം കേട്ടു കൊണ്ടിരുന്ന അനേകം നീഗ്രോ-ജനങ്ങൾ അതിന്റെ അവസാനത്തിൽ, തങ്ങൾ അറിയാതെ തന്നെ ഇടവിടാതെ സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടിരുന്നതു ഞാൻ കണ്ടു. ജീർണ്ണവസ്ത്രധാരിയായ ഒരു കറുത്തിരുണ്ട ക്രാറൻ നീഗ്രോ, തറയിൽ കുത്തിയിരുന്നുകൊണ്ടു വിറയ്ക്കുന്ന മുഖം ഉയർത്തി തുറിച്ച കണ്ണുകളോടു കൂടി വാഗ്മിയെത്തന്നെ നോക്കിക്കൊണ്ടിരുന്നു. വലുതായ സന്തോഷധ്വനി മുഴങ്ങിയപ്പോഴേയ്ക്കു ആ സാധുസന്തോഷപാരവശ്യത്താൽ കരഞ്ഞുപോയി. പ്രസംഗം അവസാനിച്ചയുടനെ ഗവർണ്ണർ ബുള്ളക്കു ഓടിപ്പാഞ്ഞുചെന്ന ആ വാഗ്മിയുടെ കൈ പിടിച്ചു കുലുക്കുന്നതു ഞാൻ കണ്ടു. അപ്പോൾ ജനങ്ങൾ ഒരു തവണ കൂടി ഹസ്തതാഡനത്താൽ ആ കൃത്യത്തെ അഭിനന്ദിച്ചു. കുറെനേരം അവർ ഇരുവരും ഹസ്തഗ്രഹണം ചെയ്തുകൊണ്ടു അഭിമുഖമായി നിന്നിരുന്നു."

ഡന്യൻ- ഈ അറ്റ്ലാന്റാ-പ്രസംഗകാലത്തിനിപ്പുറം,

സൌകര്യംപോലെ ഓരോരുത്തരുടെ അപേക്ഷപ്രകാരം അയാൾ അനേകം സ്ഥലങ്ങളിൽപോയി സംസാരിച്ചിരുന്നു. തന്റെ ജാതിക്കാരുടെ അഭിവൃദ്ധിമാർഗ്ഗങ്ങളെപ്പറ്റി പ്രസ്താവിക്കുന്നതു എവിടെയെല്ലാം ഗുണപ്രദമാകുമെന്നു അയാൾ വിചാരിച്ചുവൊ, മിക്കവാറും ആ സ്ഥലങ്ങളിൽ മാത്രമേ അയാൾ പ്രസംഗം നടത്തിവന്നുള്ളൂ. തന്റെ ജീവിതകൃത്യത്തേയും, സ്വജനങ്ങളുടെ ആവശ്യങ്ങളേയും പറ്റി സംസാരിക്കാൻ പൂർണ്ണസ്വാതന്ത്ര്യം അയാൾ ആവശ്യപ്പെട്ടിരുന്നു. പ്രസംഗം ചെയ്യുന്നതു ഒരു തൊഴിലായോ വ്യാപാരമായോ താൻ വച്ചിട്ടില്ലെന്നും തനിക്കു അതിൽ പിന്നെ യാതൊരാദായവും വേണ്ട എന്നും ബുക്കർ അപേക്ഷിക്കാരെ ഗ്രഹിപ്പിച്ചിട്ടുണ്ടായിരുന്നു.

൧൯൦൨- തന്റെ പ്രസംഗം കേൾപ്പാൻ ജനങ്ങൾ ഇച്ഛിച്ചതിന്റെ കാരണം എന്തായിരിക്കുമെന്നു ബുക്കർ മനസ്സിലാക്കിയിരുന്നില്ല. പലപ്പോഴും അയാൾ ഇതിനെപ്പറ്റി വിചാരിച്ചിരുന്നു. അസംഖ്യം ജനങ്ങൾ സഭാമന്ദിരത്തിൽ പ്രവേശിച്ചതു കണ്ടു, താൻ നിമിത്തം അവരുടെ സമയം വ്യർത്ഥം പോകുന്നുവല്ലൊ എന്നു വിചാരിച്ചു ബുക്കർ പരിതപിച്ചിട്ടുണ്ട്. വിസ-മാഡിസൺ പട്ടണത്തിൽ ഒരു സാഹിത്യസമാജത്തിന്റെ ഒരു യോഗത്തിൽ വച്ചു പ്രസംഗം ചെയ്യാമെന്നു അയാൾ ഏറ്റിരുന്നു. പ്രസംഗസമയത്തിനു ഒരു മണിക്കൂർ മുമ്പു ഒരു ഘോരമായ ഹിമവർഷം തുടങ്ങി, വളരെ നേരം നിന്നു. അന്നു സഭ നടക്കുകയില്ലെന്നു വിചാരിച്ചു അയാൾ പ്രസംഗസ്ഥലമായിരുന്ന പള്ളിയിൽ ചെന്നപ്പോൾ, അവിടെ ജനങ്ങളുടെ വലിയ കൂട്ടം ഉണ്ടായിരുന്നു. ആശ്ചര്യത്താൽ ഉണ്ടായ ഉദ്വേഗം അയാളെ സംഭ്രമിപ്പിച്ചു.

൧൯൦൨- അനേകം ജനങ്ങളുടെ മദ്ധ്യേ പ്രസംഗിക്കുന്ന അവസരത്തിൽ തനിക്കു സഭാകമ്പം ഉണ്ടായിട്ടില്ലേ എന്നു അനേകം പേർ ബുക്കറോടു ചോദിച്ചിട്ടുണ്ട്. അതിനെപ്പറ്റി ബുക്കർ ഇപ്രകാരം എഴുതിയിരിക്കുന്നു:—"സംസാരിക്കുന്നതിനു മുമ്പായി എനിക്കു വലുതായ അസ്വാസ്ഥ്യം

തോന്നാറുണ്ട്. ചിലപ്പോൾ ഉണ്ടാകുന്ന മനസ്സംഭ്രമം നിമിത്തം ഇനി ഈ ജോലി മതിയാക്കണമെന്നു ക്രൂടി ഞാൻ വിചാരിച്ചിട്ടുണ്ട്, ചിലപ്പോൾ ഒരു വല്ലായ്മ പ്രസംഗത്തിനു മുമ്പും പിമ്പും എനിക്കു തോന്നിയിട്ടുണ്ട്. ഞാൻ പറയണമെന്നു കരുതിവച്ചിരുന്ന മുഖ്യസംഗതി പറയാൻ വിട്ടുപോയല്ലോ എന്നു പലപ്പൊഴും ഞാൻ പശ്ചാത്തപിച്ചിട്ടുണ്ട്. എന്നാൽ എല്ലാ അവസരങ്ങളിലും ഒരു പത്തു മിനിട്ടു കഴിയുമ്പൊഴേക്കു എനിക്കു ഒരുമാതിരി ധൈര്യവും സഭാവാസികൾക്കു എന്നിൽ സ്നേഹപൂർവ്വമായ സമ്മതവും ഉണ്ടാകാറുണ്ട്. തന്റെ ശക്തിയാൽ ആകൃഷ്ടിക്കപ്പെട്ട ഒരു മഹാജനസംഘം, താൻ സംസാരിക്കുന്നതിനെ സശ്രദ്ധം കേൾക്കുന്നുണ്ടെന്നു അറിയുമ്പോൾ പ്രസംഗകർത്താവിനു തോന്നുന്ന സന്തോഷം നിസ്സീമ്യമാണല്ലൊ. ദർശിക്കാനും സ്പർശിക്കാനും കഴിയുന്ന ഒരു വസ്തുവിനോടു സദൃശമാണു വക്താവിനേയും ശ്രോതാക്കളേയും കൂട്ടിച്ചേർക്കുന്ന സ്നേഹവും ഐക്യവും ആകുന്ന തന്തു. വിരുദ്ധാഭിപ്രായക്കാർ സദസ്യരിൽ ഉണ്ടെന്നുള്ള സംഗതി മുഖഭാവത്തിൽനിന്നും എനിക്കു ധരിക്കാൻ കഴിഞ്ഞയുടനെ അവരെ എന്റെ വശത്തേയ്ക്കു ആകർഷിക്കുന്നതിനു ഞാൻ യത്നം ചെയ്യുന്പതിവാണ്. ഒരായിരം ആളുകളുള്ള ഒരു സദസ്സിൽ തന്നെയും എന്റെ അഭിപ്രായങ്ങളോടു യോജിക്കാതെയൊ സംശയമോ അവിശ്വാസമോ ആക്ഷേപമോ മറ്റൊ കൊണ്ടു പ്രസംഗവിഷയത്തെ അനുമോദിക്കാതെയൊ ഒരുത്തൻ ഉണ്ടായാൽ ഞാൻ ക്ഷണം അയാളെ കണ്ടറിയുന്നുണ്ട്. പിന്നീടു എന്റെ വേല അയാളുടെ അനുമതി സമ്പാദിപ്പാനുള്ള ക്രമമാണ്. അയാൾക്കു പ്രസ്തുത വിഷയത്തിൽ രസം തോന്നിത്തുടങ്ങുന്നതു കാണ്മാൻ എനിക്കു വളരെ കൌതുകമുണ്ട്. ഇപ്രകാരമുള്ള ആളുകൾക്കു സിദ്ധൌഷധം കഥാശ്രുപത്തിലുള്ള വ്യാഖ്യാനങ്ങൾ ആകുന്നു. കേവലം കഥ പറയുന്നതിനു മാത്രമായി ഞാൻ ആയാസപ്പെടുക പതിവില്ല. അങ്ങനെ ചെയ്യുന്നതു സദസ്യർക്കു രുചികരമായി ഭവിക്കുന്നില്ല.

ഉപൊ- പ്രസംഗിക്കണം എന്നു മാത്രം ഉദ്ദേശിച്ചു സംസാ

രിയ്ക്കുന്ന ആൾ തനിക്കും സദസ്യക്കും അന്യായമായ അപകാരമാണു ചെയ്യുന്നത്. സാരമായ കാര്യം എന്തെങ്കിലും ജനങ്ങളെ അറിയിക്കേണ്ടതായി ഉണ്ടെന്നു ഹൃദയപൂർവ്വം വിചാരിക്കുന്നവൻ മാത്രമേ അതിനെപ്പറ്റി സംസാരിക്കാൻ ഒരുമ്പെടാവൂ എന്നത്രേ എന്റെ അഭിപ്രായം. ഒരുത്തനോ ഒരു കാര്യത്തിനോ വല്ലതും ഗുണം ഉണ്ടാകത്തക്കവണ്ണം തനിക്കു ചിലതു പറവാനുണ്ടെന്നു വിചാരിയ്ക്കുന്ന ആൾ സഭയിൽ സംസാരിച്ചു കൊള്ളട്ടെ; അതിൽ വാക്സാമർത്ഥ്യവിധികൾ ഒന്നും ഒരിക്കലും അയാൾക്കു അധികം ഉപകരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ശാസനീയമം, യതി, ശബ്ദം ഇത്യാദികളെപ്പറ്റിയുള്ള വിധികൾ അവശ്യം അനുകരണീയങ്ങൾ തന്നെ എങ്കിലും അവയിൽ ഒന്നിനും ഉപന്യാസത്തിന്റെ ജീവനായിരിക്കാൻ കഴിയുന്നില്ല. എന്നാൽ ഒരു പ്രസംഗം ചെയ്യേണ്ടതായി വരുന്ന അവസരത്തിൽ ഞാൻ ഭാഷാപ്രമാണങ്ങളേയും അലങ്കാരികവിധികളേയും വിസ്മരിക്കയും, സദസ്യരേയും അവ്വിധം ചെയ്യിക്കയും ആണു എനിക്കു ഇഷ്ടമായിരിക്കുന്നത്. പ്രസംഗം നടന്നുകൊണ്ടിരിക്കുമ്പോൾ ആരെങ്കിലും എഴുന്നേറ്റു പോകുന്നതു എനിക്കു പരമസങ്കടമായിട്ടുള്ളതാണ്. അതിനു ഇടം കൊടുക്കാതെ ഇരിക്കുന്നതിനു വേണ്ടി ആകുംവണ്ണം എന്റെ ഉപന്യാസത്തെ രസകരമാക്കാൻ പതിവായി യത്നിക്കുന്നുണ്ട്. സദസ്യർക്കു പ്രായേണ സാമാന്യതത്പ്രകടനത്തിലൊ ധർമ്മകഥാ കാലക്ഷേപത്തിലൊ അല്ല അഭിരുചി തോന്നുന്നത്. കാര്യം മാത്രം നേരേ പറയുന്നതിലാണെന്നു, ഞാൻ അറിഞ്ഞിട്ടുണ്ട്. സംഗതികളെ രസമാകുംവണ്ണം പറഞ്ഞാൽ അവയെ കേട്ടു വേണ്ടവിധം അനുമോദിക്കുന്നതിനു മിക്കയാളുകൾക്കും വശമുണ്ട്.

ഉദാ– "ബാസ്റ്റൺ, ന്യൂയാർക്ക്, ചിക്കാഗൊ, ബഫലൊ എന്നീ നഗരങ്ങളിൽ കാണപ്പെട്ടുന്ന കാര്യസ്ഥന്മാരും, യോഗ്യന്മാരും, ആയ ജനങ്ങളുടെ സംഘങ്ങളിൽ സംസാരിക്കുന്നതു ഏറ്റവും ഉത്സാഹജനകമായ കൃത്യമാകുന്നു. കാര്യം ഗ്രഹിക്കാനും അതുപോലെ പ്രവൃത്തിക്കാനും അവരെപ്പോ

ലെ താല്പര്യമുള്ള സജ്ജനങ്ങളെ ഞാൻ വേറെ ഒരിടത്തും കണ്ടിട്ടില്ല. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ഐക്യരാജ്യത്തിലെ മിക്ക പ്രധാന പട്ടണങ്ങളിലും ഞാൻ പ്രസംഗം നടത്തീട്ടുണ്ട്. ജോലിക്കാരായ അടിമകളുടെ ശ്രേഷ്ഠതയെ ആകർഷിക്കാൻ തക്കതായ നല്ല അവസരം അവർ ശരിയായി ഭേഷായ സാപ്പാട് കഴിഞ്ഞിരിക്കുന്ന കാലം തന്നെ. തന്റെ പ്രസംഗം ഇച്ഛാഭംഗത്തിനും പരാജയത്തിനും കാരണമായേക്കുമെന്നുള്ള ശങ്ക കൊണ്ടു മനസ്സുഖമില്ലാത്ത ഒരുത്തൻ ആ പ്രസംഗത്തിനു മുമ്പു നടക്കുന്ന സദ്യയിൽ ചേർന്നു മിച്യാനന്ദം അടിനായിക്കേണ്ടി വരുന്ന സമുദായാചാരം പോലെ കഠിനസങ്കടമായതു മറെറാന്നും ഇല്ലെന്നാണു എന്റെ അനുഭവം.

ഒരിക്ക്- "ഈ സദ്യകളിൽ കൂടിയിരുന്നു ഭക്ഷണം കഴിച്ചിട്ടുള്ളപ്പോഴൊക്കെ ഞാൻ എന്റെ പൂർവ്വാവസ്ഥയെ ഓർമ്മിച്ചു വരാറുണ്ടായിരുന്നു. ബാലദശയിൽ എനിയ്ക്കു ആഴ്ചയിൽ ഒരുദിവസം,—ഓരോ സാഗതിയെ ഞാൻ ഒരു കാലവും മറക്കുകയില്ല—"ധാരമങ്കളാ"വിൽനിന്നു കൊണ്ടുവന്ന ശക്കരകിട്ടിവന്നിരുന്നു. ഞങ്ങളുടെ നിത്യാഹാരം ചോളമാവപ്പവും ചോക്കു മാംസവും ആയിരുന്നു. എന്നാൽ ഞായറാഴ്ചതോറും അമ്മ അനുവാദപ്രകാരം വലിയവീടായ 'ധാരമങ്കളാ'വിൽ നിന്നു ഞാൻ മുതലായ മൂന്നു കുട്ടികൾക്കുമായി സപ്പം ശക്കര കൊണ്ടുവന്നു തരിക പതിവായിരുന്നു. എനിക്കു ആ പദാർത്ഥം ലഭിച്ചുപ്പോൾ എല്ലാ ദിവസവും ഞായറാഴ്ചകളായിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്നു തോന്നി. ഞാൻ എന്റെ തകരത്തട്ടം കാണിച്ചു ആ മധുരദ്രവ്യം വാങ്ങി വന്നിരുന്നു; എന്നാൽ അമ്മ അതിൽ മധുരപദാർത്ഥം ഒഴിച്ച സമയം ഞാൻ കണ്ണടയ്ക്കുമാറുണ്ടായിരുന്നു! എന്തിന്? തുറന്നു നോക്കുമ്പോൾ അതു കണ്ടു ആനന്ദിച്ചു സുഖിക്കാനായിത്തന്നെ! കണ്ണു തുറന്നു നോക്കിയതിൽ പിന്നെ ഞാൻ തട്ടം ചരിച്ചു പിടിച്ചു ശക്കരയെ അതിന്റെ അകത്തു മുഴുവൻ പരത്തും. തട്ടത്തിൽ മുഴുവൻ പരത്തിയാൽ ശക്കര അധികമാകുമെന്നും രസം കുറയുമെന്നും ഞാൻ

വിചാരിച്ചു വന്നു. എനിക്കു ഒരു തുടം വീതം കിട്ടിവന്നിരുന്നു. അന്നു ആ ശക്കര ഭക്ഷിച്ചപ്പോൾ ഉണ്ടായിരുന്ന സന്തോഷം പതിന്മടങ്ങുക്രട്ടം ഭക്ഷണദ്രവ്യങ്ങളോടു കൂടിയ 'വിരുന്നു രീൻ,' ഇക്കാലം എന്നിൽ ഉളവാക്കുന്നില്ല.

൨൭൪– "കായ്സ്ഥന്മാരുടെ യോഗങ്ങൾക്കു പുറമേ എനിക്കു സംസാരിപ്പാൻ ഉത്സാഹമുള്ളതു തെക്കൻ ഭിന്നിലെ ധനമാരുടേയോ നീഗ്രോ-ജനങ്ങളുടേയോ പ്രത്യേകയോഗങ്ങളിലും സമ്മിളിത യോഗങ്ങളിലും ആകുന്നു. അവരുടെ സന്തോഷവും ഉദാരതയും സദാ പ്രസംഗകർത്താവിനു ഉത്സാഹകാരണമാകുന്നുണ്ട്. നീഗ്രോ-ജനങ്ങളിൽ നിന്നു സ്വയമേവ പുറപ്പെടുന്ന 'ശരി, ബലെ' ഇത്യാദി ഉത്സാഹജനകമായ ശബ്ദം പ്രസംഗകർത്താവിനെ ധൈര്യപ്പെടുത്തുന്നു. കലാശാലാ വിദ്യാർത്ഥികളുടെ സഭകളിൽ സംസാരിക്കുന്നതും രസകരമായ പ്രവൃത്തിയാകുന്നു. ഹാർവ്വേഡ്, യെയിൽ, വില്ലിയംസ്, ആംഹർസ്റ്റ്, ഫിസ്ക്, പെന്നിസൽവേനിയാ, വെല്ലസ്ലി, മിഷിഗൺ, കാരൊളിനാ, ഇത്യാദി സർവ്വകലാശാലകളിൽ പ്രസംഗം ചെയ്യുന്നതിനു എനിക്കു സംഗതിയായിട്ടുണ്ട്.

൨൭൫– "ഒരു കറുത്ത മനുഷ്യനെ ഇപ്പോൾ ആദ്യമായിട്ടാണു, മിസ്റ്റർ എന്നു വിളിക്കയൊ, കൈ പിടിച്ചു ഉപചരിക്കയൊ ചെയ്യുക, എന്നു പറഞ്ഞു പ്രസംഗാനന്തരം അനേകം ആളുകൾ എന്നെ ബഹുമാനിച്ചിട്ടുള്ള സംഗതി എന്നിൽ ഗാഢമായ കൃതജ്ഞത ജനിപ്പിച്ചിട്ടുണ്ട്. പ്രസംഗം ചെയ്യുന്നതിൽ ഞാൻ എന്റെ പ്രമാണങ്ങളേയോ വിശ്വാസങ്ങളേയോ ഒട്ടും തന്നെ ഭേദപ്പെടുത്തുന്നില്ല. ഒരുപക്ഷേ എന്തെങ്കിലും ലോകോപകാരാർത്ഥമായി പറയാനുണ്ടെങ്കിൽ, അവനു അതിനെ പറയുന്നതിനുള്ള ശക്തി, അഭ്യാസബലത്താൽ ക്ഷണം സമ്പാദിക്കാൻ കഴിയുന്നതാണ്." ൨൭൬– ടസ്കേജി വിദ്യാലയകാര്യത്തെപ്പറ്റി ബുക്കർ മിക്ക പ്രധാന സ്ഥലങ്ങളിലും പ്രസംഗിച്ചിട്ടുണ്ട്. പള്ളികളം, ഞായറാഴ്ച വിദ്യാലയങ്ങളം, ക്രൈസ്തവസമാജങ്ങളം, പുരുഷന്മാരുടെ സഭകളം, സ്ത്രീകളുടെ യോഗങ്ങളം— ഇപ്രകാരമുള്ള

ജനസമ്മേളനസ്ഥലങ്ങളിൽ വച്ചു അയാൾം സംസാരിച്ചു വന്നു. ചില ദിവസങ്ങളിൽ നാലു യോഗങ്ങൾം മുമ്പാകെ അയാൾം പ്രസംഗം ചെയ്തിട്ടുണ്ട്.

ഫ്രവ്വെ- നീഗ്രോ-ജനങ്ങൾം നിബിഡമായി അധിവസിക്കുന്നവയും പഴയ കാലത്തു അടിമകൾം അധികമുണ്ടായിരുന്നവയും ആയ പ്രദേശങ്ങളിൽ സഞ്ചാരം ചെയ്തു പ്രസംഗം നടത്താനായി ആറു വർഷം മുമ്പു ജാൺ എഫ്. സ്ലേറർ സ്വത്തു അധികാരികൾം ബുക്കറേയും ഭാര്യയേയും ചുമതലപ്പെടുത്തിയിരുന്നു. വർഷം തോറും ഏതാനും ദിവസം അവർ ഈ ജോലി നടത്തി വന്നു. ഈ സമയം രാവിലെ ബുക്കർ പാതിരിമാരോടും ഉപാദ്ധ്യായന്മാരോടും ജോലിക്കാരോടും സംസാരിക്കയും ഉച്ചയ്ക്കുമേൽ മിസ്സിസ് വാഷിങ്ട്ടൺ സ്ത്രീജനങ്ങളുടെ യോഗത്തിൽ പ്രസംഗിക്കയും, വൈകുന്നേരം വീണ്ടും അയാൾം പൊതുയോഗത്തിൽ ഉപന്യസിക്കയും ചെയ്തുവന്നിരുന്നു. പൊതുയോഗങ്ങളിൽ ഇരുജാതിക്കാരുടെയും സാന്നിദ്ധ്യം ഉണ്ടാകുന്നുണ്ട്. ടെനസിയിൽ ചാറന്തൂഗാ എന്ന സ്ഥലത്തു ഒരു മഹാജനയോഗത്തിൽ മൂവായിരത്തിൽ പരം ആളുകൾം ഉണ്ടായിരുന്നവരിൽ എണ്ണൂറിലധികം പേർ വെള്ളക്കാരായിരുന്നു. ഈ പ്രസംഗങ്ങൾകൊണ്ടു അന്യന്മാക്കു വളരെ ഗുണവും അയാൾംക്കു സംതൃപ്തിയും ഉണ്ടായിരുന്നു.

ഫ്രവ്വെ- ജനങ്ങളെ അവരുടെ ഗൃഹങ്ങളിലും ദേവാലയങ്ങളിലും വിദ്യാലയങ്ങളിലും ജോലിസ്ഥലങ്ങളിലും,—എന്നുമാത്രമല്ലാ കാരാഗൃഹങ്ങളിലും പാപപരിത്യം ചെയ്യുന്ന ഇടങ്ങളിലും വച്ചു ബുക്കർ കാണുക പതിവായിരുന്നതിനാൽ അയാൾക്കു അവരുടെ വാസ്തവസ്ഥിതിയെപ്പറ്റി അറിവാൻ വളരെ സൌകര്യം ലഭിച്ചു വന്നു. ഇരു സമുദായങ്ങളുടെയും പരസ്പരബന്ധത്തെ അയാൾം കണ്ടറിഞ്ഞു. ഈ പ്രസംഗസഞ്ചാരങ്ങൾം നീഗ്രോ-വർഗ്ഗോദ്ധാരണത്തിനും മറ്റും അവശ്യം വേണ്ടതായ യത്നം ചെയ്യുന്നതിനു അയാൾംക്കു സൌകര്യം കൊടുത്തിരുന്നു.

ഫ്രഡറിക് ഡഗ്ലസ്– "ആകപ്പാടെ നീഗ്രോ-ജനങ്ങളുടെ അവസ്ഥ നോക്കുമ്പോൾ അവരുടെ സ്ത്രീകൾ ന്യൂറിനു തൊണ്ണൂറു വീതം കുചരിതകളായിത്തന്നെ കാണപ്പെടുന്നു എന്നു കാണ്മും അറിയാവുന്ന ഭാവത്തിൽ ഒരാൾ ഇന്നയിടെ പ്രസ്താവിച്ചതായി ഞാൻ കണ്ടു. ഈ അഭിപ്രായം അടിസ്ഥാനമില്ലാത്തതും ഭയങ്കരവുമായ ഒരു മിഥ്യാവാദമാകുന്നു. ഞാൻ ഇരുപതിലധികം സംവത്സരക്കാലം ഈ ജാതിക്കാരുടെ സ്ഥിതി കണ്ടറിഞ്ഞിട്ടുള്ളവനാണ്. സത്തു, വിദ്യാഭ്യാസം, ആചാരശുദ്ധി ഈ വിഷയങ്ങളിൽ നീഗ്രോ-ജാതിക്കാർക്കു സുദൃഢമായ അഭിവൃദ്ധി ഉണ്ടായിവരുന്നു എന്നുള്ളതിനു സംശയമില്ല. ന്യൂയാക്ക് നഗരത്തിൽ ചില വീഥികളിൽ താമസിച്ചുവരുന്ന കുചരിതകളുടെ നടവടിയെ പ്രമാണമാക്കി വെള്ളക്കാരുടെ ആചാരത്തെപ്പറ്റി ദോഷകരമായ ഒരു സാമാന്യവിധിയെ ജല്പിക്കുന്നതു എത്രപമയ്ക്കുദയായിരിക്കും!"

ഫ്രഡറിക്– അറ്റ്ലാൻറാ പ്രദർശനം സംബന്ധിച്ചുണ്ടായ പ്രസംഗത്തിനിപ്പുറം ബുക്കർ ഒരു പ്രധാനമായ പ്രസംഗം ചെയ്തതു ഫ്രാൻ്റ്-ൽ ബാസ്റ്റൺ നഗരത്തിൽ വച്ചു റാബ്ബട്ട് ഗോൾഡ്ഷാ-സ്മാരകസ്ഥാപന സമയത്തായിരുന്നു. സമ്മേളനം നടന്നതു ബാസ്റ്റണിലെ സംഗീതാലയത്തിൽ ഗവർണ്ണർ റോജർ വാൾകാട്ടിൻെറ അദ്ധ്യക്ഷതയിലായിരുന്നു. ഗവർണ്ണർ ഇരുന്ന ഉയർന്ന തട്ടിൽ അനേകം ഉദ്യോഗസ്ഥന്മാരും പ്രശസ്തന്മാരായ പൌരന്മാരും ഉണ്ടായിരുന്നു. അന്നത്തെ നടവടികളെയും ബുക്കരുടെ പ്രസംഗത്തെയും പറ്റി, ഒരു ബാസ്റ്റൺപത്രം, ഇപ്രകാരം വർണ്ണിച്ചിട്ടുണ്ട്.

ഫ്രഡറിക്– ഇന്നലെ ഉച്ചയ്ക്കു മേൽ, സംഗീതാലയത്തിൽ വച്ചു മനുഷ്യർക്കു തമ്മിലുള്ള സഹോദരത്വത്തിൻെറ സൂചകമായി നടത്തപ്പെട്ട യോഗത്തിൻെറ കേന്ദ്രമായിരിക്കുന്ന സംഗതി ടസ്കേജിയിലെ നീഗ്രോ-പ്രസിഡണ്ടിൻെറ അതിവിശിഷ്ടമായ പ്രസംഗം ആയിരുന്നു. 'ബുക്കർ ടി. വാഷിങ്ടൺ കഴിഞ്ഞ ജൂൺമാസത്തിൽ ഹാർവേഡ് എം. എ. സ്ഥാനത്തെ പ്രാപിച്ച തൻെറ ജാതിക്കാരിൽ അദ്യനും

യി ഒരാ ബഹുമതിക്കു അഹ്നായിട്ടുള്ള ആൾ ഇദ്ദേഹമാണു്. ഒരാ നാട്ടിൽ പ്രായംകൊണ്ടു അഗ്രഗണ്യയായ സവ്കച്വാശാവു ഇദ്ദേഹത്തിനു ബഹുമാനമായി ഒരം സ്ഥാനം നൽകിയിട്ടുള്ളതു, ഇദ്ദേഹം സ്വജാതിക്കാരുടെ നേതൃത്വത്തെ ബുദ്ധിപൂർവ്വം വഹിച്ചുപോരുന്നതിനാലാണു്, എന്നു ഗവർണ്ണർ വാൾകാട്ട പറഞ്ഞു. കൊടിക്കൂറകളെക്കൊണ്ടു നിറഞ്ഞതും, ജനങ്ങളുടെ ഉത്സാഹവും സ്വദേശാഭിമാനവുംകൊണ്ടു ഉല്ലസിതവുമായ സദസ്സിൽ മിസ്റ്റർ വാഷിങ്ട്ടൻ ഏഴുമണിയാറപ്പോൾ മാസച്യുസറാ്സു, പഴയകാലത്തിൽ അടിമവ്യാപാരത്തോടു കാണിച്ച വൈമുഖ്യത്തിൽ അനുതപിച്ചിരുന്ന ധർമ്മതല്പരതയുടെ ഉത്തമഫലം സർവ്വജനസമക്ഷം പ്രകാശിതമാക്കപ്പെട്ട എന്നും, ആ ദേശം പുരാതനമായി പ്രകടിപ്പിച്ചിരുന്ന ദൃഢവിശ്വാസത്തിന്റെ ചിഹ്നം അയാളിൽ കാണപ്പെട്ട എന്നും, യുദ്ധകാലത്തിൽ അനുഭവിച്ച സങ്കടത്തിനും, കഷ്ടതയ്ക്കും അയാളുടെ ദൃഢാലോചനയും, പ്രസിദ്ധമായ വാഗ്മിത്വവും ഉചിതമായ പ്രതിഫലമായിത്തീർന്നു എന്നും ജനങ്ങൾ സ്ഥിരമായി വിശ്വസിച്ചു. ചരിത്രപ്രസിദ്ധവും വിശ്രുതവുമായ പ്രസംഗരംഗത്തെയാണു അയാൾ പ്രാപിച്ചതു്:—സത്യത്തെയും നീതിയെയും പരിപാലിക്കുന്നതിൽ സദാ ഉത്സാഹശീലത്തെ പ്രകടിപ്പിക്കുന്നവരായ ബാസ്റ്റൺ നിവാസികൾ അവിടെ നിറഞ്ഞിരുന്നു. സദസ്സുകളിൽ സാധാരണമായി പ്രവേശിക്കാത്തവരും, ഒഴിവുദിവസം സാധാരണ സ്ഥലംവിട്ടു പോകുന്നവരും ആയിരുന്ന പൌരപ്രമാണികളും അന്തസ്സും, അവസ്ഥയും ഉള്ള സ്ത്രീരത്നങ്ങളും, പ്രസ്തുതസഭയെ അലങ്കരിച്ചിരുന്നു. യോഗ്യന്മാരും, മാന്യന്മാരും, പ്രബലന്മാരും ആയ അനേകായിരം ജനങ്ങൾ തങ്ങളുടെ സാന്നിധ്യം കൊണ്ടു സഭയെ ഒരു മഹോത്സവമാക്കി.

വൃദ്ധ-ഭടന്മാരുടെ സംഗീതം എങ്ങും വിളങ്ങി. ഇടവിടാതെയുള്ള ഗാനസ്തുതാഡനവും, ഹർഷശബ്ദങ്ങളും കൊണ്ടു സഭാവാസികൾ കണ്ണൽ ഷായുടെ സ്നേഹിതന്മാരുടേയും, ഉദ്യോഗസ്ഥന്മാരുടേയും സ്മാരകപ്രതിമയെ നിർമ്മിച്ച സെൻറഗാ

ഡൻസിന്റേയും, സ്മാരകസംഘക്കാരുടെയും ഗവർണ്ണരുടെയും, അദ്ദേഹത്തിന്റെ പരിവാരങ്ങളുടെയും, ര൪-ാം കൂട്ടിണിയിലെ നീഗ്രോ-ഭടന്മാരുടെയും, സഭാപ്രവേശനത്തെ ബഹുമാനിച്ചു. സംഘക്കാരുടെ വക പ്രാരംഭവിജ്ഞാപനം കേണ്ണൽ ഹെൻറി ലീ എന്നയാളാൽ ചെയ്യപ്പെട്ടു. ഹൃസ്വവും സ്മരണീയവും അകൃംവണ്ണം ഗവർണ്ണർ വാഡ്മക്കാട്ട,—"ഒരു ജാതിക്കാരുടെ ചരിത്രത്തിലെ ഒരു മുഖ്യസംഭവത്തെയും, അവരുടെ പൌരുഷപ്രകടനത്തേയും, പ്രത്യക്ഷമാക്കുന്ന ശാശ്വതമായ ഒരു വിജയസ്തംഭമാണത്രെ വാഗ്നർ പ്രാകാരം"—എന്നു പറഞ്ഞു. ബാസ്റ്റൺ നഗരത്തിലെ പ്രതിനിധിയുടെ നിലയിൽ മേയർ കിൻസി സ്മാരകപ്രതിമയെ അംഗീകരണം ചെയ്തു. കേണ്ണൽ ഷായുടേയും, അയാളുടെ കറുത്ത പട്ടാളക്കാരുടെയും ചരിത്രം ഭംഗിയായി പറയപ്പെട്ടു. പിന്നീടു 'ഹരംശരാവിഭാവത്തിന്റെ മഹത്വത്തെ ഞാൻ കാണുന്നു' എന്ന വിഷയത്തെ പ്രതിപാദിക്കുന്ന ഗാനം മുഴങ്ങി. അതു സുസന്ദർഭത്തിലായിരുന്നു ബുക്കർ വാഷിങ്ടൺ എഴുന്നേറ്റത്. പരിഷ്കാരം, വാഗ്ഘാടി ഇത്യാദി ഉത്തമഗുണങ്ങളെ കൃഷ്ണവർണ്ണമായ ദേഹത്തിൽ ഉജ്ജ്വലിതങ്ങളായി പ്രദർശിപ്പിച്ച ബുക്കരുടെ സാരവത്തും, സന്ദർഭോചിതവും, മനോവികാരജനകവുമായ വാക്കുകളെ ശ്രവിക്കുന്നോറും സകലജനങ്ങളും അത്യുദ്ഭരിതന്മാരായി കോലാഹലമായി ആർത്തുവിളിച്ചു അയാളെ ശ്ലാഘിച്ചുതുടങ്ങി. യോധന്മാരും ഉദ്യോഗസ്ഥന്മാരും ഒന്നുപോലെ ഹർഷാശ്രുബിന്ദുക്കളെ തന്നത്താനറിയാതെ പൊഴിച്ചുതുടങ്ങി. സഭാതലത്തിന്റെ ഒരു ഭാഗത്തു നിന്നിരുന്ന നീഗ്രോ-ഭടന്മാരെയും വാഗ്നർകോട്ടയിൽ വച്ചു അതായതു മുറിവേറ്റതിന്റെ ശേഷംപോലും കൊടിതാഴ്ത്താതെ ഉയർത്തിപ്പിടിച്ചുകൊണ്ടിരുന്ന സർജന്റ കാർണിയേയും അഭിമുഖീകരിച്ചു അവരുടെ വാശജനായ ബുക്കർ ഇപ്രകാരം പറഞ്ഞു:—"ര൪-ാംകമ്പനിയിലെ ഭടന്മാരിൽ ശേഷിച്ച ഭാഗക്കാരും മുറിവേറ്റവരും സ്വാത്മമായ കൃത്യം നടത്തിയതിനാൽ ജീവിച്ചിരിക്കുന്നതായ സഹോദരന്മാരെ! നിങ്ങളുടെ നായകനായ മഹാൻ

മരിച്ചുപോയിട്ടില്ല; അദ്ദേഹത്തിന്റെ സ്മാരകപ്രതിമ ബാസ്റ്റൺനഗരത്തിൽ സ്ഥാപിതമായിപ്പെന്നിരിക്കട്ടെ; ചരിത്രത്തിൽ അദ്ദേഹത്തിന്റെ കഥ എഴുതിട്ടില്ലെന്നിരിക്കട്ടെ; എന്നാലും നിങ്ങളുടെയും ഭാവിയുള്ള നിങ്ങളുടെ വംശക്കാരുടെയും ഹൃദയങ്ങളിൽനിന്നും നിങ്ങൾക്കുവേണ്ടി ജീവനെപ്പോലും ത്യജിച്ച റാബർട്ട ഗോൾഡ്ഷാ എന്ന മഹാപുരുഷന്റെ ഓർമ്മ ഒരുകാലത്തും മാഞ്ഞുപോകയില്ല." ഹൃദയാഗമമായ ഒരു വാക്കുകളും കേട്ടപ്പോൾ ആ സദസ്സുമുഴുവൻ അപഹൃതചിത്തമായിത്തീർന്നുപോയി. പ്രസംഗം അവസാനിച്ച ഉടനേ ആഫ്രിക്കാവംശജനായ ഗവർണ്ണർ അവിടെ കൂടിയിരുന്ന സകലജനങ്ങളുടേയും അഭിനന്ദനത്തെ പ്രദർശിപ്പിക്കുന്നതിനു സുപ്രസിദ്ധനായ മുഖ്യന്യായാധിപതിയും മാസച്ചുസോറ്റ്സ് രാജ്യത്തിലെ ഭരണകർത്താവുമായ റോജർ വാൾക്കാട്ട— എഴുന്നേറ്റു,—ബുക്കർക്കായി മൂന്നു ചീയർസ് (ആശീർവ്വചനങ്ങൾ) നൽകുന്നതിനു സഭാവാസികളോടു അപേക്ഷിച്ചു. മാന്യസ്ഥാനത്തിൽ ഇരുന്നവരുടെ കൂട്ടത്തിൽ ഒരാളായിരുന്ന സാർജൻറ് വില്ലിയം എച്ച്. കാർണി. അയാൾ മാസ്സ–ന്യൂബെഡ് ഫോർഡ് നഗരത്തിൽ ജനിച്ചയാളും വാഷ്ങ്ടൻ പ്രാകാരത്തിൽ വച്ചു അമേരിക്കൻ കൊടി പിടിച്ചിരുന്ന നീഗ്രോ–ഉദ്യോഗസ്ഥനും ആയിരുന്നു. അയാളുടെ പട്ടാളം മുക്കാലും യുദ്ധത്തിൽ മരണം പ്രാപിച്ചിരുന്നുവെങ്കിലും അയാൾ രക്ഷപ്പെട്ടു. യുദ്ധം അവസാനിച്ചതിന്റെ ശേഷം "നമ്മുടെ പഴയ കൊടി ഒരിക്കലും താഴ്ത്തിൽ പതിച്ചിട്ടില്ല," എന്നു അയാൾ ചരിതാർത്ഥതയോടു കൂടി പ്രസ്താവിക്കാറുണ്ടായിരുന്നു. രംഗസ്ഥലത്തു ഇരുന്നസമയം പ്രശസ്തമായ പതാകയെ അയാൾ കയ്യിൽ ധരിച്ചിട്ടുണ്ടായിരുന്നു. ബുക്കർ കൊടിയുടെ കാര്യത്തെപ്പറ്റി പറഞ്ഞുതീർന്നപ്പോൾ കാർണി പെട്ടെന്നു എഴുന്നേറ്റു അതിനെ ഉയർത്തിപ്പിടിച്ചിരുന്നു. ഒരു സംഭവം സദസ്യരെ ഒട്ടുക്കു ഇളക്കി മറിച്ചു.

ക്യൂബ– സ്പാനിഷ്–അമേരിക്കൻ യുദ്ധം കഴിഞ്ഞതിന്റെ ശേഷം ഐക്യനാട്ടിലെ മിക്ക പ്രധാനനഗരങ്ങളിലും വിജ

കാരണമാകുന്നുണ്ട്. പ്രകൃതിയെ സ്പർശിക്കുന്നതു എന്തു കൊണ്ടോ എനിക്കു സദാ ആനന്ദകരമായിരിക്കുന്നു. കായ്യാലയജോലി തീർന്നതിൽ പിന്നെ ഒന്നോ രണ്ടോ നാഴിക നേരം തോട്ടത്തിൽ ചെന്നു കിളയ്ക്കുയും, വിത്തിടുകയും, കള പറിക്കയും ചെയ്യാൻ എനിക്കു സാധിച്ചുവെങ്കിൽ കഠിനമായ ഇതരകൃത്യത്തെ വഹിക്കുന്നതിനുള്ള ശക്തി എനിക്കു ലഭിക്കുന്നു എന്നു ഞാൻ വിചാരിച്ചു വരുന്നു. പ്രകൃതിയുടെ വിഭവങ്ങളെ കണ്ടാനന്ദിച്ചു ഉത്സാഹത്തെയും ഉന്മേഷത്തെയും സമ്പാദിക്കാൻ അഭ്യസിച്ചിട്ടില്ലാത്ത സ്ത്രീപുരുഷന്മാരുടെ സ്ഥിതി വളരെ ശോചനീയമെന്നാണു എന്റെ അഭിപ്രായം. പള്ളിക്കൂടം വകയായി ഉള്ള കോഴികൾക്കും മൃഗങ്ങൾക്കും പുറമേ ഞാൻ സ്വന്തം ഉപയോഗത്തിനു വേണ്ടി നല്ല ജാതിയിലുള്ള കോഴികളേയും പോക്കു പന്നികളേയും വളർത്തുന്നുണ്ട്. ഇവയെ പരിപാലിക്കുന്നതിൽ നിന്നു എനിയ്ക്കു അനല്പമായ സന്തോഷം ലഭിക്കുന്നുണ്ട്. കളികളിലൊന്നിലും എനിക്കു രസം തോന്നുന്നില്ല. പന്തുകളി ഞാൻ കണ്ടിട്ടേ ഇല്ല. ചീട്ടു കളി എനിക്കു ലേശം വശമില്ല. പലപ്പൊഴും കുട്ടികളുടെ ഉത്സാഹത്തിനു വേണ്ടി മാത്രം ഞാൻ പഴയ മട്ടിലുള്ള ഗോലി കളി അവരോടു ചേർന്നു കളിച്ചിട്ടുണ്ട്. ബാല്യകാലത്തു വല്ല കളികളും ശീലിക്കുന്നതിനു സൌകര്യം സിദ്ധിച്ചിരുന്നെങ്കിൽ ഇപ്പോൾ എനിക്കു ചില വിനോദങ്ങളിൽ അഭിരുചി ഉണ്ടായിരിക്കുമായിരുന്നു." ഇപ്രകാരമാണു ബുക്കർ അയാളുടെ വിശ്രമത്തെ പറ്റി വിവരിച്ചിട്ടുള്ളതു.

അദ്ധ്യായം ൧൯

യൂറോപ്പിൽ പോയത്".

൧൮൯൨-ഫെബ്രുവരി-ൽ ബുക്കർ മിസ്സ് മാർഗ്രെറ്റ് ജെയിംസ് മറെ എന്ന യുവതിയെ വിവാഹംചെയ്തു. ഇവൾ ഫിസ്ക് സ

വ്കചാശാലയിലെ ബി. ഏ. പരീക്ഷയിൽ ജയിച്ചതിന്റെ ശേഷം ടസ്കേജിയിൽ ഒരു അദ്ധ്യാപികയായിരിക്കയും വിവാഹകാലത്തിനു മുമ്പായി പ്രധാനാധ്യാപികയായിത്തീരുകയും ചെയ്തിരുന്നു. വിവാഹാനന്തരം ഒരു സ്ത്രീഭത്താവിനെപ്പോലെ തന്നെ വിദ്യാലയത്തിലെ ജോലികൾ ചെയ്യുവന്നിരുന്നു. ഇവർ അനേകം സ്ത്രീജന സഭകളിലെ അംഗവും അവയിൽ മിക്കതിന്റേയും അധ്യക്ഷയും ആയിരിക്കുന്നു. ഇവർ സ്ത്രീവിദ്യാഭ്യാസത്തിൽ സദാ അധികമായ പരിശ്രമം ചെയ്യുന്നുണ്ട്. ബുക്കറുടെ മൂത്ത പുത്രിയായ പോഷിയാ ഇപ്പോൾ ടസ്കേജി പാഠശാലയിൽ ഒരു അദ്ധ്യാപികയായിരിക്കുന്നു. അവൾക്കു തയ്യലിലും, സംഗീതത്തിലും വിശേഷമായ പാണ്ഡിത്യം ഉണ്ട്. രണ്ടാമത്തെ സന്താനവും മൂത്ത പുത്രനും ആയ ബുക്കർ ഇപ്പോഴും ബാലദശയെ അതിക്രമിച്ചിട്ടില്ല. എങ്കിലും അയാൾ ചെങ്കൽ പണിയിൽ സാമർത്ഥ്യം സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു. അയാൾക്കു ശില്പവിദ്യയും കൊത്തുപണിയും അഭ്യസിക്കണമെന്നാണു താല്പര്യം. ഒരിക്കൽ ബുക്കർ ദൂരസ്ഥനായിരിക്കുന്ന അവസരത്തിൽ, ബുക്കർ ഇപ്രകാരം ഒരെഴുത്തയച്ചിരുന്നതു പിതാവിനു സന്തോഷകാരണമായിരുന്നു.

"ടസ്കേജി, അലബാമാ"

എന്റെ പ്രിയപിതാവേ,

അച്ഛൻ വീട്ടിൽ നിന്നു പോകുന്നതിനു മുമ്പു ഞാൻ എല്ലാദിവസവും പാതിനേരം തൊഴിലഭ്യാസം ചെയ്യണമെന്നു എന്നോടു പറഞ്ഞിരുന്നുവെല്ലോ. എനിക്കു ഇപ്പോൾ ഈ അഭ്യാസത്തിൽ അധികം ഉത്സാഹം തോന്നിയിരിക്കുന്നതിനാൽ പകൽ മുഴുവനും ആ ജോലി തന്നെ ചെയ്യണമെന്നു വിചാരിക്കുന്നു. കഴിയുന്നിടത്തോളം പണം സമ്പാദിക്കണമെന്നാണു എനിക്കു മോഹം. വേറെ ഒരു പാഠശാലയിൽ പോകേണ്ടതായി വരുന്ന സമയം ഒരു പണം അവിടത്തെ ചെലവിലേക്കായി ഉപയോഗിക്കാമെല്ലോ. എന്നാണു എന്റെ വിചാരം.

എന്നു പുത്രൻ

ബുക്കർ."

൯൦൪- ബുക്കരുടെ രണ്ടാമത്തെ മകനു വൈദ്യനാകാനാണു മോഹം. ഇപ്പോൾ അയാൾ പഠിക്കയും വേല ചെയ്കയും ചെയ്യുന്നതിനു പുറമെ, പാഠശാലയിലെ വൈദ്യന്റെ അടുക്കൽ നിന്നു ചില ആയുർവേദവിധികളെ അഭ്യസിക്കയും ചെയ്തു വരുന്നുണ്ട്. "എല്ലായിടങ്ങളിലും വച്ചു എനിക്കു അത്യാനന്ദപ്രദമായി തോന്നിയിട്ടുള്ള എന്റെ ഗൃഹത്തിലുള്ള താമസത്തിനു കുറ്റാന്തരബാഹുല്യം സൌകര്യം നൽകാത്തതിനാൽ എനിക്കു അനല്പമായ സങ്കടം ഉണ്ട്. ദിവസന്തോറും സായങ്കാലം ഗൃഹത്തിൽ തന്നെ കഴിച്ചു കൂട്ടുന്നതിനു അനുവദിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങളുടെ ഭാഗ്യത്തെ ഞാൻ അസൂയയോടു കൂടി ആകാംക്ഷിക്കുന്നുണ്ട്. അപൂർവമായ ഒരു മഹത്തായ ഭാഗ്യം അനുഭവിക്കുന്നതിനു സൌകര്യം ലഭിച്ചിട്ടുള്ളവർ അതിനെ വേണ്ടവണ്ണം ഉപയോഗിക്കാതിരിക്കുന്നതു മഹാ കഷ്ടമെന്നേ പറവാനുള്ളൂ. യാത്രയേയും ഹസ്തഗ്രഹണത്തേയും ജനന്തിയേയും ദൂരെയാക്കി ഗൃഹത്തിൽ എത്തി സല്പുനേരമെങ്കിലും തനിക്കു വേണ്ടവരുടെ സ്നേഹവാത്സല്യാദികൾക്കു വിഷയീഭൂതനായിരിക്കുന്നതു, എത്ര ആശ്വാസകരവും സന്തോഷജനകവും ആകുന്നു. സന്തോഷവും സംതൃപ്തിയും എനിക്കു നിരന്തരം നൽകി വന്ന മറെറാരു സംഗതി ടസ്കുജിയിലെ വിദ്യാലയം വകയായ ദേവാലയത്തിൽ വച്ചു ഞാൻ ധർമ്മപ്രസംഗം ചെയ്യുന്ന അവസരത്തിൽ വിദ്യാർത്ഥികളെയും വാധ്യാന്മാരെയും രാത്രിയിൽ പ്രതിദിനം ഏട്ടു മണിക്കു സന്ദർശനം ചെയ്യുന്നതായിരുന്നു. കിടക്കാൻ പോകുന്നതിനു മുമ്പായിട്ടാണു ഞാൻ ഒരു പ്രവൃത്തി നടത്തി വന്നതു്. ആയിരത്തഞ്ഞൂറോളം ബുദ്ധവ്രതരായ യുവതികൾക്കും യുവാക്കന്മാർക്കും സദുപദേശം ചെയ്തു അവരുടെ ബുദ്ധിയെ ഉന്മിഷിപ്പിക്കുവാൻ യത്നിക്കുന്നതു ഉത്തമമായ ജീവിതകൃത്യമാണല്ലോ!" എന്നിങ്ങനെ ബുക്കർ തന്റെ ഇഷ്ടകൃത്യത്തെ പറഞ്ഞിട്ടുണ്ട്.

൯൦൫- യൂറോപ്പിൽ ദേശാടനം ചെയ്യാൻ കാരണമായ സംഭവത്തെ പറഞ്ഞു അയാൾ ഇപ്രകാരം പറയുന്നു:—

"ഫ്രവുൻൻ-ലേ വസന്തകാലത്തിൽ എനിക്കു ഏറ്റവും ആശ്ചര്യത്തെ പ്രദാനം ചെയ്ത ഒരു കാര്യം സംഭവിച്ചു. ബാസ്റ്റണിലെ ചില ധനവതിമാരായ മഭാമ്മമാർ ടസ്കേജിയുടെ ധനത്തെ ഉദ്ദേശിച്ചു ഹാളിസ് തെരുവിലെ നാടകശാലയിൽ ഒരു സഭ നടത്തുന്നതിനു വേണ്ട ഏർപ്പാടു ചെയ്തു. അതിൽ ഇരു ജാതിയിലുമുള്ള മഹാന്മാർ ഹാജരുണ്ടായിരുന്നു. അദ്ധ്യക്ഷസ്ഥാനം ബിഷപ്പു ലാറൻസ് വഹിച്ചു. ആ യോഗത്തിൽ ഞാൻ ഒരു പ്രസംഗം ചെയ്തതു കൂടാതെ മിസ്റ്റർ പാഠം ലാവറൻസ് ഡൺബാർ തന്റെ കവിതകളിൽ ചില ഭാഗങ്ങളെയും, ഡാക്ടർ ഡബ്ളിയു. ഇ. ബി. ഡുബായി ഒരു കല്പിതകൃതിയേയും വായിക്കയും ചെയ്തു. ഈ യോഗത്തിൽ വന്നവരിൽ ചിലർ ഞാൻ പതിവിലധികം ക്ഷീണിച്ചിരുന്നു എന്നു കണ്ടു സഭ പിരിഞ്ഞപ്പോൾ ഞാൻ ശീമയിൽ പോയിട്ടുണ്ടോ എന്നു ഒരു മഭാമ്മ എന്നോടു ചോദിച്ചു. ഇല്ല എന്നു ഞാൻ പറഞ്ഞു. പോകണമെന്നു വിചാരിച്ചിട്ടുണ്ടോ എന്നായിരുന്നു അടുത്ത ചോദ്യം. വിചാരിച്ചിട്ടില്ലെന്നു മാത്രമല്ല അതിനു യാതൊരു നിവൃത്തിയും ഇല്ലെന്നും ഞാൻ മറുപടി പറഞ്ഞു. ഈ സംഭാഷണത്തെ കുറിച്ചു ഞാൻ ഒന്നും വിചാരിച്ചിരുന്നില്ല; എന്നാൽ ഏതാനും ദിവസം കഴിഞ്ഞപ്പോൾ മിസ്റ്റർ ഫ്റാൻസിസ്. ജേ. ഗാരിസൺ ആദിയായി ബാസ്റ്റണിലെ ചില ധനകാംക്ഷികൾ ക്രൂടിച്ചേർന്നു ഒരു ധനശേഖരം ഉണ്ടാക്കി എന്നോടും ഭാര്യയോടും യൂറോപ്പിൽ പോയി സഞ്ചരിച്ചു വരാൻ ആവശ്യപ്പെട്ടു. വിശ്രമത്തിനായി ഇങ്ങനെ ചെയ്തേ കഴിയൂ എന്നു അവർ എന്നെ നിർബ്ബന്ധിച്ചു. എന്നാൽ മാത്രമല്ല മഹാത്മാക്കളിൽ മുഖ്യനായ മിസ്റ്റർ ഗാരിസൺ യാത്രയുടെ ഒരു പരിപാടി എഴുതുകയും, കയറേണ്ട കപ്പലിലെ ഉദ്യോഗസ്ഥന്മാരോടു വേണ്ട ഏർപ്പാടുകൾ എല്ലാം നടത്തുകയും കൂടി ചെയ്തു കഴിഞ്ഞിരുന്നു.

നാന്നു- ഇതെപ്പോൾ ഇത്ര പെട്ടെന്നു വിചാരിച്ചിരിക്കാത്ത നിലയിൽ വന്നു ചേർന്നതുകൊണ്ടു ഞാൻ ആദ്യം വിഷമിച്ചു. ഞാൻ പോയാൽ പള്ളിക്രൂടം എങ്ങനെ നടക്കുമെന്നും,

ആവശ്യമുള്ള പണം എങ്ങനെ ഉണ്ടാകുമെന്നും ഉള്ള വിചാരങ്ങൾ എന്നെ ബാധിച്ചു തുടങ്ങി. ഇതിനു ഒരു നിവൃത്തി കാണാതെ, യൂറോപ്പിലേയ്ക്കു പോകാൻ പ്രയാസമാണെന്നു, ഞാൻ ഉപകാരസ്മരണാപൂർവ്വം ബാസ്റ്റണിലെസ്നേഹിതന്മാരെ ധരിപ്പിച്ചു. ഒരു പ്രതിബന്ധം അവർ മുമ്പുതന്നെ വിചാരിച്ചിരുന്നു എന്നും ഇതിന്റെ നിവാരണത്തിനായി മിസ്റ്റർ ഹിഗ്ജിൻസണും വേറെ പേരു പറയാത്ത ചില സ്നേഹിതന്മാരും ഒരു ദ്രവ്യശേഖരം തുടങ്ങിട്ടുണ്ടെന്നും അവർ എന്നെ അറിയിച്ചു. ഇതിൽ പിന്നെ എനിക്കു സ്നേഹിതന്മാരുടെ അപേക്ഷയെ സ്വീകരിക്കാതിരിക്കാൻ നിവൃത്തിയില്ലാതായി. എങ്കിലും ഈ കാലത്തു എന്റെ മനസ്സിൽ കടന്നുകൂടിയിരുന്ന വിചാരങ്ങൾ ഇപ്രകാരമുള്ളവയായിരുന്നു.

൧൦- ഇതെല്ലാം ഒരു സ്വപ്നമല്ലെ, വാസ്തവമാണോ എന്നു എന്റെ ഹൃദയത്തിൽ തോന്നി. ഞാൻ യൂറോപ്പിലേക്കു പോകയാണെന്നുള്ള സംഗതി എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. അടിമത്തത്തിലും അന്ധതയിലും ദാരിദ്ര്യത്തിലും ജനിച്ചു വളർന്ന എനിക്കു ഈ ഭാഗ്യം ഉണ്ടായേ എന്നു ഒരു പരിഭ്രമം എനിക്കുണ്ടായി. എന്റെ ശൈശവത്തിൽ കിടക്കാൻ സ്ഥലമില്ലാതെയും, കുടിക്കാൻ കഞ്ഞിയില്ലാതെയും, ഉടുക്കാൻ തുണിയില്ലാതെയും ഞാൻ സങ്കടപ്പെട്ടവനായിരുന്നു. എനിക്കു പ്രായമായതിൽ പിന്നെയാണു ഞാൻ ശരിയായ വിധത്തിൽ ഭക്ഷണം കഴിച്ചിട്ടുള്ളതു്. സുഖങ്ങൾ ഒന്നും തന്നെ എന്റെ ജാതിക്കാർക്കുള്ളതല്ലെന്നും വെള്ളക്കാർക്കായി പ്രത്യേകം ഉള്ളതാണെന്നും ആണു എനിക്കു വളരെക്കാലം തോന്നിയിരുന്നതു്. യൂറോപ്പു, ലണ്ടൻ, പാരിസ് എന്ന സ്ഥലങ്ങൾ സ്വർഗ്ഗതുല്യങ്ങളാണെന്നു ഞാൻ വിചാരിച്ചിരുന്നു. ഇപ്പോൾ വാസ്തവമായി ഞാൻ യൂറോപ്പിലേയ്ക്കു പോവാൻ ഭാവിക്കയാണോ? ഇതുപോലെ വിചാരങ്ങൾ എന്നെ വിട്ടുമാറിയില്ല.

൧൧- ഇതുകൂടാതെ വേറെയും രണ്ടു സംശയങ്ങൾ എന്നെ വ്യാകുലപ്പെടുത്തി. ഞങ്ങൾ യൂറോപ്പിലേയ്ക്കു പോകുന്നതു ഭള്ളിന്റെ തിളപ്പു കൊണ്ടോ ഐശ്വര്യമദം കൊ

ണ്ടോ അല്ലേ എന്നു, സംഗതി മുഴുവൻ ഗ്രഹിക്കാത്ത ഞങ്ങളുടെ ജനങ്ങളിൽ ചിലർ അപഹസിക്കയില്ലയോ എന്നായിരുന്നു എന്റെ ഒരു സംശയം. ഒരു വിധം ഐശ്വര്യം ഉണ്ടായാൽ ഉടനെ ഞങ്ങളുടെ ജനങ്ങൾ സത്ഭാവം നടിച്ചു മദാന്ധന്മാരായിത്തീർന്നു നശിക്കുക പതിവാണെന്നു പഴമക്കാർ പറഞ്ഞു വരുന്നതു ഞാൻ പല പ്രാവശ്യവും കേട്ടിട്ടുണ്ട്. ഞങ്ങളെക്കുറിച്ചും ജനങ്ങൾ ഈ അപവാദം പറകയില്ലയോ എന്നായിരുന്നു മറെറാരു സംശയം. ഇതിരിക്കട്ടെ—എന്റെ ജോലി ഉപേക്ഷിച്ചും വച്ചു ദേശസഞ്ചാരത്തിൽ സന്തോഷിക്കുന്നതിനു അന്തഃകരണം എന്നെ എങ്ങനെ അനുവദിക്കും? പാഠശാലയിൽ ചെയ്യേണ്ടതായ ജോലി എത്ര കിടക്കുന്നു.? മറവുള്ളവർ വേല ചെയ്യുന്ന അവസരത്തിൽ ഞാൻ മാത്രം ഒഴിവിലിരിക്കുന്നതു സ്വാർത്ഥതല്പരതയുടേയും നീചബുദ്ധിയുടേയും ലക്ഷണമല്ലെ? ഞാൻ ജനിച്ചതിൽ പിന്നെ ഒരു നേരവും വേല ചെയ്യാതെ ഇരുന്നിട്ടില്ല. വേലയില്ലാതെ മൂന്നു നാലു മാസം എങ്ങനെയാണു കഴിച്ചുകൂട്ടുക? വാസ്തവം എന്തെന്നു വച്ചാൽ എനിക്കു ഒഴിവിലിരിക്കാൻ അറിഞ്ഞുകൂടായിരുന്നു.

സ്മൻ– ജോലികളെല്ലാം ഒതുക്കിയും വച്ചു പുറപ്പെടുന്നതിലേക്കു എന്റെ ഭാര്യയ്ക്കും അത്ര എളുപ്പമില്ലായിരുന്നു എങ്കിലും എനിക്കു വിശ്രമം ആവശ്യമാണെന്നു അവൾക്കു തോന്നിയിരുന്നതിനാൽ എന്നോടു കൂടി പ്രയാണം ചെയ്യുന്നതിൽ അവൾക്കു കൌതുകം ഉണ്ടായിരുന്നു. വസ്ത്രസംബന്ധമായ ഗൌരവമേറിയ അനേകം സംഗതികളെപ്പററി അക്കാലത്തു വാദപ്രതിവാദങ്ങൾ നടന്നുകൊണ്ടിരുന്നതിനാലും ആയതിലൊരു ഭാഗം ഞാൻ വഹിക്കേണ്ടിയിരുന്നതിനാലും യൂറോപ്പിൽ തൽക്കാലം പോകുന്നതിലേയ്ക്കു ഞാൻ പൂർണ്ണമനസ്സുള്ളവനായിരുന്നില്ല. എങ്കിലും സ്നേഹമിത്രങ്ങളും ഉണകാംക്ഷികളും ആയ ബാസ്റ്റണിലെ ഉദാരശീലന്മാരുടെ ആജ്ഞയെ നിരസിക്കുന്നതു അനുചിതമായിരുന്നതിനാൽ ദേശാടനം ചെയ്യുന്നതിലേയ്ക്കു ഞാൻ സമ്മതിച്ചു. മേ മാസം ഫാ–ാംസ– പുറപ്പെടാമെന്നും തീർച്ചയാക്കി. മിസ്റ്റർ ഗാരിസ

നും മറ്റു സ്നേഹിതന്മാരും യാത്രയെ സംബന്ധിച്ച സകല ഏർപ്പാടുകളും നടത്തുകയും ഫ്രാൻസിലും ഇംഗ്ലണ്ടിലും ഉള്ള ചില പരിചിതന്മാർക്ക് എഴുത്തുകൾ തരികയും ചെയ്തു. ടസ്കേജിയിൽ വച്ചു വാഷ്യാന്മാരോടും വിദ്യാർത്ഥികളോടും മറ്റും യാത്ര പറഞ്ഞതിന്റെശേഷം മേ മാസം ൯-ാംനു- ന്യൂയാർക്കിൽ എത്തി. മാസ്സ്-ദക്ഷിണപ്രാമിങ്ഹാം പാഠശാലയിൽ പഠിച്ചു താമസിച്ചിരുന്ന മകൾ പോഷ്യാ അവിടെ വച്ചു ഞങ്ങളെ വന്നുകണ്ടു. കായ്ദശി മിസ്റ്റർ സ്മാട്ട, അതുവരെയുള്ള ജോലികൾ ചെയ്തു തീർക്കുന്നതിനു എന്നെ സഹായിക്കാനായി ന്യൂയാർക്കിൽ എന്നോടു കൂടെ വന്നിരുന്നു. അനായാത്രയായി ചില സ്നേഹിതന്മാരും അതുവരെ വന്നിട്ടുണ്ടായിരുന്നു. പിറേന്നാൾ ഞങ്ങൾ കപ്പൽ കേറുവാൻ പുറപ്പെടുന്നതിനു സ്വല്പം മുമ്പെ ഞങ്ങൾക്കു സന്തോഷം ജനിപ്പിക്കുന്നതായ ഒരു എഴുത്തു കിട്ടി. അതു ബാസ്റ്റണിലെ ഉദാരശീലകളായ രണ്ടു മദാമ്മമാരുടെ എഴുത്തായിരുന്നു. ടസ്കേജി വിദ്യാലയത്തിൽ തൊഴിലഭ്യസിക്കുന്ന ബാലികകളുടെ ഉപയോഗത്തിനു ആവശ്യമുള്ള കെട്ടിടങ്ങൾ പണികഴിപ്പിക്കുന്നതിനു വേണ്ട ദ്രവ്യം ആ മഹാ മനസ്വിനികൾ ദാനം ചെയ്വാൻ ഒരുക്കമുണ്ടെന്നായിരുന്നു എഴുത്തിലെ താല്പര്യം."

ന്യൂ- പ്രീസ്റ്റാണ്ട് എന്നു പേരുള്ള കപ്പൽ വഴിയാണു ബുക്കർ ഭാര്യയോടു കൂടി യാത്ര ചെയ്തത്. കപ്പലിലെ പ്രധാനിയും, മറ്റുദ്യോഗസ്ഥന്മാരും, ഇവരെ ദയാപൂർവ്വം ഉപചരിക്കയും വഴിയിൽ വേണ്ട സഹായം ഇവർക്കു നൽകുകയും ചെയ്തു. പതിനെട്ടു വർഷങ്ങളായി താൻ വഹിച്ചിരുന്ന ഭാരത്തിന്റെ ക്ലേശം, കപ്പൽ നീങ്ങിയതോടു കൂടി തന്റെ അംസങ്ങളിൽ നിന്നു നീങ്ങിത്തുടങ്ങിയതായി ബുക്കർക്കു തോന്നി. ഇതുപോലെയുള്ള ആശ്വാസം ഇയാൾ ഇതിനു മുമ്പു അനുഭവിച്ചിട്ടില്ലായിരുന്നു. നിദ്രയ്ക്കുള്ള സുഖവും, അതിൽ നിന്നുണ്ടാകുന്ന ശ്രമനിവാരണവും, അനല്പമാണെന്നു ബുക്കർ അറിഞ്ഞു. കാലത്തു ഉറക്കം ഉണർന്നാൽ താൻ അവശ്യം ചെയ്യേണ്ടതായ വേല വിശേഷിച്ചു ഒന്നുമില്ലെന്നും, ഇതു

നോയും ഔചിത്യത്തെപ്പറ്റി ചിന്തിക്കുവിൻ-തങ്ങളുടെ ജീവനെ സ്വന്തമായുരാജ്യത്തിൻ്റെ ഉൽഗതിക്കായി തൃജിപ്പാൻ സന്നദ്ധരായ നീഗ്രോ-ജനങ്ങൾക്കു ഒരു ദേശത്തു വസിക്കുവാനുള്ള ഉത്തമമാർഗ്ഗങ്ങൾ നിങ്ങൾതന്നെ ദാനം ചെയ്യേണ്ടതല്ലേ?

ഒടുവിൽ - പ്രസംഗത്തിലെ വാചകങ്ങളിൽ വച്ചു സദസ്യരെല്ലാം അധികം അഭിനന്ദിച്ചതു നീഗ്രോ-ജനങ്ങൾ ഒരുമയുമായി സംബന്ധമായ ചില പ്രധാന പ്രവൃത്തികളിൽ നിയോഗിക്കപ്പെട്ടതിനു, ബുക്കർ പ്രസിഡണ്ടിനോടു കൃതജ്ഞതാസൂചകമായ വന്ദനം പറഞ്ഞതിനെ ആയിരുന്നു. ആ സമയത്തു പ്രസിഡണ്ടു, സഭാമണ്ഡപത്തിൽ ഇരിക്കയായിരുന്നു. ഒരു അഭിപ്രായം പറഞ്ഞ സമയം ബുക്കർ പ്രസിഡണ്ടു ഇരുന്ന സ്ഥലത്തേക്കു തിരിഞ്ഞു ശിരസ്സിനെ താഴ്ത്തി നന്ദി പറഞ്ഞു. അന്നേരം സദസ്യരെല്ലാവരും എഴുനേറ്റു അദ്ദേഹത്തിനു വിജയാശംസ ചെയ്തുംകൈ ചേസുകളെയും, തൊപ്പികളെയും, വടികളെയും ചുഴറി സന്തോഷത്തെ പ്രദർശിപ്പിക്കയും ചെയ്തു. പ്രസിഡണ്ടു എഴുനേറ്റു സാമോദം ആശീർവാദത്തെ സ്വീകരിച്ചു. അപ്പോൾ ഉത്സാഹപ്രകടനവും ഹസ്തതാഡനവും ഒരിക്കൽക്കൂടി സദസ്യരിൽ നിന്നും ഉണ്ടായി.

ഒടുവിൽ - ബുക്കറുടെ ചിക്കാഗോ-പ്രസംഗത്തിലെ ഒരു ഭാഗം ദക്ഷിണദേശത്തെ പത്രങ്ങൾ തെറ്റി ധരിച്ചു. അവ അയാളെ കഠിനമായി ആക്ഷേപിച്ചു. ഇങ്ങനെ ഏതാനും വാരങ്ങൾ കഴിഞ്ഞപ്പോൾ ഒരു പത്രാധിപർ അയാളോടു ആശയം എന്തായിരുന്നു എന്നു ചോദിച്ചു. അയാൾ അയച്ച മറുപടി പ്രതിക്രുദ്ധാഭിപ്രായക്കാരെ തൃപ്തിപ്പെടുത്തി. ദക്ഷിണദേശത്തിൽ പറയാൻ താൻ മടിക്കുന്ന കാര്യങ്ങളൊന്നും ഉത്തരദേശത്തിലും താൻ പറയുക പതിവില്ലെന്നു തൻ്റെ ഇതേവരെയുള്ള പ്രവൃത്തി ജനങ്ങളിൽ ഒരു ബോധനത്തെ ഉളവാക്കിയിട്ടില്ലെങ്കിൽ സമാധാനരൂപത്തിൽ വല്ലതും എഴുതിയിട്ടു ഫലമില്ലെന്നും, പൊരുകാര്യത്തിലും വ്യാപാരകാര്യത്തിലും ജാതിവ്യത്യാസജന്യമായ മാത്സര്യബുദ്ധി

നിശ്ലേഷം അസ്ഥിമിതമാകണമെന്നും, മറവും അയാൾ പ്രസ്തുത ലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ബുക്കർ എഴുതിയിട്ടുള്ളതു നോക്കുക.

൨൨൯- "മഹാസഭകളിൽവച്ചു ഞാൻ അനേകമാതിരിയിലുള്ള ജനങ്ങളെ സന്ദർശിച്ചിട്ടുണ്ട്. അവരിൽ ഒരു ഇനത്തിൽ പെട്ടവരെ കാണുക മാത്രമേ എനിക്കു ഭുസ്സഹമായിട്ടുള്ളൂ. അതു ഒരു ക്രൂരം വക്രബുദ്ധികളുടെ സമൂഹം തന്നെ. ഇപ്പോൾ എനിക്കു അവരെ അകലെവച്ചു തന്നെ കണ്ടറിയാനുള്ള സാമർത്ഥ്യം ഉണ്ട്. വക്രബുദ്ധിയെ വ്യക്തിഹീനമായ നീണ്ട താടിയും ഒട്ടിപ്പിടിച്ച ക്രൂര മുഖവും കറുത്ത ഉടുപ്പും കൊണ്ടു മിക്കവാറും തിരിച്ചറിയാം—ചിക്കാഗോവിൽ ഞാൻ ഒരു സഭയിൽ സംസാരിച്ചുകഴിഞ്ഞപ്പോൾ ഈ തരക്കാരിൽ ഒരുത്തനെ ഞാൻ കണ്ടുമുട്ടി. ലോകത്തിലുള്ള സകല കഷ്ടതകളേയും ഇല്ലാതാക്കുവാൻ തക്ക ഒന്നരണ്ടു സന്ദായം ഇവർ കണ്ടുപിടിച്ചിട്ടുണ്ടായിരിക്കും. ചോളത്തെ മൂന്നാലു കൊല്ലംവരെ നിറുത്തുന്നതിനു അയാൾ ഒരു വിദ്യ കണ്ടുപിടിച്ചിരുന്നുവത്രെ. നീഗ്രോ-ജനങ്ങൾ അതിനെ വശമാക്കിയാൽ അവരുടെ കാര്യം മുഴുവൻ ഭദ്രമായിത്തീരും എന്നു അയാൾ പറഞ്ഞുതുടങ്ങി. ഒരു വർഷത്തേയ്ക്കു വേണ്ട ധാന്യം ഉണ്ടാക്കാൻ വശമാക്കിയാൽ മതിയായിരുന്നു എന്നു ഞാൻ പറഞ്ഞു. അതു അയാളുടെ തലയിൽ കേറിയില്ല. വേറൊരു കിഴക്കൻ ബാങ്കുകളെ അടപ്പിക്കാനുള്ള ഒരു വിദ്യ ഉണ്ടെന്നും പഠിക്കണമെന്നും ഏതോടു പറഞ്ഞിട്ടുണ്ട്. അതു സാധിച്ചാൽ നീഗ്രോ-ജനങ്ങളുടെ സങ്കടമെല്ലാം നീങ്ങിപ്പോകുമത്രെ. കാലക്ഷേപത്തിനു ഒരു പ്രയാസവും ഇല്ലത്രേ.

൨൩൦- കായ്മില്ലാതെ ഒരുത്തന്റെ സമയത്തെ വെറുതെ കളയിക്കാൻ സന്നദ്ധന്മാരായവരുടെ സംഖ്യ ഒട്ടുവളരെയുണ്ട്. ഒരു ദിവസം വൈകുന്നേരം ഞാൻ ബാസ്റ്റൺ നഗരത്തിൽ ഒരു വലിയ സഭയിൽ ഒരു പ്രസംഗം ചെയ്തു. പിറേന്നാൾ പുലർകാലെ ഒരാൾ ഞാൻ താമസിച്ച സ്ഥലത്തു വന്നു ചേർന്നു. അയാൾ ഒരു ശ്രുതനായിരുന്നു. വന്ന കാര്യം എ

തെന്നു ചോദിച്ചപ്പോൾ,—'ഇന്നലെ നിങ്ങൾ സംസാരിച്ചതു കേട്ടു എനിക്കു വളരെ രസം തോന്നി. നിങ്ങളുടെ സംസാരം കേൾപ്പാനുള്ള മോഹം കൊണ്ടാണു ഞാൻ രാവിലെ ഇങ്ങോട്ടു കടന്നതു്,'—എന്നായിരുന്നു മറുപടി.

ഫ്രഞ്ച- ടസ്സേജിയിലെ കായ്ക്കളുടെ മേലന്വേഷണം നടത്തുക, പ്രസംഗത്തിനായി അന്യസ്ഥലങ്ങളിൽ സഞ്ചരിക്ക, എന്നീ രണ്ടു കൃത്യങ്ങളും ഒന്നിച്ചു മുടക്കം കൂടാതെ നിറവേറുന്നതു എങ്ങനെ ആണെന്നു ബുക്കറോടു ചിലർ ചോദിച്ചിട്ടുണ്ടു്. 'നിനക്കു ചെയ്യാൻ കഴിയുന്നതിനെ മറവുള്ളവരെക്കൊണ്ടു ചെയ്യിക്കരുതു എന്നതിനു പകരമായി മറവുള്ളവക്കു ശരിയായി ചെയ്യാൻ കഴിയുന്നതു നീ ചെയ്യണമെന്നില്ല എന്നുള്ള പ്രമാണത്തെയാണു താൻ കയ്യാണ്ടിരിക്കുന്നതു,' എന്നായിരുന്നു അയാൾ അതിനു മറുപടി പറഞ്ഞതു്.

ഫ്രഞ്ച- യാതൊരു മനുഷ്യന്റേയും പ്രത്യേകസാന്നിദ്ധ്യം ടസ്സേജിയിലെ ദിനചര്യയ്ക്കു ആവശ്യമായിരിക്കുന്നില്ല. ഏപ്പാടുകളുടെ വ്യവസ്ഥിതി അത്രത്തോളം പരിപൂർണ്ണമായിരിക്കുന്നുണ്ടു്. പ്രവർത്തകബലം എൺപത്താറു ഉദ്യോഗസ്ഥന്മാരാൽ സുരക്ഷിതമായിരിക്കുന്നു. നാഗരികമണിയിലെ യന്ത്രങ്ങൾ പോകുന്നപോലെ വിദ്യാലയത്തിന്റെ അംഗങ്ങൾ യഥാക്രമം ജോലി ചെയ്യുവരുന്നു. മിക്ക ഉപാദ്ധ്യായന്മാരും അവിടെ പ്രവേശിച്ചിട്ടു സംവത്സരം അധികം കഴിഞ്ഞിട്ടുണ്ടു്. അവരെല്ലാം ബുക്കറെപ്പോലെ തന്നെ വിദ്യാലയാഭിവൃദ്ധിയിൽ ശ്രദ്ധാലുക്കളാണു്. ബുക്കർ സ്ഥലത്തു ഇല്ലാതെ ഇരിക്കുമ്പോൾ ഖജാൻജി മിസ്റ്റർ വാഡൻ ലോഗൻ ചുമതലയേറ്റു ജോലി നടത്തി വരുന്നു. അയാൾക്കു മിസ്സസ് വാഷിങ്ട്ടന്റേയും ബുക്കറുടെ കായ്ദർശി മിസ്റ്റർ എമ്മെറഡ്. ജെ. സ്മാട്ടിന്റേയും സഹായം ഉണ്ടായിരിക്കുന്നു. എഴുത്തുകുത്തുകൾ ഭരമേറ്റു നടത്തുകയും ദിനത്തോറുമുള്ള വിദ്യാലയഗതിയേയും വാർഷികസംഭവങ്ങളേയും ബുക്കറെ അറിയിക്കയും ചെയ്യുവന്നതും മിസ്റ്റർ സ്മാട്ട് ആണു്. അയാളുടെ യുക്തി, ബുദ്ധി, സാമർത്ഥ്യം, അധ്വാനം ഇവയുടെ ബുക്കർ വളരെ കടപ്പെട്ടിരിക്കുന്നു.

൨൯൩– ബുക്കർ ടസ്കേജിയിൽ ഉള്ളപ്പോഴും ഇല്ലാത്തപ്പോഴും പ്രധാനപ്പെട്ട കാര്യങ്ങളെ നടത്തിപ്പോരുന്നതു പ്രവർത്തകസമാജം ആകുന്നു. ഇതിന്റെ യോഗം ആഴ്ചയിൽ രണ്ടു പ്രാവശ്യം കൂടുന്നുണ്ട്. വിദ്യാലയത്തിലെ വകുപ്പുകളുടെ അധ്യക്ഷന്മാരാണു ഇതിലെ അംഗങ്ങൾ. പണമിടപെട്ട കാര്യങ്ങളെപ്പറ്റി ആലോചന കഴിക്കണം, ആഴ്ചതോറും ചെലവിനുള്ള പണം ഇത്രയെന്നു വിധിക്കണം, ആഴ്ചയിലൊരിക്കൽ കൂടുന്ന ഒരു ആയവ്യയനിരൂപണസംഘം ഉണ്ട്. ഇതിൽ ആറു സാമാജികന്മാർഉണ്ട്. ഇതിനും പുറമേ ഉപാധ്യായന്മാരുടെ ഒരു പൊതുയോഗം മാസത്തിൽ ഒരിക്കലോ, കൂടുതലായോ ഉണ്ടാകുന്നുണ്ട്. ഇതെല്ലാം കൂടാതെ കാഷ്ികസമാജങ്ങളും, വേദാധ്യയന യോഗങ്ങളും പ്രസ്തുതവിദ്യാമന്ദിരത്തിൽ കൂടി വരുന്നു. വിദ്യാലയ നടവടികളെപ്പറ്റി ബുക്കർ ഇതെല്ലാം കൂടെ പ്രസ്താവിച്ചിട്ടുണ്ട്.

൨൯൪– "വിദ്യാലയത്തിന്റെ പ്രവർത്തനത്തെപറ്റി അവിച്ഛിന്നമായ അറിവു ഞാൻ എവിടെയായിരുന്നാലും എനിക്കു ഉണ്ടാകേണ്ടതിനായി ഒരു റിപ്പോർട്ട് (വിവരണപത്രിക) ദിനം പ്രതി വന്നു ചേരുന്നുണ്ട്. ഏതു വിദ്യാർത്ഥി ഏതു കാരണത്താൽ അവധി എടുത്തു, ദിനം പ്രതി വരവെന്ത്, എത്ര പാലും വെണ്ണയും ഇന്ന ദിവസം ലഭിച്ചു, സാപ്പാട്ടു ചെലവു എത്രയായി, തോട്ടങ്ങളിൽനിന്നും എന്തു കിട്ടി, കടയിൽനിന്നും എത്ര വാങ്ങിച്ചു,—ഇത്യാദി സംഗതികളെല്ലാം ആ വിവരണത്തിൽ ഉണ്ടായിരിക്കുന്നു. മനുഷ്യസ്വഭാവം ലോകമൊട്ടുക്കു മിക്കവാറും ഒരു പ്രകാരത്തിൽ ഉള്ളതായിത്തന്നെ കാണപ്പെടുന്നു. വയലിൽ ഇറങ്ങി കിളച്ചു കിഴങ്ങു പെറുക്കി എടുത്തു കഴുകി പാകപ്പെടുത്തി ഭക്ഷണത്തിനു ഉപകരപ്പെടുത്തുന്ന ശ്രമം ചക്കിലിരിക്കുന്ന അരി എടുത്തു തിളയ്ക്കുന്ന വെള്ളത്തിലിട്ടു വേവിച്ചെടുക്കുന്നതിലുള്ള ജോലിയേക്കാൾ എത്രയോ അധികപ്പെട്ടതാണ്. ആയതിനാൽ അരി കൈവശം ഉള്ളിടത്തോളം കിഴങ്ങു കിളച്ചെടുക്കാതെയിരിക്കാൻ മനുഷ്യർക്കു സഹജമായി തോന്നിപ്പോകുന്നതാണ്.

ഫ്രൻ്റ്- മഹാജനങ്ങളുടെ മുമ്പാകെ ഇത്രത്തോളം വേല ചെയ്യുവരുന്ന എനിക്കു വിശ്രമത്തിനും വിനോദത്തിനും സമയം ലഭിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതു മാതിരികളികളിലാണു എനിക്കു രസം തോന്നുന്നതു എന്നും ജനങ്ങൾ എന്നോടു ചോദിക്കാറുണ്ട്. ഇതിനുത്തരം പറക വിഷമമാണ്. ബലവും ദാർഢ്യവും ഉള്ള ദേഹവും, ശക്തിയും സ്ഥൈര്യവും ഉള്ള തലച്ചോറും വേല ചെയ്യുന്നവനു ഉണ്ടായിരിക്കണം. ഇച്ഛാഭംഗം സഹിക്കുന്നതിലുള്ള കായിക പുഷ്ടിയും മാനസിക ധൈര്യവും അവനു ഏറ്റവും ആവശ്യം തന്നെ. അന്നന്നത്തെ ജോലി അന്നന്നുതന്നെ തീർക്കുകയും വിശേഷിച്ചു വല്ലതും ആരംഭിക്കുകയും ചെയ്യുവരികയാണു എന്റെ പതിവ്. ജോലി എന്നെ വലയ്ക്കാൻ ഞാൻ ഇട കൊടുക്കുന്നില്ല. ജോലി എന്റെ കീഴ്വരുതിയിൽ ഇരിക്കണം,—അതിന്റെ ദാസനായിരിക്കാൻ ഞാൻ തയ്യാറില്ല. തന്റേറ വേല ശരിയായി ചെയ്യുതീർക്കുന്നതിൽ നിന്നു ഒരുത്തനുണ്ടാകുന്ന കൃതാർത്ഥത നിസ്തുലമായിട്ടുള്ളതാണല്ലോ. ഇതു തന്നെ ഉത്സാഹത്തിനും, ഉന്മേഷത്തിനും, ശക്തിക്കും ഹേതുവാകുന്നു എന്നു എന്റെ നിത്യാനുഭവം എന്നെ അറിയിക്കുന്നു.

ഫ്രൻ്റ്- രാവിലെ ജോലി തുടങ്ങുമ്പോൾ അതു സുഖമായും രസമായും നടത്താമെന്നു ഞാൻ കരുതുന്നു. എന്നാൽ അചിന്തിതമായ ആപദ്പൂത്താന്തത്തെയൊ ദുഷ്ടസംഭവത്തെയൊ കേൾക്കാൻ ഞാൻതയ്യാറായിത്തന്നെഇരിക്കുന്നതാണും. ഒരു പുരയ്ക്കു തീ പിടിച്ചു, അവിചാരിതമായ ആപത്തു നേരിട്ടു, ഒരുത്തൻ എന്നെ പരസ്യമായി ആക്ഷേപിച്ചു, മറൊരുത്തൻ എന്നെ ശകാരിച്ചു പത്രത്തിൽ എഴുതീട്ടുണ്ട്, അതു ചെയ്തതു തെറ്റ്, ഇതു ചെയ്തതു തെറ്റ്,-ഈ വിധമുള്ള കായ്ക്കുദം ഉണ്ടായിക്കൊണ്ടിരിക്കുമെന്നുള്ള മുൻ കരുതലോടു കൂടിത്തന്നെയാണു ഞാൻ സദാ വർത്തിക്കുന്നത്."

ഫ്രൻ്റ്- ടസ്കേജിയിൽ ഫ്രൻ വർഷക്കാലം ഇടവിടാതെ ജോലി ചെയ്തിരുന്ന കാലത്തു ഒരു തവണ മാത്രമേ ബുക്കർ ദേശാടനത്തിനായി പോയിട്ടുള്ളു. ഇതും സഹൃദയന്മാരുടെ

സഹായത്താൽ മാത്രമായിരുന്നു. അക്കാലത്തു ബുക്കർ കുടുംബസമേതം ദേശസഞ്ചാരം ചെയ്തതു യൂറോപ്പിലായിരുന്നു. "ദേഹത്തെ അരോഗസ്ഥിതിയിൽ സംരക്ഷിക്കേണ്ടതു എല്ലാ ജനങ്ങളുടെയും ധർമ്മകൃത്യമാണെന്നു ഞാൻ പറഞ്ഞിട്ടുണ്ടല്ലൊ. ചെറിയ സുഖക്കേടുകളെ അപ്പോഴപ്പോൾ ശ്രദ്ധിച്ചു ഭേദമാക്കിക്കൊണ്ടാൽ വലിയ സുഖക്കേടുകൾ വരികയില്ലെന്നാണു എന്റെ വിശ്വാസം. ഉറക്കം സുഖമാകുന്നില്ലെങ്കിൽ എന്തോ തരക്കേടുണ്ടെന്നു ഞാൻ മനസ്സിലാക്കിവരുന്നു. എന്റെ അംഗങ്ങളിൽ ഏതിനെങ്കിലും അസ്വാസ്ഥ്യം ഉണ്ടെന്നു എനിക്കു തോന്നിയാൽ ഞാൻ തൽക്ഷണം നല്ല വൈദ്യന്റെ ഉപദേശം അപേക്ഷിക്കുന്നുണ്ടു്. ഏതു സമയവും എവിടെയും വേണ്ടപ്പോൾ വെടിപ്പായി ഉറങ്ങാൻ കഴിഞ്ഞുവെങ്കിൽ അതു ഒരു വലിയ കാര്യമാണെന്നു ഞാൻ വിചാരിക്കുന്നു. പതിനഞ്ചോ ഇരുപതോ മിനിട്ടുനേരം ആവശ്യംപോലെ എവിടെക്കിടന്നും ഉറങ്ങുന്നതിനു ഞാൻ ശീലിച്ചിട്ടുണ്ടു്. അതു കഴിഞ്ഞാൽ എനിക്കു മനസ്സിനും ദേഹത്തിനും വളരെ സുഖം തോന്നാറുണ്ടു്.

വർഷം-ദിനംപ്രതി ഉള്ള ജോലി ചെയ്തു തീർക്കുകയാണു എന്റെ പതിവെന്നു പറഞ്ഞുവല്ലൊ. ഇതിനു ഒരു വ്യത്യാസം ഉണ്ടു്. വളരെ ഗൗരവമോ വിമോഹജനകമോ ആയ വിഷയങ്ങളെ പറ്റി ഉടനടി അഭിപ്രായം കല്പിക്കാതെയിരിക്കുന്നതു നന്നാണു്. അങ്ങനെയുള്ള സംഗതികളെപ്പറ്റി ഞാൻ ഭാര്യയോടും, സ്നേഹിതന്മാരോടും, ആലോചന കഴിക്കാതെയോ, പുനർവിചാരം ചെയ്യാതെയോ അഭിപ്രായം പറയാറില്ല.

വർഷം- എന്റെ പുസ്തകവായന ഇപ്രകാരമാണു്:—തീവണ്ടിയിൽ വണ്ടിയിൽ സവാരി ചെയ്യുന്ന അവസരങ്ങളിലാണു പുസ്തകവായനക്കു എനിക്കു സൌകര്യം ഉണ്ടായിട്ടുള്ളതു്. വർത്തമാനപ്പത്രങ്ങൾ വായിക്കുന്നതിനു എനിക്കു പ്രത്യേകം താല്പര്യം ഉണ്ടു്. ആഖ്യായികകളിൽ എനിക്കു അത്ര കൂറി ഇല്ലെന്നുതന്നെ പറയാം. മിക്കപ്പോഴും അന്യന്മാരോടുള്ള

സഹവാസത്തിൽ സംഭാഷണസംബന്ധമായ ആവശ്യങ്ങളെ നിറവേറുന്നതിനു മാത്രമായി അവർ വായിച്ചിട്ടുള്ള ചില കെട്ടുകഥകളും വായിക്കുന്നതിനു ഞാൻ നിർബ്ബന്ധിക്കപ്പെട്ടിട്ടുണ്ട്. ജീവചരിത്രഗ്രന്ഥങ്ങളെ പാരായണം ചെയ്യുന്നതിൽ എനിക്കു അത്യാസക്തിയുണ്ട്. പക്ഷേ വിഷയഭ്രാന്തനായ പുരുഷൻ ഉത്തമരീതിയിൽ ജീവിതത്തെ നയിച്ചിട്ടുള്ളവനായിരിക്കണം. ആബ്രഹാം ലിങ്കനെപ്പറ്റിഞാൻ വായിക്കാത്ത പുസ്തകങ്ങളോ മാസികാലേഖനങ്ങളോ ഇപ്പൊഴുണ്ടെന്നു ഞാൻ വിചാരിക്കുന്നു. സാഹിത്യവിഷയത്തിൽ അദ്ദേഹമാണു എന്റെ ഉപദേഷ്ടാവായി തീർന്നിരിക്കുന്നത്.

൨൦൦- പ്രതിവർഷം ആറു മാസക്കാലത്തേക്കു ബുക്കർ ടസ്കേജിയിൽനിന്നു കൃത്യാന്തരങ്ങൾക്കായി ദേശസഞ്ചാരം ചെയ്യുന്നുണ്ട്. ഈ അവസരങ്ങളിൽ അയാൾ പ്രധാന പണ്ഡിതന്മാരെ സന്ദർശിക്കയും വിദ്യാഭ്യാസവിഷയത്തിൽ ഓരോ പാഠശാലകളിലും നടന്നവരുന്ന സമ്പ്രദായങ്ങളെ പരിശോധിച്ചു ഗ്രഹിക്കയും ചെയ്യുന്നു.

൨൦൨- സാക്ഷാൽ വിശ്രമം ബുക്കർക്കു ഉണ്ടാകുന്നതു ഗൃഹത്തിൽ വച്ചു തന്നെയാണ്. ഭാര്യയോടും കുഞ്ഞുങ്ങളോടും ക്രീടിയിരുന്നു കഥ പറഞ്ഞും കഥ വായിച്ചും കഥ കേട്ടും മനസ്സിനെ വിനോദിപ്പിക്കുന്ന സമയത്തെപ്പോലെ വിശ്രമപ്രദമായി മറൊരവസരത്തെ ബുക്കർ അറിഞ്ഞിട്ടില്ല. ഞായറാഴ്ച ഉച്ചതിരിഞ്ഞു ഒന്നോ രണ്ടോ മണിക്കൂർ സമയം ബുക്കറും, ഭാര്യയും, കുഞ്ഞുങ്ങളും അടുത്തുള്ള ഒരു വനത്തിൽ പോയി ഉത്സാഹമായിരിക്കയും ശുദ്ധവായുവിനെ ശ്വസിക്കയും വൃക്ഷങ്ങളെയും ചെടികളെയും പുഷ്പങ്ങളെയും കണ്ടു ആനന്ദിക്കയും അവയുടെ സൌരഭ്യം ഏറ്റു രമിക്കയും പക്ഷികളുടെ ഗാനങ്ങളെ കേട്ടു സന്തോഷിക്കയും ചെയ്തു പതിവാണ്. ഈ ശ്രമപരിഹാരസമയം ബുക്കർക്കു ഏറ്റവും ആശ്വാസകരമായിരിക്കുന്നു.

൨൦൩- "ഞാൻ ടസ്കേജിയിൽ താമസിക്കുന്ന കാലം എന്റെ തോട്ടം എനിക്കു വിശ്രമത്തിനും സന്തോഷത്തിനും

ഹാളണ്ടു ദേശത്തിൽ സഞ്ചരിച്ചു. വള്ളം വഴിയാണു ഓരോ യാത്ര ചെയ്തത്.

൩൧- ഹാളണ്ടിൽ പ്രധാനമായി ബുക്കരുടെ ശ്രദ്ധയെ ആകർഷിച്ചതു കാഷ്ടകൃത്തിയുടെ പരിപൂർണ്ണമായ സമൃദ്ധിയും, ഹാൽസ്റ്റിൻ കന്നുകാലികളുടെ ഉൽകൃഷ്ടഗുണവും ആയിരുന്നു. ഒരു ചെറിയ ഭൂഭാഗത്തിൽ നിന്നു, അധ്വാനം കൊണ്ടു എത്രമാത്രം കൃഷിചെയ്യുണ്ടാക്കാമെന്നു ബുക്കർ ഗ്രഹിച്ചതു ഹാളണ്ടിൽ സഞ്ചാരം ചെയ്തപ്പോഴം ആയിരുന്നു. ഒരു തുണ്ടു പുരയിടം പോലും ആ ഭിക്കിൽ തരിശായി കിടന്നിരുന്നില്ല. മുന്നൂറു നാന്നൂറു ഒന്നിനൊന്നരം കന്നുകാലികൾ പച്ചപ്പുല്ലുള്ള നല്ല മൈതാനത്തിൽ നിന്നു മേയുന്ന ഒരു കാഴ്ച കാണ്മാൻ മാത്രമെങ്കിലും, ഹാളണ്ടിൽ പോകേണ്ടതു ആവശ്യമാണു്. ബൽജിയത്തിൽ ക്രൂടി സഞ്ചരിച്ചപ്പോഴം വാട്ടർലൂ എന്ന യുദ്ധഭൂമിയെ അയാളം സന്ദർശിച്ചു. ബൽജിയത്തിൽ നിന്നും പാരീസ്സിലേയ്ക്കാണു അയാളം പോയത്. പാരീസ്സിൽ സർവ്വകലാശാലയുടെ ഒരു ചെറിയ യോഗത്തിൽ ബുക്കർ ഒരു പ്രസംഗം വായിച്ചു. പാരീസ്സിൽ വച്ചു അനേകം ക്ഷണനാങ്ങൾ ബുക്കർക്കുണ്ടായിഎങ്കിലും അവയിൽ മിക്കതിനേയും അയാളം ഉപേക്ഷിക്കയാണു ചെയ്തത്. സ്വീകരിക്കുക എന്നു വച്ചാൽ വിശ്രമിക്കാൻ സൌകര്യം അയാളംക്കു ഉണ്ടാകയില്ലായിരുന്നു. പാരീസ്സിൽ താമസിച്ച കാലം, ബുക്കർക്കു അധികം സന്തോഷത്തിനു ഹേതുവായ ഒരു കാര്യത്തെപ്പറ്റി അയാളം ഇപ്രകാരം പറഞ്ഞിട്ടുണ്ടു്.

൩൨- "ഇപ്പോളം സുപ്രസിദ്ധനായിത്തീർന്നിട്ടുള്ള ചിത്രമെഴുത്തുകാരൻ മിസ്റ്റർ ഹെൻറി ഓ ടാന്നർ എന്ന നീഗ്രോമനുഷ്യനെ ഞങ്ങളം പാരീസ്സുനഗരത്തിൽ വച്ചു പല പ്രാവശ്യം സന്ദർശിച്ചു. അമേരിക്കയിൽ വച്ചു തന്നെ ഞങ്ങളംക്കു അയാളോടു പരിചയം ഉണ്ടായിരുന്നു. അഭിജ്ഞന്മാരുടെ അഭിനന്ദനത്തിനും ബഹുമാനത്തിനും മിസ്റ്റർ ടാന്നർ പാത്രമായിത്തീർന്നിരുന്നു എന്നു കണ്ടു ഞങ്ങളംക്കു വളരെ തൃ

പ്പിയുണ്ടായി. ഒരു അമേരിക്കൻ നീഗ്രോ എഴുതിയ ഛായാപടം കാണ്മാനായി ഞങ്ങളും ലക്സെമ്പർഗ് കൊട്ടാരത്തിലേക്കു പോകുന്നുണ്ടെന്നു ഞങ്ങളും ചില അമേരിക്കാദേശക്കാരോടു പ്രസ്താവിച്ചപ്പോൾ, ഒരു നീഗ്രോ-മനുഷ്യന്റെ വേലയ്ക്കു അത്ര മെച്ചം ഉണ്ടായിരിക്കുമോ, എന്നു അവർ സംശയിച്ചു. അവർ സ്വന്തകണ്ണുകൊണ്ടു പടം കണ്ടതിൽ പിന്നീടെ അവക്കു വിശ്വാസം തോന്നിയുള്ളൂ. ഏതെങ്കിലും ഒരു പ്രവൃത്തിയെ ഭംഗിയായി ചെയ്യാൻ,—അന്യനെക്കാളും നല്ലവണ്ണം ചെയ്യാൻ ഒരുവൻ അഭ്യസിച്ചാൽ,—അവന്റെ ജാതിയും നിറവും എന്തായിരുന്നാലും മാന്യന്മാരിൽ നിന്നു അവനു അഭിനന്ദനവും, ഫലസിദ്ധിയും ഉണ്ടാകുമെന്നു ഞാൻ ഇടവിടാതെ ദൃഢമായി പ്രതിവാദിച്ചുവരുന്ന പ്രമാണം, എനിക്കു മിസ്റ്റർ ടാന്നരുമായുണ്ടായ പരിചയത്തിൽ നിന്നും ഒന്നുകൂടി പ്രബലപ്പെട്ടു. അസാധാരണരീതിയിൽ, സമഗ്രമായ വിധത്തിൽ ഒരു സാധാരണ വേലയെ സംസ്കരിച്ചു, അതിനെ പ്രയോഗിച്ചു, ലോകോപകാരപ്രദമാക്കാൻ നീഗ്രോ-ജനങ്ങളും സാമർത്ഥ്യം നേടും തോറും അവക്കു ഉന്നതിയും വിജയവും ഉണ്ടാകുമെന്നുള്ളതു നിർവിവാദമാണെന്നു, ഞാൻ ദൃഢമായി വിശ്വസിക്കുന്നു. വിദ്യാലയത്തിന്റെ അകം തുറന്നുടച്ചു വൃത്തിയാക്കാൻ, എന്നോടു പറഞ്ഞപ്പോൾ, ഒരു ഒരു ബോധമായിരുന്ന എന്നെ പ്രോത്സാഹിപ്പിച്ചത്. എന്റെ ഭാവിഭാഗ്യത്തായ ഗുണാഗുണലബ്ധി, ആ ജോലിയെ കാര്യമില്ലാത്തവിധം നിർവഹിക്കുന്ന കാര്യത്തെ ആത്മാർത്ഥമായിരിക്കുന്നുവെന്നു, എനിക്കു തോന്നിയിരുന്നു. മിസ്റ്റർ ടാന്നരുടെ ചിത്രത്തെ കണ്ടു ആനന്ദിച്ചവർ, അയാളെ നീഗ്രോ-മനുഷ്യനെന്നോ, ഫ്രഞ്ചുകാരനെന്നോ ജർമ്മനിദേശക്കാരനെന്നോ ആരാണെന്നു ചോദിച്ചില്ല. പടത്തിന്റെ ഗുണത്തെ അവർ പ്രശംസിച്ചു; എഴുത്തുകാരന്റെ ജാതിയെക്കുറിച്ചു അന്വേഷിച്ചില്ല. ഒരു നീഗ്രോ-ബാലിക, പാചകവൃത്തി ചെയ്യാനോ തട്ടം കഴുകി വൃത്തിയാക്കാനോ തയ്യ്ക്കാനോ പുസ്തകം എഴുതാനോ പാടിക്കയൊ, ഒരു നീഗ്രോ-ബാലൻ കൃതിരയെ പരിപാലിക്കാനോ മധുരക്കിഴങ്ങു കൃഷിയിറക്കാനോ

വെണ്ണയുണ്ടാക്കാനൊ വീട്ടു ചമയ്ക്കാനൊ ചികിത്സ ചെയ്യാനൊ അഭ്യസിക്കുകയൊ, ചെയ്യ അതിൽ സാമർത്ഥ്യം പ്രകടിപ്പിച്ചാൽ അവർക്കൊ അവനൊ അതിൽനിന്നു നിശ്ചയമായിട്ടു ധനം സിദ്ധിക്കും. ജാതിഭേദത്തെയൊ, വർണ്ണവ്യത്യാസത്തെയൊ, ആരും വകവയ്ക്കുകയില്ല. ലോകർക്കു ദിനന്തോറും നൂതനകളിലുള്ള ആവശ്യവും താല്പര്യവും വർദ്ധിച്ചുവരുന്നു. തങ്ങൾക്കു വേണ്ട നല്ല പദാർത്ഥങ്ങളെ ശേഖരിക്കയൊ നിർമ്മിക്കയൊ ചെയ്യുന്നവരുടെ പക്കൽനിന്നു, മതവ്യത്യാസമൊ ജാതിഭേദമൊ പൂർവ്വചരിത്രമൊ നോക്കാതെ അവർ അവയെ സ്വീകരിക്കുന്നതാണു്. നീഗ്രോ-ജനങ്ങളുടെ യത്നത്തിന്റെ ഫലം അന്യന്മാർക്കു ആവശ്യപ്പെടുകയൊ അവരുടെ സഹവാസം അന്യന്മാരുടെ ക്ഷേമത്തിനു അനിവാര്യമായി ഭവിക്കുകയൊ ചെയ്യുമ്പോൾ, അവർക്കു കാലക്ഷേപത്തിനും ശ്രേയസ്സിനും ഉള്ള വഴി തെളിഞ്ഞു തുടങ്ങുന്നതാണു്. സാധനങ്ങളെ സമ്പാദിക്കുന്നതിലും മനസ്സിനെ വികസിപ്പിക്കുന്നതിലും സദാചാരത്തെ പരിപാലിക്കുന്നതിലും ഉൽകൃഷ്ടം സിദ്ധിക്കുണമെന്ന ഇച്ഛയോടുകൂടി ഗുണോൽകൃഷ്ടമായ വേല ചെയ്യാൻ കഴിയുമെന്ന വസ്തുതയ്ക്കു അവർക്കു ധൈര്യവും ഉണ്ടാകാതിരിക്കയില്ല. ഈ മനുഷ്യികരത്നപ്രവാഹത്തിന്റെ ഗതിയെ ഒരുത്തർക്കും നിരോധിപ്പാൻ സാധിക്കുന്നില്ല."

വർഗ്ഗ-പ്രത്യുദ്ദേശക്കാർക്കു വിനോദങ്ങളിൽ അധികം താല്പര്യം ഉണ്ടായിരിക്കുന്നു. ആചാരശുദ്ധിയിലും മൃഗങ്ങളോടുള്ള കാരുണ്യത്തിലും, നീഗ്രോ-ജാതിക്കാർ അവരെക്കാൾ ഒട്ടും തന്നെ താണ നിലയിൽ ഉള്ളവരല്ലായിരുന്നു എന്നു ബുക്കർ വിചാരിച്ചു. നീഗ്രോ-ജനങ്ങളുടെ ഭാവിയെക്കുറിച്ചു, അയാൾക്കു ഫ്രാൻസിൽ താമസിച്ച കാലം മുതൽ ക്ലേശതലായി ആശയും വിശ്വാസവും തോന്നി. പാരിസ്സിൽ നിന്നു ബുക്കറും ഭാര്യയും ലണ്ടനിലേയ്ക്കു പോയി. അവിടെ എത്തിയതു ജൂലൈ മാസത്തിലായിരുന്നു. അപ്പോൾ പാർലിമെന്റു മഹാജനസഭ കൂടിയിരിക്കുന്ന കാലമായിരുന്നു. ജൂലൈ ആണല്ലൊ ലണ്ടൻ സീസണിന്റെ (ഉത്സാഹ

സമയത്തിന്റെ) മദ്ധ്യകാലം. ലണ്ടനിൽ വച്ചു അനേകം മഹാന്മാർ ബുക്കറെ സ്വന്തഗൃഹങ്ങളിൽ ക്ഷണിക്കയും അയാൾക്കു വിരുന്നു കൊടുക്കയും ചെയ്തു. ഇതിനെല്ലാം കാരണം ബാസ്റ്റണിലെ സ്നേഹിതന്മാരുടെ എഴുത്തുകൾ ആയിരുന്നു. അമേരിക്കാ രാജ്യത്തെ ലണ്ടൻ പ്രതിനിധിയായ ബ. ജോസഫ് കോട്ടിന്റേയും, റവറണ്ട് ഡാക്ടർ ബ്രൂക്ക് ഹേർഫോഡിന്റേയും താല്പര്യപ്രകാരം, എക്സീറ്റർ മന്ദിരത്തിൽ വച്ചു ബുക്കർ ഒരു പ്രസംഗം ചെയ്തു. മിസ്റ്റർ കോട്ട് യോഗത്തിന്റെ അദ്ധ്യക്ഷത വഹിച്ചു. അനേകം മാന്യന്മാരും പാർലിമെണ്ടു സഭാംഗങ്ങളും സഭയ്ക്കു വന്നിട്ടുണ്ടായിരുന്നു. പ്രസിദ്ധ ചരിത്രഗ്രന്ഥകാരനായ മിസ്റ്റർ ജെയിംസ് ബ്രൈസ് അന്നു യോഗത്തിൽ സംസാരിച്ചു. ബുക്കറെക്കുറിച്ചു അമേരിക്കൻ പ്രതിനിധി പ്രസ്താവിച്ചതിന്റെയും, അയാൾ പ്രസംഗിച്ചതിന്റെയും സംഗ്രഹത്തെ അമേരിക്കയിലും ഇംഗ്ലണ്ടിലും ഉള്ള പത്രങ്ങൾ പ്രസിദ്ധപ്പെടുത്തിട്ടുണ്ട്. ഡാക്ടർ ഹെർഫോർഡും ഭാര്യയും അവരെ മാന്യന്മാരോടു പരിചയപ്പെടുത്തുന്നതിനു വേണ്ടി ഒരു വിരുന്നു കഴിച്ചു. ആ സമയം അവർ ഇംഗ്ലണ്ടിലെ അനേകം യോഗ്യന്മാരുടെ പരിചയം സമ്പാദിച്ചു. ബുക്കറും ഭാര്യയും ലണ്ടനിൽ താമസിച്ച കാലം അമേരിക്കാരാജ്യകാര്യസന്ദേശവാഹി ആയിരുന്ന മിസ്റ്റർ കോട്ട് അവർക്കു വേണ്ട സഹായം ചെയ്തു. ആ ഉദ്യോഗസ്ഥന്റെ ഗൃഹത്തിൽ നടന്ന വിരുന്നു സല്ക്കാരത്തിൽ വച്ചു ബുക്കർ പ്രസിദ്ധ വിനോദ വിദ്വാനായ മാക്കെയിൻ എന്ന ആളോടു ആദ്യമായി പരിചയം സമ്പാദിച്ചു.

സ്കോട്ട്ലണ്ടിലെ പ്രശസ്ത രാജ്യതന്ത്രജ്ഞനായ റിച്ചേർഡ കാബ്ഡന്റെ പുത്രി മിസ്സസ് ടി. ഫിഷർ അൺവിൻ എന്ന മഹാമ്മയുടെ അതിഥികളായിരുന്ന കാലം ലണ്ടനിൽ വച്ചു പല പ്രാവശ്യം ബുക്കറും ഭാര്യയും അനേകം മഹാന്മാരെ സന്ദർശിച്ചു. അതിന്റെ ശേഷം ഒരാഴ്ചക്കാലം അവർ ജാൻ ബ്രൈറിന്റെ പുത്രി മിസ്സസ് ക്ലാക്ക് മഹാമ്മയുടെ അതിഥികളായി താമസിച്ചു. അടുത്ത വർഷം ഒരു മഹാമ്മ

യും, ഭർത്താവും, പുത്രിയും, അമേരിക്കയിൽ ദേശസഞ്ചാരം ചെയ്തപ്പോൾ അവർ ടസ്കേജിയേയും സന്ദർശിച്ചു. ബർമിങ്ഹാം, ബ്രിസ്റ്റാം എന്നാ നഗരങ്ങളിലും ബുക്കർ സഞ്ചരിച്ചു. ലേഡി ആബർഡിന്റെ സഹായത്താൽ, ബുക്കറും ഭാര്യയും ഗ്രണവതി വിക്ടോറിയാ രാജ്ഞിയെ സന്ദർശിച്ചു. അതു വിൻഡ്സർ മന്ദിരത്തിൽ വച്ചായിരുന്നു. മഹാരാജ്ഞി ഇവരെ ഒരു തേയില വിരുന്നിനു സല്ക്കരിച്ചു. പാർലിമെൻറു സഭയുടെ യോഗങ്ങളിലെ നടവടി കണ്ടറിയുന്നതിനു ഇവർ രണ്ടുപേരും ഒന്നിലധികം തവണ, ഹൌസ്സ് ആഫ് കൊമൺസിൽ (സാധാരണ സാമാജികന്മാരുടെ യോഗസ്ഥലം) പോയിരുന്നു. ബുക്കർ അവിടെ വച്ചു സർ ഹെൻറി എം സ്റ്റാൻലിയെ കണ്ടു സംസാരിച്ചു. അവർ സംസാരിച്ചതു ആഫ്റിക്കാ എത്രത്തോളം അമേരിക്കാ നീഗ്രോജനങ്ങളുടെ താമസത്തിനു ഉപയുക്തമായിരിക്കുമെന്നുള്ള വിഷയത്തെപ്പറ്റി ആയിരുന്നു. ആഫ്റിക്കയിൽ തിരികെ പോകുന്നതുകൊണ്ടു അമേരിക്കയിലെ നീഗ്രോജനങ്ങൾക്കു യാതൊരു ഗ്രണവും ഉണ്ടാകാൻ മാർഗ്ഗമില്ലെന്നും സംഭാഷണം ബുക്കറെ മനസ്സിലാക്കി.

ഫ്രാൻസും ഇംഗ്ലീഷുകാരന്റെ സ്വഭാവഗുണത്തെ അറിവാൻ കഴിയുന്നതു അയാളുടെ ഗൃഹത്തിൽ അതിഥിയായി ഒരുത്തൻ താമസിക്കുമ്പോഴാണ്. ഒരു വിഷയത്തിൽ തീച്ചയായിട്ടു ഇംഗ്ലീഷുകാർ അമേരിക്കാക്കാരെ അതിശയിച്ചു കാണുന്നു,—അതായതു—അവർക്കു ജീവിതത്തിലുള്ള സുഖങ്ങളെ ശക്തിപൂർവം ഗ്രഹിച്ചു അനുഭവിക്കാൻ വശത നല്ല വണ്ണം ഉണ്ടെന്നുള്ളതാണ്. അതിഥികളായി, ഇവരെ അനേകം ധാരമാർ സ്വഗൃഹങ്ങളിൽ ക്ഷണിക്കയുണ്ടായി. ഇംഗ്ലീഷുകാരുടെ ഗാർഹികരീതി ഏറവും ശ്ലാഘനീയമാണെന്നു ബുക്കർക്കു തോന്നി. എല്ലാം കായ്ക്കളും ഭംഗിയായി നിശ്ചിതസമയങ്ങളിൽ നടത്തപ്പെട്ടതു കണ്ടു പഠിക്കേണ്ട ഒരു പാഠം തന്നെയാണ്. ഗൃഹജോലി നടന്നു പോകുന്നതു യന്ത്രം തിരിയുംപോലെയാണ്. ഭൃത്യജനങ്ങൾ സ്വാമിയേയും സ്വാമിനിയേയും ബഹുമാനപൂർവം ഉപചരിക്കുന്നതു

ബുക്കർക്കു അതിശയമായി തോന്നി. അമേരിക്കയിൽ ഭൃത്യവേല ചെയ്യുന്നവർ ആംഗല ഭൃത്യരെപ്പോലെ അന്തസ്സും ഭക്തിയും പ്രദർശിപ്പിച്ചു കണ്ടില്ല. ആംഗല ഭൃത്യന്മാർ ഒരു കാലം യജമാനന്മാരായിക്കൊള്ളാമെന്നു വിചാരിക്കാത്തതിനാലായിരിയ്ക്കാം അവർ പരിചാരകപ്രവൃത്തിയെ നിരാക്ഷേപമായി നടത്തി വരുന്നത്. അമേരിക്കയിലെ 'ഭൃത്യന്മാർ' കാലാന്തരത്തിൽ 'യജമാന'ത്വത്തെ പ്രാപിക്കുമെന്നു വിശ്വസിച്ചു വരുന്നു.

ഫ്രഞ്ച്- സ്വ ജനങ്ങൾക്കു രാജശാസനയോടു ഉണ്ടായിരുന്ന നിർവ്യാജമായ ആദര ബഹുമാനങ്ങൾ ബുക്കറെ അധികമായി സന്തോഷിപ്പിച്ചു. ഇംഗ്ലീഷുകാരൻ സ്വന്ത പ്രവൃത്തികൾ നിഷ്പ്രയാസമായും സാമർത്ഥ്യത്തോടും, ചെയ്യുന്നതും ബുക്കർക്കു ആലോചനാവിഷയമായിത്തീർന്നു. എല്ലാ കൃത്യത്തിലും, ആഹാരം കഴിക്കുന്ന വിഷയത്തിൽ മുഖ്യമായിട്ടും, ഇംഗ്ലീഷുകാർ വേണ്ട സമയം ചെലവാക്കുന്നുണ്ട്. അമേരിക്കയിലെ ജനങ്ങൾ എല്ലാ വിഷയങ്ങളിലും, ഒരു പരിഭ്രമം കാണിക്കുന്നതു, അകപ്പാടെ നോക്കുമ്പോൾ നല്ലതോ എന്നു ബുക്കർക്കു സംശയം തോന്നിത്തുടങ്ങി. ധൃതഗതി കൂട്ടി പരിഭ്രമിച്ച ജരാക്രാന്തനെപ്പോലെ പായുന്ന അമേരിക്കാക്കാർ ചെയ്യുന്നിടത്തോളം കായ്ങ്ങളെ രണ്ടു ഒട്ടുക്കു നോക്കുമ്പോൾ ആംഗ്ലേയജനങ്ങളും ചെയ്യുവാറുണ്ടല്ലെ എന്നു ബുക്കർ ശങ്കിക്കുന്നുണ്ട്.

ഫ്രഞ്ച്- താൻ ഇംഗ്ലണ്ടിൽ താമസിച്ച കാലത്തെ ചില അനുഭവങ്ങളേപ്പറ്റി ബുക്കർ ഇങ്ങനെ എഴുതിയിരിക്കുന്നു. "എന്റെ ആംഗലയാത്രയുടെ ഫലമായി ആംഗലപ്രഭുക്കന്മാരുടെ നേർക്കു എനിക്കു പൂർവ്വാധികമായ ബഹുമാനം തോന്നിയിട്ടുണ്ട്. സാധാരണ ജനങ്ങളുടെ പ്രേമത്തിനും ബഹുമാനത്തിനും അവർ പാത്രീഭൂതന്മാരാകുന്ന എന്നും, സൽപ്രവൃത്തികളെ അവർ ദ്രവ്യദാനത്താലും സൌഹാർദ്ദത്താലും പോഷണം ചെയ്തു വരുന്നവരാണെന്നും ഞാൻ മുമ്പു ഗ്രഹിച്ചിരുന്നില്ല. അവർ സുഖാനുഭവം മാത്രം മോക്ഷവിധിയെന്നു കരുതി പലതും കാട്ടിക്കൂട്ടുന്ന ഒരു വക ധൂർത്തന്മാരാ

ന്നൊന്നായിരുന്ന എന്റെ ധാരണ. ഇംഗ്ലീഷുകാരുടെ യോഗങ്ങളിൽ പ്രസംഗം ചെയ്യുക ഒരു ശീലം വരുത്തുക എനിക്കു വളരെ വിഷമമായിരുന്നു. സാധാരണമായി ആംഗലേയക്കാരൻ ഗൗരവമുള്ളവനും നേരമ്പോക്കില്ലാത്തവനും ആണു്. അമേരിക്കന്മാർ ചിരിച്ചു ഇളകി മറിയുന്ന ഒരു കഥയെ ഞാൻ ഒരു ആംഗലസദസ്സിൽ പറഞ്ഞാൽ സഭാവാസികളിൽ ഒരു പുഞ്ചിരിപോലും തൂകാതെ എന്റെ മുഖത്തു സൂക്ഷിച്ചു നോക്കുക മാത്രമെ ചെയ്തിരുന്നുള്ളു.

സ്നേഹം- ഒരു ഇംഗ്ലീഷുകാരൻ ഒരുത്തനെ ഹൃദയപൂർവ്വം സ്നേഹിച്ചാൽ, ആ സ്നേഹിക്കുന്ന ഒരു കാലത്തും ന്യൂനതയുണ്ടാകുന്നില്ല. അവന്റെ ഹൃദയം സുഹൃത്തായവന്റെ ഹൃദയത്തോടു അയശ്ശൃംഖലയാൽ ബന്ധിക്കപ്പെട്ടതാണു. എന്നാൽ മാത്രമല്ല അതു സുസ്ഥിരവും തൃപ്തിപ്രദവും ആയ സ്നേഹബന്ധം വേറെ ഉണ്ടെന്നും ഞാൻ വിചാരിക്കുന്നില്ല. ഇതിനുദൃഷ്ടാന്തമായി എനിക്കു അനുഭവഗോചരമായ ഒരു സംഭവത്തെ കുറിയ്ക്കുന്നതു വളരെ ഉചിതമായിരിക്കുമെന്നു തോന്നുന്നു. ലണ്ടനിലെ ഭംഗിയേറിയ ഒരു മന്ദിരമായ സ്റ്റാഫോർഡു ഹൌസിൽ വച്ചു സത്തർലാണ്ടു പ്രഭുവും പ്രഭ്വിയും ഒരു വിരുന്നു സദ്യയ്ക്കു ഞങ്ങളേയും ക്ഷണിച്ചിട്ടുണ്ടായിരുന്നു. മുന്നാറിൽ ചരം അളുകൾ അന്നു അവിടെ കൂടിയിരുന്നു. അന്നത്തെ തിക്കിനിടയ്ക്കു പ്രഭ്വി ഞങ്ങളോടു രണ്ടു തവണ സംഭാഷണം ചെയ്തു. ഞങ്ങൾ അമേരിക്കയിൽ തിരിയെ എത്തിയതിൽ പിന്നെ ടസ്കുജിയിലെ കായ്ക്കളെ പറ്റി വിശദമായി എഴുതി അയയ്ക്കണമെന്നും ആ മഹതി ഞങ്ങളോടു പറഞ്ഞിരുന്നു. ഞങ്ങൾ അപ്രകാരം ചെയ്തു. ക്രിസ്തുമസ് കാലത്തിൽ ആ സ്ത്രീരത്നം ഞങ്ങൾക്കു അനുമോദനപത്രം അയച്ചുതന്നു. ഇപ്പോഴും ഞങ്ങൾ തമ്മിൽ ലേഖനമുഖേന സ്നേഹത്തെ വർദ്ധിപ്പിച്ചു കൊണ്ടിരിക്കയാണു്.

സഞ്ചാരം- യൂറോപ്യരാജ്യങ്ങളിൽ മൂന്നു മാസം സഞ്ചരിച്ചു

തിൻറശേഷം ബുക്കറും ഭാര്യയും സെൻറലൂയിസ് എന്ന കപ്പൽ വഴി തിരികെ അമേരിക്കയിലേക്കു സതാമ്പ്ടണിൽ നിന്നു പുറപ്പെട്ടു. ഈ കപ്പലിൽ സെയിൻറലൂയീ നഗര വാസികളുടെ സംഭാവനയായിരുന്ന ഒരു ഗ്രന്ഥശേഖരം ഉണ്ടായിരുന്നു. അതിൽ നിന്നു ബുക്കർ പ്രെഡറിക്ക ഡഗ്ളസ്സിൻറെ ജീവചരിത്രം എടുത്തു വായിച്ചു. ഒന്നാമതായും രണ്ടാമതായും അയാൾ ഇംഗ്ലണ്ടിലേക്കു പോയ കാലങ്ങളിൽ കപ്പലിൽ വച്ചു അയാൾക്കുണ്ടായിത്തീർന്ന കഷ്ടതകൾ അതിൽ വിവരിച്ചിട്ടുണ്ടായിരുന്നു. അയാൾക്കു അതിലെ പ്രധാന മുറികളിൽ പ്രവേശനം നൽകിയിരുന്നില്ല. ഈ ഘട്ടം വായിച്ചു തീർന്നു സ്വല്പം കഴിഞ്ഞപ്പോൾ കപ്പലിലെ യാത്രക്കാരായിരുന്ന വെള്ളക്കാരുടെ ഒരു സംഘം,—അടുത്ത നാളിലെ സദിരിൽ അയാൾ ഒരു പ്രസംഗം ചെയ്യണമെന്നു അപേക്ഷിക്കാൻ വന്നിരുന്നു. ജാതിസ്പർദ്ധ കുറഞ്ഞുവരുന്നില്ലെന്നു ഇപ്പോഴും ജനങ്ങൾ പറഞ്ഞു വരുന്നല്ലൊ. അതു ശരിയായ അഭിപ്രായം അല്ല. സദിരിൽ പ്രധാനസ്ഥാനം ന്യൂയാക്കിലെ ഗവർണരായ ബഹു, ബഞ്ജമിൻ ബി. ഓഡൽ വഹിച്ചിരുന്നു. ബുക്കറുടെ പ്രസംഗത്തെ അവർ സർവ്വാത്മനാ ശ്ലാഘിച്ചു. യാത്രക്കാരിൽ അധികംപേർ ദാക്ഷിണാത്യന്മാരായ ധനികരായിരുന്നു. സദിരു അവസാനിച്ചപ്പോൾ അവരിൽ ചിലർ വരിയിട്ടു കുറെ പണം ശേഖരിച്ചു. അനേകം വിദ്യാർത്ഥികൾക്കു സഹായധനം നൽകുന്നതിനു ഈ ദ്രവ്യം ഉപയോഗപ്പെട്ടു.

1-ാം ഫ്രന്റ്- ബുക്കർ പാരിസ്സു പട്ടണത്തിൽ താമസിച്ച സമയം ചാൾൽസ്ടൺ നഗരത്തിലെ പ്രധാനികൾ, അയാൾ മടങ്ങി വരുന്ന അവസരത്തിൽ ആ സ്ഥലത്തു ഇറങ്ങി, സാന്നിധ്യംകൊണ്ടും ഉപദേശംകൊണ്ടും ആ ദിക്കിലെ ജനങ്ങളെ ആഹ്ലാദിപ്പിക്കണമെന്നു, അപേക്ഷിച്ചിരുന്നു. (ഈ അപേക്ഷാപത്രത്തിൽ, ആ നഗരത്തിലെ യോഗ്യന്മാരിൽ അധികം ആളുകൾ ഒപ്പിട്ടിരുന്നു.) എഴുത്തു ഇപ്രകാരം ആയിരുന്നു,—

ചാറൽസ്ടൺ, പ. വ. മേ. ഫ്രം. ഫ്രവ്നർ.

പണ്ഡിതർ ബുക്കർ ടി. വാഷിങ്ട്ടൺ, പാരിസ്, ഫ്റാൻസ്.

പ്രിയമിത്രമേ!

പശ്ചിമ വർജിനിയാ ദേശത്തിലെ പ്രമാണികളായ പൌരന്മാർ തങ്കളുടെ പ്രവൃത്തിയേയും, യോഗ്യതകളേയും പറഞ്ഞു ശ്ലാഘ്യമായി അഭിപ്രായപ്പെട്ടിട്ടുണ്ട്. തങ്കൾ യൂറോപ്പിൽ നിന്നു മടങ്ങി വരുന്ന വഴി ഈ നഗരത്തിൽ താമസിച്ചു, സാന്നിധ്യം കൊണ്ടും, സാരസല്ലാപം കൊണ്ടും ഞങ്ങളെ ആഹ്ലാദിപ്പിക്കണമെന്നപേക്ഷിക്കുന്നു. വാക്കിനാലും പ്രവൃത്തിയാലും ഞങ്ങൾക്കു ബഹുമാനം വരുത്തി തന്നിട്ടുള്ള തങ്കളെ ഹൃദയപൂർവം സൽകരിക്കണമെന്നു പൌരന്മാർക്കുണ്ടായിട്ടുള്ള ആഗ്രഹത്തെ ഞങ്ങൾ അംഗീകരിക്കയും, വസ്തുതയെ തങ്കളെ പൌര പ്രതിനിധി എന്ന നിലയിൽ, തെളിപ്പെടുത്തുകയും ചെയ്യുന്നു. ഈ ലേഖനം സ്നേഹപൂർവമായ ക്ഷണനക്കുത്തെന്നു തങ്കൾ വിചാരിക്കുമെന്നു വിശ്വസിക്കുന്നു.

എന്നു ചാറൽസ്ടൺ നഗരത്തിലെ പൊതുയോഗത്തിനു വേണ്ടി

ഡബ്ളിയു. ഹെർമൻ സ്മിത്ത് (ഒപ്പു)

യോഗാദ്ധ്യക്ഷൻ.

അപേക്ഷക്കത്തിന്റെ ഉള്ളടക്കമായി ഇങ്ങനെ ഒരു എഴുത്തും ഉണ്ടായിരുന്നു:—

പണ്ഡിതർ ബുക്കർ. ടി. വാഷിങ്ട്ടൺ, പാരിസ്, ഫ്റാൻസ്

പ്രിയമിത്രമേ!

ചാറൽസ്ടണിലേയും, പശ്ചിമ വർജിനിയാ ദേശത്തിലേയും, പൌരന്മാരായ ഞങ്ങൾ തങ്കൾ ഇതുവരെ ചെയ്തിട്ടുള്ള പ്രവൃത്തികളേയും, തങ്കളുടെ ഉത്തമഗുണങ്ങളേയും, പറഞ്ഞു തുലോം അഭിമാനമുള്ളവരായിരിക്കുന്നു. തങ്കളോടു ഞങ്ങൾക്കുണ്ടായിരുന്ന ബഹുമാനസ്നേഹാദികളെ ഉചിതമായ വിധത്തിൽ പ്രകടനം ചെയ്യുന്നതിനു തങ്കളുടെ സമ്മതം ഉണ്ടാകണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

തങ്കളുടെ ജന്മഭൂമിയായ ഈ നഗരത്തിൽ തങ്കൾ യൂറോപ്പിൽ പോകുന്നതിനു മുമ്പു വന്നിരുന്ന അവസരത്തിൽ തങ്കളെ കാണുന്നതിനും തങ്കളുടെ പ്രസംഗം കേൾക്കുന്നതിനും, തങ്കളുടെ ജീവയത്ന

ത്തിനു തക്കതായ ഒരു ദ്രവ്യസഹായം ചെയ്യുന്നതിനും, ഞങ്ങൾക്കു സൌകര്യപ്പെടാത്തതിൽ ഞങ്ങൾ അപാരമായി വ്യസനിക്കുന്നുണ്ട്.

മേൽ വിവരിച്ച കാരണങ്ങളാൽ, താങ്കൾ യൂറോപ്പിൽ നിന്നു തിരിച്ചു വരുന്ന വഴി ഞങ്ങളുടെ സൽക്കാരത്തെ സ്വീകരിക്കയും താങ്കളുടെ പ്രവൃത്തിയെപ്പറ്റി സ്വിസ്സർലാന്റിൽ പ്രസംഗിക്കയും ഞങ്ങളുടെ സച്ഛായയായ സ്കൂളറെ കൈക്കൊള്ളുകയും സാന്നിധ്യം കൊണ്ടും സാരസല്ലാപം കൊണ്ടും, ഞങ്ങളെ ഉന്മേഷപ്പെടുത്തുകയും ചെയ്യണമെന്നു അപേക്ഷിച്ചു കൊള്ളുന്നു.

ഈ എഴുത്തിനു താമസിയാതെ മറുപടി അയക്കുകയും താങ്കൾ എന്നത്തേയ്ക്കു വരുമെന്നു അറിയിക്കയും ചെയ്യണമെന്നും വിനയപൂർവ്വം അപേക്ഷിക്കുന്നു.

എന്നു ചാൾസ്ടൺ ദിനപത്രിക; പൊതുജനദിനപത്രം; ജി. ഡബ്ളിയു. അറ്കിൻസൺ, ശവർണ്ണർ; ഇ. എൽ. ബാഗ്സ. ശവർണ്ണരുടെ കാര്യദർശി; വില്യം. എം. ഒ. ഡാസൺ. ശവർൺമെൻറ സിക്രിട്ടറി; എൻ. എം. ലാഫാർറ്, വലിയ മേലെഴുത്ത്; ജെ. ആർ. ടറ്റർ. വിദ്യാഭ്യാസാദ്ധ്യക്ഷൻ; ഇ. ഡബ്ളിയു. വിൽസൺ; പൂവ്-ഭരണകർത്താവ്; ഡബ്ളിയു. ഏ. മാക്കു കാരിക്കിം, പൂവ്-ഭരണകർത്താവ്; ജാൻ. ക്യൂ. ഡിക്കിൻസൺ, കനഹാ മലയാളം ബ്രേക്കു അധിപർ; എൽ. പ്രിച്ചേർഡ്, ചാൾസ്റ്റൺ സമുദായ ബ്രേക്കു അധിപർ; ജീയോ എസ്. കൌച്ച്, കനഹാ മലയാള സമുദായ ബ്രേക്കദ്ധ്യക്ഷൻ; എഡ്. റീഡ്, കന-സമു-ബ്രേക്കു ഖജാൻജി; ജീയോ എസ്: ലെയിഡ്ലി, പള്ളിക്കൂടം സൂപ്പന്ത്; എൻ. ഇ. മക്കിവാർട്ടർ, വിദ്യാഭ്യാസ വകുപ്പദ്ധ്യക്ഷൻ; ചാൾസ് കെ. പെയിൻ; മൊത്തവ്യാപാരം; ഇത്യാദി അനേകം പേർ.

ഫ്രാ- ഈ സംഗതിയെക്കുറിച്ചു വാഷിങ്ങ്ടൺ പറയുന്നു,—"ഞാൻ ബാല്യകാലത്തിൽ താമസിച്ചിരുന്നതും ഏതാനും സംവത്സരങ്ങൾക്കു മുമ്പെ വിദ്യാഭ്യാസം ചെയ്യാനായി, അജ്ഞാതനായും, ദരിദ്രനായും, പുറപ്പെട്ടു പോയിരുന്നതുമായ നഗരത്തിലുള്ള യോഗക്കാരും,—ഉദ്യോഗസ്ഥന്മാരും, കച്ചവടക്കാരും, ധനികന്മാരും, എന്നു വേണ്ടാ അവിടെയുള്ള യോഗ്യന്മാരായ എല്ലാവരും, ക്രൂടി ചേർന്ന

എന്നെ ഇപ്രകാരം ക്ഷണിച്ചതിനാൽ എനിക്കു ഏറ്റവും അത്ഭുതവും ആഹ്ലാദവും ആശ്ചര്യവും ഉണ്ടായി. നിർവ്യാജമായ ആനന്ദം നിമിത്തം അശ്രുകണങ്ങൾ താനേ പൊഴിഞ്ഞു. അവർ ഇത്രത്തോളം ആദരിക്കത്തക്ക യോഗ്യത എനിക്കുണ്ടായതു എന്റെ ഏതു പ്രവൃത്തിയാലാണെന്നു ഞാൻ അറിയുന്നില്ല. ഞാൻ അപേക്ഷയെ സ്വീകരിച്ചു. നിശ്ചിതദിവസം ഞാൻ ചാറൽസ്ടണിൽ എത്തി. ഇതുജാതിക്കാരും ചേർന്നു ഒരു യോഗം റെയിൽവെ സ്റ്റേഷനിൽ എന്നെ എതിരേല്ക്കുന്നതിനു തയ്യാറായി നിന്നിരുന്നു. അതിന്റെ അദ്ധ്യക്ഷസ്ഥാനം വഹിച്ചതു പൂർവ്വഭരണകർത്താവായ മിസ്റ്റർ ഡബ്ളിയു. എ. മക്കു കാക്കിം ആയിരുന്നു. പൊതുസല്ക്കാരം നടന്നതു ചാറൽസ്ടണിലെ സംഗീതാലയത്തിൽ വച്ചാണ്. അപ്പൊഴത്തെ ഗവർണർ ബഹു ജാർജ് ഡബ്ളിയു. അറ്റ്കിൻസൺ സഭാദ്ധ്യക്ഷ്യം വഹിക്കയും, മുമ്പു ഗവർണർ ആയിരുന്ന മക്കു കാക്കിം അനുമോദനപത്രിക വായിക്കയും ചെയ്തു. നീഗ്രോ-പൌരന്മാർ ഒരു സഭാകാര്യത്തിൽ പ്രധാനപ്പെട്ട ഒരു ഭാഗം ജോലി വഹിച്ചിരുന്നു. സദസ്സിൽ അനേകായിരം ജനങ്ങൾ ഉണ്ടായിരുന്നു. ബാലനായിരുന്നപ്പോൾ, ഞാൻ വേല ചെയ്തു താമസിച്ചിരുന്ന സ്ഥലങ്ങളിലെ ഉടമസ്ഥന്മാരും എന്റെ യജമാനന്മാരും ആയിരുന്ന പലരേയും, ഞാൻ അവിടെ കണ്ടു. പിറേറന്നാൾ ഗവർണരും ഭാര്യയും ഗവർമ്മെണ്ടു മന്ദിരത്തിൽ വച്ചു, എന്റെ സല്ക്കാരം പ്രമാണിച്ചു ഒരു ക്രൂടിക്കാഴ്ച നടത്തി. അതിലും നാനാജനങ്ങളും വന്നിട്ടുണ്ടായിരുന്നു.

൩൰൩- ഇതിന്റെ ശേഷം, താമസിയാതെ അറ്റ്ലാന്റായിലെ നീഗ്രോ-ജനങ്ങളും നവീന ആർലിയൻസിലെ ഏതാട്ടശജനങ്ങളും എനിക്കു സല്ക്കാരം ചെയ്തു. ഈ യോഗങ്ങളിൽ അഗ്രാസനം വഹിച്ചതു ജോർജിയാ ദേശത്തിലെ ഗവണ്ണരും, ആർലിയൻസ് നഗരത്തിലെ പൌരാദ്ധ്യക്ഷനും ആയിരുന്നു. ഇതര നഗരങ്ങളിൽ നിന്നും ഉണ്ടായ

അപേക്ഷകളെ സ്വീകരിക്കാൻ, എനിക്കു സൌകര്യം ഇല്ലായിരുന്നു."

അദ്ധ്യായം ൧൭.

പ്രസിഡണ്ടു വിദ്യാലയത്തിൽ വന്നതു്.

സംഗ്രഹം– "യൂറോപ്പിലേയ്ക്കുള്ള യാത്ര ആരംഭിക്കുന്നതിനു മുമ്പായിട്ടു, എന്നെ ക്രമത്തിലധികം വിസ്മയിപ്പിച്ച ചില സംഭവങ്ങൾ നടന്നിട്ടുണ്ടു്. എന്റെ ജീവിതം, വാസ്തവത്തിൽ ആശ്ചര്യസമുച്ചയത്താൽ, ഭരിതമായിട്ടാണു കാണപ്പെടുന്നതു്. ശ്രദ്ധയും അസ്വാർത്ഥപരവും, ഉപകാരപ്രദവുംആയി തന്റെജീവിതകാലത്തെ നയിക്കാൻ നിരന്തരമായി ശ്രമിക്കുന്നവനു ദിനം പ്രതി അവിചാരിതവും ഉത്സാഹജനകവുംആയ സഹായം ലഭിക്കുമെന്നാണു എന്റെവിശ്വാസം. മറ്റൊരുത്തനെ സഹകർത്താവും, ഭാഗ്യവാനും ആക്കുന്നതിനു യത്നം ചെയ്യുന്നതിൽ നിന്നുളവാകുന്ന ആനന്ദത്തേയുംസന്തുഷ്ടിയേയും അനുഭവിച്ചിട്ടില്ലാത്തകൃത്തമനുഷ്യന്റേയോ വെളുത്തമനുഷ്യന്റേയോ അവസ്ഥ നിന്ദ്യമെന്നതെ ഞാൻ വിചാരിക്കുന്നതു് ഏതാണ്ടു വിധം ആണു ബുക്കർവാഷിങ്ങ്ടൺ പ്രസ്തുതാദ്ധ്യായം ആരംഭിച്ചിട്ടുള്ളതു്. പക്ഷവാതത്താൽപീഡിതനായി ഒരു സംവത്സരം കഴിഞ്ഞപ്പോൾ–തന്റെമരണത്തിനു ആറു മാസത്തിനു മുമ്പു—ഒരു തവണകൂടി ടസ്കേജി വിദ്യാലയത്തെ സന്ദർശിക്കുന്നതിനു തനിക്കു ആഗ്രഹം ഉണ്ടെന്നു ജനറൽ ആറംസ്ട്രാങ്ങ് പറഞ്ഞതനുസരിച്ചു, ബുക്കർ അദ്ദേഹത്തെ അവിടെ കൂട്ടി കൊണ്ടു വന്നു. അംഗങ്ങൾ സ്തംഭിച്ചിരുന്നതു കൊണ്ടു അദ്ദേഹത്തിനു പരസഹായം കൂടാതെ യാതൊന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല. ഇക്കാലത്തു ഈ കാര്യത്തിനായി ടസ്കേജി പൂകവണ്ടി ഉടമസ്ഥന്മാർ, കൂലി വാങ്ങാതെ ഒരു പ്രത്യേകവണ്ടി വിട്ടു. രാത്രി, ഒമ്പതു മണി ആയപ്പോഴാണു അദ്ദേഹം

ടസ്കേജി വിദ്യാലയ ഭൂമിയിൽ പ്രവേശിച്ചത്. വിദ്യാർത്ഥികളെല്ലാവരും ഓരോ പന്തം പിടിച്ചു രണ്ടണിയായി വഴിയിൽ ഇരുപുറവും നിന്നു, അദ്ദേഹത്തിനെ ഉപചരിക്കുന്നതു, ഉചിതമായിരിക്കുമെന്നു ആരോ അഭിപ്രായപ്പെട്ടതനുസരിച്ചു, ബുക്കർ അതിനു ഏർപ്പാടു ചെയ്തിരുന്നു. ഈ നവീനവും കൌതുകപ്രദവും ആയ എതിരേൽപ്പു ജനാരലിനെ അത്യന്തം ആനന്ദപരവശനാക്കി. ടസ്കേജിയിൽ അദ്ദേഹം എത്തിയപ്പോൾ വിദ്യാശാലയിൽ പഠിക്കുന്നവരും പഠിപ്പിക്കുന്നവരും ആയ ആയിരത്തിലധികം ജനങ്ങൾ വളരെ ഭക്തിബഹുമാനങ്ങളോടു കൂടി അദ്ദേഹത്തെ എതിരേറ്റു വാസസ്ഥാനത്തെ പ്രാപിപ്പിച്ചു. ബുക്കറുടെ അതിഥിയായി രണ്ടു മാസക്കാലം അദ്ദേഹം അവിടെ താമസിച്ചു. "ഈ കാലത്തു അനങ്ങുന്നതിനും സംസാരിക്കുന്നതിനും ശക്തിയുള്ളവനല്ലായിരുന്നുവെങ്കിലും, അദ്ദേഹം വിദ്യാലയത്തിന്റെ മേൽഗതിക്കു വേണ്ട ആലോചനകൾ നടത്തുന്നതിൽ സദാ ജാഗരൂകനായി തന്നെ ഇരുന്നു. പല അവസരങ്ങളിലും അദ്ദേഹം എന്നോടു പറഞ്ഞിട്ടുള്ളതു,—ദക്ഷിണദേശത്തിലുള്ള നീഗ്രോ-ജനങ്ങളുടെ സ്ഥിതിയെ പരിഷ്കരിക്കുന്നതിൽ മാത്രമല്ല, നിസ്സഹായന്മാരായ ആ സ്ഥലത്തെ ധവരമാരുടെ അവസ്ഥയെ സംസ്കരിക്കുന്നതിലും, ഉത്സാഹിക്കുന്നതു രാജ്യാധിവാസികളുടെ ധർമ്മകൃത്യമാണെന്നായിരുന്നു. അദ്ദേഹത്തിന്റെ ആഗ്രഹത്തിനു വിഷയമായിരുന്ന ഈ പ്രവൃത്തിയെ ആവുന്നിടത്തോളം സഫലമാക്കുവാൻ യത്നം ചെയ്യുന്നതിനു ഞാൻ അപ്പോൾ തന്നെ എന്റെ ജീവിതത്തെ നിഷ്കാമകർമ്മപീഠത്തിൽ സമർപ്പണം ചെയ്തു. അവശതയിൽ പെട്ടഴലുന്ന അദ്ദേഹം ചിന്തിക്കാനും, വേല ചെയ്യാനും സന്നദ്ധനാണെന്നു പറയുമ്പോൾ ഞാൻ എങ്ങനെ അദ്ദേഹത്തിന്റെ അഭിലാഷത്തെ സാധിപ്പിക്കാൻ, ഒരുമ്പെടാതിരിയ്ക്കും"—എന്നു മിസ്റ്റർ വാഷിങ്ടൺ എഴുതിയിരിക്കുന്നു.

൧൯൧൫- ഇതിന്റെ ശേഷം ഏതാനും മാസം കഴിഞ്ഞപ്പോൾ ഈ മഹാനുഭാവൻ ഇഹലോകജീവിതത്തെ വെടി

ഞ്ഞു. ഹാമ്പ്ടൺ പാഠശാലയിലെ അദ്ധ്യക്ഷത വഹിച്ചിരുന്ന ഡാക്ടർ ഹാളിസ് ബി. ഫ്രിസ്സൽ എന്നതുല്യനായ യോഗ്യനാൽ സ്വീകരിക്കപ്പെട്ടു. ഈ മഹാൻ പരമരസികനും, പരസഹായൈകനിരതനും ആയിരുന്നു. അദ്ദേഹത്തിന്റെ നിർമ്മലവും, പ്രബലവും, മിക്കവാറും പരിപൂർണ്ണവും ആയ നേതൃത്വത്തിൽ, ഹാമ്പ്ടൺ വിദ്യാമന്ദിരം സമഗ്രമായ ഔന്നത്യത്തെ പ്രാപിക്കും! ഈ മഹാപുരുഷൻ, സകല കൃത്യങ്ങളെയും നിർവ്വഹിച്ചു വന്നതു ജനറൽ ആംസ്ട്രോങ്ങിനെ അനുസരിച്ചാണ്. കായ്യം ജയിക്കണം, എന്നേ അദ്ദേഹം ആശിച്ചുള്ളൂ.

നവനു- ബുക്കരുടെ അനുഭവത്തിൽ അയാൾക്കു ഏറ്റവും ആശ്ചര്യവും സന്തോഷവും നൽകിയതായ സംഭവം താഴെ പറയുന്നതാണ്. ഒരു ഞായറാഴ്ച അയാളും ഭാര്യയും മൂന്നു കുഞ്ഞുങ്ങളും സ്വന്ത വീട്ടിലെ വരാന്തയിൽ സന്തോഷിച്ചു കൊണ്ടിരിക്കുമ്പോൾ താഴെ കണ്ണന്ന എഴുത്തു തപാൽ ശിപായി കൊണ്ടുവന്നു കൊടുത്തു.

"ഹാർവേഡ് കലാശാല; കേംബ്രിഡ്ജ്,.
മേ-൨൬-൧൮൮൯.

അദ്ധ്യക്ഷൻ ബുക്കർ ടി. വാഷിങ്ടൺ

മാന്യസ്നേഹിതരേ!

അടുത്ത വർഷാരംഭോത്സവ സമയത്തിൽ ബഹുമാന സൂചകമായ ഒരു വിരുതു നിങ്ങൾക്കു നൽകണമെന്നു ഹാർവേഡ് സർവകലാശാല ആഗ്രഹിക്കുന്നു. ഇങ്ങനെയുള്ള മുദ സ്വീകരിക്കുന്നതിനു അതിലേക്കായി തിരഞ്ഞെടുക്കപ്പെട്ടവർ സഭായോഗത്തിൽ ഹാജരായിരിക്കണമെന്നു നിർബന്ധം ഉണ്ട്.

ഓരോ സംവത്സരത്തിലെ യോഗം ജൂൺ ൨൮-ാംനു-നടക്കുന്നതാണ്. അന്നു ൨൬-മുതൽ ൩-മണിവരെ നിങ്ങളുടെ സാന്നിദ്ധ്യം അപേക്ഷിതമായിരിക്കുന്നു. അന്നേദിവസം കെംബ്രിഡ്ജിൽ വരുന്നതിനു നിങ്ങൾക്കു സൌകര്യമായിരിക്കുമോ?

എന്നു ആദരപൂർവം, വിധേയൻ,
ചാൾസ് ഡബ്ലിയു എലിയട്ട് (ഒപ്പു)

൧൯൦൫- അമേരിക്കയിലെ സർവകലാശാലകളിൽ ഏറ്റവും പുരാതനവും കീർത്തിപ്പെട്ടതും ആയിരുന്ന, ഹാർവേഡ് സർവകലാശാല, ഇതിനാൽ തന്റെ പ്രയത്നങ്ങൾ അഭിനന്ദിക്കപ്പെടുമെന്നും അതിലെ ബഹുമതിമുദ്ര തനിക്കു ലഭിക്കാൻ സംഗതി ഉണ്ടാകുമെന്നും ബുക്കർ സ്വപ്നത്തിൽ പോലും ചിന്തിച്ചിരുന്നില്ല.

൧൯൦൬- "ഓരോ എഴുത്തു കൈയിൽ വച്ചുകൊണ്ടു വരാന്തയിൽ ഞാൻ ഇരുന്നപ്പോൾ എന്റെ കണ്ണുകൾ അശ്രുപരിപൂർണ്ണങ്ങൾ ആയിത്തീർന്നു. എന്റെ ജീവിതകാലത്തിലെ കഴിഞ്ഞ സംഭവങ്ങൾ- "തോട്ടത്തിൽ അടിമവേല ചെയ്തതു, കച്ചേരി ചെനിയിൽ പണി ചെയ്തതു, ആഹാരവും വസ്ത്രവും ഇല്ലാതെ കഷ്ടപ്പെട്ടതു, വഴിയരികിൽ ഉറങ്ങിയതു, വിദ്യാഭ്യാസത്തിനു ബുദ്ധിമുട്ടിയതു, ടസ്കേജിയിൽ സങ്കടങ്ങൾ അനുഭവിച്ചതു, അവിടത്തെ ജോലി നടത്തുന്നതിനു മാർഗ്ഗം കാണാതെ വിഷമിച്ചതു, ഇതരന്മാർ എന്റെ വർഗ്ഗത്തെ ഉപദ്രവിക്കയും പരിഹസിക്കയും ചെയ്തതു—ഇവയെല്ലാം ഒന്നൊന്നായി ഓർമ്മയിൽ വന്നു ഞാൻ കരഞ്ഞുപോയി."

൧൯൦൯- കീർത്തി എന്നതു ഒരു മഹത്തായ സമ്പാദ്യമാണെന്നു ബുക്കർ വിചാരിച്ചിരുന്നില്ല. കീർത്തിയെ നന്മയെ ചെയ്യുന്നതിനുള്ള ഉപകരണങ്ങളിൽ ഒന്നായി മാത്രമേ ബുക്കർ അഭിനന്ദിച്ചിട്ടുള്ളൂ. താൻ തന്റെ ജോലി ചെയ്യുന്ന കാലം മാന്യജനങ്ങളിൽ നിന്നു തനിക്കു ലഭിച്ചിട്ടുള്ള വിരുതുകളും സംഭാവനകളും ലോകോപകാരത്തിനായി അധികമായ യത്നം ചെയ്യുന്നതിനു തന്നെ പ്രേരിപ്പിച്ചു കൊണ്ടിരുന്ന സാഹായ്യകാരണങ്ങളായിട്ടാണു ബുക്കർ വിചാരിച്ചിരുന്നതു. സദുദ്ദേശ്യത്തിൽ ഉപയോഗിക്കുന്നതിനായി ദൈവം മനുഷ്യർ ധനം സമ്പാദിക്കുന്നു. അതിനുള്ളതു കീർത്തിയാകുന്ന ധനത്തെയും ലോകോപകാരത്തിനായി കീർത്തിസമ്പന്നന്മാർ വിനിയോഗിക്കേണ്ടതാണ്.

൧൯൧൦- ജൂൺ ൨൪-൦൯- കാലത്തു ൯-മണിക്കു ബുക്കർ ഹാർവേഡിൽ എത്തി. വിരുതു കൊടുക്കുന്നതിനു ക്ഷണി

ക്കപ്പെട്ടവരായി ബുക്കർ ക്രൂടാതെ ജനറൽ നേൽസൺ എ. മയിൽസ്, സ്വതന്ത്രഗ്രാഹിയന്ത്രത്തിന്റെ നിർമ്മാതാവായ ഡാക്ടർ ബെൽ, ബിഷപ്പ് വിൻസെന്റ്, ദിവ്യശ്രീ മൈനട് ജേസാവെജ് എന്നവരും ഉണ്ടായിരുന്നു. ഒരു സമ്മേളനത്തിൽ വച്ചു ബുക്കർ എം. എ. എന്ന സ്ഥാനം നൽകപ്പെട്ടു.

സന്ദർഭം ഒരു യോഗത്തിൽ വച്ചു ബുക്കർ സരസമായും സാരഗർഭമായും ഒരു പ്രസംഗം ചെയ്തു. അതിൽ ഒരു ഭാഗം ഇപ്രകാരം ആയിരുന്നു:-"നിങ്ങൾ ഇന്നേദിവസം എനിക്കു നൽകിയിട്ടുള്ള ബഹുമതിക്കു, ഞാൻ സ്വല്പമെങ്കിലും അർഹനാണെന്നു എനിക്കു തോന്നിയിരുന്നുവെങ്കിൽ, എന്റെ മനസ്സിൽ ഇത്ര സംഭ്രമം ഉണ്ടാകയില്ലായിരുന്നു. ഇന്നത്തെ സഭയിൽ ഒരു മാന്യസ്ഥാനം വഹിക്കുന്നതിനായി, എന്നെ കൃഷ്ണ-മേഖലയിൽ സാധുക്കളായ എന്റെ ജാതിക്കാരുടെ ഇടയിൽ വേല ചെയ്തു വരുന്ന എന്നെ-നിങ്ങൾ ഇവിടെ വിളിച്ചു വരുത്തിയതിന്റെ കാരണത്തെ വ്യാഖ്യാനിക്കേണ്ടതു എന്റെ ജോലിയല്ല, എങ്കിലും പ്രാബല്യവും, ധനവും, വിദ്യയും ഉള്ള ജനങ്ങൾ, സാധുക്കളും അറിവില്ലാത്തവരും ദരിദ്രരും ആയ ജനങ്ങൾക്കു സഹായം നൽകുന്നതു ക്ഷേമാഭിവൃദ്ധിയ്ക്കു ആവശ്യപ്പെട്ട കർമ്മമാണെന്നു പ്രസ്താവിക്കുന്നതു അപ്രകൃതമാകയില്ലല്ലോ. അലബാമായിലെ പരുത്തി വയലുകളിലും കരിമ്പുതോട്ടങ്ങളിലും ഉള്ള ചെറിയ കുടിലുകളിൽ താമസിച്ചു വരുന്ന സാധുക്കളുടെ ആവശ്യങ്ങളെ വലിയ മന്ദിരങ്ങളിൽ വസിക്കുന്ന ഭാഗ്യവാന്മാരെ അറിയിക്കേണ്ടതെങ്ങനെ? ഒരു മഹത്തായ പ്രവൃത്തിയെയാണു ഹാർവേഡ് കലാശാല ഇപ്പോൾ നിർവഹിക്കുന്നത്. അപ്രകാരം ചെയ്യുന്നതിനാൽ വിദ്യാലയത്തിന്റെ യശസ്സു വർദ്ധിക്കുന്നതേയുള്ളൂ."

സന്ദർഭം-"എന്റെ ജനങ്ങൾക്കു അഭ്യുന്നതിയും ഇരുജാതിക്കാർക്കും തമ്മിൽ സദ്ഭാവവും പൂർവാധികം ഉണ്ടാക്കുന്നതിനായി ഞാൻ യത്നിച്ചിട്ടുള്ളതിൽ നിന്നു വല്ല ഫലവും ഉളവായിട്ടുണ്ടെങ്കിൽ ഇന്നു മുതൽ ആ യത്നത്തിന്റെ

ഫലം ഇരട്ടിക്കുമെന്നു ഞാൻ നിങ്ങളോടു ഉറപ്പായി പറഞ്ഞുകൊള്ളുന്നു. എന്റെ ജാതിക്കാക്കു ഉത്തരോത്തരം ശ്രേയസ്സുണ്ടാകണമെങ്കിൽ അവർ ചില ഗുണങ്ങളെ സമ്പാദിക്കുന്നതിനു നിർവ്യാജമായി യത്നിക്കേണ്ടിയിരിക്കുന്നു. പൂർവ്വകാലത്തു അവരുടെ ഉടമക്കാരും ഏതൽ കാലത്തു സഹായികളുമായ ധവരന്മാരോടു സഹവസിക്കുന്നതിലേക്കുള്ള യോഗ്യതകളെ അവർ നേടേണ്ടിയിരിക്കുന്നു. ക്ഷമാസഹനശീലം, പരിശ്രമസ്വഭാവം, പരകൃതമായ അപരാധത്തെ വിസ്മരിക്കാനുള്ള ശക്തി, പ്രലോഭനത്താൽ വഞ്ചിതന്മാരാകാതിരിക്കാനുള്ള മനോദാർഢ്യം, മിതവ്യയശീലം, ദ്രവ്യോജ്ജനബുദ്ധി, വ്യവസായചാതുര്യം,—ഈ ഗുണങ്ങളെ നീഗ്രോ-ജാതിക്കാർ ദിനംപ്രതി സമ്പാദിക്കണം. വാണിജ്യവിഷയത്തിൽ സാമർത്ഥ്യം നേടുക, കായ്കാര്യവിവേചനത്തിൽ നൈപുണ്യം സമ്പാദിക്കുക, വിദ്വാന്മാരാകുന്തോറും വിനയത്തെ പരിപാലിക്കുക, സമ്പന്നന്മാരാകുന്തോറും മിതഭോഗത്തെ അവലംബിക്കുക, യജമാനത്വത്തെ പ്രാപിക്കുന്തോറും സകല ജനങ്ങളുടെയും ശുശ്രൂഷകന്മാരാകുന്നതിനു സന്നദ്ധതയെ പ്രദർശിപ്പിക്കുക, ഈ വിധമാകുന്നു നീഗ്രോ-ജനങ്ങൾ അമേരിക്കയിൽ ശ്രേഷ്ഠമായ പദവിയെ അവകാശപ്പെടേണ്ടത്."

ന്യൂ-ബുക്കിന്റെ എം. എ. സ്ഥാനമാനം നൽകപ്പെട്ടതിന്റെ ഔചിത്യത്തെപ്പറ്റി ബസ്റ്റൺ നഗരത്തിലെ ഒരു പത്രം ഇപ്രകാരം പ്രസ്താവിച്ചു:—(നവീന ഇംഗ്ലണ്ടു ദേശത്തിലുള്ള ഒരു സർവ്വകലാശാല, ബഹുമാനസൂചകമായി ഒരു സ്ഥാനം ഒരു നീഗ്രോ-മനുഷ്യനു നൽകിയതു അഭിനവമായ ഒരു സംഗതിയായിരുന്നതിലാണു, അതിനെപ്പറ്റി പത്രങ്ങൾ അനേകം പ്രസ്താവിച്ചത്.)

ന്യൂ- ഹാവേഡ് സർവ്വകലാശാല ബുക്കറെ ബഹുമാനിച്ചതു ഏറ്റവും ഉചിതമായ കൃത്യമാകുന്നു. യോഗ്യനായ ഒരുത്തനെ ബഹുമാനിച്ചതു ഹാവേഡ് വിദ്യാലയത്തിനു തന്നെ ഒരു ബഹുമാനമായിരിക്കുന്നു. നീഗ്രോ-ജനങ്ങളുടെ വിദ്യാഭിവൃദ്ധിയ്ക്കും വർദ്ധനത്തിനും ആയി ബുക്കർ ചെയ്തിട്ടുള്ള ശ്രമം സർവ്വശ്ലാഘ്യമാണ്. നവീന ഇംഗ്ലണ്ടിലെ ഒരു

സ്വകലാശാലയാൽ ബഹുമാനിക്കപ്പെട്ട കറുത്ത മനുഷ്യരിൽ ഒന്നാമൻ ഇദ്ദേഹമാണെന്നു പ്രത്യേകിച്ചു പറഞ്ഞുകാണുന്നുണ്ട്. ഇതു ഒരു മുഖ്യമായ ബഹുമതി തന്നെ. എന്നാൽ കലാദ്ധ്യക്ഷന്മാർ ബുക്കറുടെ വർണ്ണത്തേയോ ഒഴിയപ്പെട്ട ദാസ്യത്തേയോ ആസ്പദമാക്കിയല്ലാ അദ്ദേഹത്തെ മാനിച്ചിട്ടുള്ളത്. പിന്നെയോ, ഒരു ജനസമുദായത്തെ ഉത്തമമായ പദവിയിലേക്കു ഉയർത്തി കൊണ്ടുവരുന്നതിനു നിരന്തരമായി പരിശ്രമം ചെയ്യുന്ന കൃത്യത്തിൽ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള ശ്രേഷ്ഠബുദ്ധിയേയും ശ്ലാഘനീയമായ ഉത്തമപുരുഷതത്തെയും അടിസ്ഥാനമാക്കിയാണു സ്വകലാശാല അദ്ദേഹത്തെ മാനിച്ചിട്ടുള്ളത്. ഈ രണ്ടു ശ്രേഷ്ഠഗുണങ്ങളും ആരിൽ കാണപ്പെടുന്നുവോ അവന്റെ വർണ്ണം വെളുത്തതായാലും കറുത്തതായാലും അവൻ സജ്ജനങ്ങളുടെ ബഹുമാനത്തിനു അർഹനായിത്തീരുന്നതാണ്."

നൂറു- വേറെ ഒരു പത്രം ഇപ്രകാരം അഭിപ്രായപ്പെട്ടു:—"ഒരു കറുത്ത മനുഷ്യനു ഒരു വിശേഷ സമ്മാനിച്ചിട്ടുള്ള കലാശാലകളിൽ പ്രഥമസ്ഥാനത്തെ വഹിച്ചിരിക്കുന്നതു ഹാർവേഡ് സ്വകലാശാലയാണ്. ടസ്കേജിയിലേയും അതിലെ പാഠശാലയുടേയും ചരിത്രം അറിഞ്ഞിട്ടുള്ളവരാരും ബുക്കറുടെ ധീരതയേയും സ്ഥിരോത്സാഹശീലത്തേയും, അസാമാന്യബുദ്ധിമാഹാത്മ്യത്തേയും പറ്റി അഭിനന്ദിക്കാൻ അശക്തന്മാരല്ലാ. തന്റെ വർഗ്ഗത്തിനും രാജ്യത്തിനും ആയി ബുക്കർ ചെയ്തിട്ടുള്ള യത്നത്തിന്റെ ഫലം ഭാവികാലചരിത്രകർത്താക്കന്മാരാൽ ഗണനീയമായിത്തീരുമെന്നുള്ളതിനു സംശയമില്ല." ന്യൂയാർക്കിലെ ഒരു പത്രത്തിൽ ഒരു ലേഖകൻ ഇങ്ങനെ പ്രസ്താവിച്ചു:—"ബുക്കർ ടി. വാഷിങ്ടന്റെ പേരു വിളിക്കയും അയാൾ ആ സ്ഥാനം സ്വീകരിച്ച കൃതജ്ഞതാപൂർവ്വം പ്രസംഗിക്കാൻ ആരംഭിക്കയും ചെയ്തപ്പോൾ സദസ്യർ ഒന്നൊഴിയാതെ എഴുന്നുവിളിച്ചു. ജനരഞ്ജനാസമ്പന്നനും, യോദ്ധാവും സ്വദേശാഭിമാനിയും ആയ ജനറൽ മയിൽസ് എന്ന മഹാന്റെ പേരുവിളിച്ചസമയം, സഭാവാസികൾ പ്രദർശിപ്പിച്ച ആഹ്ലാദധ്വനിക്കു സദൃശപ്പെട്ടതായി

രുന്ന ഒരു ആഘോഷവിളി. ഒരു സന്തോഷപ്രകടനം മുമ്പേക്കൂട്ടി നിശ്ചയിച്ചിരുന്നതോ, യന്ത്രത്തെക്കൊണ്ടെന്നപോലെ ബലാൽ പുറപ്പെടുവിക്കപ്പെട്ടതോ ആയിട്ടുള്ളതല്ലായിരുന്നു. അതു സാക്ഷാൽ ബഹുമാനാദരാദികളുടെ സ്വയം കൃതമായ ശബ്ദപ്രവാഹം ആയിരുന്നു." വേറെ ഒരു പത്രം ഇപ്രകാരം എഴുതിയിരുന്നു:—"പ്രസംഗങ്ങളൊക്കെ എല്ലാം ഭേഷായി. എന്നാൽ ഒന്നാന്തരമായതു നീഗ്രോ-വാഗ്മിയുടെ പ്രസംഗം തന്നെ. അയാൾ വിരമിച്ചപ്പോൾ സഭാവാസികൾ വളരെ നേരം ഉച്ചത്തിൽ ആനന്ദധ്വനി മുഴക്കി."

ന്യൂനൂ-അമേരിക്കാ സാമ്രാജ്യത്തിലെ ഭരണകർത്താവായ മഹാപുരുഷന്റെ സാന്നിധ്യമാകുന്ന മഹാഭാഗ്യം തന്റെ വിദ്യാലയത്തിനു ലഭിച്ചതിനെപ്പറ്റി ബുക്കർ ഒരു വിധം എഴുതിയിരിക്കുന്നു:—"ടസ്കേജി ദേശത്തിൽ വിദ്യാലയത്തെ സ്ഥാപിച്ചതിന്റെ ശേഷം എന്റെ ഹൃദയത്തിൽ ഒരു ആഗ്രഹത്തെ ഞാൻ ഗോപനം ചെയ്തിരുന്നു. അതായതു ഒരു വിദ്യാലയത്തെ രാജ്യത്തേക്കു ഉപയുക്തമാക്കി തീർക്കണമെന്നും അതിന്റെ ജീവിതം ഐക്യനാട്ടിലെ പ്രഥമപുരുഷന്റെ ശ്രദ്ധയെ ഒരുകാലത്തു ആകർഷിക്കത്തക്കതാകണമെന്നും ആയിരുന്നു. ഒരു ഗൂഢമായ മനോരഥത്തെ അനേകസംവത്സരക്കാലം ഞാൻ അന്യന്മാരെ ധരിപ്പിച്ചില്ലാ. ഫ്രവുരി-ൽ നവംബർ മാസത്തിലാണ് ഒരു ആഗ്രഹം സാധിക്കുന്നതിനു ഞാൻ ഉദ്യമിച്ചത്. അന്നു പ്രസിഡണ്ടു മാക്കിൻലിയുടെ ആലോചനാസംഘത്തിലെ സാമാജികനും കഷ്കവകൂപ്പിലെ കായ്വദർശിയും ആയ ബഹുമാനപ്പെട്ട ജെയിംസ് വിൽസണെ ഞാൻ ടസ്കേജിയിലേക്കു ക്ഷണിച്ചുവരുത്തി. "സ്ലാറർ ആറംസ്ട്രാങ്" കഷ്കമഹാശാല ആ അവസരത്തിലാണു തുറന്നത്. ബഹുമാനപ്പെട്ട വിൽസൺ തത്സംബന്ധമായി കൂടിയ യോഗത്തിന്റെ അദ്ധ്യക്ഷത വഹിക്കയും, പ്രാരംഭപ്രസംഗം നടത്തുകയും ചെയ്തു. ന്യൂനൂ-"ഫ്രവുരു-ൽ അറ്റ്ലാന്റായിൽ വച്ചു നടത്തപ്പെട്ട സ്പാനിഷ്-അമേരിക്കായുദ്ധവിജയാഘോഷം പ്രമാണിച്ചു പ്രസിഡണ്ടു ജാജ്ജിയാദേശത്തെ സന്ദർശിക്കാനായി

വരുന്നുണ്ടെന്നു ഞാൻ അറിഞ്ഞിരുന്നു. ഒരു സന്ദർഭത്തിൽ അദ്ദേഹത്തിന്റെ ആഗമനത്തെ പ്രതീക്ഷിക്കണമെന്നു ഞാൻ വിചാരിച്ചു. രാജ്യത്തിനു ഉപകാരമായ ഒരു വിദ്യാലയത്തെ സ്ഥാപിക്കുന്നതിനായി ഞാനും മറ്റും യത്നം ചെയ്തുതുടങ്ങീട്ടു അപ്പോൾ പതിനൊട്ടു സംവത്സരം കഴിഞ്ഞിരുന്നു. പ്രസിഡണ്ടിനെയും ആലോചനസഭയേയും, ക്ഷണിച്ചു ടസ്കേജിയിൽ കൊണ്ടുവരണമെന്നായിരുന്നു എന്റെ ആഗ്രഹം. ഞാൻ രാജ്യത്തിന്റെ തലസ്ഥാനമായ വാഷിങ്ടണിലേക്കു പോയി, പ്രസിഡണ്ടിന്റെ വാസസ്ഥാനമായ ധവളമന്ദിരത്തിൽ പ്രവേശിച്ചു. ഞാൻ അവിടെ എത്തിയപ്പോൾ ആ മന്ദിരം ജനബാഹുല്യത്താൽ നിറഞ്ഞിരുന്നു. അദ്ദേഹത്തെ കാണ്മാൻ സാധിക്കുമോ എന്നു ഞാൻ വളരെ സംശയിച്ചു. ഒരു വിധത്തിൽ അദ്ദേഹത്തിന്റെ കാര്യദർശിയായ മിസ്റ്റർ ജേ. അഡിസൺ പോട്ടറെ കണ്ടു, ഞാൻ വന്ന കാര്യം പറഞ്ഞു. മിസ്റ്റർ പോട്ടർ ഉടൻ തന്നെ വേണ്ട ഏർപ്പാടുകൾ ചെയ്തു പ്രസിഡണ്ടിനെ കാണ്മാൻ എനിക്കു സൌകര്യം ഉണ്ടാക്കിത്തന്നു.

നമുവ്വ- പല തരത്തിലുള്ള അനേകം ജനങ്ങളെ കാണുകയും അവരുടെ ആവശ്യങ്ങളെ കേൾക്കയും കഠിനമായ നിജകൃത്യത്തെ ക്ഷമയോടും പരിപാകത്തോടും ശക്തിയോടും കൂടി വഹിക്കയും ചെയ്യുന്നതിനു ഒരു മനുഷ്യനു സാധിക്കുന്നതെങ്ങനെയെന്നു എനിക്കു മനസ്സിലാകുന്നില്ല. ഞാൻ പ്രസിഡണ്ടിനെ കണ്ട നിമിഷത്തിൽ ജനങ്ങളം ടസ്കേജിയിൽ രാജ്യത്തിന്റെ നന്മയ്ക്കായി ചെയ്യുന്ന യത്നത്തെപ്പറ്റി ഗ്രഹിച്ചു അദ്ദേഹം എന്നോടു സംസാരിച്ചു. ഉടനെ തന്നെ ഞാൻ എന്റെ ആഗ്രഹത്തെ അദ്ദേഹത്തിനെ ധരിപ്പിച്ചു. പ്രജാസമുദായത്തിന്റെ അധിപതി ഞങ്ങളുടെ മന്ദിരത്തെ വന്നു കാണുന്നതും പഠിക്കുന്നവരെയും പഠിപ്പിക്കുന്നവരെയും പ്രോത്സാഹിപ്പിക്കുന്നതും ഞങ്ങളുടെ വംശത്തിനൊട്ടുക്കു വലുതായ ഒരു സഹായമായിരിക്കുമെന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചു. ഞാൻ പറഞ്ഞതിനെ അദ്ദേഹം ശ്രദ്ധാപൂർവ്വം കേട്ടു. എന്നാൽ വരാമെന്നു വാഗ്ദാനം ചെയ്തില്ല.

അറ്റ്ലാന്റായിലെ താമസത്തിന്റെ കാലനിശ്ചയം ചെയ്തു കഴിഞ്ഞിട്ടില്ലെന്നും ഏതാനും ദിവസം കഴിഞ്ഞു ഈ സംഗതിയെ ഓമ്മപ്പെടുത്തണമെന്നും അദ്ദേഹം എന്നോടു പറഞ്ഞു.

൩൩൯- "അടുത്ത മാസത്തിന്റെ മദ്ധ്യകാലത്തിൽ പ്രസിഡണ്ട് അറ്റ്ലാന്റായിൽ പോകുന്നുണ്ടെന്നു തീച്ചപ്പെടുത്തിയതായി അറിഞ്ഞു, ഞാൻ ഉടൻ തന്നെ വീണ്ടും വാഷിങ്ടണിലേക്കു പോയി. ഈ പ്രാവശ്യം ടസ്കേജിയിലെ ധാരമാരിൽ മുഖ്യനായ മിസ്റ്റർ ചാൎൽസ്. ഡബ്ളിയു ഹെയർ സദയം എന്നോടു കൂടെ വന്നു എന്റെ അപേക്ഷയെ പിൻതാങ്ങി."

൩൪൦- ഇക്കാലത്തു അമേരിക്കയിൽ ചില ഭാഗങ്ങളിൽ വെള്ളക്കാരും കറുത്ത മനുഷ്യരും തമ്മിൽ ചില ശണ്ഠകൾ നടന്നിരുന്നു. ജനങ്ങളുടെ ഇടയിൽ ക്ഷോഭവും നീഗ്രോ-ജനങ്ങൾക്കു കണ്ടിതവും ഉണ്ടായിരുന്നു. പ്രസിഡണ്ടു ഈ സംഭവത്താൽ വ്യാകുലചിത്തനായിരുന്നു എന്നു അദ്ദേഹത്തെ കണ്ടപ്പോൾ എനിക്കു തോന്നി. അദ്ദേഹത്തെ കാണ്മാൻ അനേകം ജനങ്ങൾ കാത്തു നിന്നിരുന്നു എങ്കിലും കുറേ നേരം അദ്ദേഹം എന്നോടു നീഗ്രോ-ജനങ്ങളുടെ സ്ഥിതിയേയും അഭ്യുദയമാർഗ്ഗങ്ങളേയും പറ്റി സംസാരിച്ചു. വാക്കുകൊണ്ടു എന്ന പോലെ കൃത്യങ്ങൾകൊണ്ടും തനിക്കു നീഗ്രോ-ജനങ്ങളോടുള്ള വാത്സല്യത്തെയും വിശ്വാസത്തെയും പ്രദർശിപ്പിക്കണമെന്നു താൻ നിശ്ചയിച്ചിട്ടുണ്ടെന്നു അനേകം പ്രാവശ്യം അദ്ദേഹം എന്നോടു പറഞ്ഞു. അപ്പോൾ ഞാൻ ഇങ്ങനെ പറഞ്ഞു:—'കടിയരശിലെ അധിപനായ പുരുഷൻ തന്റെ മാർഗ്ഗം വിട്ടു ഫർ മൈൽ ദൂരം സഞ്ചാരം ചെയ്തു ഒരു ദിവസം ഒരു നീഗ്രോ-വിദ്യാലയത്തിൽ താമസിക്കാൻ ഭാവിച്ചിരിക്കുന്നു എന്നു എന്റെ ജനങ്ങൾ അറിഞ്ഞാൽ അതു പോലെ അവൎക്കു സമാധാനത്തെയും സന്തോഷത്തെയും ഉത്സാഹത്തെയും ജനിപ്പിക്കുന്നതായ സംഭവം വേറെ ഇല്ല.' ഈ വാക്കുകൾ അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകൎഷിച്ചു.

൩൪൫- "ഞാൻ പ്രസിഡണ്ടുമായി സംസാരിച്ചുകൊണ്ടിരുന്ന സമയം അറ്റ്ലാൻറായിലെ ഒരു ധനികനും—ദാസന്മാരുടെ ഒരു പൂർവ്വപ്രഭുവും പ്രജാനേതാവും ആയ ആൾ—അമുറിയിൽ വന്നു ചേർന്നു. പ്രസിഡണ്ടു അദ്ദേഹത്തിനോടു ചോദിച്ചു:—'എന്താണു? ടസ്കേജിക്കു പോകുന്നതു ഉചിതമാണോ?' ഒട്ടും സംശയിക്കാതെ അയാൾ പറഞ്ഞു:—'സംശയമില്ലാ, അങ്ങേ പ്രവൃത്തി ഏറ്റവും ഉചിതമായിരിക്കും.' നീഗ്രോ വർഗ്ഗാഭിമാനിയായ ഡാക്ടർ ജെ. എൽ. എം. കറി ഈ അഭിപ്രായത്തെ ബലമായി പിൻതാങ്ങി. അപ്പോൾ പ്രസിഡണ്ടു പറഞ്ഞു:—'ഡിസംബർ ഫസ്റ്റ-ാംതീയതിക്കുടത്തിലേക്കു വന്നേക്കാം.'

൩൪൬- "പ്രസിഡണ്ടു വരുന്നു, എന്നുള്ള വർത്തമാനം അറിഞ്ഞപ്പോൾ ടസ്കേജിയിലെ ധനികന്മാർക്കും കറുത്ത മനുഷ്യർക്കും ഒന്നുപോലെ സന്തോഷം ഉണ്ടായി. ധനികന്മാരിൽ മുഖ്യന്മാർ പ്രസിഡണ്ടിൻെറ വരവു സംബന്ധിച്ചുള്ള ഒരുക്കങ്ങളിൽ ഞങ്ങളെ എല്ലാ വിധത്തിലും സഹായിച്ചു. ഇതിനായി ഞങ്ങൾക്കു അവരോടുള്ള കൃതജ്ഞത അല്പമല്ല. അലബാമായിലെ സർവ്വ ജനങ്ങളും ഞങ്ങളുടെ പ്രവൃത്തിയിൽ അഭിമാനമുള്ളവരായിരുന്നു എന്ന വാസ്തവം പ്രസിഡണ്ടിൻെറ ആഗമനം എന്നപോലെ എനിക്കു ഗാഢമായ ആനന്ദത്തിനു കാരണമായിത്തീർന്നു."

൩൪൭- ഡിസംബർ ഫസ്റ്റ-ാംതീയതി കാലത്തു ചെറിയ പട്ടണമായ ടസ്കേജിയിൽ നാനാജനങ്ങൾ വന്നു നിറഞ്ഞു. അലബാമാ നിയമനിർമ്മാണസഭ അക്കാലം മൺഗൊമറി നഗരത്തിൽ യോഗം കൂടിയിരിക്കയായിരുന്നു. ടസ്കേജിയിൽ പോകുന്നതിനായി തൽക്കാലം യോഗം നിറുത്തി വയ്ക്കാൻ ഒരു നിശ്ചയം ചെയ്തു, അലബാമായിലെ ഗവർണരും ഉദ്യോഗസ്ഥന്മാരും നിയമനിർമ്മാണസഭാ സാമാജികന്മാരും പ്രസിഡണ്ടു വരുന്നതിനു സ്വല്പം മുമ്പെ ടസ്കേജിയിൽ എത്തി. പ്രസിഡണ്ടും ഭാര്യയും ആലോചനാസഭയിലെ സാമാജികന്മാർ ഒഴികെ മറെറല്ലാവരും, അവരുടെ ഭാര്യമാരും പ്രസിദ്ധസേനാനായകന്മാരായ ഷാപ്പ്റർ, ഹഫീ

ലർ എന്ന പേരുള്ള ധീരാത്മാക്കളും പത്രലേഖകന്മാരുടെ ഒരു സംഘവും നിശ്ചിതസമയം ടസ്കേജി വിദ്യാലയത്തിൽ വന്നു ചേർന്നു.

൯൪൪– റെയിൽവെ സ്റ്റേഷനിൽ നിന്നു പാഠശാലയിലേക്കുള്ള വഴി മുഴുവൻ ടസ്കേജിയിലെ പൌരജനങ്ങളും തോരണം മുതലായ അലങ്കാരങ്ങളെക്കൊണ്ടു ശോഭിപ്പിച്ചിരുന്നു. ൯൪൫– പ്രസിഡണ്ടിന്റെ സമയത്തെ അനാവശ്യമായി ചെലവു ചെയ്യിക്കാതിരിപ്പാൻ വേണ്ടി ഞങ്ങളും ചില ഏർപ്പാടുകളും മുൻ കൂട്ടി ചെയ്തിരുന്നു. പള്ളിക്കൂടത്തിലെ സകല പ്രവൃത്തികളും പ്രദർശനരൂപമായി പ്രസിഡണ്ടിന്റെ പുരോഭാഗത്തു കൂടി നയിപ്പിക്കപ്പെട്ടു. വിദ്യാർത്ഥികളും ഒരു കൃഷ്ണനും കരിമ്പു തടിയും ഒരു പഞ്ഞിക്കായും ധരിച്ചും കൊണ്ടു പ്രസിഡണ്ടിന്റെ മുമ്പിൽ കൂടി കടന്നു പോയി. വണ്ടിച്ചക്രങ്ങളുള്ള പലകത്തട്ടുകളിന്മേൽ വിദ്യാലയത്തിൽ നടന്നു വന്ന തൊഴിൽ വേലകളെല്ലാം പഴയതും പുതിയതുമായ രീതികളിൽ പ്രദർശിപ്പിക്കപ്പെട്ടു. ആ പലകത്തട്ടുകളെ ഭാരവാഹികളായ മൃഗങ്ങളും പ്രസിഡണ്ടിന്റെ മുമ്പിൽ കൂടി വലിച്ചു കൊണ്ടു പോയി. കന്നുകാലി പരിപാലനം, പാലു സൂക്ഷിപ്പു, കൃഷി, പാചകവൃത്തി, ഗൃഹഭരണം ഈ വിഷയങ്ങളെ പഴയ രീതിയിലും പുതിയ സമ്പ്രദായത്തിലും താരതമ്യ വിവേചനം ചെയ്തു, ഈ തട്ടുകളിന്മേൽ കാണിക്കപ്പെട്ടിരുന്നു. ഈ പലകത്തട്ടുകളും കടന്നു പോകുന്നതിനു ഒന്നര മണിക്കൂർ നേരം വേണ്ടി വന്നു. ഇതിന്റെ ശേഷം തല്ക്കാലം പണി കുറേ തീർന്നിരുന്ന സഭാമന്ദിരത്തിൽ വച്ചു, ഒരു യോഗം ഉണ്ടായി. അപ്പോൾ പ്രസിഡണ്ടു പറഞ്ഞ പ്രസംഗത്തിന്റെ ഒരു ഭാഗം ഇങ്ങനെ ആയിരുന്നു:—"സന്തോഷകരമായ ഈ സമയം നിങ്ങളെ കാണുന്നതിനും, നിങ്ങളുടെ പ്രവൃത്തിയെ അഭിമുഖമായി ദർശിക്കുന്നതിനും, ഇപ്പോൾ സന്ദർഭം ഉണ്ടായതിൽ നമുക്കു കൃതാർത്ഥതയുണ്ടായിരിക്കുന്നു. ടസ്കേജി സാങ്കേതിക കലാവിദ്യാലയം ദൃഢാലോചനാപൂർവ്വം സ്ഥാപിതവും ഏതദ്ദേശീയരുടെ ശ്രദ്ധയെ ആകർഷിക്കത്തക്കതും ആയിരിക്കുന്നു.

ഇതിന്റെ ഖ്യാതി ഇപ്പോൾ എല്ലാടവും പരന്നിട്ടുണ്ട്. സഫലമായും സബഹുമാനമായും ജീവിതത്തെ നയിക്കുന്നതിലേക്കും തന്മൂലം അതിനെ വർദ്ധിപ്പിക്കുന്നതിനുള്ള ഹേതുഭൂതമാക്കുന്നതിലേയ്ക്കും വിദ്യാർത്ഥികൾക്കു സൌകര്യത്തെ ദാനം ചെയ്യുന്നതായ ഈ സൃഷ്ടിയിൽ ഏർപ്പെട്ടിരിക്കുന്ന സകല ഉപദേഷ്ടാക്കളുടെ കൃത്യങ്ങളേയും ഞാൻ സർവ്വാത്മനാ അഭിനന്ദിക്കുന്നു. ഈ രാജ്യത്തെ സർവ്വജനങ്ങളുടേയും കൃതജ്ഞതയ്ക്കും അനുമതിക്കും പാത്രമായിരിക്കുന്ന ഈ പാഠശാലയ്ക്ക് ഇതിലധികം ശ്രേഷ്ഠമായ സ്ഥലം ലഭിക്കാൻ പ്രയാസമാണ്. ടസ്കേജിയെ പറ്റി സംസാരിക്കുമ്പോൾ ബുക്കർ ടി. വാഷിങ്ടന്റെ ബുദ്ധിയേയും സ്ഥിരോത്സാഹത്തേയും സ്തുതിക്കാതിരിക്ക അശക്യമാണ്. ഈ ഉത്തമ പ്രവൃത്തി ആരംഭിച്ചതു അയാളാകയാൽ സർവ്വജനങ്ങളുടേയും ബഹുമാനത്തിനു അയാൾ പാത്രമാണ്. ഈ വിദ്യാശാല ഈ നിലയിൽ എത്തീട്ടുള്ളതു അയാളുടെ സർവ്വാത്മനായ ശ്രമത്തിന്റെ ദിവ്യമായ ഫലമാണെന്നുള്ളതു, പ്രത്യക്ഷമാണല്ലൊ. തന്റെ ജാതിക്കാരുടെ നേതാവായും, മഹോപാധ്യായനായും, പ്രസിദ്ധ വാഗ്മിയായും, വിശ്വസുഹൃത്തായും, ഇരിക്കുന്ന ഈ ആൾക്കു ലഭിച്ചിട്ടുള്ള ഖ്യാതിയ്ക്കു ഈയാൾ സർവ്വഥാ അർഹൻ തന്നെ."

൩൪൩- നൌകാസമൂഹകായ്യദർശിയായ ബ. ജാൺ ഡി. ലാങ്ങിന്റെ പ്രസംഗത്തിൽ ഇങ്ങനെ ഒരു ഘട്ടം ഉണ്ടായിരുന്നു:—"എനിക്കു ഇന്നു ഒരു പ്രസംഗം ചെയ്യാൻ കഴിയുന്നില്ല. എന്റെ സ്വദേശികളായ ഇരു ഭാഗക്കാരോടും വർണ്ണക്കാരോടും ഉണ്ടായിട്ടുള്ള സ്നേഹബഹുമാനങ്ങളാൽ എന്റെ ഹൃദയം പൂരിതമായിരിക്കുന്നു. നിങ്ങളുടെ പ്രവൃത്തി കണ്ടിട്ടു ഉണ്ടായ കൃതജ്ഞതയും, വിസ്മയവും എന്നെ പരവശനാക്കിയിരിക്കുന്നു. നിങ്ങളുടെ അഭ്യുന്നതി സുരക്ഷിതമായിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നത്തെ പ്രദർശനം ഒരു ചിത്രരൂപമായി നാടൊട്ടുക്കു വ്യാപിക്കേണ്ടതാണ്. ഈ ചിത്രം ഭാവികാലത്തേയ്ക്കും ഭാവിജനങ്ങൾക്കും ജാൺ വാഷിങ്ടന്റേയും അബ്രഹാം ലിൻക

നേരയും ക്രമമായും പടങ്ങളെ പോലെ സമർപ്പണം ചെയ്യപ്പെടണം. ഈ ചിത്രത്തെ ഈ ദേശത്തിലുള്ള സകല ജനാഭിപ്രായവാഹികളായ പത്രങ്ങളും, രാജ്യമൊട്ടുക്കു പരത്തണം. ചിത്രം ഇതു തന്നെ. ഇതു ഒരു മൂർത്തിത്രയത്തിന്റെ പ്രതിക്രമമായതാണ്. ഈ ത്രിമൂർത്തികളും ആരെല്ലാമെന്നു അറിവാൻ നിങ്ങൾക്കു ആശയുണ്ടാകാം; എന്നാൽ പറയാം. ഒന്നു ഈ സംഭാതലത്തിൽ ഉത്ഥിതനായിരിക്കുന്ന അമേരിക്കാ കൂടിയരശിന്റെ പ്രാതിനിധ്യത്തെ സർവ്വശ്രേഷ്ഠമായ രീതിയിൽ പരിപാലിക്കുന്ന ഉത്തമപുരുഷനായ സാമ്രാജ്യാധിപതി:—രണ്ടു, ഈ ദേശവിഭാഗത്തിലെ രാജകാര്യനിയന്താവായ ആലബാമാ ഗവണ്ണർ; മൂന്നു, ഏതാനും കാലത്തിനു മുമ്പായി അടിമവേലയിൽ നിന്നു വിമോചിതമാക്കപ്പെട്ട ജനസംഘത്തിന്റെ പ്രതിനിധിയും പ്രസ്തുത വിദ്യാലയത്തിലെ അധ്യക്ഷനും ആയ ഈ കറുത്ത മനുഷ്യൻ. അമേരിക്കാ ദേശക്കാർക്കു ഈ വിധമായ കാഴ്ചയെ ശ്രദ്ധാവിഷയമാക്കി ചെയ്ത മഹാശയനായ പ്രസിഡണ്ടിനെ ഈശ്വരൻ അനുഗ്രഹിക്കട്ടെ! നീഗ്രോ-വംശസംബന്ധമായ വിഷയങ്ങൾക്കു ഉത്തമരീതിയിൽ പരിണാമം ഉണ്ടാക്കുന്നതിനു ധർമ്മക്ഷേത്രമായ ആലബാമാ ദേശത്തിനെ സർവ്വജ്ഞൻ തുണയ്ക്കട്ടെ!—വാഗ്മിപുംഗവനും, സർവ്വജനഗുണകാംക്ഷിയും ക്രൈസ്തവഗുരുപാദരുടെ—അദ്ദേഹം ഇപ്പോൾ ഭൂമിയിലിരുന്നെങ്കിൽ ഈ മാതിരി വേല ചെയ്തിരിക്കും—ശിഷ്യനും ആയ ബുക്കർ ടി. വാഷിങ്ടനെ അഖിലേശ്വരൻ അഭിനന്ദിക്കട്ടെ!"

നമ്മുടെ തപാൽ കാര്യഭരണകർത്താവായ സേനാനായകൻ സ്മിത്ത് തന്റെ പ്രസംഗത്തെ അവസാനിപ്പിച്ചതു, ഇപ്രകാരം ആയിരുന്നു:—"കഴിഞ്ഞ ദിവസാന്തരങ്ങളിൽ നാം അനേകം കാഴ്ചകൾ കണ്ടിരിക്കുന്നു. യുദ്ധവീരന്മാർ ഘോഷയാത്രയിൽ നടന്നതു നാം കണ്ടു. പുഷ്പപ്രദർശനമാഹാത്മ്യം നാം കണ്ടു. എന്നാൽ ഇവയെ എല്ലാം വെല്ലുന്നതും മനസ്സിൽ പതിയുന്നതും ഉത്സാഹജനകവും ഭാവിശ്രേയസ്സിനെ

നിർദ്ദേശിക്കുന്നതും അയ കാഴ്ച നാം ഇന്നേദ്ദിനം ഈ സ്ഥലത്തു വച്ചു കണ്ടതാണെന്നു നമ്മളിൽ ആരാണു സമ്മതിക്കാത്തത്?"

നർവ്വ- പ്രസിഡണ്ടു മടങ്ങി വാഷിങ്ടണിൽ എത്തിയതിന്റെ ശേഷം കുറേ ദിവസം കഴിഞ്ഞതിൽ പിന്നെ കുറെഴുത്തു എനിക്കു കിട്ടിയതു ഈ വിധം അയിരുന്നു:—

പ്രവർത്തകമന്ദിരം, വാഷിങ്ടൺ.

ഡിസംബർ ൨൩. ൧൯൦൧.

മാന്യ സ്നേഹിതരേ!

പ്രസിഡണ്ടു അവർകളും നിങ്ങളുടെ വിദ്യാശാലയെ സന്ദർശിച്ചു സംഭവത്തെ പ്രമാണിച്ചു അച്ചടിച്ചിട്ടുള്ള മുദ്രാലേഖനങ്ങളെ ഇതോടു കൂടി സസന്തോഷം അയയ്ക്കുന്നു. ഇവയുടെ അഭാഗത്തു പ്രസിഡണ്ടിനേറെയും അനുഗാമികളായി ടസ്കേജിയിൽ വന്നിരുന്ന മന്ത്രിസഭാസാമാജികന്മാരുടേയും സഹസ്രചിഹ്നങ്ങളെയ ഒപ്പുകളും ഉണ്ട്. ഞങ്ങളും ടസ്കേജിയിൽ വന്നിരുന്ന സമയം നിങ്ങളും ചെയ്തിട്ടുള്ള സല്ക്കാരത്തിനും, വെടിപ്പായി നടത്തിയ പ്രദർശനത്തിനും, ആയിക്കൊണ്ടിരുന്ന അവസരത്തിൽ ഞാൻ നിങ്ങളോടു നന്ദി പറകയും നിങ്ങളുടെ ഉത്തമശ്രമത്തെ അഭിനന്ദിക്കുകയും കൂടി ചെയ്തു കൊള്ളുന്നു. കായ്പരിപാടിയിലെ സംഗതികളെല്ലാം യഥാക്രമം ഭംഗിയായി നടന്നിരുന്നു. ഞങ്ങൾക്കു എല്ലാവർക്കും വളരെ ആനന്ദവും സംതൃപ്തിയും തോന്നിയിട്ടുണ്ട്. നിങ്ങളുടെ വിദ്യാർത്ഥികൾ പ്രവേശിച്ച നടത്തിപ്പോരുന്ന ഒരു ഴിലുകളെ വിശിഷ്ടരീതിയിൽ നിങ്ങൾ പ്രദർശിപ്പിച്ചതു ഞങ്ങളുടെ ശ്രദ്ധയെ ദൃഢമായി ആകർഷിച്ചു. പ്രസിഡണ്ടും ഉദ്യോഗസ്ഥന്മാരും നിങ്ങളുടെ പ്രവൃത്തിയെക്കുറിച്ചു സംസാരിച്ചതിൽ ഒട്ടും അതിശയോക്തിയല്ല. അവരുടെ ആശീർവ്വചനങ്ങൾ നിങ്ങളുടെ വിദ്യാലയത്തിനു ഭാവിശ്രേയസ്സു വരുത്തട്ടെ! നിങ്ങളുടെ വിനയത്തെക്കുറിച്ചു ഞങ്ങൾക്കു എല്ലാവർക്കും വളരെ ആശ്ചര്യവും ബഹുമാനവും തോന്നിയിട്ടുണ്ട്. ഉപകരപ്രദവും ലോകോൽഗതിക്കു സഹായകരവും ആയ നിങ്ങളുടെ ഉദ്യമം പൂർണ്ണവി

പ്രസിഡണ്ട് വിദ്യാലയത്തിൽ വന്നത്. ചരിത്രം

ജയങ്ങൾ പ്രാപിക്കട്ടെ. നിങ്ങൾ സർവ്വാനുഗ്രഹങ്ങൾക്കും പാത്രമാകട്ടെ!

എന്ന് നിങ്ങളെ നിർവ്യാജം സ്നേഹിക്കുന്ന
ജോൺ അഡിസൺ പോർട്ടർ (ഒപ്പ്)
കായ്യേശി.

അദ്ധ്യക്ഷൻ ബുക്കർ ടി. വാഷിങ്ടൺ
ടസ്കേജി വിദ്യാമന്ദിരം, ടസ്കേജി, അലബാമ.

സർവ്വേ– ഒരു ജീർണ്ണ മന്ദിരത്തിൽ വച്ചു മുപ്പതു വിദ്യാർത്ഥികളോടും ഒരു വാധ്യാരോടും കൂടി ഒരു ഡാളറിനുപോലും മുതൽ കാണാതെ ഒരു ഉദ്യമം ആരംഭിച്ചിട്ടു ഇപ്പോൾ ഇരുപത്തിരണ്ടു കൊല്ലമായിരിക്കുന്നു. ഇക്കാലത്തു വിദ്യാലയം വകയായി ചരിത്രം ഏക്കർ ഭൂമി ഉണ്ട്. ഇതിൽ ൬൦൦ ഏക്കറിലധികം സ്ഥലത്തു ആണ്ടുതോറും വിദ്യാർത്ഥികൾ കൃഷി ചെയ്യുവരുന്നു. ഒരു സ്ഥലത്തു ഇപ്പോൾ വലുതും ചെറുതുമായി നാല്പതു എടുപ്പുകൾ ഉണ്ട്. ഇതിൽ നാലൊഴികെ ശേഷം എല്ലാം വിദ്യാർത്ഥികൾ പണി ചെയ്തവ തന്നെ. വിദ്യാർത്ഥികൾ വയലുകളിലും കെട്ടിടങ്ങളിലും വേല ചെയ്യുമ്പോൾ അവർക്കു ആ പ്രവൃത്തിയിൽ നവീനങ്ങളായ രീതികളെയും സമ്പ്രദായങ്ങളെയും അഭ്യസിപ്പിക്കുന്നതിലേക്കു യോഗ്യതയുള്ള തൊഴിലഭ്യസപ്രവർത്തകന്മാരെ ഏർപ്പെട്ടുത്തീട്ടുണ്ട്.

നാം— ഒരു വിദ്യാലയത്തെ സംബന്ധിച്ചു ആധുനിക കാലത്തു വേണ്ട വ്യവസായശാലകൾ ഉണ്ട്. ഉപയോഗമുള്ള വേലകളെയാണു ഇതുകളിൽ അഭ്യസിപ്പിക്കുന്നത്. ഒരു വിദ്യാലയത്തിൽ പഠിച്ചിട്ടുള്ളവരെ ഉടനടി കിട്ടുന്നതിനു വെള്ളക്കാരും കറുത്ത മനുഷ്യരും ജോലിക്കു വിളിച്ചു വരുന്നു. വരുന്ന അപേക്ഷകളിൽ പാതിയോളം മാത്രമേ നിർവ്വഹിക്കാൻ ഇപ്പോൾ സൌകര്യപ്പെടുന്നുള്ളൂ. പള്ളിക്കൂടത്തിൽ ചേരാൻ വരുന്നവരിൽ തന്നെയും പകുതിക്കു മാത്രമെ പ്രവേശനം നൽകാൻ കഴിഞ്ഞു വരുന്നുള്ളൂ. ആവശ്യമുള്ളിടം

ത്തോളം ജനങ്ങളെ പഠിപ്പിക്കുന്നതിലേക്കു ഇപ്പോൾ സ്ഥല ധനസൌകര്യങ്ങൾ പോരാതെയിരിക്കുന്നു.

൨ാമ്പത്തു– തൊഴിലഭ്യസിക്കുന്ന വിഷയത്തിൽ പ്രധാനങ്ങളായി മൂന്നു സംഗതികളെയാണു ബുക്കർ സ്വീകരിച്ചിരിക്കുന്നത്. ഒന്നു ജനോപകാരാർത്ഥമായ പ്രവൃത്തി ചെയ്യുന്നതിനു വിദ്യാർത്ഥികൾക്കു അഭ്യാസം നൽകണം. രണ്ടു തങ്ങൾക്കും തങ്ങളെ ആശ്രയിച്ചവർക്കും ആയി ന്യായമായ വിധത്തിൽ ദ്രവ്യസമ്പാദനം ചെയ്യുന്നതിനു വിദ്യാർത്ഥികൾക്കു സാമർത്ഥ്യവും സ്വഭാവഗുണവും ഉണ്ടാക്കിത്തീർക്കണം. മൂന്നു ജോലി ചെയ്യുന്നതു ബഹുമാനകരവും സന്തോഷപ്രദവും ആണെന്നുള്ള ബോധം അധ്യേതാക്കളിൽ ജനിപ്പിക്കണം. പുരുഷന്മാരെ കൃഷിവേലയും, സ്ത്രീകളെ ഗൃഹഭരണവും പഠിപ്പിക്കുന്നതിനു പുറമെ, ഇപ്പോൾ പ്രത്യേകമായി സ്ത്രീകളെയും കൃഷി ശീലിപ്പിച്ചു വരുന്നുണ്ട്. തോട്ടവേല, ഫലക്കൃഷി, കന്നുകാലിപരിപാലനം, തേനീച്ച, കോഴി, ഗൃഹമൃഗങ്ങൾ,–മുതലായവയെ വളർത്തുക ഇത്യാദി ജോലികളേയും ഇപ്പോൾ സ്ത്രീകൾ അഭ്യസിക്കുന്നുണ്ട്.

൩ാമ്പത്തു– കൃഷി, തോട്ടവേല, നാല്ക്കാലി മൃഗങ്ങളെ വളർത്തുക, തേനീച്ചകളെ വളർത്തുക, കോഴികളെ വളർത്തുക, കൊത്തുപണി, ആശാരിവേല, കൊപ്പുവേല, അലക്കു മുതലായ തൊഴിലുകൾ വശമാക്കുന്നതിനു ഓരോ വിദ്യാശാലയിൽ ചേരുന്നവർക്കു സൌകര്യം ഉണ്ട്. ക്രിസ്തുമതത്തിന്റെ അവാന്തരവിഭാഗങ്ങളിൽ പ്രത്യേകം ഒന്നിനേയും വിദ്യാലയം സ്വീകരിച്ചിട്ടില്ല. വേദഗ്രന്ഥാദ്ധ്യയനത്തിനായി അവിടെ ഹെൽപ്പ് മന്ദിരം എന്നു പേരു വഹിക്കുന്ന ഒരു എടുപ്പു ഉണ്ട്. ഇതിൽ ചില വിദ്യാർത്ഥികൾ മതപ്രചാരവിധികളെ അഭ്യസിച്ചു വരുന്നുണ്ട്. എന്നാൽ ഇവർ പാതി ദിവസം ഒരു തൊഴിലിൽ നൈപുണ്യവും അതിനോടു അഭിമാനവും, കൂടി സമ്പാദിക്കത്തക്ക വിധം യത്നിച്ചു വരുന്നു. മതപ്രസംഗകർത്താവു ഒരു മാതൃകാപുരുഷനായിരിക്കണം എന്നാണു വിദ്യാലയത്തിലെ മുദ്രേശ്യം.

൧൯൫൯– വിദ്യാലയം വകയായി ഇപ്പോൾ ൧൦൦,൦൦൦ ഡാളർ വിലപിടിക്കുന്ന സ്വത്തു ഉണ്ട്. ഇതു ക്രൂടാതെ ൨൫൩,൦൦൦ ഡാളർ പലിശയ്ക്കു കൊടുത്തിട്ടുണ്ട്. ൦രം സംഖ്യയിൽ ഭൂരിഭാഗവും വഷ്ണോവും ബുക്കർ വീട്ടു തോറും നടന്നു സമ്പാദിച്ചതാണ്. വിദ്യാലയം വകയായി ൩൦൦,൦൦൦,ഡാളർ മൂലധനമായി ഉണ്ട്. വസ്തുക്കളിന്മേൽ യാതൊരു ഋണവും ചുമത്തിട്ടില്ല. അവ കായ്സ്ഥന്മാരുടെ പേരിലാണു മുതൽ പതിഞ്ഞു കിടക്കുന്നത്. വിദ്യാലയത്തിന്റെ ഭരണം നടത്തുന്നതു കറുത്ത മനുഷ്യരും വെള്ളക്കാരും കൂടി ചേർന്നിട്ടുള്ള ഒരു കായ്സ്ഥയോഗം ആണ്. സ്വത്തുക്കൾ എല്ലാം ൦രം യോഗത്തിന്റെ പേരിൽ സമ്പാദിക്കപ്പെട്ടിട്ടുള്ളതു തന്നെ.

൧൯൫– വിദ്യാർത്ഥികളുടെ സംഖ്യ ആരംഭകാലത്തു മുപ്പതായിരുന്നു; ഇപ്പോൾ അയിരത്തി ഒരുനൂറു ആയിട്ടുണ്ട്. ഐക്യനാടുകളിൽ ഇരുപത്തേഴിലധികം അംശങ്ങളിൽ നിന്നും ആഫ്രിക്കാ, ക്യൂബാ, പൊർട്ടോ റിക്കോ, ജമൈക്കാ മുതലായ ഇതരരാജ്യങ്ങളിൽ നിന്നും പഠിക്കാനായി ടസ്കേജിയിലേക്കു ബാലികകളും ബാലന്മാരും ചെന്നു ചേരുന്നുണ്ട്. ഉദ്യോഗസ്ഥന്മാരായും, ഉപാധ്യായന്മാരായും എൺപത്താറിലധികം ആളുകൾ കുടുംബസമേതം വിദ്യാലയത്തിൽ സ്ഥിരമായി താമസിച്ചു വരുന്നു. കണക്കു നോക്കുമ്പോൾ വിദ്യാലയഭൂമിയിൽ ഏ൫൦-ആളുകൾ സ്ഥിരമായി താമസിച്ചു വരുന്നുണ്ട്.

൧൯൭– ൦രം ജനസംഘത്തെ നിഷ്പ്രയാസമായി ഭരിച്ചു കൊണ്ടു പോകുന്നതെങ്ങനെ? അവർ പലപ്പോഴും അബദ്ധത്തിൽ അകപ്പെടുന്നില്ലെ? ഒന്നാമതായി അവിടെ ചെന്നു ചേരുന്ന സ്ത്രീപുരുഷന്മാർ കൃത്യബോധമുള്ളവരാണ്. രണ്ടാമതു എല്ലാവക്കും പിടിപ്പതു ജോലി നിശ്ചയിച്ചിട്ടുണ്ട്. ൦രം ഏടുപ്പാടു നിമിത്തം വിദ്യാർത്ഥികൾക്കു വേറെ ഇരിക്കാൻ സൌകര്യം ഇല്ല. വിദ്യാലയത്തിലെ അദ്ധ്യാനവിവരപ്പട്ടികയിൽ നിന്നു ൦രം സംഗതി വ്യക്തമാകുന്നു.

രാവിലെ	൫-മണിക്ക	...	...	ഉറക്കമുണരാനുള്ള മണി.
”	൫-൫൦	...	...	കാലത്തെ ആഹാരത്തിനു തയാറാകാൻ അറിവു കൊടുക്കുന്ന ”
”	൯	...	...	ആഹാരാരംഭം ”
”	൯-൭൦	...	...	ആഹാരാവസാനം. ”
”	൯—൭൦-൯-൫൦	...	...	മുറികളും നന്നാക്കുക. ”
”	൯-൫൦	...	...	ജോലി തുടങ്ങുക.
”	൬-൩൦	...	...	പഠിത്താ. ”
”	൰-൭൦	...	...	പള്ളിക്കൂടം തുടങ്ങുക. ”
”	൰-൭൫	...	...	വസ്ത്രപരിശോധന. ”
”	൰-൹൦	...	...	പ്രാർത്ഥന. ”
”	൰—൫൫	...	...	വർത്തമാനപ്പത്രവായന. ”
”	൯	...	...	ക്ലാസുജോലി. ”
”	൭൭	...	...	ക്ലാസുജോലി അവസാനം. ”
”	൭൭—൭൫	...	...	ആഹാരം. ”
”	൭	...	...	വേല തുടങ്ങുക. ”
”	൭—൩൦	...	...	ക്ലാസുജോലി തുടങ്ങുക. ”
”	൩—൩൦	...	...	ടി ജോലി അവസാനിക്കുന്നു. ”
”	൫—൩൦	...	...	വിശ്രമം. ”
”	൯	...	...	അത്താഴം. ”
”	൬-൭൦	...	...	സായങ്കാലപ്രാർത്ഥന. ”
”	൬-൩൦	...	...	പഠിത്തം. ”
”	൰—൹൫	...	...	ടി അവസാനം. ”
”	൯-൭൦	...	...	ഉറങ്ങാനുള്ള വിജ്ഞാപനം. ”
”	൯-൩൦	...	...	മുറികളും അടയ്ക്കുക. ”

൩൯൭- വിദ്യാലയത്തിന്റെ ഉപകാരത്തെയും മാന്യതയും, അതിൽ പഠിത്തം കഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളുടെ

യോഗ്യതയെ ആശ്രയിച്ചിരിക്കുമെന്നുള്ളതു ബുക്കർ സദാ ദൃഷ്ടിയിൽ വച്ചിരിക്കുന്നു. ദക്ഷിണദേശത്തു നാനാ ഭാഗങ്ങളിലായി ഇപ്പോൾ മൂവ്വായിരത്തിലധികം കൈവേലക്കാർ ഓരോ വിദ്യാലയത്തിൽ നിന്നും പഠിച്ചു പോയിട്ടുള്ളവരായി ഉണ്ട്.

൨൭൬- ഇപ്പോൾ പന്ത്രണ്ടു വർഷമായി ബുക്കർ ടസ്കേജിയിൽ ഒരു നീഗ്രോ-മഹാജനസഭ നടത്തിവരാറുണ്ട്. ഓരോ സഭ വർഷത്തിൽ ഒരിക്കൽ കൂടുന്നു. ആയിരത്തോളം സാമാജികന്മാർ ഹാജരാക പതിവുണ്ട്. ഇവർ ഒരു ദിവസം മുഴുവൻ വിദ്യാലയത്തിൽ താമസിക്കയും പൊതുവായി ആവശ്യമുള്ള സംഗതികളെപ്പറ്റി ആലോചിക്കയും, പണിത്തരങ്ങളെ കണ്ടു പഠിക്കയും ചെയ്യുന്നു. ഓരോ മഹായോഗത്തിന്റെ ശാഖാസമാജങ്ങൾ അനേകം ഉണ്ട്. ഈ മഹാജനയോഗം നടക്കുന്നതിന്റെ പിറേറ ദിവസം ടസ്കേജിയിൽ വച്ചു "പ്രവർത്തകയോഗം" എന്ന സഭയും നടത്തപ്പെടുന്നുണ്ട്. ഇതിലെ സാമാജികന്മാർ, ദക്ഷിണദേശത്തെ ഉപാധ്യായന്മാരും, വിദ്യാഭ്യാസവകുപ്പിലെ ഉദ്യോഗസ്ഥന്മാരുമാണ്.

൨൭൭- ൧൮൮൦-ത്തിലെ വസന്തകാലത്തു, തന്റെ സജാതീയനും, ഒരു കാര്യസ്ഥനും ആയ മിസ്റ്റർ താമസ് ഫാർച്ചൂൺ എന്നയാളുടെ സഹായത്തോടു കൂടി, ബുക്കർ ബാസ്റ്റണിൽ "നീഗ്രോ-സമുദായസമാജ"ത്തെ സ്ഥാപിച്ചു. ഓരോ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന നീഗ്രോ-ജനങ്ങൾ ആയിരുന്നു ഓരോ സംഘത്തിന്റെ അംഗങ്ങൾ. ആദ്യത്തെ യോഗത്തിൽ മുപ്പതു താലൂക്കുകളിൽ നിന്നു പ്രതിനിധികൾ ഹാജരുണ്ടായിരുന്നു. ഈ സമാജത്തിന്റെ ശാഖാസംഘങ്ങളെ പല സ്ഥലങ്ങളിലും ഏർപ്പെടുത്തീട്ടുണ്ട്.

൨൭൮- ടസ്കേജിയിൽ വിദ്യാലയ മേലനോഷണം ചെയ്യുന്നതിനും, അതിലേക്കു വേണ്ട ദ്രവ്യശേഖരം ചെയ്യുന്നതിനും, പുറമെ ബുക്കർ പ്രസംഗവിഷയത്തിലും ഒട്ടേറെ അധ്വാനം ചെയ്യേണ്ടതായിത്തീർന്നിട്ടുണ്ട്.

ന്നു൦- ബഫലൊ നഗരത്തിൽ, ഒരിക്കൽ സാമൂഹായിക വിദ്യാഭ്യാസസംഘത്തിൽ വച്ചു പ്രസംഗം ചെയ്തതിനെ പ്പറ്റി ഏതദ്ദേശപത്രങ്ങളിലൊന്നിൽ ഈ വിധം പ്രസ്താവിച്ചിരുന്നു:—

൯ന്യൂൟ- "കറുത്ത മനുഷ്യലോകത്തിലെ വിദ്യാഭ്യാസപ്രവർത്തകന്മാരിൽ പ്രഥമപുരുഷനായ ബുക്കർ ഈ നഗരത്തിൽ വന്ന ദിവസം, കൃത്യബഹുലതയാൽ നിയന്ത്രിതനായിരുന്നു. വന്ന ഉടുപ്പു മാറിയ നിമിഷത്തിൽ അയാൾ അത്താഴത്തിനു ക്ഷണിക്കപ്പെട്ടു. അതിൽ പിന്നെ ഇരുന്നൂറോളം അദ്ധ്യാപകന്മാരെ സന്ദർശിച്ചു. അതിന്റെ ശേഷം എട്ടു മണിക്കു മേൽ ഒന്നര മണി നേരം ൩൦൦൦-ജനങ്ങളുടെ മുമ്പെ, നീഗ്രോ-വിദ്യാഭ്യാസത്തെ പറ്റി ശ്ലാഘനീയങ്ങളായ രണ്ടു പ്രസംഗങ്ങൾ നടത്തി. അതിൽ പിന്നെ അദ്ദേഹത്തെ സജ്ജനങ്ങളുടെ ഒരു സംഘം സല്ക്കരിച്ചു." ഈ ജോലികൾക്കു പുറമെ ഇരു വർഗ്ഗക്കാരെയും സാമാന്യമായി സംബന്ധിക്കുന്ന ചില രാജകീയവിഷയങ്ങളെക്കുറിച്ചു വർത്തമാനപ്പത്രങ്ങളിലേയ്ക്കു എഴുതേണ്ട ജോലിയും ഈയാൾ ചെയ്യേണ്ടിയിരിക്കുന്നു. അവസാനത്തിൽ യോഗ്യത അതിൽ കാണുന്നവോ അവൻ മാന്യനായും സമ്മാനാർഹനായും തീരുമെന്നുള്ള സർവ്വലോകവിധികൾ ബുക്കർക്കു നിർവ്യാജമായ വിശ്വാസം നാൾക്കുനാൾ വർദ്ധിച്ചു വരുന്നുണ്ട്. ഈ അനുഭവകാര്യത്തെപ്പറ്റി ബുക്കർ ഇപ്രകാരം അഭിപ്രായം പറഞ്ഞിരിക്കുന്നു:—"ഉത്തമമായ ഒരു പ്രവൃത്തി ആരു തന്നെ ചെയ്താലും അതു ജനസാമാന്യത്തിനു സമ്മതമായിത്തീരും. ഒരു നീഗ്രോ-സ്ത്രീ പാകം ചെയ്യുന്നതിനോ തട്ടം ശുദ്ധി വരുത്തുന്നതിനോ, തുന്നുന്നതിനോ, പുസ്തകമെഴുന്നതിനോ, ഭംഗിയായി ശീലിക്കയോ, ഒരു നീഗ്രോ-പുരുഷൻ, അശ്വപരിപാലനം ചെയ്യുന്നതിനോ, സസ്യാദികളെ കൃഷി ചെയ്യുന്നതിനോ, വെണ്ണയുണ്ടാക്കുന്നതിനോ, വീടു പണിയുന്നതിനോ, വൈദ്യനാകുന്നതിനോ, അന്യരെപ്പോലെയോ, അന്യരെ അതിശയിച്ചോ, അഭ്യസിക്കയോ, ചെയ്താൽ ആ സ്ത്രീക്കും പുരുഷനും ജാതിവ്യത്യാസത്താലോ, വർണ്ണഭേദ

ത്താലോ ന്യൂനതയുണ്ടാകയില്ലെന്നു എനിക്കു തീച്ചയായി തോന്നിയിരിക്കുന്നു. തനിക്കു അധിവാസയോഗ്യമായിരിക്കുന്ന ദേശത്തിൽ വസ്തു വിഷയത്തിലോ ബുദ്ധിവിഷയത്തിലോ, സദാചാര വിഷയത്തിലോ, ഏതെങ്കിലും വൽസ്നയെ വരുത്തുന്നതിനു താൻ ശക്തനായാൽ ഏതു മനുഷ്യനും ആ സ്ഥലത്തു കീർത്തിയും, കൃതാർത്ഥതയും, പ്രയോജനവും, ഉണ്ടാകുന്നതാണെന്നു തീച്ചയാണ്."

൯൯൨- ടസ്കേജി വിദ്യാലയത്തിന്റെ അഭിവൃദ്ധിയ്ക്കായി ക്ഷമയോടും സ്നേഹത്തോടും കഠിനമായി അധ്വാനം ചെയ്തിട്ടുള്ള തന്റെ സോദരൻ മിസ്റ്റർ ജാൺ എച്ച്. വാഷിങ്ടനും, ഭാര്യയായ മിസ്സസ് മാർഗ്ഗററ് ജെയിംസ് വാഷിങ്ടനും ക്രൂടി സമർപ്പിച്ചതും, ൧൯൦൨-ാം വർഷത്തിൽ ഇംഗ്ലാണ്ടിൽ ഗ്രാൻഡ് റിപ്പേർഡ് കമ്പനിക്കാർ അച്ചടിച്ചതുമായ "അടിമത്തത്തിൽ നിന്നു മേല്പെട്ട" എന്ന പേരായ തന്റെ ജീവചരിത്രഗ്രന്ഥത്തിന്റെ ഉപസംഹാരഘട്ടം ഇപ്രകാരം ആകുന്നു:—

൯൯൨- ഈ ജീവചരിത്രത്തിന്റെ ഉപസംഹാരവചനങ്ങൾ എഴുതുന്ന സമയം, യാദൃച്ഛികമായി ഞാൻ വർജിനിയാദേശത്തു റിച്ച്മണ്ട് നഗരത്തിൽ വന്നു ചേർന്നിരിക്കുന്നു. ഈ നഗരം ഏതാനും സംവത്സരങ്ങൾക്കു മുമ്പു ദക്ഷിണദേശത്തെ തലസ്ഥാനവും, ദരിദ്രാവസ്ഥയിൽ ഞാൻ വഴിയരികെ ശയിച്ചിട്ടുണ്ടായിരുന്ന സ്ഥലവും ആണ്. ഇപ്പോൾ ഞാൻ ഇവിടെ വന്നിട്ടുള്ളതു ഈ നഗരവാസികളായ കറുത്ത മനുഷ്യരുടെ അതിഥിയായിട്ടാണ്. ഈ നഗരത്തിലെ പ്രധാന സഭാമന്ദിരത്തിൽ വച്ചു വെളുത്തവർക്കും കറുത്തവർക്കും കേൾക്കാൻ ഒരു പ്രസംഗം ചെയ്യാനാണു ഞാൻ വന്നിരിക്കുന്നത്. ഈ മന്ദിരത്തിൽ നീഗ്രോ-ജനങ്ങൾക്കു പ്രവേശനമുണ്ടായതു ഇപ്പോൾ ഒന്നാമതായിട്ടാണ്. ഞാൻ വന്നതിന്റെ തലേ ദിവസം ഈ നഗരത്തിലെ ആലോചനാസംഘം എന്റെ പ്രസംഗം കേൾക്കാൻ ഹാജരാകണമെന്നു നിശ്ചയം കഴിച്ചിരുന്നു. ശവമ്മെണ്ടുകാരും അപ്രകാരം തീരുമാനം ചെയ്തിരുന്നു. അനേകായിരം നീഗ്രോ-ജനങ്ങളു

ടേയും, ധർമമാരുടേയും, നഗരസമാജത്തിന്റേയും, നിയമ നിർമ്മാണസഭാ സാമാജികന്മാരുടേയും, ഗവർമ്മെണ്ടു ഉദ്യോഗസ്ഥന്മാരുടേയും, മുമ്പിൽ ആശംസാസന്തുഷ്ടികരമായ ഒരു പ്രസംഗം ഞാൻ ചെയ്തു. എന്റെ ജന്മഭൂമിയായ ഒരാ ദേശത്തെ ജനങ്ങൾ എനിക്കായി ഒരു വിധം സ്വാഗതം നൽകിയതിനെക്കുറിച്ചു എനിക്കു ഹൃദയപൂർവമായ ആഹ്ലാദവും ഉണ്ടായി."

സന്തോഷം– ഇപ്പോൾ അമേരിക്കായിൽ ഐക്യരാജ്യത്തിന്റെ ഭരണകർത്താവായിരിക്കുന്ന പ്രസിഡണ്ടു റൂസ്വെൽറ്റ് ധാരാ ബുക്കറോടുള്ള ബഹുമാനത്തെ പരസ്യമായി പ്രദർശിപ്പിച്ചിട്ടുണ്ട്. ഒരു മഹാമനസ്കൻ ബുക്കറെ തന്റെ കൊട്ടാരത്തിലേക്കു ക്ഷണിച്ചു വരുത്തി, അവിടെ വച്ചു അയാളുടെ യത്നങ്ങളെപ്പറ്റി സംസാരിക്കയും, അയാളെ പ്രോത്സാഹിപ്പിക്കയും, അയാളോടുകൂടെ ഒരു മേശയിൽ വച്ചു ആഹാരം കഴിക്കയും ചെയ്തിട്ടുണ്ട്. പ്രസിഡണ്ടു ഒരു കറുത്ത മനുഷ്യന്റെ കൂടെ ഒന്നിച്ചിരുന്നു ഭക്ഷണം കഴിച്ചതിനെപ്പറ്റി സ്തുതിച്ചു ഒരു ഭാഗക്കാരും, ഹസിച്ചു വേറൊരു ഭാഗക്കാരും ഓരോ ദിനപത്രങ്ങളിൽ അക്കാലത്തു ഘോഷിച്ചിട്ടുണ്ടായിരുന്നു. കറുത്ത മനുഷ്യരെ തുല്യന്മാരായി വിചാരിച്ചു ബഹുമാനിക്കുന്നതിനു ഇക്കാലത്തും അസംഖ്യം വെളുത്തമനുഷ്യർക്കു വൈമനസ്യം ഉണ്ട്,—എങ്കിലും, സ്വഭാവം, യോഗ്യത, ഖ്യാതി എന്ന ഗുണങ്ങളാൽ പ്രശോഭിതനായിരിക്കുന്ന കറുത്ത മനുഷ്യനെ ബഹുമാനിക്കേണ്ടതും, ഉത്സാഹിപ്പിക്കേണ്ടതും ഭരണകർത്താവിന്റെ ധർമ്മമാണെന്നറിഞ്ഞു, അപ്രകാരം സധൈര്യം പ്രവർത്തിച്ച പ്രസിഡണ്ടു റൂസ്വെൽറ്റിനോടു സഹൃദയന്മാർക്കുള്ള സന്തോഷം അതിരില്ലാത്തതാകുന്നു. "ജാതിനാമാടികൾക്കല്ലോ ഗുണഗണഭേദമെന്നത്രേ ബുധന്മാരുടെ മതം."

അദ്ധ്യായം ൧൨.

ടസ്കേജി വിദ്യാലയ വിവരണം.

൧൯൦൦- ഐക്യരാജ്യത്തിലെ അംശങ്ങളിൽ ഒന്നായ ആല ബാമാ എന്നദേശത്തിന്റെ മധ്യസ്ഥാനത്തുണ്ടു ടസ്കേജി നഗരം സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഈ നഗരത്തിൽ നിന്നു വിദ്യാലയത്തിലേയ്ക്കു ഒരു മൈൽ ദൂരം ഉണ്ട്. ചുറ്റും കിട ക്കുന്നപ്രദേശങ്ങളും മനോഹരങ്ങളും ധനധാന്യങ്ങളാൽ ശോ ഭിക്കുന്നവയും ആണ്. അവിടത്തെ ശീതോഷ്ണസ്ഥിതിആരോ ഗ്യത്തിനു ഏറ്റവും ഹിതമായിട്ടുള്ളതു തന്നെ. ടസ്കേജി നഗരത്തിലേക്കു ആവിവണ്ടി പതിവായി ഓടുന്നുണ്ട്. കമ്പിത്തപാലിനാലും തീവണ്ടിയാലും, മഹാപട്ടണങ്ങളോട് ടസ്കേജിക്കു ബന്ധമുണ്ടെന്നിരുന്നാലും അതു മുഖ്യരാജമാർ ഗ്ഗങ്ങളിൽ നിന്നും അകലെയായിരിക്കുന്നതിനാൽ അതിൽ മഹാ വ്യാധികളുടെ ആഗമനത്തിനും വ്യാപ്തിക്കും, ആപല്ക്ക രമായ സൌകര്യവും ഇല്ല.

൧൯൦൧- ആലബാമാ ഗവർമ്മേണ്ടിന്റെ ധനസഹായം കൊണ്ടാണു ൧൮൮൧-ൽ ഈ മന്ദിരം ആദ്യമായി സ്ഥാപിക്ക പ്പെട്ടതെന്നു മുൻ പ്രസ്താവിച്ചിട്ടുണ്ട്. ൧൮൮൧-ലെ ജൂലൈ മാസം ൪-ാം നു- യാണു പഠിത്തം ആരംഭിച്ചത്. അതി ന്റെ ശേഷം നാൾക്കുനാൾ ഈ പഠശാല അഭിവൃദ്ധിയെ പ്രാപിച്ചു വരുന്നു.

൧൯൦൨- നിഗ്രോ-വംശത്തിൽ ഉൾപ്പെട്ടിട്ടുള്ള ബാലികാ ബാലന്മാർക്കു സാന്മാർഗ്ഗികമായും, സാഹിത്യവിഷയമായും വ്യാവസായികമായും ഉള്ള വിദ്യാഭ്യാസത്തിനു സൌകര്യം ഉണ്ടാക്കുക ഒന്നുതന്നെ ഈ വിദ്യാലയസ്ഥാപകന്മാരുടെ മുഖ്യോദ്ദേശ്യം. വിദ്യാപരിശീലനകാലത്തു വിദ്യാർത്ഥികൾക്കു ഉപദേശിക്കുന്ന പ്രമാണങ്ങളും അവർ അഭ്യസിക്കുന്ന വ്യവ സായവിധികളും അവർക്കു പില്ക്കാലം സ്വീകാര്യോപയോഗ യോഗ്യങ്ങളായവ ആയിരിക്കുന്നു. സാഹിത്യത്തിലും വ്യവ

സായത്തിലും ഒരേ വിധം തന്നേ അധ്യേതാക്കൾക്കു ആ സക്തി ഉണ്ടാകുന്നതിനു ആവശ്യപ്പെടുന്ന മാർഗ്ഗങ്ങളെയെല്ലാം ഈ വിദ്യാലയത്തിൽ സംഭരിച്ചിട്ടുണ്ട്.

സ്ഥലം- ഫ്രൻസു-ൽ, വിദ്യാശാല വകയായി സ്ഥല-പ്രധാന മന്ദിരങ്ങളും വ്യവസായ-ഏക്കർ ഭൂമിയും, ഫലവൃക്ഷ-കന്നുകാലി മൃഗങ്ങളും, സ്ഥലം ൽ അധികം വാഹനങ്ങളും ഉണ്ടായിരുന്നു. ഇതുകൂട്ടാതെ ഗവണ്മെൻറിൽ നിന്നും ഫ്രഞ്ച്-ൽ ദാനം ചെയ്യപ്പെട്ട ൩,൦൦൦ ഏക്കർ ലോഹമയമായ ഭൂമിയും, പള്ളിക്കൂടം വകയായിത്തന്നെ ഇരിക്കുന്നു. ഒട്ടുക്കു നോക്കുമ്പോൾ ഇപ്പോൾ പാഠശാല വകയായി ഫ്ര,൦൬,൩൦൦ ഡാളർ വിലയുള്ള സ്വത്തുക്കൾ ഉണ്ട്. വിദ്യാലയം സംബന്ധിച്ചുള്ള ഗ്രന്ഥശാല കുബേരസദൃശനായ കാർണേജി ധനവരയുടെ ഔദാര്യസ്മാരകങ്ങളിൽ ഒന്നാണ്. ഈ മന്ദിരം കെട്ടുന്നതിനു സ്ഥ,൦൦൦ ത്തിൽ അധികം രൂപാ ചെലവായിട്ടുണ്ട്. മഹാമനസ്കനായ കാർണേജിയുടെ സംഭാവനയിൽ നിന്നാണു ഈ ചെലവു നടന്നിട്ടുള്ളതു്. ഈ ഗ്രന്ഥത്തിന്റെ നാമധേയം, "കാർണേജി ഗ്രന്ഥശാല" എന്നായിരിക്കുന്നതു ഉചിതം തന്നെ.

സ്ഥാൻ- ഇവിടെ ആറു സഭകൾ ഉണ്ട്. അവയുടെ അംഗങ്ങൾ ഓരോപ്രവൃത്തിയിലും പ്രവേശിച്ചിരിക്കുന്നു വിദ്യാർത്ഥികൾ ആകുന്നു. കൃഷ്ക വിദ്യ ശീലിക്കുന്ന യുവാക്കന്മാരുടെ വകയായി, മൃഗാദി ശാസ്ത്രങ്ങൾ സംബന്ധിച്ചുള്ള വാദപ്രതിവാദസംഘവും, വേദാധ്യയനം ചെയ്യുന്നവർക്കായി ഒരു മതസമാജവും തയ്യൽ വേല പരിചയിക്കുന്നവരുടെ ഒരു യോഗവും, എല്ലാ വിദ്യാർത്ഥികൾക്കും ചേരാവുന്നതായി വേറെ മൂന്നു സാഹിത്യസംഘങ്ങളും, ശനിയാഴ്ച തോറും ഇവിടെ നടന്നു വരുന്നുണ്ട്.

സ്ഥൈ- അധ്യേതാക്കൾ എല്ലാ ഞായറാഴ്ചകളിലും, മതസംഘത്തിനും പ്രാർത്ഥനയ്ക്കും ഹാജരായിരിക്കണമെന്നു നിർബ്ബന്ധം ഉണ്ട്. പ്രതിദിനം സായങ്കാലം എട്ടേ കാൽ മണിക്കു വിദ്യാലയം വകയായ പള്ളിയിൽ എല്ലാവരും പ്രാർത്ഥന

യ്ക്കായി വന്ന ചേരുക പതിവാണ്. ആ സമയത്തു പ്രധാനാധ്യാപകനോ ഉപാദ്ധ്യായന്മാരിൽ വേറെയൊരാളോ, വേദപുസ്തകത്തിൽ നിന്നു ഒരു ഭാഗം വായിക്കയും, മഹാന്മാരായ അതിഥികൾ ഉണ്ടായിരുന്നാൽ, അവരിൽ ഒരാൾ പ്രസംഗിക്കയും ഒടുവിൽ എല്ലാവരും കീർത്തനങ്ങൾ പാടുകയും ചെയ്യുന്നുണ്ട്.

൨൨- ഈ മന്ദിരത്തിൽ നിന്നു രണ്ടു പത്രഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നുണ്ട്.—"ടസ്സേജി വിദ്യാർത്ഥി" എന്നു പേരുള്ള പ്രതിവാരപ്പത്രം ഒരു വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെയും അവിടെ പഠിച്ചതിന്റെ ശേഷം ഓരോ സ്ഥലങ്ങളിൽ എത്തി താമസിച്ചു ജോലി ചെയ്യുന്ന ബിരുദധാരികളുടേയും പ്രവൃത്തി, വിജയം മുതലായ വിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നു. "ദക്ഷിണാലേഖനം" എന്ന മാസിക ഈ വിദ്യാലയത്തിൽ നിന്നു പഠിച്ചു പോയിട്ടുള്ള ആളുകളുടെ യത്നങ്ങളെപ്പറ്റി വിവരണം ചെയ്യുന്നതും, ലോകക്ഷേമകാംക്ഷികളായ പരോപകാരതല്പരന്മാർക്കു അയച്ചു വരുന്നതും ആകുന്നു.

൨൩- നീഗ്രോ-ജാതിയിലുള്ള ജനങ്ങൾ നിമ്മിച്ചിട്ടുള്ള സകല ഗ്രന്ഥങ്ങളെയും ഉപന്യാസങ്ങളെയും പ്രസംഗങ്ങളെയും ശേഖരിച്ചു ഗ്രന്ഥമന്ദിരത്തിൽ സൂക്ഷിക്കുന്നതിനു വേണ്ട യത്നം പുസ്തകശാലാധ്യക്ഷൻ ചെയ്തിട്ടുണ്ട്. നീഗ്രോ-വംശക്കാരെ പറ്റി പൂർണ്ണമായ അറിവു സമ്പാദിക്കുന്നതിനു ആഗ്രഹം എല്ലാപ്പുമുണ്ടായിരിക്കണം എന്നുള്ള ഉദ്ദേശ്യത്തിലാണു ഗ്രന്ഥശാല മുതലായവയിൽ ഈ ഏർപ്പാടു വച്ചിരിക്കുന്നത്.

൨൪- ബാലന്മാർക്കും ബാലികമാർക്കും കായികാഭിവൃദ്ധിയ്ക്കു ആവശ്യമുള്ള അഭ്യാസത്തെ ക്രമപ്രകാരം നടത്തുന്നതിനും വേണ്ട ഏർപ്പാടുകൾ ഈ മന്ദിരത്തിൽ പ്രതിദിനം ചെയ്യുവരുന്നുണ്ട്. യുവതികൾക്കു വ്യായാമം ചെയ്യുന്നതിനും യുവാക്കന്മാർക്കു സൈനികകർമ്മം അഭ്യസിക്കുന്നതിനും പ്രത്യേകം സ്ഥലങ്ങൾ ഉണ്ട്. ഈ അഭ്യാസങ്ങളെ

വേണ്ടും വിധത്തിൽ ശീലിപ്പിക്കുന്നതിനു സാമർത്ഥ്യവും ഉത്സാഹവും ഉള്ള അധ്യാപകന്മാരും ധാരാളം ഉണ്ട്.

൫൫– സൈനികവ്യവസ്ഥിതിയെ ബാലന്മാരുടെ അഭ്യസനത്തിൽ കൈക്കൊള്ളുന്നതിനു കാരണം ഉണ്ട്. തക്കം കൂടാതെയുള്ള ശാസനാനുസരണം, നൈർമ്മല്യതല്പരത, ക്രമമായ നടവടി മുതലായ പൌരുഷഗുണങ്ങളെ സമ്പാദിക്കുന്നതിനു സൈനികശിക്ഷ ഏറ്റവും പ്രയോജനകരമാകുന്നു. ടസ്കേജി വിദ്യാലയത്തിലുള്ള എല്ലാ വിദ്യാർത്ഥികളും ഈ സേനയിലെ അംഗങ്ങളായിരിക്കുന്നു. എന്നാൽ അവർക്ക് ആയുധാഭ്യാസം ഇല്ല.

൫൬- ഈ പാഠശാലയിൽ പഠിക്കുന്ന ബാലികകൾക്കും ബാലന്മാർക്കും ധരിക്കുന്നതിനു പ്രത്യേകം "യൂണിഫാറം" ഉണ്ട്.

൫൭– വിദ്യാർത്ഥികൾ എല്ലാവരും വേദപുസ്തകം പഠിക്കണം. നിശ്ചിത സമയങ്ങളിൽ അവർ പഠിത്തത്തിലും ജോലിയിലും, വ്യായാമത്തിലും വിശ്രമത്തിലും, പ്രവേശിക്കേണ്ടതാണ്. അനുവാദം കൂടാതെ അവർക്ക് വിദ്യാലയവളപ്പിൽ നിന്നു പോയ്ക്കൂടാ. അനുവാദപ്രകാരം വെളിയിൽ സഞ്ചരിക്കുമ്പോൾ അവർ വിദ്യാലയ നിബന്ധനപ്രകാരമുള്ള തൊപ്പി ധരിക്കണം. ഒരധ്യാപികയുടെ അകമ്പടി കൂടാതെ യാതൊരു വിദ്യാർത്ഥിനിക്കും പുരയിടത്തിനു വെളിയിൽ സഞ്ചരിക്കാൻ പാടില്ല. മദ്യവും പുകയിലയും ഉപയോഗിച്ചുകൂടാ. ചീട്ടുകളിയും പാശികളിയും ഒരു കാലവും പള്ളിക്കൂടത്തിൽ വച്ചു പാടില്ല. രാജകീയവിഷയങ്ങളെ പറ്റിയുള്ള പ്രസംഗങ്ങളും വാദങ്ങളും നടക്കുന്ന സഭകളിൽ വിദ്യാർത്ഥികൾക്കു പ്രവേശനം അനുവദിച്ചിട്ടില്ല. മടി, അനുസരണക്കേടു മുതലായ കുറങ്ങൾക്കു ശിക്ഷ ബഹിഷ്കരണം ആണ്. ഒരു വിദ്യാർത്ഥിക്കു മൂന്നു പ്രാവശ്യം താക്കീതു ലഭിച്ചാൽ, അവൻ ബഹിഷ്കൃതനായി ഭവിക്കും. മാതാപിതാക്കന്മാരുടേയോ രക്ഷകർത്താവിന്റേയോ അനുമതിയില്ലാതെ പള്ളിക്കൂടം വിട്ടു പോകാൻ പാടുള്ളതല്ല.

വെള്ളിയാഴ്ച ഉച്ച തിരിഞ്ഞു ബാലികകളെ പ്രത്യേകമായും ശനിയാഴ്ച ഉച്ച തിരിഞ്ഞു ബാലന്മാരെ ഒരു കായികാഭ്യാസാലോചനയും നടത്തിക്കുന്നതിനും ഓരോരുത്തരോടും സംസാരിക്കുന്നതിനും ചെയ്യുന്നു. ഈ അവസരത്തിൽ ചില പ്രത്യേക ഉപദേശങ്ങളേയും ഓരോരുത്തക്കും കൊടുക്കാറുണ്ട്. ഈ സമ്മേളനത്തിനു സകല വിദ്യാർത്ഥികളും ഹാജരായിരിക്കേണ്ടതാണ്.

൩൭- അസഭ്യം പറയുക, ഹിനഭാഷയെ ഉപയോഗിക്കുക എന്ന കുറ്റങ്ങൾക്കു ശാസന, തടവു മുതലായ ശിക്ഷകൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾ ആഴ്ചയിൽ ഒരിക്കൽ സ്വഗൃഹങ്ങളിലേക്കു എഴുത്തയക്കണം; എഴുത്തുകളും അതോടുകൂടി അയക്കുന്ന സാമാനങ്ങളും പരിശോധിക്കപ്പെടുന്നു. മറികടം പുസ്തകങ്ങൾ വസ്ത്രങ്ങൾ മുതലായവയെ ഉദ്യോഗസ്ഥന്മാർ കൂടക്കൂടെ ചെന്നു നോക്കുന്നുണ്ട്. സെപ്റ്റംബർ മാസത്തിൽ രണ്ടാമത്തെ ചൊവ്വാഴ്ച പള്ളിക്കൂടം തുറക്കുകയും മേ മാസത്തിലെ ഒടുവിലത്തെ വ്യാഴാഴ്ച അടയ്ക്കുകയും ചെയ്യുന്നു. ജൂൺ മുതൽ മൂന്നു മാസത്തിലധികം ഒഴിവു കാലമാണ്.

൩൮- ഈ കലാശാലയിൽ ഇംഗ്ലീഷ്, ചരിത്രം, ഭൂമിശാസ്ത്രം, കണക്കുശാസ്ത്രം, രസതന്ത്രം, പ്രകൃതിശാസ്ത്രം, ഉപാധ്യായവൃത്തി, സംഗീതം, കിൻറർ ഗാർട്ടൻ, കൃഷിശാസ്ത്രം, വേദാധ്യയനം, ആശാരിവേല, കൊല്ലവേല, അച്ചടി, വണ്ടിപ്പണി, ചായവേല, ജീനിപ്പണി, യന്ത്രവേല, തുകൽപ്പണി, ചെങ്കൽപ്പണി, കുമ്മായവേല, തകരവേല, തടിയറുക്കുക, കുപ്പായം തുന്നുക, പടമെഴുത്തു, പ്ലാൻ വരയ്ക്കുക, വിദ്യുച്ഛക്തിപ്രയോഗം, പഴങ്ങളേയും മറ്റും പാകപ്പെടുത്തി തകരഡപ്പികളിൽ അടയ്ക്കുക, പാകവിധികൾ, അലക്കുജോലി, ഗൃഹതന്ത്രം, മെത്തയുണ്ടാക്കുക, കുട മെടയുക, കൃഷിവേല, കന്നുകാലി വളർത്തൽ, തോട്ടവേല, റോട്ടംപണി ഇത്യാദി സാഹിത്യവിഷയങ്ങളായും കരകൌശലതന്ത്രങ്ങളായും, യന്ത്രപ്പണികളായും ഉള്ള അനേകം വിദ്യകളെ ഉത്തമരീതിയിൽ പഠിപ്പിച്ചു വരുന്നു. ഈ മഹാപാഠശാലയുടെ ജന

നം, അഭിവൃദ്ധി, പരോപകാരക്ഷമത ഇവയെല്ലാം, അടിമയായിരുന്ന ഒരു നീഗ്രോ-മനുഷ്യന്റെ യത്നത്തിന്റെ ഫലമാണെന്നു, അറിയുമ്പോൾ സഹൃദയനായ ഏതു മനുഷ്യനാണു ബുക്കർ ടി. വാഷിങ്ട്ടനോടു, സ്നേഹാദരബഹുമാനങ്ങൾ തോന്നാത്തത്? അദ്ദേഹം ചിരഞ്ജീവിയായിരുന്നു, സ്വവർഗ്ഗോന്നതിയ്ക്കു സർവ്വഥാ പ്രയത്നിക്കട്ടെ! അദ്ദേഹത്തിന്റെ പ്രവൃത്തിയുടെ ശക്തിയും മാഹാത്മ്യവും എല്ലാ വായനക്കാരേയും ഉണർത്തട്ടെ!

അധ്യായം ഫ്രൻ.

ബുക്കർ വാഷിങ്ട്ടന്റെ ചില അഭിപ്രായങ്ങൾ.

സദ്വൃത്തി, മതവിശ്വാസം, മാനസിക സംസ്കാരം ഇവയോടു ചേർന്നിരിക്കാത്ത വ്യവസായസാമർത്ഥ്യം കേവലം നിഷ്പ്രയോജനമത്രേ.

വിദ്യാലയങ്ങളിൽ തൊഴിലഭ്യാസത്തിനു ഏറ്റവും കൂടുതൽ ചെയ്യുന്നതു ധനലാഭത്തെ ഉദ്ദേശിച്ചല്ല; പരിശീലനത്തിനു വേണ്ടി മാത്രമാണ്.

കൈകൊണ്ടു വേല ചെയ്യുന്നതു വാസ്തവമായ വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാനമായ അംഗമാകുന്നു.

ഒരു ബാലനെ എഴുതാനും വായിക്കാനും മാത്രം വശമാക്കുന്നതു ശരിയായ വിദ്യാഭ്യാസം ആകുന്നില്ല.

അമ്മയുടെ ജീവിതത്തെ കഴിയുംവണ്ണം സുഖകരമായിനയിപ്പിക്കാനുള്ള വഴി നോടണമെന്നുള്ള മുഖ്യോദ്ദേശ്യത്തോടുകൂടിയാണു ഞാൻ പഠിക്കാൻ തുനിഞ്ഞതു്.

ഒരുതരം കരുവിയിൽ ഒഴിച്ചു ഒരേ തരത്തിലുള്ള പാത്രങ്ങൾ വാർക്കുന്ന സമ്പ്രദായത്തെ ആണു മിക്ക വിദ്യാപ്രയോജകന്മാരും അംഗീകരിച്ചു കാണുന്നതു്.

വിദ്യാർത്ഥിയുടെ വാസനയേയോ, ആവശ്യങ്ങളേയോ ഗണിക്കാതെ അയാളെ വിദ്യ അഭ്യസിപ്പിക്കുന്നതിൽ പ്രയോജനം അധികം ഇല്ല.

ദാസ്യവൃത്തിയിൽ ഇരുന്ന കാലത്തിൽ നീഗ്രോ-ജനങ്ങൾ വേല ചെയ്തു വന്നിരുന്നു; എന്നാൽ സ്വാതന്ത്ര്യം ലഭിച്ചതിന്റെ ശേഷവും അവർ പഠിക്കേണ്ട പാഠം വേലചെയ്യണമെന്നുള്ളതു തന്നെ ആയിരുന്നു. അടിമയായിരുന്ന കാലം നീഗ്രോ-മനുഷ്യനെ മറ്റുള്ളവർ വേല ചെയ്യിച്ചു. സ്വതന്ത്രനായപ്പോൾ അവൻ വേലയെടുക്കാൻ പഠിക്കേണ്ടവനായിത്തീർന്നു. സ്വന്തമനസ്സാലെ വേല ചെയ്യുന്നതിനും, അന്യന്റെ നിർബ്ബന്ധത്താൽ വേല ചെയ്യുന്നതിനും തമ്മിൽ വ്യത്യാസം ഉണ്ട്. പരതന്ത്രനായി വേല ചെയ്യുന്നതു കുറവാണ്. സ്വതന്ത്രനായി വേല ചെയ്യുന്നതു അവസ്ഥയാണ്; പരിഷ്കാരമാണ്. വേലയെ സ്നേഹിക്കാൻ പഠിക്കുന്നതിനു ദാസ്യവൃത്തി നീഗ്രോ-ജനങ്ങൾക്കു സൌകര്യം കൊടുത്തിരുന്നില്ല.

തൊഴിലുകൾ അഭ്യസിക്കാത്ത വിദ്യാർത്ഥികളെ ഒരു രാജ്യത്തിലും ആരും ആവശ്യപ്പെടുന്നില്ല. അനേകം ജനങ്ങൾ വക്കീൽ വേലയും അഭ്യസിച്ചു വരുന്നുണ്ട്. കക്ഷികളും കേസുകളും ഇല്ലാത്ത വക്കീലന്മാർ പ്രായേണ കവിതയെഴുതുകയൊ, പത്രങ്ങൾക്കു ലേഖനം അയയ്ക്കുയൊ, രാജ്യത്തിൽ ശണ്ഠ ഉണ്ടാക്കയൊ ചെയ്തു വരുന്നു. ഹെയിറീയിലെ നീഗ്രോ-വിദ്വാന്മാരുടെ ഗതി മിക്കവാറും ഇപ്രകാരം ആണു കാണപ്പെടുന്നത്.

വ്യവസായം ശീലിക്കാത്ത ജനങ്ങൾ താമസിച്ചു വരുന്ന സ്ഥലത്തിന്റെ സ്ഥിതിയെപ്പറ്റി പറയുമ്പോൾ ഹെൻറി ഡബ്ളിയു ഗ്രേയിഡി പറഞ്ഞിട്ടുള്ള ഒരു കഥ ഞാൻ ഓർമ്മിക്കുന്നു. കഥ ജാഴ്ജിയായിൽ നടന്ന ഒരു ശവസംസ്കാരത്തെക്കുറിച്ചുള്ളതാണ്. ശവക്കുഴി വെട്ടിയിട്ടതു പയിൻ മരം നിറഞ്ഞു നിന്ന കാട്ടിനുള്ളിൽ ആയിരുന്നു. ശവപ്പെട്ടി പയിൻകൊണ്ടുണ്ടാക്കിയതായിരുന്നുവെങ്കിലും, അതു സിൻ

സിനാറിയിൽ നിന്നു വിലയ്ക്കു വാങ്ങിയതായിരുന്നു. നല്ല മരങ്ങളും ആ ദിക്കിൽ ധാരാളം ഉണ്ടായിരുന്നു; എങ്കിലും മൃതശരീരത്തെ വഹിച്ചു വണ്ടി ഇൻഡ്യായിൽ നിന്നു വരുത്തിയതായിരുന്നു. ലോഹങ്ങളും ധാരാളം ആ ദിക്കിൽ ഉണ്ടായിരുന്നെങ്കിലും മൺവെട്ടിയും പിക്കാസും പിറ്റ്സ്ബർഗിലും, അവയുടെ പിടികളും ബാൽടിമോറിലും നിന്നു കൊണ്ടുവന്നവയായിരുന്നു. ശരീരത്തിൽ കണ്ട ബൂട്ടീസും, ഉടുപ്പും, കമ്മീസും, കഴുത്തു പട്ടയും, കെട്ടും ലിൻ, ന്യൂയാക്ക്, ലോവൽ, ഫിലാഡൽഫിയാ എന്നീ സ്ഥലത്തിൽ നിന്നും സമ്പാദിച്ചവയായിരുന്നു. പ്രകൃതിയുടെ കടാക്ഷം ധാരാളം ഏറിരുന്ന ആ ദേശത്തിൽ നിന്നും ഉണ്ടായവ, ആ ദേഹവും കുഴിയും മാത്രമായിരുന്നു. തരമുണ്ടായിരുന്നെങ്കിൽ ഇവയേയും അവർ ഇറക്കുമതി ചെയ്യുമായിരുന്നു.

ജാതിയേയും സ്ഥാനത്തേയും വിസ്മരിച്ചു ജനങ്ങളും വ്യവസായശീലത്തെ സമ്പാദിക്കാതെയും, അധ്വാനമഹത്വത്തെ അറിയാതെയും, വശമായാൽ ഉണ്ടാകുന്ന ഫലം ഇതാണ്". ഒരു ക്രൂട്ടം കാശിനു കൊള്ളാത്തവർ യുക്തികൊണ്ടു കാലക്ഷേപം കഴിക്കാൻ കാപ്പുകെട്ടി ഇറങ്ങുന്നവർ— ഉണ്ടായിത്തീരുന്നു. പുസ്തകം മാത്രം പഠിക്കയും, ശാസ്ത്രീയരീതിയിൽ ജോലി ചെയ്യാൻ പഠിക്കാതെയും, ഇരിക്കുന്നവർക്ക് അധ്വാനത്തോടു പുച്ഛം തോന്നുന്നു. ഹെയിറ്റിയിലേപോലെ ജനങ്ങൾക്കു രാജ്യകാര്യത്തെ പറ്റി സംസാരിക്കാനും രാജ്യാധികാരത്തെ ധ്വംസനം ചെയ്യാനും മാത്രം ഉത്സാഹം ഉണ്ടായി വരുന്നു. വെറും കഥയില്ലാത്ത സംസാരത്തിലും രാജ്യകാര്യവിഷയങ്ങളിലുള്ള തർക്കത്തിലും വിലയേറിയ സമയത്തെ കളഞ്ഞു വരുന്ന ആളുകളുടെ അവസ്ഥയെപോലെ ദയനീയമായതു വേറൊന്നും ഇല്ല. ഒരു ചെറിയ പട്ടണത്തിലെ ഏതാനും വെള്ളക്കാർ ദിനംപ്രതി ഒരു മരത്തിന്റെ ചുവട്ടിൽ എട്ടു മണിക്കു വന്നു ക്രൂടി പന്ത്രണ്ടു മണിവരെ അവിടെ ഇരുന്നു വെടിയും രാജ്യകാര്യവും പറഞ്ഞു കഴിച്ചു കൂട്ടുന്നതു ഞാൻ അറിഞ്ഞിട്ടുണ്ട്. അതു കഴിഞ്ഞു ആഹാരം കഴിച്ചു ഒരു മണിക്കു അവർ വീണ്ടും ആ

സ്ഥലത്തിൽ തന്നെ വന്ന ആ ഇല പൊഴിഞ്ഞ കായ്ക്കുത്തെക്കുറിച്ചു തന്നെ സംസാരിച്ചു ദിനശേഷവും ചെലവാക്കി വന്നിരുന്നു. അവർ ബുദ്ധിമുട്ടി ചെയ്ത ജോലി ഒരു തണലിൽ നിന്നു മറ്റൊരു തണലിലേക്കു പോക മാത്രമായിരുന്നു. 'കാലം കലിയുഗം; പണമില്ല കഷ്ടം തന്നെ' എന്നായിരുന്നു അവരുടെ മുറവിളി.

ഒരു നീഗ്രോ-ഒരു വസ്തു സമ്പാദിച്ചു, ഒരു വീടു കെട്ടി ഒരു സ്ഥിതിയിൽ ഇരിക്കുന്നു; കുറെ കൊടുത്തുവരുന്നു, ബേങ്കിൽ പണം ഇട്ടു വരുന്നു, ഒരു പള്ളിക്കൂടം കെട്ടി, ഒരു പള്ളി സ്ഥാപിച്ചു, ഒരു തൊഴിലാഫീസു ഉണ്ടാക്കി, ഒരു തോട്ടം കൃഷി ചെയ്തു, വൈദ്യത്തിൽ വിദഗ്ദ്ധനായി, നല്ല ധർമ്മപ്രസംഗം ചെയ്തു, ഒരു ഉദ്യോഗത്തെ ശരിയായി വഹിക്കുന്നു, യോഗ്യനായി, ധാർമ്മികനായി, ശ്ലാഘ്യനായി ജീവിതത്തെ നയിക്കുന്നു,—എന്നുള്ള സംഗതിപോലെ ഒരു പ്രസംഗവും, ഉചിതസ്ഥാനത്തെ അഹിക്കുന്നില്ല. വയലിലും, കാട്ടിലും, കല്ലിലും, വെള്ളത്തിലും, കച്ചവടത്തിലും, പഠിത്തത്തിലും, മതത്തിലും കൂടി കടന്നു വേണം നീഗ്രോ-മനുഷ്യൻ വിമോചനയെ പ്രാപിക്കേണ്ടത്.

പറഞ്ഞുകൊടുത്തു എഴുതിക്കുന്നതിനെക്കാൾ താൻ തന്നെ എഴുതുകയാണു ജോലി നടപ്പിനു എളുപ്പമായിട്ടുള്ളത്.

പള്ളിക്കൂടത്തിനും തൊഴിൽ ശാലയ്ക്കും തമ്മിലുള്ള വ്യത്യാസം ഇതാണ്. തൊഴിൽ പഠിക്കുന്നതിൽ നിന്നു ധനാദായം വേണമെന്നു വിദ്യാലയ പ്രവർത്തകന്മാർ എപ്പോഴും മുഖ്യമായി കരുതുന്നുവോ അപ്പോൾ മുതൽ ആ പള്ളിക്കൂടം കരകൌശലശാലയെന്ന നില വിട്ടു കേവലം കച്ചവടസ്ഥലമായിത്തീരുന്നു.

അന്യദേശക്കാരിയായ ഒരു മാന്യസ്ത്രീ ഒരിക്കൽ പറഞ്ഞതിനെ ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ട്. ആ സ്ത്രീ അമേരിക്കയിൽ വന്നപ്പോൾ യദൃച്ഛയാ താമസിച്ചതു ഒരു വലിയ പട്ടണത്തിൽ ആയിരുന്നു. അവർ അന്യസ്ഥമായ മഹാമ

യായിരുന്നതിനാൽ ആ പട്ടണത്തിലെ മാന്യജനങ്ങളും അവരെ പലവിധം സല്ക്കരിച്ചു. സദ്യ, വിനോദങ്ങൾ, ആട്ടം, സദിരു, ഘോഷയാത്ര, കാഴ്ചബംഗ്ലാവു, കുതിരപ്പന്തയം ഇത്യാദികളും അവരുടെ ശ്രദ്ധയ്ക്കു വിഷയമായി തീർന്നിരുന്നു. ഇതുകളൊക്കെ അവരെ അധികം വലച്ചു കഴിഞ്ഞതിന്റെ ശേഷം ഒരു സ്നേഹിതൻ അവരെ ഹാമ്പ്ടൺ വിദ്യാലയത്തെ കൊണ്ടു പോയിക്കാണിച്ചു. മണ്ണിലും, മരത്തിലും, ലോഹങ്ങളിലും, തോലിലും, അട്ടക്കളയിലും, തയ്യൽ യന്ത്രത്തിലും, അലക്കിലും, വിദ്യാർത്ഥികളും അധ്യാപകന്മാരും വേല ചെയ്യിക്കുന്നതും, ചെയ്യുന്നതും ആ സ്ത്രീ കണ്ടു. ഒരു ജാതിക്കാരെ നന്നാക്കുന്നതിനായി ഒരു ക്രൂരം ജനങ്ങൾ സ്വാതന്ത്ര്യലാഭത്തെ ത്യജിച്ചു ശാഠ്യമായി യത്നിക്കുന്നതിനെ കണ്ടു അവൾ പറഞ്ഞു,—എന്തൊരാശ്വാസം! ഇവിടെ മാത്രമേ ഞാൻ യഥാർത്ഥത്തെ കണ്ടിട്ടുള്ളു. ഇതു കാണാതെ അമേരിക്കയിൽ നിന്നു ഞാൻ പോയിരുന്നെങ്കിൽ വളരെ കഷ്ടമാകുമായിരുന്നു.

അധ്വാനം ശ്രേയസ്കരമായതാണ്, തൊഴിലുകളെ സമഗ്രമായി അഭ്യസിക്കണം, വേലയ്ക്കു യോഗ്യതയുള്ളവർ ഉണ്ടാകണം, വിദ്യാർത്ഥികൾ തങ്ങളുടെ കൈകൊണ്ടു വേല ചെയ്തു വിദ്യാഭ്യാസത്തിനു വേണ്ട ധനത്തിൽ മുഴുവനുമോ ഒരു വലിയ ഭാഗമോ ഉണ്ടാക്കണം. ഇതത്രേ വിദ്യാലയനിബന്ധന. കീഴ്പോട്ടല്ല മേല്പോട്ടാണു നോക്കേണ്ടതു; പിറകോട്ടല്ല മുൻപോട്ടാണു പോകേണ്ടതു; സന്തോഷത്തോടുകൂടി അന്യോന്യം സഹായിക്കയാണു ചെയ്യേണ്ടതു്. ഇതത്രേ പുരുഷധർമ്മം.

പുരയിടത്തിലും വയലിലും ഇറങ്ങി വേല ചെയ്യുന്നതിനും, സഞ്ചരിക്കുന്നതിനും എനിക്കു വളരെ താല്പര്യം ഉണ്ടായിരുന്നു. ബാല്യകാലത്തിൽ അധികം നേരവും പുരയ്ക്കു വെളിയിൽ കഴിച്ചുകൂട്ടി വന്നിരുന്നതിനാലായിരിക്കണം എനിക്കു ഇപ്രകാരം തോന്നുന്നതു്. അക്കാലം മുതല്ക്കു എനിയ്ക്കു മൃഗങ്ങളോടും കോഴികളോടും സ്നേഹം തോന്നിയി

ട്ടുണ്ട്". ഞാൻ അടിമക്കുട്ടിയായിരുന്നപ്പോൾ മുതൽ ഇതേ വരെ മൃഗങ്ങളോടു അടുത്തു പരിചയിച്ചിട്ടുണ്ട്".

ഞാൻ ബാലനായിരുന്ന കാലത്തിൽ, അതെ അടിമപ്പൈതലായിരുന്ന സമയം—എനിക്കു അമ്മയോടു അധികം പരിചയിക്കാൻ സൌകര്യം ഉണ്ടായിരുന്നില്ല. അതിരാവിലെ വേലയ്ക്കു പോയാൽ, ഇരുട്ടിയേ അമ്മയ്ക്കു ഗൃഹത്തിൽ വരാൻ കഴിഞ്ഞിരുന്നുള്ളൂ. അമ്മ അതിരാവിലെ പോയിരുന്നതു എന്റെ മുത്താഴത്തിനു സ്വനത വരുത്തിയിരുന്നു. ഇതിനാലത്രേ എനിക്കു മൃഗങ്ങളോടു പരിചയിക്കാൻ ഇടയായത്".

പത്തുക്കാലിക്കും പോക്കുകാലിക്കും തീറ്റിക്കായി വച്ചിട്ടുള്ള ചോളം വേവിച്ചാണു അവയ്ക്കു കൊടുത്തു വന്നത്. എനിക്കു രാവിലെ ഒന്നും കിട്ടാത്ത സമയം, ചോളം വേവിച്ച സ്ഥലത്തു നിന്നോ, അതു മൃഗങ്ങൾക്കു കൊടുക്കുന്ന സ്ഥലത്തു നിന്നോ ഞാൻ അതിൽ വല്ലതും തിന്നു ക്ഷുത്തിനെ ശമിപ്പിച്ചു വന്നിരുന്നു.

മൃഗങ്ങൾക്കു തീറ്റികൊടുക്കുന്ന സന്ദർഭത്തിൽ ഞാൻ ആ സ്ഥാനത്തിൽ ചെന്നു ചേർന്നിരുന്നുകിലും എനിക്കു വിശപ്പു തീരുന്നതിനു അവയുടെ ഉച്ഛിഷ്ടം മതിയായിരുന്നു. ഒരു സംഗതിയെപ്പറ്റി വായനക്കാർ എങ്ങനെയും ആക്ഷേപിച്ചുകൊള്ളട്ടെ!

ഞാൻ ഹാമ്പ്ടൺ വിദ്യാലയത്തിൽ പഠിച്ച കാലത്തിലും, എനിക്കു കോഴികളോടും, ഗാർഹിക മൃഗങ്ങളോടും അടുത്ത സംസർഗ്ഗം ഉണ്ടായി. അവിടെ ഞാൻ കണ്ട വീട്ടു മൃഗങ്ങളെ പോലുള്ളവയെ, വളർത്തണമെന്നു അപ്പൊഴെ എനിക്കു മോഹം തോന്നിയിരുന്നു.

വെളിയിൽ ഇറങ്ങി നടക്കുന്നതു അപ്പോൾ മുതൽക്കേ എനിക്കു ഹിതമായിരുന്നതിലാണു ഇന്നും എനിക്കു ശക്തിയും, അധ്വാനശേഷിയും, ഉണ്ടായിരിക്കുന്നെന്നു ഞാൻ വിശ്വസിക്കുന്നു. എനിക്കു ഇപ്പോൾ, പ്രായേണ ഗൃഹം വിട്ടു വെളിക്കു താമസിക്കുന്നതിലുള്ള സൌകര്യം ചുരുക്കമായിരി

ക്കുന്നു. വല്ലപ്പോഴും ലഭിക്കുന്ന ഒന്നോ രണ്ടോ നാഴിക നേരത്തെ ഞാൻ വൃഥാ കളയുന്നില്ല താനും.

നിങ്ങളുടെ തോട്ടം എത്ര തന്നെ ചെറിയതായിരുന്നാലും അതിൽ താൽപര്യത്തോടുകൂടി വേല ചെയ്തു വന്നാൽ ആ പ്രവൃത്തിയിൽ നിന്നു നിങ്ങളുടെ ദേഹത്തിനും, മനസ്സിനും, സിദ്ധിക്കുന്ന ശക്തിയും ആനന്ദവും ഇന്നവിധമാണെന്നുള്ളതു നിങ്ങളെപ്പോലെ തോട്ടത്തിൽ വേല ചെയ്യുന്നവർ മാത്രമേ അറിയുന്നുള്ളു. വെടിപ്പായി തടമെടുത്തു, ശരിയായി ഉരം ഇട്ടു, ബുദ്ധിപൂർവം കൃഷി ചെയ്താൽ, എത്ര ചെറിയ തോട്ടത്തിൽ നിന്നും അത്യധികം ഉത്സാഹജനകമായ അനുഭവം എടുക്കാവുന്നതാണ്. തോട്ടത്തിൽ സസ്യാദികളും പുഷ്പച്ചെടികളും ദിനംപ്രതി വളർന്നു വരുന്നതിനെ കണ്ടു സന്തോഷിക്കുന്നവനു അവയിൽ ഭ്രാതൃനിർവിശേഷമായ ഒരു സ്നേഹം തോന്നി വരുന്നു. മഴയും മഞ്ഞും സൂര്യപ്രകാശവും നൽകുന്ന വിശേഷവർത്തമാനം കണ്ടു ആനന്ദിക്കാവുന്നതാണ്.

നിങ്ങളുടെ ലേഖനങ്ങളും പ്രസംഗങ്ങളും എഴുതിത്തീരുന്തോറുമേ പരിപൂർത്തിയെ പ്രാപിക്കുന്നുള്ളു. ഇന്നലെ എഴുതിത്തീർന്നതേ ഇന്നു കാലത്തു കാണുന്നുള്ളു. ചെടികളുടെ വർദ്ധന അപ്രകാരം ഉള്ളതല്ല. മൊട്ടു, പുഷ്പം, ഫലം ഇത്യാദികൾക്കു രാത്രിയിൽ ജീവസംബന്ധമായ വികാസം ഉണ്ടാകുന്നുണ്ട്. കൌതുകം, ആശാഭിവൃദ്ധി ഇത്യാദി വികാരങ്ങൾ മനസ്സിൽ അനിർവചനീയമായ ഉന്മേഷത്തെ ജനിപ്പിക്കുന്നു.

അവനവന്റെ തോട്ടത്തിൽ നിന്നും അവനവൻ പരിച്ചു പാകം ചെയ്തിച്ചു ഭക്ഷിക്കുന്ന സസ്യാദികൾക്കുള്ള രുചി അനുഭവസ്ഥന്മാർ അറിയുന്നുണ്ട്. ആ സസ്യാദികളിൽ നമുക്കു നമ്മുടെ ഗൃഹത്തിലുള്ള ജനങ്ങളിൽ എന്നപോലെ സ്നേഹം തോന്നുന്നതാണ്.

ചെറിയ പട്ടണങ്ങളിലും ഉൾനാടുകളിലും ഉള്ള പള്ളിക്കൂടങ്ങളിലെല്ലാം, ഓരോ തോട്ടങ്ങൾ ഉണ്ടായിരിക്കുന്നതു വിദ്യാഭ്യാസത്തിന്റെ അംഗങ്ങളിൽ ഒന്നായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

പലതുള്ളി പെരുവെള്ളം:—നല്ലവണ്ണം അധ്വാനപ്പെട്ട കാലം കഴിച്ചു വരുന്ന ഞാൻ ചില്ലറ സംഗതികളുടെ വില ദിവസന്തോറും അറിഞ്ഞു വരുന്നുണ്ട്. ഈ തത്വത്തെ വഷ്ണ്തോറും ആയിരത്തറനൂറു വിദ്യാർത്ഥികളെ ഗ്രഹിപ്പിക്കാൻ ഞാനും മറ്റു വാദ്ധ്യന്മാരും ശ്രമിച്ചു വരുന്നു. വൈകുന്നേരം പ്രാർത്ഥനായോഗത്തിൽ വച്ചാണു ഞാൻ ഓരോ വിഷയത്തെക്കുറിച്ചു പ്രസ്താവിക്കുന്നത്. ആഴ്ചയിൽ ഒരിക്കൽ വീട്ടിലേക്കു എഴുതി അയയ്ക്കണം. കടലാസും മഷിയും അക്ഷരവും ഭംഗിയുള്ളവയായിരിയ്ക്കണം. വസ്ത്രത്തിൽ അഴുക്കു ഇരിക്കരുത്. ഉടുപ്പിലെ കുടുക്കുകൾ പൊട്ടിയും പറിഞ്ഞും കിടക്കരുത്; നിശ്ചിതസമയങ്ങളിൽ നിശ്ചിതവേലകൾ ചെയ്യണം; ഭക്ഷണത്തിനു സമയത്തു ഹാജരാകണം, ഇത്യാദി കാര്യങ്ങളിൽ ഞങ്ങൾ നിഷ്കൃഷ്ടിച്ചു വരുന്നു.

ടസ്കേജി പോലീസു സൈന്യം:—ഓരോ സൈന്യത്തിലെ ഉദ്യോഗസ്ഥന്മാരും ശിപായികളും വിദ്യാർത്ഥികൾ ആകുന്നു. അവർക്കു പ്രത്യേകം ഉടുപ്പുണ്ട്. അധികാരചിഹ്നം ഒരു ചെറിയ ഗദയാണ്. ഇവർ രാത്രിയിൽ ഡ്രെസ്സിട്ടു രാത്രി ചുറ്റുന്നുണ്ട്. വാദ്ധ്യാന്മാരെയും മാന്യന്മാരായ അതിഥികളെയും കാണുമ്പോൾ ഉപചാരം ചെയ്യേണ്ടതു ഇവരുടെ ജോലിയാകുന്നു. സ്വാതിമാനത്തെ വർദ്ധിപ്പിക്കുന്നതിനും സദ്വൃത്തിയെ സ്ഥിരീകരിക്കുന്നതിനും ഓരോ ഏർപ്പാടു നല്ലതെന്നു കാണുന്നു.

കുട്ടികളുടെ ഭക്ഷണം:—പ്രധാന ഭക്ഷണശാലയിൽ ആയിരം കുട്ടികൾ ദിവസം തോറും മൂന്നുതവണ ഭക്ഷണത്തിനു കൂടുന്നുണ്ട്. ശബ്ദവും കുഴപ്പവും ഉണ്ടാകാതെ അവർ യഥാസ്ഥാനം ഇരിക്കുന്നു. മേശയുടെ ഇരുഭാഗവും അഭിമുഖമായി ബാലന്മാരും, ബാലികകളും ഇരുന്നു ഭക്ഷണം കഴിക്കുന്നു. ഇവരുടെ അധ്യക്ഷസ്ഥാനം വഹിച്ചുവരുന്നതു ഒരു വിദ്യാർത്ഥിയും വിദ്യാർത്ഥിനിയും ആകുന്നു. ആഭ്യം മുറിയിൽ പ്രവേശിക്കുന്നതു ബാലികകൾ ആണ്. പിന്നീടു പുരുഷന്മാർ വന്നു ചേരുന്നു. എല്ലാവരും ഇരുന്നതിനു ശേഷമേ

സംസാരം തുടങ്ങാൻ പാടുള്ളൂ. ഒരു ചെറിയ പ്രാർത്ഥന ചൊല്ലിയതിനു ശേഷമേ അവർ ഭക്ഷണം തുടങ്ങുന്നുള്ളൂ. ഒരു ഭക്ഷണായോഗം, കേവലം പദാർത്ഥസംഹാരത്തിനു മാത്രം ഏർപ്പെടുത്തിട്ടുള്ളതല്ല. സ്ത്രീകളെ പുരുഷന്മാർ ബഹുമാനിക്കാൻ പഠിക്കണം. സംസാരിക്കുന്നതിനും ഭക്ഷിക്കുന്നതിനും മുമ്പു സ്ത്രീകൾ അഞ്ചു മിനിട്ടുനേരം സ്വസ്ഥമായിരിക്കണമെന്നു വച്ചിട്ടുള്ളതു അവർക്കു ഒതുക്കവും അടക്കവും ഉണ്ടാകണമെന്നുള്ള ഉദ്ദേശ്യത്തോടു കൂടിയാണ്. ഒരു യോഗത്തിൽ അവർ സദാചാരത്തെ പരിശീലിക്കുന്നു. മര്യാദ, വിനയം ഇവ അവരുടെ ഇടയിൽ വർദ്ധിച്ചു വരുന്നുണ്ട്. ഉപാധ്യായന്മാർ ഭക്ഷണത്തിനു കൂടുന്നതു അടുത്ത ഒരു മുറിയിൽ ആണ്. ലഹളയും വഴക്കും ഇല്ലാതെ കാര്യം നടത്തിക്കൊണ്ടുപോകുന്നതിനു വിദ്യാന്മാരുടെ സഹായത്തെ വിദ്യാർത്ഥികൾ ആവശ്യപ്പെടുന്നില്ല. വിദ്യാർത്ഥിസേന ഭോജനശാലയിൽ പ്രവേശിക്കുമ്പോൾ പരിശോധകന്മാർ അവരുടെ ഉടുപ്പുകളെയും മുഖം കൈ ഇവയേയും സൂക്ഷിച്ചുനോക്കുന്നുണ്ട്. എന്നാൽ സമാധാനപരിപാലനത്തിനു അവരുടെ സാന്നിധ്യം അനപേക്ഷിതമായിരിക്കുന്നു. ടസ്കേജി ഭോജനശാലയിൽ ഇതുവരെ യാതൊരു ലഹളയും ഉണ്ടായിട്ടില്ല; ഉണ്ടാകുമെന്നു തോന്നുന്നും ഇല്ല.

അദ്ധ്യായം ൨൦

അഭിപ്രായങ്ങളും പ്രമാണങ്ങളും (തുടർച്ച)

മതസംബന്ധമായ ജോലി:—വിദ്യാലയത്തിലെ മതമായിട്ടു ക്രിസ്തുമതത്തിൽ അവാന്തരമായിരിക്കുന്ന യാതൊരു വിഭാഗത്തേയും പ്രത്യേകമായി സ്വീകരിച്ചിട്ടില്ല. തൽസംബന്ധമായ നടവടികളെ ഇവിടെ വിവരിക്കാം—ഫ-ഞായറാഴ്ചതോറും ഒരു ധർമ്മപ്രസംഗസഭയും പ്രാർത്ഥനായോഗ

വും ഉള്ളതിൽ വിദ്യാർത്ഥികളും വാല്യാന്മാരും ഹാജരാകുന്നുണ്ട്. ൨,— ഞായറാഴ്ച തോറും പള്ളിക്രൂടം ഒഴിവു കല്പനയിൽ അല്ലാതിരിക്കുമ്പോൾ ക്രൈസ്തവ അദ്ധ്യാനസമാജം ക്രൂടി ഒരു മണിക്രൂർ നേരം മതവിഷയമായ വേല ചെയ്തുവരുന്നു. അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും ഇതിൽ അംഗങ്ങളായിരിക്കുന്നു. വേദപാരായണം, ധർമ്മകഥാപ്രസംഗം, പ്രാർത്ഥന, പരിശുദ്ധഗാനകീർത്തനം ഇവ ഓരോ സഭയുടെ കാര്യപരിപാടിയിൽ ഉൾപ്പെട്ട കാണുന്നു. ൩,—പ്രസ്തുത വിദ്യാലയത്തിൽ മുപ്പത്താറു ഞായറാഴ്ച ക്ലാസുകൾ ഉണ്ട്. ഇവയിൽ വിദ്യാർത്ഥികൾ വേദം പഠിക്കുന്നു. ൪,— വൈ-എം. സി. എ. എന്ന യുവജനക്രിസ്തുസഭ പ്രബലമായി നടന്നു വരുന്നു. ഇതിലെ സാമാജികന്മാരായ വിദ്യാർത്ഥികൾ വൃദ്ധന്മാരായ ദരിദ്രന്മാരെ ഞായറാഴ്ചതോറും ചെന്നു കണ്ടു സഹായിച്ചു വരുന്നുണ്ട്. ൫,—ബാലികകളുടെ വകയായി മൂന്നു സഭകൾ ഉണ്ട്. ഇവ അടുത്തുള്ള ജനങ്ങൾക്കു വളരെ ഗുണം ചെയ്തുവരുന്നു. ൬,— കരുണാജനക സഭ, ജന്തുക്കളോടും മൃഗങ്ങളോടും കരുണാപൂർസ്സരം പെരുമാറുന്നതിനു അംഗങ്ങളെ പഠിപ്പിക്കുന്നു. ൭,—ടെസ്സ്പേജി സ്ത്രീസമാജം, മാതൃയോഗം എന്നു പേരുകളെ വഹിക്കുന്ന രണ്ടു സഭകൾ ഉള്ളതിൽ ഒന്നാമത്തേതു പക്ഷത്തോരോ സ്ത്രീകളുടെ നന്മയ്ക്കുള്ള മാർഗ്ഗങ്ങളെ പറ്റി ആലോചന നടത്തുകയും, രണ്ടാമത്തേതു ഗൃഹകൃത്യങ്ങളെപ്പറ്റി പ്രതിപാദിക്കുകയും ചെയ്തു വരുന്നു. ൮,—വെള്ളിയാഴ്ചയും ശനിയാഴ്ചയും ഒഴികെ മറ്റു ദിവസങ്ങളിൽ വൈകുന്നേരം പള്ളിക്രൂടം പിരിയുന്നതിനു മുമ്പു സകല വിദ്യാർത്ഥികളും ഉപദേഷ്ടാക്കന്മാരും പ്രാർത്ഥനശാലയിൽ ക്രൂടി പ്രധാനാദ്ധ്യക്ഷന്റേയോ, അഥവാ അദ്ദേഹത്തിന്റെ പ്രതിനിധിയുടേയോ നേതൃത്വത്തിൽ പ്രാർത്ഥന പറകയും, കീർത്തനം ചൊല്ലുകയും ചെയ്തു വരുന്നു. ൯,—വെള്ളിയാഴ്ച സായങ്കാലം സഖ്യജനങ്ങളും പ്രാർത്ഥനയ്ക്കായി ക്രൂടുന്നുണ്ട്. ഈ യോഗത്തിൽ പ്രസംഗിക്കുന്നതുള്ള സ്വാതന്ത്ര്യം എല്ലാവർക്കും നൽകീട്ടുണ്ട്. ഈ സന്ദർഭത്തിലത്രേ വിദ്യാർത്ഥികൾ മതപ്രസംഗാഭ്യാസ

ത്തെ സഫലമാക്കുന്നത്. ൧൮,—ജനുവരി മാസത്തിൽ ഒരു പക്ഷം മുഴുവൻ പ്രാർത്ഥനാകർമ്മം നടത്തുന്നുണ്ട്. ഈ സമയം അനേകം ജനങ്ങൾക്കു മതത്തെ പറ്റി ദൃഢമായ ബോധനം, ഉണ്ടാകുന്നുണ്ട്. പ്രസ്തുതയോഗത്തിൽ വച്ചു കുന്ന ചിലർ പൂർവ്വപാപങ്ങളേ പറ്റി പശ്ചാത്താപം പൂണ്ടു ഇപ്രകാരം ശപഥം ചെയ്തു ധർമ്മമാർഗ്ഗത്തിലേക്കു പ്രവേശിച്ചിട്ടുള്ളത്.

എന്റെ പ്രതിജ്ഞ.

൧ദൈവത്തെ വിശ്വസിപ്പാൻ എനിക്കു തോന്നിയതു എന്റെ ഭാഗ്യാതിരേകം തന്നെ. അതിനു ഞാൻ കൃതജ്ഞനായി ഭവിക്കുന്നു. ൨രംശചരയിചാരം എനിക്കു ഉണ്ടായതുകൊണ്ടു ഞാൻ സന്തുഷ്ടനായി. താഴെ കാണുന്നവയെ പ്രവൃത്തിയിൽ വരുത്താൻ സർവ്വാത്മനാ യത്നം ചെയ്യുമെന്നു ഞാൻ ഏറ്റുകൊള്ളുന്നു. ൧- എനിക്കു വിശ്വാസം തോന്നുന്ന മതവിശേഷത്തെ ഞാൻ സ്വീകരിക്കും. വാക്കു കൊണ്ടും പ്രവൃത്തി കൊണ്ടും ഞാൻ യഥാശക്തി ൨രംശചരാജ്ഞയെ അനുവർത്തിച്ചുകൊള്ളും.

൨- ദിവസം തോറും ഞാൻ ജ്ഞാനഗ്രന്ഥത്തിൽ ഒരു ഭാഗം സ്വശ്ലോകം പഠിക്കും. 'സർവ്വേശ൯! യാതൊരു പീഡയും എനിക്കു ഉണ്ടാകരുതേ; നീ സർവ്വകാലം എന്റെ ആത്മാവിൽ വാസം ചെയ്താലും, ദുർമ്മോഹങ്ങളെ ഇല്ലാതാക്കിയാലും; ശത്രുവിനെ സന്മാർഗ്ഗത്തിൽ നയിച്ചാലും! എന്നെ സംസ്കരിച്ചു വിശുദ്ധനാക്കണേ! ഈശചരൻ രക്ഷിക്കട്ടെ!

൧൧,-വേദാദ്ധ്യയന ശാലയിൽ പാവപ്പെട്ടവരായ വിദ്യാർത്ഥികൾ ധർമ്മപ്രസംഗം അഭ്യസിച്ചു വരുന്നു. ൨രാ ശാലയെ സ്ഥാപിച്ചതു ന്യൂയാർക്കിലെ ഒരു മദാമ്മയാണ്. ഈ ശാലയുടെ വകയായി ഒരു രാത്രിപാഠനശാലയുണ്ട്. ഇതിൽ സമീപവാസികളായ കൃഷിക്കാരും വേലക്കാരും വാരത്തിൽ രണ്ടു ദിവസം വന്നു ചേർന്നു ഒന്നര മണി സമയം വേദം പഠിക്കുന്നു. ഇവർ രണ്ടും, മൂന്നും, നാലും, അഞ്ചും മയിൽ അകലെ നിന്നു വരുന്നവരാണ്. അവർക്കു പഠിത്തത്തിൽ വളരെ താല്പര്യമുണ്ട്. അവരിൽ അധികം പേർ പാതി

രിമാരും, ഇടവക പ്രമാണികളും ആണ്. ഞായറാഴ്ച തോറും പള്ളികളിലും, മിഷ്യൻ സഭകളിലും അവർ മതസംബന്ധമായ ജോലി നിർവ്വഹിച്ചുവരുന്നു.

ചില ദൃഷ്ടാന്തങ്ങൾ—ടസ്കേജി വിദ്യാലയം സ്ഥാപിച്ചതിന്റെ ശേഷം, ആറായിരത്തിൽ പരം അദ്ധ്യാപകർ ഓരോ ജോലികൾ ശരിയായി ചെയ്യുന്നതിനു തൃണിയുള്ളവരായി അവിടെ നിന്നും പഠിച്ചു പോയിട്ടുണ്ട്. അവരിൽ ഒരുത്തനും അലസനായി വൃഥാ കാലവ്യയം ചെയ്യുന്നില്ല. അവർ വാഗ്മ്യാന്മാരായും കൃഷിക്കാരായും, കച്ചവടക്കാരായും, ഗൃഹസ്ഥന്മാരായും, മതപണ്ഡിതന്മാരായും വേല ചെയ്തു മാന്യമായി കാലക്ഷേപം ചെയ്തു വരുന്നു. മടി, കടികൊടുക്കുന്ന വ്യാധിയാണെന്നും, അധ്വാനം മാത്രമാണു ശ്രേയസ്കരമായ പ്രവൃത്തിയെന്നും അവർ ടസ്കേജിയിൽ വച്ചു ദൃഢമായി ഗ്രഹിച്ചു ലോകോപകാരമായ ജോലി അഭ്യസിച്ചതിനാലാണു അവർക്കു ലോകയാത്രയെ ഉൽകൃഷ്ടമായ സമ്പ്രദായത്തിൽ നയിക്കുന്നതിനു ഇപ്പോൾ സംഗതി ആയിട്ടുള്ളത്. ഒരു നീഗ്രോ-മനുഷ്യനു സ്വല്പം പരിജ്ഞാനം വന്നാൽ അവൻ കഷ്കവേലയിൽ വിമുഖനായിത്തീരുന്നു എന്നുള്ള ഒരു ശ്രുതി ഉണ്ടല്ലൊ. ഈ ശ്രുതിയെ പരത്തി വരുന്നതു ജാതിസ്പർദ്ധ നിമിത്തം കുശുമ്പുകളായിരിക്കുന്ന ജനങ്ങളാണ്. ജാതിവൈരത്തിനു വശംവദനായവന്റെ,—വെള്ളക്കാരനായാലും ശരി, കറുത്ത മനുഷ്യനായാലും ശരി,—വിധി അനാദരണീയം തന്നെ.

ഹാമ്പ്ടൺ വിദ്യാലയത്തിലും, ടസ്കേജി കലാശാലയിലും പഠിച്ചു പരീക്ഷ ജയിച്ചിട്ടുള്ളവരിൽ ഒരുത്തനെങ്കിലും കാരാഗൃഹത്തിലോ, ധർമ്മാനുശാലയിലോ പ്രവേശിച്ചു അധമർണ്ണ കാലക്ഷേപം ചെയ്തു വരുന്നതായി ഞാൻ അറിഞ്ഞിട്ടില്ല. വിദ്യാഭ്യാസം വർദ്ധിക്കുന്തോറും നീഗ്രോ-ജനങ്ങളും അസത്തുക്കളായിത്തീരുന്നു എന്നു പറയുന്ന ജനങ്ങളും തന്നെയാണു ദുർവൃത്തന്മാരെന്നുള്ളതിനു ഇതു തന്നെ ഉത്തമമായ സാക്ഷ്യമാകുന്നു. കറുത്ത മനുഷ്യൻ കേസിൽ കുടുങ്ങിയാൽ ക്ഷണം ജെയിലിൽ കേറുന്നു; വെളുത്തവൻ എങ്ങ

നെയൊ അകപ്പെട്ടാലും പുറത്തു ചാടുന്നുണ്ട്. ഇതിന്റെ രഹസ്യം വായനക്കാർ ഊഹിച്ചറിഞ്ഞു കൊള്ളണം.

ധീരന്മാരും, ജോലിക്കാരും, ഗൃഹസ്ഥന്മാരും ആയ കറുത്ത മനുഷ്യരെ തത്തുല്യരായ വെള്ളക്കാരെപ്പോലെ തന്നെ രക്ഷാഭോഗ കമ്പനിക്കാർ ഓഹരിക്കാരായി സ്വീകരിച്ചു വരുന്നു. ദക്ഷിണ ദേശത്തിൽ താമസിക്കുന്നയാളും ഒരു ഭീമരക്ഷാഭോഗക്കമ്പനിയുടെ ഏജൻറും ആയ ഒരു ധവ ഇപ്രകാരം ഇന്നാൾ ഹെഡ്ഡാഫീസിലേക്കു എഴുതിയിരുന്നു:- സാധാരണനിലംഅനക്ഷരകക്ഷിയും ആയ നീഗ്രോ-മനുഷ്യൻ ഓഹരിക്കാരനാകാൻ കമ്പനി അനുവദിച്ചിട്ടില്ല, എന്നിരിക്കിലും വിദ്യയും സാമർത്ഥ്യവും ഉള്ള നൂറനവധോളം ഗൃഹസ്ഥന്മാരും യോഗ്യന്മാരും ആയ നീഗ്രോ-വാല്യാന്മാരും മറവു ടസ്കേജിയിൽ ഉണ്ടായിരിക്കെ അവരെ ഇതരജാതിക്കാരെ പോലെ തന്നെ ഗണിച്ചു രക്ഷാഭോഗ ഏറ്റപ്പാടിൽ സ്വീകരിക്കുന്നതു ഉചിതമായിരിക്കും എന്നു തെക്കേ ദിക്കിലെ വെള്ളക്കാരനായ ഞാൻ അഭിപ്രായപ്പെടുന്നു." ഇതിനു മറുപടി വന്നതു:—"നിങ്ങൾ പറയുന്പോലെയുള്ള ടസ്കേജിയിലെ നീഗ്രോ-മനുഷ്യരെ, യാതൊരു തർക്കം കൂടാതെ ചേർത്താലും" എന്നായിരുന്നു. വാസ്തവത്തിൽ ഇപ്പോൾ മിക്ക രക്ഷാഭോഗസമാജങ്ങളും പരിഷ്കൃതനായ നീഗ്രോ-മനുഷ്യന്റെ ജീവിതക്കുറിയെ സ്വീകരിക്കുന്നുണ്ട്. വിദ്യാഭ്യാസം ആവശ്യമാണെങ്കിൽ അവ അപരിഷ്കൃതനായ നീഗ്രോവിനെയല്ലേ അന്വേഷിക്കേണ്ടതു? നീഗ്രോ-ജാതിക്കാരുടെ അഭിവൃദ്ധിയെപ്പറ്റി മിസിസിപ്പിയിലെ പഞ്ഞിമൊത്തവ്യാപാരിയായ ആൽപ്രെഡ് ഹോംട്ട്സ്റ്റോൺ പറയുന്നതു കേൾക്കുക തന്നെ. "കഴിഞ്ഞ കാനേഷുമാരിക്കണക്കുപ്രകാരം യാസൊമിസിസ്സിപ്പിതീരത്തിൽ താമസിക്കുന്നവരിൽ ഒരുനൂറിൽ വച്ചു് ന്യൂ അംശം കറുത്ത മനുഷ്യർ ആകുന്നു എങ്കിലും 'കൃഷ്ണമഹാമാരി' എന്ന വ്യാധിയൊ, രാത്രിയിലുള്ള കൊലപാതകമൊ ലിഞ്ചിങ്ങ് വിധിയൊ ഇവിടെ ഉണ്ടായിട്ടില്ല. വെളുത്ത വർഗ്ഗത്തിലുള്ള ഒരു സ്ത്രീയുടെ മാനഭംഗം കറുത്തവൻ ചെയ്തതായി ഇവിടെ കേ

ട്ടിട്ടില്ല. ഇവിടെ രണ്ടു ക്രൂട്ടക്കാരും ജാതിപ്പിണക്കം കൊണ്ടുള്ള ശണ്ഠകൾ ഉണ്ടാക്കീട്ടില്ല. നീഗ്രോ-ജനങ്ങൾ ക്രൂടി ക്രൂടി വരണമെന്നാണു ഞങ്ങളുടെ ആഗ്രഹം."

'അറ്റ്ലാൻറാ കാൺസ്റ്റിറ്റ്യൂഷൻ' എന്ന പത്രത്തിൻറെ അധിപരായ ജോയൽ ചാൻഡ്ലർ ഹാരിസ്സു എന്ന പുരുഷനെപ്പോലെ നീഗ്രോ-ജനാഭിവൃദ്ധിയെ പറ്റി അധികാരപൂർവ്വം അഭിപ്രായം പറയുവാൻ അവകാശമുള്ളവർ അധികം പേർ ഇല്ല. യുദ്ധത്തിനു മുമ്പും പിമ്പും അദ്ദേഹം അവരുടെ സ്ഥിതിയെ പറ്റി അറിഞ്ഞിട്ടുള്ള ആളാണ്. അദ്ദേഹം ഇങ്ങനെ പറഞ്ഞിട്ടുണ്ട്:—"നീഗ്രോ-ജനങ്ങളുടെ അവസ്ഥ ഉപര്യുപരി നന്നായി വരുന്നുണ്ട്. ഉൽകൃഷ്ടന്മാരായ പ്രതിനിധികളാൽ അംഗീകൃതമായ തോതിനെ പ്രമാണമാക്കിയേ ഒരു ജാതിക്കാരുടെയോ, രാജ്യത്തിൻറെയോ മതാലയത്തിൻറെയോ, സമുദായസ്ഥിതിയുടെയോ, പ്രാധികാരകോയ്മയുടേയോ അഭിവൃദ്ധിയെ പരിഗണനം ചെയ്യാൻ പാടുള്ളൂ. ഏതാനും വർഷങ്ങൾക്കു മുമ്പു ദാസ്യത്തിൽ ഇരുന്ന ഒരു ക്രൂട്ടം ജനങ്ങൾ ഒരേ ചാട്ടത്തിൽ ഉന്നതപദത്തെ പ്രാപിക്കുമെന്നു വിചാരിക്കുന്നതു അധർമ്മമാണ്. മിക്ക നീഗ്രോ-ജനങ്ങളും വേല ചെയ്തു ഉപജീവിച്ചു വരുന്നു. അവരിൽ അധികം പേരും ക്രമമായി കാലക്ഷേപം കഴിക്കുന്നവരാണ്. വെള്ളക്കാരെക്കാൾ അവർ മിതഭോഗത്തിൽ ആസക്തന്മാരായിട്ടാണു കാണപ്പെടുന്നത്. കേ. ഡീ. കളായും മറ്റും ജനോപദ്രവം ചെയ്യുന്നവരുടെ സേനയിൽ അവർ അധികം ഉൾപ്പെട്ടു കാണുന്നില്ല. താൻ താമസിച്ചു വരുന്ന ദേശത്തിലെ ജനക്രൂട്ടത്തിൽ ഒരു സമ്മതനായിത്തന്നെ നീഗ്രോ-മനുഷ്യൻ കാലം കഴിച്ചു വരുന്നു. നീതിന്യായനിബന്ധനകളെ അനുസരിക്കുന്ന വിഷയത്തിൽ അവർ ഒട്ടും വീഴ്ചക്കാരല്ല."

വിദ്യാഭ്യാസവും നീഗ്രോ-ജനങ്ങളും,—കുറേക്കാലം മുമ്പു ഞാൻ അടിമകളുടെ പൂർവ്വ ഭരണകർത്താക്കന്മാരായിരുന്ന ദാക്ഷിണാത്യന്മാരായ ധാരാളമാളോട്: "നിങ്ങളുടെ അറിവിൽ

പെട്ടിടത്തോളം വിദ്യാഭ്യാസം നീഗ്രോ-ജനങ്ങളിൽ എത്ര ഫലപ്രാപ്തിയെ വരുത്തിയിട്ടുണ്ട്?" എന്ന എഴുതിച്ചോദിച്ചിരുന്നു. താഴെ കാണുന്ന പ്രകാരം ഉത്തര-മറുപടികൾ എനിക്കു കിട്ടിയിട്ടുണ്ട്.

൧. പഠിത്തം നീഗ്രോ-മനുഷ്യനെ കൊള്ളാവുന്നവനാക്കിയിട്ടുണ്ടോ?

ഉത്തരം, ഉണ്ട്-൯൨൫; ഇല്ല, ൪; ഉത്തരമില്ല, ൧൫.

൨. അയ്യ അവനു മിതവ്യയശീലവും, ധനസമ്പാദനശക്തിയും ഉണ്ടാക്കിയിട്ടുണ്ടോ?

ഉ,-ഉണ്ട്. ൯൫; ഇല്ല, ൧൪; ഉ. ഇ. ൨൪.

൩. അയ്യ അവനെ ജോലിക്കായ്ത്തിൽ ഉപയോഗയോഗ്യനാക്കിട്ടുണ്ടോ?

ഉ,-ഉണ്ട്. ൧൩൨; ഇല്ല, ൨൫; ഉ. ഇ. ൨.

൪. വേല ചെയ്യാൻ ശേഷിയുള്ളവനു, അവിടെ ജോലി കിട്ടിവരുന്നില്ലേ?

ഉ,-ഉണ്ട്, ൧൨൩; ഇല്ല, ൪; ഉ. ഇ. ൧൭.

൫. ധവരമാർ നീഗ്രോ-വ്യാപാരികളെ സഹായിക്കുന്നുണ്ടോ?

ഉ,-ഉണ്ട്, ൯൨; ഇല്ല, ൯; ഉ. ഇ. ൩൫.

൬. നീഗ്രോ-മനുഷ്യർ വസ്തു വാങ്ങുന്ന വിഷയത്തിൽ, നിങ്ങൾക്കു അപ്രിയമുണ്ടോ?

ഉ,-ഇല്ല, ൧൩൫; ഉണ്ട്. ൩; ഉ. ഇ. ൫.

൭. വിദ്യാഭ്യാസം നീഗ്രോ-ജനസദാചാരത്തെ വർദ്ധിപ്പിക്കുന്നുണ്ടോ?

ഉ,-ഉണ്ട്, ൯൫; ഇല്ല, ൨൦; ഉ. ഇ.-൧൯.

൮. അയ്യ അവന്റെ മതവിശ്വാസത്തെ, കേതിരസന്മനസും, അനുകൂലവും ആക്കിയിട്ടുണ്ടോ?

ഉ,-ഉണ്ട്, ൧൭൫; ഇല്ല, ൧൩൫; ഉ. ഇ.-൧൯.

൯. പഠിത്തമുള്ളവനോ അറിവില്ലാത്തവനോ കൂടുതൽ ചെയ്യുന്നത്?

ഉ,-അറിവില്ലാത്തവൻ ൧൭൫; പഠിത്തമുള്ളവൻ; ൩; ഉ. ഇ. ൧൫.

൧൦. പഠിത്തം വർദ്ധിക്കുന്തോറും നീഗ്രോ-ജനങ്ങളുടെ ഇടയിൽ ദുഷ്പ്രവൃത്തികൾ കുറഞ്ഞുവരുന്നുണ്ടോ?

DC Library
00001024
LS B65